# ക്രിസ്തീയ കീർത്തനങ്ങൾ

# CHRISTIAN HYMNS - 37th EDITION

**DIGITAL VERSION**

പ്രസാധകർ:
മാർത്തോമ്മാ സഭാ പ്രസിദ്ധീകരണസമിതി
തിരുവല്ല

Church Animation Centre ( CHANCE )

September 2018

Click to Select Song by

നമ്പർ
- 1 ... 250
- 251 ... 504
- Doxology

അകാരാദി
- അ...എ
- ഒ...ക
- ച...ദ
- ന...പ
- ബ...യ
- ര...വ
- ശ...ഹ

പൊരുളടക്കം

മുഖവുര

Click on the icon on left bottom of each page to reach this page. Swipe to scroll or use mouse or cursor keys on the keypad.

*Digitalized by: G. M. John, St. Thomas Mar Thoma Church, Thiruvalla*

# ക്രിസ്തീയ കീർത്തനങ്ങൾ

## പ്രഭാത കീർത്തനങ്ങൾ

### 1

രൂപകതാളം

പല്ലവി

അതിരാവിലെ തിരുസന്നിധി
അണയുന്നൊരു സമയെ
അതിയായ് നിന്നെസ്തുതിപ്പാൻകൃപ
അരുൾക യേശുപരനേ!

ചരണങ്ങൾ

1 രജനിയതിലടിയാനെ നീ
സുഖമായ് കാത്ത കൃപയ്ക്കായ്
ഭജനീയമാം തിരുനാമത്തി-
ന്നനന്തം സ്തുതി മഹത്വം- അതി

2 എവിടെല്ലാമീനിശയിൽ മൃതി
നടന്നിട്ടുണ്ടു പരനേ!
അതിൽ നിന്നെന്നെപരിപാലിച്ച
കൃപയ്ക്കായ് സ്തുതി നിനക്ക്- അതി

3 നെടുവീർപ്പിട്ടു കരഞ്ഞീടുന്നു
പല മർത്യരീസമയെ
അടിയന്നുള്ളിൽ കുതുകം-തന്ന
കൃപയ്ക്കായ് സ്തുതി നിനക്ക്- അതി

4 കിടക്കയിൽവച്ചരിയാം സാത്താ-
നടുക്കാതിരിപ്പതിനെൻ
അടുക്കൽ ദൂതഗണത്തെ കാവ-
ലണച്ച കൃപയനല്പം- അതി

5 ഉറക്കത്തിനു സുഖവും തന്നെ-
ന്നരികെ നിന്നു കൃപയാൽ
ഉറങ്ങാതെന്നെ ബലമായ് കാത്ത
തിരുമേനിക്കു മഹത്വം- അതി

6 അരുണൻ ഉദിച്ചുയർന്നിക്ഷിതി
ദ്യുതിയാൽ വിളങ്ങീടുംപോൽ
പരനേയെന്റെയകമെ വെളി-
വരുൾക തിരുകൃപയാൽ- അതി

(പി. എം. കൊച്ചുകുറു)

### 2

രൂപകതാളം

പല്ലവി

പരനേ! തിരുമുഖശോഭയിൻ
കതിരെന്നുടെ ഹൃദയേ
നിറവാൻ കൃപതരുളണമീ-
ദിവസാരംഭ സമയേ

ചരണങ്ങൾ

1 ഇരുളിൻബലമഖിലം മമ
നികടേ നിന്നങ്ങൊഴിവാൻ
പരമോന്നത ജയ കാന്തിയെൻ
മനതാരിങ്കൽ പൊഴിവാൻ - പര

2 പുതുജീവനിൻവഴിയേ മമ
ചരണങ്ങളിന്നുറപ്പാൻ
അതിശോഭിത കരുണാഘന-
മഹിമാംവഴി നടത്താൻ - പര

3 ഹൃദയേ തിരുകരമേകിയ
പരമാമൃത ജീവൻ
പ്രതിവാസരം വളർന്നേറ്റവും
ബലയുക്തമായ് ഭവിപ്പാൻ - പര

4 പരമാവിയിൻ തിരുജീവന്റെ
മുളയീയെന്നിൽ വളർന്നി-
ട്ടരി സഞ്ചയനടുവിൽ നിന്റെ
ഗുണശക്തികൾ വിളങ്ങാൻ - പര

5 മരണംവരെ സമരാങ്കണ-
ത്തിൽ ഞാൻ നിലനിന്നി-
ട്ടമർചെയ്തെന്റെ നിലകാക്കുവാൻ
തവ സാക്ഷിയായിരിപ്പാൻ - പര

6 അമിതാനന്ദ സുഖശോഭന
നിലയേ വന്നണവാൻ
അവിടെന്നുടെ പ്രിയനോടൊത്തു
യുഗകാലങ്ങൾ വസിപ്പാൻ - പര

(കെ. വി. സൈമൺ)

## 3

ഏകതാളം

വന്ദനം പൊന്നേശുനാഥാ !
നിന്റെ കൃപയ്ക്കായ് എന്നുമേ

1 ഇന്നുഷസ്സിൽ പ്രഭകാൺമതിനായ്
തന്നകൃപയോർത്തിതാ-വന്ദനം- വ

2 പോയരാവിൽ എന്നെ കാവൽ ചെയ്ത
നായകനേ! നന്ദിയായ് വന്ദനം- വ

3 ഇന്നലെക്കാൾ- ഇന്നുനിന്നോടേറ്റം
ചേർന്നുജീവിക്കേണം ഞാൻ വന്ദനം- വ

4 ഇന്നു നിന്റെ ആത്മശക്തിമൂലം
എന്നെ മുറ്റും കാക്കുക-വന്ദനം-വ

5 നിൻമുഖത്തിലുള്ള ദിവ്യകാന്തി
എന്മേൽ ശോഭിക്കേണമേ- വ

6 അഴിയാത്ത - ജീവശക്തിയെന്നിൽ
ഒഴിയാതെ പാർക്കണം-വന്ദനം-വ

(പി. വി. തൊമ്മി)

## 4

ആദിതാളം

1 ഉണരുക നീയെന്നാത്മാവേ!
ചേരുകെന്നേശുവിന്നരികിൽ നീ
തുണയവനല്ലാതാരുള്ളീ
ഏഴകൾ നമ്മെപാലിപ്പാൻ

2 പുതിയൊരു ദിവസംവന്നതിനാൽ-
എങ്ങനെ നമ്മുടെ ജീവിതത്തെ
ഭൂതലമതിലെ നയിച്ചീടേണം
ആയതറിയിക്ക താതനോടു

3 പോയൊരു ദിവസത്തുപോലെ
ഭുവിലെവാസവും നീങ്ങിപ്പോം
നീയതു ധ്യാനിച്ചീശങ്കൽ
ആശ്രയം പുതുക്കണമീക്ഷണത്തിൽ

4 വീടുമില്ലാരുമില്ലൊന്നുമില്ലീ
ലോകത്തിലെനിക്കെന്നോർക്കുക നീ
വിട്ടകലും നീ ഒരുനാളിൽ
ഉണ്ടെന്നുതോന്നുന്ന സകലത്തെയും

5 നിത്യ സൗഭാഗ്യങ്ങളനുഭവിപ്പാൻ
സ്വർഗ്ഗത്തിൽ നമുക്കുള്ള വീടുമതി
നിത്യജീവാമൃതമോദമണി-
ഞ്ഞപ്പന്റെ മടിയിൽ വസിക്കരുതോ

6 സ്നേഹിതർ നമുക്കുണ്ടു സ്വർഗ്ഗത്തിൽ
ദൈവത്തിൻ ദൂതരും പരിശുദ്ധരും
സ്നേഹംകൊണ്ടവരേശുവെ വാഴ്ത്തിപ്പാടു-
ന്നവിടെ നമുക്കും പാടരുതോ!

7 ക്രിസ്തന്റെ കാഹളമൂതും ധ്വനി
കേൾക്കുമോ ഈ ദിനമാരറിഞ്ഞു
വിശ്രമവാസത്തിലാകുമോ നാം
ഏതിനുമൊരുങ്ങുകെന്നാത്മാവേ!

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 5

രൂപകതാളം

1 മനമേ! പക്ഷിഗണങ്ങളുണർ-
ന്നിതാ പാടുന്നു ഗീതങ്ങൾ
മനമേ! നീയുമുണർന്നിട്ടേശു
പരനെ പാടി സ്തുതിക്ക

2 മനമേ! നിന്നെ പരമോന്നതൻ
പരിപാലിക്കുന്നതിനെ
നിനച്ചാൽ നിനക്കുഷസ്സിൽ കിട-
ന്നുറങ്ങാൻ കഴിഞ്ഞീടുമോ

3 മൃഗജാലങ്ങളുണർന്നീടുന്ന
സമയത്തു നീ കിടന്നു
മൃഗത്തെക്കാളും നിർവ്വിചാരിയാ-
യുറങ്ങാതെന്റെ മനമേ

4 മരത്തിൻ കൊമ്പിലിരിക്കും പക്ഷി-
യുമരിക്കും ശബ്ദമതുകേ-
ട്ടുറക്കംതെളിഞ്ഞുടനെ നിന്റെ
പരനെ പാടി സ്തുതിക്ക

5 പരമനേശു താനതിരാവിലെ
തനിയെയൊരു വനത്തിൽ
പരിചോടുണർന്നെഴുന്നു പ്രാർത്ഥി-
ച്ചതു നീ ചിന്തിച്ചീടുക

6 ഒരുവാസരമുഷസ്സായപ്പോൾ
പീലാത്തോസിന്റെ അരികെ
പരനേശുവൊരജംപോൽ നിന്ന
നില നീ ചിന്തിച്ചീടുക.

7 പരനെതള്ളിപ്പറഞ്ഞ പത്രോ-
സതിരാവിലെ സമയെ
പെരുത്ത ദുഃഖം നിറഞ്ഞു പുറ-
ത്തിറങ്ങിപ്പൊട്ടിക്കരഞ്ഞു.

8 മറിയാമതിരാവിലെയേശുവെ
കാണാഞ്ഞിട്ടുള്ളം തകർന്നു
കരയുന്നതെന്തതുല സ്നേഹം
മനമേ നിനക്കതുണ്ടോ?

(പി. എം. കൊച്ചുകുറു)

## 6

രൂപകതാളം

1 ഉഷഃകാലം നാം എഴുന്നേല്ക്കുക
പരനേശുവെ സ്തുതിപ്പാൻ
ഉഷഃകാലമെന്താനന്ദം നമ്മൾ
പ്രിയനോടടുത്തീടുകിൽ.

2 ഇതുപോലൊരു പ്രഭാതം നമു-
ക്കടുത്തീടുന്നു മനമേ!
ഹാ! എന്താനന്ദം നമ്മുടെ പ്രിയൻ
നീതി സൂര്യനായ് വരുന്നാൾ.

3 നന്ദിയാലുള്ളം തുടിച്ചീടുന്നു
തള്ളയാമേശു കാരുണ്യം
ഓരോന്നോരോന്നായ് ധ്യാനിപ്പതിനു
നല്ല സന്ദർഭമാകുന്നു.

4 ഇന്നലെ ഭൂവിൽ പാർത്തിരുന്നവ-
രെത്രപേർ ലോകം വിട്ടുപോയ്
എന്നാലോ നമുക്കൊരുനാൾകൂടെ
പ്രിയനെ പാടിസ്തുതിക്കാം.

5 നഗ്നനായി ഞാൻ ലോകത്തിൽ വന്നു
നഗ്നനായ്ത്തന്നെ പോകുമേ
ലോകത്തിലെനിക്കില്ലയാതൊന്നും
എന്റെ കൂടന്നു പോരുവാൻ.

6 ഹാ! എൻപ്രിയന്റെ പ്രേമത്തെ ഓർത്തി-
ട്ടാനന്ദം പരമാനന്ദം
ഹാ! എൻപ്രിയനാ പുതുവാനഭൂ
ദാനം ചെയ്തതെന്താനന്ദം!

7 മരുവിൽ നിന്നു പ്രിയന്മേൽ ചാരി
വരുന്നോരിവൾ ആരുപോൽ
വനത്തിൽകൂടെ പോകുന്ന ഞാനും
സ്വന്തരാജ്യത്തിൽ ചെല്ലുവാൻ.

8 കൊടുങ്കാറ്റുണ്ടീ വനദേശത്തെൻ
പ്രിയനേ! എന്നെ വിടല്ലേ
കൊതിയോടെ ഞാൻ വരുന്നേ-
എന്റെ സങ്കടങ്ങൾ തീർക്കണേ!

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 7

തി. ത്രിപുടതാളം

(ഞങ്ങൾക്കുള്ള കർത്താവേ ഞാനിഹ—എന്നരീതി)

1 ആത്മാവേ! ഉണരുക മനമേ-പുലരുന്നതിനാകമേ നിന്റെ
ദൈവിക കർമ്മനിയമങ്ങൾ-ചെയ്‌വതിനുണർന്നീടുക വേഗം

2 അർക്കനുദിച്ചുവരുന്നല്ലോ-പാർക്കരുതേ പരമാത്മാവിൻ
പക്കലണപ്പാൻ പൂജകളെ-വെക്കമൊരുക്കുക പുലർകാലേ

3 കാലം പോയി വൃഥാഗതമാം -കാലം തവവീണ്ടീടുക നീ
കാലം ഇനിശേഷിച്ചതിനെ-പാലിച്ചീടുക ഫലമോടെ,

4 കാലവിളംബനമരുതേ, നൽ-കാലമിതേ കളയരുതേ, നിൻ
നാളവസാനിച്ചെന്നോർത്തീ- നാളിൽ ജീവിച്ചീടുക നീ

5 വലിയൊരുനാളു വരുന്നല്ലോ-മലകളുമന്നു വിറയ്ക്കുമ്പോൾ
ബലമൊടുനീയും നില്പതിനായ്-ബലമുടയോനെ സ്തുതിചെയ്ക
6 പരമപദത്തെ സ്നേഹിക്ക- പരഗതിവരുവാൻ മോഹിക്ക
പരസ്നേഹത്തെ പാലിക്ക പരമാർത്ഥം സംസാരിക്ക
7 മനസ്സുതെളിഞ്ഞു പ്രകാശിക്ക-മഹിമാതമാവിൻകണ്ണുകൾ നിൻ
മനമതിലുള്ള രഹസ്യങ്ങൾ-മറവുകൾ മാറ്റിക്കാക്കുന്നു.
8 ഉണരുക മനമേ, ഉണരുക പോയ്ച്ചേരുകമാലാഖമാരോ-
ടുയരങ്ങളിലത്യുന്നതനെ-ങ്ങുച്ചൈസ്തുതി പാഠം ചെയ്ക
9 സൈന്യങ്ങളുടെ നാഥാ! നീ ശുദ്ധൻ, ശുദ്ധൻ, പരിശുദ്ധൻ.
എന്നനവരതം പാടുന്ന-വൃന്ദമോടൊത്തു വണങ്ങവനെ
10 നിദ്രയതാമെൻ കൺകളുടെ-മുദ്രയെ നീക്കുവതിന്നായി
ആർദ്രത വളരെ കാട്ടിയനിൻ-കാൽത്തളിരിൽപണിചെയ്യുന്നേൻ,
11 നിദ്രയിലീ ഞാൻ വീണപ്പോൾ- ശത്രുവിൽ നിന്നുടൽ കാത്തന്നെ
ഭദ്രമായിപ്പാലിച്ചോരു നിൻ കാൽത്തളിരിൽ പണിചെയ്യുന്നേൻ
12 ഇരുൾനിശതന്നുടെ മറമുഴുവൻ-വിരവൊടു രഹസിവലിച്ചുടനെ,
ഇരുലോകത്തിൽ വെളിവുതരും-കരമതിനെ സ്തുതി ചെയ്യുന്നേൻ,
13 ഗർഭഗൃഹത്തിലടഞ്ഞതിൽ ഞാൻ-അർഭകനായി വളർന്നപ്പോൾ
അത്ഭുതമായ് പരിപാലിച്ച-സല്പരനെ സ്തുതിചെയ്യുന്നേ.
14 ദൈവപിതാവേ, നിനക്കുംനിൻ-ഏകസുതൻ മശിഹായിക്കും,
അതുപോലെ റൂഹായിക്കും-സ്തുതിയുണ്ടാകണമെന്നേക്കും.

(ചേകോട്ടാശാൻ)

## *സന്ധ്യാകീർത്തനങ്ങൾ*

## 8

'Abide with me'

H.F.Lyte S. S. 297

10s

1

കൂടെ പാർക്ക നേരം വൈകുന്നിതാ
കൂരിരുളേറുന്നു പാർക്ക ദേവാ
ആശ്രയം വേറില്ലാ നേരം തന്നിൽ
ആശ്രിതവത്സലാ കൂടെ പാർക്ക

2

ആയുസ്സാം ചെറുദിനം ഓടുന്നു
ഭൂസന്തോഷമഹിമ മങ്ങുന്നു
ചുറ്റിലും കാണുന്നു മാറ്റം കേടും
മാറ്റമില്ലാ ദേവാ കൂടെ പാർക്ക

3

രാജരാജൻപോൽ ഭയങ്കരനായ്
സാധുവെ ദർശിച്ചീടരുതേ നിൻ
ചിറകിൻകീഴ് സൗഖ്യവരമോടെ
നന്മ ദയ നൽകി കൂടെ പാർക്ക

4

ഏകി കഷ്ടതയിൽ സഹതാപം
അപേക്ഷയിൽ മനസ്സലിവോടെ
നിസ്സഹായരിൻ സഹായകനായ്
വന്നു രക്ഷിച്ചു നീ കൂടെ പാർക്ക

5

സദാനിൻ സാന്നിദ്ധ്യം വേണം നാഥാ
പാതകന്മേൽ ജയം നിൻകൃപയാൽ
തുണചെയ്‌വാൻ നീയല്ലാതാരുള്ളു
സന്തോഷ സന്താപേ കൂടെ പാർക്ക

6

ശത്രുഭയമില്ല നീയുണ്ടെങ്കിൽ,
ലോകക്കണ്ണീരിന്നില്ല കൈപ്പൊട്ടും;
പാതാളമേ! ജയം എവിടെ നിൻ?
മൃത്യുമുൾ പോയ്, ജയം കൂടെപാർക്ക

7

കണ്ണടഞ്ഞീടുമ്പോൾ നിൻക്രൂശിനെ
കാണിക്ക മേൽ ലോകമഹിമയും
ഭൂമിഥ്യാ നിഴൽ ശമിക്കുന്നിതാ
ഭാഗ്യോദയമായ് നീ കൂടെ പാർക്ക

(വിവ. റവ. ടി. കോശി)

## 9

'Sun of my soul'
John Keble

L.M. S.S 302

1 എൻ ആത്മാവിൻ ആദിത്യനേ
എൻ പ്രിയ രക്ഷാകരനേ
നീ വസിക്കിലെൻ സമീപേ
രാത്രി പകൽ പോലാകുമേ

2 ഭൂജാതമാം മേഘം അതാൽ
മറപ്പാൻ നിന്നിൽ നിന്നെന്നെ
ഇടയാക്കരുതേ രാവിൽ
കാക്കണേ സർവ്വശക്തനേ!

3 കൺമയങ്ങി ഞാൻ നിദ്രയിൽ
കിടക്കുമ്പോൾ ക്ഷീണതയിൽ
എൻ രക്ഷകാ നിൻ മാറിൽ
വിശ്രമിക്കുന്നെന്നോർപ്പിക്ക

4 നിന്നെക്കൂടാതെ ജീവിപ്പാൻ
പാത്രമല്ലേ ഒന്നിനാലും
സന്ധ്യയിൽ കൂടെ ഇരിപ്പാൻ
ഉഷസ്സോളം നീ വന്നാലും

5 ഇല്ലാതാകാൻ ഭയം ലേശം
രാവിന്നിരുളതിനാലും
എൻ സമീപേ വേണം വാസം
കൈവിടല്ലേ ഒരിക്കലും

6 തെറ്റി അലഞ്ഞീടുന്നോരും,
മത്സരിപ്പോരും സർവ്വരും
പാപനിദ്രചെയ്തീടായ്‌വാൻ
കൃപാവേല തുടർന്നാലും.

7 ദുഃഖിതനു കാവൽ നീയേ
അഗതിക്കു ധനം നീയേ
കരയുന്നവന്റെ നിദ്ര
ശിശുവിൻ സമമാക്കുക

8 ഉണരും സമയം വന്നു
വാഴ്ത്തണം അരികെ നിന്നു
രാജ്യം ചേരുംവരെ സ്നേഹം
തന്നിൽ വഴി നടത്തണം.

## 10

ബലഹരി - ആദിതാളം

1 ഇന്നു പകലിലെന്നെ
നന്നായനുഗ്രഹിച്ച
മന്നവാ സ്തുതി നിത്യ-
മെന്നേക്കും ചെയ്തിടുന്നേൻ

2 സർവ്വശക്തിയുള്ള നിൻ
ചിറകിൻ കീഴിലെന്നെ
സർവ്വനേരവും രാജ-
രാജനേ കാത്തുകൊൾക

3 ഈ ദിവസം ഞാൻ ചെയ്ത
ദോഷമാകവെ നിന്റെ
പ്രീതിയേറും മകനെ
ഓർത്തു ക്ഷമിക്ക ദേവാ!

4 ഇന്നു ഞാനുറങ്ങും മു-
മ്പന്യൂനമനസ്സാക്ഷി
നിന്നോടും ജനത്തോടും
ഉണ്ടാവാൻ തുണയ്ക്ക നീ

5 മരണം നിർമ്മലശയ്യാ
ശയനം നിർഭയമായി

സാദരം തോന്നുമാറെൻ
ദൈവമേ പഠിപ്പിക്ക

6 കാഹളധ്വനി കേട്ടു
വേഗം നിൻ മഹത്വത്തെ
കാണ്മാൻ ഞാൻ കൊതിക്കുന്നു
കരുണാവാരിധേ ദേവാ!

(റവ. റ്റി. കോശി)

## 11

ധന്യാശി-ഏകതാളം

1 കർത്തനെയീപ്പകലിലെന്നെ നീ
കാവൽ ചെയ്തതിന്നാദരമായ്
ചേർത്തണച്ചു നിൻ പാദത്തിലാദ-
രോർത്തടി പണിയുന്നു ഞാൻ

2 പക്ഷികൾ കൂടണഞ്ഞുകൊണ്ടവ
നിർഭയമായ് വസിക്കുംപോൽ
പക്ഷമോടെന്റെ രക്ഷകാ! തവ
വക്ഷസ്സിലണഞ്ഞിടുന്നേൻ. ക

3 ഭൂതലെയുദിച്ചുയർന്ന സൂര്യ
ശോഭ പോയ് മറഞ്ഞിടുന്നു
നീതി സൂര്യനേ മോദമോടക-
താരിൽ നീയുദിക്കേണമേ- ക

4 കേശാദിപാദം സർവ്വവും ക്ഷാളി-
ച്ചീടണം പരിശുദ്ധനേ
ദാസൻ നിൻതിരുസന്നിധിയിൽപ്ര-
കാശത്തിൽ വസിച്ചീടുവാൻ- ക

5 നിദ്രയിൽ നിൻ ചിറകിൻകീഴെന്നെ
ഭദ്രമായ് മറയ്ക്കേണമേ
രാത്രി മുഴുവനാവിധമെന്നെ
ശത്രുവിൽനിന്നു കാക്കുക- ക

6 രാത്രിയിൽ ഞാൻ കിടക്കയിൽ പ്രാണ-
നാഥനേ! വേദവാക്യങ്ങൾ
ഓർത്തു ധ്യാനിച്ചു മോദമായ് പ്രാർത്ഥി-
ച്ചീടുവാൻ കൃപനൽകുക- ക

7 പ്രാണനായകനേശുവേ നീയീ
രാത്രിയിൽ എഴുന്നള്ളിയാൽ
ആനന്ദത്തോടെ ദാസനും എതി-
രേൽക്കുവാൻ തുണയ്ക്കേണമേ- ക

8 ഇന്നു രാത്രിയിൽ എന്റെ ജീവനെ
നീ എടുത്തീടുകിൽ വിഭോ
നിന്നിൽ ഞാൻ നിദ്രകൊണ്ടു വിശ്രമി-
ച്ചീടുവാൻ കൃപനൽകണേ-

(പി. വി. തൊമ്മി)

## 12

ശങ്കരാഭരണം-ആദിതാളം

1 ഇന്നു പകൽ മുഴുവൻ
കരുണയോടെന്നെ സൂക്ഷിച്ചവനേ
നന്ദിയോടെ തിരുനാമത്തിനു സദാ
വന്ദനം ചെയ്തിടുന്നേൻ

2 അന്നവസ്ത്രാദികളും
സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം
പോറ്റിടുന്ന ഉന്നതൻ നീ പരനേ!

3 മന്നിടം തന്നിലിന്നും
പലജനം ഖിന്നരായ് മേവിടുമ്പോൾ
നിന്നടിയാനു സുഖം
തന്ന കൃപ വർണ്ണനീയം പരനേ!

4 തെറ്റുകുറ്റങ്ങളെന്നിൽ
വന്നതളവറ്റു നിന്റെ കൃപയാൽ
മുറ്റും ക്ഷമിക്കേണമേ
അടിയനെ ഉറ്റുസ്നേഹിപ്പവനേ!

5 എൻ കരുണേശനുടെ
ബലമെഴും കരങ്ങളെനിക്കു
സങ്കേതപ്പട്ടണമാം
അതിലഹം ശങ്കയെന്യേ വസിക്കും

6 വല്ലഭൻ നീയുറങ്ങാതെ
നിന്നെന്നെ നല്ലപോൽ കാത്തിടുമ്പോൾ
ഇല്ല രിപുഗണങ്ങൾ-
ക്കധികാരമല്ലൽ പെടുത്തിടുവാൻ

7 ശാന്തതയോടു കർത്താ
തിരുമുമ്പിൽ ചന്തമായിന്നുറങ്ങി
സന്തോഷമോടുണരേണം ഞാൻ
തിരുകാന്തികണ്ടുല്ലസിപ്പാൻ-

(പി. വി. തൊമ്മി)

## 13

At even ere the sun was set

Canon.H. Twells L.M. S.S 79

1 സന്ധ്യ സൂര്യാസ്തമന മുൻ
വ്യാധിക്കാർ കർത്തൻ ചുറ്റുമായ്
എത്ര ആധിയിൽ കിടന്നോർ
എത്ര മോദമോടെ പോയി

2 വീണ്ടുമിതാ സന്ധ്യയിങ്കൽ
കഷ്ടപ്പെടുന്നോരാമെങ്ങൾ
കാണാതെങ്കിലും നീ ചാരെ
ഉണ്ടെന്നറിഞ്ഞു വരുന്നേ

3 കർത്താവേ താപം തീർക്കേണം
ഞങ്ങളിൽ രോഗബാധിതർ
നിന്നെ സ്നേഹിക്കാത്തവരും
മുൻസ്നേഹം വിട്ടോരുമുണ്ടേ

4 ആകുലചിന്തയാൽ പലർ
സംശയ ഭാരത്താൽ ചിലർ
ദേഹമോഹത്താലും ചിലർ
ഖേദിക്കുന്നു! രക്ഷ നീ താൻ

5 ലോകം മായയായ് കണ്ടിട്ടും
ലോകത്തെ വിടാത്തോർ ചിലർ
മിത്രങ്ങൾ ദ്രോഹിച്ചിട്ടും നിൻ
മിത്രത്വം തേടാത്തോർ ചിലർ

6 പാപബന്ധം വിടാത്തതാൽ
സ്വാസ്ഥ്യമില്ലാർക്കും നാഥനേ!
നിൻ സേവയ്ക്കേറ്റം തല്പരർ
ഹൃത്തിൽ തെറ്റും കാണുന്നു

7 കർത്താ നീ- മർത്യനായല്ലോ
കഷ്ടദുഃഖങ്ങൾ ഓർക്കും നീ
നാണത്താൽ മൂടും വ്രണവും
കാണുന്നു നിൻ കൺ സ്പഷ്ടമായ്

8 ഇന്നു നിൻ സ്പർശം ഫലിക്കും
എന്നും പിഴയ്ക്കാ നിൻ വാക്കും
സന്ധ്യയിതിൽ കേൾ യാചന
സ്വാസ്ഥ്യം നല്കി ഞങ്ങൾക്കെല്ലാം

## 14

'Now the day is over'

6. 5. 6. 5.

Rev. S. Baring Gould S. S. 296

1

തീർന്നു പകലിക്കാലമന്തിയണയുന്നു
കൂരിരുളിൻ ഛായ വാനം മൂടുന്നു

2

താരകഗണങ്ങൾ മിന്നുന്നോരന്നായ്
സൃഷ്ടിഗണമാകെ ഉറക്കത്തിലായ്

3

ക്ഷീണിച്ചോർക്കു യേശു! സ്വസ്ഥം നൽകുക
നിദ്രയാലെൻ കൺകൾ രാവശം മൂടുക

4

രാവുമുഴുവനും നിൻദൂതർ കാക്കട്ടെ
ചിറകവരെന്മേൽ വിരിച്ചീടട്ടെ

5

സുപ്രഭാതത്തോടെ ഞാൻ ഉണരട്ടെ
നിൻ്റെ ദൃഷ്ടിയിൽ ഞാൻ ശുദ്ധനാകട്ടെ

6

താതനു മഹത്വം സുതനുമെന്നും
ആത്മനും അവ്വണ്ണം ഉണ്ടാകട്ടെന്നും

## 15

തി - ത്രിപുടതാളം

'ഞങ്ങൾക്കുള്ള കർത്താവേ ഞാനിഹ'...എന്നരീതി

### I

1 ആദിയുമന്തവുമില്ലാത്തോ-രാദിപിതാവേ! കരുണകൾ നീ,
ഈ ദിനമെന്നോടു ചെയ്തതിനായ് മോദമോടെ സ്തുതിചെയ്യുന്നേൻ.
2 ദിനമതിനന്തം വന്നതുപോൽ തനുവിനുമന്തം വരുമെന്നും,
ദിനകരനാദിയുംമാറുമെന്നും- അനുദിനമോർപ്പിക്കണമേ നീ,
3 സ്വപ്നമെനിക്കു വരും മുൻപെ - ശയനം മനസ്സിൽ വരുത്തണമേ
അന്ത്യമുറക്കത്തിലുമെന്റെ-മനനം നിന്മേലാകണമേ,
4 നിരുപമഗുണനും നീതികൃപാ-കിരണനുമായുള്ളവനേ നിൻ
കരുണയുടെ ചിറകിൻ നിഴലിൽ കനിവോടെന്നെ കാക്കണമേ,
5 നിന്തിരുസുതനെ പ്രതിയെന്റെ-വൻതരവീഴ്ച പൊറുക്കണമേ,
അന്തിയിലും സുഖമതുപോലെൻ അന്ത്യത്തിങ്കലുമേകണമേ,
6 മരണം ശിക്ഷാവിധി, ചോദ്യം-എരിയും നരകത്തീക്കുഴിയും
ഉരുകും യാതന വേദനയും-കരുതാൻ നീയരുളീടണമേ,
7 ജീവനുയിർപ്പും നിത്യതയും-ജീവനുമോചനരക്ഷകളും
ഭാവിയിൽ സുഖമീയാശകളെൻ ജീവാധാരമതാകണമേ,
8 ആത്മവലിപ്പവുമീദേഹ സത്വത്തിന്റെയധിഷ്ഠതയും
അല്പായുസ്സും മമ ചിത്തേ എപ്പോഴുമോർപ്പിക്കണമേ നീ
9 നിത്യാനിത്യങ്ങളെയും നിൻ-സത്യാസത്യങ്ങളെയും ഞാൻ
കൃത്യാകൃത്യവുമറിവാൻ എൻ-ചിത്തേ വെളിവുണ്ടാകണമേ,
10 കുറ്റം ഞാൻ ചെയ്തവയെല്ലാം-എറ്റയ്യോ പറയുന്നടിയാൻ
ചുറ്റുമിതാ വൻമലപോലെ-മുറ്റുന്നെന്നുടെ പാപങ്ങൾ
11 വഴിതെറ്റിവലഞ്ഞാടതുപോൽ-പിഴകൾ പെരുത്തൊരുവൻകാട്ടിൽ
ഉഴലുന്നതിനാലഴലേറി കുഴയുന്നേൻഞാൻ കർത്താവേ
12 ദുർവൃത്തികളെല്ലാം ചെയ്തേൻ-ദുർവ്യഹമാം ദുശ്ചിന്തകളും
ഗർവ്വമൊടടിയൻ ചിന്തിച്ചേൻ-സർവ്വജ്ഞാ! നിന്തിരുമുമ്പിൽ
13 തിരുകല്പനകളശേഷം ഞാൻ-പരിലംഘിച്ചതിനാൽ നിന്നെ
പരിഹാസം ചെയ്തതിനുംഹാ-പരിണാമത്തിലകപ്പെട്ടേൻ
14 ദൈവപിതാവേ നിനക്കും നിൻ-ഏകസുതൻ മശിഹായിക്കും
അതുപോലെ റൂഹായ്ക്കും-സ്തുതിയുണ്ടാകണമെന്നേക്കും

### II

1 ആദിയുമന്തവുമില്ലാത്തോ-രാദിപിതാവേ!കരുണകൾ നീ
ഈ ദിനമെന്നോടു ചെയ്തതിനായ്-മോദമോടെ സ്തുതി ചെയ്യുന്നേൻ

2 മരണത്തിന്നുടെ ഭീകരതയും-നരകത്തിന്നുടെ വേദനയും
അരികത്തായി വരുന്നേരത്തും ദുരിതം നീ പോക്കീടണമേ.
3 ശരണം നീയല്ലാതില്ല-പരമില്ലൊരിടമൊരാശ്രയവും
പെരുകുന്നാധികളേറ്റിയിവൻ-കരയുന്നതു നീ കേൾക്കണമേ
4 ഓ പാപികളെ രക്ഷിപ്പാൻ-വാനവനരനീചനരനായി,
വൻപാടുകളേറ്റതുമീശോ-നിൻകാരുണ്യം കൊണ്ടല്ലോ
5 നരവേഷത്തെ കൈക്കൊണ്ടു-നരദുരിതത്തെ കയ്യേറ്റു
ക്രൂശിൽ തൂങ്ങി മരിച്ചതുമെൻ-ദുരിതത്തെ പ്രതിയല്ലോ നീ
6 മരണത്തെയും വെന്ന് പിതാ- വലഭാഗത്തുവസിച്ചതു നിൻ
ശരണപ്പെട്ടവരെ മോക്ഷ-വരണം ചെയ്‌വതിനായല്ലോ
7 അഘമകലുന്നതിനായെന്റെ-അകമതിനെ പുതുതാക്കണമേ
അകമെലിവിന്നാത്മാവിനെ നീ-അകമേ നിവസിപ്പിക്കണമേ.
8 വിലമതിയാരക്തത്താലെൻ-മനമഖിലം നീ കഴുകണമേ,
വലുതായൊരു ദിവസത്തിൽ ഞാൻ-നിലകൊൾവാൻ ബലമേകണമേ.
9 രണ്ടാമത്തെ വരവിൽ നീ-ന്യായമുലകു വിധിക്കുമ്പോൾ
ആയവനെ നിൻവലഭാഗം-കൊണ്ടിടണമേ നീയന്നേ
10 നിത്യം നീയധിപതിയെന്നും-സത്യം സകലേശനെന്നും
ശുദ്ധൻ നീ ശുഭകരനെന്നും-മർത്യന്നവലംബനമെന്നും
11 മഹിമകളുടയെമഹാത്മാവേ-മഹിമനിറഞ്ഞൊരു നിൻനാമം
മഹിയതിൽ ഞങ്ങൾക്കെപ്പോഴും മഹിതതയോടെ വിളങ്ങണമേ.
12 ദൈവപിതാവേ! നിനക്കും നിൻ ഏകസുതൻ മശിഹായിക്കും.
അതുപോലെ റൂഹായിക്കും-സ്തുതിയുണ്ടാകണമെന്നേക്കും

(ചേകോട്ടാശാൻ)

## *ശുശ്രൂഷാരംഭം*

## 16

'Holy Holy Holy'

R. Heber 11. 12. 12. 10 S. S. 22

1 ശുദ്ധാ ! ശുദ്ധാ ! ശുദ്ധാ ! സർവ്വശക്താ ! ദേവാ!
സ്തോത്രഗീതം കാലേ ഞങ്ങൾ അത്യുയർത്തുന്നേ
പാപം ശാപം പോക്കും കാരുണ്യ യഹോവ
ദേവാ! ത്രിയേകാ! ഭാഗ്യത്രിത്വമേ

2 ശുദ്ധാ ! ശുദ്ധാ ! ശുദ്ധാ ! സർവ്വദിവ്യർ വാഴ്ത്തി
ആർത്തു പൊൻകിരീടങ്ങൾ നിൻ കാല്ക്കൽ വീഴ്ത്തുന്നു.

ആസ്ഥയോടു ദൂതവൃന്ദവും പുകഴ്ത്തി
ആദ്യന്തഹീനാ! നിന്നെ വാഴ്ത്തുന്നു

3 ശുദ്ധാ! ശുദ്ധാ! ശുദ്ധാ! കൂരിരുൾ അണഞ്ഞു
ഭക്തിഹീനൻ നിൻപ്രഭാവം കാണാ എങ്കിലും
വിശുദ്ധൻ നീ മാത്രം തുല്യനില്ല എങ്ങും
ആർദ്രത സത്യം ശക്തി ഒന്നിലും '

4 ശുദ്ധാ! ശുദ്ധാ! ശുദ്ധാ! സർവ്വനാഥാ ദേവാ
സ്വർഗ്ഗം ഭൂമി സൃഷ്ടി സർവ്വം നിന്നെ വാഴ്ത്തുന്നു
ശാപദോഷം പോക്കും കാരുണ്യ യഹോവ !
ദേവാ, ത്രിയേകാ! ഭാഗ്യ ത്രിത്വമേ!

## 17

മിശ്രചാപ്താളം

1 മന്നവനേ! മഹോന്നതാ നിന്നെ ഞങ്ങൾ വന്ദിക്കുന്നു
ഇദ്ധരയിൽ നീയൊഴിഞ്ഞില്ലാരുമേ-ഞങ്ങൾ-
ക്കാശ്രയമായ് മേലിലും നീ മാത്രമേ

2 ദൈവദൂതസൈന്യം നിന്നെ നമിക്കുന്നു പരിശുദ്ധാ!
ദോഷികളാം ഞങ്ങളിതിനെന്തുള്ളൂ-ഓർത്താൽ
നിന്റെ നാമം ചൊല്ലിടാനും പോരാത്ത

3 മഹാദേവാ! മക്കൾ ഞങ്ങൾ-തിരുമുമ്പിൽ വണങ്ങുന്നു
മാരിപോലിന്നനുഗ്രഹം നൽകണം-സർവ്വ
ഖേദവും തീർത്തു നീ ഞങ്ങൾക്കാകണം

4 നിന്നെപ്പോലൊർ ധനമില്ല നിന്നെപ്പോലൊർ സുഖമില്ല
എന്നെന്നേക്കും നിൻമുഖത്തിൽ വാഴുവാൻ-ദാസർ-
ക്കനുവാദം തന്നു മാർവ്വിൽ ചേർക്കണം

5 പൊന്നുനാഥാ! പൊന്നുനാഥാ! നിൻമുഖം കണ്ടാനന്ദിപ്പാൻ
സ്വർഗ്ഗദേശത്തെന്നു വന്നുചേർന്നിടും-ലോക
സങ്കടങ്ങളൊഴിഞ്ഞങ്ങു വാഴുവാൻ

6 ഭക്തന്മാരേ! രാപ്പകൽ നാം തിരുമുമ്പിലാരാധിപ്പാൻ
എത്രവേഗം വാനരാജ്യേ പോയിടാം - സർവ്വ
സന്തോഷവും ലഭിച്ചെന്നും പാർത്തിടാം

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 18

ആദിതാളം

പല്ലവി

വരിക സുരാധിപ പരാപരാ! നിൻ
കരുണാസനം വഴിയായ് സഭയിൽ

അനുപല്ലവി

ഒരുമനസ്സോടെ നിൻതിരുവരവിനെ
പരിചോടടിയാർ
വരുന്നതുകാൺ- വരിക

ചരണങ്ങൾ

1

ഭക്തിയോടടിയാർ
നിൻ തൃപ്പാദത്തിൽ
പ്രാർത്ഥന ചെയ്തു വരം ലഭിപ്പാൻ
നിത്യവും നിൻ പരിശുദ്ധാത്മ
ശക്തി തന്നരുളാൻ ഭജിച്ചീടുന്നവർ - വ

2

തിരുമനസ്സിനെക്കുറിച്ചൊരുമനസ്സായ്
ഇരുവരോ മൂവരോ വരുന്നിടത്തിൽ
കരുണയോടെ എഴുന്നരുളുമെന്ന്
തിരുവാചാ അരുളിയപരസുതാ! - വ

3

വന്നടിയാരുടെ കന്മഷവും
തിമിരശേഷവും ദുർമനസ്സും
മന്ദതാശേഷവും നീക്കിടേണം
എന്നും മോക്ഷം അടിയാർ നില്പാൻ - വ

4

ദൂതരുടെ സ്തുതിയിൽ വസിക്കും
നീതിസ്വരൂപനാം യഹോവയ്ക്കും
ഭൂതലരക്ഷക മശിഹായ്ക്കും
പരിശുദ്ധാത്മാവിനും സ്തോത്രം - വ

(മോശവത്സലം)

## 19

ത്രി. ഏകതാളം

സേനയിൻ യഹോവയേ! നീ
വാനസേനയോടെഴുന്ന-
ള്ളേണമേ ശാലേമിതിൽ

അനുപല്ലവി

സീനായെന്ന മാമലയിൽ
വാനസേനയോടെഴുന്ന- സേന

1 ഹീനരാമീ-മാനവരിൽ
മാനസം കനിഞ്ഞഹോ
മാനുവേലനെ തന്നൊരു
പ്രാണനായകാ! ഇന്നേരം- സേ

2 ശലോമോൻ പണിഞ്ഞതാം ദേ-
വാലയത്തിലന്നനു-
കൂലമോടെഴുന്ന യിസ്രാ-
യേലിൻ ദൈവമേ! ഇന്നേരം- സേ

3 നാലു ജീവികളോടിരു-
നാലു മൂപ്പന്മാർ മദ്ധ്യേ
മാമഹത്വമോടഹോ സിം-
ഹാസനസ്ഥനായിവാഴും- സേ

4 യെശയ്യാ പ്രവാചകൻ ക-
ണ്ടാലയത്തിലുള്ളതായ
മെച്ചമോടുയർന്നതാം സിം-
ഹാസനസ്ഥനേയിന്നേരം- സേ

5 ആറു ചിറകുള്ള സ്രാഫ-
ദൂതസംഘമാകവേയ-
ങ്ങാർത്തു പാട്ടുചൊല്ലി സർവ്വ
നാളിലും സ്തുതിക്കുന്നൊരു- സേ

6 നേരായ് നിന്നാത്മാവുരച്ച
കൂറുള്ളൊരു ചൊൽകളാൽ നിൻ
ആലയം ചേർന്നങ്ങൾ പാട്ടു
പാടും കേട്ടനുഗ്രഹിപ്പാൻ- സേ

(യുസ്തൂസ് യൌസേഫ്)

## 20

ഭൈരവി - തി ഏകതാളം

പല്ലവി

പരമദേവാ! നിൻവിലാസം
അരുൾഇന്നരമേ
കൃപാവലും തീരമേ (3)

ചരണങ്ങൾ

1 കാരുണ്യാസനാ! പ്രതാപ
സകലവന്ദിതാ!
സൽപരമഉന്നതാ (3)

2 സുരവരനർ നമിച്ചുവാഴ്ത്തും
പരമനായക!
നൽകരുണദായകാ (3)

3 ഉന്നതത്തിൽ നിന്നെന്നെകാക്കും
ഒരുപരാപരാ!
നൽകരുണയംബരാ (3)

4 നരകമരണം അകറ്റി സകലം
അടിമവീണ്ടൊരു-
തൻ അടിമകൊണ്ടൊരു (3)

5 ദിനംദിനം കനിഞ്ഞിറങ്ങുകെങ്ങളിൽ
നീതിസൂര്യനേ!
സർവ്വജീവപാലനേ (3)

(മാണി ജോൺ കൊച്ചുഞ്ഞ്)

## 21

'All people that on
earth do dwell'

സങ്കീ. 100 L.M. S.S.9

1 ഭൂവാസികൾ സർവ്വരുമേ!
സന്തോഷമുള്ള സ്വരത്ത
കർത്താവിന്നുയർത്തീടുവിൻ
ആനന്ദത്തോടെ വന്ദിപ്പിൻ

2 യഹോവാ ദൈവം എന്നുമേ
നാം അല്ല അവൻ മാത്രമേ
നമ്മെ നിർമ്മിച്ചു പാലിച്ചു
തൻജനമായ് വീണ്ടെടുത്തു

3 തൻ ആലയേ പ്രവേശിപ്പിൻ
ആനന്ദത്തോടെ സ്തുതിപ്പിൻ
സങ്കീർത്തനങ്ങൾ പാടുവിൻ
സന്തോഷത്തോടെ ഇരിപ്പിൻ

4 തൻ സ്നേഹം നിത്യമുള്ളത്
തൻകൃപസ്ഥിരമുള്ളത്
തൻ വാഗ്ദത്തങ്ങൾ ഒക്കെയും
എപ്പോഴും താൻ നിവർത്തിക്കും

## 22

നാട്ട - അടതാളം

സർവ്വ മാനുഷരേ! പരനു - പാടി
സന്തോഷത്തോടെ വന്ദിച്ചിടുവിൻ

ചരണങ്ങൾ

സേവിപ്പിൻ ആനന്ദിച്ചവനെ ഗീതം
ചേലോടു പാടിത്തൻ മുൻവരുവിൻ
സർവ്വലോകനാഥൻ യഹോവ-ഇതു
ചന്തമോടോർത്തു വന്ദിച്ചിടുവിൻ!- സ

2.

നമ്മെ നിർമ്മിച്ചവൻ യഹോവ-തന്നെ
നാമവന്നാടും ജനങ്ങളുമാം!
തന്മഹത്വത്തെ പാടി നിങ്ങൾ-ഇന്നു
തൻഗൃഹവാതില്ക്കകത്തുവരിൻ- സ

3

നാമകീർത്തനം പാടിടുവിൻ! നിങ്ങൾ
നന്ദിയോടുൾപ്രവേശിച്ചിടുവിൻ
നാഥനായ ത്രിയേകദൈവം-എത്ര
നല്ലവനെന്നു ചിന്തിച്ചിടുവിൻ!- സ

4

എത്ര കാരുണ്യശാലി പരൻ-സത്യം
എന്നും തനിക്കുള്ളതെന്നറിവിൻ!
ക്രിസ്തനും താതാത്മാക്കൾക്കുമേ-നിത്യം
കീർത്തിയുണ്ടാകഹല്ലേലുയ്യാമേൻ! - സ

(മോശവത്സലം)

# 23

95-ാം സങ്കീർത്തനം

പന്തുവരാളി — മിശ്രചാപ്പ്

പല്ലവി

വരുവിൻ നാം യഹോവയ്ക്കു പാടുക-രക്ഷ-
തരുന്ന ജീവപാറയ്ക്കാർത്തിടുക!

അനുപല്ലവി

തിരുമുമ്പിൽ സ്തുതിയോടാദരവായ് ചെന്നു നാമെല്ലാ-
വരും സങ്കീർത്തനങ്ങളോടൊരുമിച്ചാർത്തു ഘോഷിക്ക- വരു
പരനെങ്ങൾ

1 യഹോവയായവൻ മഹാ ദൈവം - അവൻ
സകല ദേവകൾക്കും മേൽ രാജൻ!
മഹിയിൻ താണിടങ്ങളവന്റെ കൈയ്യിൽ
മഹീധരോന്നതങ്ങളും തന്റെ
മഹാധിപത്യമവന്റെ വകയാകുന്നു, താനതു
പടച്ചിതു കരയെയും - മഹാൻ കൈകൾ മനഞ്ഞിതു- വരു

2 വരുവിൻ നാം തൊഴുതു വന്ദിക്കുക - ദേവ
തിരുമുൻ ചെന്നു നാം മുട്ടുകുത്തുക!
പരൻ നമ്മെ പടച്ചവനാകയാൽ - തന്നെ
പരൻ നമ്മുടെ ദേവൻ ആകുന്നു!
കരുതൽ മേച്ചിലിൻ ജനം കരത്തിന്നാടുകൾ നാം തൻ
സ്വരമതു നിങ്ങളിന്നനുസരണത്തോടിന്നു കേൾക്കുവിൻ- വരു

3 പൊരുൾ വിവാദമാം മെരീബായിലും - അർത്ഥം
പരീക്ഷയാകുന്ന മസ്സാനാളിലെ
മരുഭൂവിലെന്ന പോലവെ - നിങ്ങൾ
കഠിനമാക്കരുതുള്ളമന്നെന്റെ
കരത്തിൻ വൻപ്രവൃത്തികൾ മതിപ്പ നിങ്ങളിന്നപ്പർ
ദർശിച്ചാരെയുമെന്നെ - പരീക്ഷിച്ചുതു ശോധിച്ചു- വരു

4 എനിക്കു നാല്പതാണ്ടാവംശത്തോടു - രസം
ജനിച്ചില്ലായവരുള്ളിൽ തെറ്റുന്ന
ജനവുമെൻ വഴിയറിയാത്തോരു-മെന്നു-
മൊഴിഞ്ഞേൻ സ്വസ്ഥതയ്ക്കകലായവർ
അണഞ്ഞുൾപുകയില്ലെന്നു- 1 ചിനത്തോടാണയിട്ടു ഞാൻ
ദിനമെന്നും ത്രിയേകനെ - വണങ്ങിവാഴ്ത്തിടാമാമേൻ - വരു

(യുസ്തുസ് യോസഫ്)

1 ചിനം = കോപം

## 24

പന്തുവരാളി — മിശ്രചാപ്പ്

പല്ലവി

യേശു സന്നിധി മമ ഭാഗ്യം!-
ക്ലേശം മാറ്റി മഹാ - സന്തോഷം നൽകുന്ന- യേശു

ചരണങ്ങൾ

1 ശുദ്ധാത്മാവനുദിനം എന്നുള്ളിൽ വസിച്ചെന്നെ
പ്രാർത്ഥിപ്പാൻ പഠിപ്പിക്കും നേരമെപ്പോഴും- യേശു

2 ദൈവവചനമതിൽ ധ്യാനിച്ചീടുവാനതി-
രാവിലെ തൻ പാദം പ്രാപിക്കും നേരം- യേശു

3 പാപത്താലശുദ്ധനായ് - തീരും സമയമനു-
താപഹൃദയമോടെ - ഞാനണയുമ്പോൾ- യേശു

4 ലോകചിന്തകളാകും ഭാരച്ചുമടതിനാൽ
ആകുലപ്പെട്ടു തളർന്നിടുന്ന നേരം- യേശു

5 ദുഃഖങ്ങൾ ഹൃദയത്തെ മുറ്റും തകർത്തിടുമ്പോൾ
ഒക്കെയും സഹിച്ചീടാൻ ശക്തി നൽകുന്ന- യേശു

6 യാതൊരു സമയമെൻ അന്ധതയതുമൂലം
പാതയറിയാതെ ഞാൻ വലയുമ്പോൾ- യേശു

7 തക്കസമയമെല്ലാ മുട്ടും പ്രയാസവും തൻ
മക്കൾക്കു തീർത്തുകൊടുത്തീടുന്നോരെൻ- യേശു

8 ശത്രുവിൻ പരീക്ഷയെൻ നേരെ വന്നിടുന്നോരു
മാത്രയിൽ ജയം നൽകി രക്ഷിച്ചീടുന്ന- യേശു

9 മന്നിടമതിലെന്റെ കണ്ണടഞ്ഞതിൻ ശേഷം
പൊന്നുലോകവാസത്തിൽ എന്നും എന്നേക്കും- യേശു

(റ്റി. ഡി. ജോർജ്)

## 25

കല്യാണി — ആദിതാളം

പല്ലവി

നിൻതിരുമുഖശോഭയെ - ദിനംതോറുമേ - കാണേണമേ...നിൻ

ചരണങ്ങൾ

1 യേശുവേ! നിൻതങ്കമുഖം ആശ ദാസനേകുമേ - ദിനംതോറുമേ
കാണേണമേ
2 കണ്ടിടുമ്പോളുണ്ടെനിക്കു - വേണ്ടുവോളമാശ്രയം - ദിനംതോറുമേ കാ...
3 എന്നിലുണർവുണ്ടഹോ! നിൻ - കണ്ണിൽനോക്കുന്നുടനെ - ദിനംതോറുമേ കാ..

4 യേശു ജീവിക്കുന്നതാലീ - ദാസൻ ജീവിച്ചിടുമേ ദിനംതോറുമേ കാ...
5 ശക്തി എന്നിൽ പെരുകുന്നു നിൻ ശക്തിയേറുമാവിയാൽ - ദിനംതോറുമേ കാ...
6 ഉള്ളമെന്നിൽ ജ്വലിച്ചീടും നിൻ ഉള്ളിൻ സ്നേഹമാർത്തണ്ടു ദിനംതോറുമേ കാ...
7 പാപസ്നേഹം പരിത്യജിപ്പാൻ - പാപഹാരിനാഥനേ - ദിനംതോറുമേ കാ...
8 ദൈവസ്നേഹം പെരുകിടുവാൻ ദിവ്യദാനമേകുക - ദിനംതോറുമേ കാ...
9 തേജോമയനാം നിൻശോഭ തേജസ്സോടരുൾ ദേവാ - ദിനംതോറുമേ കാ...

## 26

തോടി - ആദിതാളം

പല്ലവി

ആശിഷം നല്കണമേ - മശിഹായേ
ആശിഷം നല്കണമേ

ചരണങ്ങൾ

1 ഈശനേ! നീയെന്യേ ആശ്രയമാരുള്ളൂ!
ആശ്രിതവത്സലനേ അനുഗ്രഹമാരി അയക്കണമേ!- ആശി

2 ആഗ്രഹിക്കുന്നവർക്കായി നിന്നെത്തന്നെ
ശീഘ്രം നീ നല്കിടുമേ സന്ദേഹമില്ലോർത്തിതാ കെഞ്ചിടുന്നേൻ- ആശി

3 ആശ്രയം നീ തന്നെ ദാസരാം ഞങ്ങൾക്കു
വിശ്രുത വന്ദിതനേ! നിന്നെത്തന്നെ ശീഘ്രം നീ നല്കണമേ- ആശി

4 കാശിനു പോലുമീ ദാസർക്കില്ല വില
മാശില്ലാ വല്ലഭനേ! നിൻനാമത്തിൽ ദാസരെ കേൾക്കണമേ- ആശി

5 രാജകുമാരനേ! പൂജിത പൂർണ്ണനേ
സർവ്വ ജഗദീശ്വരനേ! അനാരതം കാത്തരുളും പരനേ!- ആശി

6 തേജസ്സിനാൽ നിന്റെ ദാസരെയാകെ നീ
ആശ്ചര്യമായ്-നിറയ്ക്ക നിൻ നാമത്തെ വാഴ്ത്തിപ്പുകഴ്ത്തിടുവാൻ- ആശി

(റ്റി. ജെ. വർക്കി)

## 27

ആദിതാളം

പല്ലവി

അനുഗ്രഹക്കടലേ എഴുന്നള്ളി വരികയി-
ന്നനുഗ്രഹമടിയാരിൽ അളവെന്യേ പകരാൻ

അനുപല്ലവി

പിച്ചളസർപ്പത്തെ നോക്കിയ മനുജർ-
ക്കൊക്കെയുമനുഗ്രഹ ജീവൻ നീ നൽകിയ- അനു

ചരണങ്ങൾ

1 എന്നിൽനിന്നു കുടിച്ചിടുന്നോർ വയറ്റിൽ നി-
ന്നനുഗ്രഹ ജലനദിയൊഴുകുമെന്നരുളി നീ
പന്ത്രണ്ടപ്പൊസ്തോലന്മാരിൽ കൂടാദ്യമായ്
പെന്തക്കൊസ്തിൻ നാളിലൊഴുകിയ വൻനദി- അനു

2 ആത്മമാരി-കൂടാതെങ്ങനെ ജീവിക്കും?-
ദേശങ്ങൾ വരണ്ടുപോയ് ദൈവമേ കാണണേ!
യോവേൽ പ്രവാചകൻ ഉരച്ച നിൻവാഗ്ദത്തം
ഞങ്ങളിലിന്നു നീ നിവൃത്തിയാക്കീടണം- അനു

3 പരിശുദ്ധ കാര്യസ്ഥൻ ഞങ്ങളിൽ വന്നെല്ലാ-
കുറവുകൾ തീർക്കണം കരുണയിൻ നദിയേ!
വീട്ടിലും നാട്ടിലും വഴിയിലും പുഴയിലും
ഏവർക്കുമനുഗ്രഹമടിയങ്ങളായിടാൻ- അനു

4 മരുപ്രദേശം പാട്ടോടുല്ലസിച്ചാനന്ദി-
ച്ചേന്നു തുല്യമായ് സുഗന്ധങ്ങൾ വീശണം
പീശോൻ ഗീഹോൻ നദി ഹിദ്ദേക്കൽ ഫ്രാത്തതും
മേദിനിയിൽ ഞങ്ങൾക്കേകണം ദൈവമേ- അനു

5 കുരുടന്മാർ കാണണേ ചെകിടന്മാർ കേൾക്കണേ!
മുടന്തുള്ളോർ ചാടണേ! ഊമന്മാർ പാടണേ!
വീണ്ടെടുത്തോരെല്ലാം കൂട്ടമായ് കൂടി നിൻ
എതിരേല്പിൻ ഗാനങ്ങൾ ഘോഷമായ് പാടണം- അനു

6 സിംഹങ്ങൾ കേറാത്ത വഴി ഞങ്ങൾക്കേകണേ!
ദുഷ്ടമൃഗങ്ങൾക്കു കാടുകളാകല്ലേ!
രാജമാർഗ്ഗേ ഞങ്ങൾ പാട്ടോടുമാർപ്പോടും
കുരിശിന്റെ കൊടിക്കീഴിൽ ജയത്തോടെ വാഴണം- അനു

7 സീയോൻ യാത്രക്കാരെ ദൈവമേ ഓർക്കണേ!
വഴിമദ്ധ്യേ അവർക്കുള്ള സങ്കടം തീർക്കണേ!
വരുമെന്നരുളിയ പൊന്നുകാന്താ! നിന്റെ
വരവിന്നു താമസം മേലിലുണ്ടാകല്ലേ- അനു

(മുത്തംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 28

തോടി - തി. ത്രിപുട

1 വന്നിടേണം യേശുനാഥാ!
ഇന്നീ യോഗമദ്ധ്യേ നീ
തന്നരുൾക നിൻ വരങ്ങൾ
നിൻസ്തുതി കൊണ്ടാടുവാൻ.

2 മന്നിടത്തിൽ വന്ന നാഥാ!
പൊന്നുതിരുമേനിയേ!
നന്ദിയോടിതാ നിൻ ദാസർ
വന്നുകൂടുന്നേ മുമ്പിൽ

3 താതനേ! കൃപാനിധേ!
ശ്രീയേശുനാമം മൂലമേ
തന്നിടേണം ആത്മദാനം
പ്രാർത്ഥന ചെയ്തിടുവാൻ

4 വേദവാക്യങ്ങളെയിന്നു
മോദമോടുൾക്കൊള്ളുവാൻ
താതനേ! തുറക്കയെങ്ങ-
ളുള്ളത്തെ തൃക്കൈകളാൽ

5 പാപമൊക്കെയേറ്റുചൊന്നു
മോചനം ലഭിച്ചിടാൻ
പാപബോധമേകിയിന്ന -
നുഗ്രഹിക്ക ദൈവമേ!

6 ഇന്നു നിൻ തിരുവചനം
ഘോഷിക്കും നിൻ ദാസനും
നിന്നനുഗ്രഹ നിറവിൻ
ശക്തിയെ നൽകീടേണം

(റ്റി. കെ. ജോസഫ്)

## 29

ഏകതാളം

1 വരസുന്ദര പരമണ്ഡല
പരനേശുനാഥനേ!
വന്നരുൾ സ്വാമിൻ!
സ്തുതിമംഗളം ജയമംഗളം
നിനക്കേ യഹോവായേ!

2 ധരമണ്ഡലം പരമണ്ഡലം
സൃഷ്ടിചെയ്ത ദേവനേ!
വന്നരുൾ സ്വാമിൻ!- സ്തുതി

3 നരദേവനേ ഗുരുനാഥനേ!
നരരക്ഷകർത്തനേ!
വന്നരുൾ സ്വാമിൻ! - സ്തുതി

4 പശുക്കൂടതിൽ മൃഗക്കൂടതിൽ
നരനായ കർത്തനേ!
വന്നരുൾ സ്വാമിൻ! - സ്തുതി

5 നരർക്കായൊരു ബലിയായ ദേ-
വനേ പ്രിയകർത്തനേ!
വന്നരുൾ സ്വാമിൻ! - സ്തുതി

6 മുറിവഞ്ചിനാൽ നരപഞ്ചപാ-
തകം തീർത്ത കർത്തനേ!
വന്നരുൾ സ്വാമിൻ! - സ്തുതി

7 തവരക്തത്തിൻ ജപം താതൻമുൻ-
ശുദ്ധമാക്കും കർത്തനേ!
വന്നരുൾ സ്വാമിൻ! - സ്തുതി

8 പരമാസനം കരുണാസനം
വഴി നിൻ സഭയിതിൽ
വന്നരുൾ സ്വാമിൻ! - സ്തുതി

(മോശവത്സലം)

## 30

Tune: This is the God we adore

1 അൻപു തിങ്ങും ദയാപരനേ!
ഇമ്പമേറും നിൻപാദത്തിങ്കൽ
നിൻ പൈതങ്ങളടിയാരിതാ
കുമ്പിടുന്നേയനുഗ്രഹിക്ക

വരിക വരിക - ഈ
യോഗമദ്ധ്യേ
ചൊരിയണം നിന്നാത്മവരം
പരിശുദ്ധ പരാപരനേ!

2 രണ്ടിലേറെയാളുകൾ നിന്റെ
സന്നിധാനത്തിങ്കൽ വരുമ്പോൾ
വന്നു ചേരുമവർ നടുവിൽ
എന്നു ചൊന്ന ദയാപരനേ!-
വരിക

3 നിന്നുടെ മഹത്സന്നിധി-
യെന്നിയെ ഞങ്ങൾക്കാശ്രയമായ്
ഒന്നുമില്ലെന്നറിഞ്ഞീശനേ!
വന്നിതാ ഞങ്ങൾ നിൻപാദത്തിൽ-വ

4 തിരുമുമ്പിൽ വന്ന ഞങ്ങളെ-
വെറുതെ അയച്ചീടരുതേ!
തരണം നിൻ കൃപാവരങ്ങൾ
നിറവായ് പരനേ! ദയവായ്!- വ

(പി. വി. തൊമ്മി)

## 31

'There shall be showers of blessing'
EL. Nathan P. M. S.S. 306

1 ആശിസ്സാം മാരിയുണ്ടാകും
ആനന്ദവാഗ്ദത്തമേ
മേൽനിന്നു രക്ഷകൻ നൽകും
ആശ്വാസകാലങ്ങളെ

പല്ലവി

ആശിസ്സാംമാരി
ആശിഷം പെയ്യണമേ
കൃപകൾ വീഴുന്നു ചാറി
വൻമഴ താ! ദൈവമേ!

2 ആശിസ്സാം മാരിയുണ്ടാകും
വീണ്ടും നൽ ഉണർവുണ്ടാം
കുന്നു പള്ളങ്ങളിന്മേലും
വന്മഴയിൻസ്വരം കേൾ- ആ

3 ആശിസ്സാം മാരിയുണ്ടാകും
ഹാ! കർത്താ! ഞങ്ങൾക്കും താ
ഇപ്പോൾ നിൻ വാഗ്ദത്തമോർത്തു
നൽവരം തന്നീടുക- ആ

4 ആശിസ്സാം മാരിയുണ്ടാകും
എത്ര നന്നിന്നു പെയ്കിൽ
പുത്രന്റെ പേരിൽ തന്നാലും
ദൈവമേ! ഇന്നേരത്തിൽ ആ

(വിവ: റവ. റ്റി. കോശി)

## 32

മിശ്രചാപ്പ് താളം

1 യേശുനാഥാ! നീതിസൂര്യാ!
ഏകണം നിന്നാത്മദാനം
ദാസരിലീസമയത്തിൽ നാഥനേ!
സർവ്വമാലൊഴിച്ചു ദിവ്യദാനം
നൽകുക

2 ഇന്നു നിന്റെ സന്നിധിയിൽ
വന്നിരിക്കും ഞങ്ങളെ നീ
നിന്റെ ദിവ്യാശിഷം നൽകി
പാലിക- സർവ്വ
മായ ചിന്ത ദൂരെ നീക്കികാക്കുക!

3 ഇത്രനാളും നിൻകൃപയെ
വ്യർത്ഥമാക്കിത്തീർത്തുപോയ
അത്തലെല്ലാം നീക്കി നീ കൈ
താങ്ങുക- നിന്റെ
സത്യബോധം ഞങ്ങളിൽ നീ
നൽകുക!

4 ആത്മദാതാവായ നിന്നെ
സ്വന്തമാക്കിത്തീർത്തീടുവാൻ
ആത്മദാഹം ഞങ്ങളിൽ നീ
നൽകുക- സർവ്വ
സ്വാർത്ഥചിത്തം ദൂരെ നീക്കി
കാക്കുക

5 നിന്റെ സ്നേഹമറിഞ്ഞിട്ടു
നിന്നെ സ്നേഹിപ്പതിനായി
സ്നേഹഹീനരായവരിൽ വേഗമേ- നിത്യ
സ്നേഹരൂപനായ നിന്നെ കാട്ടുക!

6 നീ പൊഴിക്കും തേൻമൊഴികൾ
ഞങ്ങളുള്ളിലാക്കിടുവാൻ
പാരംകൊതി നല്കീടണം-
ദൈവമേ- എല്ലാം
ചെയ്തുനല്ല ദാസരായിത്തീരുവാൻ

7 നല്ല പങ്കായുള്ളതിനെ
ഞങ്ങളെല്ലാമെടുത്തീടാൻ
നല്ലദാനമടിയാർക്കു നൽകണം
ആരും
വ്യർത്ഥരായിപ്പോയിടല്ലേദൈവമേ!

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 33

Revive thy work Lord

D. S. M

Albert Midlane SS. 309

1 സാന്നിദ്ധ്യം ആകേണം-
കർത്താധി കർത്താവേ
ഈ യോഗം ഇന്നു കേൾക്കണം
നിൻ ശക്തി വാക്കിനെ

പല്ലവി

ജീവൻ നല്കീടേണം
വന്ദിക്കും നേരമേ
ആശീർവാദം നൽകീടേണം-
കാരുണ്യവാരിധേ!

2 സാന്നിദ്ധ്യം ആകണം-
നിൻനാമം വാഴട്ടെ!
നിൻസ്നേഹം ഓരോരോന്നുകം
ജ്വലിച്ചു വീശട്ടെ- ജീവൻ

3 സാന്നിദ്ധ്യം ആകേണം-
നിൻവാക്യം കേൾക്കയിൽ
നിൻ ആശീർവ്വാദം നൽകേണം
ജീവവിശ്വാസത്തിൽ - ജീവൻ

4 സാന്നിദ്ധ്യം ആകേണം-
നിൻ ആത്മശക്തിയും
മഹത്വം നിന്റേതാകണം
ഞങ്ങൾക്കു രക്ഷയും- ജീവൻ

## 34

ആദിതാളം

1 ദേവാ! ദേവാ! ത്രിലോകനാഥാ!
ലോകോദ്ധാരക! ക്രിസ്തോ! ദേവാ
ദാസരാമെങ്ങളെ കാത്തു
രക്ഷിക്കണേ- ദേവാ

2 ആഴിമീതെ നടന്ന ദേവാ
അപ്പം കൊണ്ടയ്യായിരത്തെ
അതിശയകരമായ് പോഷിപ്പിച്ച-
വനേ- ദേവാ

3 കാനാവിലെ കല്യാണവിരുന്നിൽ
ശുദ്ധജലത്തെ വീഞ്ഞാക്കിത്തീർത്ത
കരുണാനിധിയേ! കനിയേണം
ദിനവും... ദേവാ

4 മാനവരെ രക്ഷചെയ്‌വാൻ
മുൾമുടി ശിരസ്സിൽ വഹിച്ചുംകൊണ്ടു
കുരിശതിലേറി-ജീവനെ
വെടിഞ്ഞ- ദേവാ

5 നാഥാ! മമഗതി നീയേ താത!
ആർത്തജനങ്ങൾക്കാലംബം
നീയെന്യെ ആരുള്ളുദീനദയാലോ-
ദേവാ

6 നിന്റെ രാജ്യം - വേഗം വരണേ
നിത്യാനന്ദമോക്ഷം ചേരാൻ
ഭക്തരാം ദാസരെ-അനുഗ്രഹിച്ചീ
ടുക- ദേവാ

## 35

ഭൈരവി ആദിതാളം

യേശുവേ! ഈ സഭമേൽ ആശുവന്നാശിഷം താ! - ബഹു
ആശയോടീ ദാസർ ചെയ്യും യാചനകേൾക്കണമേ!... യേശു

1 നിന്തിരുവാക്യമെങ്ങും നൽവെളിവു കാട്ടിടുന്നു
സന്തതം കേൾപ്പവർക്കും സംരക്ഷണവുമതായ്-പിന്നെ
എന്തുകൊണ്ടു പാപശീലം ഞങ്ങളിൽ നീക്കമില്ല? യേശു

2 നിന്നുടെ പാടുകളെ - നീ നിനച്ചെങ്ങളുടെ
മന്നവാ! കേടുകളെ മായിച്ചരുളണമേ- തൃക്കൺ-
ഒന്നുകൂടെ നോക്കീടുകിൽ ഉയിർഗുണരാം ഞങ്ങൾ... യേശു

3 പാപമോ അല്ല നിന്റെ ബലിയതുതാൻ വലിപ്പം!
കോപമോ അല്ല നിന്റെ ഗുണം കൃപതാൻ വലിപ്പം! മന-
സ്താപമുള്ള രക്ഷാകരാ! തള്ളരുതെങ്ങളെ നീ- യേശു

4 താതനും ഞങ്ങളുടെ 1 താതയും നീയല്ലയോ?
വേദവും ഞങ്ങളുടെ ബോധവും അങ്ങനെ താൻ- ഇപ്പോൾ-
മോദമായ് നീ താതൻ മുമ്പിൽ വാദിച്ചരുൾ തരിക- യേശു

5 മക്കളാം ഞങ്ങളിന്നു മധുരമോടെ പാടി
തക്കമേറിന്നു നിന്റെ ശരണം തേടുകയാൽ - ഇനി
ഇക്കരെ നിന്നക്കരയിലെത്തുവോളം തുണയ്ക്ക- യേശു

## 36

Jesus, the very thought of Thee

C.M S. S. 60

(Tran) E Caswall

1 യേശുവെധ്യാനിക്കുമ്പോൾ ഞാൻ
സന്തുഷ്ടമാനസൻ
ഏറ്റവും ആനന്ദം അവൻ
എത്ര മനോഹരൻ

2 ഹൃദയം അതിന്നീവണ്ണം
മാധുര്യം ഏറുന്ന
യാതൊരു നാമമില്ല സർ-
ഭൂതലങ്ങളിലും

3 പ്രിയം ഏറുന്ന നാമമെ,
ഈയുലകിൽ വന്നു
സ്വന്തരക്തം അതാലെന്നെ
വീണ്ടരുള നാഥൻ,

4 സൗരഭ്യമുള്ള നാമമെ,
പാരിൻ ദുഃഖങ്ങളിൽ
ആശ്വാസമേകുന്ന നാമം
വിശ്വാസിക്കെപ്പോഴും

5 തന്നോടുള്ള സംസർഗ്ഗംപോൽ
ഇന്നിഹത്തിൽ ഒരു
ഭാഗ്യാനുഭവം ഇല്ലതു
സ്വർഗ്ഗംതരുന്ന നൂനം

1 താത = മാതാവ്

## 37

തോടി - ആദിതാളം

പല്ലവി

യേശുമഹേശനെ ഞാൻ ചിന്തിപ്പതെൻ
ഉള്ളത്തിന്നാനന്ദമെ

ചരണങ്ങൾ

ഈശനുടെ തിരുസന്നിധിചേർന്നിനി
വിശ്രമം ചെയ്തു തന്റെ തിരുമുഖം
കാൺമതത്യാനന്ദമേ- യേശു

2

വാനസൈന്യങ്ങൾക്കും മാനുഷ-
ജാതിക്കും
ഊനമില്ലാതെ നിന്നെ വർണ്ണിക്കുവാൻ
സാധ്യമതാകയില്ല- യേശു

3

മാനുഷരക്ഷകാ! നിന്നുടെ നാമം-
പോൽ
വാനിലും ഭൂമിയിലും ഇല്ലൊരു
നാമം നിനപ്പതിനു യേശു

4

ഉള്ളം നുറുങ്ങിയോർക്കുള്ള പ്രത്യാശയും
നല്ലപ്രസാദവും നീ സർവേശരാ!
സൗമ്യതയുള്ളവർക്കേ- യേശു

5

എത്രദയാപരൻ വീഴുന്നവർക്കൊരു
എത്ര നല്ലഗുണവാൻ തേടിടുന്ന
മർത്യഗണങ്ങൾക്കു താൻ- യേശു

6

കണ്ടീടും മാനവർക്കെന്താനന്ദമാം നീ
ഉണ്ടോനാവുംപേനയും വർണ്ണിക്കുവാൻ
ആ നല്ല സന്ദർഭത്തെ- യേശു

7

യേശുവിൻസ്നേഹമതെന്തെന്നു
ചൊല്ലുവാൻ
ആസ്വദിച്ചോർക്കല്ലാതെ മറ്റാർക്കുമ-
സാദ്ധ്യമറിഞ്ഞീടുവാൻ- യേശു

(റവ. റ്റി. കോശി)

## 38 കൗശിക - ആദിതാളം

1

ശ്രീയേശുനാമമേ തിരുനാമം- ഇതു
ഭൂലോകമെങ്ങും മോദം നൽകും നാമം

2

പാപികളെ രക്ഷചെയ്യും ദിവ്യനാമം
പതിതാപി-
കൾക്കാശ്വാസം നൽകും തിരുനാമം

3

പാപഭാരം നീക്കിടും വിശുദ്ധനാമം
പാപ
ബന്ധനം തകർത്തിടുന്ന സത്യനാമം

4

എന്നിലെ പാപങ്ങളെല്ലാം തീർത്ത
നാമം - എന്റെ
മന്ദബുദ്ധി നീക്കി ശുദ്ധി ചെയ്തനാമം

5

മല്ലനാം പിശാചിനെ ജയിച്ചനാമം
എന്റെ
അല്ലലെല്ലാം തൻ ശിരസ്സിലേറ്റനാമം

6

ജീവനെ പാപികൾക്കായ് ചൊരിഞ്ഞ
നാമം - പുതു
ജീവനെ നൽകിയാശ്വസിപ്പിച്ച നാമം

7

നിത്യമോക്ഷപാതയെതുറന്നനാമം
തന്റെ
സത്യഭക്തരിൽ പ്രമോദം നല്കും നാമം

8

അക്ഷയാത്മമായി ചൊരിഞ്ഞീടും
നാമം-തന്റെ
വക്ഷസ്സിൽ പ്രജകളെ ചുമക്കും
നാമം - ശ്രീയേശു

(റ്റി. ജെ. വർക്കി)

## 39

ധന്യാസി - ആദിതാളം

പല്ലവി

യേശു എന്നുള്ളനാമമേ- ലോകം
എങ്ങും വിശേഷ നാമമേ

അനുപല്ലവി

നാശമുണ്ടാക്കും പാപ-
നാശം വരുത്താൻ പര-
മേശൻജഗത്തിൽ മർത്യ
വേഷം ധരിച്ചുവന്ന-യേശു

ചരണങ്ങൾ

1 മന്നം ഗബ്രിയേൽ വിൺദൂതൻ-
ചൊന്ന
മോക്ഷദായകനാമമേ
കന്നി മറിയം കേട്ടു
കാത്തിരുന്നു വിളിച്ച-
ന്നിടത്തെങ്ങും ഭാഗ്യം
വരുത്തും വല്ലഭനാമം- യേശു

2 ആർക്കും ചൊല്ലാകുന്നനാമം എങ്ങും
ആരാധിപ്പാനുള്ള നാമം
പേയ്ക്കും പേയിൻപടയ്ക്കും
ഭീതിചേർക്കുന്ന നാമം
മൂർഖ പാപികൾക്കും വി-
മോക്ഷം നൽകുന്ന നാമം- യേശു

3 മന്നർ ചക്രവർത്തികളും- വാഴ്ത്തി
വന്ദിച്ചീടും മഹാനാമം
വിണ്ണിൻ ഗീതത്തിൻ നാമം
വേദാന്തസാരനാമം
പുണ്യം പെരുത്ത നാമം
ഭുവിൽ പ്രകാശിതനാമം- യേശു

4 വിൺമണ്ണും ചേർത്തിടും നാമം ഇഹ
വിണ്ണിൽ കൊണ്ടാടുന്ന നാമം
നന്മനിധിപരാ നിൻ
ന്യായം നീതി കൃപയ്ക്കും
ഉൺമയാം സാക്ഷിയായി-
ട്ടുയർന്നുതൂങ്ങിയ നാമം- യേശു

5 കൽനെഞ്ചുടയ്ക്കുന്ന നാമം-മന
ക്കാടാകെ വെട്ടുന്ന നാമം
എന്നും പുതിയതുപോൽ
ഏറെ മധുരനാമം
തന്നിൽ പല സാരങ്ങൾ
ധരിച്ചിരിക്കുന്ന നാമം - യേശു

(മോശവത്സലം)

## 40

തി. ഏകതാളം

പല്ലവി

ഹാ! കൂടി നാമെല്ലാരും ചേർന്നു പുകൾ കൊണ്ടാടണം- സ്വർഗ്ഗ
വാതിലാകും യേശുനാഥനെ വാഴ്ത്തിപ്പാടണം.

ചരണങ്ങൾ

1 വേദനപ്പെടും ഏഴകൾക്കല്ലു തീരുവാൻ-വന്നു
മേദിനിയതിൽ മാനുഷ്യാവതാരമാർന്നിതാ- ഹാ!
2 മാനവർ വാഴ്ത്തിപ്പാടുന്ന കർത്തനായ താൻ-ദുഷ്ട
മാനവൻ ഈടേറുവാൻ ഒരടിമയായിതാ- ഹാ!
3 ആദരവറ്റു ഭൂമിയിൽ വെറിയരാം നരർ-മര-
ണാധികളൊഴിവതിന്നു താണു ദേവനും- ഹാ!
4 സേനകളിൻ അധിപതി അവനെന്നാകിലും -നര
ജീവനെ മീട്ടാനവൻ തന്നുയിരിനെ വിട്ടാൻ- ഹാ!
5 ദാരുണ മരണാധിയെ മരിച്ചകറ്റിനാൻ-ഭൂ-
മണ്ഡലത്തിൽ നിന്നുയിർത്തു വിണ്ണിലെത്തിനാൻ- ഹാ!
6 പാപികൾക്കു പിതാവിനോടിരന്നു മോചനം-നിജ
പാദസേവക ജനങ്ങളെ രക്ഷചെയ്യുന്നോൻ- ഹാ!

(മോശവത്സലം)

## 41

ആദിതാളം

പല്ലവി

മാനസമേ! ശ്രീ - യേശുവെ ഭജ നീ
മതികെട്ടുപോകാതെ

1 മന്നവമന്നവനുന്നതനായക-
നന്ദനനാം മനുവേലനെ എന്നും- മാന

2 ബേതലേം പുരിയതിലൊരുപശുശാലേ
യൂദജയായൊരുനാരിയിൽ ജനിച്ചോൻ- മാന

3 പാരിടരുടെ പരമാധികൾ തീർപ്പാൻ
ക്രൂരതയേറിയ വേദന-സഹിച്ചോൻ- മാന

4 യറുശലേം നഗരിയിലുയിരു വെടിഞ്ഞു
ഒരു കുരിശതില-ങ്ങേറി മരിച്ചോൻ- മാന

5 നരകാരിഷ്ടത തീർത്തുടനെ മുൻ-
അരുൾപോൽ മൂന്നാം ദിവസമുയിർത്തോൻ- മാന

6 നരരിപുവരനെ ജയിച്ചതിഘോഷം
പരമണ്ഡലമതിലേറിയിരിപ്പോൻ— മാന

(കെ. എം. വറുഗീസ്)

## 42

ആദിതാളം

നാഥാ ചൊരിയണമേ- നിൻ കൃപ ദാസരിൻമേൽ
ഏകീടേണം ആശിഷമാരി- ഏഴകളിൻ നടുവിൽ

1 പാടിപുകഴ്ത്തിടാൻ പാപികൾ ഞങ്ങൾ
പാവനമാം നിൻ പരിശുദ്ധനാമം
വാനിലും ഭൂവിലും മേലായനാമം (2)
ഉന്നതമനശ്വ നാമം- നാഥാ

2 പ്രാർത്ഥനചെയ്‌വാൻ പ്രാപ്തിയെ നൽകാൻ
കാത്തിരുന്നീടാൻ കാഴ്ചയേകുക
വിശ്വസിപ്പാൻ ആശ്രയിപ്പാൻ (2)
ശക്തി നൽകീടുക- നാഥാ

3 ഉന്നത ദേവാ നിൻ വചനങ്ങൾ
ഉള്ളിലെ കൺകൾ ഉള്ളപോൽ കാൺമാൻ
ഉള്ളങ്ങളെ ഉണർത്തീടണേ (2)
സർവ്വ വല്ലഭനേ- നാഥാ

(ജോൺ ഫിലിപ്പ് അയത്തിൽ)

## 43

ഭൈരവി-ആദിതാളം

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കിമ്പ നാമം

1 എല്ലാ നാമത്തിലും മേലായനാമം ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങും തൻ തിരുമുമ്പിൽ-
വല്ലഭത്വം ഉള്ള നാമം- ശ്രീയേശു

2 എണ്ണമില്ലാ പാപം എന്നിൽനിന്നും നീക്കാൻ-
എന്റെമേൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മാച്ചുതന്ന
ഉന്നതന്റെ വന്ദ്യനാമം- ശ്രീയേശു

3 ഭൂതബാധിതർക്കും നാനാ വ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കും എല്ലാം
വിടുതൽ നൽകുന്ന നാമം... ശ്രീയേശു

4 പാപപരിഹാരം പാതകർക്കു നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യനാമം.... ശ്രീയേശു

## 44

ആദിതാളം

യേശുവിൻ നാമം മധുരിമനാമം
ഇണയില്ലാനാമം ഇമ്പനാമം

1 പാപത്തിൻ ഭാരവും ശാപവും നീക്കും
പരമ സന്തോഷം ഏകിടും നാമം (2) യേശു

2 പരിമള തൈലംപോൽ യേശുവിൻ നാമം
പാരെങ്ങും വാസനവീശിടും നാമം (2) യേശു

3 വാനിലും ഭൂവിലും മേലായ നാമം
വാനവർ വാഴ്ത്തിടും യേശുവിൻ നാമം (2) യേശു

4 വാഗ്ദത്തമഖിലവും നൽകിടും നാമം
ആശ്രിതർക്കാലംബ ദായകനാമം (2) യേശു

5 മുഴങ്കാലുകൾ എല്ലാം മടങ്ങിടും നാമം
എവരും ഒരുപോൽ വണങ്ങിടും നാമം (2) യേശു

6 എത്ര മഹാത്ഭുതം യേശുവിൻ നാമം
പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധനാമം (2) യേശു

# സ്തോത്രഗീതങ്ങൾ

## 45

ഹിന്ദുസ്ഥാനി - ആദിതാളം

1 നാഥനേ! എൻയേശുവേ! ഹല്ലേലുയ്യാ - ആമേൻ (2)
2 താതനാം എൻദൈവമേ! ഹല്ലേലുയ്യാ - ആമേൻ (2)
3 മാ പരിശുദ്ധാത്മാവേ ! ഹല്ലേലുയ്യാ - ആമേൻ (2)
4 ദൈവമേ! ത്രിയേകനേ! ഹല്ലേലുയ്യാ - ആമേൻ (2) (മോശവത്സലം)

## 46

ഹിന്ദുസ്ഥാനി രൂപകതാളം

പല്ലവി

ഹാലേലൂയ്യാ!- ഹാലേലൂയ്യാ! - ഹാലേലൂയ്യാ - ആമേൻ

ചരണങ്ങൾ

1 അൻപു നിറഞ്ഞിടും നൽ അനന്ത പിതാവേ! ഹാലേലൂയ്യാ!
2 കൃപ നിറഞ്ഞിടും നൽ ക്രിസ്തു കർത്താവേ! ഹാലേലൂയ്യാ!
3 വിശുദ്ധി നൽകീടും നൽ പരിശുദ്ധാത്മാവേ! ഹാലേലൂയ്യാ!
4 താത സുതാത്മാവാം ദൈവത്രിയേകാ! ഹാലേലൂയ്യാ!
(മോശവത്സലം)

## 47

സുറിയാനി - ഏകതാളം

1 സേനകളിൻ - പരൻയഹോവാ
പരിശുദ്ധൻ - പരിശുദ്ധൻ
പരിശുദ്ധൻ - ആമേൻ
തിരുമഹത്വം - നിറഞ്ഞിടുന്നു
പാരിലെങ്ങും - ഹാലേലൂയ്യാ

2 സർവ്വശക്തൻ, പരൻയഹോവാ
പരിശുദ്ധൻ - പരിശുദ്ധൻ
പരിശുദ്ധൻ - ആമേൻ
ഇരുന്നവൻതാൻ - ഇരിക്കുന്നവൻ
വരുന്നവൻതാൻ - ഹാലേലൂയ്യാ-
(മോശവത്സലം)

## 48

ഉശേനി-അടതാള ചായ്പ്പ്!

പല്ലവി

യേശുദേവാ! യേശുനായകാ! ശ്രീയേശു നാഥാ!
യേശുദേവാ! യേശുനായകാ!

ചരണങ്ങൾ

1 ദാസരിന്നഴലൊഴിച്ചുള്ളിൽ-ആനന്ദമേകും
യേശുവേ! കൃപയിന്നേകേ!
നാശലോകത്തിൽ മനുഷ്യനായുദിച്ചമെയ്‌വെളിച്ചം
വിശുദ്ധി ശോഭയുള്ളൊരു-വെളിച്ചമതിൽ
ഈശനേ! യേശു നായകനേ!- യേശു

2 ആയിരമായിരം വാനവർ - വണങ്ങും പതി-
നായിരം പേരിലുത്തമനേ!
കായമെടുത്താദം പാപമേറ്റതിനെ മാറ്റുവാനായ്
മായമറ്റുള്ളൊരു കുഞ്ഞാടായ് മണ്ണിതിൽ വന്ന
മന്നവനേ! യേശുനാഥനേ- യേശു

3 പാപമെല്ലാമൊഴിപ്പതിനായ് - പിതാവിൽ നിന്നും
താപമറ്റോമാണയിനാലെ
ശോഭനമായ് മുദ്രയിട്ടുള്ളൊരു പച്ചട്ട നീട്ട-
റ്റപ്പണിഷ്ടം ചെയ്‌വതിനായി വന്നൊരു യേശു
ക്രിസ്തനേ! മഹാപുരോഹിതാ! യേശു

4 പാതകനാകുന്ന സാത്താനെ - ജയിപ്പതിന്നു
യൂദകുലശൈലനായി
ബേതലഹേമ്മന്നൂരതിൽ ദാവീദിനില്ലം തന്നിലുള്ള
കന്നിമേരി തന്നുദരത്തിൽ - വന്നുപിറന്ന
യേശുമഹാരാജരാജനേ! യേശു

5 അജ്ഞാനമറ്റുള്ളൊരു ലോകത്തി-നിരുളകറ്റി
വാനരാജ്യത്തിൻ രഹസ്യങ്ങൾ
മാനവരിന്നുള്ളിലാക്കി ദീനരൊക്കെ ഭേദമാക്കി
ഹീനരെ ചേർത്തു സുവിശേഷം എളിയവർക്ക്
തന്ന യേശുവേ! പ്രവാചകാ! യേശു

6 എളിയ ശിഷ്യർക്കലെനാത്മാവെ- നൽകുവാൻ സ്വർഗ്ഗ-
സ്ഥലപിതാവിൻ വലമമർന്നോനേ!
പുഴുവതാമെയോരടിയനു നിൻ കഴലിണതാമരയെയാണേ
കരളലിഞ്ഞു കൃപയിൽ നടത്തി- നീ വരുന്നേരം
കനകലോകം ചേർത്തു കൊള്ളുക- യേശു

(യുസ്തുസ് യൗസേഫ്)

## 49

ആനന്ദഭൈരവി- തി. ഏകതാളം

പല്ലവി

സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ - ഹല്ലേലുയ്യ പാടി
സ്തുതിപ്പിൻ! സ്തുതിപ്പിൻ! യേശുദേവനെ

അനുപല്ലവി

സ്തുതിപ്പിൻ ലോകത്തിൻ-പാപത്തെ നീക്കുവാൻ
അധിപനായ് വന്ന- ദൈവകുഞ്ഞാടിനെ - സ്തുതി

ചരണങ്ങൾ

1 കരുണനിറഞ്ഞ കണ്ണുള്ളോനവൻ- തൻജനത്തിൻ കരച്ചിൽ
കരളലിഞ്ഞു കേൾക്കും കാതുള്ളോൻ - ലോക പാപച്ചുമടിനെ
ശിരസ്സു കൊണ്ടു ചുമന്നൊഴിപ്പതിനു
കുരിശെടുത്തു ഗോൽഗോഥാവിൽ പോയോനെ- സ്തുതി

2 വഴിയും സത്യവും ജീവനുമിവനെ-അവന്നരികിൽ വരുവിൻ
വഴിയുമാശ്വാസമേകുമേ അവൻ-പാപച്ചുമടൊഴിച്ചവൻ
മഴയും മഞ്ഞും പെയ്യുമ്പോലുള്ളിൽ കൃപ
പൊഴിയുമേ മേഘത്തൂണിൽ നിന്നും പാടി- സ്തുതി

3 മരിച്ചവരിൽ നിന്നാദ്യം ജനിച്ചവൻ-ഭൂമിരാജാക്കന്മാരെ
ഭരിച്ചുവാഴും ഏകനായകൻ- നമ്മെ സ്നേഹിച്ചവൻ തിരു-
ചോരയിൽ കഴുകി നമ്മെയെല്ലാം ശുദ്ധീ-
കരിച്ച വിശ്വസ്ത - സാക്ഷിയെ നിനച്ചു- സ്തുതി

4 ഏഴുപൊൻ നിലവിളക്കുകളുള്ളിൽ-നിലയങ്കി ധരിച്ചും
ഏഴു നക്ഷത്രം വലങ്കയ്യിലും മാർവ്വിൽ- പൊൻകച്ച പൂണ്ടും
വായിലിരുമുനവാളുമഗ്നിജ്വാല-
പോലെ കണ്ണുമുള്ള - മാനവമകനെ സ്തുതി

5 കാലുകളുലയിൽ കാച്ചിപ്പഴുപ്പിച്ച - നല്ല പിച്ചളയ്ക്കൊത്തതും
ചേലൊടു മുഖശോഭയാദിത്യൻ- ശക്തിയോടു പ്രകാശിക്കും-
പോലെയും തല - മുടി ധവളപ്പഞ്ഞി-
പോലെയുമിരിക്കുന്ന ദൈവപുത്രനെ- സ്തുതി

6 വളരെവെള്ളത്തിന്നിരച്ചിൽക്കൊത്തതും ശവക്കല്ലറയിൽ നിന്നും
വെളിയെ മരിച്ചോരുയിർത്തുവരുവാനായ്- തക്ക വല്ലഭമുള്ളതും
എളിയ ജനം ചെവിക്കൊൾവതുമായ
വലിയ ഗംഭീര-ശബ്ദവുമുള്ളോനെ- സ്തുതി

7 വലിയ ദൈവദൂതന്റെ ശബ്ദവും-ദൈവകാഹളവും തന്റെ
വിളിയോടിടകലർന്നു മുഴങ്ങവെ - വാനലോകത്തിൽ നിന്നാശു

ജ്വലിക്കും അഗ്നിമേഘത്തിൽ വെളിപ്പെടും
കരയും ദുഷ്ടർ തന്മക്കളാനന്ദിക്കും- സ്തുതി

8 മന്നവമന്നനാകുന്ന മശിഹായെ! മഹാസേനയിൻ കർത്തനെ
മണ്ണും വിണ്ണും പടച്ചവനെ മനുവേല-മനുനന്ദനനെ പര
നന്ദനനെ മഹിതനനനെ രാജ-
രാജനനെ നിങ്ങൾ നന്ദിയോടു പാടി- സ്തുതി

9 ഹല്ലേലുയ്യാ പാടി സ്തുതിപ്പിൻ യേശുവെ - യേശു നാമത്തിനു ജയം
അല്ലലെല്ലാമവനകലെക്കളയുമേ-യേശു രാജാവിനാഗമനാ
നല്ലവനാമേശു നാഥൻ വരും, സർവ്വ
വല്ലഭാ! യേശുവേ! വേഗം വരണമേ- സ്തുതി

(യുസ്തുസ് യൗസേഫ്)

# 50

സുരുട്ടി - മിശ്രചാപ്പ്

ദേവനന്ദനനാ! വന്ദനം - ജീവനാഥനാം
ദേവനന്ദനാ! വന്ദനം......

അനുപല്ലവി

ദേവനന്ദനനേ! പി-താവിൻ വലഭാഗത്തിൽ
മേവിക്കൊണ്ടു ദിനവും - ദിവ്യസ്തുതികളേല്ക്കും- ദേവ

ചരണങ്ങൾ

1 കന്യാനന്ദനാ! വന്ദനം- ഭൂതലേവന്ന
ഉന്നതാധിപാ! വന്ദനം...........
മന്നിൽ ദുരിതം പെരുകുന്നു പരിതാപപ്പെ-
ടുന്ന മനുജരെക്ക-നിഞ്ഞു വീണ്ടുകൊണ്ടോരു- ദേവ

2 ഘോരസർപ്പമാം സാത്താന്റെ - ശിരസ്സു ചത-
ച്ചോരു നാഥനേ വന്ദനം......
ക്രൂരവേദനയേറ്റു ക്രൂശിൽ മരിച്ചുയിർത്തു
പാരം മഹിമാനം പൂ- ണ്ടാരോഹണമായോനേ!- ദേവ

3 വേദകാരണ കർത്തനേ! സർവ്വ ലോകങ്ങൾ-
ക്കാധികാരനാ! വന്ദനം........
മൃതർക്കും മനുജരിൻ - ജാതിക്കുമധിപനായി
നീതിയോടെ ഭരണം - ചെയ്തരുളുന്നവനാം- ദേവ

4 കരുണ നിറഞ്ഞ കർത്താവേ! - അശുദ്ധി നീക്കാൻ
ഉറവ തുറന്ന സ്രഷ്ടാവേ!
ദുരിതമൊഴിച്ചെങ്ങളെ - അരികിൽ വിളിച്ചു കൃപാ-
വരങ്ങൾ തന്നിടുവാൻ നിൻ കരളലിഞ്ഞിടേണമേ- ദേവ

(യുസ്തൂസ് യൗസേഫ്)

## 51

ഏകതാളം

പല്ലവി

യേശുവിനെ സ്തുതി നീ എൻമനമേ!
യേശുവിനെ സ്തുതി നീ- ക്രിസ്തു

ചരണങ്ങൾ

1 നാശമില്ലാ സ്വർഗ്ഗവാസിയാം ദൈവ
നന്ദനനാം പരമേശ്വരനായ - യേശു
2 നാകഭൂനരകത്രിലോക-സ്രഷ്ടാനര
ദേഹികൾക്കൊരു നവലോകമുണ്ടാക്കും- യേശു
3 ബേതലെ ജനിച്ചു നസ്രേതലെ വളർന്നു
യറുശലെമരിച്ചുയിർശ്രേയസ്സോടു ധരിച്ച- യേശു
4 പാപികൾക്കരുൾ തരുവാനിഹ വസിച്ചു
ദീപവഴിയെ നരർക്കായിഹ തെളിച്ച- യേശു
5 ബോധിച്ച സകലവും സാധിച്ചീടാനും
മോദിച്ചു രക്ഷസമ്പാദിച്ചിടാനും- യേശു
6 വേദവചനപ്പൊരുൾ ബോധമാവാനും
ബാധക വൈരി നിപാതനാവാനും- യേശു

(മോശവത്സലം)

## 52

കല്യാണി - ഏകതാളം

സ്തോത്രം യേശുനാഥനേ! മനുവേലനേ! മനുവേലനേ! (2)

ചരണങ്ങൾ

1 പാത്രഹീന-നാകുമെന്നെ പാർത്തു നിൻകയ്യാലണച്ചു
ചേർത്തുകൊണ്ടെ-ന്റെ ദുരിതം - തീർത്തു രക്ഷി-ക്കേണമേ സ്തോ
2 വിണ്ണിലുമീ-മണ്ണിലും നീ-എന്നപോലാ-രുള്ളഹോ!
ഉന്നതനാകുന്ന യേശു-മന്നവരിൽ മന്നനേ! സ്തോ
3 പൊന്നുലോകം-തന്നിൽനിന്നുവന്ന ജീവ-നാഥനേ!
എന്നപേക്ഷയ്ക്കിന്നു ചെവിതന്നു കേട്ടീ-ടേണമേ- സ്തോ
4 പാരമഴലോടുഴലും പാപിയാമെന്നെ വെടിഞ്ഞു
ദൂരവേ പോയിടരുതേ ദാവീദിൻ കുമാരനേ! സ്തോ
5 താതനേ! എൻ നാഥനേ ഈ പാതകർ സങ്കേതമേ!
നീതിയോടീ ഭൂതലം വാണിടുവാൻ വരേണമേ- സ്തോ

(യുസ്തൂസ് യൗസേഫ്)

## 53

കൗശിക ആദിതാളം

'ശ്രീയേശു നാമമെ തിരുനാമം' എന്ന രീതി

പല്ലവി

ശ്രീയേശുദേവാ! സ്തുതി നിനക്കു - അതി-
പ്രീതിയോടനുദിനം ചെയ്തീടുവേൻ

ചരണങ്ങൾ

1 നിത്യവും ദൂതഗണാദികളാൽബഹു
ഭക്തിപൂർവ്വം സ്തുതിലഭിച്ചിടുന്ന-
ശ്രീ

2 മാനവവേഷം വന്നുധരിച്ചു അപ-
മാനം എനിക്കായി സഹിച്ചവനാം-
ശ്രീ

3 എൻ ദുരിതം നിമിത്തം നിന്തിരു
നിണം
ചിന്തി വൻദുരിതം ഏറ്റവനാം
ശ്രീ

4 മൃത്യുവെ ജയിച്ചതിഘോഷത്തോ
ടെ-സ്വർഗ്ഗ
ശക്തിയോടകംപുക്കു വസിച്ചീടു
ന്ന- ശ്രീ

5 അന്നവസ്ത്രാദികൾ നല്കി
എന്നും-എന്നെ
നന്നേസൂക്ഷിച്ചു-പരിപാലിക്കു
ന്ന- ശ്രീ

6 രക്ഷകാ! തിരുനാമംകീർത്തിച്ചി
ടാൻ-എനിക്കു
പക്ഷമോടരുളുക ആശിസ്സുകൾ-ശ്രീ

(ദാവീദ് ഇസ്ഹാക്ക്)

## 54

ഖണ്ഡചാപ്പ്

1

അഖിലേശനന്ദനനു അഖിലാണ്ഡ
നായകനു
അഖിലഗുണമുടയോരു പരമേശനു
ഇഹലോകമതിൽ മനുജമകനായി
വന്നവനു
സകലാധികാരമുള്ള മനുവേലനു
ജയമംഗളം നിത്യ ശുഭമംഗളം (2)

2

ദുരിതാഴിയതിൽ വീണു പരിതാപ
മോടുഴലും
നരരോടുപെരുതായ കരുണപൂണ്ടു
കരളലിഞ്ഞു കനകതലമതിൽ
മരുവും താതനുടെ
തിരുമാർവ്വു വിട്ടോരു-മനുവേലന്
ജയമംഗളം നിത്യ ശുഭമംഗളം (2)

3

ധരണിയിതിലെളിയൊരു നരനായി-
ബെത്‌ലേം
പുരിയിൽ തിരുവവതാരം ചെയ്തവനു
പരിചോടുപന്തിരുവരോടു യൂദ
നഗരികളിൽ
തിരുമൊഴികൾ പൊഴിഞ്ഞോരു-മനു
വേലനു
ജയ മംഗളം നിത്യ ശുഭമംഗളം (2)

4

കുഷ്ഠരോഗങ്ങളെയും പൊട്ടിയ
കൺകളെയും
മറ്റ് പലദീനമുള്ളോരെയും
മുറ്റും സുഖമാക്കി മൃത്യുവ
ന്നോർകളെയും
പെട്ടെന്നുയിർപ്പിച്ച മനുവേലനു
ജയമംഗളം നിത്യ ശുഭമംഗളം (2)

5

ഘനപീഡപൂണ്ടവനുകാൽവറിയിൽ
മരിച്ചവനു
ദിനംമൂന്നിലുയിർത്തെഴുന്നു വാന-
പഥന്നു
കനകതലമെഴുന്നുപിതൃവലത
മർന്നു മദ്ധ്യസ്ഥത
കനിവിനോടുചെയ്യുന്ന-മനുവേലനു
ജയമംഗളം നിത്യശുഭമംഗളം (2)

6

കാഹളങ്ങൾ ധ്വനിച്ചീടവെ മേഘാ
ഗ്നിജ്വലിച്ചീടവെ
വേഗമൊടുദൂതഗണം പാഞ്ഞുവരവെ
ലോകാവസാനത്തിൽമേഘങ്ങളിൽ
കോടി
സൂര്യനെപ്പോലെവരും മനുവേലനു-
ജയമംഗളം നിത്യശുഭമംഗളം (2)

7

ശത്രുവാം സാത്താനെകെട്ടിവരി
ഞ്ഞാഴത്തിൽ
ഇട്ടുപൂട്ടുമുദ്രയതുവെയ്ക്കുന്നവനു
ഇദ്ധരയെ പുതുതാക്കി ശതമൊടി
ആയിരമാ-
നന്ദകമായ് വാഴുന്ന മനുവേലനു
ജയമംഗളം നിത്യ ശുഭമംഗളം (2)

8

പരമസുതരായോർക്കും പാരിടമ
ഖിലവും
പരമശാലേംപുരി പാരിതിലിറ
ങ്ങിയും
പരമസന്തോഷങ്ങൾ പാരിതിൽ
വരുത്തിയും
പരിചോടുവാഴുന്ന-മനുവേലനു
ജയമംഗളം നിത്യ ശുഭമംഗളം (2)
(ജസ്റ്റസ് യൗസേഫ്)

## 55

ആദിതാളം

പല്ലവി

യേശു മഹോന്നതനേ നിനക്കു
സ്തോത്രമുണ്ടാകയെന്നേക്കുമാമേൻ

ചരണങ്ങൾ

1 നീചരാം ഞങ്ങളെ വീണ്ടിടുവാൻ
വാനലോകം വെടിഞ്ഞോടിവന്നു
താണുനരാകൃതിപൂണ്ടതിനെ
കാണുവാൻ നീ കൃപചെയ്യണമേ

2 വാനസേനാദികളിൻ സ്തുതിയും
ആനന്ദമാം സ്വർഗ്ഗഭാഗ്യമതും
ഹീനരായിടുമീ ഞങ്ങളുടെ
ഊനമകറ്റുവാനായ് വെടിഞ്ഞു-

3 ഭൂതലംചുറ്റി നീ സഞ്ചരിച്ചു
പാപികളെയരികെ വിളിച്ചു
നീതിയിൻ മാർഗ്ഗമെല്ലാമുരച്ചു
വേദനയേറ്റവും നീ സഹിച്ചു-

4 പാപനിവാരണനായ നിന്മേൽ
പാപഭാരമശേഷവുമേറ്റുകൊണ്ട്
പാപബലിക്കുനിൻ ചോരചിന്തി
പാതിരമദ്ധ്യ മരത്തിൽ മരിച്ചു

5 ഈയുപകാരമെന്റെ മനസ്സിൽ
രാപ്പകലോർത്തു നിന്നോടണഞ്ഞു
ലോകയിമ്പങ്ങളെ തള്ളിടുവാൻ
നീ കൃപചെയ്ക ദിനം പ്രതിമേൽ
(റ്റി. ജെ. വർക്കി)

## 56

തി. ഏകതാളം

പല്ലവി

വന്ദനം യേശുപരാ! നിനക്കെന്നും
വന്ദനം യേശുപരാ!
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരു
നാമത്തിനാദരവായ്

ചരണങ്ങൾ

1 ഇന്നു നിൻ സന്നിധിയിൽ
അടിയാർക്കു വന്നുചേരുന്നതിനായി
തന്ന നിൻ ഉന്നതമാം
കൃപയ്ക്കഭിവന്ദനം ചെയ്തിടുന്നേ- വന്ദ

2 നിൻ രുധിരമതിനാൽ
പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയാർക്കു പിതാ-
വിൻ സന്നിധൌ വന്നിടാമേ
സതതം- വന്ദ

3 ഇത്ര മഹത്വമുള്ള
പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ല
നിന്റെ കൃപയെത്ര വിചിത്ര
മഹോ- വന്ദ

4 വാനദൂത ഗണങ്ങൾ
മനോഹര ഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി
സ്തുതിക്കുന്ന വാനവനേ
നിനക്കു- വന്ദ

5 മന്നരിൽ മന്നവൻ നീ
മനുകുലത്തിന്നു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ
പിതാവിന്നു സന്നിഭൻ നീയ
ല്ലയോ- വന്ദ

6 നീയൊഴികെ ഞങ്ങൾക്കു
സുരലോകെ ആരുള്ളു ജീവനാഥാ
നീയൊഴികെ ഇഹത്തിൽ
മറ്റാരുമില്ലാഗ്രഹിപ്പാൻ പരനേ-
വന്ദ

(പി. വി. തൊമ്മി)

## 57

Tune- 'I feel like singing'
C. M S.S. 218

1 കർത്താവിനെ നാം സ്തുതിക്ക
ഹേ! ദൈവമക്കളേ
സന്തോഷത്തിൽ നാം അർപ്പിക്ക
സ്തോത്രത്തിൻ ബലിയെ-

നാം സ്തോത്രം സ്തോത്രം
സ്തോത്രം കഴിക്ക
സ്തോത്രം സ്തോത്രം നാം
സ്തോത്രം കഴിക്ക

2 വിശുദ്ധ സ്നേഹബന്ധത്താൽ
ഏകശരീരമായ്
നാം ചേർക്കപ്പെട്ടതാകയാൽ
ചേരുവിൻ സ്തുതിക്കായ് - നാം

3 പിതാവു ഏകജാതനെ
നമുക്കു തന്നല്ലോ
ഹാ സ്നേഹത്തിൻ അഗാധമേ!
നിന്നെ ആരായാമോ?- നാം

4 നാം പ്രിയപ്പെട്ട മക്കളായ്
വിളിച്ചപേക്ഷിപ്പാൻ
തൻ ആത്മാവെ അച്ചാരമായ്
നമുക്കു നൽകി-താൻ- നാം

5 ഏദെൻ തോട്ടംപോലിതാ ഓർ-
ത്തൻ വചനങ്ങളാം
വിശിഷ്ട ഫലം സർവ്വദാ
ഇഷ്ടംപോൽ ഭക്ഷിക്കാം- നാം

6 ഈലോകത്തിൻ ചിന്താകുലം
ദൈവാശ്രിതർക്കില്ലാ
തൻപൈതങ്ങളിൻ ആവശ്യം
താൻ കരുതും സദാ- നാം

7 കർത്താവിൻ നാമം നിമിത്തം
അനേകകഷ്ടവും
നേരിടുമ്പോഴും ധന്യർ നാം
ഇല്ലൊരു നഷ്ടവും- നാം

8 ഈ വിതക്കുന്ന കാലം നാം
ചിലപ്പോൾ കരയും
പിതാവോ കണ്ണുനീരെല്ലാം
തുടച്ചുകളയും.. നാം

9 തൻ നിത്യരാജ്യം നൽകുവാൻ
പിതാവിനിഷ്ടമായ്
തൻ മുഖത്തിൻ മുമ്പാകെ താൻ
നിർത്തും തൻസ്തുതിക്കായ്–നാം
(വി. നാഗൽ)

## 58

ചെഞ്ചുരുട്ടി - ആദിതാളം

പല്ലവി

സ്തോത്രം ശ്രീ മനുവേലനേ!
മമ ജീവനേ! മഹേശനേ!

ചരണങ്ങൾ

1 പാർത്തലത്തിൽ - പരിശ്രയമായ്
പാരിൽ വന്ന നാഥനേ!
മമ ജീവനേ! മഹേശനേ!- സ്തോ

2 ആദിപിതാ-വേദതിയതാം
ആദി വേദ നാദമേ! മമ- സ്തോ

3 മാനവസമ്മാനിതനേ!
മാനനീയരൂപനേ!-മമ- സ്തോ

4 സാദരമോ - ദൂതഗണം
ഗീതം പാടി വാഴ്ത്തീടും മമ-സ്തോ

5 ജീവകൃപാ-ജലം ചൊരിയും
ജീവസാര മേഘമേ-മമ- സ്തോ

6 സ്വന്ത രക്തം ചിന്തിയെന്നെ
ഹന്ത വീണ്ടെടുത്തതാൽ-മമ-സ്തോ

7 മർത്ത്യജനാം ഭൃത്യനു നിൻ
നിത്യ ജീവനേകിയ-മമ- സ്തോ

8 രാജസുതാ! പൂജിതനേ!
രാജ രാജനേശുവേ!-മമ- സ്തോ

9 താവകമാം-നാമമഹോ-
ഭാവനീയമാം സദാ-മമ- സ്തോ
(കെ. വി. സൈമൺ)

## 59

മലയാമി-മിശ്രചാപ്പ്

പല്ലവി

സ്തോത്രം ചെയ്യും ഞാനെന്നും രക്ഷിതാവേ
മാത്രം വാഴ്ത്തും ഞാനെന്നും

അനുപല്ലവി

പാത്രമല്ലാതുള്ള ചെള്ളാമടിയനെ
പാർത്തറിവനേ! നിങ്കൽ ചേർത്ത കൃപയ്ക്കായി-സ്തോ

ചരണങ്ങൾ

1 മന്നൻ ദാവീദിൻ സുതനേ!
വന്നുദിച്ചമന്നനാം മാനുവേലാ (3)
സന്നാഹമോടെന്നും
സന്നിധൗ പാടുവാൻ
ഉന്നതനേ! എന്നെ
നിന്നിലായ്കാക്കേണം- സ്തോ

2 അതിശയമുള്ളവനേ!
അതിറ്റ അനുഗ്രഹവാരിധിയേ (3)
അധിപനാം യേശുവേ!
അഖിലേശ നന്ദനാ!
അഖിലർ നായകനേ!
അഖിലാണ്ഡ കർത്താവേ!- സ്തോ

3 അടിയാനെ വീണ്ടവനേ!
അടിമയെ മോടിയിൽ തീർത്ത-
വനേ (3)
ജഡത്തിൽ കുടികൊള്ളും
അടിയാനെ നിന്നുടെ
കൊടിക്കീഴിൽ നാൾതോറും
ജയത്തോടെ കാക്കേണം- സ്തോ
(മുല്ലശ്ശേരി യോഹന്നാൻ ഈശോ)

## 60

തോടി-ആദിതാളം

സ്തോത്രമെന്നാശുപരാ!
നിൻനാമത്തെ
മാത്രം പുകഴ്ത്തുന്നു ഞാൻ

ചരണങ്ങൾ

1 ആർത്തികൾ തീർത്തെന്നെ
ചേർത്തിടുവാനായി
പാർത്തലം തന്നിൽ വന്ന-
കർത്താവിനെ-മാത്രം
പുകഴ്ത്തുന്നു ഞാൻ- സ്തോ

2 ജീവനെ നീ എനി-
ക്കായ് വെടിഞ്ഞെന്നുടെ
ജീവനെ വീണ്ടതിനെ
നിനച്ചു നിൻ-നാമം
പുകഴ്ത്തുന്നു ഞാൻ- സ്തോ

3 പാവനമാക്കേ എൻ
ജീവനെയും കൊണ്ട്
രാപ്പകൽ വാണിടുന്ന
സർവ്വേശാ! നിൻ നാമം
പുകഴ്ത്തുന്നു ഞാൻ- സ്തോ

4 ജീവനെ നീയെന്നിൽ
രാപ്പകൽ നല്കിനിൻ
ആവിയാൽ കാത്തിടുന്ന
കൃപാമലോ നിൻ നാമം
പുകഴ്ത്തുന്നു ഞാൻ- സ്തോ

5 താതസുതാത്മന-
നാമതവും സ്തുതി
നീതിയിൻ സൂര്യനേ! നീ
പ്രകാശമായ്-വാണിടു-
കെന്നിൽ സദാ- സ്തോ

(റ്റി. ജെ. വർക്കി)

## 61

ആദിതാളം

പല്ലവി

സ്തോത്രം യേശുവേ! സ്തോത്രം യേശുവേ! നിന്നെ-
മാത്രം നന്ദിയോടെ എന്നും വാഴ്ത്തിപ്പാടും ഞാൻ

ചരണങ്ങൾ

1 ദാസനാമെന്റെ
നാശമകറ്റാൻ
നരവേ-ഷമായവതരിച്ച
ദൈവജാതനേ!- സ്തോ

2 പാപത്തിന്നുടെ
ശാപ ശിക്ഷയാം - ദൈവ
കോപത്തീയിൽ വെന്തെരിഞ്ഞ
ജീവനാഥനേ!- സ്തോ

3 ശത്രുവാമെന്നെ നിൻ
പുത്രനാക്കുവാൻ എന്നിൽ
ചേർത്ത നിൻകൃപയ്ക്കനന്തം
സ്തോത്രം യേശുവേ!- സ്തോ

4 ആർത്തികൾ തീർത്ത
കരുണാസമുദ്രമേ! നിന്നെ
സ്തോത്രം ചെയ്‌വാനെന്നെ എന്നും
പാത്രനാക്കുക- സ്തോ

5 ജീവനാഥനേ!
ദേവനന്ദനാ! നിന്റെ
ജീവനെന്നിൽ തന്നതിനായ്
സ്തോത്രം യേശുവേ!- സ്തോ

6 നാശലോകത്തിൽ
ദാസനാമെന്നെ സത്പ്ര-
കാശമായ് നടത്തീടേണം
യേശുനാഥനേ!- സ്തോ

(പി. വി. തൊമ്മി)

## 62

ആദിതാളം

പല്ലവി

യേശുനാഥാ! നിൻകൃപയ്ക്കായ്
സ്തോത്രമെന്നേക്കും

അനുപല്ലവി

ഈശനേ! നിൻ നാമമെന്റെ
ക്ലേശമകറ്റും - യേശു

ചരണങ്ങൾ

1 നാശമയനായോരെന്നിൽ
ജീവനരുളാൻ-വൻ
ക്രൂശിനെ വഹിച്ചപ
മാനം സഹിച്ചോ...രു

2 പാവനമാം നീതിയിൽ ഞാ-
നെന്നുമിരിപ്പാൻ- നിന്റെ
ജീവനിലൊരംശമെനി-
ക്കേകിയതിനാൽ - യേശു

3 നിൻ ഹൃദയം തന്നിലെന്നെ
മുൻകുറിച്ചപ്പോൾ
എൻ ജനനം തന്നെയും ഞാ-
നന്നറിഞ്ഞില്ല - യേശു

4 താൻ ജഡശരീരമരണം
നിമിത്തം നീ
നിൻ പിതാവോടെന്നെനിര-
പ്പിച്ചതുമൂലം - യേശു

5 എത്രകാലം നിൻകൃപയെ
വ്യർത്ഥമാക്കി ഞാൻ
അത്ര നാളുമന്ധകാരം
തന്നിലിരുന്നേൻ - യേശു

6 ജീവലതയായ നിന്നിൽ
ഞാൻ നിലനില്പാൻ - നിന്റെ
ജീവരസം എന്നിലെന്നും
തന്നു പാലിക്ക - യേശു

7 വിശ്രമ ദേശത്തിലീ ഞാ-
നെത്തും വരെയ്ക്കും - നിന്റെ
വിശ്രുത കൃപകളെന്നെ
പിന്തുടരേണം - യേശു

(കെ. വി. സൈമൺ)

## 63

ആദിതാളം

പല്ലവി

പരിശുദ്ധപരനേ സ്തുതി നിനക്കു -സുര
ലോകം വിട്ടവനേ സ്തുതി നിനക്കു

അനുപല്ലവി

തിരുമനസ്സാലീധരയിൽ വന്നോനേ
കരുണാക്കടലേ - സ്തുതി നിനക്കു

ചരണങ്ങൾ

പെരിയ ശത്രുവിനാൽ നരഗണമാകെ
കരകണ്ടീടുവതി-ന്നറിയാതെ
തിരിഞ്ഞുവഴിവെടിഞ്ഞുനടന്നുവ
ലഞ്ഞിടുന്ന-
തറിഞ്ഞു തൻ തിരുമനം കനിഞ്ഞോനേ

2

നീതിയിൻ സൂര്യാ! നിഖിലേശാ! നിൻ തൃ-
പ്പാദമല്ലാതൊരു ഗതിയേതോ!
ഭൂതലദുരിതങ്ങളഖിലവും ശിരസിൽ നീ-
ചുമന്നൊഴിച്ചതിനെ ഞാൻ മറവേനോ?

3

പാപിയിൻ ബലമേ മനുവേല തന്നിൽ
ചാരിടുന്നവരോടനുകൂലാ
കോപത്തീയതിൽ വീണു മുഴുകാതെ
എന്നെ
കാവൽ ചെയ്തീടുക ദിനംതോറും....

4

പെരിയ ശത്രുവിനാൽ നരകാഗ്നിക്കിട
വരുവതിന്നിടയായ് വന്നിടാതെ
അരുമരക്ഷകനേ തിരുകൃപയാലെന്നെ
പരിശുദ്ധനാക്കി നിൻ പദം ചേർക്ക...

(റ്റി. ജെ. വർക്കി)

## 64

തി - ഏകതാളം

ആടുകൾക്കുവേണ്ടി ജീവനെവെടി
ഞ്ഞനാം
ദൈവാട്ടിൻകുട്ടിയേ! നിനക്കനന്ത
വന്ദനം

2

കാടുനീളെ ഓടി ആടലോടുഴന്നീടും
കുഞ്ഞാടുകൾക്കഭയമാം നിൻപാദം
വന്ദനം

3

ഭീതിവിനാശി ആടുകൾക്കു മുൻപ
ടന്നു നീ-സം-
പ്രീതിയായ് നടത്തീടും കൃപയ്ക്കു
വന്ദനം

4

പച്ചമേച്ചിലും പ്രശാന്തതോയവും
സദാ-നീ
വീഴ്ചയെന്നിയേ തരുന്നതോർത്തു
വന്ദനം

5

താതപുത്രനാത്മനാം ത്രിയേകദൈവ
മേ-സർ
വാത്മനാ നിനക്കനന്തകീർത്തനം സദാ

(റ്റി. ജെ. വർക്കി)

## 65

ആദിതാളം

പല്ലവി

പരമാത്മാവേ! പാദം വന്ദനമേ
പാലയദേവാ! പാദം വന്ദനമേ

ചരണങ്ങൾ

1 പാദാരവിന്ദമേ-പരനേ! ഗതിയേ
പാലയമാം പരമേശകുമാരാ!-
പാലയദേവാ! പാദം വന്ദനമേ

2 ലോകരക്ഷകനേ! ശോകനിവാരണാ!
ആകുലമാകവേയകറ്റും സർവ്വേശാ
പാലയ

3 ആധാരമറ്റവർക്കാലംബനമേ!
ആനന്ദദായകനേ! മനുവേലാ!-
പാലയ

4 നീതിയിൻ സൂര്യനേ! കരുണാകരനേ
ആദിയനാദിയെൻ താതനും നീയേ
പാലയ

5 താതസുതാത്മനേ! പരികീർത്തനമേ
പാദമതിൽ പണിയുന്നഹം ആദരൽ
പാലയ

(റ്റി. ജെ. വർക്കി)

## 66

Tune: "When Johnny comes marching home again"

പല്ലവി

ജീവനേ! എൻജീവനേ! നമോ നമോ! (2)

അനുപല്ലവി

പാപികൾക്കതിതാനന്ദ...
പ്രദനാം കൃപാകരാ! - നീ
വാ-വാ- വാനോർവാഴ്ത്തും നായകാ ഞങ്ങളിൽ-വാ

ചരണങ്ങൾ

1 പാപനാശകാരണാ! നമോ നമോ (2)
പാരിതിൽ നരനായുദിച്ച
പരാപരപൊരുളേ- നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ ഞങ്ങളിൽ വാ...

2 സർവ്വലോകനായകാ! നമോനമോ (2)
ജീവനറ്റവരിൽ കനിഞ്ഞ-
നിരാമയാ വരദാ - നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ    ഞങ്ങളിൽ വാ...
3 ജീവജാലപാലകാ! നമോ!നമോ! (2)
ദിവ്യകാന്തിയിൽ ശോഭിച്ചന്ധത
മാറ്റും ഭാസ്കരാ!-നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ    ഞങ്ങളിൽ വാ...
4 മന്നവേന്ദ്രാ! സാദരം നമോ!നമോ! (2)
മനുകുലത്തിനീവലിയരക്ഷനൽ-
കിയ ദയാപരാ! - നീ
വാ-വാ-വാനോർ വാഴ്ത്തും നായകാ    ഞങ്ങളിൽ വാ...

(റ്റി. ജെ. വർക്കി)

## 67

ആദിതാളം

1 എന്നോടുള്ള നിൻ സർവ്വ
നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിന-
ക്കെന്നേശുപരാ! - ഇപ്പോൾ - എ

2 നന്ദികൊണ്ടെന്റെ ഉള്ളം
നന്നെ നിറയുന്നു
സന്തോഷമോടെ സ്തുതി
പാടിടുന്നേൻ - ദേവാ! - സ

3 പാപത്തിൽ നിന്നു എന്നെ
രക്ഷിച്ചെടുപ്പാനായ്
ശാപശിക്ഷകളേറ്റ
ദേവാത്മജാ - മഹാ - ശാ

4 എന്നെ അൻപോടു ദിനം
തോറും നടത്തുന്ന
പൊന്നിടയനനന്തം
വന്ദനമേ - എന്റെ - പൊ

5 അന്ത്യം വരെയുമെന്നെ
കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹൽ-
ശക്തി നീയേ - നാഥാ! - അ

6 താതൻ സന്നിധിയിലെൻ
പേർക്കു സദാ പക്ഷ -
വാദം ചെയ്യുന്ന മമ
ജീവനാഥാ! - പക്ഷ - വാ

7 കുറ്റം കൂടാതെയെന്നെ
തേജസ്സിൻ മുമ്പാകെ
മുറ്റും നിറുത്താൻ കഴി-
വുള്ളവനേ - എന്നെ - മു

8 മന്നിടത്തിലടിയൻ
ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരു-
നാമത്തിനു - ദേവാ! - വ

(പി. വി. തൊമ്മി)

## 68

സൗരാഷ്ട്രം - ആദിതാളം

പല്ലവി

പരമപിതാവേ! വന്ദനം - പാഹിമാം ദേവാ
പരമപിതാവേ! വന്ദനം.....

1 സുരലോക സേനകളാൽ - ഒരു മാത്ര ഇളവെന്യേ
തിരുനാമം വാഴ്ത്തിടുന്നതത്യുപചാരമേറ്റിരുന്നിടും- പരമ

2 സകലേശനായ നിന്റെ - വിലയേറും വചനത്താൽ
അഖിലം സൃഷ്ടിച്ച നിന്നിൽ - അഭയം ചൊല്ലിടുന്നഹം- പരമ

3 തിരുവേദവെളിച്ചമീ - നരരിൽ പ്രകാശിപ്പിച്ചു
പരിപാലിച്ചിരുന്നിടും - പരമാനന്ദനാകുന്ന- പരമ

4 ദുരിതവാരിധി നീന്തി - കരകാണാതുഴലുന്ന
നരരെ വീണ്ടുകൊൾവാനായ് - തിരുമകനെത്തന്നോരു- പരമ

5 ഒരുവനും നശിക്കാതെ - തിരിവിനെന്നെല്ലായ്പോഴും
അരുമയോടുരചെയ്‌വോൻ - പരമാത്മനാം ചെയ്തിത- പരമ

(റ്റി. ജെ. വർക്കി)

## 69

സുരുട്ടി - ആദിതാളം

വാഴ്ത്തുക നീ മനമേ-എൻ പരനെ-
വാഴ്ത്തുക നീ മനമേ...

ചരണങ്ങൾ

വാഴ്ത്തുക തൻശുദ്ധനാമത്തെ പേർത്തു
പാർത്തിടിൽ തന്നുപകാരത്തെയോർത്തു-

2

നിന്നകൃത്യം പരനൊക്കെയും പോക്കി
തിണ്ണമായ് രോഗങ്ങൾ നീക്കി നന്നാക്കി-
വാ

3

ദയയാൽ വായ്ക്കവൻ തൃപ്തിയേകുന്നു
നവ്യമാക്കുന്നു നിൻ യൗവ്വനമിന്നു -വാ

4

മക്കളിൽ കാരുണ്യം താതനെന്നോണം
ഭക്തരിൽ വാത്സല്യവാനവൻ നൂനം-വാ

5

പുല്ലിനു തുല്യമീ ജീവിതം വയലിൽ
പൂവെന്നപോലയ്യോ പോകുന്നു
തുലവിൽ വാ

6

തൻ നിയമങ്ങളെ കാത്തിടുന്നോർക്കും
തന്നുടെ ദാസർക്കും തൻ ദയകാട്ടും-വാ

7

നിത്യരാജാവിവനോർക്കുകിൽ സർവ്വ
സൃഷ്ടികളും സ്തുതിക്കുന്ന യഹോവ- വാ

(കെ. വി. സൈമൺ)

## 70

മിശ്രചാപ്പ്

പാടിസ്തുതിമനമേ! പരനെകൊണ്ടാടി സ്തുതിദിനവും - പരനെ

അനുപല്ലവി

ആടുകൾക്കായ് തിരുജീവൻ വെടിഞ്ഞോരു
കേടില്ലാ ദേവകുഞ്ഞാടിനെ വാഴ്ത്തി നീ- പാടി

1 അന്തമില്ലാ ദയവാൻ അവനുടെ സന്തതികൾക്കു മോദാൽ
പിന്തിയതാം തിരുരക്തത്തിനാലവൻ
സന്താപം നീക്കി സന്തോഷം നല്കുന്നിതു- പാടി

2 മൃത്യുവിനെ ജയിച്ച - നിസ്തുല്യനാം കർത്താധികർത്തനവൻ
മർത്ത്യർക്കമർത്ത്യത നല്കി പ്രമോദമായ്
സത്യാത്മദാനം ചെയ്തൊരു ദയാലുവേ- പാടി

3 സ്വർഗ്ഗീയ ഗാത്രധരൻ-നമുക്കു സന്മാർഗ്ഗം തുറന്നവൻ
ദുഃഖങ്ങളാകെ നീക്കീടും സർവ്വേശൻ
സ്വർഗ്ഗീ മൂർത്തിയിലാക്കിയ നാഥനു- പാടി

(പി. വി. തൊമ്മി)

## 71

ഏകതാളം

വന്ദനം വന്ദനം നാഥാ!
നിന്റെ രക്ഷയ്ക്കായ്-വന്ദനം

ചരണങ്ങൾ

1

ഉന്നതത്തിൽ നിന്നും എന്നെ പ്രതി
മന്നിൽ വന്ന നാഥനെ- വന്ദനം

2

നന്ദിയോടെ ഇന്നു നിന്റെ ദാസൻ
വന്ദിക്കുന്നു മന്നനേ! വന്ദനം

3

ശത്രുവായ എന്നെയോർത്തു നിന്റെ
പുത്രനാക്കിത്തീർത്തതാൽ- വന്ദനം

4

എന്റെ നാമം ജീവപുസ്തകത്തിൽ
ചേർത്തതിനെ ഓർത്തിതാ- വന്ദനം

5

എന്തുമോദം എന്റെ അന്തരംഗേ
സന്തതം വിലസിടുന്നു- വന്ദനം

(പി. വി. തൊമ്മി)

## 72

ചെഞ്ചുരുട്ടി - ആദിതാളം

പല്ലവി

മനുവേലാ നിനക്കു വന്ദനം അനന്ത കീർത്തനം പരനേ

അനുപല്ലവി

കനിഞ്ഞു നിന്മനമുരുകിയെന്നെ നിൻ കമനിയാക്കിയതോർത്തു- മനു

ചരണങ്ങൾ

1 ഒരിക്കലും നിന്നെപ്പിരിഞ്ഞിരിപ്പതിനെനിക്കു സംഗതിയരുതേ നിന്റെ
തിരുമുഖം കണ്ടെന്നകമലരലിഞ്ഞീടുന്നു നീതിയിൻകതിരേ- മനു

2 മരണവിഷത്തെ രുചിച്ചു നീയെന്നെ മരണത്തിൽനിന്നു വിടർത്തി നിന്റെ
പരമനീതിയിൻ അവകാശം തന്നിട്ടമരലോകത്തിൽ കടത്തി- മനു

3 എതിരിയിൻ നുകത്തടിയൊടിച്ചെനിക്കതി സ്വതന്ത്രതനല്കി-നിന്റെ
പുതുമനസ്സിനെ ധരിച്ചു സന്തതം വസിപ്പാൻ വരിച്ചതോർത്തു- മനു

4 കരുണനിറഞ്ഞ കരത്താലെന്നെ നിൻ കരളിനോടേറ്റണച്ചു-നിത്യം
അരിഗണങ്ങളിൻ ശരനിരകളെ അകറ്റി ആശ്ലേഷിച്ചിടുന്നു- മനു

(റ്റി. ജെ. വർക്കി)

## 73

തോടി-ആദിതാളം

പല്ലവി

പാ-ടും പരമ രക്ഷകനേശുവേ! - ദാസൻ
നിനക്കു സതതം സ്തുതി- പാ-ടും

അനുപല്ലവി

വാടും പാപിയാമെന്നെ തേടി വന്നവനെക്കൊ-
ണ്ടാടി സ്തുതിച്ചു നൃത്തമാടിക്കൊണ്ടിമ്പമോടെ- പാടും

ചരണങ്ങൾ

1 സങ്കടങ്ങളഖിലവും നിങ്കലേറ്റു കൊണ്ടു
ശങ്കകൂടാതെ നീ മമ പങ്കശോകം തീർപ്പാൻ
ചങ്കിലെ ചോരയെ ചിന്തി നിങ്കലണച്ചു കൊണ്ടെന്നെ
പൊൻ കരത്തിനാൽ തഴുകുമെൻ കണവനെ ഞാനെന്നും- പാടും

2 അന്ധകാരലോകത്തിൽ നിന്നന്ധനാമെന്നെ നിൻ
അന്തികെ അണച്ചെൻ മനസന്താപമകറ്റി
ചന്തം ചിന്തുന്ന നിന്നുടെ സ്വന്തരൂപമാക്കീടുവാൻ
നിന്തിരുജീവൻ പകർന്നു സന്തതം നടത്തുകയാൽ- പാടും

3 ഉന്നതൻ വലമമരും മന്നവനേ! നിന്നിൽ
നിന്നുയരും ദിവ്യകാന്തി എന്നിൽ കൂടെ ലോകേ
നന്നേ ശോഭിപ്പതിനായി മന്നിലെന്നെ വെച്ചതോർത്തു
നന്ദിയാലുള്ളം നിറഞ്ഞു സന്തോഷമോടെ നിനക്കു- പാടും

(പി. വി. തൊമ്മി)

## 74

തി- ഏകതാളം

1 വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു ഞാൻ എൻ
രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ

2 മാട്ടിൻ തൊഴുത്തിൽ പിറന്ന മാനുസുതനേ!
ഹീനവേഷമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ-

3 പാതകർക്കായ് നീതിവഴി ഓതിത്തന്നോനേ!
പാരിടത്തിൽ നിന്നെ ഓർത്തു വാഴ്ത്തിടുന്നു ഞാൻ-

4 കുരിശെടുത്തു മലമുകളിൽ നടന്നു പോയോനേ!
തൃപ്പാദം രണ്ടും ചുംബിച്ചിപ്പോൾ വാഴ്ത്തിടുന്നു- ഞാൻ

5 കുരിശിലേറി മരിച്ചുയിർത്തു സ്വർഗ്ഗേ പോയോനേ!
നിത്യം ജീവിക്കുന്നവനെ വാഴ്ത്തിടുന്നു- ഞാൻ

6 ദൂതരുമായ് മേഘവാഹനേ വരുന്നോനേ!
വേഗം നിന്നെ കാണ്മതിനായ് കാത്തിടുന്നു -ഞാൻ

7 നിൻ വരവിൽ മുന്നണിയിൽ നിന്നിടുമേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നിടുമേ നിൻ വരവിനായ്

8. എന്നുമേഘേ വന്നു കാണാം രക്ഷകനേ! ഞാൻ
നോക്കി നോക്കി കാത്തിടുന്നേ നിൻ വരവിനായ്

## 75

ആദിതാളം

1 സർവ്വലോക സ്രഷ്ടാവാകും സർവ്വത്തിനും നാഥാ!
സർവ്വസൃഷ്ടികളും വാഴ്ത്തി വന്ദിക്കും മഹേശാ!

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു നന്ദിയോടടിയാർ
കീർത്തിക്കുന്നു ഘോഷിക്കുന്നു ആർത്തുമോദമോടെ

2 എണ്ണമില്ലാ ദൂതസംഘം വാഴ്ത്തിടുന്ന ദേവാ!
ഖെരൂബികളും സ്രാഫികളും പുകഴ്ത്തും മഹേശാ! വാഴ്ത്തി

3 വാനം ഭൂമി സൂര്യചന്ദ്രനക്ഷത്രാദികളെ
മാനമായ് ചമച്ച ദേവാ നാഥനേ! മഹേശാ- വാഴ്ത്തി

4 ജീവനുള്ള സർവ്വത്തിനും ഭക്ഷണം നൽകുന്ന
ജീവനാഥാ ദേവദേവാ പാഹിമാം മഹേശാ!- വാഴ്ത്തി

5 വൃക്ഷസസ്യാദികൾക്കെല്ലാം ഭംഗിയെ നൽകുന്ന
അക്ഷയനാം ദേവദേവാ! പാഹിമാം മഹേശാ!- വാഴ്ത്തി

6 ഗംഭീരധ്വാനം മുഴക്കും വൻപിച്ച സമുദ്രം
സാന്ദ്രതം നിൻവാക്കിനങ്ങുകീഴ്പ്പെടും മഹേശാ! വാഴ്ത്തി

7 ഊറ്റമായടിക്കും കൊടുങ്കാറ്റിനെയും തന്റെ
ശ്രേഷ്ഠകരംതന്നിൽ വഹിച്ചിടുന്ന മഹേശാ! വാഴ്ത്തി

8 ദുഷ്ടരാകും ജനങ്ങൾക്കും നീതിയുള്ളവർക്കും
വൃഷ്ടിയും വെയിലും നൽകും ഉന്നതാ! മഹേശാ! വാഴ്ത്തി

9 സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വലോകങ്ങളിലും
സ്തോത്രത്തിനു യോഗ്യനായ കീർത്തിമാൻ മഹേശാ!- വാഴ്ത്തി

10 മൂവുലകം നിന്റെ പാദം തന്നിൽ വണങ്ങിടും
നിൻമഹത്വം വെളിപ്പെടും ആ ദിനം മഹേശാ!- വാഴ്ത്തി

## 76

ശങ്കരാഭരണം - മിശ്രചാപ്പ്

പാഹിമാം ജഗദീശ്വരാ-ഭക്തപ്രിയാ!
കാലിണ പണിയുന്നഹം....

അനുപല്ലവി

ലോകത്തിലീദൃശം കാണും ചരാചരം
ആകവേ സൃഷ്ടിച്ച നാഥാ! ജയ!ജയ പാഹി

ചരണങ്ങൾ

1 ആകാശം ഭൂമിയതും അഹോ! നല്ലോ-
രാദിത്യ ചന്ദ്രന്മാരും....
തുംഗാഭ പൂണ്ടിടും നക്ഷത്ര ജാലവും
ഭംഗിയിൽ സൃഷ്ടിച്ച നാഥാ! ജയ! ജയ!- പാഹി

2 ഉത്തുംഗ ശൈലങ്ങളും നദികളു-
മെത്തും പ്രഭാവമോടെ....
ദേഹികൾക്കെന്നുമുപകാരമാം വണ്ണം
ആഹന്ത! സൃഷ്ടിച്ച നാഥാ! ജയ! ജയ!- പാഹി

3 സൃഷ്ടി വിലാസമിദം - പുകഴ്ത്തുവാൻ
വിഷ്ടപേയില്ലൊരുവൻ....
സൃഷ്ടിയെന്നല്ലഹോ! സംസ്ഥിതിയെന്നതും
ശ്രേഷ്ഠമായ് ചെയ്തോരു നാഥാ ജയ! ജയ! പാഹി

4 പാപകൂപത്തിൽ നിന്നി-ട്ടെന്നെ നിത്യം-
പാലയ! കരുണാലയാ....
ആപത്തഖിലവും സർവ്വേശാ! പോക്കിയെൻ
താപത്തെ തീർത്തു രക്ഷിക്ക മാം ദൈവമേ- പാഹി

## 77 ശങ്കരാഭരണം-തി, ഏകതാളം

പല്ലവി

ദേവനു സദാ ജയ മംഗളം ശുഭം
ദേവനു സദാ ഭവതു മംഗളം.....

ചരണങ്ങൾ

1
വാനവുമിഹലോകവുമതിലുള്ളഖിലവും
ഊനമെന്യേ സൃഷ്ടിച്ച താതനാം- ദേവനു

2
പാപതിമിര നീതിമിഹിരനായനു സ്മരണം
പൂർത്തിയാക്കുവാൻവന്നപുത്രനാം ദേവനു

3
പാപവഴിയെ വിട്ടൊഴിവതിനായ് നരനു സദാ
പാപബോധം നൽകുന്നോരാത്മാവാം- ദേവനു

4
നാകഭവനത്തിങ്കലഖിലമർത്ത്യരണയുവാൻ
തന്നായിപ്പിക്കും ഏകത്രയിയാം- ദേവനു

## 78 Tune: 'I will sing of my redeemer' S.S. 896

1 എന്നെ വീണ്ട രക്ഷകന്റെ
സ്നേഹം ആർക്കുരയ്ക്കാം
രക്തം ഈശൻ ചൊരിഞ്ഞെന്റെ
കടം വീട്ടി എല്ലാം

പല്ലവി

പാടുമേ....ജയഗീതം
ആയുസ്സിൻ നാളെന്നും
യേശുവിൻ മഹാസ്നേഹം
എന്നുടെ നിത്യാനന്ദം

2 നിത്യജീവൻ തന്നെന്നുള്ളിൽ
ഈശൻ സ്വഭാവവും
സ്വന്തമായവ പകർന്നെന്നിൽ
നിറവാം സ്നേഹവും- പാടു

3 താതൻ പുഞ്ചിരി തൂകുന്നു
തൻ മകനാം എന്മേൽ
അപ്പാ! പിതാവേ! എന്നങ്ങു
എൻവിളി ഇനിമേൽ- പാടു

4 ലോകം കീഴ്മേൽ മറിഞ്ഞാലും
എനിക്കില്ലഭയം
തിര മറിഞ്ഞലച്ചാലും
യേശു എൻസങ്കേതം- പാടു

5 സീയോൻ ലാക്കായ് ഗമിക്കുന്നു
ആശ്രയിച്ചേശുവിൽ
കർത്തൻ സുഗന്ധം തൂകുന്നു
വൈഷമ്യ വഴിയിൽ- പാടു

6 യേശുവേ! നിൻ തിരുനാമം
ഹാ എത്ര മധുരം!
ഭൂവിൽ ഇല്ലതിന്നു തുല്യം
ചെവിക്കിൻപസ്വരം- പാടു

7 ദൂതനാവാൽ പോലുമാകാ
തൻമാഹാത്മ്യം ചൊല്ലാൻ
ഇപ്പുഴുവോടുണ്ടോ ഇത്ര
സ്നേഹം അത്ഭുതം താൻ- പാടു

## 79

എന്തു നല്ലോർ സഖി യേശു....എന്ന രീതി
8.7.8.7.D

1 എൻ ആത്മാവേ! വാഴ്ത്തുക നീ-നിന്നുടെ കർത്താവിനെ,
തൻ ഉപകാരങ്ങൾ ഒന്നും - എന്നുമേ മറക്കൊലാ
നിൻ അകൃത്യങ്ങൾ ഒക്കെയും - സന്തതം മോചിച്ചു നിൻ
രോഗമെല്ലാം മാറ്റി നിന്നെ സൗഖ്യമാക്കിടുന്നു താൻ

2 ജീവനെ നാശത്തിൽ നിന്നു-വീണ്ടെടുത്തു നിന്നെ തൻ
കാരുണ്യങ്ങളാൽ കിരീട-ധാരണം ചെയ്യുന്നവൻ
നന്മയാൽ നാൾതോറുമേ നീ ഉൺകയിൽ തൃപ്തനായ് നിൻ
യൗവ്വനം കഴുകനെപ്പോൽ-പുതുതാക്കുന്നു നിത്യം

3 സർവ്വത്തിനുമായ് സ്തുതിക്ക-ദൈവമാം പിതാവിനെ
കർത്തൻ നല്ലോൻ, തൻ കരുണ-നിത്യമായുള്ളതത്രേ
തന്നുടെ വഴികളെല്ലാം - ഉന്നതം എന്നാകിലും
തൻ പ്രിയമക്കൾക്കു സർവ്വം - നന്മയായ് വന്നിടുമേ.

## 80 ശങ്കരാഭരണം - ആദിതാളം

യേശുനായകാ! ശ്രീശാ! നമോ നമോ
നാശരഹിതനേ! സ്വാമിൻ നമോ നമോ
ദാസപൂജിത ഭൂപ! നമോ നമോ
മഹീപാല...

2

മാനുവേലനേ! പാഹി നമോ നമോ
മാനവസുതവര്യാ നമോ നമോ
ദീനവത്സലക്രിസ്തോ നമോ നമോ
ദിനനായക.....

3

കുഷ്ഠരോഗ വിനാശ! നമോ നമോ
തുഷ്ടി നല്കുമെന്നീശ നമോ നമോ
ശിഷ്ടപാലക! വന്ദേ! നമോ നമോ
ദിവ്യഹിത.....

4

പഞ്ചപൂപപ്രദാനേ! നമോ നമോ
സഞ്ചിതാധികപുണ്യാ നമോ നമോ
അഞ്ചിതാനനയുക്താ നമോ നമോ
പരമീശ....

5

ആഴിമേൽ നടന്നോനേ നമോ നമോ
ശക്തിയറ്റവർക്കീശ! നമോ നമോ
ഊഴിമേൽ വരും നാഥാ! നമോ നമോ
തൊഴുകയായ്.....

6

പെസഹാഭുജിച്ചോനേ! നമോ നമോ
ചോരനീർവിയർത്തോനേ നമോ നമോ
മതിയാലഭിഷിക്ത നമോ നമോ
മതിമാനേ....

7

സ്വസ്തികാവിമദഹാ നമോ നമോ
ദുസ്തരക്ഷണശീലാ നമോ നമോ
ശസ്തമസ്തുതേ നിത്യം നമോ
നമോ ബഹുസ്തുത്യാൽ.....

(കെ. വി. സൈമൺ)

## 81

ചെഞ്ചുരുട്ടി - ആദിതാളം

ദൈവത്തിനു സ്തോത്രം ദൈവത്തിനു
സ്തോത്രം
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
2 ക്കും-എന്റെ

കാൽവറിമലയിൽ ക്രൂശിൽ മരിച്ചോരു
കുഞ്ഞാടിനു സ്തോത്രം ഇന്നുമെന്നേക്കും
3 -എന്റെ

പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചോരു
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
4 ക്കും- എന്റെ

ആത്മശക്തിയാലെ ഉള്ളം നിറച്ചോരു
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
5 ക്കും-എന്റെ

രോഗശയ്യയിലെൻ കൂടെയിരിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
6 ക്കും-എന്റെ

ക്ഷാമകാലത്തെന്നെ ക്ഷേമമായ്
പോറ്റുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
7 ക്കും-എന്റെ

ദൃഷ്ടി എന്റെമേൽ വച്ചിഷ്ടമായ്
നോക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
8 ക്കും-എന്റെ

ഓരോ നാളും എന്റെ ഭാരം ചുമക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
9 ക്കും-എന്റെ

ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
10 ക്കും-എന്റെ

വൻകൃപയിലെന്നെ ഇന്നേയോളംകാത്ത
ദൈവത്തിനു സ്തോത്രം ഇന്നുമെന്നേ
ക്കും-എന്റെ

11

എല്ലാരോഗങ്ങൾക്കും നല്ലവൈദ്യനായ
ദൈവത്തിന്നു സ്തോത്രം ഇന്നുമെ
ന്നേക്കും-എന്റെ

12

കണ്ണുനീർതൂകുമ്പോൾ മനസ്സലിയുന്ന
ദൈവത്തിന്നു സ്തോത്രം ഇന്നുമെ
ന്നേക്കും-എന്റെ

(എ. കെ. കുര്യൻ)

## 82

സൌരാഷ്ട്രം-ആദിതാളം

പല്ലവി

ദേവ ദേവനു മംഗളം
മഹോന്നതനാം
ദേവ ദേവനു മംഗളം....

ചരണങ്ങൾ

1 ദേവദൂതരാകാരെ
ദിവ്യഗീതങ്ങൾ പാടി
കേവലാനന്ദത്തോടെ-
സേവി സ്തുതി ചെയ്യുന്ന- ദേവ

2 സകല ലോകങ്ങളിലെ
സർവ്വഗണങ്ങളേയും
സുഖമുടനെ ചമച്ചു-
സകലനാളും പാലിക്കും- ദേവ

3 നരഗണങ്ങളിന്നതി-
ദുരിതമൊഴിപ്പാനായി-
തിരുമകനെ നരനായ്
ധരണിയിങ്കലയച്ച- ദേവ

4 പാപബോധം വരുത്തി
പാപിയെ ശുദ്ധമാക്കാൻ
പാവനാത്മാവെ നൽകും
ജീവജലാശയമാം- ദേവ

5 ആദരവോടു തന്റെ
വേദവെളിവു മനു-
ജാതികൾക്കരുളിയ-
ആദിനാഥനാകുന്ന- ദേവ

(യുസ്തുസ് യൗസേഫ്)

## 83

Tune: "Glory to His name"
P.M

1 പാപത്തിൻ വൻ വിഷത്തെയൊഴിപ്പാൻ
സാത്താൻ തന്നുടെ ബലമൊഴിപ്പാൻ
രക്ഷകൻ ഇക്ഷിതിയിൽ വന്നാൻ-യേശുവിനു മഹത്വം!

യേശുവിനു മഹത്വം! മഹത്വം യേശുവിനു മഹത്വം
കുരിശിലവൻ മരിച്ചെൻ പേർക്കായ്- യേശുവിനു മഹത്വം!

2 ആശയറ്റെൻ സ്ഥിതി താനറിഞ്ഞു
ഈശകോപാഗ്നിയിൽ വീണെരിഞ്ഞു -
വിശുദ്ധ നിണം വിയർപ്പായ് ഒഴിഞ്ഞു- യേശുവിനു മഹത്വം!

3 തൻ മുഖപങ്കജമതിലടിച്ചു
മുൾമുടി തലയിൽ വെച്ചാഞ്ഞടിച്ചു
മുതുകിനെ ഉഴുതതുപോൽ തകർത്തു- യേശുവിനു മഹത്വം!

4 ക്രൂശിൽ കൈകാൽകളെ താൻ വിരിച്ചു
ക്രൂരന്മാർ ആണികളതിൽ തറച്ചു
കൊടിയ വേദനയെനിക്കായ് സഹിച്ചു- യേശുവിനു മഹത്വം!

5 ചൊരിഞ്ഞു തൻ തിരുനിണം എൻ ബലിയായ്
നുറുങ്ങിയെൻ പാപത്താലേശുവിൻ മെയ്
തകർന്നു തൻഹൃദയം എൻപേർക്കായ്- യേശുവിനു മഹത്വം!

6 യേശുവിൻ സ്നേഹവിശേഷതതിൻ
ആശയം ഗ്രഹിച്ചാൽ എനിക്കതു തൻ
ശാശ്വത ഭാഗ്യമെനിക്കതിനാൽ- യേശുവിനു മഹത്വം!

7 ജീവനെ യേശുവിനർപ്പിച്ചെൻ
സർവ്വവുമവനായേല്പിച്ചെൻ
പാവനജീവിതമാകണമെൻ- യേശുവിനു മഹത്വം!

8 മരണം നേരിടുമളവിൽ താൻ
ശരണം തന്നുടെ മാർവിൽ ഞാൻ
വിരമവാടണയും കൃപയാലെ- യേശുവിനു മഹത്വം!

## 84

ആദിതാളം

പല്ലവി

എന്നാളും സ്തുതിക്കണം നാം നാഥനെ
എന്നാളും സ്തുതിക്കണം നാം....

അനുപല്ലവി

വന്ദനം പാടി മന്നൻ മുൻകൂടി
മന്ദതയകന്നു തിരുമുന്നിലണയാമിന്നു-

ചരണങ്ങൾ

1 മോദമായ് കൂടുകനാം പരനു ബഹു നാദമായ് പാടുക നാം
ഗീതഗണം തേടി നാഥനു നാം പാടി
നാഥനാമവന്റെ തിരുനാമമേ ഗീതിയായ് നാടി- എന്നാളും

2 ശ്രേഷ്ഠതയിൽ നായകനവൻ നിനയ്ക്കിൽ ശിഷ്ടഗുണനായകൻ
സ്പഷ്ടം തിരുദാസർക്കിഷ്ടമരുളുവോൻ
കഷ്ടതയിൽ നിന്നവരെ ധൃഷ്ടനായുദ്ധരിപ്പവൻ- എന്നാളും

3 തന്നെ സ്തുതിച്ചീടുന്ന ജനങ്ങൾ പദം തന്നിൽ പതിച്ചിടുന്നു
മന്നവജനന്മാർ സാമോദം വാഴ്ത്തുന്നു
നന്ദിയോടവരേവരുമുന്നതനെ വണങ്ങുന്നു എന്നാളും

4 ജീവികളിൻ നാഥനേ! ജയം പെരുകും ദേവകളിൻ താതനേ!
ജീവന്നുറവയാം ജീവലോകേശനേ!
ജീവനിയലുവാൻ സ്വന്ത സൂനുവെ നൽകിയവനേ! എന്നാളും

5 തൻ നാമകീർത്തനം നാം തുടർന്നു ചെയ്കിലെന്നും ദിവ്യാനന്ദമാം
ഉന്നതൻ തന്നുടെ സന്നിധൌ നിന്നു നാം
മന്നവനെ പുതുഗാനവന്ദനങ്ങളോടനിശം- എന്നാളും

(കെ. വി. സൈമൺ)

## 85

ഏകതാളം

1

പരിശുദ്ധപരനെ നിരന്തരം സ്തുതിപ്പിൻ
പാടിത്തൻ നാമംകൊണ്ടാടിക്കുമ്പിടുവിൻ!
തിരുജനങ്ങളേ! ഉന്നതീൻതൻദാസർ
തിരുമുമ്പിൽ വണങ്ങീടുവിൻ
-എന്നേക്കും

2

നാഥനും നമുക്കു താതനും ആയുള്ള
നല്ലയഹോവയെ എല്ലാരും
സ്തുതിപ്പിൻ
ഏതും ആയാസമെന്യേ-തൻവീട്ടിൽ
ഏകനെപുകഴ്ത്തീടുവിൻ-എന്നേക്കും

3

തന്മക്കളിനെ-ച്ചെമ്മേ നാം സ്തുതിച്ചാൽ
നമുക്കതു മഹിമയെന്നറിഞ്ഞു-
കുമ്പിടുവിൻ!
ഇമ്മഹാ പദവിയെ നാം-എല്ലാരും
ഇഷ്ടമത്താടാചരിക്കാം! എന്നേക്കും

4

വാനവും പാരും താനത്രേ ചമച്ചു
വല്ലഭൻ നല്ലവൻ-എല്ലാമിലു
യർന്നോൻ
ജ്ഞാനത്തോടെ സ്തുതിപ്പിൻ തൻ-
പേരിന്
നല്ല കീർത്തികൾ കൊടുപ്പിൻ!
എന്നേക്കും

5

ദൈവപിതാവേ! ദിവ്യകുമാരാ!
ദൈവശുദ്ധാത്മ! ത്രിയേകദേവേശാ
സർവ്വകാലവും പുകഴ്ച-ഭവാനു
ഭവിക്കണം! ഹല്ലേലൂയ്യാ-ആമേൻ

(മോശവത്സലം)

## 86

ഹിന്ദുസ്ഥാൻ-ആദിതാളം

സ്തുതി സ്തുതി നിനക്കേ-എന്നും
ചൊല്ലീടുവേൻ
ദോഷച്ചുമടൊഴിച്ചു രക്ഷതന്നവനേ!
സ്തുതി സ്തുതി നിനക്ക്

ചരണങ്ങൾ

1

ആത്മവിചാരം-ഇല്ലാതെ കിടന്നേൻ
അരുളി ഉണർച്ച ഭവാൻ
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ!- സ്തുതി

2

ശാന്തം ഇല്ലാതെ ബാധിച്ചമനസ്സിൽ
തന്നു സന്തോഷം ഭവാൻ
ഹല്ലേലൂയ്യാ! ഹല്ലേലൂയ്യാ!- സ്തുതി

3

ശ്രമിച്ചു ഞാൻ കിടന്നേൻ- കൃപയോടു-
പരശാന്തി കല്പിച്ചു നീയെ
ഹല്ലേലൂയ്യാ! ഹല്ലേലൂയ്യാ!- സ്തുതി

4

നന്ദി, സന്തോഷം, ലജ്ജ, വിസ്മയവും
തന്നെ നിറയുന്നുള്ളിൽ
ഹല്ലേലൂയ്യാ! ഹല്ലേലൂയ്യാ!- സ്തുതി

5

ഏറെ പിഴച്ചു ഞാൻ ഏറെ മോചിച്ചു നീ
എന്നും നിൻ അടിമ ഞാൻ
ഹല്ലേലൂയ്യാ! ഹല്ലേലൂയ്യാ!- സ്തുതി

(മോശവത്സലം)

## 87

ഏകതാളം

പല്ലവി

രക്ഷകനേ നിനക്കു കീർത്തനം അനന്തം!

ചരണങ്ങൾ

1 തിരുരക്തം ചൊരിച്ചു തിന്മപെട്ട എന്നെ നീ
പരന്നു വീണെടുത്ത മാ പരമകൃപകൾക്കുമേ!- രക്ഷ

2 മരിച്ചു ഞാൻ കിടന്നേൻ നാറി ഇരുവഴിയത്തൻ
തിരിച്ചുയിർ ശക്തിസുഖം തന്ന പ്രിയൻ യേശുവേ!- രക്ഷ

3 കുരുടനായ് ഇരുന്നേൻ തൊട്ടു കാഴ്ച തന്നു നീ
നിറഞ്ഞ കുഷ്ഠപാപത്തെ നീക്കി ശുദ്ധി നൽകി നീ!- രക്ഷ

4 നീതി ശുദ്ധിബോധം നിൻതിരു സത്സ്വരൂപം
ചേതസ്സിൽ കല്പിച്ചു തന്ന ദിവ്യ കൃപാക്കടലേ- രക്ഷ

5 തിരുരക്തത്താലെൻ തിന്മ കുറ്റം മായിച്ചു
പരജീവപുസ്തകത്തിലെഴുതിയെൻ നാമം നീ- രക്ഷ

6 ഇനി പിഴയ്ക്കാതെ എന്നും നടന്നീടാൻ
കനിഞ്ഞു നിന്നാവി നിത്യം കൂടെ വസിച്ചീടണം- രക്ഷ

(മോശവത്സലം)

## 88

യമുനാ കല്യാണി - രൂപകതാളം

പല്ലവി

പാദം വന്ദിക്കുന്നേൻ- തിരുകൃപ
പാപിക്കു ധനമേ!

ചരണങ്ങൾ

1 പാരിതിൽ തിരുവേദം
അരുളി മഹിക്കും അത്ഭുതനേ!
ദൈവസുതനേ! കൃപാകരനേ!
ക്രിസ്തോ! തിരു- പാദം

2 വാക്കിന്നുള്ളടങ്ങാത്ത
മഹത്വമാളുന്ന മന്നവനേ!
ശക്തിമാനേ! ദയവാനേ!
ക്രിസ്തോ! തിരു- പാദം

3 മാനുഷർക്കുയിർ നൽകിയ
രക്ഷകാ! നയശീലാ!
മന്നുവേലാ! അനുകൂലാ!
ക്രിസ്തോ! തിരു- പാദം

4 പാപം നീക്കി ശുദ്ധാവിയാൽ
ഉപദേശിക്കുന്നോനേ!
പുണ്യവാനേ! ഗുണവാനേ!
ക്രിസ്തോ! തിരു- പാദം

5 പാദത്തിൽ പണിവോരെ
നിത്യവും പാലിക്കുന്നോനേ!
സത്യവാനേ! നിത്യവാനേ!
ക്രിസ്തോ തിരു- പാദം

## 89

ഭൈരവി-മിശ്രചാപ്പ്

പല്ലവി

മാനുവേലിൻ സ്തുതിയെ പാടിടുവാൻ
നാണിക്കൊലാ മനമേ-

അനുപല്ലവി

മാനുവേൽ തൻതിരു മാനമോ ഏറ്റവും
മാനഹാനി നിനക്കായി സഹിച്ചല്ലോ!- മനു

ചരണങ്ങൾ

1 സേനദൂതർക്കവൻതാൻ-സൈന്യാധിപൻവാനലോകാധിപൻതാൻ
ഭാനുപോലാകാശത്തിന്നുമേൽ ലോകത്തിൽ
താനെ ശോഭിച്ചവൻ താണു നിന്നെപ്രതി- മനു

2 ലോകാലോകങ്ങളിൽ താൻ-വ്യാപിച്ചവൻ ശോകമില്ലാത്തപരൻ
ദാഹം ദുഃഖങ്ങളും-ഏറെ സഹിച്ചു തൻ
ദേഹം ജീവൻ ബലി-ചെയ്തു നിന്നെപ്രതി- മനു

3 ദീപം ജീവൻ വഴി താൻ-സമ്പാദ്യവും ഭാവുകവും അവൻതാൻ
താപം പരീക്ഷയും ശാപം മരശിക്ഷയും
സർവ്വ വിപത്തും സഹിച്ചു നിന്നെ പ്രതി- മനു

4 അന്യരുടെ സ്തുതി നീ- ചൊന്നലപമാനമല്ലോ മനമേ!
തന്നെത്താനെ നിനക്കായിത്തന്നോനെ നീ
എന്നും ഭക്ത്യാ സ്തുതി ചൊൽകയല്ലോ നീതി- മനു

(മോശവത്സലം)

## 90

All hail the power of Jesus name

Edward Perronet C. M. P S.S. 203

1 എല്ലാരും യേശുനാമത്തെ
എന്നേക്കും വാഴ്ത്തീടിൻ!
മന്നനായ്‌വാഴിപ്പിൻ, ദൂതർ
നാം വാഴ്ത്തീൻ, വാഴ്ത്തീൻ,
വാഴ്ത്തീൻ, വാഴ്ത്തീൻ, യേശുവേ!

2 യാഗപീഠത്തിൻ കീഴുള്ള-
തൻ രക്തസാക്ഷികൾ
പുകഴ്ത്തീശായിൻ മുളയെ
നാം വാഴ്ത്തിൻ...

3 വീണ്ടെടുത്ത യിസ്രായേലിൻ
ശേഷിച്ചോർ ജനമേ!
വാഴ്ത്തീടിൻ രക്ഷിതാവിനെ
നാം വാഴ്ത്തീൻ...

4 ഭൂജാതി ഗോത്രം ഏവരും
ഭൂപനെ കീർത്തിപ്പിൻ!
ബഹുലപ്രഭാവൻ തന്നെ
നാം വാഴ്ത്തിൻ...

5 സ്വർഗ്ഗസൈന്യത്തോടൊന്നായ് നാം
സാഷ്ടാംഗം വീണിടാം!
നിത്യഗീതത്തിൽ യോജിച്ചു
നാം വാഴ്ത്തിൻ...

## 91

### Praise Him Praise Him

Fanny J. Crosby S.S 208

1 വാഴ്ത്തിൻ, വാഴ്ത്തിൻ യേശുരക്ഷകനെ വാഴ്ത്തിൻ
പാടിൻ തന്റെ അത്ഭുത സ്നേഹത്തെ!
ആർത്തിടുന്നു മഹത്വദൈവദൂതന്മാർ
കീർത്തിപ്പിൻ തൻവിശുദ്ധനാമത്തെ
തന്മക്കളെ ഇടയൻപോലെ കാക്കും
തൻകൈകളിൽ വഹിക്കുന്നു സദാ
വാഴ്ത്തിൻ, വാഴ്ത്തിൻ, കർത്തൻ മാ മഹത്വം വാഴ്ത്തിൻ,
കീർത്തിപ്പിൻ തൻ വിശുദ്ധനാമത്തെ

2. വാഴ്ത്തിൻ, വാഴ്ത്തിൻ, യേശുരക്ഷകനെ വാഴ്ത്തിൻ,
പാപികൾക്കായ് പാടേറ്റു മരിച്ചു
കർത്തൻ പാറ നിത്യരക്ഷയിൻ പ്രത്യാശ
ക്രൂശേറിയ യേശുവെ വാഴ്ത്തിടിൻ
ക്ലേശമെല്ലാം സഹിച്ചതോർത്തു സ്തോത്രം
ചെയ്‌വിൻ, തന്റെ അത്ഭുതസ്നേഹവും-വാഴ്ത്തിൻ, വാഴ്ത്തിൻ

3 വാഴ്ത്തിൻ വാഴ്ത്തിൻ യേശുരക്ഷകനെ വാഴ്ത്തിൻ
വാനോർ വാഴ്ത്തിൻ, ഹോശന്നാ പാടുവിൻ
വാഴുന്നേശുരക്ഷകനെന്നുമെന്നേക്കും
വാഴ്കപുരോഹിതരാജനായ്
ലോകത്തെയും ജയിച്ചുവരുന്നേശു
മാനം ശക്തി കർത്തനുള്ളതല്ലോ- വാഴ്ത്തിൻ, വാഴ്ത്തിൻ

## 92

ശങ്കരാഭരണം - ഏകതാളം

1 സ്തുതി ചെയ്ക മനമേ! നിത്യവും നിൻ ജീവനാഥനേശുവെ
ഇതുപോൽ സജ്ജീവൻ തന്നൊരാത്മ സ്നേഹിതൻ വേറാരിനി- സ്തുതി
2 മരണാധികാരിയായിരുന്ന ഘോരനാം പിശാചിനെ
മരണത്തിനാലെ നീക്കി മൃത്യു ഭീതി തീർത്തനാഥനെ- സ്തുതി
3 ബഹുമാന്യനാമാചാര്യനായി വാനിലവൻ വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ ചേർത്തുകൊള്ളുമാകയാൽ- സ്തുതി
4 ദിനവും മനമേ! തത്സമയം വൻകൃപകൾ പ്രാപിപ്പാൻ-
അതിധൈര്യമായ് കൃപാസനത്തിൻ അന്തികത്തിൽ ചെന്നു നീ- സ്തുതി
5 ബഹുദൂതരുച്ചനാദമോടെ വാഴ്ത്തിടുന്ന നാഥനെ!
ബലവും ധനവും ജ്ഞാനമെല്ലാം സ്വീകരിപ്പാൻ യോഗ്യനെ- സ്തുതി

(എം. ഇ. ചെറിയാൻ)

## 93

ഏകതാളം

പല്ലവി

മനമേ! പുകഴ്ത്തീടു നീ
മഹോന്നതൻ തൻ മഹിമ

ചരണങ്ങൾ

1 മരക്കുരിശതിൽ മരിപ്പാനായ്
നരജന്മമെടുത്തുവന്ന തൻ നാമം!
മനോഹരം
ആഹാ! തൻനാമം മനോഹരം
മഹാത്ഭുതം തൻസ്നേഹം-മനമേ

2 ബഹു വിപത്തുകളേഴും ഭൂവിൽ
സ്നേഹകൈകൾ നീട്ടിയെന്നെ
താങ്ങും തൻ നാമം മനോഹരം
ആഹാ! തൻനാമം മനോഹരം
മഹാത്ഭുതം തൻ സ്നേഹം-മനമേ

3 പലകുറവുകൾ വന്നാലും
എന്നെ തള്ളാതെ കൃപയാൽ കാക്കും
തൻ നാമം മനോഹരം
ആഹാ! തൻ നാമം മനോഹരം
മഹാത്ഭുതം തൻ സ്നേഹം-മനമേ

4 ഒരു നിമിഷവും തളരാതെ
തിരുമാർവിൽ വിശ്രമം തേടും-
തൻനാമം മനോഹരം
ആഹാ! തൻനാമം മനോഹരം
മഹാത്ഭുതം തൻസ്നേഹം-മനമേ

(എം. ഈ. ചെറിയാൻ)

## 94

ഏകതാളം

പല്ലവി

വന്ദനം ചെയ്തീടുവിൻ-ശ്രീയേശുവെ
വന്ദനംചെയ്തീടുവിൻ-നിരന്തരം വന്ദനം

ചരണങ്ങൾ

1 സന്തതം സകലരും സന്തോഷ-
ധ്വനിയിൽ
സ്തോത്രസംഗീതം പാടി-ശ്രീയേശു

2 രാജിതമഹസ്സെഴും മാമനുസുതനെ
രാജ സമ്മാനിതനെ-ശ്രീയേശു

3 കല്ലറ തുറന്നു വൻവൈരിയെ-
തകർത്തു
വല്ലഭനായവനെ- ശ്രീയേശുവെ

4 നിത്യവും നമുക്കുള്ളഭാരങ്ങളഖിലം
തീർത്തുതരുന്നവനെ...
ശ്രീയേശുവെ

5 ഭീതിയാം കൂരിരുളഖിലവും നീക്കും
നീതിയിൻ സൂര്യനാകും
ശ്രീയേശുവെ

6 പാപമില്ലാത്തതൻ പരിശുദ്ധനാമം
പാടി സ്തുതിച്ചിടുവിൻ
-ശ്രീയേശുവെ

(എം. ഈ. ചെറിയാൻ)

## 95

ഏകതാളം

പല്ലവി

പാടുവിൻ സഹജരേ! കൂടുവിൻ
കുതുകരായ്
തേടുവിൻ പുതിയ സംഗീതങ്ങളെ

ചരണങ്ങൾ

1 പാടുവിൻ പൊൻവീണകളെടുത്തു
സംഗീതങ്ങൾ തുടങ്ങീടുവിൻ
പാരിലില്ലിതുപോലൊരു രക്ഷകൻ
പാപികൾക്കാശ്രയമായ്- പാടു

2 ദേശം ദേശമായ് തേജസ്സിൻ
സുവിശേഷ
കാഹളം മുഴക്കീടുവിൻ
യേശുരാജൻജയിക്കട്ടെ യരിഹോ
മതിലുകൾ വീണിടട്ടെ- പാടു

3 ഓമനപ്പുതുപുലരിയിൽ നാമിനി
ചേരുംതൻസന്നിധിയിൽ
കോമളമാം തിരുമുഖകാന്തിയിൽ
തീരും സന്താപമെല്ലാം- പാടു

4 ഈ ദൈവം ഇന്നുമെന്നേക്കും
നമ്മുടെ ദൈവമല്ലോ
ജീവകാലം മുഴുവനുമവൻനമ്മെ
നൽവഴിയിൽ നടത്തും- പാടു

(എം. ഈ. ചെറിയാൻ)

## 96

മലയാമി-മിശ്രചാപ്പ്

പല്ലവി

പാടും ഞാൻ യേശുവിനു-ജീവൻപോവോളം നന്ദിയോടെ

ചരണങ്ങൾ

1 പാടും ഞാനെന്നകതാരിലനുദിനം വാഴും ശ്രീയേശുവിനു-ഒരു
കേടും കൂടാതെന്നെ പാലിക്കും നാഥനെ-പാടിസ്തുതിക്കുമെന്നും-പാടും

2 സ്വന്തജനമായ യൂദന്മാരെതള്ളി അന്ധതയിൽ കിടന്നു-ബഹു
സന്താപത്തോടുഴന്നീടും പുറജാതി സന്തതിയെ വീണ്ടോനെ- പാടും

3 കാട്ടൊലിവിൻശാഖയായിരുന്ന എന്നിൽ നല്ലഫലം നിറപ്പാൻ-അവൻ
വെട്ടിയിണച്ചെന്നെനല്ലൊലിവിൻതരു-വോടതുചിന്തിച്ചെന്നും- പാടും

4 കൺമണിപോലെന്നെ ഭദ്രമായ് നിത്യവും കാവൽചെയ്തിടാമെന്നും തന്റെ
കണ്ണുകൊണ്ടെന്നെ നടത്തീടാമെന്നതും-ഓർത്തതിമോദമോടെ- പാടും

5 കാന്തനിവനതിമോദമോടെ മേഘവാഹനത്തിൽ കയറി-തന്റെ
കാന്തയോടുല്ലസിച്ചാനന്ദിപ്പാനെഴു-ന്നെള്ളുന്നതോർത്തുകൊണ്ടും- പാടും

(പി. വി. തൊമ്മി)

## 97

ശങ്കരാഭരണം-ആദിതാളം

പാടും ഞാൻ പരമേശനു സതതം-എന്റെ
പാപമെല്ലാം പോക്കിയതാൽ -പാടും

ചരണങ്ങൾ

1 അത്രയുമല്ലാശീർവ്വാദം ഒക്കെയും ലഭിച്ചീടുവാൻ
ആർത്തിപൂണ്ടു കാത്തിരുന്ന കാലമതിങ്കൽ
ആർത്തിയെ തീർത്തവനെ ഞാൻ ആർത്തുഘോഷിച്ചീടുവാനെൻ-
ആർത്തിയറിഞ്ഞവൻ തന്റെ വാർത്തയെനിക്കേകിയതാൽ- പാടും

2 ദൂതർക്കും കൂടവകാശം ലഭ്യമാകാത്തുള്ള രക്ഷാ-
ദൂതറിയിച്ചീടാൻ ഭാഗ്യം ലഭിച്ചെനിക്ക്
ദൂതഗണം കാവലായ് തന്നനുദിനമെനിക്കവൻ
നൂതനമാം ഋതുകളും ഊനമെന്യേ നൽകിടുന്നു- പാടും

3 കഷ്ടതയോ പട്ടിണിയുപദ്രവമോ നഗ്നതയോ
കഷ്ടമേറ്റെന്റേശുവെപ്പോലാക്കിടുന്നെന്നെ
ഒട്ടനേകം സിദ്ധന്മാരോടൊത്തു ചേർന്നു നിന്നു സ്തുതി-
ച്ചാർത്തിടുവാനവനെന്നെ യോഗ്യനാക്കി തീർത്തതോർത്തു- പാടും

4 കാത്തിരിക്കുന്നവനെ ഞാൻ കണ്ടീടുവാനെന്റെ കൺകൾ
കൊതിച്ചിടുന്നധികമായ് കുതുകമോടെ

കാലമേറെ ചെല്ലും മുൻപേ കാഹളനാദം കേൾക്കുവാൻ
കാതുകളും കൊതിക്കുന്നു കാരുണ്യവാരിധേ! ദേവ- പാടും

5 വാട്ടവും മാലിന്യവുമേ ഒട്ടുമേശിടാതെയുള്ളോ-
രുത്തമമാമവകാശം ലഭ്യമാകുവാൻ
തിട്ടമായിട്ടവനെന്നെ ചേർത്തിടും മണിയറയിൽ
പാട്ടുപാടും കൂട്ടരുമായ് കോടി കോടി യുഗം വാഴാൻ- പാടും

(കെ. എം. സഖറിയ)

## 98

ആദിതാളം

വാഴ്ത്തിടുമേ വാഴ്ത്തിടുമേ
ഇമ്മാനുവേലെ- എൻ ജീവകാലം
ഈ ക്ഷോണിതലെ- വാഴ്ത്തി

1

ദൂതർ സ്തുതിക്കും നാകവല്ലഭൻ
പിറന്നു ഗോശാലയിൽ,
ബന്ധമഴിച്ചു അന്ധനെന്നെയും
ബന്ധുവാക്കിയതാൽ
ഇന്നും-എന്നും- നന്നായ്
സ്തുതിക്കും
നാഥൻ- യേശുവെ- ഞാനീധരയിൽ
-വാഴ്ത്തി

2

പാപക്കടലിൽ ശാപക്കുഴിയിൽ
പിടഞ്ഞുനീന്തിടവേ
പാപമകറ്റി ശാപം നീക്കി
മാർവ്വിലണച്ചവനെ!
കഷ്ടം- നഷ്ടം- സർവ്വം ഏറ്റു നിൻ
പിൻപേ- നിൻദാസൻനടന്നീടാമേ-
വാഴ്ത്തി

3

ശത്രു തന്നുടെ അഗ്നിശരങ്ങൾ
തൊടുത്തുവിട്ടീടുകിൽ
നിൻ ആയുധങ്ങൾ കാത്തിടുമെന്നെ
പൊന്നുനായകനേ!
രക്ഷ - സത്യം - നീതി ചാർത്തി നീ
ശക്തനാക്കിടു സേനാനായകാ!-
വാഴ്ത്തി

4

വാനമുകിലിൽ -ദൂതസംഘമായ്
നാഥൻ വരുമളവിൽ
ലോകം വിറയ്ക്കും ലോകർ ഭ്രമിക്കും
ഞാനന്നാർത്തീടുമേ-
നോക്കി നോക്കി -കൺകൾ
മങ്ങുന്നേ
എപ്പോൾ വന്നീടും എൻ പ്രാണപ്രിയാ -
വാഴ്ത്തി

(പി. ഡി. ജോൺ)

## 99

ശങ്കരാഭരണം-ഏകതാളം

പുകഴ്ത്തിൻ യേശുവെ പുകഴ്ത്തിൻ
നാം രക്ഷ-കനെ എന്നും വാഴ്ത്തിൻ
പുകഴ്ത്തിൻ, പുകഴ്ത്തിൻ, പുകഴ്ത്തിൻ,
വാഴ്ത്തി പുകഴ്ത്തിൻ- പുക

1 യേശുവിൻ രാ-ജത്വം നിത്യമേ, ആധിപത്യവും സന്തതമാമേ
സേവിക്കു-മേയൊരു സന്തതി-വർദ്ധിക്കുമേ-യവർ-നിൻ-നീതി
വർദ്ധിക്കും, ഹീനനും യേശുവിൻ നന്മയിൻ ഓർമ്മയെ- പുക

2 കൃപയും ദീർഘക്ഷമയും മഹാദയയും കരുണയുമുള്ളോൻ
നല്ലവൻ അവൻ എല്ലാവർക്കും തൻപ്രവൃത്തികളോടും എല്ലാം
വന്നീടിൻ വന്ദിപ്പിൻ യേശുവിൻ സ്നേഹമാം പാദേ നാം- പുക

3 ആദ്യനും അന്ത്യനും വന്ദ്യനും-ആദിജാത-നും എന്നും അനന്യനും
സത്യവും ജീവനും മാർഗ്ഗവും നിത്യപിതാവും എന്നുടെ ദുർഗ്ഗവും
വിളിച്ചോൻ, വിശ്വസ്തൻ വീണ്ടുംവരുന്നവ-നവനെ- പുക

4 പാപവും യാതൊരുശാപവും ഇല്ലിനി "ആയെ-രുശലേമിൽ"
"ശുഭ്രമാം ജീവജലനദി-ജയിക്കുന്നോർപങ്കാം-ജീവവൃക്ഷം"
ജയിപ്പിൻ, ഇരിപ്പിൻ, കുഞ്ഞാട്ടിൻ സ്വർഗ്ഗസിംഹാസനേ- പുക

## 100

തി - ഏകതാളം

പല്ലവി

അതിശയ കാരുണ്യ മഹാദൈവമായോനേ-ഈശോ!
ആയിരം നാവിൻ വരം താ നിൻസ്തുതി പാടാൻ

ചരണങ്ങൾ

1 നായകനേ! രക്ഷകനേ നിൻ കൃപയ്ക്കായി-സ്തോത്രം
നാടറികെ പാടിടുവാൻ നീ തുണയ്ക്കേണം-നാഥാ!

2 എന്നും ബഹുമാനമുള്ള നിൻതിരുനാമം-ഈശോ
എൻ ഭയങ്ങൾ സങ്കടവും നീക്കുമെന്നെക്കും-നാഥാ!

3 ഇമ്പസംഗീതം തിരുപേർ പാപികൾക്കെല്ലാം-ജീവൻ
ഇല്ലയെന്നു വന്നവർക്കു ജീവൻ നിൻനാമം-നാഥാ

4 പാപ കുറ്റം ശക്തിയധികാരവും നീക്കും-ഈശോ!
പാപിയാമെൻ പേർക്കു രക്തംവാർത്ത നിൻപുണ്യം-നാഥാ!

5 നിൻ സ്വരത്താൽ കാഴ്ച കേൾവി ശക്തി ആരോഗ്യം-എല്ലാം
നിശ്ചയം പാപിക്കു കിട്ടും രക്ഷകർത്താവേ-നാഥാ!

6 ഊമകളേ പാടിടുവിൻ! അന്ധരേ കാൺമിൻ-മഹാ
ഉന്നതനാം രക്ഷകനെ വാഴ്ത്തിക്കൊണ്ടാടീൻ-നിത്യം

7 കോടികളായിടും സ്വർഗ്ഗവാസികളോടും-കൂടി
പാടി യേശുനാമസ്തുതി ഞങ്ങൾ കൊണ്ടാടും- നാഥാ!

(മോശവത്സലം)

## 101

ശങ്കരാഭരണം-ആദിതാളം

1 നിത്യവന്ദനം നിനക്കു സത്യദൈവമേ!
സ്തോത്രവും ജയവും യോഗ്യം അത്യുന്നതനേ!

2 മർത്ത്യകുലത്തിൻ സ്രഷ്ടാവേ! നിത്യപിതാവേ!
സത്യവിശ്വാസികൾ ചെയ്യും- സ്തോത്രം നിനക്കേ!

3 എത്രയോ മനോഹരം നിൻ-കൃത്യങ്ങളെല്ലാം
ചിത്രമതി ചിത്രമവ- എത്രയോ ശ്രേഷ്ഠം!

4 കെരൂബുകൾ മദ്ധ്യേ വസിക്കും- സർവ്വശക്തനേ!
ഉർവ്വിയെങ്ങും വ്യാപിച്ചീടും- നിനക്കെന്നും സ്തോത്രം

5 മാനവകുലത്തിൻ പാപം- മോചനം ചെയ്‌വാൻ
ഹീനമാം കുരിശിൻ ശാപം-തീർത്തപരനേ

6 തന്നിൽ വിശ്വസിക്കുന്നവർക്കെന്നേക്കും മോക്ഷം
തന്നരുളാൻ-ഉന്നതത്തിൽ ചേർന്ന പരനേ!

7 സർവ്വ ബഹുമാനം സർവ്വ മഹത്വം സ്തുതിയും
സർവ്വേശനായ യഹോവയ്ക്കു താൻ - ആമേൻ

(മോശവത്സലം)

## 102

ശങ്കരാഭരണം-ആദിതാളം

1

കരുണാകരനാം പരനേ!-ശരണം
കലിവിഷഹരനേ! തിരുകൃപ ശരണം
കാത്തരുൾക ശരണം-ത്രിയേകാ
കരളലിഞ്ഞീടണമേ-കൃപാലോ

2

അരുണോദയമരുൾ വടിവേ ശരണം
അത്ഭുതമഹിമാവേ! ശരണം
അരുൾവരദാ! ശരണം ത്രിയേക!
ആശിഷമരുളണമേ കൃപാലോ!

3

അധിപതി വേദനാഥാ! ശരണം
ആധികൾ തീർക്കുക താതാ ശരണം
അതിഗുണനേ! ശരണം-ത്രിയേകാ!
ആമയം നീക്കണമേ-കൃപാലോ!

4

ശരണം-ശരണം-ശരണം നാഥാ!
തിരുഅരുൾ ചൊരികയി-
തരുണംതാതാ!
വരണം കൃപതരണം - ത്രിയേകാ!
ദുരിതമകറ്റണമേ കൃപാലോ!

5

നിത്യാ! സുരവരദേവാ! ശരണം
സ്തുത്യൻ ഈശോമശിഹാ! ശരണം
സത്യാത്മൻ! ശരണം ത്രിയേകാ!
പഥ്യംവരമരുൾക കൃപാലോ

(ദാവീദ് ഇസഹാക്ക്)

## 103

ഭൂപാളം - ഏകതാളം

1

പരദേവാ സർഗ്ഗ പുരദേവ ബഹു
വരദേവാ പാപഹരദേവാ യേശുദേവാ!

2

പരലോകംവിട്ടു നരലോക ഒരു
ചെറുബാലൻ ആയ പരസുതനാ!
യേശുദേവാ!

3

ആനന്ദമേ പരമാനന്ദമേ-സദാ
ആനന്ദമേ നിനക്കേ വന്ദനം യേശു
ദേവാ! നിത്യം

4

ഹാലേലൂയ്യാ പിതാവിനല്ലേലൂയ്യാ എന്നും
ഹല്ലേലൂയ്യാ എന്നും ഹല്ലേലൂയ്യാ-
ആമേൻ

5
ഏലോഹീം തിരുസുതൻ ഇമ്മാനുവേലിന്നും
ഈ ലോകം പരലോകം എന്നും
ഹല്ലേലുയ്യാ-ആമേൻ

6
ശുദ്ധാത്മാവിന്നും നിത്യം-ഹല്ലേലുയ്യാ
പരിശുദ്ധാത്മ ദൈവനെന്നും ഹല്ലേലുയ്യാ -
ആമേൻ

(മോശവത്സലം)

## 104

ചിന്തുതരു-ആദിതാളം

1 ആദിത്യചന്ദ്രാദികളെ ചമച്ചവനു സ്തോത്രം
ബോധിച്ചതെല്ലാം ക്ഷണത്തിൽ തികച്ചവനു സ്തോത്രം
ഏദൻ കാവിൽ ആദംഹവ്വായോടും പലവൃന്ദം
മോദമുടൻ സൃഷ്ടിചെയ്ത നാഥനെന്നും സ്തോത്രം

2 ആദി മനുഷ്യർ ചതിവിൽ ആയതിനെ കണ്ടു
ഭീതി ഭുവനത്തിൽ നിന്നുപോവതിനാ-യ്ക്കൊണ്ടു
വേദപരൻ-നീതി തികവാവതിനായ് പണ്ടു
ഖേദമൊഴിപ്പാൻ മരണം ജയിച്ചവനു-സ്തോത്രം

3 ബാലഗണമേ! വരുവിൻ ശീലമുടൻ കൂടി
കോലാഹല വാണികളായ് ഹാലേലുയ്യാ പാടി
ചേലൊടു പാരം വണങ്ങാൻ ഗീതഗണം തേടി
ഏലോഹീം പിതാസുതനാത്മാവിനെ സ്തുതിപ്പിൻ

4 ദൂതരെല്ലാം മോദമുടൻ നാഥനെക്കൊണ്ടാടി
സാദരം സിംഹാസനത്തിൻ നാലുചുറ്റും കൂടി
താതസുതാത്മാക്കൾക്കു നൽഗീതങ്ങളെ പാടി
ശോഭവസ്ത്രങ്ങൾ ധരിച്ചു കൂടുന്നതു മോടി

5 ശക്തിയാൽ ചരാചരങ്ങൾ ഒക്കെയും ഉണ്ടാക്കി
യുക്തിയാൽ തരാതരത്തിൽ എത്രയും നന്നാക്കി
ഭക്തിയായ് നടപ്പതിനു മാർഗ്ഗമൊന്നുണ്ടാക്കി
മുക്തിയിൽ നടത്തുന്ന ത്രിയേകനെന്നും സ്തോത്രം

(മോശവത്സലം)

## 105

ആദിതാളം

1 പരമപിതാവിനു സ്തുതിപാടാം-അവനല്ലോ ജീവനെ നൽകിടുന്നു
പാപങ്ങളൊക്കെയും ക്ഷമിച്ചിടുന്നു രോഗങ്ങളാകവെ നീക്കിടുന്നു- പരമ

2 ഇടയനെപോൽ നമ്മെ തേടി വന്നു- പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ സ്വന്തരക്തം നമുക്കേകിയതാൽ- പരമ

3 അമ്മയെപ്പോൽ നമ്മെ ഓമനിച്ചു അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനീയമേകിയവൻ-നിത്യമാം ജീവനും നൽകിടുന്നു- പരമ

4 കൂടുകളെക്കൂടെക്കൂടിളക്കി-പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ-നിലം പരിചായ്നാം നശിച്ചിടാതെ-പരമ

5 സ്തോത്രം ചെയ്യാം ഹൃദയംഗമമായ്-കുമ്പിടാം അവൻ മുമ്പിലാദരവായ്
ഹല്ലേലൂയ്യാ പാടാം മോദമോടെ-അവനല്ലോ നമ്മുടെ രക്ഷയിൻ പാറ-പര

(ചാക്കോ കുരുവിള)

## 106

ആദിതാളം

സ്തുതിച്ചീടുവിൻ കീർത്തനങ്ങൾ ദേവനു പാടിടുവിൻ
സ്തുതി ഉചിതം മനോഹരവും നല്ലതുമെന്നറിവിൻ

ദേവാധിദേവനീ പാരിൽ വന്നു പാപിയെത്തേടി വന്നു
വല്ലഭനായ് മരിച്ചുയിർത്തു ജീവിക്കുന്നു നമുക്കായ്

1 തിരുക്കരങ്ങൾ നിരത്തിവെച്ചു താരകങ്ങൾ ഗഗനേ
ഒരുക്കിയവൻ നമുക്കു രക്ഷാമാർഗ്ഗമതിന്നു മുന്നേ- ദേവാ

2 കണ്ടില്ല കണ്ണുകളീ കരുണയിൻ കരചലനം
കേട്ടില്ല മാനവരിൻ കാതുകൾ തൻവചനം- ദേവാ

3 ധ്യാനിക്കുവിൻ തൻകൃപകൾ പുകഴ്ത്തുവിൻ തൻക്രിയകൾ
മാനിതനാം തൻനാമ മഹിമകൾ വർണ്ണിക്കുവിൻ- ദേവാ

4 തലമുറയായവൻ നമുക്കു നല്ലൊരു സങ്കേതമാം
പലമുറ നാം പാടീടുക പരമനു സങ്കീർത്തനം ദേവാ

5 മനം തകർന്നോർക്കരുളുമവൻ കൃപയുടെ പരിചരണം
ധനം സുഖം സന്തോഷമെല്ലാം നമുക്കു തൻതിരുചരണം ദേവാ

(എം. ഈ. ചെറിയാൻ)

## 107

ഏകതാളം

ഞാനെന്നും സ്തുതിക്കും എൻ പരനെ തിരുമനുസുതനെ
ആനന്ദഗാനങ്ങൾ പാടിപ്പുകഴ്ത്തി ഞാനെന്നും സ്തുതിക്കും

1 പാപത്തിൻ ശാപത്തിൽ നിന്നും- എന്റെ
പ്രാണനെ കാത്തവനെന്നും
പാരിൽ തന്നൻപിനു തുല്യമില്ലൊന്നും- ഞാനെന്നും

2 നല്കിയവൻ രക്ഷാദാനം തന്നിൽ
കണ്ടു ഞാൻ ദൈവിക ജ്ഞാനം
തൻ പാദസേവയതെന്നഭിമാനം- ഞാനെന്നും

3 നിർത്തുക എന്നെ വിശുദ്ധി
തന്നിൽ നിത്യവും ഏറിവരുവാൻ
കർത്താനേ, കാക്കുക അന്ത്യമതോളം- ഞാനെന്നും

4 ആയിരം നാവുകളാലും
പതിനായിരം വാക്കുകളാലും
ഹാ ദിവ്യ സ്നേഹമവർണ്ണ്യമാരാലും- ഞാനെന്നും

5 നിത്യത തന്നിൽ ഞാനെത്തും-തന്റെ
സ്തുത്യപാദങ്ങൾ ഞാൻ മുത്തും
ഭക്തിയിലാനന്ദക്കണ്ണീർ ഞാൻ വീഴ്ത്തും- ഞാനെന്നും

# 108

ഏകതാളം

എന്നുള്ളമേ സ്തുതിക്ക നീ പരനെ തൻ
നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടിപ്പുകഴ്ത്താം

1 സുരലോകസുഖം വെടിഞ്ഞു -നിന്നെ
തേടിവന്ന ഇടയൻ -തന്റെ
ദേഹമെന്ന തിരശ്ശീല ചീന്തി തവ
മോക്ഷമാർഗം തുറന്നു- എന്നു

2 പാപരോഗത്താൽ നീ വലഞ്ഞു -തെല്ലും
ആശയില്ലാതലഞ്ഞു- പാരം
ക്ഷേണിടുമ്പോൾ തിരുമേനിയതിൽ നിന്റെ
വ്യാധിയെല്ലാം വഹിച്ചു- എന്നു

3 പല ശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ നിന്റെ
ഭാരമെല്ലാം ചുമന്നു- എന്നു

4 ആത്മാവിനാലെ നിറച്ചു
ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചീടും തവ
സ്നേഹമതിശയമേ- എന്നു

## 109

ആദിതാളം

സ്തുതിഗീതം പാടുക നാം
ഉയർത്തുക ജയനാദം

1 സ്തുതിക്കു യോഗ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
നമ്മെ സ്നേഹിച്ചു നമ്മെ വീണ്ടെടുത്തു
സ്വന്തജനമായ് തീർത്തതിനാൽ- സ്തുതി

2 രോഗിക്കു വൈദ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
സൌഖ്യം നൽകി താൻ -ശക്തിയേകിടും
എന്നും ആശ്വാസം പകരുമവൻ- സ്തുതി

3 സേനകളിൻ നായകൻ
സർവ്വശക്തൻ യഹോവ അവൻ
അവൻ മുമ്പിലും അവൻ പിമ്പിലും
നമ്മെ ജയത്തോടെ നടത്തിടുമെ- സ്തുതി

4 രാജാധിരാജനവൻ
സർവ്വശക്തൻ യഹോവയവൻ
സ്തുതി സ്തോത്രവും എല്ലാ പുകഴ്ചയും
അവനെന്നെന്നും ആ-മേൻ- സ്തുതി

## 110

"ശോകമേറും നാടൊന്നുണ്ടതു" എന്ന രീതി

1 ഒന്നുമില്ലായ്കയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ നിന്റെ
പുത്രനെ തന്നു രക്ഷിച്ചു നീ

നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും (2)

2 ഈ ലോകത്തിൽ വന്നേശു എന്റെ
മാലൊഴിപ്പാൻ സഹിച്ചു, ബഹു
പീഡകൾ സങ്കടങ്ങൾ പങ്ക-
പ്പാടുകൾ നീച മരണവും- നിൻ മഹാ

3 മോചനം വീണ്ടും ജനനവും-
നീച പാപിയെന്നിൽ വസിപ്പാൻ
നിന്നാത്മാവിന്റെ ദാനവും നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും- നിൻ മഹാ

4 അന്നവസ്ത്രാദി നന്മകളെ-
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ-
കൺമണിപോലെ കാക്കുന്നു നീ- നിൻ മഹാ

5 നാശമില്ലാത്തവകാശവും
യേശുവിൻ ഭാഗ്യസന്നിധിയും
നീതിയിൻ വാടാമുടിയതും
നിന്മക്കൾക്കു സ്വർഗ്ഗെ ലഭിക്കും- നിൻ മഹാ

## 111

'Praise my soul, the king of heaven'
H.F. Lyte 8.7.8.7.4.7 S.S.I

1 വാഴ്ത്തെന്റെ ദേഹി, സ്വർരാജനെ
കാഴ്ചവയ്ക്കു തൻ പാദെ
തന്നാൽ രക്ഷ, സുഖം, ക്ഷമ
നിന്നെപ്പോലാർ സ്തുതിക്കും
സ്തുതി ചൊൽക സ്തുതി ചൊൽക
നിത്യ രാജാ സ്തുതി ചൊൽ

2 പിതാക്കൾക്കാപത്തിൽ ചെയ്ത
കൃപകൾക്കായ് സ്തുതിക്ക
ഇന്നും ആശീർവദിക്കുന്ന
യഥാവാനെ സ്തുതിക്ക
സ്തുതി ചൊൽക, സ്തുതി ചൊൽക
വിശ്വസ്തതാപൂർണ്ണനായ്

3 പിതാവായ് താൻ നമ്മെ പോറ്റും
മർത്യൻ മണ്ണെന്നറിയും
നമ്മെ തൃക്കയ്യിൽ വഹിക്കും
ശത്രുവിൽ നിന്നു കാക്കും
സ്തുതി ചൊൽക, സ്തുതി ചൊൽക
വിസ്തീർണ്ണമാം കൃപയ്ക്കായ്

4 തൻമുഖം കാണും ദൂതരെ
സ്തുതി ചെയ്‌വാൻ തുണയ്ക്ക
സൂര്യചന്ദ്രാദി സൃഷ്ടിയെ
കുമ്പിടീന്നവൻ മുമ്പിൽ
സ്തുതിച്ചൊൽക സ്തുതിച്ചൊൽക
കൃപാലുവെ സ്തുതിക്കാം

# 112

## How sweet the name of Jesus sounds

John Newton CM S.S. 112

1 യേശു നാമം എത്ര ഇമ്പം
കേൾപ്പാൻ വിശ്വാസിക്ക്
എൻ ദുഃഖം ഭയവും പോക്കും
എൻ ആലസ്യം നീക്കും

2 ആത്മമുറിവിന്നൗഷധം
ഹൃദയേ ശാന്തത
ക്ഷീണിക്കുന്നോർക്കു വിശ്രമം
വിശക്കുകിൽ മന്നാ

3 ആ പാറമേൽ ഞാൻ പണിയും
ആ നാമം പരിച
ആഴമേറും കൃപാക്കടൽ,
ആർക്കും നൽ സമ്പത്തം

4 യേശു നാഥാ, എന്നിടയാ,
എന്നാചാര്യ ഗുരോ
എൻ ജീവൻ, വഴി, അന്തമേ,
എൻ സ്തുതി കേൾക്കണേ

5 അളവറ്റ നിൻ സ്നേഹത്തെ
നിവർന്നു ഘോഷിക്കും
നിൻ നാമമാം പുണ്യസ്വരം
നിത്യമാം എൻരക്ഷ

# ക്രിസ്തുമസ് ഗീതങ്ങൾ

## 113

'Carol sweetly carol'
F.J.V. Alstyne P.M

1 പാടിൻ ഇൻപഗീതം
ഇന്നൊരു ജാതനായ്
സദ്വിശേഷ നാദം
കൊണ്ടാടിൻ ലോകർക്കായ്
പാടിൻ ഇൻപഗീതം
ഇപ്പാരിൽ എങ്ങുമേ
കേട്ടു വീണ്ടും ഗീതം
പാടണം വേഗമേ
പാടിൻ ഇൻപഗീതം
പാടിൻ ഇന്നിമ്പമായ്
സദ്വിശേഷ നാദം
കൊണ്ടാടിൻ ലോകർക്കായ്

2 പാടിൻ ഇൻപഗീതം
സ്വർഗ്ഗീയ കീർത്തനം
പാടിൻ ജാതമോദം
രക്ഷണ്യകാരണം
പാടിൻ ഇൻപഗീതം
മഹത്വം കർത്തനും,
ശാന്തി, പ്രീതി താനും
നരർക്കുണ്ടാം എന്നും...പാടിൻ

3 പാടിൻ ഇൻപഗീതം
ക്രിസ്താവതാരനാൾ
കേൾക്കുന്നെങ്ങും നാദം
മണിഗണങ്ങളാൽ
പാടിൻ ഇൻപഗീതം
രക്ഷണ്യ സംഘമേ
ധ്യാനിച്ചേറെ ഗീതം
പാടിടിൻ ഉച്ചത്തിൽ....പാടിൻ

## 114

1 നരരോടതിസ്നേഹം പൂണ്ടു-പാരിടം തന്നിൽ വന്നൊരു
നരനായവതാരം ചെയ്തു നാരിയിൽ സൂനുവായി ജയമായ്
ദേവകുമാരനായി-രാജകുമാരനായി-
ബേതലഹേമിൻ ഗോശാലേ-നീതിസമ്പൂർത്തിയായ് വരുവാൻ

2 ജയമംഗളമായ വാർത്ത - ഭയം കൂടാതെ കൊണ്ടാടി
ഭക്തിയതേറ്റം കൂടി-മാലാഖമാർകൂടി പാടിയുടൻ
ആട്ടിൻകൂട്ടങ്ങൾ കാത്തു-കൂട്ടങ്ങളായി പാർത്ത
ആട്ടിടയർക്കറിവേകി- പെട്ടെന്നു രാവിൽ ദൂതനിദം

3 'നരരക്ഷകനായിന്നൊരു നിങ്ങൾക്കായ് പുൽക്കൂട്ടിൽ വന്നു
നരനായവതാരം ചെയ്തു-പോകുവിൻ കാണുവിൻ വേഗമഹോ!
ജീർണ്ണമായുള്ളോരാട- പൂർണ്ണമല്ലാതെ ചുറ്റി-
മാട്ടിൻതൊഴുത്തതിൽ കാണാം-കാൺമതനായ് പോയിക്കുമ്പിടുവിൻ'

## 115 Christians awake salute the happy morn

John Byrom 10s

1

ക്രൈസ്തവരേ വന്ദനയ്ക്കുണരിൻ
ക്രി-സ്തുകന്യാ ജാതം ചെയ്തനാളിൽ
ഭാഗ്യോദയം-അത്ഭുതമീസ്നേഹം
അ-ഗോചരമല്ലോ ഇതിൻ മർമ്മം
വാനേ ദൂതന്മാർ പാടി ഇതാദ്യം
മാനു-ഷ്യാവതാരംഘോഷിച്ചിവർ

2

കാവൽ കാക്കും ഇടയരും കേട്ടു
ദൈവദൂതസ്വരം, 'ഭയംവേണ്ടാ
നല്ലവാർത്ത - കൊണ്ടുവരുന്നു ഞാൻ
എല്ലാവർക്കുമുള്ളൊരു രക്ഷകൻ
ഇന്നു ജനിച്ചു' ദൈവവാഗ്ദത്തം
ഒന്നു പോലും പിഴയ്ക്കാ നിശ്ചയം

3

ദൂതഗണം ആകാശം മുഴക്കും
ഗീതം പാടി ആർത്തു 'ഉന്നതത്തിൽ
ദൈവത്തിനു മഹത്വം ഭൂമിയിൽ
ദൈവ-പ്രസാദമുള്ളോർക്കു സാമം'
വീണ്ടെടുപ്പിൻ സ്നേഹം ദൂതന്മാർക്കും
പാരം ആശ്ചര്യം ഗീതവുമത്

4

ആട്ടിടയർ ഓടി ബേത്‌ലെഹേമിനു
കുട്ടിയായ് പുൽത്തൊട്ടിയിൽ കണ്ടവർ
രക്ഷകനെ അമ്മയോടു കൂടെ
സൂക്ഷ്മം ദൂതവാക്യം എന്നറിഞ്ഞു
സാക്ഷിച്ചുണ്ടും അത്ഭുതകാഴ്ചയെ
ഘോഷിച്ചോരാദ്യം യേശുവെ ഇവർ

5

ക്രിസ്ത്മസ്സോരാം ആട്ടിടയരെപ്പോൽ
പ്രസ്താവിക്കാം സ്തോത്രസ്വരത്തോടെ
നമ്പ്രീതിക്കും ഈ ശിശുവിനെ നാം
തൊട്ടിതൊട്ടുക്രൂശോളം നോക്കികാൺ
നിഷ്ഠയോടെപിൻ-ചെല്ലിക്കൃപയാൽ
നഷ്ട-സ്വർഗ്ഗംവീണ്ടും പ്രാപിപ്പോളം

6

ഗീതംപാടാംരക്ഷയിൻ-മോദത്താൽ
ദൂതർ മദ്ധ്യേ നിലിക്കാംജയംകൊണ്ടു
ഇന്നു പിറന്നവന്റെ മഹത്വം
മി-ന്നുന്നുണ്ടല്ലോ നമ്മുടെ ചുറ്റും
നിത്യം പാടും രക്ഷപ്പെട്ടോർ സ്തുതി
നിത്യം-നാം സ്വർഗ്ഗീയരാജാവിനു

## 116

While shepherds watched

C.M

Nahum Tate S.S.33

1 ആട്ടിടയർ രാത്രികാലെ
കൂട്ടമായ് പാർക്കവെ
ദൈവദൂതൻ വന്നിറങ്ങി
ദിവ്യശോഭയോടെ

2 വേണ്ടാഭയംനിങ്ങൾക്കിപ്പോൾ
ലോകത്തിന്നൊരുപോൽ
സന്തോ-ഷം പ്രീതിചേർന്നിടും
വാർത്ത ചൊൽവേനിന്നു

3 ഇന്നിതാ നിങ്ങൾക്കായി
ക്രിസ്തുവാം രക്ഷിതാ
ബേത്‌ലഹേമിൽ ജാതനായി
ചിഹ്നമതിന്നിതാ

4 തുണികൊണ്ടും സ്വർഗ്ഗശിശു
ഹീനമാം ഗോശാലെ
ജീർണ്ണവസ്ത്രം മൂടി കാൺമൂ-
സാധുവാം ശൈശവെ

5 ഏവം ദൂതൻ ചൊല്ലും നേരം
ഹാ! വൻദൂതസംഘം
വന്നു-കൂടി ഭൂമിശോഭ
എങ്ങുമേ നിറഞ്ഞു

6 ഉരചെയ്താർ ഉന്നതത്തിൽ
ദൈവത്തിനു പാരം
മഹ-ത്വമത്യധികമായ്
ഭൂമിയിൽ ശാന്തിയും

## 117

ഏകതാളം

ദൈവത്തിൻ രാജ്യം സ്നേഹത്തിൻ
രാജ്യം....എന്നരീതി

പല്ലവി

അത്യത്ഭുതമേ അത്യത്ഭുതമേ
പാവന ദേവേശൻ
സുരപുരമീ-നരരുടെ പേർ.....
ക്കായ് വെടിഞ്ഞു -അത്യ

ചരണങ്ങൾ

1

മാട്ടിൻശാലയിൽ ശിശു അവതരിച്ചു
ആട്ടിടയർ സുരർ വാചകം കേട്ടു
കീറ്റുശീലകളിൽ രാജനെകണ്ടു-
ദേവേശൻ സുരപുരമീ

2

ലോകോദ്ധാരകൻ യേശു ജനിച്ചു
ലോകാധിപതിക്കാധാരമവൻ
ലോകത്തിൻവെളിച്ചം ഇരുളിറുറിച്ചു-
ദേവേശൻ....സുര...

3

പൂർവ്വദിഗ്വാസികൾ ശാസ്ത്രികൾ മൂവർ
ദൂരവെകണ്ടു താരക ശോഭ
കാരണം ഗ്രഹിച്ചു കാഴ്ചകൾ വച്ചു
ദേവേശൻ....സുര

4

മാനവനാഥൻ നീതിയിൻ സൂര്യൻ
കന്യക സുതനായ് വിശുദ്ധാത്മജനായ്
മനുഷ്യനായ് തീർന്നുവചനമാം ദൈവം
ദേവേശൻ... സുര

5

നാഥാ! താവകസന്നിധൗ ഞങ്ങൾ
ആദരവോടെ വണങ്ങിടുന്നു
ഈ ദൃഢസ്നേഹം നിത്യം ശ്ലാഘ്യം
-ദേവേശൻ സുര.....

(റവ. കെ. പി. ഫിലിപ്പ്)

## 118

ആദിതാളം

കൂടിടാം കൂടിടാം-എന്നമട്ട് (ബംഗാളി)

1 ജാതനായ് ജാതനായിന്നു-ലോക രക്ഷകനേശുമശിഹാ-
ഉന്നതൻ തൻ ആവിയതാൽ-ഉരുവായ്കന്യക മേരിയിൽ
അത്ഭുത ശിശുവിനെ കാണാൻ-വണങ്ങിടാൻ-
സ്തുതിച്ചിടാൻ ഒരുങ്ങിടാം വേഗം പോകാം

ലോകത്തിൻ-പ്രത്യാശ അവൻ മാത്രം
പാപത്തിൽ-നിന്നുദ്ധരിപ്പോൻ ഏകൻ
ആപത്തിൽ സ്ഥിരസങ്കേതമവൻ
ദൈവത്തിൻ പുത്രനു മഹത്വം സദാ-

2 പോയിടാം പോയിടാം നമുക്കു ബേതലേ ജനിച്ചു ദേവജാതൻ
ആകാശെ ഉദിച്ചുയർന്നതാരം ശോഭിച്ചു നാലുചുറ്റുപാടും
മൂവരാം ശാസ്ത്രജ്ഞന്മാർ കണ്ടു ബദ്ധപ്പെട്ടു
പൊന്നുമൂരുകുന്തുരുക്കം കയ്യിലേന്തി-

രാജൻമുമ്പിൽ കാഴ്ചവെയ്പാൻപോയി
ഹെരോദാവിൻ കൊട്ടാരത്തിൽ ചെന്നു
യൂദരാ-ജൻ ജന്മം എവിടെ?
ചോദിച്ചു-ഗ്രഹിച്ചു പോയി കുമ്പിട്ടു

3 പാടിടാം പാടിടാം എന്നും നിത്യരാജാവിനെ പുകഴ്ത്തിടാം
ആട്ടിടയർ കേട്ടു സുവാർത്ത-കർത്താവാം ക്രിസ്തു ജനിച്ചെന്നു
സ്വർഗ്ഗത്തിൽ ദൂതഗണംകൂടി -ഗീതംപാടി
ഉന്നതത്തിൽ ദൈവത്തിനു ഹാലേലൂയ്യാ-

ഭൂമിയിൽ - ദൈവപ്രീതിയുള്ളോർക്കു
ശാന്തിയു-ണ്ടാകട്ടെന്നവർ പാടി
ശീലകൾ-ചുറ്റി പശുത്തൊട്ടിയിൽ
കിടക്കും-കുഞ്ഞിനെ കാൺമാൻ പോയവർ

(റവ. കെ.പി. ഫിലിപ്പ്)

## 119

1 പാരിടം മംഗള ഗീതിയാൽ നിറഞ്ഞു
പാരിച്ച ആനന്ദ മാധുര്യം
ബേത്‌ലഹേം ആലയിൽ ദിവ്യപൈതലിനെ
ഭക്തിയോടെ നാം വീക്ഷിച്ചു

വാഴ്ത്തുന്നു സംഘമായ്
ദൂതന്മാർ വാനത്തിലിമ്പമായ്
ചേർന്നിടാം സാദരം ഗാനാഞ്ജലിയാലെ നാം
ചേലെഴും പാദങ്ങൾ വന്ദിക്കാം

2 മൂവരാം നൃപന്മാർ എത്തി സന്നിധിയിൽ
മൂകമായ് കാഴ്ചകൾ അർപ്പിച്ചു
നക്ഷത്രജാലങ്ങൾ നോക്കി പുഞ്ചിരിച്ചു
നവ്യമോദതരംഗം കാൺകയാൽ- വാഴ്ത്തുന്നു

3 സ്വർഗ്ഗീയ മാഹാത്മ്യം വിട്ടുതാണിറങ്ങി
സ്വന്തമാം മക്കളെ രക്ഷിപ്പാൻ
ജീർണ്ണമാം ശീലകൾ ഇതിൻ സാക്ഷികളായ്
ജീവിച്ചു മാതൃകാപാത്രമായ്-വാഴ്ത്തുന്നു

(സ്റ്റാൻലി ഹട്ടൻ)

## 120

ഏകതാളം

1 വാഗ്ദത്ത സമ്പൂർത്തിയായി തിരുവവതാരം തന്നായ്
തിരുവവതാരം എടുത്തു നരകുലനാഥൻ-
ഗോശാല തന്നിലൊരു-പുൽത്തൊട്ടിയിൽ ജാതം ചെയ്ത
പരിശുദ്ധ ദേവാത്മജനെ-അനുദിനം പാടി സ്തുതിപ്പിൻ
നരഗണം കൂടി വന്ദിപ്പിൻ-തിരുമലർ പാദം-

2 താലോലത്താരാട്ടതിനെ കേട്ടുറങ്ങിടാൻ-മാട്ടിടയിൽ
പള്ളികൊണ്ടിടാൻ- ആട്ടിടയരാൽ സ്തുതിയേല്പാൻ

മാലാഖമാർ കൂടി പാടിടാൻ-താരകത്തെ കണ്ടറിഞ്ഞീടാൻ
മന്നവരും കാഴ്ച നൽകീടാൻ-

രാജാവാചാര്യഗുരു-സ്ഥാനത്രയം ഏറ്റുലകിൽ
കന്യാസ്ത്രീ അമ്മ തന്റെ-നിർമ്മല കരങ്ങൾ തന്നിൽ
കന്മഷഹരൻ പരമലോകത്തിൻനാഥൻ ശിശുവായ്
മേവിയ നാമം ജപിച്ചാൽ-ഏവർക്കും മോക്ഷം
നിരന്തം ചേരും സൗഭാഗ്യം- വാഗ്ദത്ത

## 121

ഏകതാളം

1 സ്നേഹമാം ദേവാ! സ്വർഗ്ഗീയ താതാ!
അഹമഹമായവനേ!....യഹോവേ! ഇഹ പരിപാലകനേ!
ബഹുലമാം കൃപയാൽ തിരുഹിതമതിനാൽ
മഹിതലെ സുതനെത്തന്ന - ദേവേശാ! തവ പാദം കുമ്പിടുന്നേൻ-തവ

2 നാരിയിലുരുവായ് ബേതലേ ജനിച്ചു
പാരിടെ കൂരിരുൾ നീക്കിത്തന്നു-ആരിതു മാലോകരേ!-
വീരനാം ദൈവം നീതിയിൻ സൂര്യൻ,
ഇരുന്നവൻ വചനമായ് നി...ത്യകാലെ- തവ

3 'ഉന്നതേ മഹത്വം നരർക്കു സംപ്രീതി
മന്നിടെ ശാന്തി' എന്നുംപാടുന്നു-വിണ്ണിലെ മാലാഖമാർ-
മണ്ണിലെ ജനത്തിൻ പാപങ്ങളഖിലം
മന്നിപ്പാൻ വന്നവനായ നാഥാ!- തവ

4 പ്രാണനാഥാ! നീ താണിഹ വന്നു
ക്ഷോണിയെ വീണ്ടെടുത്ത മാസ്നേഹം കാണുന്നു ദോഷിയാം ഞാൻ-
താണുവണങ്ങി നമിച്ചിടുന്നടിയാൻ
പാണിയിൽ താങ്ങണമേ.....കൃപാലോ!- തവ

(റവ. കെ. പി. ഫിലിപ്പ്)

## 122

പുന്നാഗവരാളി- ആദിതാളം

പല്ലവി

രാജരാജ ദൈവരാജൻ-യേശു മഹാ രാജൻ താൻ
നീച നീച മാനവരിൽ ജാതനായ് ഭവിച്ചിന്നാൾ

ചരണങ്ങൾ

1 രാജനാം ദാവീദിൻ വംശേ.....ജാതയായ കന്യകയിൽ
ദാസവേഷമോടു വന്നു-ജാതി പാലനം ചെയ്‌വാൻ രാജ

2 ഭീതി മാനുഷർക്കകന്നു....മോദ പൂർത്തിയാകുവാൻ
നീതിമാൻ മശിഹാ വന്നു-മേദിനിയിൽ ബേത്‌ലഹേം- രാജ

3 കാനനത്തിലാടുമേച്ച... ജ്ഞാനമറ്റിടയരോടു
വാനസേന കൂടിവന്നു...ഗാനമോതി പാടുവാൻ- രാജ
4 താരകം തൻ ശോഭ കണ്ടു-പൂർവ്വദേശരാജരും
മൂരു പൊന്നു കുന്തുരുക്കം-കാഴ്ച വെച്ചു കാണുവാൻ- രാജ
5 നാരിയിൽ പിറന്ന ദേവ-നേറെ വേദന സഹിച്ചു
പാരിടത്തിൽ വന്നു ചത്തുയിർത്തു വിസ്മയം പരം... രാജ

(മോശവത്സലം)

## 123

ആദിതാളം

പല്ലവി

അതിമംഗല കാരണനേ!
സ്തുതി തിങ്ങിയ പൂരണനേ!-നര

അനുപല്ലവി

വാഴുവാൻ വിൺതുറന്നൂഴിയിൽ പിറന്ന
വല്ലഭ താരകമേ!

ചരണങ്ങൾ

1 മതി മങ്ങിയ ജ്ഞാനികളേയും വിധി തിങ്ങിയോർ തങ്ങളേയും നിന്റെ
മാ മഹത്വം ദിവ്യ ശ്രീത്വവും കാട്ടുവാൻ വന്നോ വല്ലഭനേ- അതി
2 മുടി മന്നവർ മേടയേയും - മഹാ ഉന്നത വീടിനേയും - വിട്ടു
മാട്ടിടയിൽ പിറന്നാട്ടിടയർ തൊഴാൻ വന്നുവോ ഈ തറയിൽ - അതി
3 തങ്കക്കട്ടിലുകൾ വെടിഞ്ഞു - പശുത്തൊട്ടിയതിൽ കിടന്നു - പാരം
കാറ്റും മഞ്ഞും പ്രയാസങ്ങളുമേറ്റു വൻ കഷ്ടം സഹിച്ചുവോ! നീ!- അതി
4 ദുഷ്ട പേയ് ഗണം ഓടുവാനും - ശിഷ്ടർ വായ് ഗണം പാടുവാനും - നിന്നെ
പിന്തുടരുന്നവർ തുമ്പമെന്യേ വാഴാൻ ഏറ്റനിൻ കോലമിതോ?- അതി
5 എല്ലാ പാപങ്ങളുമകലാൻ - ജീവദേവവരം ലഭിപ്പാൻ - ഈ നിൻ
പാങ്ങെന്യേ മാനുഷ്യ പുംഗവാ! നിന്തിരുമേനിക്കു കണ്ടീലയോ! - അതി

(ഡേവിഡ് ഐസക്)

## 124

ഏകതാളം

1

നരർ രക്ഷപെടുവാൻ തിരുജീവൻ
വെടിവാൻ
ധരണിയിൽ യേശു ദേവൻ-
വന്നാൻ വന്നാൻ... നെഞ്ചെ ധരണി

2 വാനത്തിൻ രാജൻസേനകൾക്കീശൻ
ജ്ഞാനസൽഗുരുനാഥൻ
വന്നാൻ വന്നാൻ- നെഞ്ചെ ധരണി

3 ദൈവപിതാവിൻ ദിവ്യകുമാരൻ
ഭുവിൽ തൻഹിതം ചൊല്ലാൻ
വന്നാൻ വന്നാൻ- നെഞ്ചെ ധരണി

4
മൃത്യുള്ളില്ലാത്തോൻ നിത്യനുമായോൻ
മർത്യനായ് പാരിടത്തിൽ
വന്നാൻ വന്നാൻ- ഒന്നാകെ ധരണി!

5
ശാപങ്ങൾതീർപ്പാൻ- വാഴ്‌വെങ്ങും
ചേർപ്പാൻ
ദേവൻ മനുഷ്യനായി
വന്നാൻ വന്നാൻ- ഒന്നാകെ ധരണി!

6
ആശയ്ക്കു യോഗ്യൻ
യേശു എൻപ്രിയൻ
മോശനാശങ്ങൾ തീർപ്പാൻ
വന്നാൻ വന്നാൻ- ഒന്നാകെ ധരണി!

(മോശവത്സലം)

## 125

ആഹരി - ആദിതാളം

1 അത്ഭുതമേ! യേശുനാഥാ! അത്യുന്നതദൈവസുതാ! സ്വാമീ! ഭവാൻ
അടിമയെപ്പോൽ പുൽക്കൂട്ടിൽ അവതരിച്ചതതിശയമേ നാഥാ

2 ആർക്കും അടുപ്പാൻ അരുതാം ആനന്ദമോക്ഷമഹിമ എല്ലാം-ഭവാൻ
ആകവെ വിട്ടിങ്ങുവന്നു യാചകനെപ്പോലുദിച്ചോ? നാഥാ!

3 ഉന്നതാ! മഹേശ്വരനേ ഉൾക്കരുണ ഏറിയതാലല്ലോ-ഭവാൻ
ഉള്ള പ്രഭാവം വെടിഞ്ഞു പുല്ലിലുറങ്ങാൻ തുനിഞ്ഞു നാഥാ!

4 എണ്ണമെന്യേ ദൂതസംഘം എന്നും നിന്നെ കീർത്തിച്ചല്ലോ-സ്വാമീ! ഭവാൻ
എങ്ങും വ്യാപി ആയിരിക്കെ എന്നപ്പോൽജഡം ധരിച്ചോ നാഥാ!

5 ഓടിവന്നോ! എൻനിമിത്തം ഓർത്തലിഞ്ഞോരെന്മനമെൻ സ്വാമി! ഭവാൻ
ഒരു അടിമപോൽ നിലത്തിൽ ഓമനയില്ലാതെ പള്ളികൊണ്ടോ!

(മോശവത്സലം)

## 126 Tune-Here We suffer

1 യേശു ഇന്നുജനിച്ചു ദൈവം അവതരിച്ചു
നമ്മെ രക്ഷിച്ചീടാൻ

ദൈവത്തിനു സ്തോത്രം സ്തോത്രം, സ്തോത്രം, സ്തോത്രം
ദൈവത്തിനു സ്തോത്രം - നാമെല്ലാരും പാടണം

2 ദാവീദിന്റെ ഗ്രാമത്തിൽ-ബേത്‌ലഹേം നഗരത്തിൽ
യേശു ഭൂജാതനായ് - ദൈവത്തിനു....

3 ദൈവദൂതന്മാർ വന്നു ലോകരോടറിയിച്ചു
ഈ സുവിശേഷത്തെ - ദൈവത്തിനു.....

4 ദൈവത്തിന്നു മഹത്വം-മർത്യരിൽ പ്രസാദവും
സമ്പൂർണ്ണമായ് വന്നു-ദൈവത്തിനു...

5 യൂദന്മാരഖിലവും ശേഷം സർവ്വ ജനവും
ഐക്യമായ് പാടണം - ദൈവത്തിനു-

## 127 When Christ was born P.M

1 ബേത്‌ലഹേം നൽ നഗരിയിൽ യേശു - ക്രിസ്തു ജനിച്ചനാൾ
ദൂതഗണങ്ങൾ ഘോഷിച്ചു - 'ഉന്നതത്തിൽ മ-ഹ-ത്വം'

ഉന്നതത്തിൽ മഹത്വം-ഉന്നതത്തിൽ മഹത്വം
ഉന്നതത്തിൽ മഹത്വം- 'ഉന്നതത്തിൽ മഹത്വം'

2 ആട്ടിടയർ കണ്ടവരാം പ്രഭ ചേർന്ന വാനഗണം
യേശു പിറന്നെന്നു ചൊല്ലി - 'ഉന്നതത്തിൽ മഹത്വം'

3 ദൈവവാക്യം ചൊന്നപോലെ ഏവ-രെയും രക്ഷിച്ചീടാൻ
യേശു മഹാരാജൻ വന്നു- 'ഉന്നതത്തിൽ മഹത്വം'

4 നിൻ കൃപ വേണം കർത്താവേ! നിൻമു-ഖം കണ്ടെന്നും സ്വർഗ്ഗ
തിരുമുമ്പിൽ അൻപായ് പാടുവാൻ - 'ഉന്നതത്തിൽ മഹത്വം'

## 128 O come all ye Faithful S.S. 31

1 വിശ്വാസികളേ! വാ തുഷ്ട മാനസരായ്
വന്നിടുക വാ, നിങ്ങൾ ബേത്‌ലഹേമിൽ
വാ, വന്നു കാൺമിൻ ത്രിവിഷ്ടപരാജൻ!

ഹാ! വേഗം വന്നു പാടിൻ
ഹാ! വേഗം വന്നു വാഴ്ത്തിൻ
ഹാ! വേഗം വന്നു വാഴ്ത്തിൻ - കർത്താവേ

2 ദേവാധിദേവൻ ശ്രീയേശു കർത്താവ്
ഈ ലോകെ വന്നുദിച്ചു കന്യകയിൽ
രാജാധിരാജൻ, സൃഷ്ടിയല്ല ജാതൻ- ഹാ! വേഗം

3 മാലാഖമാരോടു ഒത്തുകൂടി പാടിൻ
സ്വർലോകനിവാസികളേ പാടിൻ
മഹോന്നതത്തിൽ ദൈവത്തിനു സ്തോത്രം- ഹാ! വേഗം

4 ഈ ഭൂമിയിൽ ജാതൻ പ്രഭയേറും രാജൻ
ഈശോതമ്പുരാന്നു സ്തോത്രം പാടിൻ
പാരിലുള്ളോരേ! വന്ദനം കരേറ്റിൻ- ഹാ! വേഗം

## 129 Hark the herald angels sing

Charles Wesley 7.7.7.7.D S.S. 30

1 കേൾക്ക ദൂത സങ്കീർത്തനം - ക്രിസ്തുജാതഘോഷണം
ഭൂമൌ ശാന്തി സന്തോഷം - ആദമിൻ പാ-പിൻ ഉണ്ടായി
ആനന്ദിപ്പിൻ മർത്യരേ - ഭാഗമായ് വാനദൂതർ-
യേശു ഇന്നു ഭൂജാതൻ - എന്നു ലോകം ആർക്കുന്നു
കേൾക്ക ദൂത സങ്കീർത്തനം - ക്രിസ്തുജാതഘോഷണം

2 വാനദൂതരാൽ എന്നും - മാന്യനാം ഈ ക്രിസ്തേശൻ
പാർത്തലേ കന്യകയിൽ - മൂർത്തിയായി ജനിച്ചു
മാനമായിപ്പാടുവിൻ - മാനവാവതാരത്തെ
ക്ലേശം തീർത്തു രക്ഷിക്കും - ഈശനാം ഇമ്മാനുവേൽ- കേൾക്ക

3 ശാലേമിൻ പ്രഭോ! വാഴ്ക വാഴ്ക നീതിസൂര്യാ! നിൻ
ശോഭ ജീവൻ നൽകുമേ-രോഗശാന്തി സർവർക്കും
മാനമാകെ വിട്ടഹോ മർത്യഭാഗ്യം തേടുവാൻ
മൃത്യുഹാരം ചെയ്യുവാൻ ജാതൻ ആയി പാരിടേ- കേൾക്ക

4 യേശു! ലോകമോഹിതാ! വാസമാക ചേതസി
വേഗം ഏക നൽവരം - നാശശക്തി പോക്കുവാൻ
ശാപദോഷം തീർത്തു നീ വാഴ്ക! വാഴ്ക! മാനസേ
പൂർണ്ണമായ വിശ്വാസം - ദാനം ചെയ്ക സർവദാ- കേൾക്ക

## 130

(യേശുവിൻ തിരുപാദത്തിൽ - എന്ന രീതി)

1 യേശുവിൻ ജനനത്തെ നാം - പാടി സന്തോഷിക്ക
ആശയോടു തൻ ദാസർ നാം - ആനന്ദിച്ചീടുക

യേശുവിന്നവതാരം...തീർത്തു ഭയാധികാരം
കൂടുകനാം പാടുകനാം...ബഹു സന്തോഷമേ

2 വാനസേനകൾക്കീശൻ താൻ മർത്യരെ സ്നേഹിച്ചു
വാനവർ ഗാനമോദങ്ങൾ - ആകെയുപേക്ഷിച്ചു
ഹീനമാനുഷവേഷം - പൂണ്ടു വന്നു സന്തോഷം- കൂടുകനാം

3 പൂർണ്ണ മനുഷ്യസൂനുവായ് - പർണ്ണകശാലയിൽ
ജീർണ്ണവസ്ത്രമണിഞ്ഞോനായ് - മാതൃമടിയതിൽ
കാണും ശിശുവിനെ നാം - താണുവണങ്ങിടേണം- കൂടുകനാം

4 മർത്ത്യരെയെല്ലാം പാപത്തിൽ നിന്നും രക്ഷിക്കുവാൻ
സത്യവചനം ലോകത്തിൽ - മർത്ത്യനായ് വന്നഹോ-
ഭൂതഗണങ്ങളാകെ - ഭീതി പൂണ്ടവരോടും
കൂടുക നാം പാടുക നാം ശത്രുക്കൾ തോറ്റു പോയ്- കൂടുകനാം

(പി. വി. തൊമ്മി)

## 131

ആദിതാളം

1 മഹിയിൽ മാനുഷവേഷമെടുത്തു പുൽക്കൂട്ടിൽ മാന-
രഹിതനായ് പിറന്നൊരു മനുവേലാ!
മതിമുഖി കുലമണി - മണിയാകും മറിയാമ്മി-
ന്നരുമനന്ദനനാകും അനുകൂലാ!

2 തവ മൃതിയതുമൂലം കനിവിഷം ഹനിച്ചോനേ!
ചരണ നീരജദ്വയം ശരണമമ
വരണമെനിക്കു തുണ - തരണം ദുരിതഹര!
രുധിരം നരർക്കു വേണ്ടി - ചൊരിഞ്ഞോനേ!

3 സുരുചിരവിലോചന!...സുധികുല സുഖകര!
സുമധുരതരരൂപാ! സുരപാലാ!
സുരവര! സുലളിത! സുമമുഖ! മനസിമമ
സുചിരം വിലസിടുക-സുകൃതാത്മൻ!

# ഹോശാനാ ഞായറാഴ്ച

## 132

ഊശേനി - ആദിതാളം

1 മറുദിവസം മറിയമകൻ യറുശലേമിൽ വരുന്നുണ്ടെന്നു
അറിഞ്ഞു ബഹു ജനമവനെ എതിരേല്പാൻ പുറപ്പെട്ടുപോയ്

2 ഈത്തപ്പന കുരുത്തോലകൾ ചേർത്തു കൈയിൽ എതിരേറ്റു
ചീർത്താമോദം പൂണ്ടവനെ വാഴ്ത്തി മഹാനന്ദത്തോടെ

3 മന്നവനാം ദാവീദിന്റെ നന്ദനനു ഹോശന്നാ!
ഉന്നതങ്ങളിൽ ഹോശന്നാ എന്നട്ടഹാസിച്ചു ചൊല്ലി

4 കർത്താവിന്റെ തിരുനാമത്തിൽ വരും ഇസ്രായേലിൻ രാജാവു
വാഴ്ത്തപ്പെട്ടോനാകയെന്നു ആർത്തവർ കീർത്തിച്ചീടിനാർ

5 കഴുതക്കുട്ടി കണ്ടിട്ടേശു കയറിയതിന്മേലിരുന്നു
അരുതു ഭയം നിനക്കേതും പരമ സീയോൻ മലമകളേ

6 കണ്ടാലും നിന്മഹിപൻ കഴുതക്കുട്ടിപ്പുറത്തു കേറി-
ക്കൊണ്ടു വരുന്നെന്നെഴുതീട്ടുണ്ടതുപോൽ നിവൃത്തിവന്നു

7 പരമനോടു കൂടെ വന്ന പുരുഷാരം മുൻ നടന്നു
മരിച്ചവനാം ലാസറിനെ ഉണർത്തിയവൻ നാലാം ദിനം

8 എന്നു സാക്ഷിപകർന്നിരുന്നാരെന്നതു കേട്ടുടൻ ജനങ്ങൾ
വന്നു മഹാനന്ദത്തോടെ മന്നവനെ എതിരേറ്റു

9 അരിശം പൂണ്ടു പരീശർ തമ്മിൽ പറഞ്ഞു നമുക്കൊരു ഫലവും
വരുന്നില്ലെന്നു കണ്ടോ ലോകം അവനോടിതാ ചേർന്നു പോയി

10 അഴകിയൊരു മണവാളനേ! കഴലിണയെ കരുതി വന്ന
അഴുകിയാളാം പുഴുവാമെന്നെ കഴുകി നിന്റെ കാന്തയാക്ക

(യുസ്തുസ് യൗസേഫ്)

## 133

ഊശേനി - ആദിതാളം

പല്ലവി

ശാലേമിൻ അധിപതി വരുന്നതിനെ - കണ്ടു-
സീയോൻ മലയിൽ ബാലർ സ്തുതിച്ചീടുന്നു!

അനുപല്ലവി

കർത്താവിൻ നാമത്തിൽ വരുന്നവനു സ്തുതി-
നിത്യം ഭവിക്കട്ടെ ഹോശന്നാ ആമേൻ!

ചരണങ്ങൾ

1 കുട്ടിയാം ഗർദ്ദഭത്തിന്മേൽ യേശു തമ്പുരാൻ - ഉപ
വിഷ്ടരാം ശിഷ്യരോടെഴുന്നരുളി വന്നു
വെട്ടിയങ്ങു പച്ചിലകൾ യൂദഗണങ്ങൾ - പലർ
റോഡുകൾ നെടുകെ വാരി വിതറി നിന്നു- ശാലേ

2 ലക്ഷോപലക്ഷം ദൂതർ നിരന്നു നിന്നു - തന്റെ-
മോക്ഷാസനത്തിൻ ചുറ്റും പാടി വന്നു
രക്ഷിതരാം ബാലഗണം കൂടിനിന്നു - തന്നെ
രക്ഷിതാവെന്നാർത്തിടുന്നു മോടിതന്നെ!- ശാലേ

3 കോലാഹലമായ് യേശു മഹിപതി താൻ - ബഹു-
മാലോകരോടു ദൈവാലയത്തിൽ ചെന്നു
ചേലൊടെഴുന്നരുളീ അവൻ വരവെ - പലർ
മേലങ്കികളെ വഴിയതിൽ വിരിച്ചു! ശാലേ

4 കൂട്ടമായ് തിരുസുതനു നാമെല്ലാരും - ഇന്നു
പാട്ടുകൾ പാടണം തന്റെ കരുണ കൊണ്ട്
കൊട്ടണം തംബുരുവോടും താളങ്ങളോടും - വഴി
കാട്ടണം പലരും തന്നെ സ്തുതിച്ചീടുവാൻ ശാലേ

(മോശവത്സലം)

## 134 All glory laud

Theodulph 7.6.7.6.D

മാനം മഹത്വം, സ്തോത്രം
നിനക്കു രക്ഷകാ!
ശിശുക്കൾ നിന്നെ വാഴ്ത്തി
ഹോശാന ആർത്തവർ

1 യിസ്രായേൽ രാജൻ നീയേ
യിശായി വംശജൻ
കർത്താവിൻ ക്രിസ്തു! വാഴ്ക
വാഴ്ത്തുന്നെങ്ങൾ നിന്നെ - മാനം

2 മാലാഖാവൃന്ദം നിന്നെ
മേലോകെ വാഴ്ത്തുന്നു
മർത്യരും സൃഷ്ടി സർവ്വം
കീർത്തിക്കുന്നങ്ങുമേ-മാനം

3 നിൻമാർഗ്ഗേ കുരുത്തോല
അങ്കിയും ഇട്ടവർ
യാചന, സ്തോത്രം, നിൻ മുൻ
ഈ ജനം അർപ്പിച്ചു -മാനം

4 നിൻ കഷ്ടനാൾ മുൻ യൂദർ
പുകഴ്ത്തി പാടിനാൽ
അത്യുന്നതനാം നിന്നെ
വാഴ്ത്തുന്നിന്നെങ്ങളും- മാനം

5 കൈക്കൊണ്ടു നീ ആ സ്തുതി
കേൾക്കേണമേ യാചന
സർവ്വ നന്മയിൻനാഥാ!
കൃപാലോ! രാജാവേ! മാനം

## 135

ആദിതാളം

പല്ലവി

ഹോശന്നാ! മഹോന്നതനാം യേശുമഹാ-രാജനെന്നും
ഹോശന്നാ കർത്തനുടെ വിശുദ്ധ നാമത്തിൽ വരുന്നവനു സദാ

ചരണങ്ങൾ

1 യറുശലേം - നഗരിയതിൽ - വരുന്നു മഹാ-രാജനെന്നു
അറിഞ്ഞതിനാൽ ബഹുജനങ്ങൾ ഒരുങ്ങിവന്നാരചനെയതിരേല്പാൻ
2 ആൺകഴുതക്കുട്ടിയിന്മേൽ - ആടകളെ വിരിച്ചു ശിഷ്യർ
ആയവനെ ഇരുത്തിക്കൊണ്ടു - ആടിപ്പാടി സ്തുതിച്ചവർ നടന്നിടുന്നു-
3 മേലങ്കി-കളെ വഴിയിൽ - അലംകൃതമായ് - പലർ വിരിച്ചു
മാലോകർ- വഴിനീളെ - ശാലേമിന്നധിപതിയെ വാഴ്ത്തിടുന്നു-
4 കുരുത്തോല - പിടിച്ചു ചിലർ - ഗുരുവരനെ - സ്തുതിച്ചീടുന്നു
മരങ്ങളിൽ നി- ന്നിളംകൊമ്പുകൾ - വിരവൊടു വെട്ടിചിലർ വിതറിടുന്നു
5 പുരുഷാരം - അസംഖ്യമിതാ - നിരനിരയായ് നടന്നിടുന്നു.
ഒരു മനസ്സോ-ടതികുതുകാൽ-അരചനെ സ്തുതിച്ചവർ പുകഴ്ത്തിടുന്നു-
6 പരിചോടു - ബാലഗണം പരിശുദ്ധനെ പുകഴ്ത്തിടുന്നു-
പരീശരെല്ലാം - അതിശം പൂണ്ടു - പരിശ്രമിച്ചിടുന്നതു മുടക്കിടുവാൻ-
7 ആർത്തമോദത്തോടിന്നു നാം വാഴ്ത്തിടുക - പാർത്ഥിവനെ
കീർത്തിക്ക നാം - തിരുനാമം - പാർത്തലത്തിലനുദിനം മോദമോടെ-

(പി. വി. തൊമ്മി)

# ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും

## 136

പുന്നാഗവരാളി - മുറിയടന്ത

പല്ലവി

പരതനയനാകും
യേശുമഹേശനേറ്റവും
പരിശ്രമിച്ചും വലഞ്ഞും-
വ്യസനപ്പെട്ടും തുടങ്ങി

ചരണങ്ങൾ

1 മരണാവശതയുമെന്റെ
മഹി മഹാദുഃഖത്തിൽ
മരുവുമെന്നോടു കൂടെ-
നിങ്ങളുണർന്നിരിപ്പിൻ- പര

2 എന്നവരോടു ചൊല്ലി-
മുന്നോട്ടല്പം ചെന്നുടൻ
മണ്ണിൽ മുഖംകവിണ്ണു-
വീണു പ്രാർത്ഥിച്ചാനേശു- പര

3 കഴിയുമെന്നാലാനേരം
ഒഴിഞ്ഞു നീങ്ങിപ്പോകേണം
കഴിയുമേ നിന്നാലെല്ലാം-
അബ്ബാ! പിതാവേ! താതാ! പര

4 ഇപ്പാനപാത്രമെന്നിൽ-
നിന്നു നീക്കിക്കൊള്ളുക
അബ്ബാ! പിതാവേ! പരി-
ശുദ്ധനാകും ദൈവമേ! പര

5 എന്നാലുമെന്നിച്ഛയിൽ-
വണ്ണമല്ല പിതാവേ!
നിന്നിച്ഛയിൽ വണ്ണമാ-
കുന്നതു നല്ലതെന്നാൻ- പര

6 വാനിൽ നിന്നൊരു ദൈവ-
ദൂതനേശു നാഥന്
കാണായ് വന്നിതന്നേരം-
അവനെ ശക്തിപ്പെടുത്താൻ... പര

7 അത്യാസന്നസ്ഥിതിയി-
ലായിവരൊരളവിൽ
അത്യന്തശ്രദ്ധയോടെ
പ്രാർത്ഥിച്ചാൻ യേശുദേവൻ- പര

8 തിരുമേനിയിൽ നിന്നയ്യോ!
കറയില്ലാത്ത വിയർപ്പു
തറയിൽ വീണു വലിയ
ചോരത്തുള്ളികൾ പോലെ- പര

9 ഇപ്പാടുകളേല്പതി-
ന്നിപ്പാപിയല്ലോ ഹേതു
ഇപ്പുണ്യത്തിന്നീടാമോ!
ഇപ്പുഴു നിന്നടിമ- പര

(യുസ്തൂസ് യൗസേഫ്)

## 137

ആദിതാളം

ദേവേശാ! യേശുപരാ! ജീവനെനിക്കായ് വെടിഞ്ഞോ?
ജീവനറ്റപാപികൾക്കു - നിത്യജീവൻ കൊടുപ്പാനായ് നീ മരിച്ചോ?

1 ഗതശമന പൂവനത്തിൽ അധികഭാരം വഹിച്ചതിനാൽ
അതിവ്യഥയിൽ ആയിട്ടും താതനിഷ്ടം നല്ലോനായനുസരിച്ചോ?

2 അന്നാസിൻ അരമനയിൽ മന്നവാ! നീ വിധിക്കപ്പെട്ടു
കന്നങ്ങളിൽ കരങ്ങൾകൊണ്ടു മന്നാ! നിന്നെ അടിച്ചവർ പരിഹസിച്ചു

3 പീലാത്തോസെന്നവനും വിലതിച്ചു കുരിശേല്പിച്ചു
തലയിൽ മുള്ളാൽ മുടിയുംവച്ചു പലർ പല പാടുകൾ ചെയ്തു നിന്നെ-

4 ബലഹീനനായ നീയും വലിയ കൊലമരം ചുമന്നു
തലയോടിട മലമുകളിൽ അലിവില്ലാതയ്യോ! യൂദർ-നടത്തി നിന്നെ

5 തിരുക്കരങ്ങൾ ആണികൊണ്ടു-മരത്തോടു ചേർത്തടിച്ചു
ഇരുവശത്തും കുരിശിതമാം ഇരുകള്ളർ നടുവിൽ നീ മരിച്ചോ പരാ?

6 കഠിനദാഹം പിടിച്ചതിനാൽ കാടി വാങ്ങാനിടയായോ?
ഉടുപ്പുകൂടിചീട്ടിട്ടു ഉടമ്പും കുത്തിത്തുറന്നോ-രുധിരം ചിന്താൻ?

7 നിൻ മരണം കൊണ്ടെന്റെ-വൻനരകം നീ അകറ്റി
നിൻമഹത്വം തേടിയിനി എൻ കാലം കഴിപ്പാൻ കൃപ നൽകണമേ!

(പി. വി. ജോസഫ്)

## 138

ഏകതാളം

1

അയ്യയ്യോ! മഹാ ആശ്ചര്യം ഇതയ്യോ
യേശുദേവൻ, പ്രിയനാഥൻ
നിൽക്കുന്ന ഭാവത്തെ നോക്കി..
ചിന്തചെയ്വിൻ

2

പുഴുവാം പീലാത്തോസിൻ മുമ്പിലിതാ
പുണ്യനാഥൻ - പൂർണ്ണദേവൻ
നില്ക്കുന്ന ഭാവത്തെ നോക്കി..

3

ആടുപോൽ-അനങ്ങാതെപൊന്നുമയോൻ
പാടുനേടാൻ-നമ്മെനേടാൻ
നില്ക്കുന്ന ഭാവത്തെ നോക്കി...

4

തിരുവുൾ-ഇരിപ്പെന്തിതാർക്കറിയാം
ദേവരാജൻ ഭൂവിൻ നാഥൻ-
നിൽക്കുന്ന ഭാവത്തെ നോക്കി..

5

ജഗത്തിൻ - പാപഭാരത്താൽ തേങ്ങി
സ്വർഗ്ഗനാഥൻ-ഉൾക്കലങ്ങി-
നിൽക്കുന്ന ഭാവത്തെ നോക്കി..

6

നിനക്കായ്-കേൾക്ക കല്ലാം പാപി നെഞ്ചേ!
നിർമ്മലൻ താൻ-നിത്യദേവൻ!
നിൽക്കുന്ന ഭാവത്തെ നോക്കി..

(മോശവത്സലം)

## 139

ആനന്ദഭൈരവി - ആദിതാളം

പല്ലവി

ദേവ ദേവനന്ദനൻ - കുരിശെടുത്തു
പോകുന്നു കാൺമിൻ പ്രിയരേ!

അനുപല്ലവി

കാവിലുണ്ടായ ശാപം - പോവാനിഹത്തിൽ വന്നു
നോവേറ്റു തളർന്നയ്യോ! ചാവാനായ് ഗോൽഗോഥാവിൽ- ദേവ

ചരണങ്ങൾ

1 പരമപിതാവിനുടെ തിരുമാർവ്വിലിരുന്നവൻ
പരമഗീതങ്ങൾ സദാ - പരിചിൽ കേട്ടിരുന്നവൻ
പരദ്രോഹികളാകും - നരരിൽ കരളലിഞ്ഞു
സർവ്വമഹിമയും വി-ട്ടുർവ്വിയിങ്കൽ വന്നയ്യോ!- ദേവ

2 കുറ്റമറ്റവൻ കനി-വറ്റ പാതകനാലേ
ഒറ്റപ്പെട്ടു ദുഷ്ടരാൽ - കെട്ടി വരിയപ്പെട്ടു
ദുഷ്ടകൈകളാലടി- -പെട്ടുഴുത നിലംപോൽ
കഷ്ടം! തൻ തിരുമേനി--മുറ്റും ഉഴന്നുവാടി- ദേവ

3 തിരുമുഖാംബുജമിതാ അടികളാൽ വാടിടുന്നു
തിരുമേനിയാകെ ചോര-തുടുതുടെ ഒലിക്കുന്നു
അരികളിന്നരിശമോ... കുറയുന്നില്ലല്പവുമേ
കുരിശിൽ തറയ്ക്കയെന്നു-തെരുതെരെ വിളിക്കുന്നു- ദേവ

4 കരുണ തെല്ലുമില്ലാതെ-അരികൾ ചുഴന്നുകൊണ്ട്
ശിരസ്സിൽ മുൾമുടി വെച്ചു-തിരുമുഖം തുപ്പി മാര-
ക്കുരിശതെടുപ്പിച്ചയ്യോ-കരയേറ്റിടുന്നിതാ കാൽ-
വറി മലയിങ്കൽ തന്നെ-കുരിശിച്ചീടുവാനായി- ദൈവ

5 കുറ്റമറ്റവൻ പാപ-പ്പെട്ടവൻ പോൽ പോകുന്നു
ദുഷ്ടർ കൂട്ടം ചുഴന്നു-ഏറ്റം പരിഹസിക്കുന്നു-
പെറ്റമാതാവങ്ങയ്യോ-പൊട്ടിക്കരഞ്ഞീടുന്നു
ഉറ്റ നാരിമാർ കൂട്ടം-എത്രയുമലറുന്നു- ദൈവ

6 എത്രയും കനിവുള്ള-കർത്താവേ! കർത്താവേ! ഈ
പത്ത ചെള്ളാം പാപിമേ-ലെത്ര സ്നേഹം നിനക്കു
കർത്താവേ! നീ നിന്റെ രാജ്യത്തിങ്കൽ വരുമ്പോളീ-
ഭൃത്യനെയും കൃപയോടോർത്തു കൊണ്ടീടണമേ- ദൈവ

(ജസ്റ്റസ് ജോസഫ്)

## 140

തി-ഏകതാളം

1 ദൈവമേ! എൻ ദൈവമേ!
എന്നെ നീ കൈവിട്ടതു
എന്തിനെന്നിമ്മാനുവേൽ
സന്താപാൽ വിളിച്ചിതു

2 സൂര്യശോഭ മാറിപ്പോയ്
രാത്രി പോൽ മദ്ധ്യാഹ്നമായ്
ക്രിസ്തു നാഥൻ പാപികൾക്കായ്
ക്രൂശിൽ തൂങ്ങുന്നയ്യയ്യോ!

3 നന്മ ചെയ്‌വാനോടിയ
നാഥാ! നിൻതൃപ്പാദങ്ങൾ
വൻതുറിവു കൊണ്ടൊരാണി-
യിൽ പതിഞ്ഞു തൂങ്ങുന്നു.

4 സൗഖ്യമേകും യേശുവിൻ
തൃക്കൈകൾ രണ്ടാണിയാൽ
മർത്യപാപത്തിൻ നിമിത്തം
ചേർത്തറഞ്ഞു തൂങ്ങുന്നു!

5 പാറകൾ പിളർക്കുന്നു
പാരിടം കുലുങ്ങുന്നു
കീറി തിരശീലയും
മേലിൽ നിന്നും കീഴറ്റം

6 പാപിയേ! നിൻ പാപത്താൽ
പുണ്യനാഥൻ യേശുതാൻ
പാരിനും പരത്തിനും മ-
ദ്ധ്യേ മരത്തിൽ തൂങ്ങുന്നു!

7 നിന്റെ പേർക്കു ചാകുവാൻ
നിൽക്കുന്നോരു ക്രൂശിന്മേൽ
തന്റെ ശാന്തഭാവം കാൺക
താഴ്മയുള്ളോരാടു പോൽ

8 നമ്മുടെ സ്രഷ്ടാവിവൻ
സർവ്വലോകനാഥൻ താൻ
നമ്മുടെ പാപം ചുമന്നു
തീർക്കുന്നയ്യോ ക്രൂശിന്മേൽ!

9 മന്നവാ! എൻയേശുവേ!
എന്നെയോർത്തുകൊള്ളുക
നിന്റെ പുണ്യത്തിൽ ഭാഗം
എന്റെ രക്ഷയാക്കുക

(മോശവത്സലം)

## 141

തോടി-ആദിതാളം

പല്ലവി

വീണാൾ-സീയോൻ-കുമാരി-താണാൾ അഴലാഴിയിൽ
പ്രാണ-നാഥന്റെ തിരുമേനി-ക്രൂശിന്മേൽ കണ്ടു-വീണാൾ-

അനുപല്ലവി

കാണു-ന്നിതാരയ്യോ! എൻ പ്രാണ-നാഥനോ ക്രൂശിൽ
ആണി-മേൽ തൂങ്ങുന്നിതെന്താനന്ദമോ?
ഞാനിനി പോകുന്നിതെങ്ങോ? ഇടം-ഏതും
കാണു-ന്നില്ലെനിക്കയ്യോ!-കാണുന്നില്ലേ!
മാനു-വേലനേ! എന്നെ താനേ വിട്ടുനീ പോയോ?
മാന-സത്തികലിടി വീണേ-എന്നങ്ങലറി- വീ

ചരണങ്ങൾ

1 മന്നാ! കൃപാകരനേ! എന്നുള്ളമുരുകുന്നേ
എന്നെ അൻപോടു നോക്കിടുന്നതാലെ
എന്നിൽ പ്രേമത്തീയയ്യോ നന്നായ് ജ്വലിപ്പിക്കും തൃ-
ക്കണ്ണു-ന്നയ്യോ തിരുമുൻ-വന്നു നിന്നും
ഒന്നുപോലും നോക്കാതെ നന്നായടച്ചിരിക്കു-
ന്നെന്ന-അവൾ ചൊല്ലിയും-കണ്ണീർ ചൊരിഞ്ഞും കൊണ്ടു- വീ

2 അരുമയോടെന്നെ മുത്തും... തിരുവായിൽ നിന്നൊഴുകി-
വരുന്ന തേനും പാലുമാം-പരമ-ഭോജ്യം
പരിപൂർണ്ണമായ് പൈദാഹം വിരവോ-ടൊഴിച്ചെന്നുള്ളിൽ
പരമാനന്ദം തരുമെ-പരമ-കാന്താ!
അരുമകാന്തായുൾവെന്തു-തിരുമു-ന്നിതാ നിന്നു നിൻ
തിരുവായടഞ്ഞതെന്തെ-ന്നലറി-യലറിക്കൊണ്ടു- വീ

3 എന്നിൽ വെച്ചിട്ടുള്ളൊരു-നിന്നുള്ളിലെ പ്രിയത്താൽ
കണ്ണേ! പ്രിയേ എൻ പ്രാവേ!-എന്നു ചൊല്ലി
എന്നി-രുകന്നങ്ങളിൽ-വന്നു ചുംബനം ചെയ്തു
എന്നുള്ളമെല്ലാം കവരും-വണ്ണമയ്യോ!
എന്നെ-താങ്ങിത്തഴുകും-പൊന്നിൻ-കരങ്ങളയ്യോ
പൊന്നേ! ക്രൂശിൽ വിരിപ്പാൻ-വന്നോ സംഗതി എന്നു- വീ

(യുസ്തൂസ് യൗസേഫ്)

## 142

ഊശേനി-ആദിതാളം

പല്ലവി

വന്നേൻ കാൽവറി കുരിശതിൻ അരികെ-നോക്കി-
നിന്നേൻ എൻ പാപബലിയായവനെ-

ചരണങ്ങൾ

1 എന്നെപ്രതി മുറിഞ്ഞ കാൽകരങ്ങൾ-ക്ഷീണം-
ഏറെ സഹിച്ചതിരുഅരുമദേഹം
തന്നിൽ തന്നെ വ്യസനം അടക്കിയതും-പ്രാണൻ
താനായി വിട്ടദിവ്യനിലയെയും ഞാൻ കണ്ടു- വന്നേൻ

2 കണ്ടേനെന്നോടു തിരുസ്നേഹബലി തിരു-
കരുണ നീതിയും ഒന്നായ് ചേർന്നവിധം
പണ്ടെയാഗത്തെ പാപത്തിൻ നിമിത്തം ചെയ്‌വാൻ
പറുദീസായിൽ നിയോഗിച്ചതിൻ നിവൃത്തി-കണ്ടു- വന്നേൻ

3 എൻപേർക്കു കൊണ്ട അടി മുറിവുകളും-കായം
എങ്ങും നുറുങ്ങി രക്തം ഓടിയതും
എൻപേർക്കു വിട്ട ദീർഘശ്വാസങ്ങളും-എല്ലാം
ഇപ്പാപി എന്നും ധ്യാനിച്ചിഹ വസിപ്പേൻ താണു- വന്നേൻ

4 അയ്യോ! പാപത്തിൻ ശിക്ഷ ഭയങ്കരമേ-ഇനി
അടിയൻ എൻ ഈശോ! നിനക്കായിരിപ്പേൻ
മെയ്യായെൻ ദേഹം ദേഹി ആത്മാവും-മേലാൽ
വിനയത്തോടെ നിനക്കായ് ചെലവിടുവേൻ പാപി- വന്നേൻ

(മോശവത്സലം)

## 143

ശങ്കരാഭരണം-മിശ്രചാപ്പ്

പല്ലവി

എന്തൊരൻപിതപ്പനേ! ഈ പാപിമേൽ-
എന്തൊരൻപിതപ്പനേ!-

അനുപല്ലവി

അണ്ടർകോനേ! നീ ഈ ചണ്ഡാളദ്രോഹിയിൽ
കൊണ്ടൊരൻപു പറയേണ്ടുന്നതെങ്ങനെ? എന്തൊ

ചരണങ്ങൾ

1 അൻപോലും തമ്പുരാനേ! നിന്റെ മഹാഅൻപുള്ളൊരു മകനെ!
ഇൻപം നിറഞ്ഞുള്ള-നിന്നടിയിൽനിന്നു
തുമ്പം നിറഞ്ഞപാരികലയച്ചതും- എന്തൊ

2 കൺമണിയാം നിന്മകൻ-പൂങ്കാവിങ്കൽമണ്ണിൽ വീണിരന്നതും
പൊന്നിൻ തിരുമേനി തന്നിൽനിന്നു ചോര
മണ്ണിൽ വീണതും നിൻകണ്ണെങ്ങനെ കണ്ടു? എന്തൊ

3 കരുണയറ്റ യൂദന്മാർ-നിന്മകന്റെ തിരുമേനിയാകെ നാഥാ!
കൊരടാവു കൊണ്ടടിച്ചുഴുത നിലമാക്കി
കുരിശിപ്പതിനായ്ക്കുരിശെടുപ്പിക്കുന്നു- എന്തൊ

4 ദാഹം വിശപ്പു കൊണ്ടു തളർന്നു കൈകാൽകൾ കുഴഞ്ഞിടുന്നു
ദേഹമഴലുന്നു ദേഹിയുഴലുന്നു
സ്നേഹം പെരുകുന്നീ പാതകനോടയ്യോ- എന്തോ

5 ശത്രുക്കൾ മദ്ധ്യേകൂടെ-പോകുന്നിതാ-കുറ്റമറ്റ കുഞ്ഞാട്
കഷ്ടം! യെറുശലേം-പുത്രികൾ കണ്ടു മാ-
റത്തടിച്ചയ്യോ വാ വിട്ടലറിടുന്നു എന്തോ

6 കരുണ നിറഞ്ഞവൻ തൻ- കൈകാൽകളെ കുരിശിൽ വിരിച്ചിടുന്നു
കരുണയറ്റ ദുഷ്ടർക്രൂരകൈകളാലെ
കുരിശോടു ചേർത്താണി വെച്ചീടുന്നയ്യയ്യോ!- എന്തോ

7 ആകാശഭൂമി മദ്ധ്യേ-നിന്റെ മകൻ ഹാ! ഹാ! തൂങ്ങിടുന്നയ്യോ!
കാൽകരങ്ങളുടെ ചോരയൊഴുകുന്നു
വേകുന്നു നിൻ കോപത്തീയിങ്കൽ വീണവൻ- എന്തോ

8 ദൈവമേ! എൻദൈവമേ! എന്തുകൊണ്ടു കൈവെടിഞ്ഞതെന്നനീ
ഏവമിതാ നിന്റെ ഏക മകൻ തന്റെ
വാ വിട്ടലറുന്നു നീ കേൾക്കുന്നില്ലൊട്ടും- എന്തോ

9 ചങ്കു തുറന്നൊഴുകി-യതാം രക്തത്തിങ്കലെന്നെ കഴുകി
പൊൻകരം കൊണ്ടു നടത്തി പുതുശാലേ-
മിങ്കൽ ചേർക്ക യേശു-സങ്കേതമേ! എന്നെ- എന്തോ

10 ഇപ്പുഴുവിനെയിത്ര-സ്നേഹിപ്പതിനപ്പനേ എന്തുള്ളു ഞാൻ?
ഇപ്പുണ്യത്തിന്നടിയാനെന്തു ചെയ്യേണ്ടു?
അപ്പാ! പിതാവേ! മഹത്വം നിനക്കെന്നും- എന്തോ

(യുസ്തുസ് യൗസേഫ്)

## 144

രൂപകതാളം

1 ദൈവത്തിന്റെ ഏകപുത്രൻ
പാപികളെ രക്ഷിപ്പാൻ
മനുഷ്യനായ് പാടുപെട്ടു
കുരിശിന്മേൽ മരിച്ചു

ഇത്ര സ്നേഹം ഇത്ര സ്നേഹം
ഇത്ര സ്നേഹം എരിവാൻ
മനുഷ്യരിലെന്തു നന്മ
കണ്ടു നീ രക്ഷാകരാ!

2 പാപികളും ദ്രോഹികളു-
മായ നരവർഗ്ഗത്തെ
വീണ്ടെടുപ്പാൻ എത്രകഷ്ടം
സഹിച്ചു നീ ശാന്തമായ്- ഇത്ര

3 നിർമ്മലന്മാർ ഭജിക്കുന്ന
പരലോക അപ്പം താൻ
പാപികൾക്കു ജീവൻ നല്കി
രക്ഷിക്കുന്നീ രക്ഷകൻ- ഇത്ര

4 കൃപയാലെ രക്ഷപെട്ട
പാപിയായ ഞാനിതാ
ഹൃദയത്തിൽ ദൈവസ്നേഹം
എരിവാൻ വാഞ്ഛിക്കുന്നു- ഇത്ര

5 പാപിയിൽ പ്രധാനിയായി-
രുന്ന എന്നെ രക്ഷിപ്പാൻ
ശാപമൃത്യുവേറ്റ നിന്നെ
നിത്യകാലം വാഴ്ത്തും ഞാൻ

(വി. നാഗൽ)

## 145

ചെഞ്ചുരുട്ടി ആദിതാളം

പല്ലവി

നിനക്കായെൻ ജീവനെ മര-
ക്കുരിശിൽ വെടിഞ്ഞേൻ മകനേ!

അനുപല്ലവി

ദിനവും ഇതിനെ മറന്നുവോ നീ
വസിപ്പതെന്തു കൺമണിയേ!

ചരണങ്ങൾ

1

വെടിഞ്ഞു ഞാനെന്റെ പരമമോദങ്ങ-
ളഖിലവും നിനക്കായി -നിന്റെ
കഠിനപാപത്തെച്ചുമന്നൊഴിപ്പതി-
ന്നടിമവേഷം ഞാനെടുത്തു

2

പരമതാതന്റെ തിരുമുമ്പാകെ നിൻ
ദുരിതഭാരത്തെ ചുമന്നും കൊണ്ടു
പരവശനായി തളർന്നേൻ വിയർപ്പു
ചോരത്തുള്ളി പോലൊഴുകി

3

പെരിയൊരു കുരിശെടുത്തു കൊണ്ടു
ഞാൻ
കയറി കാൽവറി മുകളിൽ-ഉടൻ
കരുണയറ്റവർ പിടിച്ചിഴച്ചെന്നെ
കിടത്തി വൻകുരിശതിന്മേൽ

4

വലിച്ചു കാൽകരം പഴുതിന്നായാക്കി
പിടിച്ചിരുമ്പാണി ചെലുത്തിയിട്ടും
അലിവില്ലാതടിച്ചിറക്കിയെൻ രക്തം
തെറിപ്പിച്ചെന്റെ കൺമണിയേ!

5

പരമദാഹവും വിവശതയും കൊ-
ണ്ടധികം തളർന്ന എന്റെ - നാവു
വരണ്ടു വെള്ളത്തിന്നിരന്ന നേരത്തു
തന്നതെന്തെന്നു നീ കാൺക

6

കരുണയില്ലാത്ത പടയാളിയൊരു
പെരിയകുന്തമതെടുത്തു - കുത്തി...
തുറന്നെൻ ചങ്കിനെ അതിൽ നിന്നൊഴുകി
ജലവും രക്തവുമുടനെ

7

ഇവയെല്ലാം എന്റെ പരമസ്നേഹത്തെ
ഉറപ്പാക്കാനിനക്കോർത്താൽ നിന്നെ
കരളലിഞ്ഞു ഞാനിവ സകലവും
സഹിച്ചേൻ ജീവനെ വെടിഞ്ഞു

(പി. വി. തൊമ്മി)

## 146

ത്രി. ഏകതാളം

1 ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ!
പ്രാണനാഥൻ, പ്രാണനാഥൻ, എൻപേർക്കായ് ചാകുന്നു

2 ആത്മാവേ! പാപത്തിൻ കാഴ്ച നീ കാണുക!
ദൈവത്തിൻ പുത്രൻ ഈ ശാപത്തിലായല്ലോ!

3 ഇത്രമാം സ്നേഹത്തെ എത്രനാൾ തള്ളി ഞാൻ
ഈ മഹാപാപത്തെ ദൈവമേ! ഓർക്കല്ലേ-

4 പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ!
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി

5 കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

6 ശത്രുക്കൾ നിന്ദയും ദൂഷ്യവും ചൊല്ലുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

7 പാപത്തിൻ ശോധന ഭീമമായ് വരുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

8 ആപത്തിൻ ഓളങ്ങൾ സാധുവെ തള്ളുമ്പോൾ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

9 ശത്രുത്വം വർദ്ധിച്ചാൽ പീഡകൾ കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

10 ആത്മാവേ! ഓർക്ക നീ ഈ മഹാ സ്നേഹത്തെ
ദൈവത്തിൻ പുത്രൻ ഈ സാധുവെ സ്നേഹിച്ചു

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 147

1 ഇമ്മാനുവേൽ തൻ ചങ്കതിൽ നിന്നൊഴുകും രക്തം
പാപക്കറ നീക്കുമതിൽ മുങ്ങിത്തീർന്നാൽ ആരും

എൻപേർക്കേശു മരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു
പാപം എന്നിൽ നിന്നും നീക്കാൻ രക്തം ചിന്തി യേശു

2 കള്ളൻ ക്രൂശിൻ ഉറവയിൽ കണ്ടു പാപശാന്തി
അവനെപ്പോൽ ഞാനും ദോഷി കണ്ടേൻ പ്രതിശാന്തി- എൻ

3 കുഞ്ഞാട്ടിൻ വിലയേറിയ രുധിരത്തിൻ ശക്തി-
വീണ്ടുകൊള്ളും ദൈവസഭ ആകെ വിശേഷമായ് എൻ

4 തൻ മുറിവിൻ രക്തനദി കണ്ടതിനു ശേഷം
വീണ്ടെടുപ്പിൻ സ്നേഹം താൻ എൻ ചിന്ത ഇന്നും എന്നും- എൻ

5 വിക്കുള്ളതാം എന്റെ നാവു ശവക്കുഴിക്കുള്ളിൽ
മൗനം ആയാൽ എൻ ആത്മാവു പാടും ഉന്നതത്തിൽ- എൻ

(വിവ. റവ. റ്റി. കോശി)

## 148

തി-ഏകതാളം

1 സർവപാപക്കറകൾ തീർത്തു
നരരെ രക്ഷിച്ചീടുവാൻ
ഉർവ്വിനാഥൻ യേശുദേവൻ
ചൊരിഞ്ഞ തിരുരക്തമേ!

2 യേശുവോടീലോകർ ചെയ്ത-
തോർക്ക ഈ പൂങ്കാവനേ
വേദനയോടേശുവവൻ
ചൊരിഞ്ഞ തിരുരക്തമേ

3 കാട്ടുചെന്നായ് കൂട്ടമായൊ-
രാടിനെ പിടിച്ചപോൽ
കൂട്ടമായ് ദുഷ്ടരടിച്ച-
പ്പോൾ ചൊരിഞ്ഞ രക്തമേ!

4 മുള്ളുകൊണ്ടുള്ളോർ മുടിയാൽ
മന്നവൻ തിരുത്തല-
യ്ക്കുള്ളിലും പുറത്തുമായി
പാഞ്ഞ തിരുരക്തമേ!

5 നീണ്ട ഇരുമ്പാണികൊണ്ടു
ദുഷ്ടരാ കൈകാൽകളെ
തോണ്ടിയ നേരംചൊരിഞ്ഞ
രക്ഷിതാവിൻ രക്തമേ!

6 വല്ലഭസാത്താനെ ബന്ധി-
ച്ചന്ധകാരം നീക്കുവാൻ
അഞ്ചു കായങ്ങൾ വഴിയായ്
വഴിഞ്ഞ തിരുരക്തമേ!

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 149

Rock of ages, cleft for me'
A.M Toplady Six 7s S S 237

1 പിളർന്നൊരു പാറയേ!
നിന്നിൽ ഞാൻ മറയട്ടെ
തുറന്ന നിൻ ചങ്കിലെ
രക്തം ജലം പാപത്തെ
നീക്കി സുഖം നൽകട്ടെ
മുറ്റും രക്ഷിക്ക എന്നെ

2 കല്പന കാത്തിടുവാൻ
ഒട്ടും പ്രാപ്തനല്ല ഞാൻ,
വൈരാഗ്യം ഏറിയാലും
കണ്ണുനീർ ചൊരിഞ്ഞാലും
വന്നിടാ പാപനാശം
നീ താൻ രക്ഷിക്ക വേണം

3 വെറും കയ്യായ് ഞാനിതു
ക്രൂശിൽ മാത്രം നമ്പുന്നു,
നഗ്നൻ ഞാൻ നിൻ വസ്ത്രം താ
ഹീനൻ ഞാൻ നിൻ കൃപ താ
മ്ലേച്ഛനായ് വരുന്നിതാ
സ്വച്ഛനാക്കു രക്ഷകാ

4 എന്നിലോടുന്നീ ശ്വാസം
വിട്ടെൻ കൺ മങ്ങും നേരം
സ്വർലോക ഭാഗ്യം ചേർന്നു
നിന്നെ ഞാൻ കാണുന്നന്നു
പിളർന്നൊരു പാറയേ!
നിന്നിൽ ഞാൻ മറയട്ടെ.

(റവ. റ്റി. കോശി)

## 150

### When I survey the wondrous Cross

Issac Watts L.M. S. S. 115

1 മഹത്വ പ്രഭു മരിച്ച
ആശ്ചര്യക്രൂശിൽ നോക്കി ഞാൻ
ഈ ലോകലാഭഡംഭങ്ങൾ
നഷ്ടം, നിന്ദ്യം എന്നെണ്ണുന്നേൻ

2 പ്രശംസ ഒന്നു മാത്രമെ
ക്രിസ്തേശുവിൻ മൃത്യു തന്നെ
ചിറ്റിമ്പകാര്യം സർവ്വവും
തൻ രക്തത്തിനായ് വിടുന്നേൻ

3 തൃക്കാൽകരം ശിരസ്സിൽനിന്നൊ-
ഴുകുന്നോ സ്നേഹം ദുഃഖം!
ഇവയിൻ ബന്ധം അത്ഭുതം
മുൾമുടിയോ അതിശ്രേഷ്ഠം!

4 പ്രപഞ്ചം ആകെ നേടി ഞാൻ
ത്യജിക്കിലും മതിയാകാ
ഈ ദിവ്യ സ്നേഹത്തിനു ഞാൻ
എന്നെ മുറ്റും നൽകിടേണം

## 151

ആദിതാളം

പല്ലവി

സോദരരെ പാപമാർഗം തേടിപ്പോകാതെ

അനുപല്ലവി

തേടിപ്പോകാതെ-വേഗം നേടുവിൻ മുക്തി... സോദ

ചരണങ്ങൾ

1 കല്ലും മുള്ളും ആർന്നിടുന്ന കാൽവറിയിൽ കാൺമതെന്ത്?
മോഹപാശം നീക്കിടുന്ന സ്നേഹരൂപമോ?
സ്നേഹരൂപമോ-മഹാ ത്യാഗദീപമോ?- സോദ

2 കാണിയും കരുണയെന്യേ പാണികളിലാണി ചേർത്തു
വൻകുരിശിലേറ്റിടുന്നു പാതകർ യൂദർ-
പാതകർ യൂദർ - സുരലോകപാലനെ- സോദ

3 പട്ടിളം കളേബരത്തിൽ കൂർത്തകുന്തം തറയ്ക്കുന്നു
പൊൻ മകുടം ചൂടിടേണ്ട തൻ ശിരസ്സതിൽ
തൻ ശിരസ്സതിൽ ഹന്ത!- മുൾമുടി ചൂടി- സോദ

4 മന്നിടത്തിൽ മർത്യവേഷം കൈവരിച്ചു ജാതനായ
ക്രിസ്തുദേവൻ പാപികൾക്കായ് തൻ തിരുജീവൻ-
തൻ തിരുജീവൻ-ഹന്ത! കൈവെടിയുന്നു- സോദ

# ഉയിർത്തെഴുന്നേല്പ്

## 152

The Strife is o'er
Tran ( F Proft 8.8 8 4 with Alleluias)

ഹല്ലേലൂ-യാ ഹല്ലേലൂ-യ്യാ ഹല്ലേലൂ-യാ!

1 കലാശിച്ചു കഠോരപോർ കർത്താവു താൻ ജയാളിയായ്
കർത്തൃസ്തുതി ഗീതം പാടിൻ — ഹല്ലേലൂയ്യാ

2 മരണസേനകളെല്ലാം മന്നന്റെ മുമ്പിൽ നിന്നോടി
മശിഹായ്ക്കു സ്തുതി പാടിൻ- — ഹല്ലേലൂയ്യാ

3 ഉയിർത്തു താൻ മൂന്നാംദിനം ഉന്നതനായ് വാണിടുവാൻ
ഉണർന്നു പാടിൻ അവനു — ഹല്ലേലൂയ്യാ

4 നീ ഏറ്റതാം അടികളാൽ നിന്നടിയാർ സ്വതന്ത്രരായ്
നിൻ മുമ്പിലെന്നും പാടിടും.... — ഹല്ലേലൂയ്യാ

## 153

Tune: Hallelujah, He is Risen — S.S. 157

1 ജയം ജയം യേശുവിനു ദിവ്യ രക്ഷകൻ ഇതാ!
ചാവിൻ കല്ലറയിൽ നിന്നു ഉയിർത്തു ഹല്ലേലൂയ്യാ

പല്ലവി

ജയം ജയം ഹല്ലേലൂയ്യാ! വാഴ്ക ജീവദായകാ!
ജയം ജയം ഹല്ലേലൂയ്യാ വാഴ്ക ജീവനായകാ!

2 ചത്ത കർമ്മങ്ങളിൽ നിന്നും യേശു നമ്മെ രക്ഷിച്ചു
നമ്മിൽ ജീവിക്കുന്നതിനു തന്നെത്താൻ പ്രതിഷ്ഠിച്ചു- — ജയം

3 മൃത്യുവിൻ ഭയങ്കരത്വം നീങ്ങി തൻ ഉയിർപ്പിനാൽ-
നിത്യജീവന്റെ ഇമ്പങ്ങൾ വന്നു സുവിശേഷത്താൽ- — ജയം

4 മൺമയമാം ഈ ശരീരം ആത്മമയമാകുവാൻ
കാഹളം ധ്വനിക്കുന്നേരം കല്പിച്ചീടും രക്ഷകൻ- — ജയം

5 നെടുവീർപ്പും കണ്ണുനീരും ദുഃഖവും വിലാപവും
നൊടി നേരംകൊണ്ടു തീരും പിന്നെയില്ല ശാപവും- — ജയം

6 ജീവനുള്ള രക്ഷിതാവിൻ കൂടെ നാമും ജീവിക്കും
എന്നെന്നേക്കും തൻ പിതാവിൻ രാജ്യത്തിൽ ആനന്ദിക്കും- — ജയം

(വി. നാഗൽ)

## 154

ആദിതാളം

1 യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ താനിനി വേഗംവരും രാജരാജനായ് വാണിടുവാൻ

ഹാ ഹല്ലേലൂയ്യാ, ജയം ഹല്ലേലൂയ്യാ യേശു കർത്താവു ജീവിക്കുന്നു
യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു പരലോകത്തിൽ ജീവിക്കുന്നു

2 കൊല്ലുന്നമരണത്തിന്റ ഘോരതരവിഷപ്പല്ലുതകർന്നതാകയാൽ-ഇനി
തെല്ലുംഭയമെന്യേ മൃത്യുവിനെ നമ്മൾ വെല്ലുവിളിക്കുകയാം-ഹാ!

3 എന്നേശുജീവിക്കുന്നായതിനാൽ ഞാനുമെന്നേക്കും ജീവിക്കയാം-ഇനി
തന്നെപ്പിരിഞ്ഞൊരു ജീവിതമില്ലെനിക്കെല്ലാമെന്നേശുവത്രെ-ഹാ!

4 മന്നിലെല്ലൻ നിത്യവാസമെന്നേശുവിൻ മുന്നിൽ മഹത്വത്തിലാം ഇനി
വിണ്ണിൽ ആ വീട്ടിൽ ചെന്നെത്തുന്നനാളുകളെണ്ണി ഞാൻ പാർത്തിടുന്നു-ഹാ!

(എം. ഈ. ചെറിയാൻ)

## 155 Tune: Saviour, like a Shepherd S.S. 1164

1 മരണം ജയിച്ച വീരാ
എൻ കർത്താവാം യേശുവേ!
എന്റെ മരണവും തീരെ
വിഴുങ്ങിയ ജീവനേ!
നിന്റെ ജീവൻ എന്നിൽവേണം
വേണ്ട സ്വന്തജീവിതം
നീ എന്നുള്ളിൽ വസിക്കേണം
എന്നത്രേ എൻ താല്പര്യം

2 ലോകത്തിനും പാപത്തിനും
ക്രൂശിന്മേൽ ഞാൻ മരിച്ചു
ജീവന്റെ പുതുക്കത്തിനും
ഉടൻ നിന്നെ ധരിച്ചു
സ്വർഗ്ഗത്തിലിപ്പോളെൻ ജീവൻ
യേശു താനെൻ പാർപ്പിടം
ഉന്നതങ്ങളിൽ ഈ ഹീനർ
വാഴുന്നെന്തോരാശ്ചര്യം!

3 ജീവവെള്ളം ഒഴുകുന്നു
നനയ്ക്കുന്നെൻ ഹൃദയം
പുഷ്പങ്ങളായ് പുഷ്പിക്കുന്നു
ശാന്തിസ്നേഹം ആനന്ദം
ഇതെൻ പ്രിയനുള്ള തോട്ടം
ഇതിൽ നടക്കുന്നു താൻ,
രാവും പകലും തൻ നോട്ടം
ഉണ്ടതിന്മേൽ കാക്കുവാൻ

4 നിന്റെ ശക്തി എന്റെ ശക്തി
എല്ലാറ്റിനും മതി ഞാൻ
നിന്റെ ഭക്തി എന്റെ ഭക്തി
ഹാ! നിന്നിൽ ഞാൻ ധനവാൻ
എന്റെ പ്രിയനെനിക്കുള്ളോൻ
അവനുള്ളോൻ ഞാനുമായ്
ക്രൂശിൽ സ്വന്തരക്തം തന്നോൻ
എന്നെ വാങ്ങി തനിക്കായ്

5 യേശു! എൻ വിശ്വാസക്കണ്ണു
കാത്തു സൂക്ഷിക്കേണമേ,
അതിൽ ഇഹലോക മണ്ണു
വീണുമയക്കരുതേ!
സാത്താൻ ഓരോ ചിന്തകളെ
ഈച്ചകളെ എന്ന പോൽ
അയച്ചാൽ കൺപോളകളെ
ഉടൻ നീ അടച്ചുകൊൾ,

6 ലോകം വേണ്ട ഒന്നും വേണ്ടാ
യേശു മതി എനിക്കു
സാത്താനേ നീ ആശിക്കേണ്ട
കൊണ്ടുപോ നിൻ സമ്പത്ത്
കഴുകൻ പോൽ പറക്കുന്നു
മേലോട്ടെന്റെ ഹൃദയം
ഭൂമി താഴെ കിടക്കുന്നു
ദൂരെയതിൻ അശുദ്ധി

7 യേശുവേ! നീ ജീവിക്കുന്നു
ഞാനുമെന്നും ജീവിക്കും
നിത്യജീവൻ നിന്നിൽ നിന്നു
എന്നിലെന്നും ഒഴുകും
സ്വർഗ്ഗത്തിൽ നീ ഇരിക്കുന്നു
വേഗം ഞാനുമിരിക്കും
സ്നേഹത്തിൻ സംസർഗ്ഗത്തിനു
നിന്റെ കൂടെ വസിക്കും

(വി. നാഗൽ)

## 156

1 ഇന്നേശുരാജനുയിർത്തെഴുന്നേറ്റല്ലേലുയ്യാ!
വൻനാശശാപചാവുകൾ ജയിച്ചല്ലേലുയ്യാ!

മഹാ സന്തോഷമേ! മഹാ സന്തോഷമേ!
പരാപരസുതനേശുനാഥനെ വാഴ്ത്തിപ്പാടുവിൻ
ജയഗീതം പാടുവിൻ-ജയഗീതം പാടുവിൻ
പകലോനുദിച്ചിരുളോടി ഒളിച്ചിതാ വന്നിടുവിൻ
മഹാ സന്തോഷമേ! മഹാ സന്തോഷമേ

2 ദൈവദൂതർ കല്ലുരുട്ടി നീക്കി വാതിലിൽ നിന്നു
അക്കാവൽക്കാർ മരിച്ചവരെപ്പോലെയായ് വന്നു- മഹാ

3 അതിരാവിൽ പേത്രയോഹന്നാന്മാരോടി വന്നഹോ!
ശവക്കല്ലറയ്ക്കുള്ളിൽ നോക്കി വിശ്വസിച്ചീടിനാരഹോ- മഹാ

(യുസ്തൂസ് യൗസേഫ്)

## 157

യമുനാ കല്യാണി-ആദിതാളം

പല്ലവി

ജീവനായകനേ മനുവേലേ! എൻ-എൻ-എൻ-എൻ- ജീവ

ചരണങ്ങൾ

1 ജീവകൃപയിൻ നിജ വിയർപ്പുവെള്ളം എന്റെ
മേലൊഴിച്ചു പാപത്തിൽ നിന്നുണർത്തി
നാവിലൊരു പുതിയ പ്രാർത്ഥനയെ പകർന്ന-
വൻ-എൻ-എൻ-എൻ--എൻ- ജീവ

2 തന്നുയിരിന്നിരിപ്പതാം രുധിരം തന്നി-
ലെന്നുമിരിക്കുമുഷ്ണം തന്നെനിക്കു
എന്നുയിരിൽ മരുവും മരണവിഷമൊഴിച്ച
വൻ-എൻ-എൻ-എൻ--എൻ- ജീവ

3 വിശുദ്ധി വരുമാറു തന്നാത്മാവെനിക്കു നൽകി-
ട്ടശുദ്ധമാമിരുളെന്നിൽ നിന്നകറ്റി
വിശ്വാസം പ്രത്യാശ സ്നേഹമെന്റെ ഹൃദയത്തിൽ തന്ന-
വൻ-എൻ-എൻ-എൻ--എൻ- ജീവ

4 ഉയിർത്തു മറിയയ്ക്കു പ്രത്യക്ഷമായ പോ-ലിപ്പാ-
പിയാമെന്നുള്ളത്തിൽ പ്രത്യക്ഷമായവൻ
ഉരുകും സ്നേഹം വാക്കാലെന്നുള്ളതൊക്കെയും കവർന്ന-
വൻ-എൻ-എൻ-എൻ--എൻ- ജീവ

5 തന്നുടെ ജഡത്തോടുമസ്ഥിയോടുമൊന്നാ-യെന്നെ
എന്നും പിരിയാതെ വണ്ണം ചേർത്തുകൊണ്ടവൻ
തന്നുള്ളം തുറന്നു മനമെല്ലാമെന്നോടറിയിച്ച-
വൻ-എൻ-എൻ-എൻ--എൻ- ജീവ

6 ആധികളൊഴിച്ചെന്നെ കാക്കുന്നവൻ രക്ഷ-
ണാദികൾ തന്നുനിത്യം പോറ്റുന്നവൻ
നീതി വഴിയിലെന്നെ നടത്തിക്കൊണ്ടുവരുന്ന-
വൻ-എൻ-എൻ-എൻ--എൻ- ജീവ

7 ഞാനവന്നും അവനെനിക്കുമെന്നും സ്വന്തം
ഞാനവനൊഴികെ മറ്റാരെയുമ-
ന്യനമറിയുന്നില്ലവനെനിക്കെല്ലാമായ-
വൻ-എൻ-എൻ-എൻ--എൻ- ജീവ

(യുസ്തുസ് യൗസേഫ്)

## 158

Christ the Lord is risen today
Charles Wesley
7s. S.S.158

1 ക്രിസ്തു വീണ്ടും ജീവിച്ചു
ഹാ-ആലേ-ലൂയ്യാ
ശത്രുക്കൂട്ടം തോറ്റിതു
ഹാ-ആലേ-ലൂയ്യാ
മേൽ ലോകങ്ങൾ പാടട്ടെ
ഹാ-ആലേ-ലൂയ്യാ
ഭൂ-മി-സ്തുതി ചെയ്യട്ടെ
ഹാ-ആലേ-ലൂ...യ്യാ

2 മുറിവേറ്റു തിരുകാൽ ഹാ...
മൃത്യുവിന്റെ കയ്യിനാൽ ഹാ...
ശത്രുവിന്റെ തലയെ ഹാ...
ക്രിസ്തു ചതച്ചുടനെ ഹാ...

3 കീഴ്ലോകത്തിൻ വാതിലിൻ ഹാ...
താക്കോൽകിട്ടി പ്രഭുതാൻ ഹാ...
തുറന്നിട്ടു വിശുദ്ധർ ഹാ...
എഴുന്നേറ്റനേകം പേർ ഹാ...

4 ഘോഷിപ്പിൻ തൻജനമേ ഹാ...
വാഴ്ത്തുവിൻ തൻനാമത്തെ ഹാ...
ക്രിസ്തുയേശു രക്ഷകൻ ഹാ...
എന്നുമേ പരാപരൻ ഹാ...

# സ്വർഗ്ഗാരോഹണം

ഇംഗ്ലീഷ്-ത്രി-ഏകതാളം

## 159

പല്ലവി

1 മഹിമാപതി മശിഹാ-മേഘ-
വാഹനമതിന്മേൽ
ജയപ്രഭാവത്തോടഹോ! സ്വർഗ്ഗ
ലോകത്തിന്നെഴുന്നാൻ

അനുപല്ലവി

ബഹുദൂത സൈന്യങ്ങൾ-
ജയഗീതം പാടുന്നു- മഹി

ചരണങ്ങൾ

2 മഹസ്സൂരനഭോതലങ്ങൾ - മേഘ
വാഹനം കടന്നു
ബഹുനിര ദൂതഗണങ്ങൾ പുണ്യ
പാദം കുമ്പിടുന്നു
മഹത്വത്തിൻ രാജനു
തുറന്നു സ്വർദ്വാരങ്ങൾ- മഹി

3 എതിരേറ്റു ദൂതസംഘം മോടി-
യേറും വിൺപതിയെ
അതിഘോഷസേവചെയ്തു കീർത്തി
ച്ചാർത്തു പാടിനിന്നു
പരമണ്ഡലങ്ങളിൽ,
പലരാഗം കേൾക്കുന്നു- മഹി

4 നരലോക രക്ഷകനായ് - ദേഹം
നാഥൻ പൂണ്ടിരുന്നു
കുരിശിൽ തന്നെ ബലിയായ്-നൽകി
ഘോഷത്തോടുയിർത്തു
മരണത്തെ പാപത്തെ-
സാത്താനെയും വെന്നു- മഹി

5 ഇഹ ലോകത്തിൽ പരത്തിൽ എങ്ങും
ഏകധാ നിറഞ്ഞും
മഹിമാസനത്തിലെങ്ങു-വിണ്ണിൽ
വാഴുന്നേശു രാജൻ
ഗ്രഹിപ്പാനത്യത്ഭുതം
ജഡം പൂണ്ട ദൈവത്വം- മഹി

6 ജയിക്കുന്നു രക്ഷകർത്തൻ-പാരിൽ
ജാതികളഖിലം
ദൈവങ്ങൾ വിട്ടു തന്നെ - വാഴ്ത്തി
വന്ദിച്ചീടുവോളം
വിജയത്തിൻ മേലെങ്ങും-
വിളങ്ങുന്നു നായകൻ- മഹി

(മോശവത്സലം)

## 160

മധ്യമാവതി ആദിതാളം

പല്ലവി

വാനലോകത്തെഴുന്നെള്ളിനാൻ ശ്രീയേശു നാഥൻ
വാനലോകത്തെഴുന്നെള്ളിനാൻ

അനുപല്ലവി

വാനലോകത്തെഴുന്നെള്ളിനാനൊലിവു മലയിൽ നി...
ന്നാനനമുയർത്തി ശിഷ്യർ വാനിൽ നോക്കി നിന്നിടവേ -വാന

ചരണങ്ങൾ

1 വിണ്ണുലകത്തിൽ നിന്നിറങ്ങി-മനുജനായി
വന്നു മൽഗുരുവായ് വിളങ്ങി.....

ചൊന്നു ശിഷ്യരോടുപദേശം-നന്മ ചെയ്തു ന-
ടന്നറിയിച്ചു സുവിശേഷം....
മന്നിടത്തുള്ളോർക്കു ചോര ചിന്തി മരിച്ചു മരണം-
വെന്നുയിർത്തു നാല്പതാം നാളിന്നിലം വിട്ടുജയമായ്- വാന

2 മൽക്കീസദേക്കിന്റെ ക്രമത്തിൽ-പുരോഹിതവേ-
ലയ്ക്കു തന്റെ സ്വന്ത രക്തത്തെ...
തൃക്കരത്തങ്കത്തളികയിൽ-ഏന്തിയതിങ്കൽ
മുക്കിയ വിരലുള്ളവനായ്....
ഇക്കുല പാപമൊക്കെയ്ക്കും തക്ക പരിഹാരം ചെയ്‌വാൻ
സ്വർഗ്ഗമാം വിശുദ്ധസ്ഥലം നോക്കി മഹാപുരോഹിതൻ- വാന

3 തന്നിൽ വിശ്വസിക്കുന്നോർക്കായി-ട്ടൊഴിവില്ലാത്ത
മന്ദിരമൊരുക്കുവാനായി
എന്നുമവരോടിരിപ്പാനായ് സത്യാത്മാവെ പ-
കർന്നവർക്കു കൊടുപ്പാനായി....
ഉന്നതൻ വലഭാഗത്തിരുന്നു പക്ഷവാദം ചെയ്തു
തന്നുടയോർക്കു മോചനം തന്നു രക്ഷിപ്പതിനായി- വാന

4 സേനയിൻ കർത്തൻ പരിശുദ്ധൻ-എന്നു സ്വർഗ്ഗീയ-
സേനകൾ സ്തുതിച്ചു പാടവെ
വാനമാർന്ന ശിഷ്യർ മുഖത്തിൽ-തിരുകടാക്ഷം
വീണു വിടർന്നു വിളങ്ങവെ...
വാനവർ സാക്ഷി നൽകവെ-മാനവർ പാപം നീങ്ങവെ
കാണികൾ കാഴ്ചയിൽ നിന്നു-വാനമേഘത്തിൽ മറഞ്ഞു- വാന

(യുസ്തുസ് യൗസേഫ്)

## 161

ശങ്കരാഭരണം - രൂപകതാളം

1 മുൾക്കിരീടത്താൽ മുറിവേറ്റ യേശുവിൻ തല
മോടിയേറും മാമഹത്വ മകുടം ചൂടുന്നു
ജയമകുടം ചൂടുന്നു

2 സ്വർഗ്ഗത്തിൽ മഹാ ഉയരത്തിൽ വാഴുന്നോൻ അതി
ശോഭയോടു മാമഹത്വ രാജരാജൻ താൻ
കർത്താധികർത്തൻ താൻ

3 വാനലോകത്തിൽ പരമാനന്ദം തന്നെ തിരു
മാമഹത്വം ഇങ്ങറിഞ്ഞ ഭക്തർക്കാനന്ദം
തിരുസ്നേഹമാനന്ദം

4 കുരിശിൻ ലജ്ജകൾ തരും നിത്യ ഭാഗ്യങ്ങൾ ബഹു
കോടി കോടി കാലം വാഴും സ്വർഗ്ഗരാജ്യത്തിൽ
തിരുരക്ഷ നേടിയോർ

5 പണ്ടു താൻ പെട്ട-കഷ്ടപ്പാടും മരണവും - നര
പാപികൾക്കു നിത്യമോക്ഷ ഭാഗ്യ കാരണം
സുവിശേഷ ഘോഷണം

(വിവ: മോശവത്സലം)

# ഗുണദോഷം

## 162

സൗരാഷ്ട്രം - ആദിതാളം

പല്ലവി

ദേഹം മണ്ണാകും മുമ്പേ തേടിക്കൊൾ! ദൈവ-കൃപ-

അനുപല്ലവി

ലോകവാഴ്ച ഒടുങ്ങും കാലം വാഴുവാൻ
ഏക രക്ഷാകരനാം-യേശുവേ ചേർന്നുകൊൾക ദേഹം

ചരണങ്ങൾ

1 ബാലത, കോമളത്വം-വാടും പൂവോടു തുല്യം
ബലവും രക്തത്തിളപ്പും സൗന്ദര്യവും എല്ലാം
പാരിൽ ആർക്കും ഉറപ്പാൻ-പാടുള്ളതല്ലയല്ലോ- ദേഹം

2 രോഗങ്ങൾ അഞ്ചുമിഞ്ചും ദേഹത്തിൽ പാർത്തിടുന്നു
ഏകൻ കല്പിച്ചീടുമ്പോൾ ഏകമായവ
വേഗം കൂടി ഞെരുക്കും-പോകും ജീവൻ അതിനാൽ- ദേഹം

3 ചുറ്റിലും ആപത്തുകൾ തുക ബഹുവായിട്ടുണ്ടേ!
തെറ്റി നില്പാൻ നിനക്കു ശേഷിയില്ലയ്യോ
പറ്റിക്കൊൾ നീ പരനെ-യേന്നുകൊൾ നേരമെല്ലാം- ദേഹം

4 കാഴ്ച മങ്ങിടും മുമ്പേ-കാതടച്ചീടും മുമ്പേ-
കായമെങ്ങും തരിച്ചു മരവിക്കും മുമ്പേ-
ബോധം നീങ്ങിടും മുമ്പേ-ഭീതി പിടികൂടും മുമ്പേ- ദേഹം

5 ക്രൂരപ്പേക്കൂട്ടം വന്നു-കൊണ്ടുപോയിടും മുമ്പേ-
ഘോരപാതാളത്തീയിൽ വീണു പോകുംമുമ്പേ-
കാരുണ്യകർത്തൻ യേശു-നാഥനെ ചേർന്നുകൊൾക- ദേഹം

(മോശവത്സലം)

## 163

ഫരജു- രൂപകതാളം

പല്ലവി

പാപികളിൻ രക്ഷകൻ താ-
നിവൻ പാദം വണങ്ങിടുനീ-ഇവൻ

1 പാപം ശാപം തീർപ്പാൻ
പാരിൽ ജനിച്ചൊരു
ദേവസുതനാകുമേശു
നായകനിവനറിക- പാപി

2 ആദി വചനമായ്
മന്നമെന്യേ നിന്നു
മേദിനിയോടഖിലവും
മോദമായ് ചമച്ചതിവൻ- പാപി

3 ആദി പിതാക്കൾക്കു-
മേക ശരണമായ്
സാദരം നിന്നൊരു ദിവ്യ
ദാനവസ്തുവായതിവൻ- പാപി

4 ദിവ്യ ബലികൾക്കൊ-
രവ്യാജ ശക്തിയായ്
ഭവ്യമായിരുന്ന നിത്യ
ദിവ്യ വസ്തുവായതിവൻ.. പാപി

5 ക്രൂശിൽ മരിച്ചതാൽ
നാശമൊഴിച്ചു തൻ
ആശയം തെളിഞ്ഞുടൻ പ്ര-
ത്യാശയിൻ വഴി തുറ-
ന്നാൻ-പാപി

6 ജീവനിൽ പൂകേണ്ട
വാതിലാം തന്നിലു-
ടാവലായടുപ്പോർ ദിവ്യ-
ജീവനിൽ കടന്നിടുന്നു- പാപി

(കെ. വി. സൈമൺ)

## 164

ഏകതാളം

1

രക്ഷിതാവിനെകാൺക പാപി
നിന്റെ പേർക്കല്ലയോ ക്രൂശിന്മേൽ
തൂങ്ങുന്നു

2

കാൽവറി മലമേൽ നോക്കു നീ-
കാൽകരംചേർന്നിതാ ആണിമേൽ-
തൂങ്ങുന്നു

3

ധ്യാനപീഠത്തിൽ കയറി
ഉള്ളിലെ കണ്ണുകൾ കൊണ്ടു നീ
കാണുക

4

പാപത്തിൽ ജീവിക്കുന്നവനെ
നിന്റെ പേർക്കല്ലയോ തൂങ്ങുന്നീ
രക്ഷകൻ

5

തള്ളുക നിന്റെ പാപമെല്ലാം
കള്ളമേതും നിനയ്ക്കേണ്ട നിന്നു
ള്ളിൽ നീ

6

ഉള്ളം നീ മുഴുവൻ തുറന്നു
തള്ളയാമേശുവിൻ കയ്യിലെ
ലിഖിക്ക നീ

(റ്റി. ജെ. വർക്കി)

## 165

തി. ഏകതാളം

1 മൺമയമാം ഈയുലകിൽ കാൺമതും മായ
വൻ മഹിമ ധനം സുഖങ്ങൾ സകലവും മായ!

2 മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ- മൺ

3 ധാന്യം ധനം ലാഭം കീർത്തി ഹാ! നഷ്ടമാകും
മാന്യ മിത്രരാകെ നമ്മെ പിരിഞ്ഞിനിം പോകും... മൺ

4 എഴുപതതാം ഏറെയായാൽ എൺപതതാം മാത്രം
നീളും ആയുസ്സിതു നിനച്ചാൽ കഷ്ടത മാത്രം മൺ

5 ലോകമരുഭൂവിൽ മർത്യർ ആശ്രയം തേടി
ശോക കൊടും വെയിലിലേറ്റു വീഴുന്നു വാടി- മൺ

6 ദൈവമക്കൾ നമുക്കുസ്വർഗ്ഗം ഹാ! സ്വന്ത ദേശം
കേവലമിപ്പാരിടമോ വെറും പരദേശം- മൺ

(എം. ഇ. ചെറിയാൻ)

## ക്രിസ്തുവിങ്കലേക്കുള്ള ക്ഷണം

### 166

പന്തുവരാളി-മിശ്രചാപ്പ്

പല്ലവി

യേശുവിന്നരികിൽ വാ പാപീ!

അനുപല്ലവി

ഈശൻ നിൻ ദുരിതങ്ങൾ
മോചിക്കും വേഗാൽ- യേശു

ചരണങ്ങൾ

1 പാപത്തിൽ കിടന്നു നീ
നരകത്തീയതിൽ വീണു
എരിയാതീ നിമിഷം നീ
വരിക വൈകാതെ- യേശു

2 നിൻ പാപമഖിലവും
തൻ കണ്ണിനു മുമ്പാകെ
കാണുന്നായതിനാലേ-
താണു നീ വേഗം- യേശു

3 പാപികളാശ്രയമായി
താനല്ലാതെയില്ലാരും
പാരെ ചേർന്നിടുന്നോരെ
പാലിക്കുന്നോരു- യേശു

4 ആണിപ്പാടുകളുള്ള
പാണി നീട്ടിയും കൊണ്ട്
ക്ഷീണരെ വിളിക്കുന്നു-
കാണുന്നില്ലേ നീ- യേശു

5 ഒന്നുകൊണ്ടുമെൻ പാരെ
വന്നിടും നരരെ ഞാൻ
നിരസിച്ചു ത്യജിക്കയി-
ല്ലെന്നു ചൊന്നോരു- യേശു

6 നിന്നെ നോക്കിയും കൊണ്ടു
കണ്ണുനീർ ചൊരിയുന്നു
പിന്നെയെന്തു നീ ചിന്ത
ചിന്തിച്ചീടാതെ- യേശു

7 ഉന്നതൻ വിളി കേട്ടു
പിന്നാലെ വരികെന്നാൽ
പൊന്നുലോകത്തിലെന്നും-
സന്തോഷാൽ വാഴാം- യേശു

(റ്റി. ജെ. വർക്കി)

## 167

ഏകതാളം

1

പരമാനന്ദമനുഭവിപ്പാൻ
വരുവിൻ നരരേ വിരവൊടി-
നിങ്ങൾ

2

പരമോന്നതനേശു ഇതാ!
അരികിൽ വരുവാനുര ചെയ്തിടുന്നു

3

പരിപാവനമീവചനം
ഒരു കാലത്തിലും വരികില്ലഭേദം

4

പരമോന്നത വാക്യമിതാ
ശരിയായ് നിന്നോടിന്നുരചെയ്തിടുന്നു

5

വരിക തിരുസന്നിധിയിൽ
പരമാർത്ഥമെല്ലാം പറഞ്ഞീടുക നീ

6

ഒരു മാത്രയും പാർത്തീടാതെ
വെറുതേറ്റു പറഞ്ഞൊഴിഞ്ഞിടു-
പാപം

7

തിരുച്ചോരയിനാലെ നിന്റെ
പെരിയോരു പാപം കഴുകീടുമവൻ

8

പിറകോട്ടെറിഞ്ഞീടാതെന്നു
പറയുന്നതിനെ അറിഞ്ഞീടുക നീ

(റ്റി. ജെ. വർക്കി)

## 168

കാമോദരി - ആദിതാളം

പല്ലവി

നസറായനാകും യേശു നാ-ഥൻ - ദൈവ...
നന്ദനൻ എഴുന്നരുളീടുന്നു കൃപയോടിന്നേരം

അനുപല്ലവി

നാശമുണ്ടാക്കുന്ന പാപ നഷ്ടകഷ്ടങ്ങളകറ്റി
മാസുവിശേഷ രക്ഷയെ മംഗലമായ് നൽകിടുവാൻ- നസ

ചരണങ്ങൾ

1 ആണി ചേർന്ന പാദങ്ങളാൽ അൻപിൽ നടകൊ-ണ്ടു-
അലിവുള്ള തിരുകൺകൾ ചുറ്റും നോക്കിക്കൊണ്ട്
കഴിനമന്യേ നന്മചെയ്തും തൃക്കരങ്ങൾ നീട്ടിക്കൊണ്ടു
ദേവനീതി നിവർത്തിച്ചു ദിവ്യ കൃപ-ശോഭയോടെ- നസ

2 പാപരോഗങ്ങൾക്കു തക്ക ഔഷധങ്ങൾ കൊണ്ടു
പാവപ്പെട്ടവർക്കു നൽകാൻ നന്മ ബലി കൊണ്ടു-
കോപമില്ലാത്ത ഗുണവാൻ ഗുരുവായുദിച്ച പരൻ
കോടി ലോകങ്ങൾക്കു രാജൻ കരുണക്കൺകളുള്ളവൻ- നസ

3 പാപകുഷ്ഠ രോഗികളെ പക്ഷത്തോടു നോക്കി-
പക്ഷവാതം നീക്കും ശക്തി കാണിച്ചിടാൻ നോക്കി
ശാപകുരുടർക്കു കാഴ്ച ചന്തമേ നൽകുന്നതിനും
ചത്തപാപികൾക്കു ജീവൻ ശക്തിയും അരുൾവതിനും- നസ

4 പേരി ലജ്ജയുള്ളവരെ കടക്കണ്ണാൽ നോക്കി-
പിഴച്ച മാ പാപികളെ അലിവോടു നോക്കി-
വാടി നിൽക്കും പാപികളെ വിളിച്ചു കരുണയോടെ
മഹത്വം രക്ഷ നൽകീടാൻ എഴുന്നരുളുന്നൻപോടെ — നസ

(യോശവത്സലം)

## 169

തോടി-ആദിതാളം
'പാടും പരമരക്ഷകനേശു' എന്ന രീതി

പല്ലവി

പാ-പീ പരനരികിൽ വരിക നീ-
നിന്റെ ദുരിതമകറ്റുമവൻ- — പാപി

അനുപല്ലവി

ദീനരിൽ മനസ്സലിവുടയവനാമിവനെ
കണ്ടുകേ-ണു പിഴ താ--ണു പറഞ്ഞീടുക- — പാപി

ചരണങ്ങൾ

1 മഹത്വസിംഹാസനത്തെ വെടിഞ്ഞു നിൻപേർക്കു
ബഹുത്വ സേനകളുടെ സ്തുതികൾ മറന്നു
ഇഹത്തിൽ നരവടിവു ധരിച്ചെളിയവനായി
മഹത്വം നിനക്കു വരുത്തുവതിന്നിതു നിനച്ചു- — പാപി

2 തല ചായിച്ചീടുവതിന്നിടം കിടയാതെ
അലഞ്ഞു നിന്നുടെ പാപഭാരമറുപ്പാനായ്
വലിയ ദൈവം നിന്നോടു ബലമായ് വാദിച്ചിടുന്ന-
തലിവു കൊണ്ടല്ലയോ നിൻ മലിനത നീക്കുമവൻ- — പാപി

3 അലഞ്ഞു വഴി വെടിഞ്ഞു നടന്നലഞ്ഞോരോ-
ടണഞ്ഞു വരുന്നതിന്നു പറഞ്ഞു വൈകാതെ
നിറഞ്ഞ കരുണയോടെ പറഞ്ഞിടുന്നിപ്പോഴും നീ
മറഞ്ഞിടാതോടിവാ നിൻ നിറഞ്ഞ പാപമകറ്റും- — പാപി

4 പെരിയ പാടുകളേറ്റു കരുണയെ കാട്ടി
തിരുനിണം ചൊരിഞ്ഞു നിന്നുടെ കടം വീട്ടി
അരികിൽ വരുന്നവരെ അണപ്പാൻ തൃക്കരം നീട്ടി
മരുവുന്നോരഖിലേശ-നരികിൽ വാ തിറവിട്ടു- — പാപി

5 എളിയവരോടു തിരുക്കരുണകൾ തോന്നി
തെളിയിച്ചു വിശുദ്ധ വഴിയിന്നുപദേശം
കളിയല്ലിന്നിതു നിന്റെ മനതളിരിൽ പതിക്കി-
ലരിയ ഭാഗ്യം ലഭിക്കുമതിനു സംശയമില്ല- — പാപി

(റ്റി. ജെ. വർക്കി)

## 170 Tune: There's a glorious kingdom S.S. 168

ഞാൻ ചെയ്ത പാതകം എങ്ങനെ പോം പാപ-
നാശകൻ എവിടെയുണ്ട്?
ശ്രീയേശു രക്ഷകൻ പാപികൾക്കായ് ക്രൂശിൽ
പ്രാണനെ വിട്ടില്ലയോ

കൊടും പാപിയെന്നെ രക്ഷിപ്പാൻ രക്ഷിപ്പാൻ
കൊടും പാപിയെന്നെ രക്ഷിപ്പാൻ രക്ഷിപ്പാൻ
തിരു തലയിലവൻ മുൾമുടി ധരിച്ചാൻ
കൊടും പാപിയെന്നെ രക്ഷിപ്പാൻ

2 ലോകത്തിൻ പാപികൾ മോക്ഷം ചേരാൻ അവൻ
കണ്ണുനീരൊഴുക്കിയല്ലോ!
ദാഹിക്കുന്ന നരർ ജീവയാറ്റിൽ ദാഹം
തീർപ്പതിനായ് വരട്ടെ- കൊടും

3 പാപിയാമെന്നുടെ പാപമോർത്തു മന-
സ്താപത്തോടെ വന്നപ്പോൾ
കല്ലുള്ളം നീക്കിത്തൻ ആത്മാവിനാൽ എൻ-
ഉള്ളം തൃപ്പാദേ ചേർത്താൻ- കൊടും

4 എത്ര പാപികൾക്കും രക്ഷ നൽകാൻ അവൻ
പ്രാപ്തനാം കർത്തനല്ലോ
പാപത്തെ വെറുത്തു കർത്തനിൽ നീ നമ്പ്!
മോക്ഷം ചേരാം നിനക്കും- കൊടും

5 ഇത്രഭാഗ്യം തന്ന യേശുവിനു പ്രതി
ഞാനെന്തു കൊടുക്കേണ്ടു-എന്റെ
പൂർണ്ണ ശക്തിയോടെ തൻ നാമത്തെ എന്നും
വാഴ്ത്തിപ്പുകഴ്ത്തിടുമേ- കൊടും

(ജോൺ ഈശോ മലബാർ)

## 171

Jesus is tenderly calling
Fanny J. Crosby S.S. 396

1 മേൽവീട്ടിൽ എൻയേശു ഹാ! സ്നേഹമായ് വിളിക്കുന്നു വിളിക്കുന്നു
സ്നേഹ പ്രകാശം വിട്ടകന്നോനായ് ദൂരെ പോകുന്നതെന്ത്!

പല്ലവി

നീ-ഇന്നുവാ നീ ഇന്നു വാ
ക്രി-സ്തുഹാ സ്നേഹമായ് വിളിക്കുന്നു ഇന്നുവാ-

2 ക്ഷീണിച്ചോനെ യേശു സ്വസ്ഥമാക്കും വിളിക്കുന്നു-വിളിക്കുന്നു
പാപഭാരം കൊണ്ടുചെല്ലുക നീ ആട്ടുകയില്ല നിന്നെ നീ..

3 കാത്തുനില്ക്കുന്നേശു നീ ഇന്നുവാ! നിന്നെ കാത്തു നില്ക്കുന്നു ഹാ!
പാപവും കൊണ്ടു തിരുമുമ്പിൽ വാ! താമസിക്കാതെ നീ വാ- നീ

4 ശ്രവിക്കേശുവിൻ മധുസ്വരങ്ങളും നീ ശ്രവിക്ക നീ ശ്രവിക്ക
വിശ്വസിക്കേശുവിൻ ആനന്ദവും കിട്ടുമേ ഇന്നു കേൾക്ക - നീ

(വിവ: മോശവത്സലം)

## 172

Art thou weary

(Tr.) J.M. Neale 8.5.8.3 S.S.401

1 നീ ക്ഷീണിച്ചോ, നീ വലഞ്ഞോ വ്യാകുലപ്പെട്ടോ?
എങ്കൽ വിശ്രമിക്കെന്നേശു ചൊല്ലുന്നു

2 താൻ നായകനാകിൽ തന്റെ ലക്ഷ്യം എന്താകും?
പാദം കൈ വിലാവുകളിൽ പാടുകൾ

3 രാജാവിനെന്ന പോലുണ്ടോ രാജമുടിയും
മുടിയുണ്ട് സൂക്ഷ്മം തന്നെ മുൾമുടി

4 തൻ പിൻ ചെന്നാൽ താനിഹത്തിൽ തരുന്നതെന്ത്
മഹാദുഃഖം മഹായത്നം മാ ക്ലേശം

5 എന്നും തന്നിൽ പറ്റിച്ചേർന്നാൽ എന്തുണ്ടവനിൽ?
ദുഃഖം തീർന്നു യത്നം നീങ്ങി സൽപ്രാപ്തി

6 എന്നെ ചേർപ്പാൻ ഞാൻ യാചിച്ചാൽ എന്നെ തള്ളുമോ?
ഇല്ലില്ലാകാശം ഭൂമിയും പോയാലും

7 ഭദ്രം ചേർന്നു നിത്യം പാർത്താൽ ഭാഗ്യം ലഭ്യമോ?
വിശുദ്ധവാക്യം ചൊല്ലുന്നു 'ലഭ്യമാം'

## 173

What a friend we have in Jesus

Joseph Scriven 8.7.8.7.D S.S. 319

1 എന്തു നല്ലോർ സഖി യേശു! പാപദുഃഖം വഹിക്കും
എല്ലാം യേശുവോടു ചെന്നു, ചൊല്ലിടുമ്പോൾ താൻ കേൾക്കും
നൊമ്പരമേറെ സഹിച്ചു സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടുചെന്നു ചൊല്ലിടായ്ക നിമിത്തം

2 കഷ്ടം ശോധനകളുണ്ടോ എവ്വിധ ദുഃഖങ്ങളും?
ലേശവുമധൈര്യം വേണ്ട ചൊല്ലാം യേശുവോടെല്ലാം
ദുഃഖം സർവ്വം വഹിക്കുന്ന മിത്രം മറ്റാരുമുണ്ടോ?
ക്ഷീണമെല്ലാം അറിയുന്ന യേശുവോടു ചൊല്ലിടാം

3 ഉണ്ടോ ഭാരം വൈഷമ്യങ്ങൾ തുമ്പങ്ങളും അസംഖ്യം
രക്ഷകനല്ലോ സർവ്വജ്ഞൻ യേശുവോടറിയിക്കാം
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ? പോയ് ചൊല്ലേശുവോടെല്ലാം
ഉള്ളം കയ്യിൽ ഈശൻകാക്കും അങ്ങുണ്ടാശ്വാസമെല്ലാം.

## 174

Where is my wandering boy?

R. Lowry S.S.776

1 മറുതലിക്കും മകനേ! ഈ രാത്രി നീ എവിടെ!
നീയെന്നോമനപൈതലും എൻപ്രിയ പുത്രനും

ഈ രാത്രി നീ എവിടെ? ഈ രാത്രി നീ എവിടെ?
ഹാ! നിന്നെ ഞാൻ എത്ര സ്നേഹിക്കുന്നു!
ഈ രാത്രി നീ എവിടെ?

2 നിൻ മാതാവന്തികെ നിന്നു പ്രാർത്ഥിച്ച പ്രായത്തിൽ
നിൻ മനം എത്ര നിർമ്മലം! നിൻ മുഖം മാധുര്യം! ഈ

3 മുൻകാലം പോലെ നിന്നെ ഞാൻ കാൺമാൻ കൊതിക്കുന്നു
അന്നു നിൻ ജീവൻ ശുദ്ധവും നിൻ വീട്ടിൽ ഭാഗ്യവും- ഈ

4 അലഞ്ഞു പോകും മകനേ! നിന്നെ ഞാൻ തേടുന്നേ
വൈഷമ്യമെല്ലാം കൊണ്ടു വാ! വത്സലാ! നീ വേഗം- ഈ

## 175

ശങ്കരാഭരണം -ആദിതാളം

പല്ലവി

ഓടിവാ! കൃപയാം നദിയരികിൽ- നിന്റെ
മലിനത നീക്കാൻ പാപീ
ഓടിവാ കൃപയാം നദിയരികിൽ

ചരണങ്ങൾ

1 തേടി നിന്നെ കാണാഞ്ഞേറ്റം
വാടി വന്നവനുള്ളം-
ഓടിവന്നു പാടുകളേറ്റു
കുരിശിൽ
നേടി നിന്റെ രക്ഷ യേശു
മോടിയോടുയിർത്തു പിതാ-
വോടിരുന്നു മദ്ധ്യസ്ഥനാ-
യ്ക്കേണപേക്ഷിക്കുന്നുവേഗം- ഓടി

2 അശുദ്ധികളൊഴിച്ചു നിൻ
അകൃത്യങ്ങളകറ്റീടാൻ
വിശുദ്ധിയിന്നുറവയെത്തുറന്ന
മാർവ്വിൽ
കുളിച്ചു നീ അനുദിനം
വെളുപ്പിച്ചങ്കിയെ പിന്നെ
കുടിച്ചീടിൽ തടിച്ചു - നീ
വിശുദ്ധനായ് വളർന്നീടും- ഓടി

3 പരിശുദ്ധാത്മാവു നിന്റെ
മരണാവസ്ഥയെ കണ്ടു
കരളലിഞ്ഞരികിൽ വന്നെടുത്തു
നിന്നെ
തിരുജീവൻ ഊതി നിന്നിൽ
മറുരൂപമാക്കി നിന്നെ-
തിരുസ്നാനം നല്കിയവൻ
പരിശുദ്ധനായ് നടത്തും - ഓടി

4 സത്യമാം തിരുവചനം
ശുദ്ധിവരുത്തിടും നിന്നെ
ശുദ്ധിയിൻ വഴിയതിൽ നടത്തും
വചനം

നിത്യം നിന്റെ പാദങ്ങൾക്കു
സത്യവെളിച്ചം തന്നിട്ടു
ശുദ്ധതയിൻ ശുദ്ധസ്ഥല-
ത്തേക്കുവോളം തുണച്ചീടും-മാലി

5 ശുദ്ധിയിന്നലങ്കാരത്തിൽ
ശുദ്ധിമാന്മാരേ! സ്തുതിപ്പിൻ
ശുദ്ധതയിൽ വസിക്കും യഹോവ
യെ-നിങ്ങൾ

നിത്യം നിത്യം വളർന്നു നാം
ശുദ്ധതയിൽ മുതിർന്നു പാ-
പത്തെ നശിപ്പിച്ചീടുകിൽ
ക്രിസ്തുവിൽ ജീവിച്ചീടുംനാം- മാലി
(എം. മാത്തൻ)

## 176

Have you been to Jesus

E.A Hoffman S.S. 379

ശുദ്ധിക്കായ് നീ, യേശു സമീപെ
പോയോ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ
പൂർണ്ണശുദ്ധമാം ഈ നിമിഷം തൻകൃപ
തന്നിൽ വെച്ചോ ശുദ്ധിയായോ നീ?
കുളിച്ചോ-കുഞ്ഞാട്ടിൻ
ആത്മശുദ്ധി നൽകും രക്തത്തിൽ
ഹിമംപോൽ നിഷ്കളങ്കമോ നിൻ അങ്കി?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ-

2

അനുദിനം രക്ഷകൻപക്ഷത്തോ നീ
ശുദ്ധിയായ് നടന്നിടുന്നതു?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ
വിശ്രമം നാഴികതോറുമേ- കുളി

3

കർത്തൻ വരവിൽ നിൻ അങ്കിശുദ്ധമോ-
ഏറ്റവും വെൺമയായ്ക്കാണുമോ
സ്വർപ്പുരത്തിൽവാസംചെയ്തിടാൻ
യോഗ്യ
പാത്രമായ്തീരുമോ അന്നാളിൽ- കുളി

4

പാപക്കറ ഏറ്റ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക
ജീവനിൻ ഒഴുകുന്നു അശുദ്ധർക്കായ്
കുളിച്ചു ശുദ്ധിയായിടുക- കുളി
(വിവ: റവ. റ്റി. കോശി)

## 177

ചെഞ്ചുരുട്ടി - ഏകതാളം

പല്ലവി

പിന്നാലെ വരിക കുരിശെടുത്തെൻ
പിന്നാലെ നീ വരിക നിന്നെ വെറുത്തെൻ
പിന്നാലെ നീ വരിക!

അനുപല്ലവി

പിന്നാലെ നീ വരിക പേരാദ്യം പിന്തവിട്ടു
ഇന്നമം മായാലോകം എല്ലാം ഉപേക്ഷിച്ചു നീ- പിന്നാലെ

ചരണങ്ങൾ

1 എന്നിൽ ആശ്രയിക്ക എന്നിൽ അൻപു വെയ്ക്ക
എന്നുടെ ആത്മസഹായം കേട്ടു കൊൾക
മന്നിൽ ഗുരുവായി വന്നേൻ മഹത്വ കർത്താവു ഞാനേ
ഒന്നും വിടാതെ തടം ഓരോന്നും നോക്കിക്കൊണ്ടെൻ- പിന്നാലെ

2 പാപപരീക്ഷ മയമെന്യേ ജയിക്ക
താപം നിന്ദ ഹിംസകൾ സർവ്വവും സഹിക്ക
രാപ്പകൽ പരനോടുരമിച്ചു ജപിച്ചു കൊൾക!
കോപം വെടിഞ്ഞെല്ലാർക്കും-ഗുണം ചെയ്കതുനീവായി- പിന്നാലെ

3 ചിന്ത നീയെന്നുമേതു ചേതസി ധരിക്ക
സ്വന്ത ജഡേച്ഛകൾ ജയിച്ചൊഴിച്ചീടുക
അന്തം ചിന്തിച്ചു നിന്നെ-അഖിലം വെറുത്തിരിക്ക
സന്തതം തുടർന്നു വാ-സകല തലങ്ങളിലും പിന്നാലെ

4 സുഖമില്ലാത്തിടത്തും-ദുർഘട സ്ഥലത്തും
അകത്തു ഖേദിപ്പാൻ ഏകനായ് നീ നിന്നീടിലും
പകലുള്ള വെളിച്ചത്തും ഭ്രമമേകുമിരുട്ടിലും
തുകയോടെൻതടം കണ്ടു സൂക്ഷിച്ചു നടന്നെന്റെ- പിന്നാലെ

5 ധീരനായ് വരിക ചേർന്നു പിൻവരിക
പാരം സന്തുഷ്ടനായി പരസ്യമായ് വരിക
വേറെകാണുന്നവരെ വിളിച്ചുകൂട്ടി വരിക
വേറെ കൂട്ടരോടെല്ലാം സ്നേഹം കാണിച്ചു കൊണ്ടെൻ- പിന്നാലെ

6 പാപിയായാലും പകച്ചോനായാലും
താപിയാകാതെ നീ വാ ദയയോടു വിളിച്ചേൻ
പാപികളെ രക്ഷിപ്പാൻ പരമ കനാനിൽ ചേർപ്പാൻ
ശാപം ചുമന്നു തീർത്തേൻ സമയം പോയിടും മുൻ- പിന്നാലെ

(മോശവത്സലം)

## 178

ഏകതാളം

പല്ലവി

വിലയേറിയ കാലം അഴിക്കരുതേ! വിലയേറിയ കാലം

ചരണങ്ങൾ

1 വലിയ ധനത്തെക്കാളും മഹിമ കീർത്തിയെക്കാളും
പലഭാഗ്യങ്ങളെക്കാളും പാരിൽ എല്ലാറ്റെക്കാളും- വില

2 വിൺകൃപ നേടുവാനും വിനയം സമ്പാദിപ്പാനും
വിൺപ്രസാദം ലഭിച്ചു വിളങ്ങി ശോഭിച്ചിടാനും- വില

3 മോചനം നീതി, ജ്ഞാനമതാം വിശുദ്ധിയും
നീചപാപി ലഭിച്ചു നിരന്തരം പ്രകാശിപ്പാനും- വില

4 ഉള്ളും പുറവും മാറി ഉന്നത ദിവ്യശോഭ
തെല്ലും സന്ദേഹമെന്യേ തെളിഞ്ഞു വിളങ്ങുവാനും- വില

## 179

'When upon life's billows'

J. Oatman Jr. S.S 745

1

ലോക ശോക സാഗരെ നീ മുങ്ങുമ്പോൾ
ആകുല പാത്രവാനായ് നീ തീരുമ്പോൾ
കർത്തൻ വർഷിപ്പിക്കും അനുഗ്രഹങ്ങൾ
എത്ര എന്നു ചിന്തിച്ചുള്ളം മോദിക്ക

എത്ര മോദമുണ്ടിന്നതതിൽ
ദൈവത്തിൻ കരുണയോർക്കുമ്പോൾ
ഉല്ലസിക്ക മോദവാഹിയേ!
ഈശൻ ഏറ്റം കരുതുന്നു നിനക്കായ്

2

പ്രാപഞ്ചിക ചിന്തയാൽ വലയുന്നോ
ക്രൂശുവഹിപ്പാനേറ്റം പ്രയാസമോ
സന്ദേഹം വേണ്ടനീകാണും ആശ്വാസം
ഉന്നതം രക്ഷകൻപാദം ചേർന്നീടിൽ
-എത്ര മോദ

3

സമ്പത്താം ധനത്തെ നീ കാണുമ്പോൾ
ലോക വിഷാദം അസൂയയും വേണ്ട
ശാശ്വതം നിൻ സ്വർഗ്ഗത്തിലെ നിക്ഷേപം
ഐശ്വര്യമാർന്നതാം ചെയ്തതല്ലോ നിനക്കായ്
-എത്ര മോദ

4

കല്ലോലതുല്യമാം അല്ലൽവന്നീടിൽ
തെല്ലും ഭീതിവേണ്ടല്ലോമനതാരിൽ
കർത്തൻ നല്കും ആശിസ്സുകൾ
ഓർത്തനാം
സ്വർഗ്ഗം ചേരും നേരംവരെമോദിക്ക
-എത്ര മോദ

## 180

There is life for a look

A.M Hull S.S. 123

ജീവനുണ്ടാം ഏകനോട്ടത്താൽ ക്രൂശിങ്കൽ
ജീവനുണ്ടാം ഇപ്പോൾ നിനക്കു-
പാപീനോക്കി നീ രക്ഷ പ്രാപിക്കുക
ജീവനേകുന്നോരു യേശുവിൽ-
നോ-ക്കി-ജീവിക്ക-
ജീവനുണ്ടാം ഏകനോട്ടത്താൽ
ക്രൂശിങ്കൽ
ജീവനുണ്ടാം ഇപ്പോൾ നിനക്കു

2

യേശുതാൻ നിൻപാപം വഹിച്ചിട്ടില്ലായ്കിൽ
എന്തിനുപാപവാഹകനായ്?
തൻമൃത്യു നിൻകടംവീട്ടായ്കിലെന്തിനു
പാപനാശരക്തമൊഴുക്കി? നോക്കി

3

പ്രാർത്ഥന കണ്ണീരും ആത്മാവെ-
രക്ഷിക്കാ
രക്തംതാൻ രക്ഷിക്കും ആത്മാവെ
രക്തത്തെ ചിന്തിയോരേശുവിൽ
നിൻപാപം
സമർപ്പിക്കുക നീദ്രുതം-നോക്കി

4

ചെയ്യേണ്ടതായിനി ഒന്നുമില്ല-
നീശൻ
ചൊന്നതാൽ സംശയം നീക്കുക-
കാലത്തികവിങ്കൽ പ്രത്യക്ഷനായവൻ
വേലയെ പൂർണ്ണമായ് തികച്ചു -നോ

5

യേശുതാൻ നല്കുന്ന നിത്യമാം-
ജീവനെ
ആശു നീ സാദരം വാങ്ങുക
നിന്നുടെ നീതിയാം യേശു-
ജീവിക്കയാൽ
വന്നിടാ മൃത്യു എന്നിക-നോക്കി

## 181

ഏകതാളം

പല്ലവി

വന്നീടുവിൻ യേശുപാദം ചേർന്നീടു
വിൻ

പാപത്തെ വിട്ടോടീടുവിൻ

അനുപല്ലവി

വരുന്നോരെയും ഒരുനാളും ഞാൻ
തള്ളുകയില്ലെന്നുരച്ചു യേശു- വന്നീടു

ചരണങ്ങൾ

1

പാപത്തിൻ ശമ്പളം മരണമേ
അതുനിന്നെ നശിപ്പിക്കുമേ
ദൈവകൃപയോ ക്രിസ്തുവിൽ നിത്യ-
ജീവനാണെന്നു വിശ്വസിച്ചിട്ടു-വ

2

ഇന്നു നീ മരിച്ചാലെങ്ങുപോം?
ദൈവകോപം നീങ്ങിയോ?
നിനക്കായ് യേശു കുരിശിൽമരി-
ച്ചുയിർത്തെഴുന്നള്ളി മഹിമയിൽ- വ

3

മരണമേ നിനയാ നേരമേ-
അതു നിന്നെ സന്ധിക്കുമേ
മരിച്ചോർ ദൈവപുത്രന്റെ ശബ്ദം
കേട്ടു ജീവിക്കും നേരമായല്ലോ-വ

4

ഇതാ ഞാൻ വേഗം വരുന്നുവെന്ന്
യേശുരാജൻ അരുളിയല്ലോ
യേശുവേ! വേഗം മേഘത്തിൽവന്നു
നിത്യരാജ്യത്തിൽ ചേർക്ക ഞങ്ങളെ-
വന്നീടു

## 182

തി-ഏകതാളം

ജീവിതയാത്രക്കാരാ കാലടികൾ എങ്ങോട്ട്
നാശത്തിൻ പാതയോ ജീവന്റെ മാർഗ്ഗമോ
ലക്ഷ്യം നിൻ മുൻപിലെന്ത്?

1 അൻപിൻ രൂപി യേശു നാഥൻ നിന്നെ വിളിക്കുന്നില്ലേ
പോകല്ലേ നീ അന്ധനായി ലോക സൗഭാഗ്യം തേടി
പൊന്നിൻ ചിറകു നിനക്കു മീതെ
കർത്തൻ വിരിച്ചതു കാണുന്നില്ലേ
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടാ എൻ പൊൻമകനേ- ജീവിത

2 വൈഷമ്യമാം മേടുകളിൽ എങ്ങനെ നീ കടക്കും
എങ്ങനെ നീ യോർദ്ദാനിന്റെ അക്കരെ ചെന്നുചേരും
നിൻതോണിയിൽ കർത്തനേശു ഉണ്ടോ
നിൻ നാവിൽ പ്രാർത്ഥനാഗാനമുണ്ടോ
പുത്തൻ ഗാനാലാപം പാടി സ്തുതിക്കുവാൻ
ഹൃത്തിടേ സ്വർഗ്ഗീയ ശാന്തിയുണ്ടോ- ജീവിത

3 വിശ്വാസത്തിൻ തോണി തന്നിൽ പോകുന്ന യാത്രക്കാരാ
പാറക്കെട്ടിൽ തട്ടാതെ നീ അക്കരെ ചെന്നിടുമോ?

ഓളങ്ങൾ ഏറുന്ന സാഗരത്തിൽ
ജീവിത തോണി അലഞ്ഞാടുമ്പോൾ
ആരുണ്ട് കൈത്താങ്ങായ് ആരു സഹായിക്കും
കപ്പിത്താൻ യേശു അല്ലാതെ നിന്നെ (കെ. സി. അലക്സാണ്ടർ)

## 183

ഏകതാളം

1 ജീവിതപാത എങ്ങോട്ടെന്നോർക്ക
ജീവന്റെ നായകൻ നിൻ കൂടെ ഉണ്ടല്ലോ
അലഞ്ഞു പോകുവാൻ അനുവദിക്കയില്ല
നല്ലിടയൻ ആലയിൽ ചേർത്തിടും

നിൻ വഴികൾ നീ ഭരമേല്പിച്ചിടൂ
പോകേണ്ടുംപാതകാണിക്കും സർവ്വദാ
സത്യവും ജീവനും മാർഗ്ഗവുമൊന്ന
ഇടറാതെ പോക വിശ്വാസപാതയിൽ

2 വിശാല വാതിൽ നാശത്തിൻ പാത
ജീവന്റെ മാർഗ്ഗം ഞെരുക്കമുള്ളത്
കടന്നു പോയിടാം നായകൻ പിൻപേ
എത്തിടുമേ വാഗ്ദത്ത നാട്ടിൽ- നിൻവഴി

3 നീതിയിൻ പാതയിൽ ഗമനം ചെയ്തീടിൽ
ന്യായത്തിൻ വാക്കുകൾ നിൻ നാവിൽ വന്നീടും
ഉച്ചരിച്ചീടുവാൻ ധൈര്യം പകർന്നിടും
ഉദ്ധരിക്ക സ്നേഹത്തിൻ ആത്മാവാൽ- നിൻവഴി

(റവ. വി. എം. മാത്യു)

# രക്ഷിതാവിന്റെ വിളി

## 184

സുരുട്ടി - മിശ്രചാപ്പ്

പല്ലവി

തനയാ! നിന്നുടെ പേർക്കായി- ട്ടെന്നുടെ ചോര
ബലി ചെയ്തതിനെ ഓർക്ക!

അനുപല്ലവി

വിനയാൽ നീ നരകത്തീക്കനലിൽ വീഴുവാറായി
മനസ്സാലെന്നുടെ ജീവൻ- നിനക്കായ്ത്തന്നു വീണ്ടില്ലേ?- തന

ചരണങ്ങൾ

1 ഇതിനെ നീ കരുതിടാതെ മായാമോഹത്താൽ
മതികേടായ് നടന്നീടാതെ-
ചതിയനാം പിശാചിനെ-അതി ദൂരെയകറ്റാഞ്ഞാൽ
പതിയും നീ നരകത്തിൽ അതിനില്ലൊരു മാറ്റം- തന

2 ഇതിനു തുല്യമായെന്തോ നീ തന്നീടും പാപീ!
കൗതുകമോടിതു ചിന്തിക-
അതിരറ്റുള്ളൊരു മോദം അകമേ തന്നതിനായി
പതിയായെന്നുടെ പാദേ വരിക നീ മടിയാതെ- തന

3 ദുരിതം ഞാൻ പലതുമേറ്റു നിൻ ദുരിതങ്ങൾ
ശിരസ്സിൽ ഞാൻ ചുമന്നു തീർത്തു
കരുതുകിന്നിതിനെ നീ-അരുതു സംശയമേതും
വിരുതു വാങ്ങുവാനായ് നീ-കുതിശും കൊണ്ടുശീഘ്രം വാ- തന

4 വരുമോരോ ഞെരുക്കം മൂലം നീ അതിനാലെ
പരിതപിച്ചിരുന്നിടാതെ-
മരണനാഴികയോളം - ഇരിക്ക വിശ്വസ്തനായി
തരുവൻ ജീവകിരീടം - അതിനു സംശയിക്കേണ്ട- തന

5 ദിനവും നീ മരിച്ചീടണം - എന്നിൽ ജീവിപ്പാൻ
വിനയം നീ ധരിച്ചിടേണം-
അകമേ ഞാൻ വളരേണം - പുറമേ നീ തളരേണം
കറയെ ഞാൻ കളയുമ്പോൾ ശ്രമിച്ചീടേണ്ട നീയേതും- തന

(റ്റി. ജെ. വർക്കി)

## 185

ആനന്ദഭൈരവി - ആദിതാളം

പല്ലവി

അയ്യോ പാപി! നീ എൻ - പാടു കാണുക!

അനുപല്ലവി

പാതകം നീ ചെയ്തതാൽ ഈ- പാടു ഞാൻ പെട്ടേൻ! അയ്യോ!

ചരണങ്ങൾ

1 പരമാനന്ദം ഞാൻ-വിട്ടു നിന്മൂലം
പെരും കാട്ടിന്നുൾ ഞാൻ-വന്നു നിന്മൂലം
കീറിയ വസ്ത്രം പുതച്ചേൻ-പാരിന്നുടയോൻ- അയ്യോ!

2 നരമാതാവിൻ ചൊൽ-കീഴടങ്ങി ഞാൻ
ഒരു യാചകൻ പോൽ ജീവനം ചെയ്തേൻ
ഏറെ വിശപ്പും ദാഹവും-ഏറ്റു നിന്മൂലം- അയ്യോ!

3 ഇടികൊണ്ടെന്റെ മെയ് – നിന്റെ പാപത്താൽ
അടി കൊണ്ടേറെ ഞാൻ നിന്റെ ദോഷത്താൽ
കെട്ടുകൾ തോഴികൾക്കുമോ – അറ്റമില്ലല്ലോ! അയ്യോ!

4 ഇരുമ്പാണിയാൽ എൻ – കൈകൾ നോവുന്നേ!
ഇരുപാദങ്ങളോ-ടാണിമേലായേ
കരളിലും കുന്തം കടന്നു-ചൊരിയുന്നേ രക്തം- അയ്യോ!

5 നിന്റെ പാപത്താൽ ഞാൻ-നോവുന്നിവണ്ണം
നിന്റെ പേർക്കല്ലോ ഞാൻ തൂങ്ങുന്നിവണ്ണം
നിന്റെ പാപത്തിനുവേണ്ടി – ഞാൻ അടികൊണ്ടേൻ- അയ്യോ!

6 പാറകൾ പോലുമെൻ പാടു കാണുന്നേ-
പാരം ഞെട്ടുന്നേ – കൺ – നീരൊഴുകുന്നേ
ധീനനായ് നീ എന്നെ നോക്കി തല കുലുക്കാതെ! അയ്യോ!

7 കുന്നിൻമേലെയോടെ നീ – ചേർന്നു നിൽക്കാതെ
എന്നെ ക്രൂശിന്മേൽ നീ വീണ്ടും തൂക്കാതെ
നിന്നുടെ പേർക്കുള്ള ശിക്ഷ എന്നിലായിതാ! അയ്യോ!

(മോശവത്സലം)

## 186

I gave my life for thee

F.R.Havergal Six 6s S.S. 621

1 എൻ – ജീവൻ ഞാൻ തന്നു
എൻ – രക്തം ചൊരിഞ്ഞു
നി-ന്നെ വീണ്ടെടുപ്പാൻ
നീ – എന്നും ജീവിപ്പാൻ
എൻ – ജീവൻ ഞാൻ തന്നു
എ-ന്തു തന്നെനിക്ക്?

2 ദീർഘകാലം പോക്കി
ദുഃഖം കഷ്ടങ്ങളിൽ
ആനന്ദലോകത്തിൽ
അ-ർഹനായ് തീരാൻ നീ
എ-ത്ര ശ്രമിച്ചു ഞാൻ
എ-ന്തു ചെയ്തെനിക്കായ്?

3 വി-ട്ടേൻ പിതൃഗൃഹം
തേജസ്സൊത്താസനം
ധാത്രിയിൽ അലഞ്ഞു
ദുഃഖിച്ചും തനിച്ചും
എല്ലാം നിൻ പേർക്കല്ലോ
എന്തു ചെയ്തെനിക്കായ്?

4 പാടേറ്റു ഞാൻ പെട്ടു
പാതകർ കയ്യാലേ
നാവാൽ അവർണ്ണ്യമാം
നാശം ഒഴിഞ്ഞിത
പാടേറെ ഞാൻ പെട്ടു
പാപി എന്തേറ്റു നീ?

5 സ്വർഗ്ഗത്തിൽ നിന്നു ഞാൻ
സൗജന്യ രക്ഷയും
സ്നേഹം മോചനവും
സ-ർവ്വ വരങ്ങളും
കൊ-ണ്ടു വന്നില്ലയോ
കൊ-ണ്ടുവന്നെന്തു നീ!

6 നി-ന്നായുസ്സെനിക്കായ്
നീ-പ്രതിഷ്ഠിക്കിന്നേ
ലോകവും വെറുക്ക
മോദിക്ക താപത്തിൽ
സർവ്വവും വെറുത്തു
രക്ഷകൻകൂടെവാ

(വിവ. റവ. റ്റി. കോശി)

# പരിശുദ്ധാത്മാവ്

## 187

ഭൈരവി - തി. ഏകതാളം

വരിക നൽവരങ്ങളെ നീ തരിക ആവിയേ - കൃപ
കരുണ വാപിയേ!

1 നവ്യ ജ്ഞാനാഭിഷേകത്തിൻ സുഗന്ധ തൈലമേ!-ദിവ്യ
സ്നാന തൈലമേ — വരിക

2 പ്രാവു പോലെയോ ദഹനജ്വാല പോലെയോ-കതി-
രൊളിവു പോലെയോ- — വരിക

3 വാഴ്ക! മനസ്സിൻ ദുർവിചാരം ആകെ മാറ്റുവാൻ-ഗുണം
ഏറിത്തേറുവാൻ — വരിക

4 പാപക്കടലിൻ ആഴംകണ്ട പാപി ഞാൻ അയ്യോ-എന്നിൽ
കോപിയാതയ്യോ! — വരിക

5 ദോഷച്ചുളിയിൽ മുഴുകിവാഴും ദോഷി ഞാനല്ലോ-ഗുണ-
ദോഷി നീയല്ലോ- — വരിക

6 പ്രകൃതി കൊണ്ടു വികൃതമായ ഹൃദയം മാറുവാൻ-നവ
ഹൃദയം ആകുവാൻ- — വരിക

7 ഇരുൾ അകന്നെന്നകമതികൾ വെളിവണയുവാൻ-വേദ
തെളിവുണരുവാൻ- — വരിക

8 സത്യ ധർമ്മ നീതി മാർഗ്ഗമുറകൾ ആകുവാൻ-കൃപ
വളരെ നൽകുവാൻ- — വരിക

(മാണി ജോൺ കൊച്ചുകുഞ്ഞ്)

## 188

നാഥനാമക്രിയ- ആദിതാളം

പല്ലവി

വന്നാ - വ - സി - ക്ക - ദേവാത്മാവേ! നീ
വന്നാ - വ - സി ക്ക!-

അനുപല്ലവി

വന്നാവസിക്ക വേഗം-നിന്നുടെ മാ കൃപയാൽ
ഇന്നീയടിയാരിലും-ഉന്നതത്തിങ്കൽ നിന്നു — വന്നാ

1 കർത്താവിൻ ഭൃത്യർ പെന്തി-ക്കൊസ്തുപ്പെരുന്നാളിങ്കൽ
ഒത്തൊരുമയോടെ-പ്രാർത്ഥിച്ചിരിക്കുന്നേരം
ഏറ്റവും ശക്തിയുള്ള-കാറ്റോട്ടം പോലവർ മേൽ
എത്തി ആവസിച്ച പോ-ലീദാസരിലുമിന്നു — വന്നാ

2 കർത്താവരുളി ചെയ്ത-വാർത്തകളെല്ലാമവർ
ഉൾക്കാമ്പിങ്കലോർമ്മ വ-രുത്തിക്കൊടുത്തു നല്ല
ശക്തിയോടേശുവെ പ്ര-സിദ്ധപ്പെടുത്തിപ്പാനായ്
അഗ്നിനാവാലവർക്കെ-ന്നു വന്നപോലിന്നു- വന്നാ

3 അന്നാളിൽ മൂവായിരം ആത്മാക്കളിലവൻ ശക്തി
നന്നായ് ജ്വലിപ്പിച്ചേശു-തൻ നാമത്തിങ്കൽ ചേർത്തു
പിന്നെയഞ്ചായിര-ത്തിലധികമൊരു നാളിൽ
നന്നായ് പ്രകാശിച്ച പോ-ലിന്നീയടിയാർ മേലും- വന്നാ

4 അക്കാലം തൊട്ടു ദിവ്യ-ശക്തിയാൽ തിരുസഭ
ഉൾക്കാമ്പിൽ ഭക്തിയായ് പാ-ലിക്കപ്പെടുന്നതു പോൽ
ഇക്കാലത്തിലും നിന്റെ പ്രത്യേക ദീപ്തിമൂലം
ഇക്കൂട്ടത്തെയും പാലിച്ചീടുവാനായ്ക്കൊണ്ടിപ്പോൾ- വന്നാ

(റവ. റ്റി. കോശി)

## 189

മലയാളി - മിശ്രചാപ്പ്

ആത്മാവേ! - വന്നീടുക......വിശു-
ദ്ധാത്മാവേ! വന്നീടുക....

ചരണങ്ങൾ

1 ആത്മാവേ! വേഗം വന്നെന്നതിപാപങ്ങ-
ളാകെ നീയോർപ്പിക്കുക - ഞാൻ
ആയവയോർത്തു അലറിക്കരവതി-
നായി തുണച്ചീടുക

2 കേഫാവിൻ കണ്ണുനീരപ്പോളൊഴുകുമെൻ
കണ്ണിൽ നിന്നും ദൈവമേ-നിൻ
തൃപ്പാദത്തിങ്കൽ വീണി-പ്പോളപേക്ഷിക്കു-
ന്നിപ്പാപിയെ നീ തള്ളാ- ആത്മാ

3 കല്ലാം മനസ്സിനെ തല്ലിത്തകർക്ക നിൻ
ചൊല്ലാലെ വേഗമയ്യോ ദിനം
വെള്ളക്കുഴിയാക്കിക്കൊള്ളുക എന്നിരു-
കണ്ണുകളെ വേഗം നീ- ആത്മാ

4 യേശു കുരിശിൽ മരിച്ച സത്യമെൻ
മാനസം തന്നിൽ ദിനം-പ്ര-
കാശിപ്പതിനു തുണയ്ക്കുക ദൈവമേ!
ലേശവും താമസിയാ- ആത്മാ

5 നിന്നെ എത്ര തവണ ദുഃഖിപ്പിച്ചിരി-
ക്കുന്നു മഹാ പാപി ഞാൻ-നിന്റെ
പൊന്നാമുപദേശം തള്ളിക്കളഞ്ഞു ഞാൻ
തന്നിഷ്ടനായ് നടന്നേൻ- ആത്മാ

6 നിഗളം ദുർമ്മോഹം അവിശ്വാസം വഞ്ചന
പകയെന്നിവയൊഴിച്ചു-എൻ
അകമെ വിശ്വാസം പ്രത്യാശ സ്നേഹങ്ങളെ
വേഗം തന്നിടുക നീ- ആത്മാ

7 അപ്പോസ്തോലരിലിറങ്ങിയ വണ്ണ-
മിപ്പോളാകാശം പിളർന്നു - നീ
ഇപ്പാപിമേലിറങ്ങി ഹൃദയം തന്നിൽ
എപ്പോഴും വാണിടുക- ആത്മാ

8 ജീവജലമേ! കനിഞ്ഞെൻപോലെന്നിൽ നീ
മേവാതിരിക്കുമെങ്കിൽ - നിത്യ
ചാവിന്നിരയായിടും മഹാ പാപി ഞാൻ
ദൈവമേ! കൈവിടൊല്ല- ആത്മാ

9 ചൊല്ലിക്കൂടാത്ത ഞരക്കങ്ങളോടതി
വല്ലഭൻ മുൻപിലയ്യോ - ഈ
ചെല്ലാമെനിക്കായപേക്ഷിപ്പതിന്നു നീ
തെല്ലും താമസിക്കൊലാ- ആത്മാ

(യുസ്തൂസ് യോസഫ്)

## 190

മലയാതി മിശ്രചാപ്പ്

പല്ലവി

വിശുദ്ധാത്മാവേ! വരിക സാക്ഷിയാം എൻ നെഞ്ചിൽ വസിക്ക!

ചരണങ്ങൾ

1 നിൻ ഹിതം എത്ര അറിഞ്ഞാലും പാപമേ
നിത്യം ചെയ്തിടുന്നു ഞാൻ-എന്മേൽ
നീ കടാക്ഷിക്കേണം അല്ലെങ്കിൽ പാപി ഞാൻ
നിത്യ ചാവിന്നിരയാം- വിശു

2 പാപിയാമെൻ മൂലം പാടുപെട്ടേൻ യേശു
പാരിൽ മരിച്ചതിനെ-പല
പ്രാവശ്യം പാപിമറന്നു മാ പാപങ്ങൾ
പക്ഷമായ് ചെയ്തു പോരയേൻ- വിശു

3 ജീവനുണ്ടെന്നൊരു നാമമേ ഉള്ളെന്നിൽ
ജീവനില്ലേ പരനേ-ഭവാൻ

കൈവിട്ടാൽ പാപി ഞാൻ ചാവാനിടയാമേ
കോപിച്ചുപോ-കരുതേ- വിശു

4 നിന്നോടപേക്ഷിച്ചു വന്ദനം ചെയ്‌വാനും
നിൻസത്യം കേൾപ്പതിനും- മാന്ദ്യം
എന്നിൽ പലപ്പോഴും-വന്നുപോയതു, ക്ഷമ-
തന്നു നീ വന്നീടുക- വിശു

5 ഈ ലോക മായയിൽ കാലം കഴിച്ചു ഞാൻ
മേൽ ലോകത്തെ മറന്നേൻ - ഇനി
ആലോക കാര്യങ്ങൾ ചിന്തിപ്പതിനു നീ
അനുഗ്രഹം തന്നീടുക- വിശു

6 കല്ലു പോലുള്ള എൻവല്ലാത്ത നെഞ്ചിനെ
നല്ലവണ്ണമുരുക്കി-ഉള്ള
വല്ലാത്ത ചിന്തകൾ നീക്കി എന്നുള്ളിൽ നീ
പള്ളികൊണ്ടീടണമേ- വിശു

(റവ. റ്റി. കോശി)

## 191

പല്ലവി

ഓ പരിശുദ്ധാത്മനേ! ശക്തിയേറും ദൈവമേ!
വന്നു രക്ഷിക്കേണമേ വേഗമേ-

1 പാപിയാമെന്നിൽ ന്യായങ്ങൾ പാലിച്ചുണർത്തീടുക എൻ
പാപവഴികൾ കാണിക്കുക - വേഗമേ- പാപവഴികൾ.. ഓ

2 പാപബോധം നൽകുക നീ നീതിന്യായ തീർപ്പിനെയും
പക്ഷമോടിയോർമ്മ നൽകുക - വേഗമേ- പക്ഷമോടി... ഓ

3 യേശുവോടു ചേരുവാനും സത്യം ഗ്രഹിച്ചീടുവാനും
എന്നെ ആകർഷിച്ചുരുപ്പിക്ക - വേഗമേ- എന്നെ ആകർഷി.. ഓ

4 നല്ല ജീവവിശ്വാസവും മോക്ഷ ഭാഗ്യ ദൃഢതയും...
നൽകുക വീണ്ടും ജനനവും - വേഗമേ- നൽകുക വീണ്ടും.. ഓ

5 പരിശുദ്ധനാക്കുകെന്നെ - പഠിപ്പിക്ക ദൈവഹിതം
പരനേ! വഴി നടത്തണേ വേഗമേ- പരനേ! വഴി.. ഓ

6 ബലഹീനത വരുമ്പോൾ തുണച്ചാശ്വസിപ്പിക്കെന്നെ
പരലോകാനന്ദം കാട്ടുക വേഗമേ... പരലോകാനന്ദം.. ഓ

(മോശവത്സലം)

## 192

ചെഞ്ചുരുട്ടി-ആദിതാളം

പല്ലവി

പെന്തിക്കോസ്തിൻ വല്ലഭനേ-എഴുന്നരുൾക- പെന്തി

അനുപല്ലവി

നിൻ ദാനം യാചിക്കുന്ന നിൻ ദാസരിന്നുള്ളത്തിൽ
ചിന്തും തീജ്വാലയൊത്ത തിരുപ്രസന്നതയോടെ പെന്തി

ചരണങ്ങൾ

1 വിശ്വാസം സ്നേഹം ആശയും-അഗതികൾക്കു
മേലിൽ നിന്നായക്കേണമേ...
നിൻ ശ്വാസം ഇല്ല എങ്കിൽ നിർജ്ജീവ രൂപം ഞങ്ങൾ
നീ താമസിച്ചീടല്ലേ ശക്തി പകർന്നീടുവാൻ- പെന്തി

2 പേരല്ലാതൊന്നുമില്ലയ്യോ! നിലകളെല്ലാം
പിഴച്ചപമാനമായയ്യോ...
ഓരോ മനസ്സുകളും ഓരോ നിലതിരിഞ്ഞു
ഒരു മനമെന്ന ശക്തി ഒഴിഞ്ഞുപോയല്ലോ സ്വാമീ!!- പെന്തി

3 കല്ലായ നെഞ്ചുകളെല്ലാം ഉരുക്കി മന-
ക്കാടെല്ലാം വെട്ടിക്കളക...
എല്ലാ വഞ്ചനകളും ഇല്ലാതെയാക്കേണമേ
എവർക്കും അനുതാപം അനുഗ്രഹത്തോടരുൾക. പെന്തി

4 പാപത്തിന്നുറവകളെ അടച്ചെന്നുള്ളം
പാവനമാക്കീടേണമേ...
താത്പര്യത്തോടെ ഞങ്ങൾ യേശുവെ പിന്തുടരാൻ
സത്യക്രിസ്തവരായി കാക്കണം അടിയാരെ പെന്തി

(മോശവത്സലം)

## 193

1 ശുദ്ധാ ശുദ്ധാ കർത്താ! ദേവാ ജീവദായകനേ!
ചിത്ത ശുദ്ധി നൽകി എന്നെ രക്ഷിക്കിന്നേരമേ

2 വാസം ചെയ്കെന്നുള്ളിൽ ദേവാ! പാപബോധം നൽക
നാശമായ്പ്പോകായ്വാനെന്നെ പാലിച്ചീടേണമേ

3 സത്യാത്മാവേ! വായെന്നുള്ളിൽ നിത്യവും നീ പാർക്ക
ക്രിസ്തേശുവിൻ മുദ്ര എന്നിൽ പതിക്ക നീ ഇപ്പോൾ

4 സ്നേഹാദി ഫലങ്ങൾ എന്നിൽ ആവാനധികമായ്
സ്നേഹവാനേ! തുണയ്ക്കണം ഹീന പാപിയെന്മേൽ

5 താതസുത ശുദ്ധാത്മാവേ! നാഥാ! ത്രിയേകനേ!
താ നിൻ കൃപാ വരങ്ങളെ നിൻ സേവ ചെയ്തീടാൻ

(റ്റി. കെ. ഔസേഫ്)

## 194

മണിരങ്ക-ആദിതാളം

1

എന്നുള്ളിലെന്നും വസിച്ചിടുവാൻ സ്വർഗ്ഗ
മണ്ഡപം വിട്ടിറങ്ങി-വന്ന
ഉന്നതനാം തങ്കപ്രാവേ!നീവന്നെന്നിൽ
എന്നുമധിവസിക്ക

2

തങ്കച്ചിറകടി എത്രനാൾ കേട്ടിട്ടും
ശങ്ക കൂടാതെ നിന്നെ-തള്ളി
സ്വന്തം ഞാൻ കൊടുത്തന്യർക്കെന്നോർത്തിതാ
സങ്കടപ്പെട്ടിടുന്നു

3

കർത്താവേ! എത്ര അനുഗ്രഹങ്ങളയ്യോ!
നഷ്ടമാക്കി ഈ വിധം ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ
തട്ടിയുണർത്തണമേ!

4

ശൂന്യവും പാഴുമായ്തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു ദേവാ!
വന്നുപാർത്തുശുദ്ധിചെയ്തു നിൻവീട്ടിന്റെ
നിന്ദയകറ്റേണമേ!

5

ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജീവിപ്പിക്കും കർത്താവേ വന്നു
ജീവനും ശക്തിയും സ്നേഹവുംതന്നെന്നെ
ജീവിപ്പിച്ചീടണമേ

6

ശക്തിയിൻ സിംഹാസനമതിലേറി
വസിക്കുന്നയേശുരാജൻ എന്നിൽ
ശക്തിയോടെവന്നു വാണിടും-നേരത്തിൽ
ശക്തനായ് ജീവിക്കും ഞാൻ

7

എന്നലങ്കാരവസ്ത്രം ധരിച്ചീടും ഞാൻ
ഇന്നുമുതൽ ദൈവമേ-മേലാൽ
എന്നിലശുദ്ധനും ചേലയില്ലാത്തോനും
ചേർന്നുവരികയില്ല

8

ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ
ദൈവാത്മാവേ! വന്നെന്നിൽ-എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിപ്പിക്ക

(റവ. റ്റി. കോശി)

## 195

ഏകതാളം

പല്ലവി

പാവനാത്മാവാം പകർന്നീടണം ദേവാ
ദാസരിൽ നന്നാ നിറവോടീദിനമതിൽ
ആത്മദാനം ദിവ്യവാഗ്ദത്തദാനം
അരുളുക കൃപയോടെ പരാപരനേ

ചരണങ്ങൾ

1

സാക്ഷികളായി രക്ഷകൻ നാമം
പക്ഷമോടെന്നും കൊണ്ടാടീടുവാൻ — പാവനാ

2

പീഡകൾ വന്നാൽ ആശങ്കകൂടാതെ
മോടിയോടേശുവെ പാടീടുവാൻ — പാവനാ

3

പട്ടിണി, ദാഹം, നഗ്നത, നിന്ദ
ഏതിനും ശക്തരായ് മേവീടുവാൻ.. — പാവനാ

(കെ. സി. ഏലിയാസ്)

## 196

തി. ഏകതാളം

1 പെന്തിക്കോസ്തിൻ ശക്തിയെ അയയ്ക്ക ദൈവമേ- നിൻ
സ്വന്ത ദാസർക്കേറ്റം-ജീവൻ ലഭ്യമാകുവാൻ

2 ലോകം തൻ വശത്തിലാക്കി നിൻ ജനങ്ങളെ- ആത്മ-
ദാഹമുള്ള ദൈവമക്കളെത്ര ദുർല്ലഭം

3 നാമമാത്രമായ് ജനം തിരിഞ്ഞു ഹാ വിഭോ - ബഹു
കേമമായിട്ടുണ്ടു ബാഹ്യമായ കർമ്മങ്ങൾ

4 കേട്ടുപറ്റി നിൻ സഭയ്ക്കിതാകെ നാഥനേ- ദിവ്യ
ചൂടു ലേശമില്ലയെന്നതെത്ര സങ്കടം

5 പ്രാണനാഥനേ! അയക്ക നിന്റെ ആവിയെ-തീരെ
പ്രാണനറ്റ നിൻ സഭയുണർന്നു ജീവിപ്പാൻ

6 നീക്കുക ഭയം സകല സംശയങ്ങളും - നിൻ
ഭാഗ്യ വാസത്താലെ ഉള്ളം സ്വർഗ്ഗമാക്കുക

## 197

ശങ്കരാഭരണം- ആദിതാളം
'നല്ലദേവനേ ഞങ്ങൾ' എന്ന രീതി

1 പരിശുദ്ധാത്മാവേയിപ്പോൾ
ഈയടിയാർ മേൽ
കരളലിഞ്ഞു വന്നു
വരം നൽകീടേണമേ

2 പെന്തിക്കോസ്തിൻ നാളിൽ
സ്വന്ത അപ്പോസ്തോലർമേൽ
ചന്തമോടിറങ്ങി വന്ന
പരിശുദ്ധാത്മാവേ

3 നല്ല ദാനങ്ങൾക്കുടയ
വല്ലഭനേ നീ
സ്വർലോകത്തിൽ നിന്നിറങ്ങി
വരിക ഞങ്ങൾ മേൽ

4 വന്നു വരപ്രസാദങ്ങൾ
എല്ലാവർമേലും
തന്നിട്ടാശീർവാദത്തോട-
യച്ചീടേണമേ

## 198

ത്രി. ഏകതാളം

1 നിന്തിരു വചനത്തിൽ നി-
ന്നത്ഭുത കാര്യങ്ങൾ
ചന്തമായ് ഗ്രഹിപ്പതിനു
നിൻതുണ നൽകീശോ!

2 അന്ധകാര രാജനെന്റെ
ചിന്ത കലക്കാതെ
കാന്താ നിൻ ചിന്തയെന്നിൽക്ക-
ന്നാദ്യന്തം പാലിക്ക

3 സത്യ വചനത്തിൽ നിന്നു
നിത്യജീവവാക്യം
ചിത്തേ പതിപ്പിച്ചീടുക
ശുദ്ധാത്മ നായകാ

4 വിശ്വാസത്തോടെന്നുള്ളിൽ നിൻ
നിശ്വാസ മൊഴികൾ
നിശ്ചയമായ് കലർന്നെനി-
ക്കാശ്വാസമുണ്ടാവാൻ

(റ്റി. ജെ. വർക്കി)

## 199

ആദിതാളം

1

നല്ലദേവനേ! ഞങ്ങൾ എല്ലാവരേയും
നല്ലതാക്കി നിൻഇഷ്ടത്തെ ചൊല്ലീടേണമേ

2

പച്ചമേച്ചിലിൽ ഞങ്ങൾമേഞ്ഞിടുവാനായ്
മെച്ചമാം ആഹാരത്തെ നീ നല്കീടേണമേ

3

അന്ധകാരമാം ഈ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടീടേണമേ

4

ഇമ്പമേറിയ നിൻ അൻപുള്ളസ്വരം
മുമ്പേ നടന്നുസദാകേൾപ്പിക്കണമേ

5

വേദവാക്യങ്ങൾ ഞങ്ങൾക്കാദായമാവാൻ
വേദനാഥനേ! നിന്റെജ്ഞാനം നൽകുകേ

6

സന്തോഷം സദാ ഞങ്ങൾചിന്തയിൽ വാഴാൻ
സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചെയ്യുകേ

7

താതനാത്മനും പ്രിയ നിത്യപുത്രനും
സാരമാംസ്തുതിസ്തോത്രം എന്നും ചൊല്ലുന്നേൻ - ആമേൻ

(മുല്ലശ്ശേരിൽ ജോൺ ഈശോ)

## 200

മണിരങ്കു - ആദിതാളം

പല്ലവി

ദൈവവചനമേ ദിവ്യവിശേഷം
സർവ്വദാ മോദമോടെ - അതിൽ
ദൈവമേ! നോക്കുവാൻ കണ്ണെനിക്കേകുക
ശിവമയാ പരനേ-

ചരണങ്ങൾ

1 കൂരിരുളിൽ വഴിപോകാനു നല്ലപ്ര-
കാശം തെളിച്ചുകാട്ടി-സദാ
നേരെ തൻ വഴിനടത്തിടും മണിവിള-
ക്കെന്തിഹ ലോകമതിൽ?- ദൈവ

2 മേദിനിയിൽ ധനധാന്യം നിറഞ്ഞുള്ള
ഭണ്ഡാരശാലയേത്-ആത്മ
പൈദാഹമറിവലഞ്ഞീടുന്നോർക്കൊരു
ഭോജനമെന്യേ കൊടുപ്പാൻ- ദൈവ

3 സ്വർഗ്ഗപുരം നോക്കിയാത്ര ചെയ്യുന്നവ-
ർക്കൊക്കെയുമുള്ളമഹാ-നല്ല
യോഗ്യനാം മിത്രത്തെ തെറ്റുകൂടാതങ്ങു
കൂട്ടിക്കൊടുപ്പതെന്ത്- ദൈവ

4 ഉണ്ടൊരു വൃക്ഷമതിൻഫലമെപ്പോഴും
കുൺഠിതനാം പാപിയിൽ-മഹാ
ഇണ്ടലകറ്റി സന്തോഷംകൊടുത്തീടു-
ന്നേതതു ലോകമതിൽ?- ദൈവ

5 പാപത്താൽ നൊന്തുവലഞ്ഞിടും രോഗിക്കു
വൈദ്യനാമേശുവിനെ! കാട്ടി
രാപ്പകൽകൂടിരുന്നാശ്വാസവാക്കുകൾ
ചൊല്ലിക്കൊടുപ്പതെന്ത്?- ദൈവ

6 എൻ വഴിക്കുള്ള മണിവിളക്കും-സദാ
ജീവന്റെ ഭോജനവും-നല്ല
ജീവതരുവിൻ സുഖമേകും ഫലമതും
നിൻവചനം പരനേ!- ദൈവ

(റവ. റ്റി. ജെ. ആൻഡ്രൂസ്)

## 201 Sing them over again to me

P.P Bliss P.M S.S. 357

1 യേശുവിൻ തിരുപ്പാദത്തിൽ
ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധ വാക്യത്തിൽ
നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം
ദിവ്യമാം ഉപദേശം

കേൾക്കുക നാം കാക്കുക നാം
ജീവന്റെ വാക്യങ്ങൾ

2 ദൈവവചനം ജീവനും
ശക്തിയും ആകയാൽ
ആത്മരക്ഷയുണ്ടേവനും
ഉള്ളത്തിൽ കൈക്കൊണ്ടാൽ

ആത്മമരണം മാറും
നീതിയിലവൻ വാഴും-കേൾ

3 അന്ധനു കാഴ്ച നൽകുവാൻ
വചനം മാർഗ്ഗമാം
സത്യത്തിൽ അതു കാക്കുവാൻ
സ്വർഗ്ഗത്തിൻ ദാനമാം

ഒഴിയുവാൻ നിത്യനാശം
കാലിന്നൊരു പ്രകാശം-കേൾ

4 സത്യദൈവത്തിൻ ഭക്തന്മാർ
വചനം കാക്കയാൽ
സൽപ്രവൃത്തിക്കു ശക്തന്മാർ
ആകുന്നു നാൾക്കുനാൾ

ദൈവമുഖപ്രസാദം
നിത്യം അവർക്കാഹ്ലാദം-കേൾ

5 ലോകവും അവസാനിക്കും
വാനവും ഇല്ലാതാം
ദൈവവാക്കു പ്രമാണിക്കും
ഭക്തനോ നിത്യനാം

വാട്ടം മാലിന്യം നാശം
ഇല്ലാത്തൊരവകാശം- കേൾ

(വിവ. വി. നാഗൽ)

## 202 ആദിതാളം

മധുരം മധുരം മനോഹരം നൽ
ത്തേനിലും മധുരം തിരുവചനം

1 മേൽത്തരമാം പൊൻ അതിനോടതുല്യം
തങ്കവും അതിനോടു സമമല്ല- മധുരം

2 പാതയിൽ ശോഭിത ദീപമതായി
കൂരിരുൾ ആകെ അകറ്റിടും മധുരം

3 അരിയോടു പൊരുതാൻ അരികിൽ മരുവും
ശരിയാം ഉടവാൾ അതുനൂനം- മധുരം

4 രിപുവാം പാമ്പിൻ ദംശനമേറ്റു മ-
രിച്ചോർക്കെല്ലാമുയിരേകും മധുരം

5 വഴിയറിയാതെ ഉഴലും മർത്യനു
തെളിവായ് മാർഗ്ഗം വെളിവാക്കും മധുരം

6 ആത്മവിശപ്പാൽ വലയുന്നോർക്ക്
ഭക്ഷണമാകും മന്നയിത്- മധുരം

7 അദ്ധ്വാനിക്കും മനുജർക്കഖിലം
ആശ്വാസത്തിന്നുറവിടമാം- മധുരം

## 203 Tune: How I Praise Thee 8.7.8 7 D
Golden Bells 421

1 ദൈവമേ നിൻ അറിവാലെ-ഹൃദയം നിറയ്ക്കുകെ
ജീവനാം നിൻ കൃപയാലെ-ആത്മകൺ തുറക്കുകെ
ദൈവ ജ്ഞാനം ശ്രേഷ്ഠ ദാനം
ഭക്തൻ സത്യ സമ്പത്തും
വാഞ്ഛിക്കേണം, കെഞ്ചിടേണം
ക്രിസ്തുവിങ്കൽ കണ്ടെത്തും

2 ഒരു ബാലൻ തന്റെ പാത നിർമ്മലമാക്കീടുവാൻ
കരുതേണം നിൻപ്രമാണം-കേട്ടു കാത്തുസൂക്ഷിപ്പാൻ- ദൈവ

3 തേടിയൊരു ശലോമോനും-ഈ നിക്ഷേപം ദർശനേ
നേടി കർത്തൻ സുപ്രസാദം-കേട്ടു തൻ രഹസ്യത്തെ- ദൈവ

4 ദൈവഭക്തർക്കടിസ്ഥാനം-സത്യത്തിൻ പ്രകാശനം
ജീവശക്തി അതിൻ ദാനം-ഫലം ദിവ്യ സ്വാതന്ത്ര്യം- ദൈവ

5 നടക്കുമ്പോൾ ഇടറാതെ-ജ്ഞാനം കാൽകൾ സൂക്ഷിക്കും
കിടക്കുമ്പോൾ കൈവിടാതെ-ചുറ്റും കാവൽ നിന്നിടും- ദൈവ

6 മണ്ണും പൊന്നും നീങ്ങിപ്പോകും-കണ്ണിൻ മോഹം നീങ്ങുമേ
വിണ്ണിൻ ദാനം ആത്മജ്ഞാനം-നിലനിൽക്കും എന്നുമേ- ദൈവ

7 ദൈവമേ നിൻ വെളിപ്പാടിൻ-ആത്മാവിങ്ങു നൽകുകേ
നിൻപ്രകാശം അവകാശം-ആക്കുവാൻ തന്നരുൾകേ- ദൈവ

(വി. നാഗൽ)

## 204 ആനന്ദഭൈരവി-അടതാളം

1 പാപി ഞാൻ മഹാ പാപി ഞാൻ പരാ! യേശു നാഥാ! സ്വാമീ!
കോപിച്ചീടല്ലേ ദൈവജാതനേ- യേശു നാഥാ! സ്വാമീ!

2 നാവിനാൽ മനം ക്രിയയാലുമേ യേശു നാഥാ! സ്വാമീ!
നിൻ വിരോധിയായ് പാപീ ഞാൻ പരാ യേശു നാഥാ! സ്വാമീ!

3 നീതി നോക്കിയാൽ ഭീതിയേറുന്നേ- യേശു നാഥാ! സ്വാമീ!
ഹേതുവിങ്ങില്ലേ-വാദിച്ചീടുവാൻ- യേശു നാഥാ! സ്വാമീ!

4 ഞാൻ ചെയ്യാത്തൊരു തിന്മയിങ്ങില്ലേ യേശു നാഥാ! സ്വാമീ!
പിൻതിരിയല്ലേ എൻ പരാ! പരാ! യേശു നാഥാ! സ്വാമീ!

5 തിന്മയല്ലാതെ നന്മയിങ്ങില്ലേ- യേശു നാഥാ! സ്വാമീ!
നന്മ തിന്മയാൽ തീർന്നു പോകുന്നേ- യേശു നാഥാ! സ്വാമീ!

6 ചിന്തിച്ചെൻ ഉള്ളം വെന്തു നീറുന്നേ- യേശു നാഥാ! സ്വാമീ!
എന്തു ഞാൻ ചെയ്തേൻ എൻ പരാ! പരാ!- യേശു നാഥാ! സ്വാമീ!

7 അന്നു കള്ളനു ദത്തമാം ക്ഷമ- യേശു നാഥാ! സ്വാമീ!
ഇന്നീ പാപിക്കും തന്നീടേണമേ- യേശു നാഥാ! സ്വാമീ!

8 നീ വെടിയല്ലേ-പാപിയാമെന്നെ- യേശു നാഥാ! സ്വാമീ!
പോവതിനൊരു പാതമറ്റില്ലേ- യേശു നാഥാ! സ്വാമീ!

9 എന്നെ മോചിച്ചാൽ തന്നെ നിൻകൃപ യേശു നാഥാ! സ്വാമീ!
നന്നേ ശോഭിക്കും നന്മ ദായക യേശു നാഥാ! സ്വാമീ!

10 കാലം പോകുന്നേ മാലിൽ ചാകും മുൻ- യേശു നാഥാ! സ്വാമീ!
ചേലോടെ കൃപ-ചെയ്തീടേണമേ- യേശു നാഥാ! സ്വാമീ!

(മോശവത്സലം)

## 205

കൗശിക-ആദിതാളം

പല്ലവി

പരനേ! തൃക്കടക്കണ്ണാൽ നോക്കണമേ-എന്റെ
പാപ ദുഃഖമൊക്കെയും തീർക്കണമേ

ചരണങ്ങൾ

1 സ്ഥിരനല്ലാത്ത എന്നെവെടിയാതെ ഞാൻ
ചെയ്ത കുറ്റം ഒന്നും നീ ഓർക്കാതെ-

2 ആദിയന്തമില്ലാത്ത സകലേശാ! സത്യം
അളവതില്ലാത്ത-നിത്യവാസാ-

3 മായാവലയിൽപെട്ടു കുടുങ്ങാതെ- ലോക
വാഴ്വിൽ മയങ്ങിമനം കലങ്ങാതെ

4 അടിയനിന്നരുൾ ചെയ്തീടരുതോ! നിന്റെ
അടിമയ്ക്കു നീയെന്യെ-ഗതി എന്തോ?

5 വഞ്ചക മനസ്സിനെ മാറ്റണമേ- എന്റെ
നെഞ്ചകം നീ പുതുതാക്കണമേ-

(തോമസ് ജോൺ)

## 206

മലയാളി-ചാപ്

പല്ലവി

ശ്രീദേവാട്ടിൻകുട്ടിയേ! തിരു-
പാദമെന്റെ ശരണം

ചരണങ്ങൾ

1 ജീവനെനിന്തിരുപുണ്യരക്തമെന്യെ
പാപി ഞാൻ രക്ഷപ്പെടാൻ-വേറെ
ആവതില്ലായ്കയാൽ സർവ്വമുപേക്ഷിച്ചു
പാപിയിതാ! വരുന്നേൻ- ശ്രീ

2 ഭാരം ചുമക്കുന്ന പാപികളെ ദേവൻ
ചാരത്തു വന്നീടുവാൻ-തിരു
കാരുണ്യത്താൽ വിളിച്ചീടുന്നതോർത്തിപ്പോൾ
പാപിയിതാ! വരുന്നേൻ- ശ്രീ

3 കാട്ടുകെ ഓടിയ ആടിനെ തേടുവാൻ
തേടി നീ വന്നതിനാൽ-പാപ-
ക്കാട്ടിൽ നിന്നോടി മാമുശ്രേഷ്ഠ ഇടയനേ!
പാപിയിതാ വരുന്നേൻ- ശ്രീ

4 പാപികളെ രക്ഷചെയ്‌വതിനായി നീ
ശാപമൃത്യു സഹിച്ച-ദിവ്യ
സ്നേഹ കാരുണ്യത്തെ ചിന്തിച്ചു ധൈര്യമായ്
പാപിയിതാ വരുന്നേൻ- ശ്രീ

5 ഒന്നിനാലും അഞ്ചുചേർന്ന അടിയാരെ
മന്നൻ നീ തള്ളുകയില്ലെന്നു
ചൊന്നതുമൂലമീതിന്മ നിറഞ്ഞതാ
പാപിയിതാ വരുന്നേൻ- ശ്രീ

(മോശവത്സലം)

## 207

മിശ്രചാപ്പ്

പല്ലവി

എന്തു ചെയ്യേണ്ടു ഞാൻ
എൻ ജീവനാഥാ
ചിന്ത കലങ്ങിയുഴലുന്നു താതാ
എന്തുചെയ്തിടേണ്ടു ഞാൻ

ചരണങ്ങൾ

1 ഇത്രനാളായിട്ടും
ഇത്തിരി പോലുമെൻ
ചിത്തമതു ഗുണ-
പ്പെട്ടിട്ടില്ലയ്യോ!- എന്തു

2 എൻ പുണ്യങ്ങൾ തിരു
മുമ്പിലറപ്പായ്
തമ്പുരാനേ! കാണ-
പ്പെട്ടിടുന്നയ്യോ!- എന്തു

3 നീതിയെന്നെണ്ണി സ്വ-
നീതി തന്നിൽ ചാരി
പാതകനായ് നാശ-
പാതയിൽ പോയയ്യോ!- എന്തു

4 മരണത്തിൻ വേരെടു-
ത്തെറിയായ്കയാലയ്യോ!
മരണവിഷമെന്നുൾ-
മരുവിടുന്നയ്യോ- എന്തു

5 ഒന്നുമില്ല എന്നിൽ
എന്നറിഞ്ഞെന്നിപ്പോൾ
മന്നനേ! നിൻ പാദം-
തന്നിൽ വീണിടുന്നേൻ- എന്തു

6 നിൻ വലങ്കൈ കൊണ്ടു-
എന്നെ പിടിച്ചു നിൻ
പൊന്നുലോകം തന്നിൽ-
എന്നെ നടത്തുക- എന്തു

(യുസ്തുസ് യൗസേഫ്)

## 208

ആനന്ദഭൈരവി-രൂപകം

1 കുമ്പിടുന്നേനെൻ ജീവനാഥനാം-ദേവാധി ദേവാ!
നിൻ പാദപീഠത്തിങ്കൽ പാപി ഞാൻ ദേവാ-

2 എൻ ദുഃഖം തിരുമുന്നിൽ ചൊല്ലുവാൻ തീരെക്കഴിവില്ലാതെന്റെ
നെഞ്ചടയ്ക്കുന്നേ നാവു താഴുന്നേ ദേവാ-

3 വിടുവിച്ചീടുകെന്നരികളിൽ നിന്നു-പെറു പൈതലാമെന്നെ
കഠിനപ്പോരിൽ ഞാൻ തളർന്നിരിക്കുന്നേ ദേവാ-

4 ന്യായവിധിയിൽ കേറ്റരുതയ്യോ!-ഈ ക്ഷീണനാമെന്നെ
ന്യായമെനിക്കു നായക! നീയേ ദേവാ-

5 എന്തപ്പാ! ദൂരെ മാറിപ്പോകുന്നു?-വേഗമണഞ്ഞു വരിക നീ
വെന്തു നീറുമെന്നുള്ളിൽ ധൈര്യം താ ദേവാ-

6 ദൈവരാജ്യത്തിൽ പന്തി ചേർത്തെന്നെ-പോറ്റിപ്പോഷിപ്പിക്കയെൻ
ദേവാ നിൻപാദേ വീണുകേഴുന്നേ! ദേവാ-

7 വന്ദനം നിനക്കെന്നും താതനേ!-നിൻ പൊൻ ചെവി തുറ-
ന്നെന്നപേക്ഷ നീ വേഗം കേൾക്കണേ! ദേവാ-

(യുസ്തുസ് യൗസേഫ്)

## 209

മുഖാരി-ആദിതാളം

1 ജീവനായകനാകുമേശുവേ-പാപിയാകുമെൻ യാചന
കോപിയാതെ നീ കേട്ടരുളുക-ദാവീദ് രാജന്റെ നന്ദനാ!-

2 ആദരവറ്റ പാപി ഞാനേശു-നാഥനേ എൻ സങ്കേതമേ!
ഭൂതലത്തിങ്കൽ നീ അല്ലാതെനി-ക്കാദരവായിട്ടാരുള്ളു?-

3 അപ്പനേ! പാപി വീണു കൂകുന്നു-തൃപ്പാദം തുണയെന്നയ്യോ!
ഇപ്പാതകന്റെ സങ്കടം കേൾക്കാതപ്പുറം തിരിഞ്ഞീടല്ലേ!-

4 പാപിയെന്നെന്നെ ചൊല്ലുകിൽ നീയും-പാപിയെത്തേടിയല്ലയോ
ഭൂവിൽ വന്നു നിൻ ജീവൻ വിട്ടതു പാപികളിൻ സങ്കേതമേ

5 ഉള്ളം നീറി വരുന്ന പാപിയെ-തള്ളുമോ കൃപാക്കണ്ണനേ!
ഉള്ളങ്ങളറിഞ്ഞീടുന്നോനെയെ-ന്നുള്ളുനീറ്റലെ കാണുക

6 തള്ള താൻ മറന്നീടുമോ ചെറു-പിള്ളയെ, കനിവുള്ളോനേ!
തള്ളയെന്നെ മറക്കിലും-പൊന്നു തള്ളയാം നീ മറക്കുമോ?

7 പാദത്തിൽ വീണ പാപിയെ തിരു-പാദത്താൽ മെതിച്ചീടുമോ?
പാദത്തിൽ വീണ പാപിയാംസ്ത്രീക്കു-മോദത്തെ കൊടുത്തില്ലയോ?

8 സാത്താനായവനുള്ളിൽ തീയമ്പു-ഏറ്റവും ചൊരിയുന്നതാൽ
ഏറ്റവും തളർന്നീടുന്നേനിതാ-ഏറ്റവും കനിവുള്ളോനേ-

(യുസ്തൂസ് യൗസേഫ്)

## 210

ശങ്കരാഭരണം-ആദിതാളം

പല്ലവി

യേശുവേ! കരുണാസനപ്പതിയേ
നട്ടം തിരിയുംഎന്നെ വീണ്ടുകൊൾ- യേശു

ചരണങ്ങൾ

1 ഭൂതലത്തിൽ നീയൊഴിഞ്ഞു ദാസൻ എനിക്കാദരവു
കണ്ടതില്ല ഹാ! സകല മണ്ഡലാധിപാ!-
ചേതസിൽ കൃപയുണ്ടായി നാശം അണയാതെ കാത്തു
ചിത്ത ചഞ്ചലം അടക്കി ചേർക്കസദ്ബുദ്ധി വരുത്തി- യേശു

2 വൈരിയാം പിശാചിനോടും കായമോഹാദികളോടും
പോരിതിൽ മടങ്ങി അടിപെട്ടുപോയി ഞാൻ-
അടിമയെ ലോകർക്കൊഴിച്ചോരുടയതമ്പുരാനേ! നല്ല
ഇടയനേ! ഒരേഴയാടാം അടിയനെ കൺപാർക്കണമേ- യേശു

3 എണ്ണമറ്റ പാപങ്ങൾ ഞാൻ ചെയ്തവയാകെ പൊറുത്തു
പുണ്യവാൻ ഏകനേ! എന്നെ പുണ്യനാക്കേണം-
നിന്നടിമ ആയിടുമൊരുന്നതി എനിക്കുണ്ടാവാൻ
നിന്നടിവണങ്ങി നിത്യം വന്ദനം ചെയ്തീടുന്നു ഞാൻ- യേശു

4 നല്ലവരുലകിൽ ആരും ഇല്ല നീയൊഴിഞ്ഞു സർവ്വ
വല്ലഭതാമുള്ളവൻ നീ അല്ലയോ ദേവാ-
കൊള്ളരുതാതുള്ളതെന്നിൽ തള്ളി നീക്കി നിന്നുടയ
നല്ല നല്ല ദാനങ്ങളാൽ ഉള്ളലങ്കരിക്ക എന്റെ- യേശു

(മാണി ജോൺ കൊച്ചുഞ്ഞ്)

## 211

തി. ഏകതാളം

1 ദൈവമേ! സ്നേഹരൂപനേ!
എന്നെ നീ തള്ളീടല്ലേ
സന്താപത്താൽ വിളിക്കുന്നേൻ
ദോഷിയെ രക്ഷിക്കണേ

2 നിന്റെ സ്നേഹമറിഞ്ഞിട്ടും
നിന്നെ സ്നേഹിച്ചില്ലേ ഞാൻ
തന്നിഷ്ടനായ് നടന്നുപോയ്
നീക്കണേ എൻ പാപത്തെ

3 ഈ ലോകത്തിൻ സുഖങ്ങളെ
തേടിപ്പോയ് ഞാൻ ആർത്തിയാൽ
സ്വർല്ലോക ഭാഗ്യം പിൻതള്ളി
മൌഢ്യം ഞാൻ കാണിച്ചു

4 സത്യമല്ലാത്ത വാക്കുകൾ
ശങ്കയെന്യേ ഓതി ഞാൻ
നീതിയല്ലാത്ത ക്രിയകൾ
ദയ കൂടാതെ ചെയ്തു ഞാൻ

5 അശുദ്ധമായ ചിന്തകൾ
മലിനമായ കാഴ്ചകൾ
അശുദ്ധമാക്കി മാനസം
അന്ധമാക്കി കൺകളെ

6 മോഹങ്ങൾ സാധിച്ചീടുവാൻ
കൗശലം പ്രയോഗിച്ചു
മഹാനെന്നു നിരൂപിച്ചു
നിന്ദാപാത്രമായിപ്പോയ്

7 മതിമറന്നു നിഗളിച്ചു
സുഖങ്ങൾ പെരുകി വന്നപ്പോൾ
അതിൻ ഫലത്താൽ വീണുപോയ്
ലജ്ജിക്കുന്നീ നീചൻ ഞാൻ

8 കഷ്ടതകൾ ധാരാളം ഞാൻ
ചുറ്റുപാടും കണ്ടിട്ടും
ഒട്ടും കാരുണ്യം ഇല്ലാതെ
സ്വാർത്ഥം മാത്രം നിവർത്തിച്ചു

9 ഇപ്പോഴിതാ നിൻ പാദത്തിൽ
കുമ്പിടുന്നീ ഏഴ ഞാൻ
ഉൾപ്പൂവിനെ ശുദ്ധിചെയ്തു
ജീവിപ്പിക്ക ദോഷിയെ

(റവ. കെ. പി. ഫിലിപ്പ്)

## 212

ഭൈരവി-തി. ഏകതാളം

പല്ലവി

യേശുവേ! കരുണാസനാ! മഹാ
ദോഷി ഞാനയ്യോ!
കൃപ തോന്നണമയ്യോ!

ചരണങ്ങൾ

1 നീചനാമെൻ ദുരിതങ്ങളെ
നോക്കണമിതാ-കൂടെ
പാർക്കണം സദാ- യേശു

2 പെരിയസാത്താനരിശത്തോടു
പെരിയമാരിപോൽ അസ്ത്രം
ചൊരിയുന്നെന്റെ മേൽ- യേശു

3 ജഡത്തിൽമോഹം കടുത്തവൈരി
അടുത്തണയുന്നു-നൃപാ
തടുക്കണമിന്നു- യേശു

4 ദുഷ്ടലോകം നിന്നിൽ നിന്നും
വിട്ടകറ്റുന്നേ-കൃപ
കിട്ടണമിന്നു- യേശു

5 ലോകം ജഡം പിശാചു
വളരെ കേടുചെയ്യുന്നു-കൃപ
തേടുന്നേൻ ഇന്നു- യേശു

6 കഠിന പാപച്ചുമടു നീക്കും
കരുണയുള്ളവാ!-കൃപ
തരണം നല്ലവാ!- യേശു

7 ദുഷ്ടശീലമെന്നിൽ നിന്നു
വിട്ടകറ്റണം-പുതു-
സൃഷ്ടിയാക്കണം- യേശു

8 പരിശുദ്ധാത്മാവായ ദൈവം
വന്നു പാർക്കണം എന്നെ
എന്നും കാക്കണം- യേശു

9 നിന്റെ രാജ്യം തന്നിലെന്നെ
കാത്തുകൊള്ളണം-എന്നും
ചേർത്തുകൊള്ളണം- യേശു

(ജുസ്തൂസ് യൗസേഫ്

# പ്രതിഷ്ഠ

## 213

ആദിതാളം

1 അൻപിൻരൂപി യേശു നാഥാ! നിൻ ഇഷ്ടം എന്നിഷ്ടം ആക
കുരിശിൽ തൂങ്ങി മരിച്ചവനേ! എന്നെത്തേടി വന്നവനേ!- അൻ

2 മൃത്യുവിന്റെ താഴ്വരയിൽ ഞാൻ തെല്ലും ഭയപ്പെടില്ല
പാതാളത്തെ ജയിച്ചവനേ! നിന്നിൽ നിത്യമാശ്രയിക്കും- അൻ

3 എന്തു ഞാൻ നിനക്കു നല്കും വീണ്ടെടുത്ത ദൈവമേ
ഏഴയായി ഞാൻ കിടന്നു എന്നെത്തേടി ചേർത്തവനേ!- അൻ

4 ജീവനോ മരണമതോ ഏതായാലും സമ്മതം താൻ
കുശവൻ കയ്യിൽ കളിമൺ പോൽ ഗുരുവേ എന്നെ നല്കിടുന്നേ- അൻ

5 രോഗം, നാശം, നിന്ദ, ദുഷി, വേറെ എന്തുവന്നാലും
വാഴും യേശുപാദത്തിൽ ഞാൻ മുത്തം ചെയ്യും അവന്റെ പാദം- അൻ

# 214

## Tune- More about Jesus

E.E.Hewitt LM S.S.571

1 യേശുവെപ്പോലെ ആകുവാൻ
യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ

ഉറപ്പിക്കെന്നെ എൻനാഥാ!
നിറയ്ക്കയെന്നെ ശുദ്ധാത്മാ!
ക്രിസ്തൻ മഹത്വത്താലെ ഞാൻ
മുറ്റും നിറഞ്ഞു ശോഭിപ്പാൻ

2 ശൈശവ പ്രായ വീഴ്ചകൾ
മോശയാലുള്ള താഴ്ചകൾ
നീക്കുക എല്ലാം നായക!
ഏകുക നിൻ സംപൂർണ്ണത- ഉറ

3 പ്രാർത്ഥനയാൽ എപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നല്കുക
എന്റെ മഹാ പുരോഹിതാ! - ഉറ

4 വാഗ്ദത്തമാം നിക്ഷേപം ഞാൻ
ആകെയെൻ സ്വന്തമാക്കുവാൻ
പൂർണ്ണ പ്രകാശം രക്ഷകാ!
പൂർണ്ണവിശ്വാസത്തെയും താ- ഉറ

5 ഭീരുത്വത്താൽ അനേകരും
തീരെ പിന്മാറി ഖേദിക്കും
ധീരത നല്കുകേശുവേ
വീരനാം സാക്ഷി ആക്കുക ഉറ

6 വാക്കുകളല്ല ഉത്തമം
താങ്ങുകയെന്നെ ശുദ്ധമാം
എന്നും നിന്നോടു കൂടെ ഞാൻ
എത്തുവാൻ ജ്ഞാനം നല്കണം- ഉറ

7 തേടുവാൻ നഷ്ടമായതും
നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർ വാർക്കും സ്നേഹം താ!
വന്നു നിന്നരികത്തിക- ഉറ

8 കഷ്ടതയിലും പാടുവാൻ
നഷ്ടം അതിൽ കൊണ്ടാടുവാൻ
ശക്തി അരുൾക നാഥനേ!
ഭക്തിയിൽ പൂർണ്ണൻ ആക്കുക- ഉറ

9 യേശുവിൻ കൂടെ താഴുവാൻ
യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ- ഉറ

വി. നാഗൽ

## 215

ശങ്കരാഭരണം-തി- ഏകതാളം

പല്ലവി

നീയൊഴികെ നീയൊഴികെ ആരുമില്ലീശോ!

അനുപല്ലവി

സ്നേഹമയമേ! വിശുദ്ധി നീതിനിറവേ!-നീ

ചരണങ്ങൾ

1 നീയെൻ രക്ഷ നീയെൻ ബന്ധു, നീ എനിക്കാശ
നീ എൻ സ്വന്തമായി വന്നതെൻ മഹാഭാഗ്യം- നീ

2 എന്നും എങ്ങും യേശു നീ എന്നോടു കൂടവേ
അന്നിരുന്ന ശക്തി കൃപയോടു വാഴുന്നേ!- നീ

3 ജീവനേക്കാൾ നീ വലിയോൻ ആകുന്നെനിക്കു
ഭുവിലറിവാൻ നിനക്കു തുല്യം മറ്റില്ലേ- നീ

4 തന്നു സർവ്വവും എനിക്കു വേണ്ടി നീയല്ലോ
നിന്നരുമ നാമം അടിയാനു സമസ്തം- നീ

5 മംഗലമേ! എൻ ധനമേ! ക്ഷേമദാതാവേ!
ഭംഗമില്ലാ ബന്ധുവേ! മഹാ ശുഭവാനേ!- നീ

(ഭോശവത്സലം)

## 216

ആദിതാളം

1 സ്നേഹമാമേശുവേ സ്നേഹമേ നിറവായ്!
സ്നേഹം നിൻമൊഴി ക്രിയയുമെല്ലാം സ്നേഹം സർവ്വവുമേ
സ്നേഹിച്ചേശു എന്നെ ചോരയിൽ കഴുകി
സ്നേഹമാം താതനു എന്നെ ആചാര്യ രാജനാക്കിയല്ലോ!

2 ഇസ്സുലകാധിപൻ-കൺ കുരുടാക്കി
ആയതാൽ ഭംഗി രൂപവുമില്ലാതായി നീ എനിക്കു
ദൈവാത്മാവെന്നുടെ കാഴ്ചയെ നല്കി
ദേവസുതനപ്പോൾ എന്റെ കണ്ണിനു-കൗതുകമായ് വന്നു

3 ദാസവേഷം പൂണ്ട-ദേവകുമാരൻ
യേശുദേവാ! വിശ്വാസികൾക്കു നീ വിലയേറിയവൻ!
ആയിരങ്ങളുടെ ആയിരങ്ങളിൽ
അതി സൗന്ദര്യവാനാകുമേശു ദേവൻ നീയല്ലയോ!

4 നീയല്ലാതാരുള്ളു സ്വർഗ്ഗമാം ലോകേ!
നീയല്ലാതില്ല ഭൂവിലാരും ഞാൻ ഇച്ഛിക്കത്തക്കവൻ
ഹാ! മനോഹരൻ നീ മാധുര്യവാൻ നീ!
ഹാ! മഹാ ശുദ്ധനെന്നുടെ പാപം-ആകെ നീക്കിയവൻ!

5 നിറവായ കൃപ-പൂർണ്ണമാം സ്നേഹം
നീതിയുൽകൃഷ്ട ശ്രേഷ്ഠതകളോടുള്ളതേശുവേ! നിൻ
എൻസ്രഷ്ടാവിവൻ താൻ എൻ കർത്താവിവൻ താൻ!
എന്നെ സൃഷ്ടിച്ചു രക്ഷിച്ചു നിത്യ ജീവൻ തന്നതിവൻ

6 സർവ്വ നാമങ്ങൾക്കും-സർവ്വ വസ്തുവിനും
സർവ്വ സൃഷ്ടിക്കും മേലായ് നിന്നെ ഞാൻ സ്നേഹിച്ചീടും നാഥാ!-
സ്തോത്രമേശുവിനും താതനും സ്തോത്രം
സ്തോത്രമെന്നാശ്വാസപ്രദനുമേ-ആമേൻ ഹല്ലേലുയ്യാ-

(റവ. റ്റി. കോശി)

## 217

Martyrdom C. M

1 മഹത്വപ്രഭുമരിച്ച വൻകുരിശേ പാർത്തേൻ
ഇഹത്തിൻ ലാഭം ഉയർച്ച-ഹീനമെന്നെണ്ണുന്നേൻ

2 എൻ പരൻ യേശു മരിച്ച-തെന്നും ഞാൻ കൊണ്ടാടും
ഇൻപമിങ്ങുള്ളവ വിട്ടെൻ യേശു രക്തം നേടാൻ

3 ഖേദം, അൻപും തൻ മുറിവു-തോറും ഒഴുകുന്നു-
വേദന മുൾ തൻ മഹത്വ-വൻമുടിയാകുന്നു

4 ദിവ്യപക്ഷം നേടുവാൻ എൻ-ജീവൻ ദേഹിയേയും
സർവ്വ സ്വത്തിനേയും ഏൽപിക്കുന്നു ഞാൻ എന്നേയും

5 ഏക കർത്താവാം ക്രിസ്തുവിൻ-കുരിശതു മാത്രം
ദേഹിയുള്ളകാലം എല്ലാം-എന്മഹത്വ-സ്തോത്രം

(മോശവത്സലം)

## 218

കൗശിക-ആദിതാളം

പല്ലവി

സ്വന്തം നിനക്കിനി ഞാൻ
യേശുദേവാ!- പാപ-
ബന്ധം നീക്കെന്നിൽ നിന്നെൻ
പ്രിയ നാഥാ!

ചരണങ്ങൾ

1 സന്തോഷമെന്നു പേയിൻ-
വഴി നടന്നേൻ-അതു-
ചതിവെ-ന്നുണർന്നു നിന്നോ-
ടടുത്തു വന്നേൻ

2 ഇമ്പം പാപം തരുമെ-
ന്നറിഞ്ഞു ചെയ്തേൻ-അതു
ഏറെ തുമ്പം തന്നതാൽ
ഭയന്നു വന്നേൻ

3 ലോകം തുണയ്ക്കുമെന്നു-
ചേർന്നിരുന്നേൻ-അതിൽ
ഒട്ടും സ്ഥിരതയില്ലാ-
ഞ്ഞോടി വന്നേൻ

4 കായം ബലം സുഖവും
കരുത്തിൽ വെച്ചേൻ-ഇതിൻ
കാഴ്ചയനിത്യമെന്നി-
താ വരുന്നേൻ

5 ദേഹം ജീവനും നിൻ മുൻ
കാഴ്ച വെച്ചേൻ-ഇനി
ചെയ്‌വേൻ നിന്തിരുമനം
പോലെ എന്നും

6 ശക്തി പ്രാപ്തി ധനവും
കാഴ്ചവെച്ചേൻ-തിരു
സന്തോഷം നേടുവാൻ ഞാ-
നടുത്തു വന്നേൻ

7 താങ്ങി നടത്തേണം ര-
ക്ഷാ കർത്താവേ!-പാരം
തളർന്നി-താ വന്നിടുന്നേൻ
ദയവാനേ!-

(മോശവത്സലം)

## 219 ആദിതാളം

പല്ലവി

യേശുവിൻ സ്വന്തമത്രേ ഞാൻ
ഇന്നും എന്നും
യേശുവിൻ സ്വന്തമത്രേ ഞാൻ

ചരണങ്ങൾ

1 നാഴിക ഇതു മുതൽ
നാഥാ നിൻ കനിവാലെ
നാശക വഴി വെടിഞ്ഞേൻ
യേശു നാഥാ!- യേശു

2 പുത്തൻ ജീവനെനിക്കു
ദത്തമായെൻ നാഥനാൽ
നിത്യമെനിക്കു സുഖമേ!
കൃപയാലെ- യേശു

3 ശാന്തമാമെന്നാത്മാവേ
കാന്തനാം നിന്നിൽ നിന്നു
ഹന്ത! പിരിപ്പാനൊന്നിന്നും
കഴിവില്ല- യേശു

4 എന്നുടെ ധനമിനി-
മന്നവ മന്നനീശോ!
നിന്നുടെ മഹത്വത്തിനായ്
മാത്രമെന്നും- യേശു

5 സ്വർഗ്ഗമെനിക്കുള്ളതു
ഭാഗ്യമെനിക്കു നിത്യം
സ്വർഗ്ഗദൂതരെൻ സ്നേഹിതർ
കൃപയാലെ- യേശു

6 സത്യ സമാധാനമേ
നിത്യ സന്തോഷമല്ലോ
കർത്തനെനിക്കു സ്വന്തമേ
കൃപയാലെ- യേശു

7 പുത്തൻ ജീവനെന്നേശു
കർത്തനോടു ചോദിച്ചേൻ
ദത്തമായല്ലോ എനിക്കു
കൃപയാലെ- യേശു

8 എന്റെ ഹൃദയമിതാ
നിന്റെ മുമ്പിൽ വെക്കുന്നേൻ
നിന്റെ ചിന്തയെനിക്കരുൾ
കൃപയാലെ- യേശു

(റവ. റ്റി. ജെ. ആൻഡ്രൂസ്)

## 220

### I am coming to the Cross
### W. McDonald 7.7.7.7.SS 477

1 ഞാൻ വരുന്നു ക്രൂശിങ്കൽ
സാധു, ക്ഷീണൻ, കുരുടൻ
സർവ്വവും എനിക്കെച്ചിൽ
പൂർണ്ണ രക്ഷ കാണും ഞാൻ

ശരണം എൻ കർത്താവേ
വാഴ്ത്തപ്പെട്ട കുഞ്ഞാടേ!
താഴ്മയായി കുമ്പിടുന്നു
രക്ഷിക്ക എന്നെ ഇപ്പോൾ

2 വാഞ്ഛിച്ചു നിന്നെ എത്ര
ദോഷം വാണെന്നിൽ എത്ര!
ഇമ്പമായ് ചൊല്ലുന്നേശു
ഞാൻ കഴുകീടും നിന്നെ-ശരണം

3 മുറ്റും ഞാൻ തരുന്നിതാ
ഭൂനിക്ഷേപം മുഴുവൻ
ദേഹം ദേഹി സമസ്താം
എന്നേക്കും നിന്റേതുഞാൻ-ശരണം

4 യേശു വന്നെന്നാത്മാവെ
നിറയ്ക്കുന്നു പൂർത്തിയായ്
സുഖമെന്നും പൂർണ്ണമായ്
മഹത്വം കുഞ്ഞാട്ടിന്- ശരണം

5 എന്നാശ്രയം യേശുവിൽ
വാഴ്ത്തപ്പെട്ട കുഞ്ഞാട്ടിൽ
താഴ്മയായ്ക്കുമ്പിടുന്നു
രക്ഷിക്കുന്നിപ്പോളേശു- ശരണം

(റവ. റ്റി. കോശി)

## 221

### ബെൺഡചാപ്പ്

1 മുറിവേറ്റ കുഞ്ഞാടേ നിൻ രുധിരമൊഴുകുന്നൊരു
ഉറവയതിൽ നീയെന്നെ-കഴുകേണമേ
പാപക്കറയെ നീക്കാൻ തുറന്ന ഉറവയിലെൻ
പാപമഖിലം പോക്കി-കഴുകേണമേ!

2 നിൻ മുറിവിൽ മറഞ്ഞു പാർക്കിലെൻ വേദനകൾ
നീങ്ങി സുഖമാകും നീ-കഴുകേണമേ
കൂടെക്കൂടെ പാപത്താൽ-വീഴുന്നു ക്ഷീണതയാൽ
പാടുപെടുന്നു ശക്തി നല്കേണമേ!

3 ശക്തനാകും കർത്തനേ!-നീയെന്നുള്ളിൽ വന്നെന്റെ
ശക്തിഹീനത നീക്കി-വാണിടുക
അടവാക്കെന്നുള്ളമതിൽ വേറാരും നീയെന്നിയേ
കടക്കാതാക്കി നീ മുദ്ര-പതിക്കേണമേ!

4 നിന്നുടെ സ്നേഹവടു എന്മേൽ പതിഞ്ഞതങ്ങു
നന്നായ് വിളങ്ങുവാൻ നീ തുണയ്ക്കേണമേ!
ജീവൻ സുഖം ബലവും-നന്നായ് ലഭിക്കുമേ നിൻ
മാർവിൽ വാസം ചെയ്യുന്നോർക്കെന്നേക്കുമേ

(റവ. റ്റി. കോശി)

## 222

"Tune-Down in the valley with my Saviour"

W. O. Cushing S.S. 529

1 തെറ്റി ഞാൻ കാണാതെ പോയൊരാടു പോലയ്യോ!
ചുറ്റി പാരം കാടാകെ നാഥനില്ലാതെ
വിട്ടു നിൻ വഴികൾ കല്പനകൾ എന്നിവ
പട്ടു എൻ ഹൃദയം ഘോര കൃത്യത്താൽ

ശുദ്ധമാക്ക എന്നെയാകമാനം
ശുദ്ധനാം യേശുവേ! നിന്റെ രക്തത്താൽ (2)

2 ദുഷ്ടരായ കള്ളർ കയ്യിൽ പെട്ടവനെപ്പോൽ
ദുഷ്ടരാകും പേയ് ഗണത്താൽ ചുറ്റപ്പെട്ടഹോ!
കഷ്ടതയിൽ വീണുഴലും ഏഴയാമെന്നെ
തൃക്കരത്തിൽ ഏന്തി സ്വസ്ഥമാക്കുക- ശുദ്ധ

3 നല്ലിടയനാകുമെന്റെ പൊന്നുകാന്താ! നിൻ
വല്ലഭത്താലുള്ളലിഞ്ഞു തേടുക എന്നെ
ശക്തനാക്കുകാകമാനം ക്ഷീണനാമെന്നെ
കെട്ടുകയെൻ പാപമുറിവുകളെ- ശുദ്ധ

4 എൻ ആത്മാവേ! ഉള്ളിൽ ഭേദിക്കുന്നതെന്തിന്
തന്റെ ജീവനേകിയോൻ താൻ നിന്നെ വിടുമോ
താൻ ചുമന്നു കൊണ്ടുപോകും സ്വർഗ്ഗസീയോനിൽ
തൻ വിളികേട്ടു സന്നിധൌ ചെല്ലുകിൽ- ശുദ്ധ

## 223

Tune: 'Lead kindly light'

10.4.10.4.10.10

1 എൻ ദൈവമേ! നടത്തുകെന്നെ നീ, എന്നെന്നും
പാരിന്നിരുൾ അതൂടെ സ്വർഗ്ഗേ ഞാൻ ചേരും വരെ
നിൻ തൃക്കൈകളാൽ ഈ ഭൂയാത്രയിൽ
സർവ്വദാ എന്നെ താങ്ങിടേണമേ!
2 നിൻ കല്പനകൾ നിമിഷം പ്രതി ലംഘിച്ചു ഞാൻ
ശുദ്ധാവിയെ സദാ എൻ ദോഷത്താൽ ദുഃഖിപ്പിച്ചേൻ
നീതിയിൽ എന്നെ നിൻ മുമ്പിൽ നിന്നു
ഛേദിക്കാതെ നിൻ കൃപ നൽകുക!
3 എന്നാത്മ ദേഹി ദേഹം സമസ്തം എൽപിക്കുന്നേൻ
നിൻ കൈകളിൽ ക്ഷണം പ്രതി എന്നെ ഇന്നു മുതൽ
വേദവാക്യമാം പാതയിൽ കൂടെ
വിശുദ്ധാത്മാവു നടത്തേണമേ!

4 ഞാൻ മണ്ണാകുന്നു എന്നോർക്കുന്നോനേ ഒന്നിനാലും
ഈ പാപിയെ ഉപേക്ഷിച്ചീടാതെ അൻപോടു നീ
സർവ്വശക്തിയുള്ള നിൻ സ്നേഹത്താൽ
സ്വർഗ്ഗത്തിലേക്കെന്നെ ആകർഷിക്ക!

(വി. നാഗൽ)

## 224

തോടി- ആദിതാളം

പല്ലവി

സേവിച്ചീടും നിന്നെ ഞാൻ-എൻ യേശുവേ!
സേവിച്ചീടും നിന്നെ ഞാൻ

1 ജീവനെനിക്കായി ക്രൂശിൽ വെച്ചു തന്നെൻ
ജീവനെ വീണ്ടെടുത്ത പ്രാണനാഥാ!- സേവി
2 ദേഹം ദേഹി ആത്മം ഏകമായ്തന്നു നിന്നെ
സ്നേഹമായ് സേവചെയ്‌വാൻ താ നിൻകൃപ സേവി
3 പാപം വെടിഞ്ഞുള്ള പാവന ജീവിതം
പാപഹരാ ഞാൻ ചെയ്‌വാൻ തുണയ്ക്കണം- സേവി
4 നിൻകണ്ണാലെന്നെ നീ വഴി നടത്തേണം
നിൻ കരത്താലെന്നെ നീ താങ്ങിടേണം സേവി
5 എൻ ഹൃദയമിതാ മന്നവനേശുവേ!
നിന്നാവിയാൽ നിറയ്ക്ക നിൻ സേവയ്ക്കായ്- സേവി
6 ലോകം ജഡം പിശാ-ചോടു പോർ ചെയ്തു ഞാൻ
നിൻ കൊടിക്കീഴിൽ നിന്നു ജയം കൊള്ളും- സേവി

(ടി. കെ. യൗസേഫ്)

## 225

തി-ഏകതാളം

പല്ലവി

നിന്റെ ഹിതം പോലെയെന്നെ
നിത്യം നട-ത്തീടണമേ....

അനുപല്ലവി

എന്റെ ഹിതം പോലെ അല്ല
എൻ പിതാവേ എൻ യഹോവേ!-
നിന്റെ

ചരണങ്ങൾ

1 ഇമ്പമുള്ള ജീവിതവും
ഏറെ ധനം മാനങ്ങളും
തുമ്പമറ്റ സൗഖ്യങ്ങളും
ചോദിക്കുന്നില്ലേ അടിയാൻ- നി
2 നേരു നിരപ്പാം വഴിയോ?
നീണ്ട നടയോ കുറുതോ?
പാരം കരഞ്ഞോടുന്നതോ?
പാരിതിലും ഭാഗ്യങ്ങളോ!- നി
3 അന്ധകാരം ഭീതികളോ
അപ്പനേ പ്രകാശങ്ങളോ?
എന്തു നീ കൽപിച്ചീടുന്നോ
എല്ലാം എനിക്കാശീർവ്വാദം- നി
4 ഏതു ഗുണമെന്നറിവാൻ
ഇല്ല ജ്ഞാനമെന്നിൽ നാഥാ!
നിൻ തിരുനാമം നിമിത്തം
നീതി മാർഗ്ഗത്തിൽ തിരിച്ചു-നി
5 അഗ്നി മേഘത്തൂണുകളാൽ
അടിയനെ എന്നും നടത്തി
അനുദിനം കൂടെ ഇരുന്നു
അപ്പനേ കടാക്ഷിക്കുകെ- നി

(മോശവത്സലം)

## 226

ശുദ്ധിക്കായ് നീ യേശു സമീപെ-എന്നരീതി

11. 9. 11. 9

1 ദൈവഹിതം അനുസരിക്കുന്നത് സർവ്വ ബലികളെക്കാളഹോ!
എറ്റം നല്ലാരാധനയതു പോലെ മറ്റുപാസനയില്ലനൂനം!

കർത്തനെ! പൂർണ്ണമായ് ചിന്ത വാക്കു ക്രിയയാലുമേ
സന്തതം നിന്നെ അനുസരിച്ചിടാൻ നിൻ തുണ നൽകെനിക്കു സദാ

2 യേശു രക്ഷകൻ ദൈവേഷ്ടം അതിന്നു ക്രൂശിലെ മരണത്തോളവും
അനുസരിച്ചു അവനെ സതതം അനുസരിക്ക എൻമനമേ!-

കർത്തനേ!-

3 വേദവാക്യങ്ങൾ എല്ലാ ദിവസവും ശോധന ചെയ്തു വിശുദ്ധമാം
ദൈവഹിതം സർവ്വകാര്യങ്ങളിലും ചെയ്വോർക്കെല്ലാം ശുഭം സർവ്വദാ-

കർത്തനേ!-

4 അനുസരിപ്പോർക്കു ദൈവം തന്നാത്മദാനത്തെ നൽകുന്നു നിറവായ്!
സർവ്വ വൈരികളെയും ജയിച്ചവർ ജീവനിൽ വാണിടുന്നു സദാ!-

കർത്തനേ!-

5 അനുസരിക്കുന്നോർ ദൈവമക്കളായ് ദിനവും കൃപയിൽ വളരും
ദൈവത്തോടു ചോദിച്ചിടുന്നതെല്ലാം സർവ്വദാ ലഭിക്കും അവർക്കു!-

കർത്തനേ!-

6 പുഷ്ടിയുള്ള ഗോതമ്പുകൊണ്ടവരെ തൃപ്തരായ് പോഷിപ്പിക്കുമവൻ
പാറയിൽ നിന്നുള്ള തേനിനാൽ ദിനം തോറുമെ തൃപ്തരാകും അവർ

കർത്തനേ!-

## 227

Have Thine own way

1 നിന്നിഷ്ടം ദേവാ ആയിടട്ടെ
ഞാനോ! മൺപാത്രം നിൻ കരത്തിൽ
നിൻ പാദത്തിൽ ഞാൻ കാത്തിരിക്കും
നിന്നിഷ്ടം പോൽ നീ മാറ്റുകെന്നെ

2 നിന്നിഷ്ടം പോലെ ആകണമേ
നിൻസന്നിധൗ ഞാൻ താണിരിക്കും
നിൻ വചനമാം തണ്ണീരിനാൽ
എന്നെ കഴുകി ശുദ്ധിചെയ്ക

3 നിന്നിഷ്ടം പോലെ ആകണമേ
എന്നുള്ളം നോവും വേളയിലും
നിൻകരം തൊട്ടു താലോലിക്കെൻ
കർത്താവേ ഞാനും ശക്തനാവാൻ

4 നിന്നിഷ്ടം പോലെ ആകേണമേ
എന്നിഷ്ടരെന്നെ തള്ളിയാലും
ഞാൻ കൈവിടില്ലയെന്നു ചൊന്ന
നാഥാ! നിൻ വാക്കെന്താശ്വാസമെ

## 228

Tune- Loved with everlasting love
7.7.7.7

1 ആത്മ ദേഹി ദേഹത്തെ-കാഴ്ചയായ് വെയ്ക്കുന്നിതാ
നിൻ മുമ്പിൽ ഞാൻ, യേശുവേ-എന്നും നിൻവക ആവാൻ

പീഠത്തിന്മേൽ എന്നെ ഞാൻ-വെച്ചു തീക്കായ് കാക്കുന്നു
കാത്തു കാത്തിരിക്കുന്നേ തീ ഇറങ്ങാൻ നോക്കുന്നു

2 യാഗപീഠത്തിൽ നാഥാ-ഞാൻ സമസ്തം നിൻ സ്വന്തം
നിന്റേതായ് കാത്തീടുക-കുലുങ്ങാതെൻ വിശ്വാസം- പീഠ

3 യേശുവേ എൻ രക്ഷകാ നിൻനാമം എന്നാശ്രയം
രക്ഷയ്ക്കായ് നോക്കുന്നിതാ-നിൻ മൊഴി എൻ ശരണം- പീഠ

4 പാപത്തിന്നധികാരം-തന്നിൽ നിന്നു വിട്ടു എൻ
അംഗങ്ങളെ നിൻകരം-തന്നിൽ ഏല്പിച്ചിടുന്നേൻ- പീഠ

5 ദൈവസേവ ചെയ്‌വാനും-ഭയമോടു പാപത്തെ
കാൽക്കീഴിൽ മെതിപ്പാനും തൃക്കൈയ്യിൽ ഏല്പിക്കുന്നേ- പീഠ

## 229

ആദിതാളം

1 സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണേ
നിൻഹിതം ചെയ്തോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻ ഹിതം ചെയ്‌വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നീടുന്നേ ഞാനിന്നു മോദമായ്
എന്റെ ഇഷ്ടം ഒന്നും വേണ്ട പ്രിയനേ
നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ

2 നന്മയും പൂർണ്ണപ്രസാദവുമുള്ള
നിൻ ഹിതമെന്തെന്നു ഞാനറിയുവാൻ
എൻ മനം പുതുക്കി മാറിടുന്നേ നിത്യം
നിന്ദ്യമാണെനിക്കീലോക ലാവണ്യം- എൻ ദൈവമേ

3 ഞാനവനുള്ളം കയ്യിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം
തൻ ഹിതമാണെന്നു ഞാനറിയുന്നു- എൻ ദൈവമേ

4 യേശു ക്രിസ്തുവിൻ ശരീരയാഗത്താൽ
ഉള്ള ഇഷ്ടത്തിൽ ഞാൻ ശുദ്ധനായ്ത്തീർന്നു
ദൈവ ഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണുത ഏകണേ പ്രിയ- എൻ ദൈവമേ

## 230

ആദിതാളം

കുരിശെടുത്തെൻ യേശുവിനെ
അനുഗമിക്കും ഞാനന്ത്യം വരെ

1 ഭാരങ്ങൾ നേരിടുമ്പോൾ
കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്‌വരയതിലുമെന്നെ
പിരിയാത്ത മാധുര്യ നല്ല സഖിതാൻ — കുരി

2 അവനെന്നെ അറിഞ്ഞിടുന്നു
അവനിയിൽ കരുതിടുന്നു
ആവശ്യ ഭാരങ്ങളണഞ്ഞീടുമ്പോൾ
അവലംബമായെനിക്കവൻ മാത്രമാം- — കുരി

3 മാറിടും മനുജരെല്ലാം
മറന്നിടും സ്നേഹിതരും
മാറ്റമില്ലാത്തവനെൻ മനുവേൽ
മഹിമയിൽ വാഴുന്നു ഇന്നുമെനിക്കായ്- — കുരി

4 തീരണം പാരിലെൻ നാൾ
തിരുപാദ സേവയതാൽ
ചേരും ഞാൻ ഒടുവിലെൻ പ്രിയന്നരികിൽ
അരുമയോടവനെന്നെ മാറോടണയ്ക്കും- — കുരി

(ചാൾസ് ജോൺ)

## 231

ഏകതാളം

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനേ
തിരുനാമമുയർന്നിടട്ടെ (2)
എല്ലാം അങ്ങേ മഹത്വത്തിനായ്

1 സ്നേഹത്തിലൂടെയെല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ നിൻ സ്വഭാവം പകരേണമേ-ദിവ്യ
തേജസ്സാലെന്നെ നിറയ്ക്കേണമേ- — എല്ലാം

2 ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ-ആത്മ
നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മനായകാ നിരന്തരമായെന്നി-
ലാത്മദാനങ്ങൾ പകരണമേ- — എല്ലാം

3 നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചു ചെയ്യും ക്രിയകൾ
മുവിൽ ഞങ്ങൾക്കല്ല വാനവനേ
അങ്ങേ വാഴ്‌വിനായ് മാത്രം തീരണമേ- — എല്ലാം

4 വക്രത നിറഞ്ഞ പാപ ലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻ ജനം
നിന്റെ പൊന്നു നാമ മഹത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നൽകണമേ- — എല്ലാം

## 232 Lead Kindly Light

Cardinal J.H. Newman 10.4.10.4.10.10

1 എൻ ദീപമേ! ഈ അന്ധകാരത്തിൽ നടത്തെന്നെ!
ഏറുന്നിരുൾ വീടും ദൂരത്താണല്ലോ നടത്തെന്നെ!
കാക്കുകെൻ പാദം ചോദിക്കുന്നില്ലേ ദൂരെ
കാൺമാൻ ഒരടി പോരുമേ

2 നടത്തെന്നെ എന്നിതുവരെ ഞാൻ യാചിച്ചില്ല!
കണ്ടവഴി ഞാൻ നടന്നു! ഇന്നോ നടത്തെന്നെ!
മോടി ഞാൻ തേടി ശങ്ക കൂടാതെ-ഡാംഭിയായേൻ,
ഓർക്കല്ലേ മുൻകാലം

3 ഇന്നേയോളം പാലിച്ച ദൈവമേ! രാപോവോളം
കാടുംമേടും വൻ കടൽ ഇവയിൽ നടത്തെന്നെ!
ഞാൻ സ്നേഹിച്ചതാം ദൂതർ പുഞ്ചിരി വീണ്ടും
കാണും ഞാൻ ആ പ്രഭാതത്തിൽ-

## 233 My Jesus I love Thee

W.R. Featherston Ils (S.S. 659)

1 എൻയേശു എൻ പ്രിയൻ എനിക്കുള്ളോൻ നീ
നിൻ പേർക്കു വെടിയുന്നു പാപോല്ലാസം
എൻ കാരുണ്യ വീണ്ടെടുപ്പു രക്ഷ നീ
എപ്പോൾ സ്നേഹിച്ചോ (ഞാൻ) (3) ആയതിപ്പോൾ തന്നെ

2 ഞാൻ സ്നേഹിക്കുന്നു നീ മുൻ സ്നേഹിച്ചെന്നെ
എൻ മോചനം വാങ്ങി നീ കാൽവറിയിൽ
ഞാൻ സ്നേഹിക്കുന്നു മുൾമുടി ഏറ്റതാൽ
എപ്പോൾ സ്നേഹിച്ചോ (ഞാൻ) (3) ആയതിപ്പോൾ തന്നെ

3 ഞാൻ സ്നേഹിക്കും ജീവ മരണങ്ങളിൽ
ഞാൻ ജീവിക്കും നാൾ എന്നും വാഴ്ത്തും നിന്നെ
എൻ ഗാനം അന്ത്യവായു പോകുമ്പോഴും
എപ്പോൾ സ്നേഹിച്ചോ (ഞാൻ) (3) ആയതിപ്പോൾ തന്നെ

4 അനന്ത പ്രമോദമോടെ സ്വർഗ്ഗത്തിൽ
വണങ്ങിക്കൊണ്ടിടും നിന്നെ എന്നേക്കും
ഞാൻ പാടിടും മിന്നും മുടിവച്ചങ്ങു
എപ്പോൾ സ്നേഹിച്ചോ (ഞാൻ) (3) ആയതിപ്പോൾ തന്നെ

(റവ. റ്റി. കോശി)

## 234

**Take my life and let it be**

**F.R. Havergal 7.7.7.7. S.S. 616**

1 സ്വീകരിക്കെൻ ജീവനെ
നിനക്കായെന്നേശുവേ
ഓരോശ്വാസത്തോടും ഞാൻ
ചൊല്ലട്ടെ ഹല്ലേലൂയ്യാ

2 സ്വീകരിക്കെൻ കൈകളെ
ചെയ്‌വാൻ സ്നേഹക്രിയയെ
കാലുകളും ഓടണം
നീ വിളിച്ചാൽ തൽക്ഷണം

3 സ്വീകരിക്കെൻ നാവിനെ
സ്തുതിപ്പാൻ പിതാവിനെ
സ്വരം അധരം സർവ്വം
നില്ക്കുന്നു നിൻ സ്തുതിനായ്

4 സ്വീകരിക്കെൻ കർണ്ണത്തെ
കേൾപ്പാൻ നിൻ മർമ്മങ്ങളെ
കണ്ണിന്നായ് പ്രകാശം താ
നിന്നെ കാണ്മാൻ സർവ്വദാ

5 സ്വീകരിക്കെൻ ബുദ്ധിയെ
ഗ്രഹിപ്പാൻ നിൻ ശുദ്ധിയെ
മനശക്തി കേവലം
നിനക്കായെരിയണം

6 സ്വീകരിക്കെൻ ഹൃദയം
അതു നിൻ സിംഹാസനം
ഞാൻ അല്ല എൻ രാജാവേ
നീ അതിൽ വാഴേണമേ

7 സ്വീകരിക്കെൻ സമ്പത്തും
എന്റെ പൊന്നും വെള്ളിയും
വേണ്ട ഭൂമിയിൽ ധനം
എൻ നിക്ഷേപം സ്വർഗ്ഗത്തിൽ

8 സ്വീകരിക്കെൻ യേശുവേ
എന്നെത്തന്നെ പ്രിയനേ
എന്നന്നേക്കും നിനക്കു
എന്നെ ഞാൻ പ്രതിഷ്ഠിച്ചു

## 235

രി. ഏകതാളം

1

ലോകമാം ഗംഭീര വാരിധിയിൽ
വിശ്വാസക്കപ്പലിലോടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടു കൂടെ വിശ്രമിപ്പാൻ

പല്ലവി

യാത്ര ചെയ്യും ഞാൻ ക്രൂശെ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിന്നായ്
ജീവൻവച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

2

കാലം കഴിയുന്നു നാൾകൾപോയി
കർത്താവിൻവരവു സമീപമായ്
മഹത്വനാമത്തെ കീർത്തിപ്പാനായ്
ശക്തീകരിക്ക നിൻ ആത്മാവിനാൽ

3

പൂർവ്വ പിതാക്കളാം അപ്പൊസ്തലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണിയിലോകമതിൽ- യാത്ര

4

ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും-യാത്ര

5

ജീവനെന്നേശുവിൽ അർപ്പിച്ചിട്ട്
അക്കരെ നാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധപളുങ്കിൻ കടൽത്തീരത്തിൽ
യേശുവിൻ പൊന്മുഖം മുത്തിടും ഞാൻ- യാത്ര

(അന്നമ്മ മാമ്മൻ)

## 236

### Just as I am S.S 473

C. Elliott L.M.

1 എനിക്കായ് ചിന്തി നിൻ രക്തം
ഇല്ലിതല്ലാതൊരു ന്യായം
ഇപ്പോഴും നിൻ വിളി ഓർത്തു
ദേവാട്ടിൻകുട്ടി! വരുന്നേൻ

2 വിവിധ സംശയങ്ങളാൽ
വിചാരപോരാട്ടങ്ങളാൽ
വിപത്തിൽ അകപ്പെട്ടു ഞാൻ
ദേവാട്ടിൻകുട്ടി! വരുന്നേൻ

3 ദാരിദ്ര്യാരിഷ്ടൻ കുരുടൻ
ധന സൗഖ്യങ്ങൾ കാഴ്ചയും
ദാനമായ് നിങ്കൽ ലഭിപ്പാൻ
ദേവാട്ടിൻകുട്ടി! വരുന്നേൻ

4 എന്നെ നീ കൈക്കൊണ്ടീടുമേ
എൻ പിഴ പോക്കി രക്ഷിക്കും
എന്നല്ലോ നിൻ വാഗ്ദത്തവും
ദേവാട്ടിൻകുട്ടി! വരുന്നേൻ

5 അഗോചരമാം നിൻ സ്നേഹം
അഗാധ പ്രയാസം തീർത്തു
അത്രേ നിന്റെ നിന്റേതാവാൻ
ദേവാട്ടിൻകുട്ടി! വരുന്നേൻ

6 ആ ദൈവസ്നേഹത്തിൻ നീളം
ആഴം ഉയരം വീതിയും
ആരാഞ്ഞറിഞ്ഞതങ്ങാർക്കുവാൻ
ദേവാട്ടിൻകുട്ടി! വരുന്നേൻ!

# വിശ്വാസം

## 237

നാഥനാമക്രിയ-തി. ഏകതാളം

പല്ലവി

യേശു എൻ അടിസ്ഥാനം ആശയവനിലത്രേ
ആശ്വാസത്തിൻ പൂർണ്ണത യേശുവിൽ കണ്ടേ ഞാനും

1 എത്ര മധുരമവൻ നാമമെനിക്കു പാർത്താൽ
ഓർത്തു വരുന്തോറുമെൻ ആർത്തി മാഞ്ഞു പോകുന്നു- യേശു

2 ദുഃഖം ദാരിദ്ര്യമെന്നിവയ്ക്കുണ്ടോ ശക്തിയെന്നിൽ?
കൈക്കു പിടിച്ചു നടത്തിക്കൊണ്ടുപോകുന്നവൻ- യേശു

3 രോഗമെന്നെ പിടിച്ചെൻ ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ ദേഹം പുതുതാക്കിടാൻ- യേശു

4 പാപത്താലെന്നിൽ വന്ന ശാപങ്ങൾ മാറ്റി
ശോഭിത നീതി വസ്ത്രം ആഭരണമായ് നൽകും- യേശു

5 വമ്പിച്ച ലോകത്തിരക്കമ്പം തീരുവോളവും
മുമ്പും പിമ്പുമായവൻ അൻപോടെന്നെ നടത്തും- യേശു

6 ലോകമെനിക്കു വൈരി ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ ഏതും ഭയപ്പെടാ ഞാൻ- യേശു

7 വെക്കം തൻ മണവാട്ടി ആക്കിടും എന്നെ എന്ന
വാക്കുണ്ടെനിക്കു തന്റെ നീക്കമില്ലതിനൊട്ടും- യേശു

(റവ. റ്റി. ജെ. ആൻഡ്രൂസ്)

## 238

Tune: Mid Pleasures and Palaces

1 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
താൻ ജീവന്റെ കിരീടം എനിക്കു തരുന്നു
തൻ മുഖത്തിൻ പ്രകാശം ഹാ എത്ര മധുരം
ഹാ! നല്ലോരവകാശം എന്റേതു നിശ്ചയം

2 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എനിക്കു വിപരീതം ആയ കൈയെഴുത്തു
തൻ ക്രൂശിൻ തിരുരക്തം മായിച്ചു കളഞ്ഞു
ശത്രുത തീർത്തു സ്വർഗ്ഗം എനിക്കു തുറന്നു

3 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
എൻ ഹൃദയത്തിൻ ഖേദം ഒക്കെ താൻ തീർക്കുന്നു
എൻ വഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോൾ നല്ലാശ്വാസം യേശുവിൻ മാർവ്വിടം

4 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ നിത്യ സ്നേഹംകൊണ്ടു എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
തൻ കൃഷ്ണമണി പോലെ എന്നെ കാത്തുകൊള്ളും

5 എൻ യേശു എൻ സംഗീതം എൻ ബലം ആകുന്നു
തൻ വരവു സമീപം നേരം പുലരുന്നു
ദിവ്യ മഹത്വത്തോടെ താൻ വെളിപ്പെട്ടിടും
ഈ ഞാനുമവനോടു കൂടെ പ്രകാശിക്കും

(വി. നാഗൽ)

## 239 Tune-Like a river glorious

11s

1 ക്രിസ്തുവിന്റെ ദാനം എത്ര മധുരം
പൂർണ്ണ സമാധാനം പൂർണ്ണ ആനന്ദം
എത്രയോ വിസ്താരം ഉള്ളോർ നദി പോൽ
വർണ്ണിക്കുവാൻ ആഴം നാവിനില്ല പോൽ

എന്റെ അടിസ്ഥാനം അതു ക്രിസ്തുവിൽ
പൂർണ്ണ സമാധാനം ഉണ്ടിപ്പാറയിൽ

2 പണ്ടു എന്റെപാപം മനസാക്ഷിയെ
കുത്തി ഈ വിലാപം തീർന്നതെങ്ങനെ?
എൻ വിശ്വാസക്കണ്ണു നോക്കി ക്രൂശിന്മേൽ
എല്ലാം തീർത്തു അന്നു എൻ ഇമ്മാനുവേൽ

3 കർത്തൻ ഉള്ളം കൈയിൽ മറഞ്ഞിരിക്കെ
പേയിൻ സൂത്രം എന്നിൽ മുറ്റും വെറുതെ
മല്ലൻ ആയുധങ്ങൾ എല്ലാം പൊട്ടിപ്പോം
ഇല്ല ചഞ്ചലങ്ങൾ ധൈര്യമോ പരം

4 ഭയം സംശയങ്ങൾ തീരെ നീങ്ങുവാൻ
എത്ര വാഗ്ദത്തങ്ങൾ തന്നിട്ടുണ്ടു താൻ
അതിൽ ഒരു വള്ളി ഇല്ലാതാകുമോ?
പോകയില്ലോർ പുള്ളി സാത്താനേ! നീ പോ!

5 ബുദ്ധിമുട്ടു കഷ്ടം പെരുകി വന്നാൽ
എനിക്കെന്തു നഷ്ടം ഞാൻ കർത്താവിൻ ആൾ
യേശു താൻ എൻ സ്വന്തം എന്റെ രാജാവും
എനിക്കുള്ള അംശം അതാരെടുക്കും?

(വി. നാഗൽ)

## 240 Tune- Safe in the arms of Jesus

7s 6s S.S. 57

1 ഒന്നും ഭയപ്പെടേണ്ട നീ വിശ്വസിക്കെന്നിൽ
ഓരോ നിമിഷവും നിൻ ആയുസ്സിൻ കാലത്തിൽ
ഞാൻ ചെയ്തിടുന്നതു നീ അറിഞ്ഞിടായ്കിലും
നിന്നരികിൽ വരുവാൻ ഞാൻ താമസിക്കില്ലും

ഒന്നും ഭയപ്പെടേണ്ടാ! നീ വിശ്വസിക്കെന്നിൽ
ഓരോ നിമിഷവും നിൻ ആയുസ്സിൻ കാലത്തിൽ

2 ലോകാന്ധകാരത്തൂടെ നീ സഞ്ചരിക്കെ നിൻ
കാൽ വഴുതിടാ നിന്റെ നിത്യ പ്രകാശം ഞാൻ
വെള്ളങ്ങളിൽക്കൂടെ നീ പോകുന്ന നേരത്തിൽ
പ്രളയങ്ങൾ നിന്മീതെ കവിഞ്ഞൊഴുകുമ്പോൾ- ഒന്നും

3 ആകാശവും ഭൂമിയും ഒഴിഞ്ഞുപോകിലും
എൻ വാക്കുകൾ ഒഴിഞ്ഞുപോകാ ഒരുനാളും
ഞാൻ ഇന്നലെയും ഇന്നും എന്നേക്കും ഞാൻ തന്നെ
കൈവിടുകയില്ല ഞാൻ ഒരിക്കലും നിന്നെ- ഒന്നും

## 241 Nearer my God to Thee

Sarah F. Adams 6. 4. 6. 4. 6. 6. 6. 4 S.S. 581

1 നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ!
നിൻ ക്രൂശു ഞാൻ വഹിക്കേണ്ടാലുമേ
എൻ ഗീതം എന്നുമേ നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ!

2 മരുവിൽ യാത്രക്കാരനെപ്പോൽ രാക്കാലത്തിൽ
വൻ കാറ്റിൽ കല്ലിന്മേൽ ഉറങ്ങുകിൽ
എൻ സ്വപ്നത്തിലുമേ! നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ

3 നീ എന്നെ നടത്തും പാത എല്ലാം
വിണ്ണിൽ എത്തും ഏണിപോൽ പ്രകാശമാം
ദൂതർ വിളിക്കുന്നു! നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ,

4 ഉണർന്നു ഞാൻ നിന്നെ സ്തുതിച്ചീടും
കൽതലയിണയെ ബെഥേലാക്കും
എൻ തുമ്പത്താലുമേ നിന്നോടെൻ ദൈവമേ
നിന്നോടെൻ ദൈവമേ! ഞാൻ ചേർന്നീടും

5 ആകാശ മാർഗ്ഗമായ് മഹോന്നതേ
പറന്നു പോകിലും സന്തോഷമേ
എൻ ഗീതമെന്നുമേ നിന്നോടെൻ ദൈവമേ!
നിന്നോടെൻ ദൈവമേ! ഞാൻ ചേർന്നീടും

(ഈ. ഐ. ജേക്കബ്, കൊച്ചി)

## 242 Tune- Tenderly guide us

P. M S.S. 533

1

സ്നേഹത്തിൻ ഇടയനാം യേശുവേ
വഴിയും സത്യവും നീമാത്രമേ
നിത്യമാം ജീവനും ദൈവപുത്രാ!
നീയല്ലാതാരുമില്ല
യേശു! നാഥാ! ഞങ്ങൾക്കു-
നീയല്ലാതാരുമില്ല
യേശു! നാഥാ! നീയല്ലാതാരു-
മില്ല!

2

പാപികൾക്കായ് വലഞ്ഞലഞ്ഞതും
ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾപെട്ടതും ആര് നായകാ!
നീയല്ലാതാരുമല്ല യേശു

3

നീക്കിടുവാൻ എല്ലാ പാപത്തെയും
പോക്കിടുവാൻ സർവ്വശാപത്തെയും
കോപാഗ്നിയും കെടുത്തീടാൻ കർത്താ
നീയല്ലാതാരുമില്ല- യേശു

4

അറിവാൻ സ്വർഗ്ഗപിതാവിനേയും
പ്രാപിപ്പാൻ വിശുദ്ധാത്മാവിനെയും
വേറൊരു വഴിയുമില്ല നാഥാ!
നീയല്ലാതാരുമില്ല- യേശു

5

സഹിപ്പാൻ എൻ ബുദ്ധിഹീനതയും
വഹിപ്പാൻ എൻ ശോകക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ
നീയല്ലാതാരുമില്ല- യേശു

6

സത്യവിശ്വാസത്തെ കാത്തിടുവാൻ
നിത്യം നിൻ കീർത്തിയെ പാടിടുവാൻ
ഭൃത്യന്മാരിൽ കൃപ തന്നിടുവാൻ
നീയല്ലാതാരുമില്ല- യേശു

7

ദൈവമഹത്വത്തിൽ താൻ വരുമ്പോൾ
ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പോഴും ഞങ്ങൾ പാടീടും നാഥാ
നീയല്ലാതാരുമില്ല- യേശു

(വി. നാഗൽ)

## 243

ശങ്കരാഭരണം–ആദിതാളം

പല്ലവി

യേശുമതിയെനിക്കേശുമതിയെനി
ക്കേശുമതിയെനിക്കന്നേക്കും–എൻ
യേശുമാത്രം മതിയെനിക്കെന്നേക്കും എൻ (2)

1

ഏതു നേരത്തുമെൻ ഭീതിയകറ്റി സ
ന്തോഷത്തോടെ നിത്യം കാക്കുവാൻ സ
ന്തോഷത്തോടെ എന്നെനിത്യം കാക്കുവാൻ–സ- (2) യേശു

2

ഘോരവൈരിയോടു പോരിടുവതിനു-
ധീരതയെനിക്കു നല്കുവാൻ നല്ല
ധീരതയെനിക്കു നിത്യം നല്കുവാൻ നല്ല
ധീരതയെനിക്കുനിത്യം നൽകുവാൻ യേശു

3

ക്ഷാമംവസന്തകളാലെ ലോകമെങ്ങും
ക്ഷേമമില്ലാതായി വന്നാലും ഞാൻ
ക്ഷേമമില്ലാത്തവനായി തീർന്നാലും ഞാൻ- (2) യേശു

4

ലോകത്തിലെനിക്കു യാതൊന്നുമില്ലാതെ
വ്യാകുലപ്പെടേണ്ടി വന്നാലും– ഞാൻ
വ്യാകുലപ്പെടുവാനിടവന്നാലും ഞാൻ- (2) യേശു

5

യേശുഉള്ളതിനാൽ ക്ലേശിപ്പതിനായി
ലേശമിടയില്ല നിശ്ചയം–ലവ
ലേശമിടയില്ല അതു നിശ്ചയം ലവ- (2) യേശു

(പി. വി. തൊമ്മി)

## 244 What can wash away my sin

Robert Lowry P. M. S. S. 874

1 പാപക്കടം തീർക്കുവാൻ
യേശുവിൻ രക്തം മാത്രം
പാപബന്ധം അഴിപ്പാൻ
യേശുവിൻ രക്തം മാത്രം
ശ്രീയേശു ക്രിസ്തുവേ
ദൈവത്തിന്റെ കുഞ്ഞാടേ
രക്ഷിക്കുന്നു പാപിയെ
നിൻതിരു രക്തം–മാത്രം

2 വീണ്ടെടുപ്പിൻ വിലയായ്
യേശുവിൻ രക്തം മാത്രം
പുണ്യമില്ലാ പാപിക്കായ്
യേശുവിൻ രക്തം മാത്രം– ശ്രീ

3 ദൈവത്തോടു നിരപ്പും
യേശുവിൻ രക്തം മാത്രം
വേറെയില്ല മോചിപ്പും
യേശുവിൻ രക്തം മാത്രം- ശ്രീ

4 സാത്താനെ ആർ ജയിക്കും?
യേശുവിൻ രക്തം മാത്രം
തീ അമ്പിനെ കെടുത്തും
യേശുവിൻ രക്തം മാത്രം- ശ്രീ

(റിവ. വി. നാഗൽ)

## 245

ഭൈരവി- മിശ്രചാപ്പ്

പല്ലവി

എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും
യേശുമാത്രം സമ്പത്താകുന്നു.....

അനുപല്ലവി

ചാവിനെ വെന്നുയിർത്തവൻ വാനലോകമതിൽ ചെന്നു
സാധുവെന്നെ ഓർത്തു നിത്യം താതനോടു യാചിക്കുന്നു- എന്റെ

ചരണങ്ങൾ

1 ക്രൂശിൽ മരിച്ചീശനെൻ പേർക്കായ്-വീണ്ടെടുത്തെന്നെ
സ്വർഗ്ഗകനാൻ നാട്ടിലാക്കുവാൻ...
പാപം നീങ്ങി ശാപം മാറി മൃത്യുവിന്മേൽ ജയമേകി
വേഗം വരാമെന്നുരച്ചിട്ടാമയം തീർത്താശ നൽകി... എന്റെ

2 തന്റെ പേർക്കായ് സർവ്വ സമ്പത്തും-യാഗമായ് വെച്ചി-
ട്ടെന്നന്നേക്കും തന്നിൽ പ്രേമമായ്....
തന്റെ വേല ചെയ്തു കൊണ്ടും എന്റെ ക്രൂശു ചുമന്നിട്ടും
പ്രാണപ്രിയൻസേവയിൽ എൻ ആയുസ്സെല്ലാം കഴിച്ചീടും- എന്റെ

3 നല്ലദാസൻ എന്നു ചൊല്ലുന്നാൾ തന്റെ മുമ്പാകെ
ലജ്ജിതനായ് തീർന്നുപോകാതെ....
നന്ദിയോടെൻ പ്രിയൻ മുമ്പിൽ പ്രേമകണ്ണീർ പൊഴിഞ്ഞീടാൻ
ഭാഗ്യമേറും മഹോത്സവ വാഴ്ചകാലം വരുന്നല്ലോ... എന്റെ

4 കുഞ്ഞാടാകും എന്റെ പ്രിയന്റെ സീയോൻ പുരിയിൽ
ചെന്നു ചേരാൻ ഭാഗ്യമുണ്ടെങ്കിൽ....
ലോകമെന്നെ ത്യജിച്ചാലും ദേഹമെല്ലാം ക്ഷയിച്ചാലും
ക്ലേശമെന്നിൽ ലേശമില്ലാതീശനെ ഞാൻ പിന്തുടരും- എന്റെ

5 എന്റെ ദേശം ഇദ്ധരയല്ല അന്യനായ് സാധു
ഹാഗിൻ ദേശം വിട്ടു പോകുന്നു-
മേലിലെറുശലേമെന്നെ ചേർത്തു കൊൾവാനൊരുങ്ങി താൻ
ശോഭയേറും വാതിലുകളെനിക്കായിട്ടുയർത്തുന്നു- എന്റെ

6 എന്റെ രാജാവെഴുന്നള്ളുമ്പോൾ തന്റെ മുമ്പാകെ
ശോഭയേറും രാജ്ഞിയായിത്തൻ...
മാർവിലെന്നെ ചേർത്തീടും തൻ പൊന്നുമാർവിൽ മുത്തീടും ഞാൻ
ഹാ! എനിക്കീ മഹാഭാഗ്യം ദൈവമേ നീ ഒരുക്കിയേ- എന്റെ

(മുത്താമ്പാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 246

പല്ലവി

എൻ രക്ഷകനാമേശുവേ
എന്നെ ദയയോടു കാത്തു
എന്നെ ദൈവഭക്തിയിൽ വളർത്തി
നന്നാക്കിടുക

ചരണങ്ങൾ

1 പാപസമുദ്രത്തിലയ്യോ
പാരിലുഴന്നീടുന്നയ്യോ
പാലകാ! എൻചിത്തംശുദ്ധമാക്കി
പാലിച്ചീടുക- എൻ

2 കന്മഷ പരിഹാരാർത്ഥമാം
ചിന്തിയ തിരുരക്തത്തിൽ
കാരുണ്യത്താലിതാം കഴുകിയെന്നെ
ശുദ്ധീകരിക്ക!- എൻ

3 നിന്നാലെ സ്വാതന്ത്ര്യമായി
സമ്പാദിതമാം രക്ഷയിൽ
എന്നെയവകാശിയാക്കിക്കൊൾക
കൃപാസ്വരൂപാ!- എൻ

4 വേദപ്രമാണത്തിൽ നിന്നു
വേഗം ജ്ഞാനാത്ഭുത കാര്യം
സാദരം കാണ്മാനെൻ കൺകൾ
നാഥാ! തുറക്കണമേ!- എൻ

5 വ്യാജ വഴിയിൽ നിന്നെന്നെ
വേഗം നീയകറ്റി നിന്റെ
വേദപ്രമാണത്തെ കൃപയോടെ
നൽകീടണമേ- എൻ

6 മായയെ നോക്കാതെ വണ്ണം
എന്റെ കൺകൾ നീ തിരിച്ചു
മഹൽഗുരോ നിൻ വഴിയിലെന്നെ
നടത്തണമേ- എൻ

7 ഭൂലോക വാസം കഴിച്ചു
സ്വർലോകത്തെ ഞാൻ പ്രാപിച്ചു
കൊള്ളുവാൻ വേണ്ടുന്നതെല്ലാ-
മെന്നെ
കാണിക്കണമേ- എൻ

(റവ. റ്റി. കോശി)

## 247

പല്ലവി

നീയല്ലോ ഞങ്ങൾക്കുള്ള
ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ
ആശ്രയിപ്പാനാരുമേ

ചരണങ്ങൾ

1 നീയല്ലോ ഞങ്ങൾക്കായി
മന്നിടത്തിൽ വന്നതും
നീ പരം ഞങ്ങളുടെ
പാപമെല്ലാമേറ്റതും- നീയ

2 കാൽവറി മലമുക-
ളേറി നീ ഞങ്ങൾക്കായ്
കാൽ കരം ചേർന്നു തൂങ്ങി
മരിച്ചുയിരേകിയ- നീയ

3 അന്നന്നു ഞങ്ങൾക്കുള്ള-
തെല്ലാം തന്നു പോറ്റുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെ-
ന്നുള്ള വാക്കു തന്നവൻ- നീയ

4 ശത്രുവിന്നഗ്നിയസ്ത്രം
ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയം തന്നു
കാത്തു സൂക്ഷിച്ചീടുന്ന- നീയ

5 ജനകനുടെ വല-
ത്തിരുന്നു നീ ഞങ്ങൾക്കായ്
ദിനംപ്രതി പക്ഷവാദം
ചെയ്തു ജീവിച്ചീടുന്ന- നീയ

6 ലോകത്തിൽ ഞങ്ങൾക്കുള്ള-
തെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷി-
ച്ചീടിലും പൊന്നേശുവേ- നീയ

7 നിത്യ ജീവമൊഴികൾ
നിന്നിലുണ്ടു പരനേ!
നിന്നെ വിട്ടിട്ടിനി ഞങ്ങൾ
എങ്ങുപോയി വസിക്കും-നീയ

(പി. വി. തൊമ്മി)

## 248

തിശ്രചാപ്പ്

1 എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ-ഏതും
കാര്യമില്ലെന്നെന്റെ ഉള്ളം ചൊല്ലുന്നു.

2 വൈഷമ്യമുള്ളേതു കുന്നും ഞാൻ കയറി നട കൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായ്-തീർന്നെൻ
പാതയിൽ ഞാൻ മാനിനെപ്പോലോടിടും

3 ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി തീർന്നുവെന്നോ
മാനസത്തിലാധി പൂണ്ടു ഖേദിപ്പാൻ -സാധു
അന്ധനായി തീർന്നിടല്ലേ ദൈവമേ!

4 എന്റെ നിത്യ സ്നേഹിതന്മാർ ദൈവദൂതസംഘമത്രേ
ഇപ്പോളവർ ദൈവ മുമ്പിൽ സേവയാം-എന്നെ
കാവൽ ചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും

5 ദുഃഖിതനായോടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെയോർത്തു ദൈവദൂതർ വന്നിടും ഏറ്റം
സ്നേഹച്ചൂടോടപ്പവുമായ് വന്നിടും

6 നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ല
ഓരോ നാളും ദൈവമെന്നെ പോറ്റുന്നു-തന്റെ
കൈകളിൽ ഞാൻ ദിനം തോറും ചാരുന്നു

7 കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു-ലില്ലി
പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു

8 പത്മോസ് ദ്വീപിൽ ഏകനായ് ഞാൻ വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെന്റെ പ്രിയൻ വന്നീടും-മഹാ
ദർശനത്താൽ വിവശനായ്ത്തീരും ഞാൻ

9 ഹാ! മഹേശാ കരുണേശാ! പൊന്നു താതാ! നീയെനിക്കായ്
വേണ്ടതെല്ലാം ദയതോന്നി നൽകുമ്പോൾ-എന്റെ
ദേഹി വൃഥാ കലങ്ങുന്നതെന്തിനായ്

(മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 249

ആദിതാളം

എന്റെ ദൈവം സ്വർഗ്ഗസിംഹാസനം തന്നിൽ
എന്നിൽകനിഞ്ഞെന്നെ ഓർത്തീടുന്നു

## വിശ്വാസം

1

മാതാപിതാക്കളും വീടും ധനങ്ങളും
വസ്തു സുഖങ്ങളും കർത്താവത്രേ
പൈതൽപ്രായം മുതലിക്കിന്നേവരെയെന്നെ
പോറ്റിപ്പുലർത്തിയ ദൈവം തന്നെ

2

ആരുംസഹായമില്ലല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിലുല്ലാസമേ

3

നല്ലൊരുതാതൻ പിതാവില്ലാത്തോർക്കവൻ
പെറ്റമ്മയെക്കവിഞ്ഞാർദ്രവാനും
വിധവയ്ക്കു നാഥനും സാധുവിന്നപ്പവും
എല്ലാർക്കുമെല്ലാമെൻ കർത്താവത്രേ!

4

കരയുന്നകാക്കയ്ക്കും വയലിലെ റോസയ്ക്കും
ഭക്ഷ്യവും ഭംഗിയും നൽകുന്നവൻ
കാട്ടിലെമൃഗങ്ങളാറ്റിലെ മത്സ്യങ്ങ-
ളെല്ലാം സർവേശനെ നോക്കിടുന്നു!

5

കോടാകോടിഗോളമെല്ലാം പടച്ചവ-
നെല്ലാറ്റിനും വേണ്ടതെല്ലാം നല്കി
സൃഷ്ടികൾക്കൊക്കെയുമാനന്ദദായകൻ
ദുഷ്ടന്മാർക്കേറ്റവും ഭീതികരൻ!

6

കല്യാണശാലയിലെന്നെ വിളിച്ചെന്റെ
സന്താപമൊക്കെയും തീർത്തിടും നാൾ
ശീഘ്രംവരുന്നെന്റെ കാന്തൻവരുന്നെന്നി
ലുല്ലാസമായ് ബഹുകാലംവാഴാൻ

7

ലോകം വെടിഞ്ഞെന്റെ സ്വർഗ്ഗീയ നാടിനെ
കാൺമാൻ കൊതിച്ചുഞാൻ പാർത്തിടുന്നു
അന്യൻപരദേശി എന്നെന്റെമേലെഴു-
ത്തെന്നാൽ സർവ്വസ്വവും എന്റേതത്രേ

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

250 O happy day

P. Doddridge L.M. S.S. 866

1 എൻരക്ഷകാ! എൻദൈവമേ! നിന്നിൽ ആയനാൾ ഭാഗ്യമേ
എന്നുള്ളത്തിൻ സന്തോഷത്തെ എന്നും ഞാൻ കീർത്തിച്ചീടട്ടെ!

ഭാഗ്യനാൾ! ഭാഗ്യനാൾ യേശു എൻ പാപം തീർത്തനാൾ
കാത്തുപ്രാർത്ഥിക്കാറാക്കി താൻ! ആർത്തുഘോഷിക്കാറാക്കിതാൻ
ഭാഗ്യനാൾ! ഭാഗ്യനാൾ, യേശു എൻ പാപം തീർത്തനാൾ

2 വൻക്രിയ എന്നിൽ നടന്നു, കർത്തൻ എന്റെ ഞാൻ അവന്റെ
താൻ വിളിച്ചു ഞാൻ പിൻചെന്നു സ്വീകരിച്ചുതൻ ശബ്ദത്തെ- ഭാഗ്യ

3 സ്വസ്ഥം ഇല്ലാത്ത മനമേ! കർത്തനിൽ നീ ആശ്വസിക്ക-
ഉപേക്ഷിയാതെ അവനെ, തൻ നന്മകൾ സ്വീകരിക്ക- ഭാഗ്യ

4 സ്വർപ്പുരം ഈ കരാറിനു സാക്ഷി നിൽക്കുന്നെൻ മനമേ!
എന്നും എന്നിൽ പുതുക്കുന്നു നന്മുദ്ര നീ ശുദ്ധാത്മാവേ- ഭാഗ്യ

5 സൗഭാഗ്യം നൽകും ബാന്ധവം വാഴ്ത്തും ജീവ കാലമെല്ലാം
ക്രിസ്തേശുവിൽ എൻ ആനന്ദംപാടും ഞാൻ അന്ത്യകാലത്തും-ഭാഗ്യ

(വിവ. റവ. റ്റി. കോശി)

251 Blessed Assurance

Fanny J. Crosby 9 10. 9 9 with refrain S.S. 873

രൂപകതാളം

1

യേശു എൻ സ്വന്തം ഹല്ലേലൂയ്യാ
എന്നുടെ ഭാഗ്യം ചൊല്ലിക്കൂടാ
പഴയതെല്ലാം കഴിഞ്ഞുപോയി!
കണ്ടാലും സർവ്വം പുതിയതായ്!

എനിക്കു പാട്ടും പ്രശംസയും
ദൈവകുഞ്ഞാടും തൻ കുരിശും

2

യേശു എൻ സ്വന്തം ഹല്ലേലൂയ്യാ!
തീർന്നു എൻ ആന്ധ്യം നീങ്ങി ഭയവും
ഇരുട്ടിൻ പാശം അറുത്തു താൻ
ജീവപ്രകാശം കാണുന്നു ഞാൻ! എനി

3

യേശു എൻ സ്വന്തം ഹല്ലേലുയ്യാ
തുറന്നു സ്വർഗ്ഗം കാണുന്നിതാ!
പാപം താൻ നീക്കി രക്തത്തിനാൽ
ദൈവകുഞ്ഞാക്കി ആത്മാവിനാൽ! എന്നി

4

യേശു എൻ സ്വന്തം ഹല്ലേലുയ്യാ
ഈ സ്നേഹബന്ധം നില്ക്കും സദാ!
മരണത്തോളം സ്നേഹിച്ചു താൻ
നിത്യതയോളം സ്നേഹിക്കും ഞാൻ എന്നി

5

യേശു എൻസ്വന്തം ഹല്ലേലുയ്യാ
നിന്റെസാമീപ്യം ഞാൻ രക്ഷകാ!
നീ എൻ കർത്താവും സ്നേഹിതനും
ജീവദാതാവും സകലവും!-എന്നി

(റവ. വി. നാഗൽ)

## 252

1 ശ്രീയേശുനായകാ! നിൻ പാദാരവിന്ദമോർത്തു
പാരിൽ വസിച്ചീടുവാൻ കൃപചെയ്ക!

2 തീരാത്ത പാപത്തീയിൽ ഓരാതെ ഞാൻ പതിച്ചു
പാരാതെ നീറിടുന്നു ഗതിയെന്യേ

3 ഗംഭീര സാഗരത്തിൻ മീതെ നടന്നപ്പോഴും
പാദം നനഞ്ഞിടാത്ത പരമേശാ

4 രോഗാദിദോഷങ്ങൾക്കായ് പാണി തറച്ചതാലെൻ
ആത്മാവെ രക്ഷ ചെയ്ത കരുണേശാ!

5 വൻമല പോലെയുള്ള നിന്ദ വഹിച്ചു മൃത്യു-
വക്ത്രത്തിലാണ്ടോരെന്നെ കരകേറ്റി

6 ലോകംവെടിഞ്ഞു ദേഹം നാറ്റം പിടിച്ചിരുന്ന-
ലാസറെ ജീവിപ്പിച്ച ജഗദീശാ!

7 ക്ലേശം സഹിച്ച നാഥാ! ക്രൂശിൽ മരിച്ച നാഥാ!
ചേർക്കണമെന്നെയും നിൻ തിരുമാർവ്വിൽ

(പി. സി. ജോൺ)

## 253 Jesus Lover of my Soul

Charles Wesley 7. 7. 7.7. S.S. 227

1 യേശു എൻ ആത്മസഖേ! നിൻ മാർവിൽ ഞാൻ ചേരട്ടെ
ഈ ലോകമാം വാരിധൗ തിരകൾ ഉയരുന്നേ!
ഘോരമാം കോൾ ശാന്തമായ് തീരും വരെ രക്ഷകാ!
എൻ ജീവനെ കാക്കുക നിൻ അന്തികെ ഭദ്രമായ്

2 വേറെ സങ്കേതമില്ലേ എനിക്കാശ്രയം നീതാൻ
നാഥാ! കൈവെടിയല്ലേ കാത്തു രക്ഷിക്ക സദാ
കർത്താ നീ എൻ ആശ്രയം തൃപ്പാദം എൻ ശരണം
നിൻ ചിറകിൻ കീഴെന്നും ചേർത്തു സൂക്ഷിച്ചീടേണം

3 ക്രിസ്തോ! എൻ ആവശ്യങ്ങൾ നിന്നാൽ നിറവേറുന്നു
ഏഴകൾ നിരാശ്രയർക്കാധാരം നീയാകുന്നു
നീതിമാൻ നീ നിർമ്മലൻ മഹാമ്ലേച്ഛൻ ഞാൻ മുറ്റും
പാപി ഞാൻ മാ പാപി ഞാൻ കൃപ സത്യം നീ മുറ്റും

4 കാരുണ്യവാരാന്നിധേ കന്മഷം കഴുകുക
നിത്യജീവവെള്ളമെൻ ചിത്തം ശുദ്ധമാക്കട്ടെ
ജീവന്നുറവാം നാഥാ! ഞാനേറെ കുടിക്കട്ടെ
എന്നുള്ളിൽ ഉയരുക നിത്യകാലമൊക്കെയും

(വിവ. ജോശവത്സലം)

## 254 ഏകതാളം

1 കുഞ്ഞാട്ടിൻ തിരുരക്തത്താൽ ഞാൻ ശുദ്ധനായ് തീർന്നു
തൻ ചങ്കിലെ ശുദ്ധരക്തത്താൽ ഞാൻ ജയംപാടിടും

മഹത്വം രക്ഷകാ! സ്തുതി നിനക്കെന്നും
ചേറ്റിൽ നിന്നെന്നെ നീ വീണ്ടെടുത്തതിനാൽ
സ്തുതിക്കും നിന്നെ ഞാൻ ആയുസ്സിൽ നാളെല്ലാം
നന്ദിയോടടി വണങ്ങും

2 ആർപ്പോടു നിന്നെ ഘോഷിക്കും ഈ സീയോൻ യാത്രയിൽ
മുൻപോട്ടുതന്നെ ഓടുന്നു എൻ വിരുതിനായി

ലഭിക്കും നിശ്ചയം എൻ വിരുതെനിക്കു
ശത്രുക്കളാരുമേ കൊണ്ടുപോകയില്ല
പ്രാപിക്കും അന്നു ഞാൻ രാജൻകയ്യിൽ നിന്നു
ദൂതന്മാരുടെ മദ്ധ്യത്തിൽ

3 എൻ ഭാഗ്യകാലമോർക്കുമ്പോൾ എന്നുള്ളം തുള്ളുന്നു
ഈ ലോക സുഖം തള്ളി ഞാൻ ആ ഭാഗ്യം കണ്ടപ്പോൾ

നിത്യമാം രാജ്യത്തിൽ അന്നു ഞാൻ പാടിടും
രാജൻ മുഖം കണ്ടു എന്നും ഞാൻ ഘോഷിക്കും
രക്തത്തിൻ ഫലമായ് വാഴുമേ സ്വർഗ്ഗത്തിൽ
കോടികോടി യുഗങ്ങളായി

4 മനോഹരമാം സീയോനിൽ ഞാൻ വേഗം ചേർന്നിടും
എൻ ക്ലേശമാകെ നീങ്ങിടപ്പാം അവിടെയെത്തുമ്പോൾ
നിത്യമാം സന്തോഷം പ്രാപിക്കും അന്നു ഞാൻ
എൻ ശത്രുവിനതു എടുപ്പാൻ പാടില്ല
ആനന്ദം കൂടിടും സാനന്ദം പാടിടും
ശ്രീയേശു രാജൻ മുമ്പാകെ

(എം. കെ. വറുഗീസ്)

## 255

ഏകതാളം

പല്ലവി

ദൈവത്തിൻരാജ്യം സ്നേഹത്തിൻരാജ്യം
യേശുരാജൻഘോഷിച്ചനൽ
വാർത്തനിങ്ങൾക്കോർത്തിടുക-ദൈവ

1

സ്വർഗ്ഗീയരാജ്യം സ്വായത്തമാക്കാൻ
ഭാഗ്യമുള്ളോർതൻ യോഗ്യതയരുളി
മാർഗ്ഗത്തെക്കാട്ടിമോക്ഷത്തെനൽകി - യേശു

2

ദരിദ്രാത്മാക്കൾപ്രാപിക്കും രാജ്യം
കരയുന്നവർക്കു ലഭിക്കുമാശ്വാസം
കരുണയുള്ളവർക്കു-
കരുണ ലഭിക്കും - യേശു

3

നിർമ്മലഹൃദയം ദൈവത്തെ കാണും
സൗമ്യതയുള്ളോർ ഭൂമിയിൽവാഴും
താഴ്മയുള്ളവർക്കോ ഉയർച്ചലഭിക്കും -യേശു

4

രമ്യതയുളവാക്കുന്നോർ ശ്രേഷ്ഠർ
നാമവർക്കു ദൈവപുത്രന്മാർ
നന്മ നിമിത്തം പീഡകൾ ഉളവാം- -യേശു

5

ദുഃഖിക്കുന്നവർക്കായ് പ്രാർത്ഥിച്ചീടുക
പഴിക്കുന്നവരെ അനുഗ്രഹിച്ചീടുക
ദ്വേഷിക്കുന്നവർക്കു ഗുണം ചെയ്തീടുക —യേശു

6

കുറവുകളെല്ലാം സമ്മതിച്ചാകിൽ
കരുണയിൻനാഥൻ-മോചനം നൽകും
മറുരൂപമാക്കും നവ ജീവൻനൽകും —യേശു

(റവ. കെ. പി. ഫിലിപ്പ്)

## 256

ആദിതാളം

1 യേശു ആരിലുമുന്നതനാമെന്നാത്മ സഖാവവനെ
തായ് മറക്കാമെങ്കിലുമെന്നെ മറക്കാ സ്നേഹിതനെ
ഏവരുമെന്നെ കൈവെടിഞ്ഞാലും
യേശു താൻ എന്നരികിൽ കാണും
എന്തു ഖേദവും തീരും ഞാൻ തിരു മാർവിൽ ചാരിടുമ്പോൾ

2 എന്നെ തേടി വിൺനഗരം വിട്ടൂഴിയിൽ വന്നവനെ
എന്റെ പാപശാപമകറ്റാൻ ജീവനെ തന്നവനെ
എന്തിനും ഹാ! തൻതിരുസ്നേഹ-
പാശബന്ധ മഴിക്കുവാൻ കഴിയാ-
തെന്നു മെന്നും ഞാനിനി യവനിലും അവനിനിയെന്നിലുമാം

3 മാനസമേ ചാരുക ദിനവുമീ ദിവ്യ സ്നേഹിതനിൽ
ധ്യാനം ചെയ്യുക തൻ തിരുസ്നേഹമധുരിമ സന്തതവും
എന്തു ഖേദം വരികിലും പതറാ-
തേശുവിൽ നിന്നാശ്രയം കരുതി
അന്ത്യത്തോളം പൊരുതുക കുരിശിന്നുത്തമനാം ഭടനായ്

(എം. ഈ. ചെറിയാൻ)

## 257

ഏകതാളം

പല്ലവി

യേശുദേവാ! എൻയേശുദേവാ-! പാപികളാശ്രയം നീയേ!

അനുപല്ലവി

കരുണാനിധേ! സങ്കേതം നീയ-ല്ലാ തില്ല- യേശു

ചരണങ്ങൾ

1 മരിച്ചവരെപ്പോലെ പാപകൂപേ വീണുപോയ
ആദാമിൻ സന്തതിയെ- നീ
മരിച്ചവരെ ജീവിപ്പിപ്പാൻ വന്നോനേ!

കുരിശിൽ നീ മരിച്ചിട്ടു തിരുച്ചോര ചൊരിഞ്ഞോനേ!
മറിയാമിൻ സുതനേ! നീ ശരണം
പൊറുക്ക എൻ പാപമെല്ലാം
നിറയ്ക്ക നിൻ ജീവശക്തി
ഇരിക്ക നീ ഹൃദയത്തിൽ- യേശുദേവാ!

2 അതികഠിനം പല പരീക്ഷകൾ ഏറിടുന്നു-
വീഴാതെ സൂക്ഷിക്ക നാഥാ!
അതിരില്ലാതെ അധർമ്മം പെരുകുന്നു
എതിർപ്പുകൾ വർദ്ധിക്കുന്നു ബലംനൽക രക്ഷിതാവേ!
നീതിമാനാകും കർത്താവേ! കനിയണേ!
ശത്രുഗണം ക്രുദ്ധിച്ചാലും
മിത്രങ്ങൾ ഉപേക്ഷിച്ചാലും
സ്വാതന്ത്ര്യമോടെ ജയിച്ചീടാം- യേശുദേവാ!

(റവ. കെ. പി. ഫിലിപ്പ്)

## 258

മണിരങ്കു–ആദിതാളം

1 ദൈവമേയെത്രയഗാധമഹോ- നിന്റെ
ദിവ്യ വിചാരണകൾ-ഓർക്കിൽ
എവ്വിധമതിലെദിവ്യരഹസ്യങ്ങൾ
ചൊല്ലുവോടറിഞ്ഞിടുന്നു

2 വാനവും ഭൂമിയുമാഴവുമൊരു പോൽ
വാണരുളുന്നു സദാ മഹാ-
ജ്ഞാനമതാലവയെ നിന്മഹത്വത്തിനായ്
നീ നടത്തിടുന്നഹോ

3 നിൻ പ്രിയമക്കടെനന്മയിലേക്കായ്
അമ്പിയലും പരനേ-എല്ലാം
ഇമ്പമോടൊന്നായ് വ്യാപരിച്ചീടുന്നു
തുമ്പമവർക്കു വൃഥാ

4 മൊട്ടിനു കൈപ്പുരുചിക്കിലുമായതു
പൊട്ടി വിടർന്നിടുമ്പോൾ-അതു
കാട്ടുമതിൻമധുമാകൃതിയും മന്നിൻ
കട്ടയുമുണ്ടകമേ

5 ശിക്ഷയിലും ബഹുകഷ്ടത തന്നിലും
അക്ഷയനാം പരനേ-നിന്റെ
രക്ഷയിൻ മാധുര്യം രുചിക്കാമതു
നിശ്ചയമീയെനിക്കു

6 എന്തിനുമപേക്ഷിതമൊന്നാകുമാറിനാൽ
ചിന്തതളർന്നിടുന്നു–മമ
ചിന്തിടുമാറതു പൂർണ്ണമതാർന്നതാൽ
സന്തോഷമേയെനിക്കു

7 എത്രകറുത്തൊരിരുട്ടിലുമീ ഞാൻ
കർത്തനേ നിൻവലതൈ–കണ്ടെൻ
അത്തലടക്കിമനോസുഖമെപ്പോഴും
എത്തിടാമേ പരനേ

8 മന്നാ നിന്നുടെ വൻക്രിയയെ ഞാൻ
മന്നിതെ കണ്ടുടനെ–മഹാ
ഉന്നതമായ് വിധിചെയ്യാതിരിപ്പതായ്
തന്നീടണം കൃപയെ

(റവ. റ്റി. ജി. ആൻഡ്രൂസ്)

## 259

ഏകതാളം

1 പാടിപ്പുകഴ്ത്തിടാം ദൈവദൈവനെ പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും മാറാ യേശുവെ നാം പാടിപ്പുകഴ്ത്താം

യേശു എന്ന നാമമേ എന്നാത്മാവിൻ ഗീതമേ
എൻ പ്രിയ യേശുവേ ഞാൻ എന്നും വാഴ്ത്തിപ്പുകഴ്ത്തിടുമേ (2)

2 ഘോര ഭയങ്കര കാറ്റും അലയും കോടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തു മാർവ്വണച്ച സ്നേഹം നിത്യം പാടും ഞാൻ
യേശു എന്ന

3 പെറ്റ തള്ള കുഞ്ഞിനെ മറന്നാലും ഞാൻ മറക്കാ എന്ന വാഗ്ദത്തത്താൽ
താഴ്ത്തി എന്നെ തൻകരത്തിൽ വച്ചു ജീവപാതെ എന്നും ഓടും ഞാൻ-
യേശു എന്ന

4 ഭൂമിയെങ്ങും പോയി സാക്ഷി ചൊല്ലുവിൻ എന്നുരച്ച കല്പനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ് ചേർന്നു പ്രിയനായി വേല ചെയ്യും ഞാൻ-
യേശു എന്ന

5 യോർദ്ദാൻ സമതലശയനത്തിലും താണുവീണു പോകാതെ
ആർപ്പിൻ ജയധ്വനിയോടും കാത്തു പാലിക്കുന്ന സ്നേഹമാധുര്യം-
യേശു എന്ന

## 260

ആദിതാളം

സുഖകാലത്തിലും ദുഃഖവേളയിലും
അകലാത്ത നൽ സ്നേഹിതനേ
യേശുവേ തിരുപ്പാദത്തിൽ കാത്തിരിക്കെ
എന്നുമാനന്ദം ഹൃദന്തംവാഴും

1 പാപലോകത്തിൻ ശാപതാപങ്ങൾ
പാടേ നീക്കാനായ് വന്നിതു രക്ഷകൻ
സംഭ്രമത്തിലും സംശയത്തിലും
സങ്കടത്തിലും പ്രത്യാശ നൽകുന്നോൻ- സുഖ

2 ഏതു നേരത്തും ഏക ചിന്തയാൽ
ഏവരും ചേർന്നു സ്തോത്രങ്ങൾ അർപ്പിക്കാം
ഭക്തി പാലിക്കാൻ ശക്തി പ്രാപിക്കാൻ
മുക്തി നേടിടാൻ പരിശുദ്ധനെ തേടാം- സുഖ

3 ഹൃത്തങ്ങളാം കൈവിളക്കുകൾ
കത്തി ശോഭിപ്പാൻ കരുതേണം എണ്ണയെ
നിദ്രമാറ്റേണം ആ പ്രദീപങ്ങൾ
നിത്യം മിന്നണം-മണവാളനെത്തുമ്പോൾ- സുഖ

## 261 Tune: Christ is all to me

എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയും ഇന്നും എന്നും അത്യുനല്ലവൻ

1 ഭാരം ഉള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും
സാരമില്ലെന്നോതിടും തൻ മാർവ്വിലെന്നെ ചേർത്തിടും

2 സംഭവങ്ങൾ കേൾക്കവെ കമ്പം ഉള്ളിൽ ചേർക്കവെ
തമ്പുരാന്റെ തിരുവചനം ഓർപ്പിക്കും പോലാകവെ

3 ഉലകു വെയിൽ കൊണ്ടു ഞാൻ വാടി വീഴാതൊടുവാൻ
തണലെനിക്കു നല്കിടുവാൻ വലഭാഗത്തായുണ്ടു താൻ

4 രാവിലും പകലിലും ചേലൊടു തൻ പാലനം
ഭൂവിലെനിക്കുള്ളതിനാൽ ഭീതിയില്ല കാരണം

(റ്റി. കെ. ശാമുവേൽ)

## 262 ഏകതാളം

തുണയെനിക്കേശുവാം കുറവിനിയില്ലതാൽ
അനുദിനം തൻ നിഴലിൽ മറവിൽ വസിച്ചീടും ഞാൻ

1 അവനെന്റെ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ അവൻ മതിയാശ്രയിപ്പാൻ

2 പകയന്റെ കെണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകർന്നിടും കൃപ മഴപോൽ

3 ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം പരമനിപ്പാരിടത്തിൽ

4 വലഭിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമേ

5 ആകുലതാവേളകളിൽ ആപത്തു നാളുകളിൽ
ആഗതനാമരികിൽ ആശ്വസിപ്പിച്ചീടുവാൻ

(എം. ഇ. ചെറിയാൻ)

## 263

ആദിതാളം

1 കൃപയതേറും കർത്താവിലെൻ വിശ്വാസം
അതിനാൽ ഹൃദിയെന്തു നല്ലാശ്വാസം
ദുരിതങ്ങൾ നിറയുമീഭൂവാസം
കൃപയാൽ മനോഹരമായ്
  കൃപ കൃപയാണെന്നാശ്രയമായ്
  കൃപ കൃപയാണെന്നാനന്ദമായ്
  വൈരികൾ വന്നാലും എതിരുയർന്നാലും
  കൃപ മതിയെന്നാളും

2 ബലഹീനതയിൽ നല്ല ബലമേകും
മരുഭൂമിയിലാനന്ദ തണലാകും
ഇരുൾ പാതയിലനുദിനമൊളി നൽകും
കൃപയാണെന്നാശ്രയമായ്- കൃപകൃപ

3 എന്റെ താഴ്ചയിലവനെന്നെ ഓർത്തല്ലോ
ഘോരവൈരിയിൻ ബലമവൻ തകർത്തല്ലോ
തന്റെ കൈകളിൽ അവനെന്നെ ചേർത്തല്ലോ
സ്തോത്ര ഗീതം പാടിടും ഞാൻ- കൃപകൃപ

4 പ്രതികൂലങ്ങളനവധി വന്നാലും
അനുകൂലമെനിക്കവയെന്നാളും
തവ ജീവനെത്തന്നവനിനി മേലും
കൃപയാൽ നടത്തുമെന്നെ- കൃപകൃപ

## 264

ഏകതാളം

1 യേശുവേ എൻ പ്രാണനാഥാ!
ജീവനെനിക്കേകിയോനേ!
എൻ സങ്കടങ്ങളറിഞ്ഞെന്റെ വൻ കടങ്ങൾ തീർത്തെന്റെ
കണ്ണുനീർ തുടച്ചല്ലോ നീ

2 പാപിയായ് ഞാൻ ജീവിച്ചപ്പോൾ
പാത തെറ്റി ഓടിയപ്പോൾ
പാലകൻ നീ തേടി ഈ പാതകനടിയാനെ
പാവന മാർഗ്ഗേ ചേർത്തല്ലോ- യേശുവേ

3 എന്നെ നിന്നിൽ ധന്യനാക്കുവാൻ
വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻ നീതിയും ദിവ്യമാം സന്തോഷവും
നിത്യമാം സമാധാനവും- യേശുവേ

4 ഭാരമെന്യേ ജീവിക്കുവാൻ
എൻ ഭാരമെല്ലാം ചുമന്നവനേ
ആശ്രയം നീ മാത്രമെൻ ആശയിൻ പ്രകാശമേ
ആശിഷം നിൻ കാരുണ്യമെ- യേശുവേ

5 വന്നീടും ഞാനതി വേഗത്തിൽ
എന്നുരച്ചു പോയവനേ!
വന്നു നിൻ മഹിമയിൻ രാജ്യത്തിൽ ചേർക്കുവാൻ
ആശയാൽ ഞാൻ കാത്തിടുന്നേ- യേശുവേ

## 265 ശങ്കരാഭരണം-ആദിതാളം

ജീവന്റെ ഉറവിടം ക്രിസ്തുവത്രേ
നാവിനാലവനെ നാം ഘോഷിക്കാം
അവനത്രേ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു

1 താഴ്ചയിലെനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻ കരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗ സന്തോഷത്താൽ- ജീവന്റെ

2 കര കാണാതാഴിയിൽ വലയുവോരേ
കരുണയെ കാംക്ഷിക്കും മൃതപ്രായരേ
വരികവൻ ചാരത്തു ബന്ധിതരേ
തരുമവൻ കൃപ മനശാന്തിയതും- ജീവന്റെ

3 നമുക്കു മുൻ ചൊന്ന വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ- ജീവന്റെ

## ആശ്വാസം

266 Tune 'O weary heart there is'
L.M. S.S. 710

1 എൻ ആത്മാവേ നീ ദുഃഖത്താൽ
വിഷാദിക്കുന്നതെന്തിനായ്?
വന്നിടും വീണ്ടെടുപ്പിൻ നാൾ
കാത്തിരിക്ക കർത്താവിനായ്

നീ കാത്തിരിക്ക കർത്താവിനായ്
നീ കാത്തിരിക്ക കർത്താവിനായ്
കർത്താവിനായ് എപ്പോഴും കാത്തിരിക്ക

2 നിൻ സ്നേഹപ്രയത്നമെല്ലാം
വൃഥാവിൽ എന്നു തോന്നിയാൽ
നീ ഓർത്തുകൊൾ തൻ വാഗ്ദത്തം
കണ്ടിടും നീയും കൊയ്ത്തിൻ നാൾ- നീ കാത്തി

3 കർത്താവോടകന്നോടിയാൽ
നിൻ മോദം എല്ലാം ആലസ്യം
തന്നോടു കൂടെ നടന്നാൽ
എല്ലാ അദ്ധ്വാനം മാധുര്യം നീ കാത്തി

4 നിൻ കണ്ണുനീരിൻ പ്രാർത്ഥന
താൻ കേൾക്കാതിരിക്കുന്നുവോ
വിശ്വാസത്തിന്റെ ശോധന
ഇതെന്നു മറന്നുപോയോ- നീ കാത്തി

5 നീ സ്നേഹിക്കുന്നനേകരും
കർത്താവിൽ ഉറങ്ങിടുമ്പോൾ
ഉയിർക്കും അവരെവരും
എന്നോർത്തു ആശ്വസിച്ചു കൊൾ- നീ കാത്തി

6 നിൻ ശക്തിയിങ്കൽ ക്ഷീണിപ്പാൻ
പരീക്ഷ പെരുകുന്നുണ്ടോ?
നിൻ ശക്തി ആവർത്തിക്കുവാൻ
ദിവ്യവഴിയൊന്നുണ്ടല്ലോ- നീ കാത്തി

7 വീണിടും നല്ല വീരന്മാർ
യുവാക്കളും വിലപിക്കും
കർത്താവെ കാത്തിരുന്നവർ
തൻ നിത്യശക്തി പ്രാപിക്കും- നീ കാത്തി

## 267 'I am not ashamed to own'

Isaac Watts C.M. S. S. 883

1 എൻ നാഥനെ ഏറ്റുചൊൽവാൻ
ലജ്ജിക്കയില്ല ഞാൻ
തൻക്രൂശിൻഭം വാക്കതെന്നും
ചൊല്ലി കീർത്തിക്കും ഞാൻ

ക്രൂശിങ്കൽ ക്രൂശിങ്കൽ
സത് പ്രകാശം കണ്ടേൻ
എൻ മനോഭാരവും നീങ്ങിപ്പോയ്
വിശ്വാസത്താൽ കിട്ടി
കാഴ്ചയുമപ്പോൾ
സന്തതം ഞാൻ ഭാഗ്യവാൻ തന്നെ

2 യേശുനാമം ഞാൻ അറിയും
അവനാണെന്നിൽ ആശ്രയം
വരാൻ നിരാശ ലജ്ജകൾ
താൻ സമ്മതിച്ചിടാ- ക്രൂശിങ്കൽ

3 തന്നെപ്പോൽ തൻ വാക്കും സ്ഥിരം
ഞാൻ ഏല്പിച്ചതിനെ
നന്നായ് വിധിനാൾ വരെ താൻ
ഭദ്രമായ് സൂക്ഷിക്കും- ക്രൂശിങ്കൽ

4 പിതാ മുമ്പിലീപ്പാപിയെ
തന്നാൾ താൻ ഏറ്റിടും
പുതുശാലേമിൽ എനിക്കും
സ്ഥാനം കല്പിച്ചിടും- ക്രൂശിങ്കൽ

## 268 ഏകതാളം

ഞാൻ എന്റെ കണ്ണുകൾ ഉയർത്തിടുന്നു
എൻ സഹായം എവിടെ നിന്നു വരും
എൻ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച
യഹോവയിങ്കൽ നിന്നല്ലോ

1 നിന്റെ കാൽ വഴുതുവാൻ സമ്മതിക്കയില്ല
നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല
അവൻ മയങ്ങുകില്ല അവൻ ഉറങ്ങുകില്ല
യിസ്രായേലിൻ പരിപാലകൻ- ഞാൻ

2 യഹോവ നിന്റെ പരിപാലകൻ
യഹോവ വലഭാഗെ നിനക്കു തണൽ

പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും
നിന്നെ യാതൊന്നും ബാധിക്കയില്ല— ഞാൻ

3 യഹോവ നിന്നെ പരിപാലിക്കും
നിന്റെ പ്രാണനെയും അവൻ പരിപാലിക്കും
നിന്റെ ഗമനത്തെയും ആഗമനത്തെയും
ഇന്നും എന്നേക്കും പരിപാലിക്കും— ഞാൻ

## 269

ഏകതാളം

യേശു എൻ അഭയകേന്ദ്രം
മാറ്റമില്ലാ സ്നേഹിതൻ
സ്തോത്രം സ്തുതികൾക്കു യോഗ്യൻ
വാഴ്ത്തും നിന്നെ എന്നും ഞാൻ

1 വ്യാകുലങ്ങൾ നേരിട്ടാലും
ഭാരമുള്ളിൽ വന്നാലും
രോഗിയായി തീർന്നെന്നാലും
യേശുവിൽ ഞാൻ ചാരിടും— യേശു

2 എന്നെ ശുദ്ധീകരിച്ചീടാൻ
ബാലശിക്ഷ നല്കിയാൽ
താതനു നന്ദി കരേറ്റും
ഹല്ലേലൂയ്യാ പാടും ഞാൻ— യേശു

3 യേശു രാജനെന്നെ ചേർപ്പാൻ
മേഘാരൂഢനായ് വരും
ആകുലങ്ങളില്ലാ നാട്ടിൽ
ചേരുംസ്വർഗ്ഗവീട്ടിൽ ഞാൻ— യേശു

(പി. കെ. സാം)

## 270

ഏകതാളം

എനിക്കേതു നേരത്തിലും
എനിക്കേതിടങ്ങളിലും
അവൻ മാത്രമാശ്രയമേ |
അവൻ ഏക നായകനേ | 2

ചരണങ്ങൾ

1 അവനെന്റെ സങ്കേതവും |
അവനെന്റെ കോട്ടയുമായ് | 2
അവൻ ചിറകിൻ |
എനിക്കഭയം | 2
അവൻ മാത്രമെൻ അഭയം— എനി

2 മരുഭൂപ്രയാണങ്ങളിൽ
മരണത്തിൻ താഴ്വരയിൽ | 2
അവനൊരുവൻ
എനിക്കിടയൻ | 2
പിരിയാത്ത നല്ലിടയൻ- എന്നി

3 വഴി മാറി നടന്നീടുമ്പോൾ
വഴി കാണാതുഴറിടുമ്പോൾ | 2
അവൻ വചനം
എനിക്കു ദിനം | 2
മണിദീപമെൻ വഴിയിൽ- എന്നി

4 കർത്തനെന്റെ സന്തോഷവും
കർത്തനെന്റെ സംഗീതവും | 2
അവൻ കൃപകൾ
അവൻ ദയകൾ | 2
ദിനം തോറും എൻ സ്തുതികൾ- എന്നി

(കോശി തലക്കൽ)

## 271

ഏകതാളം

പല്ലവി

മഹിമയെഴും പരമേശാ!- പാഹിമാം യേശുമഹേശാ!

ചരണങ്ങൾ

1 നിസ്തുലസ്നേഹ സാഗരമേ! ഹാ
പ്രസ്താവ്യമതിരുനാമം-ക്രിസ്തോ! നീ താൻ എൻ വിശ്രാമം- മഹി

2 കാർമുകിൽ ശീകരമായ് വരും നേരം
കാൺമതോ നിയമത്തിൻ വില്ലൊന്നായതിൽ തീരുമെൻഭാരം- മഹി

3 നിൻ മുഖകാന്തിയെൻ ഗ്ലാനത നീക്കും
നിൻ മധുരാമൃത വചനം-ഖിന്നതയാകവെ പോക്കും- മഹി

4 സംഗതിയില്ലിള-കീടുവാൻ സ്നേഹ-
ചങ്ങലയാൽ തിരുമാറോടെന്നെയിണച്ചതു മൂലം- മഹി

5 താവക സന്നിധി ചേർന്നതികാലേ
ജീവനിൽ നിറഞ്ഞെഴുന്നേൽക്കും-പാവന ചിന്തകളാലെ- മഹി

6 ക്രൂശിലെ രക്തമെൻ ജീവനാധാരമേ
നാശലോകം വെടിഞ്ഞോടാം ആശയോടേശുവെ നേടാം- മഹി

7 പളുങ്കു കടൽ തീരത്തിരുന്നു ഞാനെന്റെ
കളങ്കമറ്റേശുവെ കാണും-വിളങ്ങും വിശ്വാസത്താലോടും- മഹി

(ഈ. ഐ. ജയിക്കബ്)

## 272

ഏകതാളം

പല്ലവി

ആശ്രിത വത്സലനേശുമഹേശനേ!
ശാശ്വതമേ തിരുനാമം–

ചരണങ്ങൾ

1 നിൻ മുഖകാന്തി എന്നിൽനീ ചിന്തി
കന്മഷമാകെയകറ്റിയെൻനായകാ!
നന്മ വളർത്തണമെന്നും– ആശ്രി
2 പാവന ഹൃദയം ഏകുക സദയം
കേവലം ലോക സുഖങ്ങൾ വെടിഞ്ഞു ഞാൻ
താവക തൃപ്പാദം ചേരാൻ– ആശ്രി
3 അപകടംനിറയുമീ ജീവിതമരുവിൽ
ആകുലമില്ലനിൻ നന്മയെഴുമരികിൽ
അഗതികൾക്കാശ്രയം തരികിൽ ആശ്രി
4 ക്ഷണികമാണുലകിൻ മഹിമക ളറികിൽ
അനുദിനം നിൻപദതാരിണ തിരയുകിൽ
അനന്തസന്തോഷമുണ്ടൊടുവിൽ–ആ
5 വരുന്നു ഞാൻതനിയെ എനിക്കു നീ മതിയേ
കരുണയിൻ കാതലേ! വെടിയരുതഗതിയെ
തിരുകൃപ തരണമെൻപതിയേ!–ആ

(എം. ഈ. ചെറിയാൻ)

## 273

Tune: Christ is all to me

പല്ലവി

എല്ലാം യേശുവേ! എനിക്കെല്ലാം യേശുവേ!

അനുപല്ലവി

അല്ലലേറും ഈ ഉലകിൽ എല്ലാം യേശുവേ!

ചരണങ്ങൾ

1 ആയനും സഹായനും സ്നേഹിതനപായഹൻ
നായകൻ എനിക്കൻപാർന്ന ജ്ഞാനമണവാളനും– എല്ലാം
2 താത, തള്ള ജാതി ജനം സ്നേഹിതർ ബന്ധുക്കളും
സന്തോഷ സകല യോഗ സമ്പൂർണ ഭാഗ്യവും– എല്ലാം

3 ആവലിൽ ആശ്വാസവും രാത്രിയിൽ എൻ ജ്യോതിസ്സും
വേവലാം കിടക്കയിൽ കൈകണ്ടതാം ഔഷധവും- എല്ലാം

4 ബോധക പിതാവുമെൻ പോക്കിലും വരവിലും
ആദരവു കാട്ടിടും കൂട്ടാളിയും എൻ തോഴനും- എല്ലാം

5 അണിയും ആഭരണവും ആസ്തിയും സമ്പാദ്യവും
തുണയാളിയും രക്ഷകനും എൻ പ്രിയ മദ്ധ്യസ്ഥനും- എല്ലാം

6 വാനജീവഅപ്പവും ആശയും എൻ കാവലും
ജ്ഞാനഗീതമുല്ലാസവും നേട്ടവും കൊണ്ടാട്ടവും- എല്ലാം

(ഡി. റ്റി. നൈൽസ്)

## 274 (Holy Spirit, faithful Guide)

M.M. Wells 7s D S.S. 194

1 ആത്മാവാം വഴികാട്ടി
എന്നെ സദാനന്ദത്തി
കൊണ്ടുപോകും വനത്തിൽ
കൂടെ സാവധാനത്തിൽ
ക്ഷീണരേ സന്തോഷിപ്പിൻ;
തൻ ഇമ്പമൊഴി കേൾപ്പിൻ
സഞ്ചാരീ! നീ കൂടെവാ
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ

2 ഉള്ളം തളർന്നേറ്റവും
ആശയറ്റ നേരവും
ക്രൂശിൻ രക്തം കാണിച്ചു
ആശ്വാസം നൽകീടുന്നു
ശുദ്ധാത്മാവിൻ പ്രഭയിൽ
ഞാനൊളിക്കും ധനത്തിൽ
ശത്രുശല്യമൊന്നുമേ
പേടിക്കേണ്ടാ എങ്ങുമേ

3 സത്യസഖി താൻ തന്നെ
സർവദാ എൻ സമീപേ
തുണയ്ക്കും നിരന്തരം
നീക്കും ഭയം സംശയം
കാറ്റുഗ്രമടിക്കിലും
ഇരുൾ കനത്തീടിലും
'സഞ്ചാരീ! നീ കൂടെ വാ
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ'

4 ആയുഷ്കാലത്തിനന്തം
ചേർന്നാർത്തി പൂർണ്ണനേരം
സ്വർഗ്ഗ ചിന്ത മാത്രമേ
ഏകമെന്നാശ്രയമേ
താൻ മാത്രം ആ നേരത്തും
എന്നെ ആഴം കടത്തും
'സഞ്ചാരീ! നീ കൂടെ വാ
ചേർക്കാം നിന്നെ വീട്ടിൽ ഞാൻ'

(വിവ: റവ. റ്റി. കോശി)

## 275 ശങ്കരാഭരണം–ഏകതാളം

1 അനുഗ്രഹത്തിന്നധിപതിയേ! അനന്തകൃപാ പെരും നദിയേ!
അനുദിനം നിൻ പദം ഗതിയേ! അടിയനു നിൻ കൃപ മതിയേ!

2 വൻവിനകൾ വന്നീടുകിൽ വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം വന്നീടുമോ പിന്നെ ഭയം

3 തന്നുയിരെ പാപികൾക്കായ് തന്നവനാം നീയിനിയും
തള്ളീടുമോ ഏഴയെന്നെ? തീരുമോ നിൻ സ്നേഹമെന്നിൽ?

4 തിരുക്കരങ്ങൾ തരുന്ന നല്ല ശിക്ഷയിൽ ഞാൻ പതറുകില്ല
തക്കമെങ്കിൽ ശാസനകൾ സ്നേഹത്തിൻ പ്രകാശനങ്ങൾ

5 പാരിടമാം പാഴ്മണലിൽ പാർത്തിടും ഞാൻ നിൻ തണലിൽ
മരണദിനം വരുമളവിൽ മറഞ്ഞിടും നിൻ മാറിടത്തിൽ

(എം. ഈ. ചെറിയാൻ)

## 276 ആദിതാളം

കാണുന്നു ഞാൻ യാഹിൽ
എനിക്കാശ്രയമായൊരു ശാശ്വത പാറ– കാണുന്നു

1 സുസ്ഥിര മാനസനേവനുമെൻ യാഹിൽ
ആശ്രയം വയ്ക്കുകിലനുദിനം നാഥൻ
കാത്തിടുമവനെ നൽ സുസ്ഥതയോടെ
പാർത്ഥിവനവൻ തിരുക്കരങ്ങളിലെന്നും– കാണുന്നു

2 ചെയ്കയില്ലവൻ നമ്മൾ പാപത്തിനൊത്തപോൽ
പ്രതിഫലമരുളുന്നില്ലകൃത്യങ്ങൾ ഗണിച്ചു
വാനമീ ഭൂവിൽ നിന്നുയർന്നിരിപ്പതുപോൽ
പരൻ ദയ ഭക്തന്മേൽ വലിയതു തന്നെ– കാണുന്നു

3 ഒടിക്കുകില്ലവനറ്റം ചതഞ്ഞതാം ഓട
കെടുത്തുകില്ലവൻ തിരി പുക വമിക്കുകിലും
നടത്തും തൻ വിധി ജയം ലഭിക്കും നാൾ വരെയും
തളരാതെയവൻ ഭൂവിൽ സ്ഥാപിക്കും ന്യായം- കാണുന്നു

4 വഴുതിടാതവനെന്നെ കരങ്ങളിൽ കാത്തു
നിർത്തും തൻ മഹിമയിൻ സവിധത്തിൽ നാഥൻ
കളങ്കമറ്റാനന്ദപൂർണ്ണതയോടെ
ഭവിക്കട്ടെ മഹത്വമവനെന്നുമാമേൻ- കാണുന്നു

## 277 ആദിതാളം

ഖിന്നതയുള്ളതിക്കാനനമുഖകിൽ
യേശുവിൻ സന്നിധിയണയുമതെ
അന്നേരം മമ മാനസ ഖേദം
ഒന്നാകെയും വെയിലിൽ ഹിമം
പോൽ-ഖിന്ന

2 മാനം ധനമീ മന്നിൻ മഹിമക-
ളൊന്നും ശാന്തിയെ നൽകാതെ
മോഹം പെരുകും തൃഷ്ണാരോഗിക
ലോകം വേറെ തരികില്ലറിക-ഖിന്ന

3 നീർത്തോടുകളിൽ മാനെപ്പോലെൻ
മാനസമീശനിൽ സുഖം തേടി
വറ്റാ ജീവജലത്തിൻ നദിയെൻ
വറുതയെയകറ്റി നിർവൃതിയരുളി-
ഖിന്ന

4 തൻ ബലിവേദിയിൽ കുരികിലുമീ
വീടും കൂടുംകണ്ടതുപോൽ (വല്ലും
എൻബലമാം സർവ്വേശനിൽഞാൻ
സാന്ത്വനമേറും നേടും സതതം- ഖിന്ന

5 കണ്ണീർതാഴ്വരയുണ്ടെനിക്കനവധി
മന്നിൽ ജീവിതപാതയതിൽ
എന്നാലും ഭയമെന്തിനെന്നരികിൽ
തന്നായവൻകൃപമഴ പോൽ ചൊരി
കിൽ- ഖിന്ന

(എം. ഈ. ചെറിയാൻ)

## 278 ആദിതാളം

കുരിശിൻ നിഴലിൽ തല ചായ്ച്ചനുദിനം
വിശ്രമിച്ചീടുന്നടിയൻ-വിശ്ര

അനുപല്ലവി

കുരിശിൻ സ്നേഹത്തണലിൽ-
കൃപയിൻ ശീതള നിഴലിൽ
പ്രാണപ്രിയന്റെതൃക്കഴലിൽ
കാണുന്നഭയമെന്നാശയിൽ- കുരി

1 പാപഭാരച്ചുമടേറ്റവശനായ്
തളർന്നൊരെൻ ജീവിതമേ-
തളർന്നൊരെൻ ജീവിതം കുരിശിൻ
നിഴലിൽ ശാന്തി കണ്ടതിനാൽ
തളരാതിനിവാനവീഥിയിൽ
ചിറകടിച്ചുയർന്നീടാം വരവിൽ-കുരി

2 സ്നേഹം നിറയും തിരുമൊഴി ശ്രവിച്ചു
ക്ലേശം മറന്നിടും ഞാൻ- (മന്നി
തിരുമൊഴിയാനന്ദദമാം
തേനിലും മധുരം തൻ വചനം
തരുമെനിക്കനന്ത സമാധാനം
തീർക്കുമെൻ മാനസഖേദം-കുരി

3 ഏതു ദുഃഖ-വിപത്തിലും ഞാനിട-
വനിൽ ഞാനാശ്രയിക്കും-
അവനിലെന്നാശ്രയമെന്നാൽ
അവനിയിലാകുലം വന്നാൽ
അവശതയണയുകിലെന്നാൽ
അവൻ തുണയരുളീടുംനന്നായ്-കുരി

(എം. ഈ. ചെറിയാൻ)

## 279 ആദിതാളം

1 എനിക്കായൊരുത്തമ സമ്പത്ത്
സ്വർഗ്ഗരാജ്യത്തിലൊരുക്കുന്നതാൽ
ഇനിലോകത്തെ സ്നേഹിച്ചിടുവാൻ
ഒരു കാലത്തും പോകയില്ല ഞാൻ

എന്റെ ആയുസ്സിൻ ദിനമൊക്കെയും
നിന്നെമാത്രം ഞാനിനി സേവിക്കും
എന്റെ പ്രാണനാഥനേശുവേ
നിന്റെ സ്നേഹം നീയെനിക്കേകിടേണ

2 ഏഴയാകുന്നോരെന്നെ സ്നേഹിച്ച
നിന്റെ സ്നേഹത്തെയോ ആശ്ചര്യം
എന്റെ പാപശാപങ്ങൾ നീക്കിനിൻ
തിരുജീവനാൽ എന്നെ നിറച്ചല്ലോ- എന്റെ

3 എന്റെ ദേഹവും തിരു ആലയമായ്
നിന്റെ ആത്മാവേ എനിക്കേകിയതാൽ
തിരുനാമത്തിൻ മഹത്വത്തിനായ്
ഇനിജീവിപ്പാൻ കൃപനൽകുക- എന്റെ

4 പ്രിയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസ്സിൽ മുമ്പിൽ നില്ക്കുവാൻ
എന്റെ ദേഹവും ദേഹി ആത്മാവും
സമ്പൂർണ്ണമായ് സമർപ്പിക്കുന്നേ- എന്റെ

## 280 ആദിതാളം

യഹോവദൈവമാം വിശുദ്ധജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ?

1 ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവം ഒരുവനത്രേ
ആകയാൽ പാരിടമാകെയിളകിലും
നാം ഇനി ഭയപ്പെടുകയില്ല-യഹോ

2 അവനിതലത്തിൽ അപമാനം നമു-
ക്കവകാശമെന്നോർത്തിടേണം
അവനായ് കഷ്ടത ഏല്ക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും നാം-യഹോ

3 നിരനിരയായ് അണിനിരന്നീടുവിൻ
ക്രൂശിൻ പടയാളികളേ
ജയജയജയകാഹളം ഊതിടുവിൻ
ജയവീരനാം യേശുവിന്നു-യഹോ

(എം. ഇ. ചെറിയാൻ)

## 281 'He leadeth me'

J.H. Gilmore L.M Tune SS941

1 കർത്തൻ എന്നെ നടത്തുന്നു
എന്ത ഭാഗ്യം സ്വർഗ്ഗാശ്വാസം
എല്ലാറ്റിലും എവിടെയും
തൻ കൈ തന്നെ നടത്തുന്നു

നടത്തുന്നാൻ നടത്തുന്നാൻ
തൻ കയ്യാൽ മാം നടത്തുന്നാൻ
തൻപിൻഗാമിയായിടും ഞാൻ
തൻകയ്യാൽ മാം നടത്തുന്നാൻ

2 അതിദുഃഖ മദ്ധ്യത്തിലും
എന്റെ ഭാഗ്യ നിറവിലും
ശാന്തത്തിൽ താൻ വൻകാറ്റിൽ താൻ
തൻ കൈ തന്നെ നടത്തുന്നു-നട

3 കർത്തനിൻ കൈപിടിക്കും ഞാൻ
പശ്ചാത്താപപ്പെടാ പിന്നെ
എന്നംശത്തിൽ തൃപ്തിപ്പെടും
എൻദൈവംതാൻ നടത്തുന്നു-നട

4 ലോകെ എന്റെ വേല തീർന്നു
നിൻ കൃപയാൽ ജയം നേടി
മൃത്യുകാലം പേടിക്കാ ഞാൻ
യോർദ്ദാനിൽ നീ നടത്തുന്നു-നട

## 282 'Safe in the arms of Jesus'

Fanny J. Crosby S.S. 57

1 യേശു കയ്യിൽ മാ ഭദ്രം തൻ മാർവിലെൻ രക്ഷണം
തൻ സ്നേഹത്തണലിലെൻ ദേഹിമേവും സ്വസ്ഥം
ദൂതസ്വരം വീശുന്നു ശോഭാവീഥിയൂടെ
പളുങ്കു കടലിതൻ ഇമ്പഗീതമോടെ

യേശു കയ്യിൽ മാ ഭദ്രം തൻ മാർവിലെൻ രക്ഷണം
തൻ സ്നേഹത്തണലിലെൻ ദേഹി മേവും സ്വസ്ഥം

2 യേശു കയ്യിൽ മാ ഭദ്രം ആകുല വിഹീനം
ലോക പരീക്ഷ പാപം ദ്രോഹിച്ചിടാ ന്യൂനം
ദുഃഖത്തിൻ വരൾച്ചയും, സംശയം ഭയവും
നീങ്ങി സുഖമെന്നും സ്വാതന്ത്ര്യം മോദവും- യേശു

3 പ്രേമസങ്കേതം യേശു എൻ പേർക്കുയിർ വിട്ടു
പൂർവിക പാറമേലെൻ സ്ഥാനം നല്ലുറപ്പ്
ക്ഷമയതിൽ ഞാൻ നിൽക്കട്ടെ രാത്രി കഴിവോളം
പ്രഭാത മോദ സ്വർണ്ണ-തീരത്തുദിപ്പോളം- യേശു

## 283 'O Christ in Thee my soul hath found' S.S.853

1 അറിയാത്ത സമാധാനം കുറയാത്ത മോദം
പണ്ടനേകർ കണ്ടപോലെ കണ്ടേ ഞാൻ ക്രിസ്തുവിൽ

ക്രിസ്തുവല്ലാതെന്നെയാരും തൃപ്തനാക്കാ ഇപ്പോൾ
നിത്യ സന്തോഷ ജീവിതം ക്രിസ്തുവിൽ ഞാൻ കണ്ടേ

2 പൊട്ടക്കിണറുകളിൽ നീർ പൊട്ടനായ് ഞാൻ തേടി
കുടിക്കുവാൻ കുനിഞ്ഞപ്പോൾ പൊട്ടിപ്പിളർന്നവ- ക്രിസ്തു

3 സുന്ദരനാം നിന്നെ കാൺമാൻ കണ്ണുകൾക്കായ് കാഴ്ച-
കൃപയാൽ കിട്ടും നാൾവരെ പാപം എൻ മോദമായ്- ക്രിസ്തു

4 വിശ്വസ്തനാം നിന്നെ വിട്ട് വിശ്രമം തേടി ഞാൻ
നിന്നെ കടന്നു പോകുമ്പോൾ പിടിച്ചു നിൻ സ്നേഹം- ക്രിസ്തു

## 284 തി. ഏകതാളം

1 ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി ഹല്ലേലൂയ്യാ പാടീടും ഞാൻ

2 ദോഷമായിട്ടൊന്നും എന്നോടെന്റെ താതൻ ചെയ്കയില്ല
എന്നെയവൻ അടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു

3 കഷ്ടനഷ്ടമേറി വന്നാൽ ഭാഗ്യവാനായ് തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു കൂട്ടാളിയായ് തീരുന്നു ഞാൻ

4 ലോകസുഖമെന്തുതമും ആത്മക്ലേശമതിൻ ഫലം
സൗഭാഗ്യമുള്ളാത്മ ജീവൻ കഷ്ടതയിൽ വർദ്ധിക്കുന്നു

5 ജീവനത്തിൻ വസ്തുവേണ്ട കാഴ്ചയുടെ ശോഭവേണ്ട
കൂടാരത്തിൻ മുടി പോലെ ക്രൂശിൻ നിറം മാത്രം മതി

6 ഉള്ളിലെനിക്കെന്തു സുഖം തേജസ്സേറും ചൊരുമ്പുകൾ
കൂടാരത്തിനകത്തുണ്ട് ഭക്ഷിക്കനായും ഉണ്ടവിടെ

7 ഭക്തന്മാരാം സഹോദരർ വിളക്കുപോൽകൂടെയുണ്ട്
പ്രാർത്ഥനയിൻ ധൂപമുണ്ട് മേശ മേലെന്റപ്പമുണ്ട്

8 പ്രാകാരത്തിലെന്റെ മുമ്പിൽ യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രേ എന്നുമെന്റെ രക്ഷയവൻ

9 ദിനം തോറും പുതുക്കുന്ന ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വെച്ചിട്ടുള്ള പിത്തളത്തൊട്ടിയുമുണ്ട്

10 ലോകത്തെ ഞാനോർക്കുന്നില്ല കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളുമെന്റെ കർത്താവിനെ ഒന്നു കാണാനെന്നേയുള്ളു

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## മോക്ഷാനന്ദം

**285** Tune: 'My Jesus I Love Thee'

IIs

1 വിശുദ്ധർകൂട്ടം രക്ഷകനു ചുറ്റും
നിന്നു തങ്ങൾ സ്നേഹരത്നം ചൂടിക്കും
നേരം ആ മഹാസന്തുഷ്ടസമൂഹേ
എന്നെയും കാണുമോ?..........(3)
ചൊല്ലേൻ മനമേ

2 ദൈവം തൻ വിശുദ്ധർ കണ്ണുനീരെല്ലാം
തുടയ്ക്കുമന്നാളിൽ എനിക്കിഷ്ടമാം
ചേർക്കപ്പെട്ട വിശുദ്ധരോടു കൂടെ- എന്നെയും

3 വീണകളെ ധരിച്ചവൻതൻമുമ്പിൽ
സന്തോഷ പരിപൂർണ്ണരായ് ഉച്ചത്തിൽ
തന്നെ എന്നും സ്തുതിക്കുന്നവരോടെ- എന്നെയും

4 കുഞ്ഞാടിൻ രക്തത്തിൽ കഴുകപ്പെട്ട
വെള്ളനിലയങ്കികളെ ധരിച്ചു
മഹാശോഭിതരായുള്ള സമൂഹേ- എന്നേയും

5 കയ്യിൽ കുരുത്തോലകളെ പിടിച്ചു
മഹാരക്ഷ നമ്മുടെ ദൈവത്തിന്നും
കുഞ്ഞാടിനും എന്നാർക്കും കൂട്ടരോടെ- എന്നേയും

6 സ്തുതി മഹത്വം ജ്ഞാനം ശക്തി സ്തോത്രം
നമ്മുടെ ദൈവന്നെന്നെല്ലായ്പ്പോഴും
തൻമുൻപിൽ കവിണ്ണുവീണാർക്കുംകാലേ- എന്നേയും

7 മരണത്തോളം നീ വിശ്വസ്തനായാൽ
തൻ ചൊല്ലോർത്തു പ്രയാസം നീ സഹിച്ചാൽ
കൂടെയിരുത്തും താൻ നിന്നെ അപ്പോഴെ- എന്നേയും

(പി. ഐ. പുലിക്കോടൻ)

## 286

രീതി- 'യേശു എൻ സ്വന്തം ഹല്ലേലുയ്യാ'

1 ഹാ! എത്രഭാഗ്യം ഉണ്ടെനിക്കു ഓർക്കുകിലെന്നുള്ളം തുള്ളിടുന്നു
ഞാനിന്നു പാടി ആനന്ദിക്കും ഞാനെന്നുമേശുവെ സ്തുതിക്കും

ഹാ! എന്റെ ഭാഗ്യം അനന്തമേ-ഇതു സൗഭാഗ്യ ജീവിതമേ (2)

2 ലോകത്തിൽ ഞാനൊഹീനനത്രേ-ശോകമെപ്പോഴും ഉണ്ടെനിക്ക്
മേഘത്തിലേശുവന്നിടുമ്പോൾ എന്നെയവൻപൊടു ചേർത്തിടുമ്പോൾ ഹാ

3 ദൈവത്തിൻ രാജ്യമുണ്ടെനിക്കായ്-ദൈവകുഞ്ഞാടും ശിഷ്യരുമായ്
വിശുദ്ധർ കൂട്ടം ചേർന്നിരിക്കും-പന്തിയിൽ ചേർന്നു ഞാൻ ഭുജിക്കും ഹാ

4 കണ്ണുനീരെല്ലാം താൻതുടയ്ക്കും-വർണ്ണവിശേഷമായുദിക്കും
ജീവകിരീടമെൻശിരസ്സിൽ കർത്തൻ വെച്ചീടുന്നാ സദസ്സിൽ- ഹാ

5 വെൺ നിലയങ്കികൾധരിച്ച്-പൊൻ കുരുത്തോലകൾ പിടിച്ചു
ദൈവകുഞ്ഞാടിനെ സ്തുതിച്ചു-പാടും ഞാനന്നുമാനന്ദിച്ചു- ഹാ

6 ഹാ! എത്രഭാഗ്യം ഉണ്ടെനിക്കു-വർണ്ണിപ്പാൻ ത്രാണിയില്ലെനിക്കു
മഹത്ഭാഗ്യം തന്നെയിതിൻ-സമത്തിലൊന്നും ഇല്ലിഹത്തിൽ- ഹാ

(പി. വി. തൊമ്മി)

## 287

Tune: 'The great Physician'

WM. Hunter 8.7.D S.S.89

1 എപ്പോഴും ഞാൻ സന്തോഷിക്കും എൻ യേശു എന്റെ ഗാനം
എല്ലാവരും ആഘോഷിക്കും എൻ രക്ഷകന്റെ ദാനം!

യേശുവേ! നീ സ്വർഗ്ഗത്തിൽ എന്റെ നാമം എഴുതി
ആരും എടുക്കാത്ത ഈ ഭാഗ്യം എൻ സന്തോഷം!

2 നിൻ രാജ്യത്തിലന്യനായ് ഭൂമിയിൽ ഞാൻ ഉഴന്നു
നീ വന്നതാലെ ധന്യനായ് പ്രവേശനം നീ തന്നു- യേശു

3 മഹത്വമുള്ള രക്ഷകാ നീ തന്നെ സ്വർഗ്ഗ വാതിൽ!
സ്വർഗ്ഗീയ ഗീതങ്ങൾ ഇതാ! ധ്വനിക്കുന്നെന്റെ കാതിൽ- യേശു

4 എൻനാമം മായ്ച്ചു കളവാൻ പിശാചിനാൽ അസാദ്ധ്യം
എൻയേശു ശക്തൻ കാത്തിടും തൻ രക്തത്തിൻ സമ്പാദ്യം- യേശു

5 മൃത്യുവിൻ നാൾ സമീപിച്ചാൽ ഇല്ലില്ല ക്ലേശം താപം
എൻ ജീവൻ ക്രിസ്തൻ ആകയാൽ മരിക്കയാലും ലാഭം- യേശു

6 തൻ ന്യായതീർപ്പു കേൾക്കുമ്പോൾ അനേകർ ഭ്രമിച്ചിടും
എനിക്കോ യേശുരാജൻ ചൊൽ നിത്യാനന്ദം നല്കീടും!- യേശു

7 സന്തോഷമേ! സന്തോഷമേ! എൻദൈവത്തിനു സ്തോത്രം
എൻജീവനാം എൻയേശുവേ! നീയും സ്തുതിക്കുപാത്രം!- യേശു

(വി. നാഗൽ)

## 288 ഭീതി-ആശ്വാസമേ എനിക്കോ

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി-ക്കേശു മഹാരാജ സന്നിധിയിൽ

1 ലോകം എനിക്കൊരു ശാശ്വതമല്ലെന്നെൻ സ്നേഹം നിറഞ്ഞേശു ചൊല്ലീട്ടുണ്ട്
സ്വർലോക നാട്ടുകാർക്കിക്ഷിതിയിൽ പല കഷ്ടസങ്കടങ്ങൾ വന്നിടുന്നു

2 കർത്താവേ! നീയെന്റെ സങ്കേതമാകയാൽ ഉള്ളിൽ മനഃക്ലേശം ലേശമില്ല
വിശ്വാസക്കപ്പലിൽ സ്വർപ്പുരം ചേരുവാൻ ചുക്കാൻ പിടിക്കണേ-പൊന്നുനാഥാ!

3 എന്നാത്മാവേ! നിന്നിൽ ചാഞ്ചല്യമെന്തിനു-ബാബേലിൻ താഴ്‌വരയാത്രയിൽ
സീയോൻ പുരി തന്നിൽ വേഗം നമുക്കെത്തീട്ടാനന്ദ കണ്ണുനീർ വീഴ്ത്തിടാമേ

4 കൂടാര വാസികളാകും നമുക്കിങ്ങു-വീടെന്നോ നാടെന്നോ ചൊൽവാനെന്ത്?
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻ താൻ മീതെ നമുക്കായി വച്ചിട്ടുണ്ട്

5 ഭാരം പ്രയാസങ്ങളേറും വനവാസ-ത്താകുല മാനസവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായിട്ടേറ്റം കൃപ നല്കി പാലിച്ചിടും

6 കർത്താവേ! നീ വേഗം വന്നിടണേ ഞങ്ങൾ-ക്കാർത്താലീക്ഷോണിയിൽ
മഹാദുഃഖം!
എന്നാലും നിൻ മുഖ ശോഭയതിൻ മൂലം സന്തോഷ കാന്തി പൂണ്ടാനന്ദിക്കും

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 289 'There is city bright'

Mary A S Deak P.M. G.B. 564

1 ശോഭിത പട്ടണം പാപഭാരക്കാർക്കു
പ്രവേശമില്ല പ്രവേശമില്ല യാതൊരശുദ്ധിക്കും

2 രക്ഷകനേ! വന്നെൻ കുഞ്ഞാടേ കെഞ്ചുന്നേ
കഴുകിയെന്നെ കഴുകിയെന്നെ രക്ഷിച്ചു കാക്കണേ!

3 കർത്താ! നിൻ ശക്തിയാൽ ശുദ്ധിയിൽ കാക്കുകെന്നെ
നിൻ പ്രിയപൈതൽ നിൻപ്രിയപൈതൽ ആക്കണം-നീയെന്നെ

4 വീണ്ടെടുപ്പോർക്കുള്ള അങ്കിയണിഞ്ഞു ഞാൻ
കുറ്റമറ്റോനായ് കുറ്റമറ്റോനായ് സ്വർപ്പുരം പൂകും ഞാൻ

## 290 'When the trumphet of the Lord shall sound'

J. B Black P.M S.S. 983

1 കർത്തൃകാഹളം യുഗാന്ത്യ കാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ
പാർത്തല രക്ഷപ്പെട്ടോരെ കൂടി ആകാശെ
പേർവിളിക്കും നേരം കാണും എൻപേരും!

പേർ വിളിക്കും നേരം കാണും! പേർ വിളിക്കും നേരംകാണും!
പേർ വിളിക്കും നേരം കാണും! പേർ വിളിക്കും നേരം കാണും!
എൻപേരും

2 ക്രിസ്തനിൽ നിദ്രകൊണ്ടോർ ശോഭിത പ്രഭാതത്തിൽ
ക്രിസ്തുവോടെ ധരിപ്പാനുയിർത്തു തൻ
ഭക്തർ മേഘേ ആകാശപ്പുറം കൂടിടുമ്പോൾ- പേർ

3 കർത്തൻ പേർക്കു രാപകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലിടട്ടെ തൻസ്നേഹത്തിൻ
പാർത്തലത്തിൽ എന്റെ വേല തീർത്തിജ്ജീവിതാന്ത്യത്തിൽ- പേർ

## 291 'There is a land a sunny land'

C.M S.S.984

1 ഭാഗ്യരാജ്യമൊന്നുണ്ടതിൽ വാനശോഭ നിത്യം
സായാഹ്നം അങ്ങുണ്ടാകില്ല അതിൻ സൂര്യൻ യേശു

ക്രൂശിനെ-വഹിക്കിൽ നാം കിരീടം ധരിക്കും
സ്വർലോകേ നാം പാർക്കുമ്പോൾ ഭാഗ്യരാജ്യത്തിൽ നിത്യം

2 ഇജ്ജീവയാത്രികരെ സമാധാന നാട്ടിൽ
വൻ കാറ്റല്ലാമടങ്ങുന്നു അങ്ങു മോദം നിധി- ക്രൂശി

3 മഹത്വവീടുമൊന്നുണ്ടു സ്വർഗ്ഗീയ മന്ദിരം
ഇഹെ നാം സ്നേഹിച്ചോർ നമ്മെ എതിരേൽക്കുമതിൽ- ക്രൂശി

4 വേഗം മറയുമീ ലോകം വിട്ടു ഭാഗ്യലോകേ
മിന്നും സൈന്യത്തോടു ചേർന്നിടാൻ നാം വാഞ്ഛിക്കുന്നെന്നും- ക്രൂശി

## 292 'There is Home eternal'

H.R. Palmer P.M S.S.924

1 നിത്യവീടൊന്നുണ്ടതു-ശോഭ സുന്ദരം
അത്ര സ്വർഗ്ഗ ഭാഗ്യം-മൂടപ്പെട്ടോരാവാൽ
വസ്ത്ര ശുഭ്രരാം ഭൃത്തർ-പാടും സിംഹാസന മുൻ
എന്നു നിന്നെ ഞാൻ കാണും? സുന്ദര മന്ദിരമേ...
സുന്ദരവീടേ!...ശോഭിതവീടേ!....
യേശുവിൻ നൽവീടേ! ശോഭിത മന്ദിരമേ!

2 നിത്യം ആ മന്ദിരത്തിൽ-പുഷ്പങ്ങളുണ്ടേ!
സ്തോത്രം പാടി ബാലർ യേശുവിൻ നാമത്തിൽ
സിംഹാസനം ചുറ്റുമായ്-നിത്യം സ്തുതിമുഴക്കും
എന്നു നിന്നെ ഞാൻകാണും? സുന്ദര മന്ദിരമേ- സുന്ദര

3 രക്ഷിതർ കൂട്ടത്തിൽ ഞാൻ-സ്വർഗ്ഗത്തിൽ ചേരും
ക്രിസ്തു രക്ഷ, എന്നിൽ-മൃത്യു ഭയമില്ല!
വേഗം നിന്നെ ഞാൻ കാണും-ശോഭ സിംഹാസനത്തിൽ
അന്നു നിന്നെ ഞാൻ കാണും- സുന്ദര മന്ദിരമേ- സുന്ദര

## 293 ബിഹാഗ്-ആദിതാളം

യറുശലേമെൻ ഇമ്പവീടേ
എപ്പോൾ ഞാൻ വന്നുചേരും
ധരണിയിലെ പാടും കേടും
എപ്പോൾ ഇങ്ങൊഴിയും-

ചരണങ്ങൾ

1 ഭക്തരിൻ ഭാഗ്യതലമേ!
പരിമള സ്ഥലം നീയേ!
ദുഃഖം വിചാരം പ്രയത്നം
നിങ്കലങ്ങില്ലേ- യറു

2 രാവും അന്ധകാരം വെയിൽ
ശീതവും അങ്ങില്ലേ!
ദീപതുല്യം ശുദ്ധരങ്ങു
ശോഭിച്ചീടുന്ന- യറു

3 രത്നങ്ങളല്ലോ നിന്മതിൽ
പൊന്നും മാണിക്യങ്ങൾ!
പന്ത്രണ്ടു വാതിലുകളും
മിന്നും മുത്തല്ലോ- യറു

4 യരുശലേമെൻ ഇമ്പവീടേ
എന്നു ഞാൻ വന്നു ചേരും!
പരമ രാജാവിൻ മഹത്വം
അരികിൽ കണ്ടിടും!- യരു

5 ശ്രേഷ്ഠ നടക്കാവുകളും
തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത
കൂട്ട മരങ്ങൾ- യരു

6 ജീവനദി ഇമ്പ ശബ്ദം
മേവി അതിലൂടെ
പോവതും ഈരാറു വൃക്ഷം
നില്പതും മോടി- യരു

7 ദൂതരും അങ്ങാർത്തു സദാ
സ്വരമണ്ഡലം പാടി
നാഥനെ കൊണ്ടാടീടുന്ന
ഗീതം മാ മോടി- യരു

8 യരുശലേമിൻ അധിപനീശോ
തിരുമുൻ ഞാൻ സ്തുതി പാടാൻ
നാളും വരെയും അരികിൽവരാൻ
ഇരിക്കണം നാഥാ- യരു

(മോശവത്സലം)

## 294

Tune: We shall stand before the King
*S.S. 966*

1 രാജൻ മുൻപിൽ നിന്നു നാം
കണ്ടീടും തൻസൗന്ദര്യം
ഹല്ലേലുയ്യാ-ഹല്ലേലുയ്യാ
ദൂതന്മാർക്കു തുല്യരായ്
വാഴും നാം സന്തുഷ്ടരായ്
ഹല്ലേലുയ്യാ-ഹല്ലേലുയ്യാ

രാജൻ മുമ്പിൽ നിന്നു നാം
കണ്ടീടും തൻ സൗന്ദര്യം
കീർത്തിക്കും തൻ മഹത്വം
ഹല്ലേലുയ്യാ വേഗത്തിൽ
രാജൻ മുമ്പിൽ നിൽക്കും നാം

2 രാജൻ മുമ്പിൽ നിന്നു നാം
നീക്കും പോരിൻ ആയുധം-ഹല്ലേ
തീർന്നു യുദ്ധാഭ്യാസവും
തീർന്നല്ലോ പ്രയാസവും- ഹല്ലേ

3 രാജൻ മുമ്പിൽ നിന്നു നാം
പ്രാപിക്കും തൻ വാഗ്ദത്തം-ഹല്ലേ
നാം പിതാവിൻ രാജ്യത്തിൽ
വാഴും നിത്യ തേജസ്സിൽ- ഹല്ലേ

4 രാജൻ മുമ്പിൽ നിന്നു നാം
ശോഭിക്കും നിരന്തരം- ഹല്ലേ
തീർന്നു ബലഹീനത
തീർന്നു സർവ്വ ക്ഷീണതം- ഹല്ലേ

5 രാജൻ മുമ്പിൽ നിന്നു നാം
പ്രാപിക്കും നിത്യാനന്ദം- ഹല്ലേ
നിത്യജീവൻ ഇമ്പങ്ങൾ
തേജസ്സിൻ കിരീടങ്ങൾ- ഹല്ലേ

6 രാജൻ മുമ്പിൽ നിന്നു നാം
ചെയ്യും സ്നേഹസംസർഗ്ഗം-ഹല്ലേ
എല്ലാ ദൈവമക്കളും
എന്നും ഒന്നായ് വാണിടും- ഹല്ലേ

7 രാജൻ മുമ്പിൽ നിന്നു നാം
ചെയ്യും നിത്യ വന്ദനം- ഹല്ലേ
നാമും സ്വർഗ്ഗ സൈന്യവും
ഇപ്രകാരം പാടീടും- ഹല്ലേ

(വി. നാഗൽ)

## 295

പല്ലവി

എത്ര എത്ര ശ്രേഷ്ഠം! സ്വർഗ്ഗ സീയോൻ
എത്ര എത്ര ശ്രേഷ്ഠം
കർത്തൻ വാണിടും സിംഹാസനവും
നല്ല
കീർത്തനങ്ങൾ പാടും ദൂതരിൻ
വീണയും
സ്തോത്രഗീതങ്ങൾ പാടുന്നവർ
നാദവും- എത്ര

ചരണങ്ങൾ

1 പന്ത്രണ്ടു വാതിലുകൾ-
ക്കടുത്തൊഴുകുന്നു പളുങ്കു നദി
മിന്നും നവരത്നം പോൽ
വീഥിയെല്ലാം മിന്നിത്തിളങ്ങീടുന്നു
മുത്തുഗോപുരങ്ങൾ ശ്രേഷ്ഠ
മാകുംവണ്ണം
ശുദ്ധപൊന്നിൻ തെരുവീഥി
മഹാചിത്രം
ചൊല്ലിക്കൂടാതുള്ള തേജസ്സുദിക്കുന്ന
വല്ലഭൻ പട്ടണം നീ
കാണുംനേരം അല്ലലെല്ലാമൊഴിയും
(എത്ര

2 ജീവനദിസ്വച്ഛമായ്
ഒഴുകുന്നു, സിംഹാസനത്തിൽനിന്നിൽ
ജീവവൃക്ഷം തഴച്ചീ-
ട്ടാറു വിധ ജീവഫലം തരുന്നു
സ്വർഗ്ഗ സീയോൻ തന്നിൽ
സൂര്യചന്ദ്രന്മാരും
ശോഭയേറും നല്ല ദീപങ്ങളും വേണ്ട
ദൈവ തേജസ്സതിനെ പ്രകാശിപ്പിച്ചു.
കുഞ്ഞാടതിൻ വിളക്കു
ദിവ്യകാന്തിയെങ്ങും വിളങ്ങിടുന്നു.

3 ദൂതർ ചുഴന്നു നിൽക്കേ
ആസനത്തിൽ ദൈവമക്കളിരിക്കെ
ദൈവ മക്കൾ നടുവിൽ
തേജസ്സോടെദൈവ കുഞ്ഞാടിരിക്കെ
മൂപ്പന്മാർ ശ്രാഫകൾ-പത്രങ്ങളാൽ പറ
ന്നത്യുന്നതന്മുൻഅലങ്കാരമായ്സ്തുതി
നിത്യംചെയ്യുന്നതുമായുള്ള കാഴ്ചകൾ
എത്ര എത്ര ഇമ്പം!
മനോഹരം! എത്ര എത്ര ശ്രേഷ്ഠം!
(എത്ര

4 ഹാല്ലേലുയ്യാ ഗീതം
പാടിയാടും ദൂതന്മാർകോടാകോടി-
വല്ലഭനെ സ്തുതിച്ചു
വന്ദിച്ചീടും ശ്രാഫഗണം വളരെ
ശുദ്ധൻ ശുദ്ധൻ പരിശുദ്ധൻ-
മാകുന്നോട്
നിത്യം സ്തുതി നിനക്കെന്നുമാ-
ശബ്ദമായ്
ഒത്തുപാടുംദൈവദൂതർകോടാകോടി
കിന്നര നാദമോടും
പലതര ഗീതങ്ങൾ പാടീടുന്നു-എത്ര
(പി. വി. തൊമ്മി)

## 296 There's a land that is fairer than day

S.F Bennet S.S 964

1 ശോഭയേറും നാടൊന്നുണ്ടതു
കാണാമദ്ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി
നിൽക്കുന്നുണ്ടക്കരെ കാത്തഹോ

വേഗം നാം ചേർന്നിടും
മംഗിയേറിയ ആ തീരത്ത് (2)

2 നാം ആ ശോഭന നാട്ടിൽ പാടും
വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനങ്ങളില്ലല്ലോ-
നിത്യസൗഭാഗ്യം ആത്മാക്കൾക്കു
വേഗം നാം

3 സ്നേഹമാം സ്വർഗ്ഗ താതനുടെ
സ്നേഹദാനത്തിനും നാൾക്കുനാൾ
വീഴ്ചയെന്യേ തരും നന്മയ്ക്കും
കാഴ്ചയായി നാം സ്തോത്രംപാടും
വേഗം നാം

(വിവ. കെ. വി. ചാക്കോ)

**297** ആദിതാളം

പല്ലവി

ആരിവർ ആരിവർ-നിലയങ്കി-
ധരിച്ച ഇവരാര്?
അല്ലയോ ഏറിയ ഉപദ്രവ-
ത്തിൽ നിന്നു വന്ന മനുജരിവർ

ചരണങ്ങൾ

1 അങ്കികൾ കുഞ്ഞാട്ടിൻ-തിരു-
ചങ്കതിൽ-നിന്നൊഴുകും
തങ്കച്ചോരയിൽ കഴുകി അവർ
നന്നായ്
അങ്കികൾ വെളുപ്പിച്ചഹോ-ആരി

2 ആകയാലവർ ഇനിയും-ദൈവ-
സിംഹാസനത്തിൻ മുന്നിൽ
ആകവെ ഇരുന്നു തന്നാലയത്തിൽരാ-
പ്പകലവർ സേവ ചെയ്യും- ആരി

3 സിംഹാസനസ്ഥനീശൻ വാസ
മാകുമവർ നടുവിൽ
ദാഹം വിശപ്പുമില്ലവെയിൽച്ചൂടുമില്ല
സുഖം അവർക്കെന്നും-അഹോ-
ആരി

4 ജീവനീരുറവകൾക്കു വഴി
ജീവനായകൻ നടത്തും
ദൈവം തുടച്ചീടും കൺകളിൽനിന്നു
അവരുടെ കണ്ണുനീർ താൻ- ആരി

(റവ. റ്റി. കോശി)

**298** ആദിതാളം

സ്വർഗ്ഗഭാഗ്യം എത്ര യോഗ്യം ആർക്കു വർണ്ണിക്കാം-അതിൻ
ഭാഗ്യമോർക്കുന്തോറുമെനിക്കാശയേറുന്നേ!

1 പാപലോകത്തിൽ കിടന്നു പാടുപെടുന്ന എനി-
ക്കെപ്പോഴെന്റെ മോക്ഷ വീട്ടിൽ ചെന്നു ചേർന്നീടാം

2 മുമ്പേ മുമ്പേ പോയിടുന്നോർ ഭാഗ്യമുള്ളവർ-മന്നി-
ലുള്ള കഷ്ടതകൾ നീങ്ങി സ്വസ്ഥരായവർ

3 ലോക സംബന്ധ ഭവനം വിട്ടു പോയെന്നാൽ-മോക്ഷ
കൈകളാൽ തീർക്കാത്ത വീട്ടിൽ പാർത്തിടാമല്ലോ

4 രണ്ടിനാൽ ഞെരുങ്ങി ഞാനും വാഞ്ഛിച്ചീടുന്നു-ആത്മ
വീണ്ടെടുപ്പാം പുത്ര സന്തോഷത്തിലെത്തുവാൻ

5 ഇങ്ങു പെടും പാടുകൾക്കാശ്വാസം പ്രാപിപ്പാൻ-എന്റെ
മംഗല മോക്ഷപുരത്തിലെപ്പോഴെത്തും ഞാൻ?

6 പ്രാവിനെപ്പോൽ രണ്ടു ചിറകുണ്ടെന്നാകിൽ ഞാൻ-ശീഘ്രം
എത്തും പറന്നെന്റെ മണവാളൻ സന്നിധൌ

**299** *സുവിശേഷവേല*

പല്ലവി

മോദം! അതി മോദം! മോദം ഹോ! വാഗ്ദത്ത കാലം
സാദരമണഞ്ഞീടുന്നഹോ!...

അനുപല്ലവി

ജാതി ഭേദവാദം തീർന്നു-ജാതികളൊന്നായിടുന്നു
യൂദ ജാതിയും മുതിർന്നു-ജാത മോദം പാടിടുന്നു- മോദം

1 അന്നു കാനനങ്ങൾ പൂക്കുമേ-സീയോന്റെ മക്കൾ
നന്ദിയോടെ പാടിയാർക്കുമേ...
അന്നു സുവിശേഷക്കൊടി മന്നിടെ ജയം കൊണ്ടാടി
ഉന്നതമായന്നു ജനം- സന്നിധി പാടി വസിക്കും- മോദം

2 അന്നു സീയോനിൽ നിന്നുണ്ടാകും-ആജ്ഞാ വിശേഷം
മന്നിടമെല്ലാമതു കേൾക്കും...
മന്നവർ മന്ത്രി പ്രജകൾ-എന്നിവരെല്ലാവരിലും
ഒന്നുപോലാവസിച്ചീടും-വന്നുസത്യാനുഗ്രഹങ്ങൾ- മോദം

3 കാട്ടുപാമ്പോടൊത്തു കളിക്കും-കുട്ടികൾ എന്നാൽ
വാട്ടമുണ്ടാകയില്ലതുമേ...
കാട്ടുപുലികളുമാട്ടിൻ-കൂട്ടവുമൊന്നിച്ചു മേയും
നാട്ടിലെല്ലാ നന്മകളും-പുഷ്ടിയായി വർദ്ധിച്ചീടും മോദം

4 വാളു കുന്തങ്ങൾക്കില്ലാവശ്യം-കൊഴുക്കളാക്കി
ചാലു പോക്കാനാക്കുമാതവ...
നാലു ദിക്കും സമാധാനം ചാലവെ പരന്നിരിക്കും
വാളെടുക്കയില്ലാരുമേ-ചേലുകേടില്ലൊന്നിനുമേ- മോദം

5 ആലേലൂയ്യാ ഗീതം പാടുമേ-യരുശലേമും
ആലേലൂയ്യാ രാഗം പാടുമേ...
ആലേലൂയ്യാ-വാനത്തിലും-ആലേലൂയ്യാ ഭൂമിയിലും
ആലേലൂയ്യാ മാലാഖമാർ ചൊല്ലുമേ മാനുഷരെല്ലാം- മോദം

(മാണി ജോൺ കൊച്ചുകുഞ്ഞ്)

## 300 'Sowing in the morning'

S.S 757

1 വിതച്ചിടുക നാം സ്വർഗ്ഗത്തിന്റെ വിത്താം
ക്രിസ്തൻ സുവിശേഷം ഹൃദയങ്ങളിൽ
ആത്മമാരി പെയ്യും-ദൈവം കൃപ ചെയ്യും
തരും കൊയ്ത്തിനെയും-തക്കകാലത്തിൽ

പല്ലവി

കൊയ്ത്തു കാലത്തിൽ നാം സന്തോഷിച്ചും
കറ്റകൾ ചുമന്നും-കൊണ്ടു വന്നിടും (2)

2 വിതച്ചിടുക നാം സ്നേഹത്തിൻ അദ്ധ്വാനം
ഒരു നാളും വ്യർത്ഥം അല്ല ആകയാൽ
എന്നും പ്രാർത്ഥിച്ചീടിൻ വേലയിൽ നിന്നീടിൻ
വിത്തു നനച്ചീടിൻ കണ്ണുനീരിനാൽ കൊയ്ത്തു-

3 വിതച്ചീടുക നാം വർദ്ധനയെ ദൈവം
നൽകും സർവ്വനേരം തൻ വൻ ശക്തിയാൽ
വേനല്ക്കാലം വർഷം കാറ്റു ശീതം ഉഷ്ണം
ചെയ്യും ദൈവഇഷ്ടം ഭൂമിനില്ക്കും നാൾ- കൊയ്ത്തു...

4 വിതച്ചീടുക നാം തടസ്സം അനേകം
സാത്താൻ കൊണ്ടെന്നാലും തൻ-
വൈരാഗ്യത്തിൽ
തളർന്നു പോകാതെ സ്നേഹവും
വിടാതെ
നില്ക്ക ക്ഷീണിക്കാതെ ക്രിസ്തൻ
ശക്തിയാൽ- കൊയ്ത്തു

5 വിതച്ചീടുക നാം വിളയുന്ന കാലം
അവസാനിച്ചീടും എത്രവേഗത്തിൽ
ഇപ്പോൾ വിതക്കാതെ ഇരുന്നാൽ
കൊയ്യാതെ
രക്ഷകൻ മുമ്പാകെ നില്ക്കും
ലജ്ജയിൽ-കൊയ്ത്തു

6 വിതച്ചീടുക നാം ദിവ്യ സമാധാനം
തുളച്ചീടുവോളം ശൂന്യദേശത്തിൽ
മരുഭൂമി കാടും ഉത്സവം കൊണ്ടാടും
പർവ്വതങ്ങൾ പാടും ദൈവതേജസ്സിൽ
കൊയ്ത്തു

(വി. നാഗൽ)

## 301 Tune- To the work to the work

Fanny J crosby S.S. 751

1 വേലയ്ക്കു വേലയ്ക്കു
ദൈവദാസന്മാർ നാം
ക്രിസ്തൻ കാണിച്ച പാത
നാം പിൻ ചെല്ലണം
ഇങ്ങു വാഴുവാൻ അല്ല
ശുശ്രൂഷ ചെയ്‌വാൻ
ഇഹത്തിൽ പിറന്നു
സ്വർഗ്ഗ രാജാവു താൻ
യത്നിക്ക- യത്നിക്ക
തേടുക-തേടുക
ആശിക്ക-പ്രാർത്ഥിക്ക
കർത്താവു വരും വേഗത്തിൽ

2 വേലയ്ക്കു വേലയ്ക്കു
ചുറ്റും നോക്കുക നാം
എങ്ങും വാഴും അസത്യ-
ത്തെ പോക്കുക നാം
സർവ്വ സൃഷ്ടിയും യേശു-
വെ കാണും വരെ
ഉയർത്തിടുക നാം
സത്യമാം കൊടിയെ- യത്നി

3 വേലയ്ക്കു-വേലയ്ക്കു
ദൈവദ്രോഹങ്ങളും
വ്യാജമാർഗ്ഗങ്ങൾ
നാശത്തിൽ മോഹങ്ങളും
ദൈവ ഭൂമിയിൽ
വർദ്ധിക്കുമീ-സമയെ
സ്വസ്ഥത യോഗ്യമോ
ക്രിസ്തൻ ദാസന്മാരേ! യത്നി

4 വേലയ്ക്കു വേലയ്ക്കു
ഇന്നു രക്ഷയിൻ നാൾ
എങ്കിലും നിത്യവും
പാപ ശിക്ഷകളാൽ
ആയിരം ആയിരം
നശിച്ചീടുന്നിതാ!
രക്ഷിപ്പാൻ, രക്ഷിപ്പാൻ
എൻ സഹോദരാ! വാ- യത്നി

5 വേലയ്ക്കു വേലയ്ക്കു
ഘോരാ കഷ്ടങ്ങളും
പരിഹാസങ്ങൾ
ഹിംസകൾ നഷ്ടങ്ങളും
സഹിച്ചും വഹിച്ചും
കൊണ്ടദ്ധ്വാനിക്ക നാം
എന്നാൽ നാം ക്രിസ്തുവിൻ
സത്യ സേവകരാം- യത്നി

6 വേലയ്ക്കു വേലയ്ക്കു
പിന്നെ സ്വസ്ഥതയും
കർത്തൻ ദാസരാം നാം
നിത്യം ആസ്വദിക്കാം
എൻ സന്തോഷത്തിലേക്കു
പ്രവേശിക്കുക
എന്നു താൻ അരുളി-
ച്ചെയ്യും ഹല്ലേലുയ്യാ- യത്നി

(വി. നാഗൽ)

## 302 'Must I go empty handed'

C.C. Luther 8. 7. 8. 7. S.S. 789

1 വെറും കയ്യായ് ഞാൻ ചെല്ലുമോ? രക്ഷകൻ സന്നിധിയിൽ
ഒറ്റ നാളിൻ സേവ പോലും കാഴ്ച വെക്കാതെ മുമ്പിൽ

വെറും കയ്യായ് ഞാൻ ചെല്ലുമോ രക്ഷകൻ മുമ്പിൽ നിൽപാൻ!
ഒരു ദേഹി പോലുമില്ലാതെങ്ങനെ വണങ്ങും ഞാൻ?

2 രക്ഷകൻ വീണ്ടെടുത്തതാൽ മൃത്യുവെ ഭയമില്ല
വെറും കയ്യായ് തന്നെ കാൺമാൻ ഉണ്ടെനിക്കേറ്റം ഭയം- വെറും
3 പാപം ചെയ്തു നാൾ കഴിച്ചതുദ്ധരിച്ചിടാമെങ്കിൽ
രക്ഷകൻ പാദത്തിൽ കാഴ്ച വെച്ചുപയോഗിച്ചിടാം- വെറും

4 ശുദ്ധരേ! വേഗമുണർന്നു പകൽ നേരം യത്നിപ്പിൻ!
രാത്രിവരും മുമ്പെ തന്നെ ആത്മനേട്ടം ചെയ്തിടാൻ- വെറും

## 303 ആദിതാളം

സുവിശേഷം അതു ജയിക്കുമേ
അതു ജയിക്കുമേ-എന്നും
ജയിക്കുമേ സുവിശേഷം

1 പോകുവിൻ നിങ്ങൾ എൻ സുവിശേഷം
ഓതിടുവാനായ് ലോകമശേഷം
യേശു നാഥൻ ഈ സന്ദേശം
ഏകുകയാൽ പോക നാം- സുവി

2 കാൽവറി മലയിൽ കൈവന്ന
വിജയം
കാഹള നാദം മുഴക്കി സമ്മോദം
യെരിഹോവിനു നേരെയുള്ള
പോരിനായി പോകനാം- സുവി

3 പ്രതിനിധി സേവ തുടരുക നമ്മൾ
പ്രതിഫലം ഇതിനുണ്ടധികം അന്നാളിൽ
പ്രാണനാഥനായ് നമുക്കു
പ്രാണനും കൊടുത്തിടാം- സുവി

(റ്റി. കെ. ശാമുവേൽ)

## 304 ആദിതാളം

എങ്ങും പുകഴ്ത്തുവിൻ സുവി
ശേഷം
മംഗള ജയ ജയ സന്ദേശം (ഹാ-

1 നരഭോജികളെ നരസ്നേഹികളാക്കി
ഉത്തമ സോദരരാക്കും
വിമല മനോഹര സുവിശേഷം-ഹാ
(മംഗള

2 അജ്ഞാനാന്ധതയാകെയകറ്റും
വിജ്ഞാനക്കതിർ വീശും
വേദാന്തപ്പൊരുൾ സുവിശേഷം -ഹാ
(മംഗള

3 ഭീകരസമര സമാകുലമാകും
ഭൂമിയിൽ ഭീതിയെ നീക്കും
ശാന്തി സന്ദായക സുവിശേഷം-ഹാ
(മംഗള

4 വിമലജനേശുവിൽ വിശ്വസിച്ചിടുകിൽ
വിടുതലനാമയമന്തരുളും
വിജയ ധ്വനിയീ സുവിശേഷം-ഹാ
(മംഗള

5 കൃപയാലതൊരു പാതകനേയും
പാവന ശോഭിതനാക്കും
പാപ നിവാരണ സുവിശേഷം-ഹാ
(മംഗള

6 നശിക്കും ലൗകികജനത്തിനുഹീനം
നമുക്കോ ദൈവിക ജ്ഞാനം
ക്രൂശിൻ വചനം സുവിശേഷം-ഹാ- മംഗള

(എം. ഇ. ചെറിയാൻ)

## 305

ആദിതാളം

പല്ലവി

സുവിശേഷ ഘോഷണമേ-സുതൻ യേശുവിൻ കല്പനയേ
ദൈവസ്നേഹത്തിൻവചനവുമേ-അവൻ രക്ഷയിൻ ലക്ഷണമതുമേ

1 നമ്മൾ പാപങ്ങൾ നിമിത്തമേ-യേശു ഭൂമിയിൽ വന്നതുമേ
ക്രൂശു തോളിൽ ചുമന്നതുമേ-രുധിരമതു ചൊരിഞ്ഞതുമേ- സുവി

2 പാപ ഭാരങ്ങളാലുമേ പാരിൽ ക്ലേശങ്ങളാലുമേ
പാത വിട്ടിഹെ ഉഴലുന്നോരേ! പ്രിയൻ യേശുവിൻ അരികിൽ വാ- സുവി

3 തെരുവീഥികൾ വഴികളിലും-മലകൾ താഴ്‌വരകളിലും
തിരുവചനം മുഴക്കി നാം-പരൻ വാക്കിനു വലയിറക്കാം- സുവി

4 മഴയോ വെയിലോ പുഴയോ-മതഭേദം എന്ന പഴിയോ
കണ്ണീരിൽ നാം വിതച്ചീടുകിൽ-കൊയ്തീടുമതവൻ നാളിൽ- സുവി

5 എല്ലാ ജാതി ജനങ്ങളുമേ-നല്ല രാജനെ വണങ്ങിടുമേ
അല്ലലെല്ലാമകന്നിടുമേ-ഹല്ലേലുയ്യാ നാം പാടിടുമേ- സുവി

## 306

തി-ഏകതാളം

പദം പദം ഉറച്ചു നാം ക്രൂശുമേന്തി പോകണം
ജീവനെങ്കിൽ ജീവൻ വച്ചു ഭാരതം നേടിടണം

1 പാപ തന്ത്ര ബദ്ധരാം ഭാരതീയ സോദരേ
പാപ ഭാരം നീക്കിടും യേശുവിങ്കൽ ഓടി വാ- പദം

2 സ്വതന്ത്രരാർക്കും ലഭ്യമാം ക്രിസ്തുവിന്റെ ശക്തിയാൽ
സ്വതന്ത്രമിന്നു ഘോഷിക്കാം ഭാരതത്തിലെങ്ങുമേ- പദം

3 ജീവനെ ത്യജിച്ചതാം രക്തസാക്ഷി സംഘത്തിൽ
ആയുധത്തെ ഏന്തി നാം ആരാധനം ചെയ്തീടണം- പദം

4 ചേരുവിൻ സഹോദരരേ കൂടുവിൻ യുവാക്കളേ
ക്രിസ്തുനാഥൻ പോരിന്നായ് ഓടി ഓടി കൂടുവിൻ- പദം

5 സ്നേഹത്തിൻ ഇരിപ്പിടം ത്യാഗത്തിൻ വിളനിലം
രക്ഷയിൻ സങ്കേതവും യേശുരാജൻ തന്നെയാം- പദം

6 ക്രിസ്തു ഏക നായകൻ ക്രിസ്തുവിന്റെ ശക്തിയാൽ
ലഭ്യമാകുമേവർക്കും തന്റെ പോർ ചെയ്തീടുവാൻ- പദം

7 പീഡകൾ നടുവിലും പാലനം ചെയ്തിടുന്ന
പാവനാത്മദായകൻ പാരിലേശു നായകൻ- പദം

## 307

കൊയ്ത്തുണ്ടധികം വേലയുണ്ടേറെ
പോവതിനായിനി ആരുള്ളൂ?
ചുടുചോര ചിന്തും ധീരയോദ്ധാക്കൾ
ക്രിസ്തുവിനായിറങ്ങീടട്ടെ!

1 ആയിരങ്ങൾ ഇതാ ആഴത്തിൽ വീണു
ആണ്ടു കിടന്നീടുന്നു
ശാന്തിയരുളും സ്നേഹത്തിൻ കൊടിയാൽ
നേടാം മാനവരെ-നാം നേടാം മാനവരെ കൊയ്ത്തു

2 നിരനിര നിരയായ് അണികൾ നിരന്നു
പോരാട്ട ക്രൂശിൻ വീരർ
സീയോനിൽ നിന്നു കേൾക്കുന്നു ശബ്ദം
രാത്രി എന്തായഹോ?-ഹാ രാത്രി എന്തായഹോ കൊയ്ത്തു

3 വിശ്രമം ഇല്ല കണ്ണുനീർ മാത്രം
ആധാരം നമ്മൾക്കിവിടെ
കണ്ണീർ തുടയ്ക്കും കാലം വരുന്നു
നാഥനെ കാണുമ്പോൾ-നാം-നാഥനെ കാണുമ്പോൾ കൊയ്ത്തു

4 തന്നല്ലോ എനിക്കായ് തൻ രക്തമാകെ
എന്തു ഞാനേകീടും തനിക്കായ്
ലോകാന്ത്യം വരെ തൻ സാക്ഷിയതാവാൻ
നൽകീടുന്നെന്നെ ഞാൻ-ഹാ-നൽകീടുന്നെന്നെ ഞാൻ കൊയ്ത്തു

(പി. ഡി. ജോൺ)

## 308 ത്രി-ഏകതാളം

യേശുപരൻ വാണി-ടും-പാരിൽ
എന്നും മഹാരാജനായി- യേശു

ചരണങ്ങൾ

1 യേശുപരൻ വാണിടും
യേശു എന്നും വാണിടും
ഈ സൂര്യചന്ദ്രന്മാരും
തീരെ ഇല്ലാതെ പോയെന്നാലും
യേശു

2 വൻകരകളിന്മേലും
വലിയ രാജ്യങ്ങൾ മേലും
മാലോകർ ഏവർമേലും-ദൂരെ
ദ്വീപാന്തരങ്ങൾ മേലും- യേശു

3 എന്തു ജാതികൾ മേലും
നീതി പാലനം ചെയ്യും
സർവ്വ കുലങ്ങൾ മേലും പാരിൽ
സകല ഭാഷക്കാർ മേലും- യേശു

4 രാജർ പ്രഭുക്കൾ ചക്ര-
വർത്തികൾ സകലരും
രാജാധിരാജൻ മുമ്പിൽ
വീണു വണങ്ങി കുമ്പിട്ടുനില്ക്കും-
യേശു

5 സത്യ സുവിശേഷത്തിൻ
സാധു കല്പന പോലെ
സകല രാജാക്കന്മാരും
ചെയ്യും നീതി വസിച്ചിടും എങ്ങും
യേശു

6 കുറ്റം ശിക്ഷകളില്ല
ഗുണമല്ലാതൊന്നും ഇല്ല
കൊണ്ടാടും ലോകമെല്ലാം
യേശു ഏക ചക്രവർത്തിയാം
-യേശു

7 സന്ധ്യയുഷസ്സുകളിൽ
സകലദേശത്തുമുള്ളോരും
സംഗീതം യേശു പാരിൽ
പാടിവന്ദനം ചെയ്യും എന്നും-
യേശു

(മോശവത്സലം)

## 309

സുറിയാനി–ആദിതാളം

യേശുനാഥൻ ജയിക്കുന്നു–ഹല്ലേലുയ്യാ
ഇഹലോകം മുഴുവനും–ഹല്ലേലുയ്യാ

ചരണങ്ങൾ

1 ഓരോരോ രാജ്യങ്ങളിൽ സുവിശേഷം
ഓടിനിറഞ്ഞിടുന്നു ഹാലേ...
ഏറെപേരാണ്ടുതോറും ചേർന്നിടുന്നു
യേശുവിൻ നാമത്തിൽ ഹാലേ...

2 പേയിൻമാർഗ്ഗങ്ങളെല്ലാംക്ഷയിച്ചിടുന്നു
പേടിച്ചോടുന്നു സാത്താൻ ഹാലേ...
ശ്രീയേശു മാർഗ്ഗമെങ്ങും വെളിപ്പെടുന്നു
തിരിയുന്നു ലോകരിതിൽ ഹാലേ...

3 ജാതി ഭേദങ്ങൾ പലതും നീങ്ങിടുന്നു
ജയിക്കുന്നു സ്നേഹക്കൊടിഹാലേ
പാതകങ്ങൾ പാരിൽനിന്നു കുറഞ്ഞിടുന്നു
ഫലിക്കുന്നു സുവിശേഷം ഹാലേ....

4 ആലയങ്ങൾ ഉയരുന്നു യേശുവിന്നു
ആരാധനയേറുന്നു ഹാലേ...
നാല്പാടും വിഗ്രഹങ്ങൾവീണിടുന്നു
നാശവഴി അടയുന്നു ഹാലേ...

5 വളർന്നു നിറഞ്ഞിടുന്നു യേശുരാജ്യം
മങ്ങുന്നു പേയിൻരാജ്യം ഹാലേ...
വിളങ്ങുന്നു ദിവ്യശക്തിയധികാരം
മേദിനിയിൽ ദിനംദിനം ഹാലേ...

(മോശവത്സലം)

## 310

തി–ഏകതാളം

പല്ലവി

ജയിക്കുമേ സുവിശേഷം ലോകം ജയിക്കുമേ!
പേയുടെ ശക്തികൾ നശിക്കുമേ!
സകലലോകരും യേശുവിൻ നാമത്തിൽ
വണങ്ങുമേ തല കുനിക്കുമേ
അതു ബഹു സന്തോഷമേ!

ചരണങ്ങൾ

1 കൂടുവിൻ-സഭകളേ! വന്നുപാടുവിൻ
യേശുവിൻ കീർത്തി കൊണ്ടാടുവിൻ
സുവിശേഷം ചൊല്ലാൻ ഓടുവിൻ
നിദ്രവിട്ടുണർന്നീടുവിൻ മനം
ഒത്തെല്ലാരും നിന്നീടുവിൻ വേഗം- ജയി

2 ഇടിക്കണം പേയിൻ കോട്ട നാം ഇടിക്കണം
ജാതി ഭേദങ്ങൾ മുടിക്കണം
സ്നേഹത്തിൻ കൊടി പിടിക്കണം
യേശുരാജന്റെ സുവിശേഷക്കൊടി
ഘോഷത്തോടുയർത്തീടേണം വേഗം- ജയി

3 മരിച്ചുതാൻ നമുക്കു മോക്ഷത്തെ വരുത്തി താൻ
വെളിച്ച മാർഗ്ഗത്തിൽ ഇരുത്തി താൻ
എളിയ കൂട്ടരെ ഉയർത്തി താൻ
യേശു നാഥന്റെ രക്ഷയിൻ കൊടി
ഘോഷത്തോടുയർത്തിടേണം നമ്മൾ ജയി

4 ചെലവിടീൻ സുഖം ബലത്തെയും ചെലവിടീൻ
ബുദ്ധിജ്ഞാനത്തെയും ചെലവിടീൻ
വസ്തു സമ്പത്തുകൾ ചെലവിടീൻ
യേശു രാജന്റെ മഹിമയിൻ കൊടി
എവരും ഉയർത്തീടേണം നമ്മൾ ജയി

5 യോഗ്യമേ-ഇതു നമുക്കതി ഭാഗ്യമേ
രക്ഷിതാവിന്റെ വാക്യമേ
സ്വർഗ്ഗലോകമോടൈക്യമേ
യേശുരാജ്യ പ്രസിദ്ധിക്കായി നാം
എവരും പ്രയത്നിച്ചീടേണമേ- ജയി

(മോശവത്സലം)

## 311 Jesus shall reign

Isaac Watts L. M. S .S. 1084

1 ആദിത്യൻ ഉദിച്ചീടുന്ന
ദേശങ്ങളിലെല്ലാം യേശു
അന്തമില്ലാത്തൊരു രാജ്യം
സ്ഥാപിച്ചു വാഴും എന്നേക്കും

2 നാനാ ദേശക്കാരെല്ലാരും
തൻ സ്നേഹത്തിൻ സ്തുതിപാടും
പൈതങ്ങൾ കൂടെ ഘോഷിക്കും
വിശേഷമാം തൻ നാമത്തെ

3 യാചനകൾ സ്തോത്രമെല്ലാം
തൻ നാമത്തിൽ ഉയർന്നീടും
നാനാ ജനം വണങ്ങീടും
രാജാധി രാജൻ കർത്താവെ

4 വേദന ക്ലേശം പാപവും
പോകും അശേഷം എന്നേക്കും
സ്വാതന്ത്ര്യം ഭാഗ്യം പൂർണ്ണത
എല്ലാവർക്കും ലഭിച്ചീടും

5 ലോകർ വരട്ടെ തൻ മുൻപിൽ
സ്തുതി സ്തോത്രത്തോടുകൂടെ
മേൽ ലോക സൈന്യം പാടട്ടെ
ഭൂമി ചൊല്ലീടട്ടെ 'ആമേൻ'

## 312

സത്യത്തിന്റെ പാതയിൽ സ്നേഹത്തിൻ കൊടിയുമായ്
സാക്ഷികൾ സമൂഹമേ... മുന്നേറിടാം...

1 ഏകനാഥൻ യേശുവിൻ ജേതാക്കളേ
ഏകാത്മാവിൻ ബലം ധരിക്കുവിൻ
ശുദ്ധരാകുവിൻ ശക്തരാകുവിൻ
ഘോരനായ ശത്രുവോടു പോരാടുവാൻ

2 ആത്മാവിൻ സർവ്വായുധങ്ങൾ നാം ധരിക്കണം
വിശ്വാസമാം പരിചയേന്തണം
അരയ്ക്കു സത്യവും–നീതി കവചവും
രക്ഷയിൻ ശിരസ്ത്രവുമണിഞ്ഞൊരുങ്ങണം

3 തിന്മകൾ നമുക്കു നേരിടേണ്ടതുണ്ടു നാം
നന്മകളാൽ ജയം വരിക്കണം
പാപത്തോടു നാം പോരാടണം
പ്രാണത്യാഗത്തോളമെതിർത്തു നിൽക്കണം

4 ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ
ആത്മാവിൻ ശക്തി സംഭരിക്കുവാൻ
ഉപവസിക്കണം-പ്രാർത്ഥിക്കണം
ഇടവിടാതെ സ്തോത്രത്തിൽ ജാഗരിക്കണം

# *വിശുദ്ധസംസർഗ്ഗം*

## 313

ബിഹാക്-തി-ഏകതാളം

1 മനുഷ്യരുടെ ശാപമരത്തിൽ തൂങ്ങിയ-മനുവേലാ! ദൈവജാതാ!
നിനക്കീ വേദന വരുത്തിവെച്ചതീനീചൻ ഞാനല്ലോ!

2 പരമനീതി എൻ ദുരിതത്താലെന്നെ അരിവാൻ നിന്നൊരുനേരം
പരമൻ നീ അതാൽ അരിയപ്പെട്ടിടാൻ ഇറങ്ങി വന്നല്ലോ!

3 മലപോലെ ശാപം ജ്വലിച്ചിറങ്ങിയ നിലത്തിൻ പാതകം മൂലം
അലിഞ്ഞു നീ ശാപം തലയിൽ കൊണ്ടീടാൻവലിമ വിട്ടല്ലോ!

4 നന്ദികെട്ട ഈ നരരെ നരക ജ്വാലയിൽനിന്നു നേടാൻ
മന്നവാ! തിരുപൊൻകുരുതി നീ ചിന്തി നിന്നല്ലോ!

5 ദൈവകോപത്തിൻ ദർശനം വിട്ടുപാപി ഞാനൊളിച്ചീടാൻ
സർവ്വ ലോകത്തിൻ നായകാ നിൻ വിലാവും വിണ്ടല്ലോ!

6 മരിച്ചവർക്കമൃതായ് നിൻ ദേഹത്തെ നുറുക്കിയോ ജീവനാഥാ
മുറിഞ്ഞുടഞ്ഞ നിൻ തിരുമെയ്യിൻ രക്തം ചൊരിഞ്ഞല്ലോ! പാരിൽ

7 അരിഷ്ട പാപി നിൻ തിരു പുണ്യങ്ങളിൽ ശരണം വച്ചുവന്നല്ലോ!
തിരുപ്രതിമയാക്കണമിയെ കൃപ നിറഞ്ഞ കർത്താവേ

(മോശവത്സലം)

## 314

ആദിതാളം

1 പൊന്നേശു നരർ തിരുബലി മരണം നിനപ്പാൻ
തന്നാനൊരു നിയമം അതിശയമമ- പൊ

2 പൊന്നായ തിരുജഡം നരർക്കു വേണ്ടി നുറുക്കി
ഒന്നോടെ തിരു രക്തം ചൊരിക്കുമെന്നും- പൊ

3 അപ്പം ഒന്നെടുത്തവൻ ജപിച്ചു നുറുക്കി നൽകി
തൃപ്പാദം തൊഴുന്ന തന്നുടെ ശിഷ്യർക്കേ- പൊ

4 കാസായിൽ ദ്രാക്ഷാരസം പകർന്നുയർത്തിയരുളി
ഈശോ തൻ രക്തമതെന്നകത്തിരിപ്പാൻ- പൊ

5 മാഹാത്മ്യം അതിനനവധിയുണ്ടു രഹസ്യമേ!
ഏകൻ പോകുന്നു ബലി കഴിവതിനായ്- പൊ

(മോശവത്സലം)

## 315

ഏകതാളം - പല്ലവി

1 സ്നേഹ വിരുന്നനുഭവിപ്പാൻ-സ്നേഹ-
ദൈവമക്കളെല്ലാരും കൂടുവിൻ ജയം ജയം നമുക്കേ!

അനുപല്ലവി

പക തിങ്ങി ലോക മക്കൾ
പല കുലം ജാതികളായ് പിരിഞ്ഞു നാൾക്കുനാൾ
പരനോടെതിർക്കുന്നു സ്നേഹ

ചരണങ്ങൾ

1 നമുക്കൊരു പിതാവു തന്നെ-
നമുക്കേവർക്കും ജീവൻ അരുളിടുന്നതും ദൈവാത്മാവു തന്നെ
നമുക്കേക രക്ഷകനാം........2
നമുക്കേവർക്കും കുടിയിരിപ്പതിന്നിനി സ്വർഗ്ഗം ഒന്നു തന്നെ- സ്നേഹ

2 നമുക്കേക ഭോജനമേ
നമുക്കേവർക്കും നിഴൽ വെളിച്ചം തൂണതും യേശു നായകനോ
വഴി വാതിൽ സ്നാനമൊന്നേ....2
ക്രിസ്തു വിധി ചൊല്ലുന്നതാം നമുക്കെല്ലാവർക്കും വലത്തുഭാഗമൊന്നേ
സ്നേഹ

3 സ്നേഹക്കുറി തൊട്ടീടണം നാം
നിയമം ഇതേശുവിൻ ജനങ്ങൾക്കേവർക്കും നിയമിച്ചേശു പരൻ
പക പേയുടെ കുറിയതാം.......2
പരനേറെ സങ്കടം കോപവും വരും പിണക്കും ലോകരോട്- സ്നേഹ

4 ക്രിസ്തൻ തിരുചിന്ത ധരിപ്പിൻ
കുരിശെടുത്തു താഴ്മയോടവൻ പിൻചെല്ലുവിൻ തിരുകൃപ ലഭിപ്പാൻ
ഏകമനസ്സോടെ ജപിപ്പിൻ.....2
അവസാനത്തോളവും നിലനിന്നീടുവിൻ വരും ഭാഗ്യം നമുക്ക്- സ്നേഹ

(മോശവത്സലം)

316

ചെഞ്ചുരുട്ടി-ഏകതാളം

പല്ലവി

മന്നായെ ഭുജിക്ക! ജീവ അപ്പമാം
മന്നായെ നാം ഭുജിക്ക—ദിവ്യ മൊഴിയാം
മന്നായെ നാം ഭുജിക്ക

അനുപല്ലവി

മന്നായാം യേശുവെ നാം മോദമോടെ ഭുജിക്ക
എന്നേക്കും ജീവിച്ചു നിത്യാനന്ദം ലഭ്യമാകാൻ-

ചരണങ്ങൾ

1 നാശവലയിൽ നാം ആശയറ്റോരായ്
വാസം ചെയ്യാതെ ശ്രീയേശുവെ നമ്പുക
ക്രൂശിൽ പതിക്ക കൺകൾ കാരുണ്യവാനെ കാൺമാൻ
മാശാപമെല്ലാമേറ്റ മന്നുവേൽ ചൊന്നപോലെ
2 എന്നെ തിന്നുന്നവൻ എന്നാലെ ജീവിക്കും
എന്നിലോർപാപി വിശ്വാസം വച്ചിടുകിൽ
എന്നും ജീവിക്കുമവനെന്നും വിശക്കയില്ല
എന്നും ദാഹിക്കയില്ല എന്നുരചൊന്ന യേശുവാം- മന്നാ
3 ജീവപിതാവെന്നെ ഭൂവിങ്കലയച്ചു
ജീവിച്ചീടുന്നതും താതൻ മൂലമല്ലോ!
എന്നെ ഭുജിപ്പവനും അവ്വണ്ണം ഞാൻ മൂലമായ്
ഉന്നത ജീവനുണ്ടാം എന്നുരചൊന്ന നാഥനാം- മന്നാ
4 എന്നിൽ വിശ്വസിക്ക എന്നിൽ നീ ജീവിക്ക
എന്നുടെ ആത്മപ്രകാശം കൈക്കൊള്ളുക
ഇരുട്ടിൽ നടക്കയില്ല ഇടറി വീഴുകയില്ല
മരിക്കിലും ജീവിച്ചീടും എന്നിൽ വിശ്വസിപ്പവൻ- മന്നാ

(റവ. റ്റി. കോശി)

## *വിവാഹം*

317

ആദിതാളം

പല്ലവി

പരനേശുവേ! കരുണാ നിധേ! വരമേകുക ദമ്പതികൾ-
ക്കരുളേണമേ കൃപയെ ദിനംപ്രതി മാരിപോൽ ദൈവജാതാ!

ചരണങ്ങൾ

1 ഏദൻ കാവിലാദം ഹവ്വായെ വാഴ്ത്തിയ സർവ്വേശാ ഈ സമയം
ഈ ദമ്പതികളിൻ കൈകളെ തമ്മിൽ ചേർത്തു വാഴ്ത്തിടണമേ-

2 ഭവദാസദാസിവരൈകമത്യമോടെ വസിച്ചീടുവാനും
അവസാന കാലമണഞ്ഞീടും വരെപ്രീതിയിൽ മേവതിനും– പര

3 പരമവിധാലിവരെ നിറയ്ക്കു മഹാനന്ദമോ! ദിനവും
തിരുനാമ കീർത്തി സദാ നിനച്ചു തങ്ങൾ വസിച്ചീടുവാനും– പര

4 പരനേശു തൻ പ്രിയയാം തിരുസഭയെ വരിച്ചായതിനായ്
മരണം സഹിച്ചതു പോലീ ദാസൻ തൻ പത്നിയെ ചേർത്തു കൊൾവാൻ
പര

5 തവ ദാസിയാമിവളും അനുസരിച്ചീടണം നിത്യവും തൻ-
ധവനെ* പുരാ സാറായും അബ്രാമിനെ എന്നപോൽ മോദമോടെ–പര

6 പല മക്കളുംമറിവും നിറഞ്ഞ മലോക ഇവർ നിത്യവും നിൻ-
അലിവേറ്റമുള്ളവയാം ചിറകടി ചേർന്നു സുഖിപ്പതിനും പര

(റവ. റ്റി. ജെ. ആൻഡ്രൂസ്)

*ധവനെ = ഭർത്താവിനെ

## 318

Tune 'Guide me O Thou great Jehovah'
8.7.8.7.8.7 S.S. 524

1 കൃപയുള്ള ത്രിയേകനേ!
ഇപ്പോൾ നീ വരണമേ
നിന്റെ കൃപയാൽ ഇവരെ
അൻപോടു നോക്കണമേ
കടാക്ഷിക്ക! (2)
ഈ വധുവരന്മാരെ!

2 ആദിമുതൽ വിവാഹത്തെ
നിയമിച്ച കർത്താവേ
സത്ഭക്തി, ശാന്തം സ്നേഹത്തെ
ഈ പുരുഷനും സ്ത്രീയ്ക്കും
നീ കൊടുത്തു (2)
ഇവരെ യോജിപ്പിക്ക

3 സന്തോഷ വാഴ്ച കാലത്തിൽ
ദൈവത്തെ ഭയപ്പെട്ടു
സന്താപ താഴ്ച കാലത്തിൽ
ഭക്തിയിൽ സ്ഥിരപ്പെട്ടു
ജീവിക്കണം (2)
അന്ത്യ സ്വർഗ്ഗേ ചേർന്നിടാൻ

## 319

'The voice that breathed o'er Eden'
J. Keble 7.6.7.6. Tune S.S. 284

1 ആദ്യ വിവാഹ നാളിൽ
ഏദനിൽ ധ്വനിച്ച
ആ മംഗല്യാശീർവ്വാദം
ഇന്നും കേൾക്കുന്നിതാ!

2 ക്രൈസ്തവ ദമ്പതിമാർ
തമ്മിൽ ചേരും നേരം
വിശുദ്ധനാം ത്രിയേകൻ
തൻകൃപ ചൊരിയും

3 സന്തത സൗഭാഗ്യവും
സ്നേഹം വിശ്വാസവും
ലോകശക്തിക്കസാദ്ധ്യം
നീക്കാനൈക്യ ബന്ധം

4 പിതാവേ! നിൻസാന്നിദ്ധ്യം
വേണമീ സഭയിൽ
ആദാമിൻ ഹവ്വാ പോലെ
ഈ കാന്തയാകട്ടെ

5 രക്ഷകാ! എഴുന്നള്ളി
യോജിപ്പിക്കിവരെ
ദീർഘകാലം സന്തോഷം
ചേർന്നു വസിച്ചീടാൻ

6 വിശുദ്ധാത്മാവേ! വന്നു
ആശീർവദിക്ക നീ
സ്വർഗ്ഗ മണവാളനു
മണവാട്ടിയെപ്പോൽ

7 ഇവർ തങ്ങൾ കിരീടം
വെച്ചണഞ്ഞു നിൻ പാദേ
ക്രിസ്തൻ മണവാട്ടിയായ്
സൗഭാഗ്യം ചേരട്ടെ

## 320

ആനന്ദ ഭൈരവി-ആദിതാളം

പല്ലവി

യേശു നായകാ! വന്നാലും തന്നാലും വരം
യേശു നായകാ! വന്നാലും

അനുപല്ലവി

ആശീർവാദം ഏകുകിന്നീ ദാസർ കരം ചേരും നേരം... യേശു

ചരണങ്ങൾ

1 തല്പരാ കൃപാസനാ മഹത്വകൃൽ പ്രതാപാ
അത്ഭുതകരാ കൃപയെ ചെയ്ക ദയ ചെയ്ക... യേശു

2 സുന്ദരത്വം ചേർന്നരുൾ കല്ല്യാണ മണവീട്ടിൽ
ചെന്നരുൾ നീ ചെയ്ത ദയ പോലെ അൻപാലെ... യേശു

3 ദാസൻ എലിയാസരും വിശ്വാസമോടു പേശും
വാചക പ്രമാണം നിജമായി വശമായി... യേശു

4 ഉത്തമ സന്മാർഗ്ഗ നെറി ഭക്തി സുവിശ്വാസം
നിത്യസമാധാനം ഉറ്റുകാപ്പാൻ ഇവർപാർപ്പാൻ... യേശു

5 മംഗല തുറികളിൽ വിളങ്ങി ഗതിയാവാൻ
സംഗതി വരുത്തി സുഖം ചേർക്ക ജയം ചേർക്ക... യേശു

6 നിത്യ ശുഭ ശോഭനമോടെട്ടിശയിലും പെരുകി
പുത്രസുഖത്തോടിവർ വസിപ്പാൻ സുഖിപ്പാൻ... യേശു

(മോനി ജോൺ കൊച്ചുകുഞ്ഞ്)

## 321

128-ാം സങ്കീർത്തനം

യഹോവയെ ഭയപ്പെട്ട്, അവന്റെ
വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ
നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും
നീ ഭാഗ്യവാൻ, നിനക്കു നന്മ വരും

1 നിന്റെ ഭാര്യ നിന്റെ വീട്ടിനകത്തു
ഫലപ്രദമായ മുന്തിരിവള്ളിപോലെയും
നിന്റെ മക്കൾ നിന്റെ മേശയ്ക്കുചുറ്റും
ഒലിവുതൈകൾ പോലെയും ഇരിക്കും
യഹോവാഭക്തനായ പുരുഷൻ
ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും
യഹോവ സീ..യോനിൽ നിന്നും
നിന്നെ അനുഗ്രഹിക്കും

2 നിന്റെ ആയുഷ്കാലമൊക്കെയും നീ
യെരുശലേമിന്റെ നന്മയെ കാണും
നിന്റെ മക്കളുടെ മക്കളെയും നീ കാണും
യിസ്രായേലിന്മേൽ സമാധാനം ഉണ്ടാകട്ടെ
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
മഹത്വമുണ്ടാകട്ടെ
ആ...ദിയിങ്കലും ഇപ്പോഴും എന്നേക്കും
ഉള്ളപ്രകാരം തന്നെ ആമേൻ

## ദുഃഖസമയത്തേക്കുള്ള പ്രാർത്ഥന

**322**

ശങ്കരാഭരണം-ആദിതാളം

പല്ലവി

മനുവേൽ മന്നവനേ!-പരനേ
മനുവായ് വന്നവനേ!

അനുപല്ലവി

മനുവേലേ! നിന്മനമലിഞ്ഞരികിൽ
വരിക വൈകാതെ- പരനേ- മനു

ചരണങ്ങൾ

1 കരുണയിനുടയോനേ-എന്നതിദുരിതം കാണണമേ
പരവശനായിടുന്നയ്യോ! എൻപാതകമതിനാലെ-പരനേ!- മനു

2 അപ്പനും അമ്മയുമായെനിക്കു എപ്പോഴുതും നീയേ
ഉൾപരിതാപം കണ്ടുകനിഞ്ഞീ അടിയനുതുണ ചെയ്ക-പരനേ! മനു

3 പെരുമഴ പോലാഗ്നേയാസ്ത്രം നരിപുവാം സാത്താൻ
തെരുതെരെ എയ്യുന്നയ്യോ എന്നിൽകരളലിഞ്ഞീടണമേ-പരനേ! മനു

4 ശരണം നീയല്ലാതടിയനു ഒരുവനുമില്ലയ്യോ
മരണംവരെയും അരികിലിരുന്നു പരിപാലിക്കണമേ-പരനേ! മനു

5 നിന്നെ വിട്ടിട്ടിങ്ങടിയാനെങ്ങു പോയീടും?
കൺമണി പോൽ നിന്നെ ഞാൻ നോക്കും എന്നരുൾ ചെയ്തോനേ പരനേ! മനു

6 അരികിൽ വരായ്കിൽ നീ എന്റെ മരണം വന്നീടും
കരുണാവാരിധിയേ! വന്നെന്റെ കരളു തണുപ്പിക്ക-പരനേ! മനു

(എം. മാത്തൻ)

## 323

തി-ഏകതാളം

1 ആരുസഹായിക്കും? ലോകം തുണയ്ക്കുമോ?
ജീവൻ പോയിടുമ്പോൾ ആശ്രയം ആരുള്ളൂ?

2 സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നിൽക്കും
ക്ലേശമോടെല്ലാരും കണ്ണുനീർ തൂകീടും

3 ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലെ ആരുള്ളൂ

4 ഭാര്യ മക്കൾ ബന്ധു മിത്രരുമന്ത്യത്തിൽ
ഖേദം പെരുകീട്ടു മാർവ്വിലടിക്കുന്നു

5 ഏവരും, താൻ ചെയ്ത കർമ്മങ്ങൾക്കൊത്തപോൽ
ശീഘ്രമായ് പ്രാപിപ്പാൻ ലോകം വിട്ടീടുന്നു

6 കൺകളടയുമ്പോൾ കേൾവി കുറയുമ്പോൾ
എൻ മണവാളാ! നിൻ ക്രൂശിനെ കാണിക്ക

7 ദൈവമേ! നിൻ മുന്നിൽ ഞാൻ വരും നേരത്തിൽ
നിൻ മുഖ വാത്സല്യം നീയെനിക്കേകണേ!

8 യേശുമണവാളാ! സകലവും മോചിച്ചു
നിന്നരികിൽ നില്പാൻ യോഗ്യനാക്കേണമേ!

9 പൊന്നുകർത്താവേ! നിൻ തങ്കരുധിരത്താൽ
ജീവിത വസ്ത്രത്തിൻ വെൺമയെ നൽകണേ!

10 യോർദ്ദാന്റെ തീരത്തു ഞാൻ വരും നേരത്ത്
കാൽകളെ വേഗം നീ അക്കരെ ആക്കണേ!

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## *ശവമടക്കം*

## 324

"Hush blessed are the dead"

6s

1 ക്രിസ്തനെന്നൽ ചാരി തൻ ഹസ്തേ വിശ്രമിച്ച
കർത്താവിൽ മൃതന്മാർ നിത്യം ഭാഗ്യവാന്മാർ

2 കാണാതെ സ്നേഹിച്ച-പ്രാണനാം യേശുവെ
ഉൺമയിൽ തെളിവായ് കാൺമതെത്ര ഭാഗ്യം

3 വല്ലാത്ത പ്രയാസം ഇല്ല നദിതീരെ
പുല്ലിൻ മേച്ചിൽ സ്ഥലേ നൽ ഇടയൻ മേയ്ക്കും

4 പകലത്തെ വെയിൽ–പാതിരാ ശീതവും
വ്യാകുല ദുഃഖവും ഇല്ലവർക്കിനിമേൽ

5 അവരുടെ സ്നേഹ-സ്വരം, സന്തോഷവും
കാൺകയില്ല ഞങ്ങൾ കുറെ നാളേക്കിനി

6 പിരിഞ്ഞ പ്രിയർക്കായ് ഞങ്ങൾ–ദുഃഖിക്കുമ്പോൾ
കണ്ണുനീർ ചൊരിച്ച കർത്താ ക്ഷമിക്കണേ,

7 മൃത്യുവെന്നെഴുന്ന–ക്രിസ്തൻ നാദം അവർ
'സന്തോഷിപ്പിൻ' എന്നു അന്ത്യനാളിൽ കേൾക്കും

## 325 ശങ്കരാഭരണം–ഏകതാളം

1 സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാൺമതിന്നു ബദ്ധപ്പെട്ടോടീടുന്നു.

ആകെ അല്പ നേരം മാത്രം എന്റെ യാത്ര തീരുവാൻ
യേശുവേ! നിനക്കു സ്തോത്രം വേഗം നിന്നെ കാണും ഞാൻ

2 രാവിലെ ഞാൻ ഉണരുമ്പോൾ ഭാഗ്യമുള്ളോൻ നിശ്ചയം
എന്റെ യാത്രയുടെ അന്ത്യം ഇന്നലെക്കാൾ അടുപ്പം– ആകെ..

3 രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിൽ ഉറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ ചക്രം മുന്നോട്ടോടുന്നു– ആകെ..

4 തേടുവാൻ ജഡത്തിൻ സുഖം ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖംകാൺക അത്രെ വാഞ്ഛിതം– ആകെ..

5 ഭാരങ്ങൾ കൂട്ടുന്നതിന്നു ഒന്നും വേണ്ട യാത്രയിൽ
അല്പം അപ്പം വിശപ്പിന്നു സ്വല്പവെള്ളം ദാഹിക്കിൽ– ആകെ..

6 സ്ഥലം ഹാ മഹാവിശേഷം ഫലം എത്ര മധുരം
വേണ്ട വേണ്ട ഭൂപ്രദേശം അല്ല എന്റെ പാർപ്പിടം– ആകെ..

7 നിത്യമായോർ വാസസ്ഥലം എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം ദൈവപറുദീസായിൽ– ആകെ..

8 എന്നെ എതിരേല്പാനായി ദൈവദൂതർ വരുന്നു
വേണ്ടുമ്പോലെ യാത്രയ്ക്കായി പുതുശക്തി തരുന്നു– ആകെ..

(വി. നാഗൽ)

# പള്ളി പ്രതിഷ്ഠ

**326**

ബിഹാഗ്-തി-ഏകതാളം

'മനുവേൽ മന്നവനേ പരനേ' എന്ന രീതി

പല്ലവി

പരലോകാധിപനേ!-പരനേ!
വരണം തിരുഭവനേ...

അനുപല്ലവി

പരനേ കൃപയാൽ തിരുമന്ദിരത്തിൽ
ഇറങ്ങി ആവസിക്കണമേപരനേ- പര

ചരണങ്ങൾ

1 പരത്തിലും ഭൂമിയിലും ഇതരന്യ
പരലോകങ്ങളിലും
ഒരുവിധം നിറഞ്ഞു മന്നിലുമടങ്ങാ-
തുന്നതനായവനേ-പരനേ- പര

2 അടിയാർക്കീ ആലയത്തെ ലഭിപ്പാൻ
ഇട വരുത്തിയനാഥാ!-
അടിമകൾ നിന്നെ അടിമതൊഴുതിടുന്നേ
അംഗീകരിക്കണമേ-പരനേ!- പര

3 തിരുകൃപതിരുബലവും ദയയും
തിരുമഹിമയും ക്ഷമയും
പരിചോടുപരനേ! അതുള്ളീയാലയത്തിൽ
നിറച്ചുവെച്ചീടണമേ-പരനേ!- പര

4 സ്തുതിജപം തിരുധ്യാനം-പ്രസംഗം
ഇതുമുതൽ നിർമ്മലനേ-
അധികഭക്തിയോടും ശ്രദ്ധയോടും നടപ്പാൻ-ഇതിൽ
അധിവസിക്കണമേപരനേ!- പര

5 നീതിയെധരിച്ചവരായ് നിൻദാസർ
നിന്തിരുസേവചെയ്‌വാൻ-
നീ ദയയോടെ നിത്യമീസഭയിൽ
നിൻകൃപ പകരണമേ! പരനേ- പര

6 അനുതപിച്ചീടുവാനും മോചനം
അനുഭവിച്ചീടുവാനും-
മനസ്സമാധാനം പലർ ലഭിപ്പാനും
കനിവായ് ഈ സമയം പരനേ! പര

(മോശവത്സലം)

## 327 Tune: The Church's one foundation

7.6.D S.S. 228

1 കർത്താവേ വരണമേ
നിന്മക്കൾ മദ്ധ്യത്തിൽ
ആശിഷം നൽകേണമേ
ഈ അവസരത്തിൽ
ഈ പുതു ദൈവാലയം
നിൻനാമ കീർത്തിക്കായ്
പ്രതിഷ്ഠിക്കുന്നു വയം (ഞങ്ങൾ)
നിൻദാസന്മൂലമായ്

2 ഈ ആലയത്തെ നന്നായ്
ശുദ്ധീകരിക്കണം
നിൻനിരന്തരവാസം
കർത്താവേ! ആക്കണം
നീ ഇതിൽ സദാ മേവി
ആശീർവദിക്കണം
നിൻ മക്കളിൻ ഉതവി
എന്നും നീ ആകണം

3 ഈ ആലയം ആകണം
പ്രാർത്ഥനാ നിലയം
പാപികൾക്കുണ്ടാകണം
മാറിയ ഹൃദയം
നിൻവചനം കേൾക്കണം
നിൻ മക്കളെപ്പോഴും
ശുദ്ധിയിൽ വളരണം
ശോഭിപ്പാൻ എപ്പോഴും

4 ഈ ആലയത്തിൽ നിത്യം
നിൻ സ്തുതി പെരുകണം
നിൻ നാമം സദാ സ്തുത്യം
മാനസ മോഹനം
മേൽ ലോകത്തിൽ നിൻ ദൂതർ
നിൻനാമത്തിൽ സ്തുതി
പാടുംപോൽ ഇങ്ങും മക്കൾ
ചൊല്ലണം സംസ്തുതി

5 ഈ ആലയം സ്വർഗ്ഗത്തിൻ
വാതിൽ ആയിടണം
ഇങ്ങു വിശുദ്ധാത്മാവിൻ
ആശീർ വർഷം വേണം
ഈ വാതില്ക്കൽ നിൻ മക്കൾ
നിന്നെ വിളിക്കുമ്പോൾ
നീ കേട്ടു നിൻ വരങ്ങൾ
നല്കി വാഴ്ത്തിടപ്പോൾ

6 നിൻ വിശുദ്ധ സംസർഗ്ഗം
ഇങ്ങുണ്ടാകണമേ!
നിൻമക്കൾക്കുള്ള സ്വർഗ്ഗം
നീ തന്നെ ദൈവമേ
നിൻ മക്കൾ നിന്നോടും നീ
നിൻ മക്കളോടുമേ
സംസർഗ്ഗം ഇങ്ങുചെയ്ക
കർത്താ! എന്നേക്കുമേ

7 ഈ ആലയേ നാൾ തോറും
നിൻമക്കൾ വർദ്ധിച്ചു
നിറഞ്ഞിടണം എല്ലാരും
ഭേദങ്ങൾ വർജ്ജിച്ചു
ജാതികളിൻ സമൂഹം
ചേർന്നിങ്ങു സർവ്വദാ
പുകഴ്ത്തണം നിൻനാമം
സന്തോഷമായ്പിതാ!

# യാത്രാഗീതം

## 328 God be with you till we

J.E. Rankin S.S. 298

1 കാണും വരെ ഇനി നാം തമ്മിൽ
കൂടെ ഇരിക്കട്ടെ ദൈവം
തൻ ദിവ്യ നടത്തിപ്പാലെ-
കാത്തു പാലിക്കട്ടെ! നിങ്ങളെ

ഇനി നാം ഇനി നാം-
യേശു മുൻചേരുംവരെ
ഇനി നാം-ഇനി നാം
ചേരുംവരെ പാലിക്കട്ടെ! താൻ

2 കാണുംവരെ ഇനി നാം തമ്മിൽ
തൻ തിരുചിറകിൻ കീഴിൽ
നല്കി എന്നും ദിവ്യമന്നാ
കാത്തു പാലിക്കട്ടെ നിങ്ങളെ-ഇനി

3 കാണുംവരെ ഇനി നാം തമ്മിൽ
തൻ തൃക്കരങ്ങളിൽ ഏന്തി
അനർത്ഥങ്ങളിൽ കൂടെയും
കാത്തുപാലിക്കട്ടെ നിങ്ങളെ- ഇനി

4 കാണും വരെ ഇനി നാം തമ്മിൽ
സ്നേഹക്കൊടിയതിൻകീഴിൽ
മൃത്യുവിന്മേൽ ജയം നൽകി
കാത്തുപാലിക്കട്ടെനിങ്ങളെ- ഇനി

## 329 പോർത്തുഗീസ് ഏകതാളം

1 അനുഗ്രഹത്തോടെ ഇപ്പോൾ അയയ്ക്ക
അടിയാരെ യഹോ വായേ!
മനസ്സലിവുടയമഹോന്നതപരനേ
വന്ദനം നിനക്കാമേൻ

2 കരുണയിന്നാസനത്തിൽ-നിന്നു
കൃപ അടിയങ്ങൾ മേൽ
വരണം എല്ലായ്പോഴും ഇരിക്കണം രാപകൽ
വന്ദനം നിനക്കാമേൻ

3 തിരുസമാധാനവാക്യം അടിയാർ
സ്ഥിരപ്പെടാൻ അരുൾക ഇപ്പോൾ
അരുമയേറും വേദതുളിയപരനേ
ഹാലേലുയ്യാ ആമേൻ

(ദാശവത്സലം)

## 330 Tune-Abide with me

10.S S.S. 297

1 യഹോവ നിന്റെ പരിപാലകൻ
നിൻ ഗമനാഗമനങ്ങളിലും
സൂക്ഷിക്കും രാപ്പകൽ ക്ഷണം പ്രതി
സർവ്വ ദോഷങ്ങളിൽനിന്നും നിന്നെ

2 യഹോവ നിന്റെ പരിപാലകൻ
പകൽ ആദിത്യൻ രാത്രി ചന്ദ്രനും
നിന്നെ ഉപദ്രവിക്കാ ലേശവും
താൻ എന്നും ചിറകിൻ കീഴിൽ കാക്കും

3 യഹോവ നിന്റെ പരിപാലകൻ
മേൽ സ്നേഹക്കൊടി കീഴിൽ നിത്യമാം

താൻ മുഖങ്ങൾ ഇരു ഭാഗത്തും നിൻ
മുമ്പിൽ പുറ്റിലും ഉണ്ടു താൻ കാവൽ

4 യഹോവ നിന്റെ പരിപാലകൻ
നിൻ ഹൃദയം മനസ്സും ആത്മാവും
ദേഹം ജീവൻ അഖിലം കൺ കൈ കാൽ
ക്ഷേമത്തോടെ കാക്കും അവൻ കൈയിൽ

5 യഹോവ നിന്റെ പരിപാലകൻ
കണ്ണിൻ കൃഷ്ണമണി പോൽ എന്നുമേ
ഇഹത്തിൽ നിന്നെ സൂക്ഷിച്ചതിൻ പിൻ
മഹത്വത്തിലേക്ക് കൈക്കൊണ്ടിടും

## 331

'Children of the heavenly king'
J. Cennic 7s John Fawcett
Tune S.S. 1149

1 സ്വർഗ്ഗ രാജ പുത്രരേ
യോഗ്യ സ്തോത്രം പാടുവിൻ
യാത്രപോകുമ്പോൾ തന്നെ
യേശുവിനെ സ്തുതിപ്പിൻ

2 ദൈവത്തിങ്കലേക്കു നാം
ആശയോടെ പോകുന്നു
മുൻ വിശ്വാസികൾ എല്ലാം
ഇപ്രകാരം നടന്നു

3 ഭാഗ്യമുള്ള കൂട്ടമേ
ഘോഷിച്ചാനന്ദിപ്പിൻ
പാപലോകം പോകട്ടെ
സ്വർഗ്ഗമോക്ഷം പ്രാപിപ്പിൻ

4 പേടിക്കേണ്ട വേഗത്തിൽ
നിങ്ങൾ ദൈവത്തെ കാണും
യേശു ക്രിസ്തു നിങ്ങളെ
ജയത്തോടെ രക്ഷിക്കും

5 വഴി കാണിക്കേണമേ
മനസ്സോടെ ഞങ്ങളും
പ്രിയം ഉള്ള യേശുവേ
നിന്നെ അനുഗമിക്കും

## 332

'Blest be the tie that binds'
J. Fawcett S. M. S.S. 506

1 ക്രിസ്തുവിൻ സ്നേഹത്തിൽ
ചിത്തങ്ങളിൻ ബന്ധം
വാഴ്ത്തപ്പെട്ടതാകട്ടെങ്ങൾ
ഹൃത്തിന്നൈക്യവുമേ

2 പ്രിയ പിതൃമുമ്പിൽ
നാം യാചിക്കുന്നിതാ
ഭയം പ്രത്യാശാകാംക്ഷകൾ
ഒന്നു താൻ ഞങ്ങൾക്കു

3 താപഭാര ജാലം
വഹിക്കും നാം തമ്മിൽ
വാർക്കുന്നു കണ്ണീരന്യോന്യം
സഹതാപത്തോടെ

4 വേർപാടിങ്കലുണ്ടാം
വേദനമാനസേ
പിന്നെത്തകൃത്താൽ പാർത്തു
വീണ്ടും
ചേർത്തണയ്ക്കപ്പെടും

# ശിശുഗാനങ്ങൾ

## 333

ആദിതാളം

പല്ലവി

വരുവിൻ ചെറു പൈതങ്ങളേ!
ഗുരുവാം യേശു അരികിൽ
തിരിവിൻ തിരു വചനങ്ങളിൽ
മരുവി പെരുകീടുവിൻ

ചരണങ്ങൾ

1 ബാല്യകാലമതെത്ര വേഗത്തിൽ മറയും നിറംകുറയും
ചിരകാലവും നില നിന്നിടാ നരയ്ക്കും ജര അണയും- വരു
2 ഇന്നു കണ്ട ഗുണങ്ങളൊക്കെയും മങ്ങി മങ്ങി മറഞ്ഞു പോം
സുന്ദരം ബഹു ഭംഗി ശക്തിയും ഒന്നിനൊന്നു കുറഞ്ഞുപോം- വരു
3 എത്രയോ പല ബാലകർ മനോദുഃഖമായ് മരിച്ചില്ലയോ
അത്രയോ ചില ഭീതികൾ ദിനം അടുക്കും നമുക്കില്ലയോ!- വരു
4 വേദവാക്യങ്ങളാകെ നാം മഹാഗീതവാക്യമായ് പാടുവാൻ
വേദനാഥനാം യേശു തന്നിൽ നാം മോദമായതു തേടുവാൻ- വരു
5 സ്നേഹമായതു പൂണ്ടിട്ടല്ലയോ മശിഹാ ഇഹ മരിച്ചാൻ
സ്നേഹമായതു കൊണ്ടിട്ടല്ലയോ തിരുരക്തത്തെ ചൊരിച്ചാൻ!-വരു

(ആമരണം ഫാരബൽ)

## 334

തി-ഏകതാളം

1 യേശുവെപ്പോലൊരുവനെനി-ക്കാശതാനെത്രയോ സൗമ്യൻ
ശാന്തശീലൻ തന്റെ വാക്കു ശാന്തി ചേർക്കും സന്താപിക്കും
2 യേശുവെപ്പോലൊരുവനെനി-ക്കാശ ജപതല്പരൻ താൻ!
ഏകനായ് പിതാവിനെ മ-ലമേൽ സദാ കണ്ടവൻ താൻ
3 യേശുവെപ്പോലൊരുവനെനി-ക്കാശ തൻ വിരോധികൾക്കും
യേശു ദയ വിട്ടൊന്നുമേ പേശിയില്ല ചെയ്തുമില്ല!
4 യേശുവെപ്പോലൊരുവനെനി-ക്കാശ നന്മയാവോളവും!
ചെയ്തവനിവനെന്നന്യേ ചൊല്ലുവാനില്ലാരും-തന്നെ
5 യേശുവെപ്പോലൊരുവനെനി-ക്കാശ മാത്രം പോരായല്ലോ!
യേശുവേ ദയ ചൊരിഞ്ഞെൻ ആശ പൂർത്തിയാക്കണമേ!

(മാണി ജോൺ കൊച്ചുകുഞ്ഞ്)

## 335

മുഖാരി-ആദിതാളം

ക്രിസ്തുമുമ്പിൽ വന്നാലാർത്തി നാസ്തിയാമല്ലോ-എന്റെ
ക്രിസ്തു മൽ പ്രാണനാഥനെ ചേർത്തു കൊണ്ടല്ലോ

ചരണങ്ങൾ

1 ചിത്തത്തിന്നാനന്ദമരുളും അന്തരം അകറ്റും-എന്റെ
നിത്യ കാവലായിരുന്നു കാത്തു കൊള്ളും താൻ- ക്രിസ്തു

2 ക്രിസ്തു എന്നപേക്ഷ കേൾക്കും ക്രിസ്തു സ്നേഹിക്കും-എന്നെ
ക്രിസ്തു എൻ പാപം ചുമന്നു മൃത്യുവേൽക്കുന്നു- ക്രിസ്തു

3 യേശു എൻ കയ്യ്പിടിച്ചു നാശമില്ലാത്ത-നല്ല
ദേശത്തിനു നടത്തും നാശമൊഴിക്കും- ക്രിസ്തു

4 അത്രഭാഗ്യ പൈതങ്ങളോടൊത്തു വെൺമയാം-ചിത്ര-
വസ്ത്രധാരിയായി വാഴാം നിത്യ കാലവും- ക്രിസ്തു

5 അക്ഷയാനന്ദപ്രദമാം മോക്ഷരാജ്യത്തിൽ-എന്റെ
രക്ഷിതാവെ സുപ്രമോദം വീക്ഷണം ചെയ്യും- ക്രിസ്തു

(മാണി ജോൺ കൊച്ചുകുഞ്ഞ്)

## 336

രൂപകതാളം

1 ബാലരാകുന്ന ഞങ്ങളെ യേശുതമ്പുരാൻ കയ്യിലേൽക്കണേ।
ബാലരാകുന്ന ഞങ്ങൾക്കും കൃപ തന്നു മോക്ഷത്തിലാക്കണേ।

2 സ്വർഗ്ഗരാജ്യത്തിൽ വന്നു ഞങ്ങളും ഭാഗ്യശാലികളാകുവാൻ
തക്ക പാതയിലാക്കണം യേശുതമ്പുരാൻ കൃപയൊന്നിനാൽ

3 പണ്ടു താൻ ഭൂവിൽ വന്ന കാലത്തു ബാലരെയണച്ചപോൽ
ഇന്നും ബാലരെ ചേർക്കുവാൻ കരം നീട്ടണേ കൃപ നൽകണേ

4 ബാലന്മാർ പലർ ലോകം വിട്ടു നിൻ മാർവ്വിൽ ചേരുന്നു നിത്യമീ-
ബാലന്മാരെയും ഓർക്കണേ നിന്റെ ആശ്വാസസ്ഥല വാസത്തിൽ

5 എന്തു ഞങ്ങളാൽ ചെയ്‌വതിന്നിതു സാദ്ധ്യമാകതിന്നപ്പനേ
ശക്തിയും നൽകി ബുദ്ധിയും നൽകി രക്ഷകാ! വഴി കാട്ടണേ!

6 പൊന്നു നായകൻ വാന മേഘത്തിൽ വന്നു മക്കളെ ചേർക്കുമെ-
ന്നാശയോടെ നിൻ മക്കളായ് ഞങ്ങളിന്നു ചേരുമാറാകണം

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 337

'Gentle Jesus meek and mild'

C. Wesley 7.S S.S. 1149

1 ശാന്തനാകും യേശുവേ! പൈതലാമെന്നെ നോക്കി
എന്നിൽ കനിവു തോന്നി എന്നിൽ കുടി കൊള്ളുക!

2 നിന്നെത്തേടി വരുന്നതും എന്നെ ചേർത്തു രക്ഷിക്ക
നിന്റെ രാജ്യം തന്നിലെ എനിക്കിടം തരിക!

3 ഇമ്പമായ് നോക്കി വേഗാൽ എന്നെ കയ്യിൽ അണയ്ക്ക!
നിൻ പ്രിയ പൈതലാവാൻ ശുദ്ധി ചെയ്ക ഇന്നെന്നെ
4 സ്നേഹം തിങ്ങും യേശുവേ! പൈതലാമെന്നെ നോക്കി
കൃപ തോന്നി രക്ഷിച്ചു മോക്ഷ ഭാഗ്യം നൽകണേ!

## 338 സഭാപ്ര. 12

1 സ്രഷ്ടാവിനെ ബാല്യകാലത്തിൽ ഓർക്കുക ബാലകാ!
ഇഷ്ടകാലം പോകും കഷ്ടകാലം വന്നു ചേരും
2 അന്നു നിന്റെ ശോഭ മങ്ങുമേ ലോക സുഖം പോമേ!
ഒന്നിനു മേലൊന്നായ് സങ്കടങ്ങൾ വന്നു കൂടും
3 കാവൽക്കാരാം കൈകൾ ക്ഷീണിക്കും കാൽകൾ വിറച്ചീടും
വാതിലാകും കണ്ണിൻ കാഴ്ചയില്ലാതായിപ്പോകും
4 പല്ലുതെല്ലാം മെല്ലെപ്പോയിടും ഇല്ലാതാകും രുചിയും
ഉള്ളിലുള്ള തീയും പോയ് ദഹനം ശാന്തമാകും
5 കൂർമ്മതയുള്ള നിൻ കർണ്ണങ്ങൾ തീർന്നിടും മന്ദമായ്
കാർമേഘതുല്യ കാർകൂന്തലും പഞ്ഞിപോലാകും

# സങ്കീർത്തനങ്ങൾ

## 339 കാമമാരതി–ആദിതാളം

പല്ലവി

തിരുച്ചെവി ചായിക്കേണമേ
ദരിദ്രനാമെൻ
കരച്ചിലും നീ കേട്ടിടേണമേ–

അനുപല്ലവി

പരത്തിൽ ദൂതരിൻ പാട്ടുകൾ
പെരുത്ത മോദമായ് കേട്ടിടും
പെരുത്തുയർന്ന ക്രിസ്തേശുവേ
നിറഞ്ഞ സങ്കടമാകയാൽ– തിരു

ചരണങ്ങൾ

1 ശരണമെന്നു നിൻമുൻവീഴുന്നോൻ
പരനേ എന്നെ
ഒരിക്കലും നീ കൈവെടിയല്ലേ
ഓരോ ദിനവും
ഇരുന്നു ഞാൻ കരഞ്ഞീടുന്നിതാ
തുറന്നു ഞാൻ പറഞ്ഞീടുന്നിതാ
ഉരുക്കമുള്ള എൻനായകാ
പൊറുക്കുകെൻ പിഴയാകവേ– തിരു

2 നിലവിളിക്കുന്നോൻ അടിയൻ
നീ കേൾക്കണമേ!
വലിയവനാമെൻ തമ്പുരാനേ!
നിലയില്ലയ്യോ!
അലയുവാൻ നിൻ അടിയനെ
അകലെ ഓടിച്ചീടരുതേ
സ്ഥലത്തിൽ വരുന്നോൻ ജപത്തിനു
ഫലം നീ കല്പിച്ചിടണമേ– തിരു

3 നിനക്കു തുല്യം ദൈവങ്ങളില്ല
നിൻ ക്രിയയെല്ലാം
നിനച്ചറിവാൻ ബുദ്ധിമാനില്ല
മന്നവനീശോ
മനസ്സലിഞ്ഞീടേണം പരാ!
അനുഗ്രഹിച്ചീടേണം പരാ!
അനർത്ഥ നാളായിതേ പരാ!
നിനക്കഭയം വീഴുന്നിതാ– തിരു

4 പെരുത്തു പാപവ്യാധിയെന്നുള്ളിൽ
നിൻ നന്മകൾക്കു
ഒരിക്കലും ഞാൻ യോഗ്യനല്ലയ്യോ
എൻ രക്ഷിതാവേ

പെരുത്ത തിന്മയാലിതാ
വരുത്തമുള്ളോരടിയനെ
നിറുത്തി നിൻ മുൻവരും വരെ
കരത്തിനാൽ താങ്ങീടേണമേ

(മോശവത്സലം)

## 340

96-ാം സങ്കീർത്തനം

'ജയിക്കുക സുവിശേഷം' എന്നരീതി

തി-ഏകതാളം

പല്ലവി

പാടുവിൻ സകല ഭൂമിയേ
ദേവനു പുതിയ പാട്ടായി
പാടുവിൻ നാഥനു പാടി
നാമം വാഴ്ത്തുവിൻ! നാൾതോറുംതന്റെ
രക്ഷയെ നിങ്ങൾ-ആർത്തറിയിപ്പിൻ

ചരണങ്ങൾ

1 ജാതികൾ അറിവതിനുതൻമഹിമയെ
സകല ജനങ്ങളോടും തൻ
അതിശയങ്ങളും വിവരിപ്പിൻ
എന്തെന്നാൽ അവൻ വലിയവൻ
ഏറ്റവും സ്തുതിക്കേറ്റവൻവാന-
ഭൂതലങ്ങളെ-നാഥനുനിങ്ങൾ- പാടു

2 ജാതികൾ തൊഴുന്നദേവകളൊക്കെയും
അസത്തുകൾ തന്നെ-ദൈവമോ
ചമച്ചവനാകാശങ്ങളെ
ഭയങ്കരൻ ദേവന്മാരേക്കാൾ
ഉന്നതൻ തിരുമുന്നിൽ വന്ദനവും
മിന്നും പ്രഭയുമെന്നുമുണ്ടെന്നു- പാടു

3 ശക്തിയും അഴകും വിശുദ്ധസ്ഥല
ജനങ്ങളിൻ കുടുംബങ്ങളേ!(ത്തുണ്ട്
കൊടുപ്പിൻ ദേവനു മഹിമയെ
കൊടുപ്പിൻ ദേവനു ശക്തിയെ
നാഥനു തിരുനാമ മഹിമ
നാൾതോറും നിങ്ങൾ-നല്കിനല്കി- പാടു

4 കാഴ്ചയെ എടുത്തവൻ മതിലകങ്ങളിൽ
ചെന്നവൻ മുമ്പിൽ വച്ചുടൻ

വിശുദ്ധിയിന്നലങ്കാരത്തിൽ
ദേവനെ തൊഴുതീടുവിൻ
സകലഭൂമിയേ! തിരുമുന്നിൽ നിങ്ങൾ
നടുങ്ങുവിനവൻ ഭയങ്കരനെന്നു- പാടു

5 വാനവൻ-വാഴുന്നതിനാലൂഴിയും
ഇളകാതെ സ്ഥിരപ്പെടുന്നഹോ!
നേരായ് നായകൻ ജനങ്ങൾക്കു
ന്യായം വിസ്തരിച്ചീടുമെന്നു
ജാതികളോടു മോദമായ് പറ-
ഞ്ഞീടുവിനാദി നാഥനു നിങ്ങൾ- പാടു

6 വാനങ്ങൾ സന്തോഷിക്കയുമൂഴിയും
ആനന്ദിക്കയുമാഴിയും
അതിൻ നിറവോടു കൂടവെ
മുഴങ്ങീടുകയും ചെയ്യട്ടെ
എല്ലാ വയലിലുള്ളതൊക്കെയും
ഉല്ലസിക്കട്ടെ നല്ലതായിട്ടു- പാടു

7 അന്നഹോ! കാട്ടിലെമരമൊക്കെയും
ആർത്തിടും ദേവതിരുമുമ്പിൽ
ദേവൻ വരുന്നു ഭൂമിയെ
ന്യായം വിധിപ്പാൻ വരുന്നിതാ
നീതിയിലൂഴിയെങ്ങും ജനങ്ങ
ളെയും വിധിക്കുമുണ്മയിൽ തന്നെ- പാടു

8 ജയംജയം-പരമതാതനു ജയംജയം
പരമ സുതനു ജയംജയം
പരമാത്മാവിനുജയംജയം
ത്രിയേക ദേവനു ജയം ജയം
ജയം ജയം യേശു നാമത്തിനു ജയം
ജയമാമേൻ ജയ മംഗളനാമമെന്നു- പാടു

(യുസ്തുസ് യൗസേഫ്)

## 341 1-ാം സങ്കീർത്തനം

ബിലഹരി-തി-ഏകതാളം

പല്ലവി

മനുജനിവൻ ഭാഗ്യവാൻ
മനുജനിവൻ ഭാഗ്യവാൻ

അനുപല്ലവി

വിനയമാം ദുഷ്ടരിന്നാലോച
നയിൽ നടക്കാതുള്ള

ചരണങ്ങൾ

1 തിരിഞ്ഞു പാപികളുടെ
വഴിയിൽ നിന്നിടാതെയും
പരിഹാസികളിൻ പീഠ-
ത്തിരുന്നിടാതെയുമുള്ള- ധന്യ

2 തനതിഷ്ടം ദേവവാക്കിൽ
ദിനവും വച്ചതിൽ നിന്നു
മനസ്സിലെല്ലാ നേരവും
നിനച്ചു ധ്യാനം ചെയ്യുന്ന- ധന്യ

3 ആറ്റരികത്തു നട്ടു
വാട്ടം ഇലയ്ക്കില്ലാതെ
ഏറ്റ കാലത്തു കനി
കായ്ക്കും വൃക്ഷത്തോടൊത്ത- ധന്യ

4 ചെയ്യുന്നതെല്ലാമവൻ
മെയ്യായ് സാധിക്കും ദുഷ്ട
ക്കരർ പാറ്റിക്കളയും
തീയ പതിർപോൽ തന്നെ- ധന്യ

5 നല്ലോർ വഴിയെ സർവ്വ
വല്ലഭനറിയുന്നു
വല്ലാത്ത ദുഷ്ടർ വഴി
എല്ലാം നശിച്ചുപോകും- ധന്യ

6 അതിനാൽ ദുഷ്ടന്മാർ ന്യായ
വിധിയിങ്കലും പാപികൾ
എഴുന്നേറ്റിടാ നീതിയു-
ള്ളവരിൻ സഭയിങ്കലും- ധന്യ

7 ക്രിസ്തു നാഥനേ ജയം
ക്രിസ്തുനാഥനേ ജയം
ക്രിസ്തേശു നാമത്തിനു
എന്നും ജയം ജയമേ- ധന്യ

(യൂസ്തൂസ് യോസഫ്)

## 342

66-ാം സങ്കീർത്തനം 16-20

ശ്രീരാഗം-ആദിതാളം

പല്ലവി

ഈ പരദൈവനഹോ നമുക്കു
പരിത്രാണനത്തിന്നധിപൻ മര
ണത്തിൽ നിന്നൊഴിവു കർത്തനാമഖില
ശക്തി നിൻ തിരുകരത്തിലുണ്ടനിശം-ഈ

ചരണങ്ങൾ

1 നാഥനാകെ-ത്തന്നരികളിൻ
വൻതലയെത്തകർക്കുംപിഴച്ചു നടക്കു
ന്നവന്റെ മുടികൾ
മുടിയനെറുകയെത്തന്നെ മുടിക്കും
ആദിനാഥനുര ചെയ്താനനിശം- ഈ

2 നിൻകാൽ ചോരയിൽചവിട്ടുവാൻ
നിന്നരികളിൽ നിന്നുനിൻനായ്ക്കളുടെനാ-
വിന്നാസ്വദിപ്പാനും-
ബാശാൻ ദേശമതിൽ നിന്നുഞാൻ തിരിപ്പി
ച്ചാഴിയാഴത്തുനിന്നരികളെവരുത്തും- ഈ

3 കണ്ടു നിൻ സഞ്ചാരമിവർ
എൻ പരനാമരചൻ വിശുദ്ധസ്ഥലത്തു
നടക്കുന്നതിനെ
മുന്നിൽപാടുന്നവർ പിന്നിൽ മീട്ടുന്നവർ
ചേർന്നു തപ്പടിക്കും കന്നിമാർനടുവിൽ- ഈ

4 യിസ്രായേലുറവിലുള്ള
നിങ്ങളനുഗ്രഹിപ്പിൻ-സകലജഗത്തിൻ
പതിയെ സഭയിൽ
ശത്രുമേലധികാരിയാം ചെറിയ ബന്യമീന
വിടംതന്നിലുണ്ടനിശം- ഈ

5 അങ്ങവരെ കരേറ്റുന്ന
യൂദജനപ്രഭുക്കൾ സെബൂലൂൻ പ്രഭുക്കൾ
നപ്താലിപ്രഭുക്കൾ
ഏകി നിന്റെ ബലമേകി നാഥനടിയാർക്കു
ചെയ്തുറപ്പിക്ക നീ സതതം- ഈ

6 ശ്രീയെറുശലേമിലുള്ള
നിൻമന്ദിരം നിമിത്തം അരചർനിനക്കു
മയന്നു തിരുമുൽ-
ക്കാഴ്ച കൊണ്ടുവരും യേശുവിന്നു ജയം
യേശുവിന്നുജയം യേശുവിന്നു ജയം- ഈ

## 343 ആദിതാളം

1 യാഹെന്നദൈവം എൻഇടയനാഹോ
യാതൊരുകുറവുമില്ലെനിക്കിനിയും
പച്ചപ്പുൽപ്പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചലജലംഎന്നെക്കുടിപ്പിക്കുന്നു-യാഹെ

2 സന്തതമെന്നുള്ളം തണുപ്പിക്കുന്നു
തൻതിരുപ്പാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്‌വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരുഭയവുമില്ല — യാഹെ
3 ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻവടികോൽ
എനിക്കൊരു വിരുന്നു നീ ഒരുക്കിടുന്നു-
എന്നുടെ വൈരികളിൻ നടുവിൽ- — യാഹെ
4 ശിരസിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യ തൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉണ്ടതൻ കരുണയാൽകവിഞ്ഞിടുന്നു- — യാഹെ
5 നന്മയും കരുണയുംഎന്നായുസ്സിൽ
ഉണ്മയായ്തുടർന്നീടുംദിനവുമഹോ
സ്വർഗ്ഗീയആലയം തന്നിലെ ഞാൻ
ദീർഘകാലംവസിക്കുംശുഭമായ്- — യാഹെ

(ഈ. വി. വറുഗീസ്)

# ഉണർവ്വിനായുള്ള വാഞ്ഛ

## 344

നാഥനാമക്രിയ-ഏകതാളം

പല്ലവി

ജീവനായകാ! ജീവനായകാ!
ജീവനറ്റതാം സഭയിൽ ജീവനൂതുക

1 ലോകമിതാ പാപം കൊണ്ടു നശിച്ചു പോകുന്നേ-ഈ
ലോകമഹിമയിൽ മുഴുകി മറന്നു ദൈവത്തെ- — ജീവ
2 ലോക ജീവരക്തത്തിന്നു ചുമതലപ്പെട്ടോർ-അയ്യോ!
ലോകമായയിൽ കിടന്നുറങ്ങുന്ന കഷ്ടം — ജീവ
3 അന്ത്യ കല്പനയനുസരിച്ചു കൊള്ളുവാൻ-ഒരു
ചിന്തപോലുമില്ല സഭ തന്നിലിന്നഹോ — ജീവ
4 പെന്തക്കോസ്താത്മാവിനെ അയയ്ക്ക ദൈവമേ! ഈ
ചിന്തയറ്റ ഞങ്ങളെ നിൻ സാക്ഷിയാക്കുക... — ജീവ
5 ശക്തി വന്നീടുമ്പോൾ ലോക പരിധിയോളവും-നിൻ
സാക്ഷിയാകുമെന്നുരച്ച പോലരുൾക നി- — ജീവ
6 ജീവത്താവിയാൽ കത്തിക്ക നിൻ സഭയതിൽ-കെട്ട
പാപിയ്ക്കായിട്ടുള്ളം നീറും സ്നേഹ മൂർത്തിയേ- — ജീവ

(റവ. റ്റി. കോശി)

## 345

മുഖാരി–തി–ഏകതാളം

പല്ലവി

പരമതാതന്റെ വലതമരുന്ന പരമ വത്സലാ
പരമ വത്സലാ! നിൻ–
കുരുതി കൊണ്ടു വീണ്ടെടുത്ത ജനത്തിൻ ദുരിതം കാണുക

1 ബഹു ജനങ്ങളിൻ നടുവിൽ നിന്നു നിൻ സാക്ഷി ചൊന്നവർ
സാക്ഷി ചൊന്നവർ–നിന്റെ
മഹത്വ നാമത്തെ ദുഷിപ്പാനിഹ വൻകുലമായല്ലോ– പരമ

2 പരമ സ്നേഹാഗ്നിയെരിഞ്ഞനുദിനം ആനന്ദിച്ചവർ
ആനന്ദിച്ചവർ–ഇതാ
പെരുത്ത വ്യാകുലം പിടിച്ചഹോ മനം തണുത്തു പോകുന്നേ!– പരമ

3 ബലിയായ് സർവ്വവും തിരുപ്പാദത്തിങ്കൽ കാഴ്ച വെച്ചവർ
കാഴ്ചവെച്ചവർ–ഇപ്പോൾ
ബലിപീഠത്തിൽനിന്നകലെ മാറിക്കൊണ്ടൊഴിഞ്ഞു പോകുന്നേ!പരമ

4 ഏറ്റം ജ്വലിച്ചു വെളിച്ചം കൊടുത്ത നിൻ ജനമിതാ
നിൻ ജനമിതാ–പല
കാറ്റിൽശക്തിയാലണഞ്ഞിരുണ്ടുകൂരിരുളായ് തീർന്നിതാ– പരമ

5 സുവിശേഷകരിൽ പലരിലും നാഥാ! വേഷമേയുള്ളൂ
വേഷമേയുള്ളൂ! ആത്മ–
ജീവൻ നിൻ ജനങ്ങളിൽ ദിനംതോറും കുറഞ്ഞുപോകുന്നേ–പരമ

6 ഈ വിധം ജനം ജീവിച്ചീടുകിൽ നശിച്ചു പോകുമേ! (2)
നിന്റെ ജീവവചനമയച്ചു ജനത്തിൽ ജീവൻ നല്കുക– പരമ

(പി. വി. തൊമ്മി)

## 346

ആദിതാളം

1 ഉണർന്നെഴുന്നേല്ക്ക തിരുസഭയേ!
മണവാളൻവരുവാൻനേരമായിതാ
ദുർഘട സമയം വരുമെന്നുള്ള
സത്യപ്രവചനം നിവർത്തിക്കുന്നേ

2 വർഗ്ഗീയ മത്സരം പെരുകിടുന്നു
നിർജ്ജീവന്മാരായിമർത്യർതീരുന്നു
പരസ്പര വൈരംപെരുകീടുന്നു
ലോകസ്നേഹിതരായ്തൻജനങ്ങളും

3 ലോകമെങ്ങും ക്ഷാമം കാളുമഗ്നിപോൽ
വേഗമായ് പടർന്നുജനത്തെയെല്ലാം
വ്യാകുല സമുദ്രമതിൽ മുക്കുന്നു
ആർ പിടിച്ചു കയറ്റും ഈ സമയത്തിൽ!

4 അക്രമം പെരുകി വരുന്നു ഭൂവിൽ
മ്ലേച്ഛബിംബസേവനിവർന്നീടുന്നു
പാരിടമടക്കി വാഴും ഭൂപന്മാർ
ആകവേ വിറച്ചു വിഭ്രമിക്കുന്നു

5 കർത്തൃസേവചെയ്തു പോർ നടത്തുവിൻ
വ്യർത്ഥികെട്ടുകളെദൂരെയാക്കുവിൻ
കർത്തൃവാസ സൗഖ്യമാസ്വദിക്കുവാൻ
പുത്തനായ രാജ്യേ വന്നുവാഴുവിൻ

6 കള്ളനെപ്പോലെതാൻ വരുംവേഗത്തിൽ
വെള്ളയുടുപ്പിന്മേൽ ചള്ളപറ്റല്ലേ
വെള്ളസിംഹാസനംതന്നിലിരിക്കും
വല്ലഭൻ കുഞ്ഞുങ്ങൾതന്നെ സ്തുതിക്കും

(ഏലിയാമ്മ ഉമ്മൻ)

## 347

ആദിതാളം

പല്ലവി

സീയോനെ നീ ഉണർന്നെഴുന്നേൽക്കുക
ശാലേം രാജനിതാ വരുവാറായ്

അനുപല്ലവി

ശീലഗുണമുള്ള സ്നേഹസ്വരൂപൻ
ആകാശമേഘത്തിൽ എഴുന്നള്ളി വരുമേ

ചരണങ്ങൾ

1 പകലുള്ള കാലങ്ങൾ അണഞ്ഞണഞ്ഞു പോയ്
കൂരിരുൾ നാളുകൾ അടുത്തടുത്തേ
ഝടുതിയായ് ജീവിതം പുതുക്കി നിന്നീടുകിൽ
മണവാളനോടു നാം ഒരുരൂപരാകും — സീയോ

2 അന്ത്യസമയങ്ങൾ അടുത്തുപോയ് പ്രിയരേ
സ്വന്തമെന്നേശുവെസാക്ഷിക്കുവിൻ
അന്ധകാര പ്രഭു വെളിപ്പെടും മുമ്പേ
സന്തോഷരാജ്യത്തിൽ ചേർന്നീടുമേ നാം- — സീയോ

3 ഭൂമണ്ഡലങ്ങൾ ഇളകിടുന്നു
വാനങ്ങൾ ആകവെ നടുങ്ങിടുന്നു
ഭ്രമതെറ്റുള്ളനിൻസാധുക്കൾകരളിൽ
ഖേദംപൂണ്ടണിഞ്ഞുവീണുഴലുന്നു- — സീയോ

4 സൈന്യത്തിൻ ശക്തിയാൽ രാജ്യങ്ങൾ ആകവെ
തകർന്നുടഞ്ഞീടുന്നുദിനം ദിനമായ്

സൈന്യത്തിൻ ശക്തിയാൽ ഒന്നിലുമല്ല
ആത്മബലത്താൽ ജയം നേടുക നാം- സീയോ
5 തിരുസഭയെ നിൻ ദീപങ്ങളെന്നുമേ
സൂര്യ പ്രഭപോൽ വിളങ്ങീടട്ടെ
മഹിതൻ താൻ തേജസ്സിൽ എഴുന്നെള്ളി വരുമ്പോൾ
ഉടലോടെ പ്രിയനെ എതിരേല്പാൻ പോകാം- സീയോ

**348** ഏകതാളം

യേശുമഹേശാ! ദീനദയാലോ
കനിയണം പാപികളിൽ നിരന്തരം

1 ഏഴകളിൻ പിഴയാകവെപോക്കി
വാഴണം ഈ യോഗം-നിരന്തരം
2 സന്നിധിബോധം നല്കുക പരനേ!
നിന്നടിപണിവോരിൽ! നിരന്തരം
3 നിൻതിരുനാമം കീർത്തനംചെയ്‌വാൻ
ചിന്തുക വരമധികം നിരന്തരം
4 നിൻതിരുവചനം ഫലപ്രദമായി
വിതയ്ക്കുകിന്നടിയാരിൽ- നിരന്തരം
5 വചനം ശ്രവിച്ചീടുംനിൻപ്രിയമക്കൾ
അനുതപ്തരായിടണം-നിരന്തരം
6 ആത്മാഭിഷേകപ്രാപ്തരായ് നിൻവര
ദാനങ്ങൾ വഹിക്കണം-നിരന്തരം
7 നിൻ സുവിശേഷം നാടുകളാകെവൻ
ജയധ്വനി മുഴക്കീടണം-നിരന്തരം
8 സ്നേഹസ്വരൂപാ! നിൻ സ്നേഹത്തിൻ ദാർഢ്യം
ഗ്രഹിച്ചീടാൻവരമരുൾക! നിരന്തരം
9 നീതിയിൻ സൂര്യാ നിൻ തേജസ്സാലെന്നുടെ
ആധികളകറ്റിടേണം-നിരന്തരം

## *രക്ഷിതാവിന്റെ വിളി*

**349** 'Hark my soul it is the Lord'

W-Cowper S.S 365

1 കേൾക്ക എന്റെ ആത്മാവേ!
യേശു മനസലിഞ്ഞു

ചോദിക്കുന്നു ഹേ പാപീ
സ്നേഹിക്കുമോ നീ എന്നെ

2 ആദിയിങ്കൽ ഞാൻ തന്നെ
തിരഞ്ഞെടുത്തു നിന്നെ
ആദ്യം. നിന്നെ സ്നേഹിച്ചു
പിന്നെ നിന്നെ രക്ഷിച്ചു

3 പെറ്റ തള്ള കുഞ്ഞിനെ
മറക്കുന്നതെങ്ങനെ?
അവൾ മറന്നീടിലും
നിന്നെ എന്നും ഞാൻ ഓർക്കും

4 നിന്നെ എന്റെ മഹത്വം
വേഗത്തിൽ ഞാൻ കാണിക്കും
എന്നാൽ ആയതിൻ മുമ്പേ
നിന്നെ ശുദ്ധി ആക്കണം

5 എൻ സിംഹാസനത്തിന്മേൽ
വേഗത്തിൽ നീ ഇരിക്കും
ഞാൻ വീണ്ടെടുത്ത പാപീ!
സ്നേഹിച്ചീടുമോ-എന്നെ?

6 എന്റെ സ്നേഹം കർത്താവേ
ഏതുമില്ല എങ്കിലും
കൃപയാലതിനെ നീ
വർദ്ധിപ്പിക്കുമാറാക

## 350 'Pass me not'

Fanny J. Crosby | 8.5.8.5 | S.S. 488

1 പോകല്ലേ കടന്നെന്നെ നീ പ്രിയയേശുവേ!
മറ്റുള്ളോരെ ദർശിക്കുമ്പോൾ നോക്കുകെന്നെയും

യേശുനാഥാ! എന്നപേക്ഷ കേൾ
മറ്റുള്ളോരെ ദർശിക്കുമ്പോൾ
നോക്കുകെന്നെയും

2 നിൻ കൃപാസനത്തിൻ മുമ്പിൽ വീണു കെഞ്ചുന്നേ!-
എൻ വിശ്വാസം ക്ഷീണിക്കുമ്പോൾ നീ സഹായിക്ക!- യേശു

3 നിന്റെ രക്തം മാത്രം എന്റെ നിത്യ ശരണം
നിന്റെ കൃപയാലെ മാത്രം എന്നുദ്ധാരണം- യേശു

4 ജീവനേക്കാൾ ഏറെ നന്നു നീയെൻ കർത്താവേ!
ഭൂമിസ്വർഗ്ഗം തന്നിലും നീ മാത്രം ആശ്രയം- യേശു

# *ദൈവകൃപ*

## 351 'സ്നേഹവിരുന്നനുഭവിപ്പാൻ' എന്നരീതി

ഏകതാളം

ദൈവ കൃപ മനോഹരമേ-എന്റെ
പ്രാണ നായകൻ എനിക്കു ചെയ്യുന്ന കൃപ മനോഹരമേ!

1 കൊടും പാപിയായിരുന്ന-എന്റെ
കഠിന പാപങ്ങൾ മോചനം ചെയ്ത കൃപ മനോഹരമേ!
ശത്രുവായിരുന്ന എന്നെ-നിന്റെ
പുത്രനാക്കി നീ തീർത്ത നിൻ കൃപ എത്ര മനോഹരമേ!- ദൈവ

2 പല പീഡകളെതിർത്തു–വരും
കാലമെനിക്കു സഹിഷ്ണുത തരും കൃപ മനോഹരമേ!
ബലഹീനനാകുമെന്നിൽ–കര-
ളലിഞ്ഞനുദിനം താങ്ങിടും കൃപ എത്ര മനോഹരമേ! ദൈവ

3 നാശ ലോകം തന്നിലെന്നെ–സത്പ്ര-
കാശമായ് നടത്തിടും നിൻ കൃപ എത്ര മനോഹരമേ!-
അരിസംഘയ നടുവിൽ–എന്നെ
തിരുച്ചിറകുള്ളിൽ മറച്ചു കാക്കുന്ന–കൃപ മനോഹരമേ!- ദൈവ

4 പതി നിറഞ്ഞ ലോകമതിൽ– നിന്റെ
പുതുജീവനിൽ ഞാൻസ്ഥിതി ചെയ്‌വാൻ കൃപയധികം നല്കണമേ
പരിശ്രമത്തിനാലെയൊന്നും–എന്നാൽ
പരമനാഥനേ കഴികയില്ല നിൻ കൃപ ചൊരിയണമേ- ദൈവ

(പി. വി. തൊമ്മി)

## 352

ശങ്കരാഭരണം–ഏകതാളം

1 കൃപ കൃപ കൃപ തന്നേ കൃപയുടെ പൈതൽ ഞാൻ
കൃപയാലെൻ ഹൃദയത്തെ കവർന്നു രക്ഷകനെൻ

2 പ്രതികൂലങ്ങളെ നീക്കി അതിമോദം ഹൃദയേ
സന്തതം തന്നിടുന്നെന്നിൽ കൃപയാലത്യുന്നതൻ

3 നിത്യനായ രക്ഷകന്റെ രക്തത്താൽ മാം കഴുകി
പുത്രനാക്കി നിത്യജീവൻ മാത്ര തോറും തരുന്നു

4 ഹല്ലേലുയ്യാ ഹല്ലേലുയ്യാ ദൈവമാം ത്രിയേകന്നു
ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഹല്ലേലുയ്യാ വന്ദനം

(റവ. റ്റി. കോശി)

## 353

ആദിതാളം

പല്ലവി

ദൈവ കൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ

ചരണങ്ങൾ

1 ഇഹ ലോകമതേ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരു സന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക്- ദൈവ

2 മനോവേദന പല ശോധന
മമ ജീവിത പാതയതിൽ

മർറാമേറിടുമ്പോളാത്മനാഥനവൻ
മാറിൽ ചാരി ഞാനാശ്വസിക്കും- ദൈവ

3 എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞീടുന്ന
ഏറ്റമടുത്ത സഹായകൻ താൻ- ദൈവ

4 എന്റെ ആയുസ്സിൻ ദിനമൊക്കെയും
തന്റെ നാമമഹത്വത്തിനായ്
ഒരു മെഴുതിരി പോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരു മാറിൽ മറഞ്ഞിടും ഞാൻ- ദൈവ

(ചാൾസ് ജോൺ)

## 354

ആദിതാളം

പൊന്നേശു തമ്പുരാൻ നല്ലൊരു രക്ഷകൻ
എന്നെസ്നേഹിച്ചു തൻ ജീവൻവെച്ചു

1 സ്വർഗ്ഗ സിംഹാസനം താതന്റെ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻ പേർക്കായ്
ദാസനെപ്പോലവൻ ജീവിച്ചു പാപിയെൻ
ശാപം ശിരസ്സതിലേറ്റിടുവാൻ

2 കള്ളനെപ്പോൽ നമുക്കുള്ളൊരു രക്ഷകൻ
കൊള്ളക്കാരൻ പോലെക്രൂശിൽതൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കുതകരുന്നെൻ
കണ്ണുനിറയുന്നെൻ രക്ഷകനേ

3 എന്തൊരു സ്നേഹമീ സാധുവെ ഓർത്തു നീ
സന്താപ സാഗരം തന്നിൽ വീണു
എന്നെവിളിച്ചുനീഎന്നെ എടുത്തു നി-
ന്നോമനപ്പൈതലായ് തീർക്കണമേ

4 പാപം പെരുകിയസ്ഥാനത്തുകൃപയും
ഏറ്റം പെരുകിയതാശ്ചര്യമേ
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൻപുത്രന്റെ രാജ്യത്തിലായ്

5 ഭൂലോകമായയിൽ മോഹം പതിച്ചെന്റെ
കാലം ഞാൻ പാഴിൽ കളഞ്ഞിടായ്വാൻ
സ്വർലോക രാജ്യത്തിൽ തങ്കകിരീടത്തി-
ലുല്ലാസമേകണേ പൊന്നേശുവേ

6 പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ
സർവ്വേശാതൃക്കയ്യിലേല്പിക്കുന്നേൻ
മാപ്പുകൾ നീയെന്നെ വീഴ്ചയിൽ നിന്നെന്റെ
സ്വപ്നത്തിൽകൂടെയുംകാക്കണമേ

7 കർത്താവുവേഗത്തിൽ മേഘങ്ങളിൽ കോടി
ദൂതന്മാരാർപ്പുമായ് വന്നിടുമ്പോൾ
എന്നിൽകനിഞ്ഞെന്നെ മാറോടണച്ചെന്റെ
സങ്കടം തീർക്കണം രക്ഷകനേ

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 355

തി–ഏകതാളം പല്ലവി

മഹാത്ഭുതമേ കാൽവറിയിൽ കാണുന്ന സ്നേഹം
മഹോന്നതൻ വഹിച്ചിടുന്നു ലോകത്തിൻ പാപം
സർവ്വലോകത്തിൻ ശാപം.

ചരണങ്ങൾ

1 ആദിയുഗങ്ങൾ തുടസ്സും ആയതിൻ മുമ്പേ
ആദിപരാ! പാപികളെ ഓർത്ത നിൻ അൻപേ!
ആശ്രയമതാണെനിക്കുള്ളാശയിൽ കൃപ-ദിവ്യ-കാരുണ്യകാമ്പേ! മഹാ

2 വേദനപ്പെടും മനുജനായവതാരം
മേദുര മനോഹരം നീ ചെയ്തതിൻ സാരം
ആരറിയുന്നതിശയമേ നിന്നുപകാരം തവ-സ്നേഹമപാരം- മഹാ

3 തിരുസഭയെ താൻ നിണത്താൽ വാങ്ങുകയെന്നോ!
തിരുഹിതത്തിൻ നിർണ്ണയങ്ങളീവിധമെന്നോ!
തിരുഹൃദയം ഏഴകൾക്കായ് തകരുകയെന്നോ?
ദൈവം കൈവിടുകെന്നോ? മഹാ

4 സ്വർഗ്ഗ സുഖമണുവോളവുമനുഭവമാക്കാൻ
യോഗ്യതയില്ലഗതിയെനിക്കല്പവുമോർക്കിൽ
ഭാഗ്യവശാൽ പാപിയാം ഞാൻ കേളിതനായി ശാപ-ശിക്ഷകൾ പോയി- മഹാ

(എം. ഈ. ചെറിയാൻ)

## 356

ഏകതാളം

1 സ്നേഹമാം താതാ! സ്വർഗ്ഗീയ നാഥാ
'അഹമഹ'ായവനേ യഹോവേ
ഇഹപരിപാലകനേ
ബഹുലമാം കൃപയാൽ തിരുഹിതമതിനാൽ
മഹിതലേസുതനെത്തന്ന ദേവേശാ
തവപാദം കുമ്പിടുന്നേൻ- തവ

2 ആദിമ മനുഷ്യൻ പാപം ചെയ്തതിനാൽ
മേദിനിയിൽ വസിക്കും മനുജർ
യാതനപ്പെട്ടിതു ഹാ

പാതകം നീക്കാൻ പാതകർക്കായ്താൻ
വേദന ഏറ്റൊരുയേശുദേവാ! തവ

3 പാപവിഹീനൻ നീതിമാനായോൻ
പാപിയെപ്പോൽ മഹാശിക്ഷയേറ്റു
പാപിയെ ശുദ്ധനാക്കാൻ
പാപത്തിൻ ഭാരം ദേഹത്തിലേറ്റു
പാപിയിൻ രക്ഷകനായനാഥാ! തവ

4 സ്വന്തജനത്താൽ തള്ളപ്പെട്ടയ്യോ!
അന്തമില്ലാത്തതാം സ്നേഹഹൃദയം
വെന്തു നീറിടുന്നിതാ...
സന്തതമന്നു ക്രൂശിന്മേൽ തൂങ്ങി
ചിന്തിനാൻ തിരുനിണം പാപികൾക്കായ്- തവ

5 മരണം സഹിച്ച ദൈവത്തിൻപുത്രൻ
മരണത്തിൻ ശക്തിയാൽ തോൽക്കപ്പെടുമോ?
മരണത്തെ താൻ ജയിച്ചു
മരിച്ചവരിൽ നിന്നുയിർത്തെഴുന്നേറ്റു!
മരിച്ചോർക്കു പുനർജീവൻ സാദ്ധ്യമാക്കി തവ

6 ലോകാന്ത്യം വരെയും കൂടെയുണ്ടെന്നു
വാക്കുരച്ചോനാൽവിശുദ്ധ റൂഹായെ
വേഗത്തിൽ അയച്ചുതന്നു
ലോകത്തെ ജയിക്കാൻപുതുശക്തി തരുന്നോൻ
വേഗത്തിൽ വരും മഹാരാജാവായി- തവ

7 പ്രാണനാഥാ! നീ പ്രാണനെത്തന്നു
ക്ഷോണിയെ വീണ്ടെടുത്തതാംസ്നേഹം
കാണുന്നു ദോഷിയാം ഞാൻ!
താണുവണങ്ങി നമിച്ചീടുന്നടിയാൻ
പാണിയിൽ താങ്ങണമേ കൃപാലോ- തവ

(റവ. കെ. പി. ഫിലിപ്പ്)

## 357 രൂപകതാളം

1 മാപാപി എന്നെ തേടിവന്നൊരു
മാ മനുസുതൻ യേശുവേ
മമ ആശതൻ വീണയിൽ കൂടെ
മോദ ഗാനങ്ങൾ പാടും ഞാൻ

2 സ്വർ മഹിമകളാകവെ വെടി-
ഞ്ഞിധരയതിൽ വന്നു താൻ
സർവ്വലോകത്തിൻ സർവ്വപാപവും
തനുവാൽ വഹിച്ചില്ലയോ?

3 ഏകനാൽ വന്ന പാതകം തീർപ്പാൻ
ഏകനായവൻ വന്നതോ
സ്നേഹമാണതിൻ കാരണമെന്ന-
തോർത്തുപാടി സ്തുതിക്കുംഞാൻ

4 സ്നേഹദീപം കൊളുത്തിയീലോക
ഘോരമാം കൂരിരുട്ടിൽ നീ
നീതിമാർഗ്ഗത്തെ ഓതി എൻ പ്രിയ
പ്രാണനായകനായവൻ

5 കാത്തുകാത്തു ഞാൻനാഥാ!നിന്നുടെ
കാഹളസ്വരം കേൾക്കുവാൻ
യേശുവേ വേഗം വന്നീടണമേ
ആശ പൂർത്തിയാക്കേണമേ!

(പി. ഡി.ജോൺ)

## *സ്നേഹം*

### 358

ഏകതാളം

1 തേടിവന്നു ദോഷിയാം എന്നെയും എന്നെയും നാഥാ
ഇത്രമാം സ്നേഹം ഉയിർ കൊടുത്തെനിക്കായ്
മന്നവാ! വർണ്ണിപ്പാൻ എളുതല്ലേ എനിക്ക്- തേടി

2 കുഞ്ഞാടിന്റെ കൂടെ ഗമിച്ചവർ പാടുമേ മോദാൽ
സീയോൻ മലയിൽ സീമയറ്റാനന്ദം
എന്നിനി ശോഭിക്കുമോ മൽ പ്രാണനാഥാ!- തേടി

3 ക്ഷോണിതലേ ക്ഷീണം ഭവിച്ചീടാതെന്നെയും നാഥാ!
ആണിപ്പഴുതുള്ള പാണികളാലേ
പ്രീണിച്ചനുഗ്രഹിച്ചീടുക നിത്യം തേടി

4 നിർത്തിടുക കളങ്കമറ്റേശുവേ കറയില്ലാതെന്നെ
പളുങ്കു കടൽ തീരത്തിരുന്നു ഞാനെന്റെ
മധുരഗാനരഥമതിലേറി ഗമിപ്പാൻ- തേടി

5 പോഷിപ്പിക്ക പഥ്യവചനമാം ക്ഷീരത്താലെന്നെ
നിർമ്മല തോയം നിത്യം കുടിപ്പിച്ച്
പച്ചപ്പുൽ ശയ്യയിൽ കിടത്തീടുന്നെന്നെ- തേടി

(എം. ഈ. ചെറിയാൻ)

### 359

മിശ്രചാപ്പ്

1 മഹൽസ്നേഹം മഹൽസ്നേഹം പരലോക പിതാവു തൻ
മകനെ മരിപ്പതിനായ് കുരിശിൽ കൈവെടിഞ്ഞോ
മകനെ മരിപ്പതിനായ് (3) കുരിശിൽ കൈവെടിഞ്ഞോ- മഹ

2 സ്വർഗ്ഗ സ്ഥലങ്ങളിലുള്ളനുഗ്രഹം നമുക്കായ്
സകലവും നൽകിടുവാൻ പിതാവിനു ഹിതമായ്
സകലവും നൽകിടുവാൻ (3) പിതാവിനു ഹിതമായ്- മഹ

3 ഉലക സ്ഥാപനത്തിൻ മുമ്പുള്ളവാ-യൊരൻപാൽ
തിരഞ്ഞെടുത്തവൻ നമ്മെ തിരു മുമ്പിൽ വസിപ്പാൻ-
തിരഞ്ഞെടുത്തവൻ നമ്മെ (3) തിരുമുമ്പിൽ വസിപ്പാൻ- മഹ

4 മലിനത മാറി നമ്മൾ മഹിമയിൽ വിളങ്ങാൻ
മനുവേലിൻ നിണം ചിന്തി നമ്മെ വീണ്ടെടുപ്പാൻ
മനുവേലിൻ നിണം ചിന്തി (3) നമ്മെ വീണ്ടെടുപ്പാൻ- മഹ

5 അതിക്രമ മോചനമാം അനുഗ്രഹമവനിൽ
അനുഭവിക്കുന്നു നമ്മൾ അവൻ തന്ന കൃപയാൽ-
അനുഭവിക്കുന്നു നമ്മൾ (3) അവൻ തന്ന കൃപയാൽ- മഹ

6 മരണത്താൽ മറയാത്ത മഹൽ സ്നേഹ പ്രഭയാൽ
പിരിയാബന്ധമാണിതു യുഗകാലം വരെയും
പിരിയാബന്ധമാണിത് (3) യുഗകാലം വരെയും- മഹ

(എം. ഈ. ചെറിയാൻ)

## 360

ത്രി-ഏകതാളം

1 യേശുവിൻ സ്നേഹമോ ശാശ്വതമാം-ശാശ്വതമാം-ശാശ്വതമാം
കാരുണ്യ നാഥൻ തൻ കൃപയാൽ
ജീവൻ നല്കി രക്ഷ ഏകി
നാശത്തിൻ സാഗരെ വീഴാതെ കാത്തിടും
നിർപ്പദം തേടുന്നീ പാപികൾ നാം പാപികൾ നാം- യേശു

2 യേശുവിൻ സ്നേഹമോ മാധുര്യമാം (3)
തേജസ്സിൽ വാഴും വല്ലഭനെ
തേടുക നാം എന്നുമെന്നും
നിർമ്മല മാനസരായി നാം സേവിടാൻ
നിത്യ മഹത്വത്തിൽ തൻ വരവിൽ-തൻ വരവിൽ- യേശു

3 യേശുവിൻ സ്നേഹമോ പാവനമാം (3)
നൽസ്തുതി ഗീതം പാടീടും നാം
ആനന്ദത്തോടെ കീർത്തിക്കും നാം
ആത്മീയ ദീപമായ് ആശാ സങ്കേതമായ്
ആശ്രയമേകുന്നു നല്ലിടയൻ നല്ലിടയൻ
യേശുവിൻ സ്നേഹമോ ശാശ്വതമാം മാധുര്യമാം പാവനമാം-

## 361

ആദിതാളം

1 ഞാൻ പാപിയായിരുന്നപ്പോൾ എന്നെ തേടി വന്നല്ലോ
എന്നുടെ പാപം വഹിച്ചവൻ കുരിശിൽ തന്നുയിർ തന്നല്ലോ

എന്തത്ഭുതം ദൈവസ്നേഹത്തിൻ ആഴം അറിവതിനെളുതല്ല
സങ്കടത്തിൽ താങ്ങി നടത്തും തൻകൃപ ചെറുതല്ല

2 രക്താംബരം പോൽ കടും ചുവപ്പായിരുന്നെന്നുടെ പാപങ്ങൾ
കർത്താവതു ഹിമസമമായ് മാറ്റി തൻ പ്രിയ മകനാക്കി- എന്ത

3 കാർമേഘമുയരുമെന്നാൽ കർത്തൻ തള്ളുകയില്ലെന്നെ
കാണും ഞാനതിൻ നടുവിൽ കൃപയെഴും തൻ മഴവില്ലൊന്ന്- എന്ത

4 അത്യുന്നതൻ തൻ മറവിൽ വാസം ചെയ്തിടും ഞാനിന്ന്
അത്യാദരം ഞാൻ പാടുമെന്നഭയവും കോട്ടയുമവനെന്ന്- എന്ത

5 സീയോൻ ഗിരിയിലൊരിക്കലിനി ഞാൻ നിൽക്കും സാദരം
കാണും പ്രിയനെ സ്തുതിയിൽ പല്ലവി പാടും ഞാനെന്നും- എന്ത

(ചാൾസ് ജോൺ)

## 362

ആദിതാളം

1 കാണുക നീയീ കാരുണ്യവാനെ കുരിശതിൽ കാൽവറിയിൽ
കേണു കണ്ണീർ തൂകുന്നു നോക്കൂ കാൽവറി മേടുകളിൽ

എന്തൊരു സ്നേഹം എന്തൊരു സ്നേഹം പാപികളാം നമ്മിൽ
നൊന്തു, നൊന്തു, ചങ്കുതകർന്നു-പ്രാണൻ വെടിയുകയായ്

2 പാപത്താൽ ഘോര മൃത്യു കവർന്ന ലോകത്തെ വീണ്ടിടുവാൻ
ആണി മൂന്നിൽ പ്രാണനാഥൻ കാണുക ദൈവസ്നേഹം- എന്തൊ

3 എന്തിനു നീയീ പാപത്തിൻ ഭാര വൻചുമടേന്തിടുന്നു
ചിന്തി രക്തം സർവ്വ പാപ ബന്ധനം പോക്കിടുവാൻ- എന്തൊ

4 ജയിച്ചവനായി വിൺപുരി തന്നിൽ ജീവിക്കുന്നൊരുപരൻ!
ജയിച്ചിടാം നാം പോരിതിങ്കൽ അത്ഭുതത്താലും ധരയിൽ- എന്തൊ

(പി. ഡി. ജോൺ)

## 363

ത്രി-ഏകതാളം

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ
ദേവാധിദേവനെ രാജാധി രാജനെ വാഴ്ത്തി വണങ്ങീടുമേ

1 അത്ഭുത നിത്യ സ്നേഹം എന്നിൽ സതതം തന്നിടും ദൈവസ്നേഹം
എന്നും മാറാത്ത ദിവ്യസ്നേഹം എന്നിൽ വസിക്കും സ്നേഹം-

2 ജ്യോതിയായ് കാണും സ്നേഹം ഉള്ളിൽ ജീവൻ തന്നു എന്നെ വീണ്ട സ്നേഹം
ത്യാഗം സഹിച്ച ക്രൂശിൻ സ്നേഹം ദിവ്യ മധുര സ്നേഹം

3 മായാ ലോകത്തിൻ മോഹംതേടി ശാപമേറ്റ എന്നെ വീണ്ട സ്നേഹം
എന്നെത്തേടിയ ദിവ്യ സ്നേഹം എന്നിൽ പെരുകും സ്നേഹം

4 ജീവനേകിയ സ്നേഹം സർവ്വ ലോകത്തിൻ ശാപത്തെ നീക്കും സ്നേഹം
ജീവ ശക്തിയാം ക്രൂശിൻ സ്നേഹം ഉള്ളം കവരും സ്നേഹം

5 വാക്കുമാറാത്ത സ്നേഹം തിരുവാഗ്ദത്തം തന്നെന്നെനിർത്തും സ്നേഹം
സർവ്വവല്ലഭനാമെൻ നാഥാ സ്തോത്രം സ്തുതി നിനക്കു

## 364 ഏകതാളം

1 അതിശയമേ യേശുവിൻ സ്നേഹം
ആനന്ദമേ ആയതിൻ ധ്യാനം
ആഴമുയരം നീളം വീതി
ആർക്കുഗ്രഹിക്കാം ഈ ഭൂവിൽ (2)

മമ മണവാളാ! നിൻ പ്രേമത്താലെ
നിറയുന്നേ എന്നുള്ളമിന്നേരം

2 മറന്നു സ്വർഗ്ഗ സുഖമഖിലവും നീ
അലഞ്ഞ എന്നെമാർവിലണപ്പാൻ
മഹത്വമേ നിൻ നാമത്തിന്
മഹത്വമേ എന്നും എന്നേക്കും (2)
മമ

3 കാത്തുകൃപയിൽകാലം മുഴുവൻ നീ
കൈവിടാതെന്നെ കൺമണിപോലെ
കലങ്ങിയുള്ളം നീറുന്നേരം
അരികിൽ വന്നേകി ആശ്വാസം (2)
മമ

4 തളർന്നനേരം തിരുഭുജമതിനാൽ
താങ്ങിയെടുത്തു താതനോടിരുത്താൻ
തരുന്നേനാഥാ! സമസ്തവും ഞാൻ
മഹത്വസേവയ്ക്കായ് മൽ പ്രിയ (2)
മമ

5 മറന്നാലും മാതാ തൻ കുഞ്ഞിനെ
മറക്കയില്ലൊരുനാളും നീയെന്നെ
വഹിച്ചുവല്ലോ നിൻ ഉള്ളം കയ്യിൽ
വാക്കുമാറാത്ത മഹേശാ (2) മമ

(കെ. എം. ജോൺ, ചപ്ലേപ്പെട്ട)

## 365 രൂപകതാളം

പല്ലവി

ദൈവസ്നേഹം പോലെ വേറെ
സ്നേഹമില്ലഹോ!

ചരണങ്ങൾ

1 അബ്ബാ താതാ! എന്നു ഞങ്ങൾ
വിളിച്ചീടുവാൻ
അംബരവാസിയാം ദൈവം
പുത്രത്വം തന്നു- ദൈവ

2 ജീവാഹാര പാനീയമാം
പ്രാണനായകൻ
ജീവനറ്റ പാപികൾക്കു
ജീവനെത്തന്നു- ദൈവ

3 നല്ലിടയനാകുന്നെന്നു
വല്ലഭൻ ചൊല്ലി
ചെല്ലും ആടുകൾ തൻ പിൻപേ
അല്ലൽ നീങ്ങിടാൻ- ദൈവ

4 സത്യമുന്തിരിവള്ളിയാം
പുത്രനാം ദൈവം
ചെത്തി ശുദ്ധമാക്കും ഫലം
അധികം കായ്പാൻ- ദൈവ

5 ആത്മാവാൽ ദൈവത്തിൻ
സ്നേഹം
പകർന്നു നമ്മിൽ
നമ്മെതാൻ സ്നേഹിച്ചപോലെ
നമ്മൾ സ്നേഹിപ്പാൻ- ദൈവ

(റവ. കെ. പി. ഫിലിപ്പ്)

## 366

ഞ്ജിരക്കു - ആദിതാളം

പല്ലവി

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ അതു
ചിന്തയിലടങ്ങാ സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ- എന്ത

ചരണങ്ങൾ

1 ദൈവമേ നിൻ മഹാ സ്നേഹത്തിൻ വിധം
ആർക്കു ചിന്തിച്ചറിയാം-എനി-
ക്കാവതില്ലല്ലോ അതിൻ ആഴമളന്നിടാൻ
എത്ര ബഹുലമതി- എന്ത

2 ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിനെളുതോ-പതി-
നായിരത്തിലൊരംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ- എന്ത

3 താതനെന്നും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന-ഏക
ജാതനാമേശുവെ പാതകർക്കായ് തന്ന
സ്നേഹമതിശയമേ- എന്ത

4 പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ്-സ്നേഹ
വാപിയേ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു- എന്ത

5 ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ-എന്നെ
കേവലം സ്നേഹിച്ചു പാലിച്ചീടും തവ-
സ്നേഹമതുല്യമഹോ- എന്ത

(പി. വി. തൊമ്മി)

## 367 'Tell me the old old story'

Miss Hankey 7s. 65 D S.S. 1131

1 യേശുവിൻ ദിവ്യസ്നേഹം എന്നോടു വർണ്ണിക്ക
തൻ ജീവനെ എൻ പേർക്കായ് വെച്ച വൃത്താന്തവും
ആയതെനിക്കെപ്പോഴും ആനന്ദം നൽകുന്നു
തൻ സ്നേഹക്കൊടിക്കീഴിൽ വസിക്കും ഞാൻ എന്നും

യേശുവിൻ ദിവ്യസ്നേഹം! യേശുവിൻ ദിവ്യസ്നേഹം
യേശുവിൻ ദിവ്യസ്നേഹം എന്നോടു വർണ്ണ്യമോ

2 യേശുവിൻ ദിവ്യസ്നേഹം എന്നോടു വർണ്ണ്യമോ
എൻ ഹൃദയത്തെ അതു കവർന്നിരിക്കുന്നു
ചിന്തിക്കുംതോറും ഏറ്റം മാധുര്യമാമതിൽ
ഇവ്വിധമാം സന്തോഷം ഉർവ്വിയിൽ ഇല്ലെങ്ങും— യേശു

3 യേശുവിൻ ദിവ്യ സ്നേഹം എന്നോടു വർണ്ണ്യമോ
അറിവിനെ കവിയും ആ സ്നേഹത്തിൻ നീളം
വീതി ഉയരം ആഴം എന്തെന്നു ഗ്രഹിപ്പാൻ
നിത്യതയിങ്കലും ഞാൻ ശക്തനായ്ത്തീരുമോ?— യേശു

4 യേശുവിൻ ദിവ്യസ്നേഹം എന്നോടു വർണ്ണ്യമോ
നിർബന്ധിക്കുന്നതെന്നെ ശുദ്ധിയിൽ ജീവിപ്പാൻ
ഈ സ്നേഹം ദിനം തോറും എൻ സോദരരോടു
കാണിപ്പാൻ നിന്റെ കൃപ നൽകേണം ദൈവമേ— യേശു

5 യേശുവിൻ ദിവ്യ സ്നേഹം എന്നോടു വർണ്ണ്യമോ
ഭൂവിൽ അതെന്നാശ്വാസം ജീവിക്കും നാളെല്ലാം
ആകർഷിക്കുന്നതെന്നെ തങ്കലേക്കെപ്പോഴും
വേഗം ഞാൻ ചേരും തന്റെ ഭാഗ്യ സന്നിധിയിൽ— യേശു

## 368 *പ്രാർത്ഥന*

ചെഞ്ചുരുട്ടി-ആദിതാളം

പല്ലവി

ഇന്നേരം പ്രിയ ദൈവമേ! നിന്നാത്മദാനം
തന്നാലും പ്രാർത്ഥിച്ചീടുവാൻ

അനുപല്ലവി

നിന്നോടു പ്രാർത്ഥിച്ചീടാൻ നിന്നടിയങ്ങൾ നിന്റെ
സന്നിധാനത്തിൽ വന്നു ചേർന്നിരിക്കുന്നു നാഥാ— ഇന്നേ

1 നിന്തിരു പാദപീഠത്തിൽ–അണയുവതിനെന്തുള്ളു ഞങ്ങളപ്പനേ!
നിൻ തിരുസുതനേശുവിൻ തിരു ജഡം മൂലം
ചിന്തിയോർ പുതു വഴി തുറന്നു പ്രതിഷ്ഠിച്ചതാൽ— ഇന്നേ

2 അന്തരമെല്ലാം നീക്കുക നിന്നടിയാരിൽ തന്നരുൾ നല്ലുണർച്ചയെ
വന്നിടുന്നൊരു ക്ഷീണം നിദ്ര, മയക്കമിവ
ഒന്നാകെ നീക്കി തന്നിടുകാത്മശക്തി— ഇന്നേ

3 ഭാരമോ ചിന്തകൾ ഞങ്ങളിൽ വരുന്ന മനസ്സാദമൊന്നും പതറിടുന്ന
ദുഷ്ട വൈരിയോടു നീ പോരാടിയടിയാർക്കു
ചോരയാൽ ജയം നൽകിടേണം പരമനാഥാ— ഇന്നേ

4 നിന്തിരു വാഗ്ദത്തങ്ങളെ-മനതളിരിൽ ചിന്തിച്ചു നല്ല ധൈര്യമായ്
ശാന്തതയോടും ഭവൽ സന്നിധി ബോധത്തോടും
സന്തതം പ്രാർത്ഥിച്ചീടാൻ നിൻ തുണ നൽകീടേണം- ഇന്നേ

5 നീയല്ലാതാരുമില്ലയ്യോ! ഞങ്ങൾക്കയ്യോ നീയല്ലോ പ്രാണനാഥനേ!
നീ യാചന കേട്ടീടാതായാൽ പിശാചിന്റെ
മായാവലയിൽ നാശമായിടുമായതിനാൽ- ഇന്നേ

(പി. വി. തൊമ്മി)

## 369

തോടി-ആദിതാളം

പല്ലവി

പ്രാർത്ഥന കേൾക്കണമേ
കർത്താവേ! എൻ യാചനനല്കണമേ!

ചരണങ്ങൾ

1 പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ-
ക്കുത്തരം തന്നരുളാമെന്നുള്ളൊരു
വാഗ്ദത്തം പോൽ ദയവായ്

2 താതനും മാതാവും നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ

3 നിത്യതയിൽ നിന്നുള്ളത്യന്ത സ്നേഹത്താൽ
ശത്രുതയെ അകറ്റി എനിക്കു നീ
പുത്രത്വം തന്നതിനാൽ

4 സ്വന്തകുമാരനെ ആദരിയാതെന്തൻ
സിന്ധുസമം കനിഞ്ഞ സംപ്രീതിയോ-
ടെന്നന്തികെ ചേർന്നിടുന്നോൻ

5 ഭൃത്യരനേകരിൻ പ്രാർത്ഥനകേട്ടു നീ
ഉത്തരം നൽകിയതോർത്തത്യാദരം
തൃപ്പാദം തേടിടുന്നേൻ

6 കള്ളന്റെയാചനകേട്ടുള്ളലിഞ്ഞ നിൻ
തുല്യമില്ലാദയയോർത്തിതാവരുന്നേൻ
നല്ലവനേ! സദയം

7 യേശുവിൻ മൂലമെൻ യാചന നല്കുമെ-
ന്നാശയിൽ കെഞ്ചിടുന്നേനല്ലാതെന്നിൽ
ലേശവും നന്മയില്ലേ!

(റ്റി. ജെ. വർക്കി)

## 370 Tune: This is the God we adore

1 എന്റെ പ്രാണസഖി യേശുവേ!
എന്റെ ഉള്ളത്തിൻ ആനന്ദമേ!
എന്നെനിൻമാർവിങ്കൽ ചേർപ്പാനായ്
വന്നിതാളിപ്പോൾ നിൻ പാദത്തിൽ

പാക-പറക-ഞാൻ പ്രാർത്ഥിക്കുമ്പോൾ
കർത്താവേ! ഈ നീച പാപിക്കു
പ്രേമ ഹിതത്തെ നീ കാട്ടുക!

2 നിന്നെ സ്നേഹിക്കുന്ന മക്കൾക്കു
ഉള്ളതാം എല്ലാ പദവികളും
അടിയാനും തിരിച്ചറിവാൻ
അപ്പനേ! ബുദ്ധിയെ തെളിക്ക!- പാക

3 എലിയാ എലീശാ പ്രവരർ
ബലമായ് ചെയ്തക്രിയകൾ കാൺമാൻ
എലോഹീം എന്നെയും ഓർക്കുക
വേലനിന്നുടെ ഞാൻചെയ്യുവാൻ- പറക

4 പാപികൾക്കു നിന്റെ സ്നേഹത്തെ
എന്റെ ശീലത്താൽ ഞാൻ കാട്ടുവാൻ
കാൽവറി മലമേൽ കാണിച്ച
നിന്റെ അൻപിൻശീലം പകർക്ക- പറക

5 എന്റെ ആയുസിന്റെ നാളെല്ലാം
നീ പോയ വഴിയെ പോകുവാൻ
ആശയോടേശുവേ! എന്നെ ഞാൻ
ജീവബലിയായി നൽകുന്നേ- പറക

(ജോൺ ഈശോ, മലബാർ)

## 371 രി. ഏകതാളം

പല്ലവി

ഉയർത്തിടും ഞാനെന്റെ കൺകൾ
തുണയരുളും വൻഗിരിയിൽ

അനുപല്ലവി

എൻസഹായം വാനം ഭൂമി
അഖിലം വാഴും യഹോവയിൽ- ഉയർത്തിടും

ചരണങ്ങൾ

1 ഇസ്രായേലിൻ കാവൽക്കാരൻ
നിദ്രഭാരം തൂങ്ങുന്നില്ല
യഹോവ എൻ പാലകൻ താൻ!
ഇല്ലെനിക്കു ഖേദമൊട്ടും- ഉയർത്തിടും
2 ശത്രു ഭീതി നീക്കി എന്നെ
രാത്രി തോറും കാത്തീടുന്നു
നീതിയിൻ സൽ പാതകളിൽ
നിത്യവും നടത്തീടുന്നു- ഉയർത്തിടും

3 ശോഭയേറും സ്വർപ്പുരിയിൻ
തീരമതിൽ ചേർന്നിടുന്നു
ശോഭിത പുരത്തിൻ വാതി-
ലെൻമുൻപിൽഞാൻ കണ്ടിടുന്നു- ഉയർത്തിടും

4 വാനസേന ഗാനം പാടി
വാണിടുന്ന സ്വർഗ്ഗ സീയോൻ
ധ്യാനിച്ചീടും നേരമെന്റെ
മാനസം മോദിച്ചീടുന്നു- ഉയർത്തിടും

5 ഹല്ലേലൂയ്യാ ഹല്ലെലൂയ്യാ
ചേർന്നിടും ഞാൻ ഭാഗ്യദേശേ
ഹല്ലേലൂയ്യാ പാടി സർവ്വ
കാലവുംഞാൻവാണീടുവാൻ- ഉയർത്തിടും

(കെ. വി. ഡേവിഡ്)

## 372 *രോഗികൾക്കുള്ള പ്രാർത്ഥന*

രൂപകതാളം

1 സർവ്വശക്തൻ യഹോവാ താൻ പരിശുദ്ധൻ! പരിശുദ്ധൻ
സാധുക്കൾക്ക് സഹായനും ആദ്യന്തനും നീയല്ലയോ!

2 രോഗികൾക്കു വൈദ്യനും നീ രോഗം നീക്കും മരുന്നും നീ
ആശ്വാസത്തെ നൽകീടേണം രോഗിയാമീ നിൻമകനും

3 നിൻ മുഖം നീ മറച്ചീടിൽ നന്മ പിന്നെ ആരു നല്കും?
തിന്മയെല്ലാം തീർത്തിടേണം കാരുണ്യങ്ങൾ ശോഭിപ്പാനായ്

4 സർവ്വശക്തൻ യഹോവായെ കോപിക്കല്ലേ സാധുക്കളിൽ
ദൈവമേ! നീ തുണയ്ക്കേണം ആത്മസൗഖ്യം കണ്ടെത്തുവാൻ

5 ശത്രുതങ്ങൾ പെരുകുന്നേ സത്യാത്മാവേ! തുണയ്ക്കേണം
ദൈവപുത്രാ! കൃപതാ! നിൻ സത്യാത്മാവിൽ മോദിച്ചീടാൻ

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 373 കുറാൽ-മിശ്രചാപ്

1 പരനേ നിൻ തിരു മുമ്പിൽ വരുന്നൊരീ സമയേ
ശരിയായ് പ്രാർത്ഥന ചെയ്‌വാൻ കൃപയതന്നരുൾക
2 ഉരുകിയിന്നടിയാർ നിന്നോടു യാചിച്ചീടുവാൻ
തരിക നിന്നാത്മാവേ പുതുമാരി പോലെ- പര
3 ഞരങ്ങി ഞങ്ങളിൻ പേർക്കായിരന്നീടുന്നവനേ!
വരികിന്നീയടിയാരിൽ ചൊരിക നിൻ വരങ്ങൾ- പര
4 അനുഗ്രഹ മുറിയിൻ പൂട്ടുകൾ താനേ തുറപ്പാൻ
മനസ്സിന്നേകതയോടു ലഭിപ്പാനായരുൾക- പര
5 ഉണർത്തിക്കും വരമെല്ലാം ക്ഷണം തന്നീടണമേ-
തുണ നീയെന്നിയെ വേറില്ലറിഞ്ഞു നൽകണമേ- പര
6 പരമാനന്ദമാം വനകത തിരുനാമ
പരനാം നിന്നോടനന്ദിച്ചീടുവാൻ നൽകണമേ- പര

(റ്റി. ജെ. വർക്കി)

## 374 മിശ്രചാപ്പ്

1 നിന്നോടു പ്രാർത്ഥിപ്പാൻ
പ്രിയ പിതാവേ
വന്ന നിൻ മക്കളെ
ചെവിക്കൊണ്ടിടേണം

2 യേശുവിൻ നാമത്തിൽ
വന്നിതാ ഞങ്ങൾ
ആശിഷം തരിക നിൻ
വാഗ്ദത്തം പോലെ

3 പരിശുദ്ധാത്മാവിൻ
സഹായത്തെ നൽകി
ശരിയായി പ്രാർത്ഥിപ്പാ-
നഭ്യസിപ്പിക്ക

4 ലോകത്തിൻ ചിന്തകൾ
ലേശമില്ലാത്ത
ഏകമാം മാനസം തന്നരുളേണം

5 ചോദിപ്പിൻ നല്കും ഞാ-
നെന്നതിൻ വാക്കിൽ
മോദമോടാശ്രയം വച്ചു നിൻ
മക്കൾ

6 എണ്ണമില്ലാത്ത നിൻകൃപ
കൾക്കായി
നന്ദിയും സ്തോത്രവുമെന്നേക്കു
മാമേൻ

(വി. നാഗൽ)

## 375 ആദിതാളം

1 പ്രാർത്ഥനയ്ക്കുത്തരം നല്കുന്നോനേ
നിന്റെ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയാനുഗ്രഹഭണ്ഡാരത്തിൻ
വാതിൽ തുറക്കണമേ

കേൾക്കണേ എൻ പ്രാർത്ഥന
നല്കണേ എൻ യാചന

2 പുത്രന്റെ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തമം തരുമെന്നരുളിയോനേ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ- കേൾക്ക

3 വചനമെന്നാത്മാവിൻ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരുശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ- കേൾക്ക

4 പാപവും രോഗവും അകറ്റിടുമാ-
രുധിരത്തിൻ അത്ഭുത ശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിന്റെ
ഹൃദയങ്ങൾ തുറക്കണമേ- കേൾക്ക

(പി. ഡി. ജോൺ)

## 376

തി-ഏകതാളം

ദൈവമേ ത്രിയേകനേ-
നിൻ സവിധേ ഞാൻ വരുന്നു-

1 അപ്പൻ തൻ മക്കളിൽ കാരുണ്യം പോൽ
ഇപ്പാപിയാമെന്നെ ദർശിക്കണേ
പുത്രമൂലം നിൻ സവിധേ
എത്തണമേ എന്റെ യാചനകൾ- ദൈവ

2 സ്വർഗ്ഗത്തിലെ ദിവ്യാനുഗ്രഹത്താൽ
നിത്യം നിറയ്ക്കാമെന്നോതിയോനേ-
സത്യവഴി യേശുവേ നീ-
നിത്യതയിലേക്കു വാതിലും നീ- ദൈവ

3 ജല്പനം ചെയ്യുവാനല്ല ഞങ്ങൾ
ഹൃദ്യമായ് നിന്നിൽ ലയിച്ചീടുവാൻ
ഏകാത്മാവാൽ ഏകമായ് നിൻ
സാന്നിദ്ധ്യം തേടി വരുന്നു ഞങ്ങൾ- ദൈവ

4 രോഗിക്കു സൗഖ്യപ്രദായകൻ നീ
പാപിക്കു രക്ഷയും നീതിയും നീ
ആത്മാവിനാൽ അത്യന്തമായ്
ശക്തീകരിച്ചു നയിപ്പതും നീ- ദൈവ

(പി. ഡി. ജോൺ)

## 377

ആദിതാളം

പരമഗുരുവരനാം യേശുവേ നീ
വരം താ പ്രാർത്ഥന ചെയ്തിടാൻ

ഇരുവരോ മൂവരോ തിരുനാമത്തിൽ
വരികിൽ വരുമെന്നരുളിയോനേ
തിരുസാന്നിദ്ധ്യം സദാ നൽകണം
ശരണം നീ മാത്രമെൻ നാഥനേ- പരമ

1 തിരുമുമ്പിൽ കഴിക്കുന്ന പ്രാർത്ഥനയ്ക്കുത്തരം
അരുളണമേ പ്രിയ നാഥനേ
മനംനൊന്തു യാചന ചെയ്യുമ്പോഴെല്ലാം
കനിവിന്റെ ഉറവുകൾ തുറന്നവനേ (2)- പരമ

2 ജനം നിന്നിലാനന്ദിച്ചീടുവാനവരിൽ
വീണ്ടും നിൻ ജീവനെ നൽകണേ
മാളികയിൽ തവ ദാസരിൽ നൽകിയ
വരങ്ങളരുളുക ഈ തരുണം (2)- പരമ

3 അനവധിയാവശ്യങ്ങൾ തിരുസവിധേ
ഉയർത്തുന്നു വിശ്വാസ കൈകളാൽ
അശരണരാകുലർ രോഗികളായവർ
കരുണയിൻ കരതലം കണ്ടിടട്ടെ (2)- പരമ

(പി. വി. ജോൺ)

## 378

ഏകതാളം

'Sweet hour of Prayer'

W.W Walford D.L.M. S.S. 318

1 പ്രാർത്ഥനയിൻ നൽ നേരമേ, ലോക ചിന്തകളകറ്റി
എന്നാഗ്രഹാവശ്യങ്ങളെ പിതാ മുൻപിൽ കേൾപ്പിക്കും നീ
ആപൽ ദുഃഖ കാലങ്ങളിൽ ആശ്വാസം കണ്ടതും ആത്മം
പേക്കെണിയിൽ വീഴാഞ്ഞതും ഇൻപമാം നീ! നിന്നാൽ തന്നെ (2)

2 പ്രാർത്ഥനയിൻ നൽനേരമേ, കാത്തിരുന്നാത്മാവേ വാഴ്ത്താൻ
നിത്യം കാത്തിരിപ്പോൻ മുമ്പിൽ എത്തിക്കുമെന്നാഗ്രഹം നീ
തന്മുഖം തേടി വചനം വിശ്വസിപ്പാൻ താൻ ചൊന്നതാൽ
തന്നിൽ മുറ്റുമാശ്രയിച്ചു നിന്നെ കാപ്പാൻ നൽനേരമേ! (2)

3 പ്രാർത്ഥനയിൻ നൽനേരമേ, പിസ്ഗാമേൽ നിന്നെൻ വീടിനെ
നോക്കി ഞാൻ പറക്കും വരെ തവ നിന്നാശ്വാസം പങ്കിടെ
ഇജ്ജഡ വസ്ത്രം വിട്ടു ഞാൻ ലാക്കിനായ് പറന്നുയർന്നു
വാനം കടക്കുമ്പോൾ നിന്നെ വിട്ടുപോകും നൽനേരമേ! (2)

## 379 സേവ

ശങ്കരാഭരണം-ഏകതാളം

ജയം ജയം കൊള്ളും നാം ജയം കൊള്ളും നാം!
യേശുവിന്റെ കൊടിക്കീഴിൽ ജയം കൊള്ളും നാം!

1 നായകനായ് യേശു തന്നെ നടത്തുന്ന സൈന്യം
മായാലോകം പിടിക്കേണ്ട ജയം കൊള്ളും നാം!- ജയം

2 സർവ്വലോക സൈന്യങ്ങളെ സാത്താൻ കൂട്ടിയാലും
സ്വർഗ്ഗനാഥൻ ചിരിക്കുന്നു ജയം കൊള്ളും നാം- ജയം

3 കൗശലങ്ങൾ തന്ത്രങ്ങളോ യേശുവിനു വേണ്ട
വചനത്തിൻ ശക്തി മതി ജയം കൊള്ളും നാം!- ജയം

4 ക്രിസ്തൻ ക്രൂശിൻ രക്തത്താലും നിത്യജീവനാലും
വിശുദ്ധാത്മ ശക്തിയാലും ജയം കൊള്ളും നാം!- ജയം

5 ഉല്ലസിക്കേണം ഹാല്ലേലൂയ്യാ ദൈവത്തിനു സ്തോത്രം
യേശു കൊണ്ട ജയത്താലെ ജയം കൊള്ളും നാം!- ജയം

(വി. നാഗൽ)

## 380 Tune-Am I a soldier of the cross

C.M. S.S. 672

1 എൻ ക്രിസ്തൻ യോദ്ധാവാകുവാൻ ചേർന്നേൻ തൻ സൈന്യത്തിൽ
തൻ ദിവ്യ വിളി കേട്ടു ഞാൻ ദൈവാത്മ ശക്തിയാൽ

നല്ല പോർ പൊരുതും ഞാൻ എൻ ക്രിസ്തൻ നാമത്തിൽ
വാടാകിരീടം പ്രാപിപ്പാൻ തൻ നിത്യ രാജ്യത്തിൽ

2 തൻ ക്രൂശു ചുമന്നിടുവാൻ ഇല്ലൊരു ലജ്ജയും
എൻപേർക്കു കഷ്ടപ്പെട്ടു താൻ എന്നെന്നും ഓർത്തിടും- നല്ല

3 പിശാചിനോടു ലോകവും ചേർന്നിടും വഞ്ചിപ്പാൻ
വേണ്ട നിൻ ചപ്പും കുപ്പയും എന്നുരച്ചീടും ഞാൻ- നല്ല

4 ഓർ മുൾ കിരീടം അല്ലയോ എൻ നാഥൻ ലക്ഷണം?
തൻ യോദ്ധാവാഗ്രഹിക്കുമോ ഈ ലോകാഡംബരം- നല്ല

5 ഞാൻ കണ്ടു വലിയ സൈന്യമായ് വിശ്വാസവീരരെ
പിൻചെല്ലും ഞാനും നിശ്ചയം ഈ ദൈവ ധീരരെ- നല്ല

6 കുഞ്ഞാട്ടിൻ തിരുരക്തത്താൽ എനിക്കും ജയിക്കാം
തൻ സർവ്വായുധ വർഗ്ഗത്താൽ എല്ലാം സമാപിക്കാം- നല്ല

7 വല്ലൊരു മുറിവേൽക്കുകിൽ നശിക്കയില്ല ഞാൻ
തൻ ശത്രുവിന്റെ കൈകളിൽ ഏൽപ്പിക്കയില്ല താൻ!- നല്ല

8 എൻ ജീവനെയും വെക്കുവാൻ എൻ നാഥൻ കല്പിക്കിൽ
സന്തോഷത്തോടൊരുങ്ങും ഞാൻ തൻ ക്രൂശിൻ ശക്തിയാൽ- നല്ല

9 വിശ്വാസത്തിന്റെ നായകാ! ഈ നിന്റെ യോദ്ധാവെ
വിശ്വസ്തനാക്കി കാക്കുക നിൻ അന്ത്യത്തോളമേ- നല്ല

(വി. നാഗൽ)

## 381 'എന്റെ തോഴരെ കൊടി കാൺക' എന്ന രീതി

1 യുദ്ധത്തിനു യുദ്ധത്തിനു കേൾക്ക കാഹളം
ശക്തിയോടു ധ്വനിക്കുന്നു സൈന്യം കൂടണം

യേശുക്രിസ്തു രാജാവാകും സർവ്വ ഭൂമിയിൽ
സേവകരാം നാമും കൂടെ വാഴും തേജസ്സിൽ

2 ക്രൂശിൻ കൊടിക്കീഴിൽ എന്നും ജയം കൊള്ളും നാം
വഴിയിൽ എതിർക്കുന്നവർ വീഴും നിശ്ചയം- യേശു

3 സാത്താൻ തന്റെ സൈന്യം കൂട്ടി എതിർ നിൽക്കുമോ?
യേശു നാമം കേട്ടിട്ടവർ ഓടുകില്ലയോ- യേശു

4 മാനുഷശക്തി ലോകയുക്തി അല്ല ആശ്രയം
ദൈവാത്മാവും ദൈവവാക്കും അത്രേ ആയുധം- യേശു

5 കാഹളങ്ങൾ ഊതി നാം അട്ടഹസിച്ചീടും
അപ്പോൾ ഇരുട്ടിന്റെ കോട്ട താനേ വീണിടും യേശു

6 നീതിസൂര്യൻ ശോഭയോടുദിക്കും ഉള്ളത്തിൽ
പാടിക്കൊണ്ടനേകർ വരും ജീവവഴിയിൽ യേശു

7 ഭൂമിയുടെ അറ്റത്തോളം സർവ്വ സൃഷ്ടിയും
ദൈവത്തിൻ മഹത്വം കണ്ടുവീണു കുമ്പിടും- യേശു

8 ഹാല്ലേലുയ്യാ ഹാല്ലേലുയ്യാ സ്തുതി സ്തോത്രവും
എന്നാളേക്കും ദൈവത്തിനും പുത്രനാത്മനും- യേശു

(വി. നാഗൽ)

## 382 Hold the fort

P.P. Bliss 8s 5s S.S.669

1 എന്റെ തോഴരേ! കൊടി കാൺക വീശുന്നാകാശേ
എൻ സഹായ സേന വരുന്നു ജയം തന്നെ!

'കോട്ട കാപ്പിൻ'-യേശു ചൊല്ലുന്നു 'വരുന്നു ഞാൻ'
'നിൻ കൃപയാൽ കാക്കാം' എന്നുത്തരമായ് ചൊല്ലിൻ

2 ശ്രേഷ്ഠ സൈന്യം ഏറുന്നു മുൻ സാത്താന്റെ ചൊൽ കീഴ്
ശക്തിമാന്മാർ വീഴുന്നേ ചുറ്റും ഭയത്തിൻ കീഴ്- കോട്ട

3 തേജസ്സിൻ ലക്ഷ്യത്തെ കാൺകനീൻ കാഹളം കേൾപ്പിൻ
സൈന്യ നാഥൻ നാമത്തിൽ ജയം രിപുക്കൾ മേൽ- കോട്ട

4 ഘോര യുദ്ധം നീണ്ടെന്നാലും കൂട്ടരുണ്ട് ഹോ!-
സൈന്യ നാഥൻ മുൻ വരുന്നു ഞാനും കൂട്ടരേ- കോട്ട

## 383 'Stand up Stand up for Jesus'

G. Duffield 7 6D S.S. 680

1 നിന്നീടിൻ യേശുവിന്നായ് ക്രിസ്ത്യ സേനകളേ
ഉയർത്തിടീൻ കൊടിയെ നഷ്ടം നേരിടല്ലേ
ജയം ജയം തനിക്കും തന്റെ സേനകൾക്കും
വൈരികൾ എല്ലാം തോൽക്കും താൻ കർത്താവായ് വാഴും

2 നിന്നീടീൻ യേശുവിന്നായ് എന്നീ പോർവിളികേൾ
നിങ്ങൾ നിദ്ര കൊണ്ടാലോ അവനു ലജ്ജ താൻ
നിൻ ഉള്ളിലും പുറത്തും കാണുന്ന തിന്മയെ
നീ നേരിട്ടു പോരാടി, ഇല്ലായ്മ ആക്കുക

3 നിന്നിടിൻ യേശുവിന്നായ് കാഹള നാദം കേൾ
മുന്നോട്ടു ചേരിൻ പോരിൽ ഈ നേരം വീരരേ
എണ്ണം ഇല്ലാ വൈരികൾ ഏറ്റം ശൗര്യം ഉള്ളോർ
പേടിപ്പിടേണ്ടവരെ ധൈര്യമായ് ചെയ്ക പോർ

4 നിന്നീടിൻ യേശുവിന്നായ് തൻ ശക്തി ശരണം
സ്വശക്തി ഫലിച്ചിടാ സ്വ ആശ്രയം വൃഥാ
സർവ്വായുധവർഗ്ഗം നീ ആത്മാവിൽ ധരിക്ക
ആപത്തിൻ നടുവിലും ആവതു ചെയ്ക നീ

5 നിന്നീടിൻ യേശുവിന്നായ് യുദ്ധം വേഗം തീരും
ഇന്നു പോരിൻ സന്നാഹം നാളെ ജയഗീതം
ജയാളിക്കു ലഭിക്കും ജീവന്റെ കിരീടം
തേജസ്സിൽ യേശുവോടു വാണിടും എന്നുമേ!

## 384 'Onward Christian soldiers'

S. Baring Gould 6.5 6.5 D S.S. 706

1 ക്രിസ്ത്യ സൈന്യമേ! വാ!
പോരിൽ നിരയായ്
മുമ്പേ പോയ യേശു
തന്നെ നോക്കീടിൻ
ക്രിസ്തു രാജൻ ഇപ്പോൾ
വൈരികൾക്കെതിർ
മുമ്പോട്ടെത്തി പോരിൽ
കാൺമീൻ, തൻ കൊടി

ക്രിസ്ത്യ സൈന്യമേ! വാ
പോരിൽ നിരയായ്
മുമ്പേ പോയ യേശു
തന്നെ നോക്കിടിൻ

2 സാത്താൻ സേന എല്ലാം
പാഞ്ഞോടുന്നു കാൺ
മുന്നോട്ടോടി എത്തിൻ
ക്രിസ്ത്യ സൈന്യമേ!
പാതാളം ഇളകി
ജയ ഭേരിയാൽ
ഘോഷിച്ചാനന്ദിപ്പിൻ
പാടിൻ ഉച്ചത്തിൽ ക്രിസ്ത്യ

3 വൻ സേനയെ പോലെ
പോകുന്നീ സഭ
ശുദ്ധർ പോയ മാർഗ്ഗേ
നാമും പോകുന്നു
നാം എവരും ഏകം

ഏക ശരീരം
സ്നേഹം ആശാ ബന്ധം
എന്നതിൽ ഏകം ക്രിസ്തു

4 ലോക രാജ്യം എല്ലാം
പോകും ഇല്ലാതായ്
ക്രിസ്തു സഭ എന്നും
എന്നും ഇരിക്കും
നരകത്തിൻ വാതിൽ
എതിരായ്‌വരാ
എന്നുചൊന്ന വാക്കു
മാറ്റമില്ലാതാം ക്രിസ്തു

5 ഹേ ജനങ്ങൾ മുമ്പോ-
ട്ടോടി വന്നീടിൻ
ഈ കൂട്ടത്തോടൊന്നി
ച്ചാനന്ദിച്ചീടിൻ
മഹത്വം സ്തുതിയും
മാനം എന്നിവ
യേശു രാജനെന്നും
ആയിരിക്കട്ടെ ക്രിസ്തു

## 385

ഏകതാളം

1 വിശ്വാസികളേ! വിശ്വാസികളേ!
ഉയർത്തിടുവിൻ ജയത്തിൻകൊടികൾ
എക്കാലം എക്കാലം ധ്വനിപ്പാൻ കാലമായ്
മൽപ്രിയൻ വരുന്നു- (2) വിശ്വാ

2 നിരന്നീടുവിൻ നിരന്നീടുവിൻ
പോർവീരരായി നാം സുധീരരായി നാം
ധരിപ്പിൻ ധരിപ്പിൻ സർവ്വായുധവർഗ്ഗം
ആത്മാവിൽ ധരിപ്പിൻ- (2) വിശ്വാ

3 സമാധാനമാം സമാധാനമാം
സുവിശേഷം ധരിപ്പിൻ കാലിനു ധരിപ്പിൻ
എല്ലാറ്റിനും മീതെ തീ അമ്പെ കെടുപ്പിൻ
തീ അമ്പെ കെടുപ്പിൻ- (2) വിശ്വാ

4 പോരാട്ടമുള്ളത് പോരാട്ടമുള്ളത്
ഈ ലോകരോടല്ല ജഡീകരോടല്ല
സ്വർലോകങ്ങളിൽ ഉള്ളവാഴ്ചകളോടും
ദുഷ്ട സൈന്യത്തോടും- (2) വിശ്വാ

5 ക്ഷീണം തീർന്നുപോം ക്ഷീണം തീർന്നുപോം
ക്ഷീണങ്ങൾ തീർന്നുപോം മൽപ്രിയൻ വരുമ്പോൾ
ആനന്ദം ആനന്ദം നിത്യാനന്ദമുണ്ട്
ജയം നമുക്കുണ്ട്- (2) വിശ്വാ

## 386 'Work for the night is coming'

A.L. Walker 7.6. 7.5D. SS.778

1 രാത്രിയിതാ വരുന്നു
അദ്ധ്വാനം ചെയ്തു കൊൾ
പ്രഭാത മഞ്ഞിൻ കാലെ
പുലരുന്നതോറും
കാറിന്നതോറും ചൂടിൽ
ചെയ്തുകൊൾ പ്രയത്നം
അദ്ധ്വാനം തീരും രാത്രി
വന്നീടുന്നിതാ

2 രാത്രിയിതാ വരുന്നു
അദ്ധ്വാനം ചെയ്തുകൊൾ
അത്യുച്ച സമയത്തും
നൽ പകലിലും
വിശ്രമം വരും വേഗം
ബദ്ധപ്പെട്ടോടുക
അദ്ധ്വാനം ഇല്ല രാത്രി
വന്നിടുന്നിതാ

3 രാത്രിയിതാ വരുന്നു
അദ്ധ്വാനം ചെയ്തുകൊൾ
അസ്തമയത്തിങ്കലും
പ്രശാന്ത്യത്തിലും
പോയ് മറയുന്ന പകൽ
അദ്ധ്വാനം തീർത്തുകൊൾ
അന്ധകാരമാം രാത്രി
വന്നിടും മുമ്പേ

## 387 തി. ഏകതാളം

ഞാനുമെന്റെ ഭവനവുമോ ഞങ്ങൾ യഹോവയെ സേവിക്കും
നന്മ ചെയ്തു ജീവിക്കും തൻ നന്മകൾ ഘോഷിക്കും-

1 രോഗങ്ങൾ നേരിടും നേരത്തിൽ-ഒന്നായ് വന്നിടും നിൻ സവിധേ
രോഗങ്ങളില്ലാതെന്നു പാലിക്കും അന്ത്യത്തോളവും- ഞാനു

2 കാർമേഘജാലങ്ങളേറിലും-കാണാതെൻ പാരമിരുളുന്നു
എൻ ഭവനത്തിലെന്നേരും-പാർത്തിടും നല്ല നാഥനായ്- ഞാനു

3 എന്റെ വീട്ടിലെന്നാളുമുണ്ട്-ജയത്തിൻ ഉല്ലാസ ഘോഷമുണ്ട്
ഹല്ലേലുയ്യാ ഗീതം പാടി-വാഴ്ത്തിടും എന്നെന്നേക്കുമായ്- ഞാനു

4 വിശ്വാസ വീരരായ്ത്തീരുന്ന-വീരസാക്ഷികളേറിടുവാൻ
എൻ ഭവനത്തിലെൻ സാക്ഷ്യം-പാലിക്കും നന്നായ് എന്നുമേ- ഞാനു

(റവ. വി. എം. മാത്യു)

## 388 ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ്

ദ്വിജാവന്തി-മിശ്രചാപ്പ്

പല്ലവി

കാന്താ! താമസമെന്തഹോ!
വന്നീടാനേശു
കാന്താ! താമസമെന്തഹോ-

അനുപല്ലവി

കാന്താ! നിൻ വരവിനായ്
കാത്തിരുന്നെന്റെ മനം
വെന്തുരുകുന്നു കണ്ണും
മങ്ങുന്നെൻ മനുവേലേ- കാന്താ

ചരണങ്ങൾ

1 വേഗത്തിൽ ഞാൻ വരുന്നെന്നു
പറഞ്ഞിട്ടെത്ര
വർഷമതായിരിക്കുന്നു!
മേഘങ്ങളിൽ വരുമെന്നു
പറഞ്ഞതോർത്തു
മോഹത്തോടെയിരിക്കുന്നു
ഏക വല്ലഭനാകും
യേശുവേ! നിന്റെ നല്ല
ആഗമനം ഞാൻ നോക്കി
ആശയോടിരിക്കയാൽ- കാന്താ

2 ദുഃഖം നീ നോക്കുന്നില്ലയോ
എന്റെ വിലാപ-
ശബ്ദം നീ കേൾക്കുന്നില്ലയോ
തക്കം നോക്കിടുന്നില്ലയോ
പിശാചെന്നനം
വേഗം ഹനിപ്പാനായയ്യോ!
തൃക്കണ്ണാലെന്നെ നോക്കി
ദുരിതങ്ങളാകെ പോക്കി
വേഗം നിൻ മണവാട്ടി-
യാക്കി ക്കൊള്ളുവാൻ പ്രിയാ!-
കാന്താ

(യുസ്തൂസ് യൗസേഫ്)

389 ശങ്കരാഭരണം-മിശ്രചാപ്പ്

പല്ലവി

എന്നു നീ വന്നിടും എന്റെ പ്രിയാ! തവ
പൊന്മുഖം ഞാനൊന്നുകണ്ടീടുവാൻ

അനുപല്ലവി

എത്രകാലം ഞങ്ങൾ കാത്തിരുന്നീടേണം
യാത്രയും പാർത്തുകൊണ്ടിമ്മരുവിൻ മദ്ധ്യേ- എന്നു

ചരണങ്ങൾ

1 ഈശാനമൂലനങ്ങുറ്റമടിക്കുന്ന
ക്ലേശ സമുദ്രമാണീയുലകം
ആശയോടെ ഞങ്ങൾ നിൻമുഖത്തെ നോക്കി
ക്ലേശമെല്ലാം മറന്നോടിടുന്നേ പ്രിയ എന്നു

2 ഈ ലോക സൂര്യന്റെ ഘോരകിരണങ്ങൾ
മാലേകിടുന്നതും കാണുന്നില്ലേ?
പാലകൻ നീയല്ലാതാരുള്ളീ ഞങ്ങൾക്കു
ഏലോഹി! നീ എന്തുതാമസിച്ചീടുന്നു എന്നു

3 എണ്ണമില്ലാതുള്ള വൈഷമ്യമേടുകൾ
കണ്ണീരൊലിപ്പിച്ചു നിന്റെ വൃതർ
ഏറിക്കടക്കുന്ന കാഴ്ച നീ കണ്ടിട്ടു-
ങ്ങാതമലതുമില്ലേ? ദേവകുമാരകാ! എന്നു

4 മേഘാരൂഢനായി താരങ്ങളേന്തി
ആദിത്യതുല്യവദനനായി
കാഹളധ്വാനവും മിന്നലുമാർപ്പുമായ്
ശീഘ്രം ഞാൻ വന്നിടുമെന്നുരചെയ്തോനേ എന്നു

5 മാർവ്വോടണച്ചെന്നെ ആശ്വസിപ്പിക്കുവാൻ
കാൽവറിക്കുന്നിലമ്മേറിയോനേ!
പൊന്മുടി എന്നെ ധരിപ്പിക്കുവാനൊരു
മുൾമുടി ഏറ്റയ്യോ! കഷ്ടം സഹിച്ചോനേ- എന്നു

6 ഇമ്മാനുവേലേ നിൻ ശോഭ നിറഞ്ഞുള്ള
അമ്മഹിമാപുരം ഒന്നു കണ്ടാൽ
ഇമ്മഹീതലത്തിൻ മോഹന വസ്തുക്കൾ
ഒന്നുമില്ലാത്തതെന്നെണ്ണാത്തതാരുതാൻ? എന്നു

7 മൃത്യുവിൽ നിന്നെന്നെ വീണ്ടെടുത്തീടുവാൻ
ദൈവകോപാഗ്നിയിൽ വെന്തെരിഞ്ഞ
സ്നേഹസ്വരൂപനാം യേശുനാഥാ-നിന്റെ
മണിയറതന്നിലങ്ങെന്നെയും-ചേർത്തിടാൻ എന്നു

(മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 390

മിശ്രചാപ്പ്

പല്ലവി

യേശുവരും വേഗത്തിൽ ആശ്വാസമേ
യേശുവരും വേഗത്തിൽ-ക്രിസ്തേശു വരും

ചരണങ്ങൾ

1 മേഘം തൻതേരും അനേകരാം ദൂതരും
ശേഖരിപ്പാൻ തന്നിലെല്ലാശുദ്ധരെ- യേശു

2 ദൈവത്തെ സത്യത്തിൽ സേവ ചെയ്തവർക്കു
ചാവിനെ ജയിച്ചു തൻ ജീവനെ കൊടുപ്പാൻ- യേശു

3 തൻതിരുവരവിന്നായ് സന്തതം കാത്തവർ-
ക്കന്തമില്ലാത്തൊരു സന്തോഷം ലഭിപ്പാൻ- യേശു

4 ഭൃത്യന്മാർതാൻ ചെയ്ത സത്യപ്രകാരം
നിത്യമഹത്വത്തിൻരാജ്യത്തിൽ വാഴാൻ യേശു

5 തൻ ജനത്തിന്നെല്ലാ നിന്ദയുംനീക്കി
അൻപുള്ള കൈ കൊണ്ടു കണ്ണുനീർ തുടപ്പാൻ- യേശു

6 തൻ തിരുമുഖത്തെ നാം കൺകൊണ്ടുകണ്ടു
സന്തുഷ്ടരായെന്നും തൻനാമംസ്തുതിപ്പാൻ- യേശു

7 ലോകത്തിൻ ചിന്തകൾ പോകട്ടെയെല്ലാം
ഏകപ്രത്യാശയുണ്ടാക എൻയേശു- യേശു

(വി. നാഗൽ)

## 391

ശ്രീരാഗം-മിശ്രചാപ്പ്

പല്ലവി

യേശുരാജന്റെഴുന്നള്ളത്തിൻ മുൻ ദൂതുകളി-
താ! നടന്നു കൊണ്ടു വരുന്നു....

അനുപല്ലവി

യേശുരാജനാകും നസറേശനാം മശിഹാ ദേവൻ
ഭൂതലത്തിലേക്കെഴുന്നെള്ളുന്നതിന്നു വന്നു കാലം
ചമഞ്ഞങ്ങൾ

1 കന്യക മകനായ് വന്നവൻ-മനുജർക്കായി
ദണ്ഡമേറ്റു ചത്തുയിർത്തവൻ-മഹിമയോടു
ഉന്നതൻ വലഭാഗ-ത്തിങ്കലിരിക്കുന്നു രാജൻ
ഉന്നത പ്രതാപമോടീ മന്നിൽ വേഗം വരുന്നതാൽ- യേശു

2 ദാവീദിന്റെ വീണു പോയൊരു-കൂടാരം ദേവാ-
ത്മാവിതാ പണി നടത്തുന്നു-അതിന്റെ കേടു-
പാടുകളൊഴിഞ്ഞൊഴിഞ്ഞു പോയിടുന്നതാൽ പുതിയ-
തായിടുന്നല്പമല്പം നിവർന്നീടുന്നിതാ! മശിഹാ- യേശു

3 യുദ്ധ കലഹങ്ങൾ പകരും വ്യാധികൾ മറ്റും
കർത്തൻ മശിഹായുരച്ച പോൽ-വന്നുകൊണ്ടഹോ!
എത്രയും നാശത്തെയിതാ ഇദ്ധരയിങ്കൽ വരുത്തി
കർത്തൃ ഭക്തരെയെഴുന്നള്ളത്തിന്നായൊരുക്കീടുന്നു- യേശു

4 രാജരാജന്റെ യാത്രയ്ക്കിതാ-അവന്റെ വഴി-
യാകവെ നന്നാക്കി വരുന്നു-നമ്മുടെ നാഥ-
ന്നായൊരു പെരുവഴിവ-നത്തിലൊരുക്കി വരുന്നു
താണ പ്രദേശങ്ങളുമുയർന്നുയർന്നിതാ വരുന്നു- യേശു

5 വക്രതയുള്ളതു ചൊവ്വായി-ത്തീർന്നു വരുന്നു
ദുർഘടമുള്ളതു സമമായ് തീർന്നു വരുന്നു
ഒക്കെയിപ്രകാരമിങ്ങൊരുങ്ങി വന്നിടുന്നതാലെ
ശീഘ്രമായെഴുന്നള്ളത്തുണ്ടാമതിനുണർന്നു കൊൾവിൻ- യേശു

(യുസ്തൂസ് യൗസേഫ്)

## 392

ത്രി.ഏകതാളം

1 യേശുവോടുചേർന്നിരിപ്പതെത്രമോദമേ
യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചിടുമന്ന
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ- യേശു

2 പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നോനവൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ?- യേശു

3 ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കീടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യ പാർപ്പിടം തന്നിൽ
വാണിടുന്ന നാളിന്നായ് ഞാൻ നോക്കിപ്പാർക്കുന്നേ- യേശു

4 അന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ
അന്നു മാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നു തന്റെ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം യേശു

5 നല്ലവനേ വല്ലഭനേ പൊന്നുകാന്തനേ
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ
തുല്യമില്ലാ മോദത്തോടെ വീണകളേന്തി
ഹല്ലേലൂയ്യാ ഗാനം പാടി വാണിടുവാനായ് യേശു

## 393 Tune-'I've reached the land

L.M. S.S. 944

1 കാൽവറിയിൽ എൻ പേർക്കഹോ
ജീവൻ കൊടുത്തോൻ രക്ഷകൻ
മഹത്വത്തിൽ ദൂതരുമായ് ഇഹത്തിൽ വീണ്ടും വന്നിടും

യേശുവരും വീണ്ടും വരും തൻ ശുദ്ധരെ ചേർത്തുകൊൾവാൻ
ആകാശ മണ്ഡലങ്ങളിൽ മേഘങ്ങളിൽ ആഘോഷമായ്
ആനന്ദമേ ഹാ! എന്നുമേ മനുവേലിന്നല്ലേലൂയ്യാ

2 ലോകത്തിൽ നാനാ ഭാഗത്തും കേൾക്കുന്നിതാ അത്യുച്ചത്തിൽ
തൻ വരവിന്നാർപ്പുവിളി ഏവരും കേട്ടുണരുവിൻ- യേശു

3 കത്തുംവിളക്കോടും അര കെട്ടിയും തന്നെ കാക്കുവിൻ
അല്ലായ്കിൽ നിങ്ങൾ ഏവരും തള്ളപ്പെടും പുറത്തഹോ- യേശു

4 വാതിൽ അടച്ച ശേഷം ഈ ഭൂതലേയുണ്ടാമേവർക്കും
അത്യന്ത കഷ്ടങ്ങൾ അവ തെറ്റി ഒഴിവിൻ ഇപ്പോഴേ- യേശു

(റ്റി. ഡി. ജോർജ്ജ്)

## 394 S.S. 1021

1 മാനവരെ രക്ഷിച്ചീടുവാനായ്
വാനത്തിൽ നിന്നിഹത്തിൽവന്നുതാൻ
ജീവനേകിയോരേശു
ഭുവിൽ തിരികെ വരും

വേഗമേശു രക്ഷകനാഗമിച്ചീടും
മേഘമതാം വാഹനേ- വേഗ

2 തൻ ശുദ്ധരെ ആകാശേ കൂട്ടുവാൻ
യേശു വരുന്നു താമസം വിനാ
പാർത്തലത്തിൽ നിന്നവർ
ചേർത്തിടും തൻ സന്നിധൗ- വേഗ

3 നിങ്ങളുടെ അരകൾ കെട്ടിയും
മങ്ങിയാതെ ദീപം വിളങ്ങിയും
കർത്താവിൻ വരവിനായ്
കാത്തിടുവിൻ സർവദാ- വേഗ

4 കുഞ്ഞാടിന്റെ കല്യാണം വനിതാ
കാന്ത അലങ്കൃത മനോഹരി
ക്ഷണിക്കപ്പെട്ടോരെല്ലാം
ധന്യരഹോ എന്നുമേ- വേഗ

(ടി. പി. ജോർജ്)

## 395 ഏകതാളം

1 ആനന്ദമാനന്ദമാനന്ദമേ
ആനന്ദമാനന്ദമേ...
ഞാനെന്റെ പ്രിയനേശുവിൻകൂടെ
വാഴുന്ന ജീവിതമേ...

2 മാലിന്യമേശാതെ കാത്തിടുന്ന
സൗഭാഗ്യമാം ജീവിതം
ഞാൻ പിന്നെ വാഴും തേജസ്സുമോർത്താൽ
ഹാ! എത്രമോദമതെ

3 ഭൂലോക ജീവിത കാലമെല്ലാം
വിജയമായ് കാത്തതാൽ
ദേവകുമാരൻ യേശുവിൻ പാദെ
നാൾതോറും വീഴുന്നേ ഞാൻ

4 താതന്റെ രാജ്യം പൂകിടുമ്പോൾ
സ്ഥാന മാനം ഏകുമേ

ഞാനന്നു പാടും പാട്ടുകൾകേട്ടാൽ
ആരുഗ്രഹിച്ചീടുമോ

5 ദേവാധിദേവൻ വീണ്ടെടുത്ത
തേജസ്സേറും കാന്തയെ
കാണുന്ന നേരം ദൂതഗണങ്ങൾ
ആശ്ചര്യം കൂറിടുമേ

## 396 തി. ഏകതാളം

1 ശുദ്ധർ സ്തുതിക്കും വീടേ ദൈവ മക്കൾക്കുള്ളാശ്രയമേ
പരിലസിക്കും സ്വർണ്ണത്തെരുവീഥിയിൽ
അതി കുതുകാൽ എന്നു ഞാൻ ചേർന്നീടുമോ

വാനവരിൻ സ്തുതി നാദം സദാ മുഴങ്ങും ശാലേമിൽ
എന്നു ഞാൻ ചേർന്നീടുമോ-പരസുതനേ
എന്നു ഞാൻ ചേർന്നീടുമോ (3)

2 മുത്തിനാൽ നിർമ്മിതമായുള്ള പന്ത്രണ്ടു ഗോപുരമേ
തവ മഹത്വം കണ്ടിട്ടാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചിടുന്നേ- വാന

3 അന്ധത ഇല്ലാതാകെ ദൈവ തേജസ്സാൽ മിന്നും വീടെ
തവവിളക്കാം ദൈവത്തിൻ കുഞ്ഞാടിനെ
അളവെന്യേ പാടി സ്തുതിച്ചീടും ഞാൻ വാന

4 കഷ്ടതയില്ലാ നാടെ ദൈവഭക്തരിൻ വിശ്രമമേ
പൂകൾ പെരുകും പുത്തനെരുശലേമേ
തിരുമാർവ്വിൽ എന്നു ഞാൻ ചാരീടുമോ- വാന

5 ശുദ്ധവും ശുഭ്രവുമായുള്ള ജീവജലനദിയിൻ
ഇരുകരയും ജീവവൃക്ഷഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ- വാന

6 കർത്തൃ സിംഹാസനത്തിൻ ചുറ്റും വീണകൾ മീട്ടിടുന്ന
സുരവരരെ ചേർന്നങ്ങു പാടീടുവാൻ
പുതുമോദം പാരം വളരുന്നഹോ- വാന

## 397 ഏകതാളം

1 ലോകെ ഞാനെൻ ഓട്ടം തികച്ചു
സ്വർഗ്ഗ ഗേഹേ വിരുതിനായി
പറന്നിടും ഞാൻ മറുരൂപമായ്
പരനേശു രാജൻ സന്നിധൗ

ദൂത സംഘമാകവെ എന്നെ എതിരേൽക്കുവാൻ
സദാ സന്നദ്ധരായ് നിന്നീടുന്നേ

ശുഭ്രവസ്ത്ര ധാരിയായ് എന്റെ പ്രിയന്റെ മുമ്പിൽ
ഹാലേലൂയ്യാ പാടിടും ഞാൻ

2 ഏറെ നാളായ് കാൺമാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞിടുമേ– ശുഭ്ര

3 നിന്ദിതന്മാരായ സിദ്ധന്മാർ
ജീവിതം വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടിടുമേ– ശുഭ്ര

4 താതൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
അതുല്യമാമനേക ബഹുമാനങ്ങൾ
വിളങ്ങിടും കിരീടങ്ങളായ്– ശുഭ്ര

5 കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരത്തിൽ
സദാ കാലം ഞാൻ മണവാട്ടിയായ്
പ്രിയനോടു കൂടെ വാഴുമേ– ശുഭ്ര

## 398 ആദിതാളം

1 കാത്തുകാത്തകനായ് നിൻ വരവോർത്തു ഞാൻ
നാളേറെ നീക്കിയെൻ യേശുദേവാ!
കാണും പ്രപഞ്ചമോ മാറുമെന്നാകിലും
മാറാത്ത വാക്കു നീ തന്നതല്ലോ

2 സംസാര സാഗരേ നീന്തി നീന്തി ഞാൻ
സന്താപത്താലുഴന്നിടുന്നല്ലോ
സന്തോഷമേകുവാൻ നിൻകൂടെ വാഴുവാൻ
സൗന്ദര്യപൊൻമുഖം കണ്ടിടുവാൻ– കാത്തു

3 സ്വന്തമായൊന്നുമേ കാണുവാനില്ലിഹെ
സ്വന്തമായ് നീ മതി യേശുദേവാ
ബന്ധുക്കൾ മിത്രവും അന്യ സന്തതം
പിന്തിരിഞ്ഞീടുമാശോകരംഗം– കാത്തു

4 ആശ്വാസമേകുക വിശ്വാസനായക
നശ്വരനാടകമാണീലോകം
ആശിഷമേകുക എൻവിശ്വാസപാതയെ
നിർഭയംപാടുവാൻ ശക്തി നൽക കാത്തു

(പി. വി. ജോൺ)

**399** ഏകതാളം

1 ഭാഗ്യനാട്ടിൽ പോകും ഞാൻ
എന്റെ ഭാഗ്യനാട്ടിൽപോകും ഞാൻ
ഭാഗ്യനാട്ടിൽചെന്നു ശുദ്ധരോടൊത്തു ഞാൻ
യേശുവെ വാഴ്ത്തീടുമേ- ഭാഗ്യ

2 മായ ഇമ്പം വിടുന്നേ–എന്റെ
ലോകസുഖങ്ങളെല്ലാം-
നായകനാം എന്റെ മന്നനെ-ഓർത്തു ഞാൻ
തൻതിരുനാമത്തിനായി- ഭാഗ്യ

3 സ്വർഗ്ഗഭാഗ്യമോർക്കുമ്പോൾ-എന്റെ
ഉള്ളമാനന്ദിക്കുന്നേ
തുള്ളിക്കളിച്ചെന്റെ സന്തോഷരാജ്യത്തിൽ
വേഗം ഞാൻ ചേർന്നീടുമേ- ഭാഗ്യ

4 ഓരോ ദിവസവും ഞാൻ-എന്റെ
പ്രിയനെ നോക്കിക്കൊണ്ട്
നേരായ പാതയിൽ സേവനം-ചെയ്തു ഞാൻ
മാർവ്വോടണഞ്ഞീടുമേ- ഭാഗ്യ

(പി. ഡി. ജോൺ)

**400** ത്രി. ഏകതാളം

1 നാമെല്ലാരും കൂടുവോം ദയലഭിച്ചോർ
നാഥനെ കൊണ്ടാടുവോം
വാനമേഘത്തേരിൽ ദൂതരിൻ-
വേഗം വന്നിടും പ്രിയൻ (സംഘമായ്

പല്ലവി

സാനന്ദം കൊണ്ടാടുവിൻ
ഹല്ലേലൂയ്യാ പാടുവിൻ
ചേരും നാമെല്ലാരും ആ സമ്മേളനദിനം
കാണും രാജൻ പൊന്മുഖം

2 കാഹളം ധ്വനിച്ചിടും അരഞൊടിയിൽ
കർത്താവിൽ മൃതരെല്ലാം
ജീവനോടെ ഭൂവിൽ വാണിടും വിശുദ്ധരും
വാനിൽപോകുംകാലമായ്- സാനന്ദം

3 നാമീലോകേഎത്തിനായ് അനുദിനവും
മേവിടുന്നു ഖേദത്താൽ
ഹാ ഹാ കണ്ണീർ കണം തുടയ്ക്കുവതിൻ കാലമായ്
ശീഘ്രം താൻ വരുന്നിതാ- സാനന്ദം

4 ഇങ്ങു നാം വിഹീനരായ് ഈ ഭൂവനെ
പാരം നിന്ദയേൽക്കുകിൽ
അങ്ങുപ്രഭുക്കളായ് മഹത്വരാജ്യേ വാണിടും
കോടി കോടി കാലമായ്- സാനന്ദം

## 401

ധനാശി    ആദിതാളം

പല്ലവി

നിൻസന്നിധിയിൽ ദൈവമേ! പൂർണ്ണസന്തോഷം പൂർണ്ണഭാഗ്യമേ

അനുപല്ലവി

തൻ മക്കൾക്കെല്ലായ്പോഴും സമ്മോദം ലഭിപ്പാനായ്
ഉൺമയായന്തമില്ലാനന്ദങ്ങൾ നിറഞ്ഞുള്ള- നിൻ

ചരണങ്ങൾ

1 വൈരികളാൽ നിറഞ്ഞതാം മഹാ ഘോര വിപിനമാം ഭൂവി
ഭയരഹിതമായ് നിൻ മക്കൾ സഞ്ചാരം ചെയ്തീടാനായ് നിൻ
ചാരത്തു ചേർന്നു ധൈര്യത്തോടെ നടന്നീടുന്ന നിൻ

2 ഉല്ലാസങ്ങൾ വൃഥാലാപം പല വല്ലാത്ത നിന്ദാ വചനം
ചൊല്ലാനരുതാത്തുള്ള മറ്റുള്ളവും വചനങ്ങൾ
എല്ലാം അല്ലാതെ കേൾപ്പാൻ ഇല്ല ലോകമക്കളിൽ- നിൻ

3 ആധി സംശയങ്ങൾ കൊണ്ടും മഹാവ്യാധി ചിന്താകുലം കൊണ്ടും
ഭീതി വളർന്നു മനമാകെ വിരണ്ടു ഞാൻ സ-
ങ്കേതം നാഥനേ! നിൻ തൃപ്പാദം പ്രാപിച്ചീടുമ്പോൾ!- നിൻ

4 വാനവസേനകളെപ്പോഴും സ്തോത്ര ഗാനങ്ങളാൽ നിൻസന്നിധൗ
ഊനമില്ലാതെ മനതാരിൽ നിറഞ്ഞ ഭക്തി
ആനന്ദങ്ങളോടെന്നും പാടി സ്തുതിച്ചീടുന്ന- നിൻ

(മോശവത്സലം)

## 402

ധനാശി-ഏകതാളം

1 യേശുദേവാ! നിന്റെ രൂപമീയെന്റെ
കണ്ണുകൾക്കെത്ര സൌന്ദര്യം
ശിഷ്യനാകുന്ന എന്നെയും നിന്നെ
പ്പോലെയാക്കണേ മുഴുവൻ

2 സ്നേഹമാം നിന്നെ കണ്ടവൻ-പിന്നെ
സ്നേഹിക്കാതെ ജീവിക്കുമോ
മഹിപ്പിക്കേണം എന്നെ അശേഷം
സ്നേഹം നൽകണം എൻപ്രഭോ!

3 ദീനക്കാരെയും ഹീനന്മാരെയും
ആശ്വസിപ്പിപ്പാൻ വന്നോനേ
ആനന്ദത്തോടെ ഞാൻ നിന്നെപ്പോലെ
കാരുണ്യം ചെയ്‌വാൻ നൽകുകേ

4 ദാസനെപ്പോലെ സേവനംചെയ്ത
ദൈവത്തിൻ ഏകജാതനേ!
വാസംചെയ്യണംഈനിൻവിനയം
എന്റെ ഉള്ളിലും നാഥനേ!

5 പാപികളുടെ വിപരീതത്തെ
എല്ലാം സഹിച്ച കുഞ്ഞാടേ!
കോപിപ്പാനല്ല ക്ഷമിപ്പാനുള്ള
ശക്തി എനിക്കും നൽകുകേ

6 തന്റെപിതാവിൻഹിതമെപ്പോഴും
മോദമോടുടൻ ചെയ്തോനേ!
എന്റെ ഇഷ്ടവും ദൈവ ഇഷ്ടത്തി-
ന്നനുരൂപമാക്കണമേ.

7 തിരുവെഴുത്തു ശൈശവം തൊട്ടു
സ്നേഹിച്ചോരാത്ത യേശുവേ!
ഗുരു നീ തന്നെ വചനം നന്നേ
ഗ്രഹിപ്പിക്ക നിൻ ശിഷ്യനെ!

8 രാത്രി മുഴുവൻ പ്രാർത്ഥിപ്പാനായു-
ണർന്നിരുന്ന എൻ യേശുവേ!
പ്രാർത്ഥിപ്പാനായും ഉണരാനായും
ശക്തി തരേണം എന്നുമേ

9 ലോക സ്ഥാനവും സാത്താൻ മാനവും
വെറുത്ത ദൈവജാതനേ!
ഏകരാം മനം തന്നിട്ടെൻ ധനം
ദൈവം താൻ എന്നോർപ്പിക്കുകേ

10 കൗശലങ്ങളും ഉപായങ്ങളും
പകെക്കും സത്യരാജാവേ!
ശിശുവിനുള്ള പരമാർത്ഥത
എന്നിലും നിത്യം കാക്കുകേ

11 ഇഹ ലോകത്തിൻ ചിന്തകൾ ലേശം
ഏശാഞ്ഞോരാശ്രിത വത്സലാ
മഹൽ ശക്തിയാം നിൻ
ദൈവാശ്രയം
കൊണ്ടെന്നുള്ളം ഉറപ്പിക്ക

12 മനുഷ്യരിലും ദൂതന്മാരിലും അതി
സുന്ദരനായോനേ
അനുദിനം നിൻ ദിവ്യസൗന്ദര്യം
എന്നാത്മാവോടാകണമേ

(വി. നാഗൽ)

## 403 'നിന്നോടടെൻ ദൈവമേ' എന്ന രീതി

6. 4. 6.4 6. 6. 4 S. S 581

1 നിൻ സന്നിധി മതി ഹാ! യേശുവേ
നിൻപ്രസാദം മതി ഈ എനിക്ക്
വൻ ദുഃഖങ്ങളിലും നിൻ സന്നിധി
മതി
നിൻസന്നിധി മതി-ഇന്നും എന്നും

2 ഭൂമിയിളകിലും മാ-സമുദ്രം-
കോപിക്കിലും ഭയം ഇല്ലെനിക്ക്
അന്നു നിൻ കൈ മതിനിൻസന്നിധി
മതി
നിൻ സന്നിധി മതി-ഇന്നും എന്നും!

3 ലോകത്തിലേകനായ് തീരുകിലും
രോഗത്താൽബാധിതൻ ആയീടിലും
ദുഃഖങ്ങളേറുമേൽ മതി-നിൻസന്നിധി
മതി
നിൻ സന്നിധി മതി-ഇന്നുമെന്നും!

4 ആയിരം ആയിരം വൈരികളാൽ
ആവൃതനാകിലും-ഞാൻ ഭ്രമിക്കാ!
ശ്രീമൻ പക്ഷം മതി നിൻ സന്നിധി
മതി
നിൻ സന്നിധി മതി-ഇന്നും എന്നും!

## 404 ചെഞ്ചുരുട്ടി-മിശ്രചാപ്പ്

പല്ലവി

എൻ പ്രിയയേശുവിൽ-ഞാൻ വസിക്കേണമേ എന്നും-

അനുപല്ലവി

കൊമ്പുമുന്തിരി വള്ളിയിൽ-എന്ന പോലെ- എൻ

ചരണങ്ങൾ

1 ക്രിസ്തുവോന്നിച്ചഹോ! മൃത്യുവേറ്റുയിർത്ത ഞാൻ
നിത്യവും തൻ കൃപയാൽ ജീവനിൽ വാഴാൻ- എൻ

2 ദൈവഹിതമതു സർവ്വ കാര്യങ്ങളിലും ഞാൻ
ചെയ്‌വതിനെന്നെയവനു സമർപ്പിച്ചു- എൻ

3 സർവ്വ ഭാരങ്ങളും രക്ഷകൻ തോളതിലേറ്റി-
സതതമവനിൽ പൂർണ്ണാശ്രയത്തോടെ- എൻ

4 കർത്താവിനോടു ഞാൻ ഏറ്റവുമാനന്ദമോടെ
നിത്യ സംസർഗ്ഗമതിൽ ജീവനം ചെയ്‌വാൻ- എൻ

5 ദൈവാത്മശക്തിയാൽ ഞാൻ നടത്തപ്പെടുന്നോനായ്
ജീവവിശ്വാസമതിനാൽ ദിനം തോറും- എൻ

6 എൻ പിതാവിനുടെ നിത്യമഹത്വമതിന്നു
ഇൻപ ഫലം വളരെ കായ്പതിനായി- എൻ

(റ്റി. ഡി. ജോർജ്ജ്)

## 405 Tune-'I will sing of my Redeemer'

8.7 SS 896

1 ഞാൻ കർത്താവിനായി പാടും
ജീവിച്ചീടും നാളെല്ലാം
ദൈവമഹത്വം കൊണ്ടാടും
കീർത്തിക്കും തൻ വാത്സല്യം

പല്ലവി

ഹല്ലേലൂയ്യാ ദൈവത്തിനും
ഹല്ലേലൂയ്യാ പുത്രനും
ഹല്ലേലൂയ്യാ ആത്മാവിനും
ഇന്നും എന്നും സർവ്വകാലത്തും

2 ഭാരമുള്ളോർ മനമല്ല
ദൈവാത്മാവിൻ ലക്ഷണം
സാക്ഷാൽ അഭിഷിക്തർക്കെല്ലാ-
ക്കാലത്തും സന്തോഷിക്കാം- ഹ

3 ദൈവ മുഖത്തിൻ മുമ്പാകെ
വീണയാലെ സ്തുതിപ്പാൻ
യേശുവിൻ തിരുരക്തത്താലെ
എന്നെ പ്രാപ്തൻ ആക്കി താൻ- ഹ

4 കേൾക്ക ദൂതന്മാരിൻ ഗാനം
ബേത്‌ലഹേമിൻ വയലിൽ
നോക്കുക പിതാവിൻ ദാനം
ചേരുക സംഗീതത്തിൽ.. ഹ

5 പാലും തേനും ഒഴുകീടും
നല്ലോർ രാജ്യം എന്റേതാം
ആശ്വാസങ്ങൾ നിറഞ്ഞീടും
ക്രിസ്തൻ ദാർഭവൻ പാർപ്പിടം- ഹ

6 പാടും ഞാൻ സന്തോഷത്താലെ
ഉള്ളം എല്ലാം തുള്ളുമ്പോൾ
പാടും എന്നെ അഗ്നിയാലെ
ശോധന ചെയ്തീടുമ്പോൾ- ഹ

7 അത്തിവൃക്ഷം വാടിയാലും
മുന്തിരിയിൻ വള്ളിയും
ഒന്നും നൽകാതിരുന്നാലും
ഞാൻ കർത്താവിൻ പുകഴും- ഹ

8 എൻ നിക്ഷേപം സ്വർഗ്ഗത്തിങ്കൽ
ആകയാൽ ഞാൻ ഭാഗ്യവാൻ
ലോകമൂടെ ദുഃഖത്തിങ്കൽ
എനിക്കുണ്ടോ ദുഃഖിപ്പാൻ- ഹ

9 ദൈവത്തിങ്കലെ സന്തോഷം
ആശ്രിതരിൻ ബലമാം
ആശയറ്റുപോയ ക്ലേശം
ദൂരത്താറിയുക നാം- ഹല്ലേ

(വി. നാഗൽ)

## 406

Tune-'Showers of blessing'

P.M S.S. 306

1 ദൈവത്തിൻ പൈതലേ! നിന്റെ
ജീവിത കാലം അതിൽ
ഓരോരോ ഭാരങ്ങളാലെ
പാരം വലഞ്ഞീടുമ്പോൾ

ചിന്താകുലങ്ങൾ
ചിന്താകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ നിൻ
പേർക്കായ്ക്കരുതുന്നുണ്ടവൻ

2 ലോകത്തിൻ ചിന്തകളാലും
രോഗ പീഡകളാലും
മറ്റു പ്രയാസങ്ങളാലും
മുറ്റും തളർന്നീടുമ്പോൾ-- ചിന്താ

3 കർത്താവിനിഷ്ടമാം വണ്ണം
നിത്യം ജീവിച്ചീടുവാൻ
നിൻ പ്രയത്നങ്ങൾ എപ്പോഴും
നിഷ്ഫലമായ് വരുമ്പോൾ-ചിന്താ

4 ദൈവം നിന്നെ നടത്തുന്നു
നിൻവഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും
അന്തരംഗത്തിലെ നിൻ- ചിന്താ

5 നിന്നുടെ പേർക്കിഹ ലോകെ
വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നീ
വിശ്വസിച്ചു സതതം- ചിന്താ

## 407 *ക്രിസ്തുവും സഭയും*

'The Church's one foundation'

S.J. Stone 8.7 SS 228

1 സഭയ്ക്കേകാടിസ്ഥാനം
തൻ കാന്തനാം ക്രിസ്തു
വെള്ളം വചനം മൂലം
അവൾ പുതുസൃഷ്ടി
അവളെ വേൾക്കാൻ വാനം
വെടിഞ്ഞു താൻ തേടി
തൻ രക്തം ചൊരിഞ്ഞതാൽ
ജീവൻ അവൾ നേടി

2 നാനാജാതിക്കാരെന്നാൽ
ഒന്നവൾ ഈ ഭൂമൌ
നീളൊന്നത്രെ രക്ഷയ്ക്കു
കർത്തൻ വിശ്വാസവും
ജനനം, സ്തുതി ഒന്നു
വിശുദ്ധ ഭോജനം
ഏകാശ അവൾ ലാക്ക്
കൃപയാൽ നിറഞ്ഞു.

3 ലോകർക്കാശ്ചര്യം, നിന്ദ
പീഡ, ഞെരുക്കവും
ശിഗ്മ, ഇടത്തൂടാലും
ഭിന്നിച്ചും കാൺകയാൽ
ശുദ്ധർ നോക്കി കരയും
എത്ര നാൾക്കീ വിധം
വേഗം വ്യാകുലം മാറും
വരും നിത്യാനന്ദം

4 പോരാട്ടം സങ്കടങ്ങൾ
പ്രയത്നം ഇരിക്കെ
വാഞ്ഛിക്കുന്നുണ്ടീ സഭ
പൂർണ്ണ ശാന്തതയെ
കാത്തിരിക്കും മഹത്വം
ദർശിക്കും നാൾവരെ
ജയം കൊള്ളും മാ സഭ
ആശ്വസിക്കും വരെ

5 ഭൂവിൽ ത്രിയേകനോടു
സംസർഗ്ഗം സഭയ്ക്കു
ജനിച്ച ശുദ്ധരോടു
രഹസ്യ കൂട്ടായ്മ
ഹാ ശുദ്ധർ, ഭാഗ്യവാന്മാർ!
ഞങ്ങളും അവർ പോൽ
സ്വർഗ്ഗേ താഴ്മയായ് വാസം!
ചെയ്യാൻ അരുൾ കർത്താ

## 408

ഏകതാളം

യേശുവിൻ തിരുസഭയേ പരിശുദ്ധ ആലയമേ
വിശുദ്ധരിൻ വംശമതേ വിശുദ്ധ പുരോഹിതർ നാം- യേശുവിൻ

1 യേശുവിൻ രക്തത്താൽ മോചിതരും
പുതിയൊരു നിയമത്തിൻ സേവകരും
വിശുദ്ധിയിൻ ആത്മാവാൽ നിറഞ്ഞീടുന്നോർ നാം
ആത്മിക ഗൃഹമാണേ-അവർ സ്വന്ത ജനമാണേ- യേശുവിൻ

2 രക്ഷയിൻ വാതിൽ കടന്നവരും
രക്ഷകനേശുവെ കണ്ടവരും
കാൽവറി സ്നേഹത്തിൻ പാതയിലെന്നെന്നും കണ്ടിടും പുതുജീവൻ
അവർ ക്രൂശിൽ പുതുജീവൻ യേശുവിൻ

3 പ്രതികൂലമനവധിളയർന്നീടുമ്പോൾ
അനുകൂലമായവൻ കൂടെയുണ്ട്
അഗ്നിയിൽ കൂടെയും കൂട്ടിനായ് വന്നിടും
ആത്മ സഖിയെന്നുമവൻ അവൻ തൻ ജീവൻ നൽകിയോൻ- യേശുവിൻ

(റവ. വി. എം. മാത്യു)

## 409

## ആശ്വാസം

'My hope is built on nothing less'

E. Mote 8.5 S.S 902

1 എൻ ആശ യേശുവിൽ തന്നെ
തൻ നീതി രക്തത്തിൽ മാത്രം
ഞാൻ നമ്പൊല്ലാ മറ്റൊന്നിനെ
എൻ യേശുമാത്രം ശരണം

പാറയാം ക്രിസ്തമേൽ നില്പേൻ
വെറും മണൽ മറ്റുള്ളിടം- (2)

2 കാർമ്മേഘങ്ങൾ അന്ധകാരം
മറയ്ക്കുമ്പോൾ തിരുമുഖം
മാറാത്തതാം തൻകൃപയിൽ
ഉറപ്പോടെ ആശ്രയമേ-പാറ

3 കല്ലോലജാലം പൊങ്ങട്ടെ
നല്ലാശ എന്ന നങ്കൂരം
ഇട്ടിട്ടുണ്ട് മറയ്ക്കുള്ളിൽ
ഒട്ടും ഭയപ്പെടുന്നില്ല- പാറ

4 തൻ രക്തം വാക്കുടമ്പടി
എൻ താങ്ങായുണ്ട് പ്രളയേ
എന്നാത്മാവും താനേ തുണ
അന്യാശ്രയങ്ങൾപോയാലും-പാറ

5 കാഹളത്തോടെ താൻവന്നു
സിംഹാസനത്തിൽ ഇരിക്കെ
തൻ നീതി മാത്രം ധരിച്ച്
മുൻ നിൽക്കും ഞാൻകുറ്റമെന്യേ-പാറ

## 410

ഏകതാളം

1 തൻ നിത്യ സ്നേഹത്താൽ നാഥൻ-അന്തമില്ലാത്തൊരു ഭാഗ്യത്തെ
എന്നേക്കുമായ് നമുക്കു നല്കി

പല്ലവി

ഹാ! എത്ര മോദം നിൻ ജീവിതം ദൈവത്തിന്റെ മൈതലേ
കണ്ണുനീരെല്ലാം തുടച്ചീടും ആ നാളിലെന്തു സന്തോഷം

2 ലോക ദുഃഖങ്ങളേറിടുമ്പോൾ-ആശ്വാസമേകുന്ന തൻകരങ്ങൾ
കൊണ്ടു നിന്നെ തലോടിടും
ദുഃഖം പ്രയാസമാകെ നീങ്ങിപ്പോം
തൻ ക്രൂശിനെ നീ ധ്യാനിക്കുമ്പോൾ — ഹാ!

3 നിൻ ജീവിതക്കപ്പലിതാ-ലോകമാകുന്ന വൻ സമുദ്രത്തിൽ
കൂടി മുമ്പോട്ടു പായുന്നു
സ്വർഗ്ഗീയ തുറമുഖത്തെത്തിടുമ്പോൾ
നായകൻ നിന്നെ സ്വീകരിക്കും — ഹാ!

4 ശത്രുക്കളാരുമില്ലാത്ത വീട്ടിൽപളുങ്കുനദി പ്രവഹിക്കും തീരത്തിൽ
നിശ്ചയമായ് നീ ആനന്ദിക്കും
ഈ ലോകത്തിന്റെ എല്ലാ മോഹങ്ങളും
എന്നേക്കുമായ് നീ പരിത്യജിക്കും- — ഹാ!

## 411 ആദിതാളം

പല്ലവി

എന്റെ ജീവനാഥനേശുവേ
നിന്റെ സ്വരമെൻ ചെവിയിൽ
ഇമ്പമോടെ വന്നടിച്ചിടുന്നു
ഞാൻ കേട്ടു നാഥാ

ചരണങ്ങൾ

1 ക്ഷീണപാപിയേ വായെന്നിൽ
ആശ്വസിക്ക നീ സതതം-
ക്ഷീണമുള്ള നിൻ തലയെന്മാർവ്വിൽ
ചാരി സുഖിക്ക- — എന്റെ
2 വന്നു കണ്ടു ശാന്തതയെ
യേശുവിന്റെ സ്നേഹമാർവ്വിൽ
എന്നെയടുപ്പിച്ചു സന്തോഷത്താൽ
ദുഃഖങ്ങൾ മാറ്റി- — എന്റെ
3 സർവ്വവും ഞാൻ ദാനമായി
നിർവ്യാജം തരുന്നു പാപി
ജീവവെള്ളം നീ കുടിച്ചാനന്ദം
പ്രാപിച്ചീടുക- — എന്റെ
4 ജീവനദിയിൽ നിന്നു ഞാൻ
മോദമോടെ പാനം ചെയ്തു
കേവലമെൻദാഹം ശമിച്ചിപ്പോൾ
ജീവിക്കുന്നു ഞാൻ- — എന്റെ

5 കൂരിരുളാൽ മൂടിയോരീ
ലോകത്തിനു ഞാൻ വെളിച്ചം
പാരാതെ നീയെന്നെ നോക്കിനോക്കി
നിത്യം സുഖിക്ക- എന്റെ

6 എന്റെ ജീവ കാലമെല്ലാം
യേശുവെന്ന മെയ് വെളിച്ചം
കണ്ടു നടപ്പാൻ കൃപ നല്കേണം
ദേവാധി ദേവാ- എന്റെ

(വി. നാഗൽ

## 412 ആദിതാളം

1 ആശ്വാസമേ എനിക്കേറെ തിങ്ങീടുന്നു
വിശ്വാസ കണ്ണാൽ ഞാൻ നോക്കീടുമ്പോൾ
സ്നേഹമേറീടുമെൻ രക്ഷകൻ സന്നിധൗ
ആനന്ദക്കൂട്ടരെ കാണുന്നല്ലോ
2 ആമോദത്താൽ തിങ്ങി ആശ്ചര്യ മോടവർ
ചുറ്റുംനിന്നു സ്തുതിചെയ്തീടുന്നു
തങ്കതിരുമുഖം കാൺമാൻകൊതിച്ചവർ
ഉല്ലാസത്തോടിതാ നോക്കീടുന്നു
3 തൻ കൈകളാൽ കണ്ണുനീരെല്ലാം താതൻതാൻ
എന്നേക്കുമായി തുടച്ചിതല്ലോ
പൊൻവീണകൾ ധരിച്ചാമോദ പൂർണ്ണരായ്
കർത്താവിനെ സ്തുതി ചെയ്യുന്നവർ
4 കുഞ്ഞാടിന്റെ രക്തം തന്നിൽ തങ്ങൾ അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണവിശുദ്ധരായ്ത്തീർന്നവരേശുവിൻ
തങ്കരുധിരത്തിൻ ശക്തിയാലെ
5 തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോല ഏറ്റിട്ടവർസ്തുതി
പാടീട്ടാനന്ദമോടാർത്തീടുന്നു
6 ചേർന്നീടുമേ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനിക്കൊന്നുംവേണ്ടാ എന്റെ
നാഥന്റെ സന്നിധൗ ചേർന്നാൽ മതി
7 കർത്താവേ വിശ്വാസപ്പോരിൽ തോല്ക്കാതെന്നെ
അവസാനത്തോളം നീ നിർത്തേണമേ
ആകാശമേഘത്തിൽ കാഹള നാദത്തിൽ
അടിയനും നിൻ മുമ്പിൽ കാണേണമേ

(തുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

**413** 'യേശു എന്നാത്മ സഖേ' എന്ന രീതി

7.5 S.S. 227

1 ദൈവത്തിൽ ഞാൻ കണ്ടൊരു-നിർഭയമാം പാർപ്പിടം
ഇത്ര സൗഖ്യമെങ്ങുമേ-കാണുന്നില്ല സാധു ഞാൻ

തന്റെ ചിറകിനു കീഴ് ദുർഘടങ്ങൾ നീങ്ങി ഞാൻ
വാഴുന്നെന്നതുമോദമായ്-പാടും ഞാനത്യുച്ചമായ്!

2 തന്റെ നിഴലിനു കീഴ് മന്നനായ് ഞാൻ പാർക്കയാൽ
രാപ്പകൽ ഞാൻ നിർഭയൻ-ഭീതിദൂരെ പാഞ്ഞു പോയ് — തന്റെ

3 ഘോരമഹാമാരിയോ കൂരിരുട്ടിൻ വേളയോ
ഇല്ല തെല്ലും ചഞ്ചലം നാഥനുണ്ടു കൂടവെ.. — തന്റെ

4 ആയിരങ്ങളെന്നുടെ നേർക്കു വന്നെതിർക്കിലും
വീതിയുള്ള പക്ഷങ്ങൾ സാധുവെ മറച്ചിടും... — തന്റെ

5 സ്നേഹശാലി രക്ഷകൻ-കേടകം തൻ സത്യമാം
എന്റെ ചങ്കിലുണ്ടിതാ രക്ഷിതാവിൻ പേർ സദാ!- — തന്റെ

(കെ. വി. സൈമൺ)

**414** ദൈവശരണസൗഖ്യം-ഏകതാളം

പല്ലവി

പരപരമേശാ! വരമരുളീശാ!
നീയത്രേ എൻ രക്ഷാ സ്ഥാനം

ചരണങ്ങൾ

1 നിന്നെ കാണും ജനങ്ങൾക്കു പിന്നെ ദുഃഖമൊന്നുമില്ല- പര
2 നിന്റെ എല്ലാ നടത്തിപ്പും എന്റെ ഭാഗ്യ നിറവല്ലോ- പര
3 ആദിയിങ്കൽ കൈപ്പാകിലുമന്ത്യമോ മധുരമത്രേ!- പര
4 കാർമേഘത്തിനുള്ളിലീ ഞാൻ മിന്നും സൂര്യശോഭ കാണും!- പര
5 സന്ധ്യയിങ്കൽ വിലാപവും സന്തോഷമുഷസ്സിങ്കലും!- പര
6 നിന്നോടൊന്നിച്ചുള്ള വാസം എന്റെ കണ്ണീർ തുടച്ചീടും!- പര
7 നിന്റെ മുഖ ശോഭ മൂലം എന്റെ ദുഃഖം തീർന്നു പോകും!- പര

(കെ. വി. സൈമൺ)

## 415

ചെഞ്ചുരുട്ടി-ആദിതാളം

പല്ലവി

യേശുവേ! തിരുനാമമെത്ര മധുരം
ഭൂമിയിലഗതിക്കെൻ-യേശുവേ

1 ആശ്വാസമേശുവോൻ ആരോഗ്യം രോഗിക്കുള്ളിൽ
വിശ്വ ബന്ധു നീയെന്യേ വേറാരും ഇല്ലേ സ്വാമി- യേശുവേ

2 ഖേദം ഒഴിക്കും ഭവാൻ ഭീതി അകറ്റും ഭവാൻ
താതൻ മാതാവും ഭവാൻ നിത്യം അടിമയ്ക്കല്ലോ- യേശുവേ

3 നാഥാ! നാഥനായും ഭവാൻ എന്നാചാര്യൻ രാജൻ നീ
എന്നും സഖി ജീവൻ നീ എൻ ഭാഗ്യവും നീയല്ലോ- യേശുവേ

4 സങ്കേതമേ! മലയേ എൻഖേടയം വഴി നീ
എൻകർത്താവേ! ഭർത്താവേ! എൻജീവനും ഇടയൻ.. യേശുവേ

5 നിക്ഷേപം ലക്ഷ്യം ഭവാൻ രക്ഷാസ്ഥലം ശിരസ്സ്!
രക്ഷാകരൻ ഗുരുവേ സാക്ഷി മദ്ധ്യസ്ഥനും നീ- യേശുവേ

6 എന്നിൽ നിന്നേ സ്തുതിപ്പാൻ മന്നും പ്രാണിയിങ്ങില്ലേ
നിന്നെ വന്ദുകണ്ണെന്നും-നന്നേപാടും അടിയൻ- യേശുവേ

7 അത്താൽ കൂടാതെ കർത്താ ചേർത്തിടേണം അങ്ങെന്നെ
മൃത്യു പിടിക്കുംവോളം കാത്തിടേണമേ പ്രിയൻ- യേശുവേ

8 നിത്യം അഗതി തിരുസ്തോത്രം സ്വർഗ്ഗേ ധ്വനിപ്പാൻ
സത്യം വിടാതെ ഓടിയെത്തും തിരുകൃപയാൽ- യേശുവേ

(ഭോശവത്സലം)

## 416

*രോഗികളെ സന്ദർശിക്കുക*

Fanny J. Crosby 'Draw me nearer' 6. 6. 6. 4 S S 607

1 എന്നെ രക്ഷിപ്പാൻ ഉന്നതം വിട്ടു
മന്നിൽ വന്ന കർത്താവേ!
നിന്നെ സ്വർഗ്ഗത്തിൽ നിന്നിഹകൊണ്ടു
വന്നതു നിൻ സ്നേഹമേ!

ആകർഷിക്ക എന്നെപ്രിയരക്ഷകാ
നീ മരിച്ച ക്രൂശിങ്കൽ
ആകർഷിക്ക എന്നെപ്രിയരക്ഷകാ
നിൻ മുറിഞ്ഞ മാർവ്വിങ്കൽ

2 നാവുകൊണ്ടു ചൊല്ലാവതിന്മേൽനീ
നോവെൻ പേർക്കായേറ്റല്ലോ
ഈവിധം സ്നേഹം ജീവനാഥാ! ഈ
ഭൂവിലാർക്കുമില്ലഹോ!- ആക

3 നിങ്കലേക്കെന്നെ ആകർഷിപ്പാനായ്
ത്യാഗമാം നിൻ സുതനെ
നിൻകരത്താൽ നീ എങ്കൽ അയച്ച
നിൻ കൃപയ്ക്കായ് സ്തോത്രമേ- ആ

4 നിൻസ്വരൂപത്തോടനുരൂപമായ്
വരുവാൻ നാളിൽ നാളിൽ
ചൊരികാത്മാവിൻ വരങ്ങൾ എന്നും
നിറവായ് നീയെന്നുള്ളിൽ- ആ

5 ജീവനുള്ളതാം ദൈവവചനം
സർവ്വ നേരവുമെന്റെ
പാവനാഹാരമാവതിനെന്നും
ദിവ്യകൃപ നല്കുക- ആ

6 ഉന്നതത്തിൽ നിൻസന്നിധൗ വന്നു
നിന്നെ ഞാൻ കാണുമന്നാൾ
എന്നിലുണ്ടാമാനന്ദമവർണ്ണ്യം
എന്നുമെന്നേക്കും ഭാഗ്യം- ആ

## 417 പുതുവർഷം

'Father let me dedicate' 7. 5 7. 5 Double

1 ദൈവമേ ഈ ആണ്ടിനെ
പ്രതിഷ്ഠിക്കുന്നു
എടുപ്പാൻ എൻ പങ്കിനെ
കാത്തിരിക്കുന്നു
ഇല്ലെനിക്കിതല്ലാതെ
പ്രാർത്ഥന ദേവാ
മഹത്വമാക്കേണമേ!
നിന്റെ നാമത്തെ

2 കുട്ടി തന്റെ ഇഷ്ടം പോലെ
ആഗ്രഹിക്കുമോ?
താതൻ നന്മ അല്ലാതെ
നിത്യം നല്കുമോ?
തന്നതെല്ലാറ്റിനുമേ!
സ്തോത്രമെന്നുമേ
മഹത്വമാക്കേണമേ!
നിന്റെ നാമത്തെ

3 ഇന്നും നീ സന്തോഷത്തെ
എനിക്കു തന്നാൽ
ഇമ്പമാം പ്രകാശത്തെ
എന്മേൽ വീശിയാൽ
എന്റെ ഹൃദയമെപ്പോഴും
ചൊല്ലീടും ഇദം
മഹത്വമാക്കേണമേ!
നിന്റെ നാമത്തെ

4 ക്രൂശു ഞാൻ എടുക്കുവാൻ
നിൻഹിതം എങ്കിൽ
ലാഭം നഷ്ടമാകുവാൻ
സംഗതി എങ്കിൽ
നിൻ പുത്രൻ ചൊന്നപോലെ
എന്നും എന്നുള്ളിൽ
മഹത്വമാക്കേണമേ!
നിന്റെ നാമത്തെ

**418** ഘണ്ടാരം-ആദിതാളം

പല്ലവി

ഇന്നേരം യേശു ദേവനെ-കടക്കൺ
നോക്കി
എന്നെ രക്ഷിക്ക നാഥനേ..

ചരണങ്ങൾ

1 നിന്നെമറന്ന മഹാ
നീച പാപി ഈ വർഷം
ഒന്നുകൂടെ ജീവിപ്പാൻ
ഉള്ളം അലിഞ്ഞതല്ലയോനീ- ഇന്നേ

2 വൻപുല്ലാസങ്ങളായ
കൊമ്പും ഇലയുമെന്യേ
മന്നാ! കനികളൊന്നും
തന്നില്ലപാതകൻഞാൻ- ഇന്നേ

3 നല്ല വിത്തിട്ട മന്നാ
കല്ലായിപ്പോയെൻ ഉള്ളം
നാനാവിധം കളകൾ
താനേ മുളച്ചുപോയി- ഇന്നേ

4 ആണ്ടൊന്നു കൂടെ നില്പാൻ
അനുവാദം തേടിയോനേ!
വേണ്ട കോപമിന്നേരം
വെറുക്കരുതെന്നെസ്വാമീ- ഇ

5 ചുറ്റും കിളയ്ക്ക വാക്കാൽ
ചൊരിക നിൻ ആത്മവെള്ളം
മുറ്റും ആത്മ ഫലങ്ങൾ
മോടിയായ് ഞാൻതരുവാൻ ഇ

6 വർഷം ഒന്നു പോകുന്നേ
ഈ പാപി ചെയ്ത ദോഷം
വൈഷമ്യ ഭാരമായീ
മലപോൽപൊങ്ങി നില്ക്കുന്നേ-ഇ

7 ഈ ഭാരച്ചുമടു കൊ-
ണ്ടെങ്ങനെ ക്ഷീണനാം ഞാൻ
തിൽപുള്ള ലോകക്കാട്ടിൽ
തീവ്രം നടപ്പേനയ്യോ- ഇ

8 കൈ നീട്ടി ഇപ്പോൾ എന്റെ
കനത്ത ചുമടാം പാപം
തനുവേലാ നീ നീക്കി
മറുവർഷം നൽകീടുക!- ഇ

**419**

'O God our help in ages past
Issac Watts S S 513

1 ഇന്നേയോളം തുണച്ചോനേ
ഇനിയും തുണയ്ക്ക!
ഇഹ ദുഃഖേ രക്ഷയും നീ
ഈ എൻ നിത്യ ഗൃഹം

2 നിൻ സിംഹാസന നിഴലിൽ
നിൻ ശുദ്ധർ പാർക്കുന്നു
നിൻ ഭുജം മതിയവർക്കു
നിർഭയം വസിപ്പാൻ

3 പർവ്വതങ്ങൾ നടുംമുമ്പേ
പണ്ടു ഭൂമിയേക്കാൾ
പരനേ! നീ അനാദിയായ്
പാർക്കുന്നല്ലോ സദാ

4 ആയിരംവർഷം നിനക്കു
ആകുന്നിന്നലെപ്പോൽ
ആദിത്യോദയ മുമ്പിലെ
അല്പയാമം പോലെ

5 നിത്യനദി പോലെ കാലം
നിത്യം തൻ മക്കളെ
നിത്യതം പൂകിപ്പിക്കുന്ന
നിദ്രപോലെയത്രേ!

6 ഇന്നേയോളം തുണച്ചോനേ!
ഇനിയും തുണയ്ക്ക
ഇഹം വിട്ടുപിരിയുമ്പോൾ
ഈ എൻ നിത്യഗൃഹം

## 420

'നിന്നോടെൻ ദൈവമേ' എന്ന രീതി
P.M

1 പുതു വത്സരത്തിൻ പിറവിയിൽ
പിമ്പിലുള്ളതെല്ലാം പോയ്മറഞ്ഞു
പുതുതാക്കി തീർക്കാം പുരാണ കാര്യങ്ങൾ
പുകഴ്ത്താം കർത്താവേ പുതുനാവാൽ

2 ഈയാണ്ടു കാക്കണേ ഈ ദേശത്തെ
ഈ ലോക ബാധയാൽ ഇളകാതെ
ഈശോ കൃപ നൽകി ഈശൻ വിശ്വാസത്തെ
ഈയടിയാർക്കെല്ലാം ഈടാക്കണേ

3 വരും കാലങ്ങളെ വല്ലഭനേ
വശക്കേടില്ലാതെ വഹിച്ചീടാൻ
വല്ലഭൻ ദൈവമേ വശം നീ തരിക
വലിയ പാപങ്ങൾ വഹിച്ചോനേ

4 എന്നേക്കും മഹത്വം ഏകപിതാ
എന്നേക്കും മഹത്വം ഏകസുതാ
എന്നും എന്നേക്കുമേ ഏവംമേവി ക്കട്ടെ
ഏകാത്മാവാമോന്നും ഏറ്റം സ്തുതി

## 421

*ക്രിസ്തുമസ് (തുടർച്ച)*

1 ഇന്നു നമുക്കൊരു ശിശു ജാതനായിതാ-ചിത്രം
ഇന്നു നമുക്കൊരു പുത്രൻ നല്കപ്പെട്ടല്ലോ!

2 ആധിപത്യം ആയവൻ തൻ തോളിലിരിക്കും നല്ല
ആലോചനക്കാരനെന്നു തന്നുടെ നാമം

3 തന്റെ നാമം അത്ഭുതൻ എന്നുമാകുന്നു-സർവ്വ
ശക്തനായ ദൈവം നിത്യനായ പിതാവ്

4 ദാവീദിൻ സിംഹാസനത്തിന്മേൽ ഇരുന്നീടും-തന്റെ
രാജ്യമവസാനമില്ലാതെന്നുമിരിക്കും

5 ന്യായമോടും നീതിയോടും താൻ ഭരിച്ചിടും-തന്റെ
ആധിപത്യം വർദ്ധിച്ചിടും അന്തമില്ലാതെ

6 ഹല്ലേലുയ്യാ, ഹല്ലേലുയ്യാ ദൈവസുതനു നിത്യം
ഹല്ലേലുയ്യാ യേശുരാജനല്ലേലുയ്യാമേൻ

(പി.റ്റി. ഇട്ടി)

## 422

ജാവളി-ചെമ്പട

ഖണ്ഡങ്ങൾ

1 മുന്നം പരസുതനംബര നായകൻ
ഇമ്മാനുവേലൊരു നാരിയാം മേരിതൻ
നന്ദനനോമന ബാലകനായവൾ
മടിയിലിരുന്നാനതും വിസ്മയം

2 മന്നിൽ നരനുടെവടിവുധരിച്ചുപി
റന്നൊരു സുരവരനുടെ ജനനത്തെ
അംബര സുരഗണമിടയരോടറിയി-
ച്ചതിമോദിച്ചാരതും വിസ്മയം

3 ആട്ടിടയർ സുരർ ചൊല്ലിയവാചകം
കേട്ടുടനോടിയ ബേത്‌ലഹേം പുൽ
കൂട്ടിലമർന്നൊരു ശിശുവിനെ വന്നവർ
വന്ദനംചെയ്താരതുംവിസ്മയം

4 സേനകളിൻ പരനാം യഹോവാപതി
ശുദ്ധനെന്നും സുരർ വാഴ്ത്തിടവെ വന്നു
മാനിച്ചുതന്ദേഹിന്നുടെ ഹിതവും
സാധിപ്പാൻ നിന്നതും വിസ്മയം

5 പൂർവ്വദേശാഗതരാകിയ ശാസ്ത്രികൾ
താരകമതിനുടെ വഴിയെഗമിച്ചവർ
പാർത്ഥിവനൻപൊടു കാഴ്ചകൾവച്ചഥ
തൃപ്പാദം കുമ്പിട്ടാർ വിസ്മയം (പി. സി. ഇട്ടിയേര)

## 423

ശങ്കരാഭരണം-ആദിതാളം

പല്ലവി

മാട്ടിൻ തൊഴുത്തിൽ പിറന്നിന്നാൾ
മഹത്വം നിറഞ്ഞ ജഗത്തിന്നധിപൻ- മാ

അനുപല്ലവി

ബേതലേം പുരത്തിൽ സ്വന്ത-
മാളത്ത ത്യജിച്ചിട്ടുടലും ധരിച്ചു- മാ

ചരണങ്ങൾ

1 സ്വന്തമഹത്വം വെടിഞ്ഞിട്ട്-ക്ഷയിച്ച നരർക്കപ്പെട്ടച്ചപരൻതൻ
ചങ്കിന്നുരുക്കപ്പെരുക്കത്തെ-മരുക്കപ്പെടത്താൽ ധരിപ്പിപ്പതിനു
ഹന്ത! പരം വിട്ടിറങ്ങിവ-ന്നവതരിച്ചു നൽ അതിശയം! പര-

ന്നുന്നതങ്ങളിൽ മഹത്വവും–നിത്യം ജഗത്തിൽ മഹത്വം പരനു
തിന്നും മാ–നവർക്കു ബന്ധം ലഭിപ്പിച്ചിഹത്തിൽ–പരനും നടുക്ക–
പൊന്നിൻ പേയുഗോദ്ദാനം സമസ്തം ഇടിച്ചിണ്ടടർത്തിപ്പൊടിപ്പാൻ– മം

2 ആട്ടിൻ കാവലിട്ടിരുന്നിരുന്നിടത്തിലിടയർക്കുദിച്ച വെളിച്ചം
കണ്ടുനിന്നവർ ഭയന്നപ്പോൾ തെളിഞ്ഞമഹത്വ സുരർ സമോദിച്ചു
ചൊന്ന ഗീതത്തിൻ പൊരുളെന്തെ–ന്നുള്ളം തിരഞ്ഞെപ്പുരത്തിൽ
കടന്നിട്ടുണ്ണിയെ നമിച്ചവർ തമ്മേൽ–പുതച്ചുള്ള വസ്ത്രപ്പഴക്കത്തെ
കണ്ടു ചിന്തിച്ചാർ–സുരന്റെ പൊല്ലും–കുറിയും പെരുത്തു വിചിത്രം
കിരസ്തു മേക്കർമാ–വീരിന്റെ ജനിതത്തിലുദിച്ചെന്നുറച്ചു ഘോഷിച്ചാർ–
മം

3 പുല്ലിനിൽ കിടന്നുറങ്ങിയെന്നുവെങ്കിലുമൊഴുത്തിൽതനിക്കുള്ളജനങ്ങൾ
ഉള്ളം തനിച്ചു പിഴച്ചിട്ട്–അലഞ്ഞും വലഞ്ഞും ഉഴലുന്നേരത്തിൽ
നല്ലിടയൻ കനിഞ്ഞിട്ട്–അഘതമാലിരുട്ടിച്ചിരിക്കുംജഗത്തിൽ
നല്ല മനസ്സോടുദിച്ചിതാ–തൊഴുത്തിൽ തനിക്കുള്ളജനത്തെ വരുത്തി–
ട്ടില്ലയുംഹനിച്ചിട്ടിഷ്ടം–പെരുത്ത കുലത്തപ്പുരത്തിലിരുത്താൻ
ഹല്ലേലൂ–തനിക്കുനിത്യം പുകഴ്ചമഹത്വം സമസ്തം ഇരിക്കും– മം

(പി. സി. ഇട്ടിയേര)

## 424 സാമാന്യഗീതങ്ങൾ

'Be glad in the Lord' S. S. 207

1 കർത്തനിൽ ആർത്തു സന്തോഷിക്ക
ചിത്തത്തിൽ സത്യമുള്ളോരെല്ലാം
തന്നെ തിരഞ്ഞെടുത്തവരെ
വ്യാകുല ദുഃഖങ്ങൾ പോക്കുക
കർത്തനിൽ, കർത്തനിൽ
കർത്തനിൽ ആർത്തുസന്തോഷിക്ക (2)

2 അവൻ താൻ കർത്തനെന്നോർക്കുക
വാനിലും ഭൂവിലും നാഥൻ താൻ
വചനത്താൽ ഭരിക്കുന്നു താൻ
ബലവീരരെ വീണ്ടെടുപ്പാൻ– കർത്ത

3 നീതിക്കായുള്ള പോരാട്ടത്തിൽ
ശത്രുവിൻ ശക്തി വർദ്ധിച്ചാലും
കാഴ്ചക്കാരഞ്ഞു ദൈവസൈന്യം
ശത്രുസൈന്യത്തേക്കാൾ അധികം കർത്ത

4 പകലിൽ ഇരുൾ നിൻ ചുറ്റിലും
രാത്രിയിൽ മേഘങ്ങൾ നിൻമേലും
വന്നിടുമ്പോൾ നീ കുലുങ്ങീടാ
ആശ്രയിക്കവനിൽ ആപത്തിൽ — കർത്ത

5 കർത്തനിൽ ആർത്തുസന്തോഷിക്ക
കീർത്തിച്ചു ഘോഷിക്കതൻ സ്തുതി
വാദ്യത്തോടു ചേർത്തു നിസ്വനം
ഹല്ലേലൂയ്യാ ഗീതം പാടുക- — കർത്ത

## 425 *വിമോചനം*

ക്രിസ്തുയേശുവിൻ സ്വാതന്ത്ര്യം നുകർന്നീടുവാൻ
ക്രൂശിൻ മാർഗ്ഗം നാം പിന്തുടരാം
അടിമത്തത്തിൻ ചങ്ങലകളുടെമേൽ
വിജയം വരിച്ചിടേണം നാം (2)

1 അന്ധകാരത്തിൻ ശക്തികളെ-അവൻ ക്രൂശിന്മേൽ തകർത്തുവല്ലോ
ആ വിജയത്തിൻ ശക്തിയെ നാം-അനുദിനം അനുഭവിക്കുക നാം
പുതുഘടനകൾ നിർമ്മിച്ചു വഴികാട്ടി
വിമോചനം ഘോഷിച്ചീടാം- (2) — ക്രിസ്തു

2 ദൈവനീതിയിൻ മാർഗ്ഗത്തിലെ-തടസ്സങ്ങൾ നാം തകർത്തിടേണം
സാഹോദര്യം സ്ഥാപിച്ചിടാൻ-പീഡിതരെ ചേർത്തണച്ചു കൊണ്ട്
പുതുഘടനകൾ നിർമ്മിച്ചു വഴികാട്ടി
വിമോചനം ഘോഷിച്ചിടാം (2) — ക്രിസ്തു

3 നിത്യം മാറ്റത്തിൻ അലയടികൾ-പ്രതിധ്വനിക്കുന്നു ലോകമെങ്ങും
സാഹോദര്യസീമകളെ-പുനർ ചിന്തനം ചെയ്തിടുവാൻ
പുതുഘടനകൾ നിർമ്മിച്ചു വഴികാട്ടി
വിമോചനം ഘോഷിച്ചിടാം (2) — ക്രിസ്തു

(റവ. വി. എം. മാത്യു)

## 426 വിനയം/പെസഹ

ആനന്ദഭൈരവി-ആദിതാളം

1 ക്രിസ്തുയേശു ശിഷ്യരുടെ കാലുകളെ കഴു-
കിട്ടു തന്നുടുപ്പുകളുടുത്ത ശേഷം
പിന്നെയും ചാരിയിരുന്നു ചൊന്നവരോടു ഞാൻ
ഇന്നു നിങ്ങളോടു ചൊന്നതിന്നതെന്നുള്ളിൽ

2 നിങ്ങൾ അറിയുന്നുവോ ഗുരുവുമധിപനുമെ-
ന്നിങ്ങനെ നിങ്ങൾ വിളിച്ചിടുന്നതെന്നെ
അങ്ങനെ ഞാനാകയാൽ നന്നായുരയ്ക്കുന്നുയെന്നാൽ-
നിങ്ങളുടെ നാഥനും ഗുരുവുമായ ഞാൻ

3 നിങ്ങൾപാദങ്ങളെ കഴുകിയെങ്കിൽ തമ്മിൽ-
നിങ്ങളും പാദങ്ങളെ കഴുകേണ്ടതാകുന്നു
നിങ്ങളോടു ചെയ്തവണ്ണം നിങ്ങളും ചെയ്‌വാനൊരു-
മംഗല ദൃഷ്ടാന്തമിന്നു തന്നു നിങ്ങൾക്ക്

4 ആമേനാമേൻ നിങ്ങളോടു ഞാനുരയ്ക്കുന്നു തൻ-
കർത്താവിനെക്കാൾ ദാസനുമയച്ചവനെക്കാൾ
ദൂതനും വലുതല്ലിവ നിങ്ങളറിയുന്നെങ്കിൽ-
ചെയ്തുവെന്നാലവ നിങ്ങൾ ധന്യരാകുന്നു

5 ഇങ്ങനെ താഴ്മ ഉപദേശിച്ച യേശുവേ ദോഷം-
തിങ്ങിയേറ്റം പൊങ്ങിയുള്ളോരീയടിയനെ
ഭംഗിയിൽ താഴ്മപ്പെടുത്തി മംഗലമാക്കി-
കൃപ താങ്ങുവാൻ തിരുകടാക്ഷമിങ്ങു നൽകുക

(യുസ്തുസ് യോസേഫ്)

## 427 ദിവ്യനടത്തിപ്പ്

'Guide me O Thou great Jehovah'

8 . 7 . 8 . 7 . 4 . 7 (Rev. W. Williams) S. S. 524

1 നിത്യനായ യഹോവയേ! ലോക വൻകാട്ടിൽ കൂടെ
ബലഹീനൻ ആയ എന്നെ നടത്തി താങ്ങണമേ
സ്വർഗ്ഗ അപ്പം സ്വർഗ്ഗ അപ്പം എനിക്കു തരണമേ

2 നിത്യപാറ തുറന്നിട്ട്, ജീവജലം നൽകുക
അഗ്നിമേഘത്തൂണു കൊണ്ടു പാത നന്നായ് കാണിക്ക
ബലവാനേ! ബലവാനേ! രക്ഷ നീ ആകേണമേ

3 യോർദ്ദാനെ ഞാൻ കടക്കുമ്പോൾ ഭയം എല്ലാം മാറ്റുക
മൃത്യുവിനെ ജയിച്ചോനേ! കനാനിൽ കൈക്കൊള്ളുക
നിന്നെമാത്രം, നിന്നെമാത്രം ഞാൻ എന്നേക്കും സ്തുതിക്കും

## 428

### Through the Love of God Our Saviour

Thomas B. Southgate

1. രക്ഷകന്റെ ദിവ്യസ്നേഹത്താൽ
സർവ്വം ശുഭം
ദാനം സ്ഥിരം തന്റെ അൻപ്
സർവ്വം ശുഭം
സൗഖ്യം തന്നോ രക്തം
ശ്രേഷ്ഠം
മുദ്രയിട്ട കൃപ പൂർണ്ണം
രക്ഷിച്ച തൃക്കൈകൾ ബലം
സർവ്വം ശുഭം
2. ഉണ്ടാകട്ടെ മറ സങ്കടം
സർവ്വം ശുഭം
നമുക്കുള്ള രക്ഷ പൂർണ്ണം
സർവ്വം ശുഭം
ഭാഗ്യം ദൈവത്തിൽ വിശ്വാസം
ഫലപ്രദം ക്രിസ്തൗ വിശ്വാസം
ശുദ്ധം ആത്മാവിൻ ആവാസം
സർവ്വം ശുഭം
3. നാളെ ശുഭനാളെന്നാശ
സർവ്വം ശുഭം
പാടും വിശ്വാസം മൂർത്തിനെ
സർവ്വം ശുഭം
പിതൃസ്നേഹം നമ്പിനിന്നാൽ
യേശു സർവ്വാവശ്യം തീർത്താൽ
ജീവനോ മൃത്യുവോ ആയാൽ
സർവ്വം ശുഭം .

## 429 ശുശ്രൂഷാരംഭം

വരിക പരാപരനേ ഈ യോഗത്തിൽ
ചൊരിക കൃപാവരങ്ങൾ
തരണം നിൻ സാന്നിദ്ധ്യമീ ജനം
തിരുമുഖം ദർശിച്ചാനന്ദിപ്പാൻ
1. കരുണകൾക്കുടയവനേ
നിൻനാമത്തെ
നിരന്തരം ഭജിച്ചിടുവാൻ-
അകമതിലഘമഖിലം അകറ്റി നീ
തികയ്ക്കുക വിശുദ്ധിയുള്ളിൽ-
2. ഭവസവിധത്തിൽ കഴിയും ഒരുദിനം
ശതം ദിനങ്ങളിലധികം
ഹൃദയത്തിലനുനിമിഷം
സന്തോഷവും
അതുല്യഭാഗ്യമാം നിറവും-
3. വചനത്തിന്നരികിൽ ഞങ്ങൾ-
ഹൃദന്തത്തെ
വണങ്ങി നിൻ സ്വരം ഗ്രഹിപ്പാൻ
പരിശുദ്ധാത്മാവിൻ നിറവിൽ
നിൻ ദാസരെ
വചനത്താൽ നിറയ്ക്കണമെ-
4. അവനിയിലഭയമതായ് ഒരേ ഇടം
പരനുടെ തിരുസവിധം
അനവദ്യമനശ്വരമാം വാസസ്ഥലം
അവരനൊരുക്കുന്നു നമുക്കായ്

(P.D. John)

## 430

അളവില്ലാദാനങ്ങൾ നൽകുന്നോനേ
അടിയങ്ങൾ തൃപ്പാദെ വന്നിടുന്നു
അരുളേണമേ അനുഗ്രഹങ്ങൾ
ആശ്വാസദായകനേ-
1. വിശ്വസ്തരായി ഞങ്ങൾ
സുവിശേഷഘോഷണത്തിൽ
ശക്തിയോടെന്നും നിന്നിടുവാൻ
നിൻ കൃപ നൽകണമേ
2. അകൃത്യങ്ങൾ ഏറിടുമ്പോൾ
നീതിയിൻ ദീപങ്ങളായ്
ശുദ്ധരായെന്നും നിന്നിടുവാൻ
നിൻ കൃപ നൽകണമേ
3 ആത്മാവിൽ ജ്വലിച്ചു ഞങ്ങൾ
ഉത്സാഹമുള്ളവരായ്
നിർവ്യാജ സ്നേഹം കാത്തിടുവാൻ
നിൻകൃപ നൽകേണമേ

(A.Pappachen)

## 431

എൻ മനമെ ദിനം വാഴ്ത്തുക നീ
എന്റെ സർവ്വാന്തരംഗവുമേ-യഹോവയെ
എൻ മനമെ ദിനം വാഴ്ത്തുക നീ

1. തന്നുപകാരങ്ങൾ ഓർത്തു നിരന്തരം
നന്ദിയാൽ പ്രിയനെ വാഴ്ത്തിപുകഴ്ത്തിടാം
നിന്നകൃത്യങ്ങൾ മോചിച്ചിടുന്നു
നിന്നുടെ രോഗങ്ങൾ സൗഖ്യമാക്കുന്നു
നിൻ ജീവൻ അവൻ വീണ്ടെടുത്തിടുന്നു-

2 നിന്നുടെ യൗവ്വനം കഴുകൻപോൽ പുതുക്കി
നന്മയാൽ വായ്ക്കവൻ തൃപ്തിയെ തരുന്നു
പീഡിതർക്കായ് നീതി, ന്യായം നടത്തി
തൻ ദയ നമ്മെ അണിയിക്കുന്നോൻ
കൃപയും കരുണയും നിറഞ്ഞവൻ താൻ-

3 നമ്മുടെ പാപങ്ങൾക്കൊത്ത വിധം പരൻ
പകരം നമ്മോടു പ്രവർത്തിക്കുന്നില്ല
വാനം ഭൂമിക്കുമേൽ ഉന്നതം പോലെ
തൻ ദയ ഭക്തർ മേൽ ഉന്നതം തന്നെ
നാം വെറും പൊടി അവനോർത്തിടുന്നു

4 സ്വർഗ്ഗസിംഹാസനെ നിത്യമായ് വാഴുന്ന
സ്തുത്യനാം യാഹിനെ വാഴ്ത്തി വണങ്ങിടാം
തൻ വചനത്തിന്റെ ശബ്ദം ശ്രവിച്ച്
തൻഹിതം ചെയ്യുന്ന ശുശ്രൂഷക്കാരായ്
വാഴ്ത്തുവിൻ യഹോവയിൻ വൻ നാമത്തെ

## 432

"O Lord My God" Stuvart K Hine

1. എൻ കർത്താവേ നിൻ കരങ്ങൾ നിർമ്മിച്ച
ലോകമെല്ലാം എൻ കൺകൾ കാൺകയിൽ
ഇടിമിന്നൽ താരഗണങ്ങൾ കണ്ടാൽ
എൻ ദൈവമേ നീ എത്ര ഉന്നതൻ

പാടും എന്നും എന്നുള്ളം ദൈവമേ
തുല്യമില്ലാ ഉന്നതൻ നീ (2)

2. കാട്ടിലൂടെ ഞാനലഞ്ഞു തിരിഞ്ഞു
പക്ഷികളിൻ മൃദുസ്വരം കേട്ടു
വാഹിനികൾ ഒഴുകും ശബ്ദം കേട്ടു
തെന്നലിൽ ഞാൻ നിൻ ശക്തി കാൺകയിൽ - പാടും എന്നും

3. തൻ സുതനെ ആദരിയാതെ ദൈവം
ശാപമാക്കിയ ദൈവപുത്രനെ
വൻ ക്രൂശിൽ തൻ പുണ്യാഹ രക്തം ചിന്തി
എൻ മഹാപാപഭാരം നീക്കിയ — പാടും എന്നും

4. യേശു വരും വിജയാരവത്തോടെ
വാനത്തിൽ എന്നെ ചേർത്തു കൊള്ളുമ്പോൾ
ആനന്ദത്തിൻ കണ്ണീർ കണങ്ങൾ വീഴ്ത്തി
ആരാധിച്ചീടും പൊന്നു നാഥനെ — പാടും എന്നും

(Translation: Molly John)

## 433

Come ev'ry joyful heart

Rev. S. Stennet/L. Edson

1. സ്വർഗ്ഗത്തിൽ രാജനാം
ദൈവത്തെ വന്ദിപ്പിൻ
മർത്യരേ മോദം അവന്നുകൊടുപ്പിൻ
സൽ സ്വരത്തെ ഉയത്തുവിൻ
സൽ സ്വരത്തെ ഉയർത്തുവിൻ
ആഘോഷത്തോടെ പാടുവിൻ

2. മശിഹ രക്ഷകൻ
നമ്മെ വീണ്ടെടുത്തു
എല്ലാ ലോകങ്ങളിൽ
ഇപ്പോഴും വാഴുന്നു
സൽ സ്വരത്തെ ഉയർത്തുവിൻ
സൽ സ്വരത്തെ ഉയർത്തുവിൻ
ആഘോഷത്തോടെ പാടുവിൻ

3. തൻ രാജ്യം നിൽക്കും
താൻ നീതി ചെയ്യുന്നു
താക്കോലും ചെങ്കോലും
തൻ കയ്യിൽ ആകുന്നു
സൽ സ്വരത്തെ ഉയർത്തുവിൻ
സൽ സ്വരത്തെ ഉയർത്തുവിൻ
ആഘോഷത്തോടെ പാടുവിൻ

4. ഒടുക്കത്തെ നാളിൽ
കാഹളം ധ്വനിക്കും
ശവക്കുഴികളിൽ
മരിച്ചവർ കേൾക്കും
ന്യായവിധി കൈക്കൊള്ളുവാൻ
ന്യായവിധി കൈക്കൊള്ളുവാൻ
അവർ ഉയിർത്തെഴുന്നേൽക്കും

5. ആശയോടിരിപ്പിൻ
യേശു അപ്പോൾ വരും
സ്വർഗ്ഗത്തിൽ ഇരിപ്പാൻ
നമ്മെ സ്വീകരിക്കും
അവിടെയുള്ള ഭാഗ്യവും
അവിടെയുള്ള ഭാഗ്യവും
നാം എന്നും അനുഭവിക്കും

## 434

1. നന്ദിയാലെന്നുള്ളം നിറയുകയാൽ
സ്തോത്രത്തിൻ പല്ലവി പാടിടും ഞാൻ
എണ്ണമില്ലാ തവ നന്മകൾക്കായ്
എണ്ണിയെണ്ണി സ്തുതി പാടിടും ഞാൻ

ഹല്ലേലൂയ്യാ പാടീടും ഞാൻ
യേശുവിന്റെ സന്നിധിയിൽ ജീവകാലം
ആരാധിക്കും ഉന്നതനെ
ആത്മാവിലും സത്യത്തിലും നിത്യകാലം

2. ആവശ്യഭാരങ്ങളേറിടുമ്പോൾ
ആർത്തനായുള്ളം കലങ്ങീടുമ്പോൾ
ആവതു തീർത്താനന്ദമേകിടയാൻ താൻ
ആശ്വാസദായകനേശു പരൻ — ഹല്ലേലൂയ്യാ

3. കർത്താവറിയാതെയില്ലായൊന്നെൻ
ജീവിതയാത്രയിൽ ചൊല്ലുവാനായ്
നീറിടും ശോധനവേളകളിൽ
നീക്കുപോക്കേകി പുലർത്തിടും താൻ — ഹല്ലേലൂയ്യാ

4. മരണപാശങ്ങളുയർന്നനേരം
ശരണം തന്നരികിൽ തൻ ചിറകിൻ മീതെ
മൃത്യുവെന്നുയിർത്ത യേശുനാഥൻ
മാറാതെയെന്നുമെൻ പാറയുണ്ട് — ഹല്ലേലൂയ്യാ

(Mathew Ninan)

## 435

നന്ദിയോടെ ഞാൻ സ്തുതി പാടിടും
എന്റെ യേശു നാഥാ
എനിക്കായ് നീ ചെയ്തോരോ നന്മയ്ക്കും
ഇന്നു നന്ദി ചൊല്ലുന്നു ഞാൻ

1 അർഹിക്കാത്ത നന്മകളും
എനിക്കേകിടും കൃപാനിധേ
യാചിക്കാത്ത നന്മകൾ പോലുമീ
എനിക്കേകിയോനെ സ്തുതി — നന്ദിയോടെ

2 സത്യദൈവത്തിൻ ഏക പുത്രനാം
നിന്നിൽ വിശ്വസിക്കുന്നു ഞാൻ
വരും കാലമൊക്കെയും നിൻ കൃപാ-
വരങ്ങൾ ചൊരികയെന്നിൽ — നന്ദിയോടെ

## 436

നിൻ ദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു

യേശുവേ എൻ ദൈവമേ
നീ എന്നും മതിയായവൻ - നിൻ

1 ദൈവമേ നിന്റെ സ്നേഹം
എത്രനാൾ തള്ളി നീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ്... — യേശുവേ

2 എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശു താൻ ഒരുക്കിയല്ലോ — യേശുവേ

3 നിത്യത ഓർത്തിടുമ്പോൾ–എൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സന്തോഷജീവിതം
വിശ്വാസക്കണ്ണാൽ ഞാൻ കണ്ടിടുന്നു — യേശുവേ

## 437

ഉയരുന്നെന്നുള്ളിൽ സ്തോത്രത്തിൻ ഗാനം
പകരുന്നെൻ നാഥൻ കൃപയിൻ വൻ ദാനം
പാപങ്ങളെല്ലാം പോക്കുന്നു താതൻ
വേദനയെല്ലാം നീക്കുമെൻ നാഥൻ

1 പാടിടും ഞാൻ എന്നും തവഗാനം
ഘോഷിക്കും ഞാൻ എന്നും തൻനാമം
പകരുകെന്നുള്ളിൽ പാവനമാം ശക്തി
ചൊരിയുവാൻ പാരിൽ സ്നേഹത്തിൻ കാന്തി

2 സ്തുതികൾക്കു യോഗ്യൻ നാഥാ നീ മാത്രം
സ്തുതിയെൻ നാവിൽ നിന്നുയരട്ടെ എന്നും
താതാ നിൻ സാക്ഷ്യം പാരെങ്ങും പകരാൻ
തരിക നിൻ ശക്തി നിന്നെപ്പോലാവാൻ

3 കൂപ്പുന്നെൻ കൈകൾ നാഥാ നിൻ മുന്നിൽ
ഉയർത്തുന്നെൻ കൺകൾ തുണയരുളും ഗിരിയിൽ
പരനേ നിൻ വകയായ് തരുന്നെന്നെ മുഴുവൻ
നടത്തെന്നെ ദിനവും തിരുവിഷ്ടം പോലെ

*(Rt.Rev.Dr.Zacharias Mar Theophilus Suffragan Metropolitan)*

ഹോശാന ക്വയർ

## 438

"Ride on in Majesty" S.S. 135

*H. H. Milman/Geo C. Stebbins*

1. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന
നൽ ഓല കൈയിൽ ഏന്തുവിൻ
സീയോന്റെ ബാലർ ഏവരും
ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന

2. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന
ഗർദ്ദഭവാഹനൻ പിമ്പിൽ
ആർത്തു ശബ്ദിപ്പിൻ ഹോശാന | ഓടിക്കൂടിൻ

3. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീൻ ഹോശാന
ക്രൂശിങ്കലാമിതിൻ അന്തം
നാശദോഷമാകെ നീക്കാൻ | ഓടിക്കൂടിൻ

4. ഓടിക്കൂടിൻ യേശുവോടു
വീഥി മൂടി പത്രങ്ങളാൽ
ശീല നീളെ വിരിച്ചീടിൻ
കോലാഹലമായ് ഘോഷിപ്പിൻ | ഓടിക്കൂടിൻ

5. ഓടിക്കൂടിൻ യേശുവോടു
മോദിയോടു വാനോർ സൈന്യം
ഖേദമാശ്ചര്യമവർക്കു
നാഥനിങ്ങനെ പോകയിൽ | ഓടിക്കൂടിൻ

6. ഓടിക്കൂടിൻ യേശുവോടു
നാടും വീടും കൂടും എല്ലാം
ചേരും വേഗം അന്ത്യയുഗം
തീരും എല്ലാം കുരിശിങ്കൽ | ഓടിക്കൂടിൻ

7. ഓടിക്കൂടിൻ യേശുവോടു
മുടി ചൂടിൻ ശിരസ്സതിൽ
സീയോന്റെ രാജൻ വാഴട്ടെ
ഈ ഉള്ളോരെല്ലാവർമേലും | ഓടിക്കൂടിൻ

8. ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന
വെടിയല്ലേ, കൈവിടല്ലേ
അടിയാരെ ഒരിക്കലും | ഓടിക്കൂടിൻ

## ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും

**439** Behold the lamb of God — A & M 187

*Rev. Dr. J. B. Dykes*

1. ദൈവകുഞ്ഞാടിതാ
പാപികൾക്കായ് മൃതൻ
ആകരുതെ വൃഥാ
നിൻ മരണം
നീ താൻ എനിക്കു രക്ഷകൻ
മുറിഞ്ഞ നിൻ വിലാവുമെൻ
സങ്കേതമെ

2. ദൈവകുഞ്ഞാടിതാ
എറിമങ്ങാൻ എന്നാത്മം

ശുദ്ധപ്രവാഹമാം രക്തമതിൽ
കഴുകെന്നുള്ളം പാവനം
ആ ജീവനാന്തം കാക്കെന്നെ
പാപങ്ങളന്യേ

3. ദൈവകുഞ്ഞാടിതാ
നിത്യനാം രക്ഷകാ
ജയാവതാരമേ
വാഴ്ക, വാഴ്ക
വാടാസ്നേഹാൽ നിറെക്കുക
ശുദ്ധമാരാടെങ്ങൾക്കും നൽക
നിത്യധനമേ

4. ദൈവകുഞ്ഞാടിതാ
താൻ മാത്രം ഇരിപ്പാൻ
യോഗ്യൻ സിംഹാസനേ
അത്യുന്നതേ
പിതാശുദ്ധാത്മാവോടൈക്യം
സ്നേഹപ്രകാശത്തിൽ നിത്യം
വാണീടുവാൻ

## 440 O come and mourn with me awhile

*Rev. J. B. Dykes* A & M 114

1. നമ്മുടെ കർത്താവാം യേശു
ക്രൂശിക്കപ്പെട്ടിരിക്കുന്നു
വരുവിൻ നാമെല്ലാവരും
ഒരുമിച്ചു വിലപിക്കാം

2. രക്ഷകനരികെ വന്നു
താൻ പെട്ട പാടുകൾ കാൺക
പാപികളെ അവൻ പേർക്കു
ചൊരിവാൻ കണ്ണുനീരില്ലേ?

3. യൂദർ ഇതാ നിന്ദിക്കുന്നു
അന്യജാതി ഹസിക്കുന്നു
അവരോ എത്ര കഠോരരായ്
ക്രൂശിന്മേൽ ഹാ തൂങ്ങിടുന്നു

4. ആണികളാൽ കൈകാലുകൾ
കീറി രക്തം പാഞ്ഞിടുന്നു
തൊണ്ടയോ അതിദാഹത്താൽ
ഉണങ്ങി വരണ്ടിടുന്നു

5. വാ യേശുവിൻ ക്രൂശിൻ കീഴെ
വന്നു ചേർന്നാൽ ചൊരിഞ്ഞീടും
തന്റെ രക്തം തുള്ളികളായ്
അപ്പോഴെ നിൻ പാപം തീരും.

**441** And now O Father mindful of the love

*W. H. Monk* A & M 322

1. കാൽവറി ക്രൂശിൽ താതാ ഞങ്ങളെ
നീ വാങ്ങിയ സ്നേഹമോർത്തിടവെ
സ്വർഗ്ഗമദ്ധ്യസ്ഥൻ ഞങ്ങൾക്കുള്ളതാൽ
നിൻകൺകളിൽ പരിപൂർണ്ണേകമാം
തൻ സത്യേക മർത്യ പുണ്യയാഗം
നിൻ മുൻ പ്രദർശിപ്പിക്കുന്ന ഞങ്ങൾ

2. തൻ അഭിഷിക്ത മുഖം താതാ കാൺ
തന്നിലൂടെ മാത്രം ഞങ്ങളെ കാൺ
പ്രാർത്ഥനാമാന്ദ്യം കൃപാ ദുർവ്യയം
വ്യർത്ഥവിശ്വാസം ഇവ ഓർക്കല്ലെ
ഞങ്ങടെ പാപഫലങ്ങൾ മദ്ധ്യ
തൻ കഷ്ടപ്പാടുകൾ വെച്ചീടുന്നു

3. പ്രബലസാന്നിദ്ധ്യമിതാൽ ഞങ്ങൾ
പ്രിയരെ സമർപ്പിക്കുന്നു നിൻ മുൻ
ചേർത്തിടവരെ നിൻ സ്നേഹ മാർവ്വിൽ
എത്രയും നല്ലവർക്കാതെ നമ
സ്വച്ഛം സൂക്ഷിക്ക ദോഷം തീണ്ടാതെ
സുസ്ഥിരം നിൽപ്പാൻ വരം നൽകുക

4. കൂട്ടിടു ഞങ്ങളെ നിൻ പാദത്തിൽ
വീണ്ടും സ്നേഹിക്കുന്ന കരുണാനിധെ
മാധുര്യമാമീ ഭീകരസദ്യ
ശുദ്ധിയിൽ പാലിക്കണം ഞങ്ങളെ
നടത്തിപ്പിക്ക നിൻ സേവയിലിഹ
നിന്നെപ്പിരിയാതെന്നും പാലിക്ക

**442** 'Jesus Keep Me Near the Cross'

Fanny J. Crosby/W.H. Doane S.S. 134

1. ക്രൂശിതനാം ക്രിസ്തുവേ ക്രൂശിൽ നിന്നൊഴുകും
നീരുറവയതിൽ ഞാൻ സൗഖ്യമായിടട്ടെ

ക്രൂശിൽ ഞാൻ ക്രൂശിൽ ഞാൻ തൻ മഹത്വം കണ്ടു
ശോഭ നാട്ടിൽ ചെന്നു ഞാൻ നിത്യ ജീവൻ നേടും

2. നിത്യ താരമാം ക്രിസ്തു അഭിഷിക്തനാം എന്നെ
നിൻ കരവലയത്തിൽ കാത്തുകൊള്ളേണമേ (ക്രൂശിൽ ഞാൻ)

3 മുറിവേറ്റ കുഞ്ഞാടേ നിൻ ക്രൂശിൻ തണലിൽ
ദിനംതോറും എന്നെ നീ നടത്തീടണമേ (ക്രൂശിൽ താൻ)

4 ക്രൂശിൽ മാത്രം മനാക്കി ഞാൻ ജീവിതം നയിപ്പാൻ
ജീവനദിക്കരെ പറന്നെത്തുവോളം (ക്രൂശിൽ താൻ)

*(Translation: Dasan Philip)*

### ഉയിർത്തെഴുന്നേല്പ്

## 443 Hallelujah, He is risen P.P. Bliss S.S.157

1. ഹാലേലൂയ്യാ ഉയിർത്തേശു
മേൽ ലോകത്തേക്കേറിനാൻ
മൃത്യു പാശം ഛേദിച്ചേശു
ആർത്തു മർത്യർ മൃതന്മാർ

ഉയിർത്തേശു ഉയിർത്തേശു
ജീവിച്ചെന്നും വാഴുന്നു (2)

2. ഹല്ലേലൂയ്യാ ഉയിർത്തേശു
തൻ സഭയ്ക്ക് നാഥനായ്
നമ്മുടെ കാര്യസ്ഥനേശു
നേടി ആത്മദാനത്തെ
ഉയിർത്തേശു (2)
നീതി താൻ മർത്യർക്കുമായ് (2)

3. ഹല്ലേലൂയ്യാ ഉയിർത്തേശു
മുൾ ഇല്ലാതായ് മൃത്യുവും
ജീവനും ഉയിർപ്പും യേശു
ജീവൻ നൽകും ഏവർക്കും
ഉയിർത്തേശു (2)
ജീവകർത്താൻ വരും താൻ (2)

### ക്രിസ്തുവിങ്കലേക്കുള്ള ക്ഷണം

## 444 Go bury thy sorrow P.P. Bliss S.S.777

1. അദ്ധ്വാനിക്കുന്ന ഭാരവാഹികളെ
എന്നരികിൽ വരുവിൻ നിങ്ങളെല്ലാം
ആശ്വസിപ്പിക്കും നിങ്ങളെ ഞാൻ എന്നു
അരുളുന്നു യേശു നിങ്ങൾ വരുവിൻ

2. തൻ അരികിൽ വരുന്നവരെ അവൻ
തള്ളിക്കളക ഇല്ലൊരു നാളുമേ
ഏറ്റു പാപിൻ കുറ്റങ്ങൾ സർവ്വവും
മുറ്റും രക്ഷിച്ചീടും അവൻ നിങ്ങളെ

3. ആത്മാവും മണവാട്ടിയും നിങ്ങളെ
സാമോദം വിളിക്കുന്നു സൗജന്യമായ്
ഇന്നേരം ജീവ വെള്ളം വാങ്ങുവാനായ്
വന്നീടുവിൻ വേഗം യേശു അരികിൽ

4. ദുഷ്ടന്റെ മരണത്തിൽ തനിക്കൊട്ടും
ഇഷ്ടമില്ലെന്നു ദൈവം ചൊല്ലീടുന്നു
വിട്ടുതിരിവിൻ ദുർമ്മാർഗ്ഗങ്ങളെല്ലാം
ഇപ്പോളിഷ്ടകാലം ഇപ്പോൾ രക്ഷാനാൾ

## 445 'Once Again the Gospel Message'

by E.L. Nathan/James McGranahan

1. ഇന്നു നീ ഒരിക്കൽ കൂടെ
ദൈവ വിളി കേട്ടല്ലോ
രക്ഷിതാവു സ്നേഹത്തോടെ
കാത്തിരിക്കുന്നുണ്ടല്ലോ

    ഇന്നു തന്നെ യേശു നിന്നെ
    രക്ഷിപ്പാനായ് കാക്കുന്നു
    ഭയം വേണ്ട ശങ്കിക്കേണ്ട
    വാ അവങ്കൽ നീ ഇന്നു

2. എത്രനാൾ വൃഥാവായ് ഓടി
മനുഷ്യാ നിൻ ജീവിതം
ലോകത്തിന്റെ ഇമ്പം തേടി
കഴിച്ചു നീ ഇവ്വിധം (ഇന്നുതന്നെ)
3. കൈക്കൊള്ളാതെ തള്ളുമെന്നു
ഒട്ടും വേണ്ട സംശയം
രക്ഷിതാവ് നിന്നെയിന്ന്
സ്വന്തമാക്കി തീർത്തിടും (ഇന്നുതന്നെ)

## 446

1 മാറിടാത്ത യേശുനാഥൻ
മാറ്റും നിന്റെ വേദന
പാപത്താലും രോഗത്താലും
കലങ്ങിടേണ്ട കടന്നു വാ...

    കടന്നു വാ കടന്നു വാ
    യേശു നിന്നെ വിളിക്കുന്നു (2)

2 ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നു വാ
തളർന്ന നിന്റെ അന്തരാത്മ-
ക്ലേശം നീക്കും കടന്നു വാ കടന്നു...
3 ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറം തള്ളും
പാവനൻ താൻ സ്നേഹത്തോടെ
അരികിലുണ്ട് കടന്നു വാ കടന്നു...

## 447 പരിശുദ്ധാത്മാവ്

ശുദ്ധാത്മാവേ വന്നെന്നുള്ളിൽ വാസം ചെയ്യണേ
സത്യാത്മാവേ നിത്യതയിലെത്തുവോളവും

    ജീവനൂതുക.. ജീവദായകാ
    ജീവനാളമായ് എരിഞ്ഞുതീരുവാൻ

1. പാപം നീതി ന്യായവിധി ബോധമേകിടാൻ-ഈ
ശാപഭൂവിൽ പെന്തക്കോസ്തിൽ വന്നൊരാവിയെ ജീവ
2. അംബരത്തിൽ നിന്നിറങ്ങി അഗ്നിനാവുകൾ
അൻപൊടമർന്നെല്ലാരിലും ശക്തിനാവുകൾ ജീവ
3 രണ്ടോ മൂന്നോ പേരെവിടെ എന്റെ നാമത്തിൽ
ഉണ്ടവിടെയുണ്ട് ഞാനെന്നേകി വാഗ്ദത്തം ജീവ
4 കല്ലായുള്ള ഹൃദയങ്ങളുരുക്കിടണേ
ഹല്ലേലൂയ്യ ഗീതം പാടാനൊരുക്കിടണേ. ജീവ

*(Dr. George Thiruvankulam)*

ദൈവവചനം

## 448 Hark what mean those Holy voices S.S. 24

1. ദൈവത്തിന്റെ സുവിശേഷം
വിലമതിയാത്തതു
ദിവ്യദാനം അതിശയം
ഗുണം ഏറിട്ടുള്ളത്
2. തേനിനേക്കാൾ നല്ല രസം
അതിനുണ്ടു നിശ്ചയം
പുഷ്പസൗരഭ്യം തന്നിലും
ഇത്രശ്രേഷ്ഠതയില്ല
3. മനുഷ്യഹൃദയം മാത്രം
അതിൻ ശക്തി അറിയും
ദുഃഖമാകെ കൂടെ മാറി
സന്തോഷം സംഭവിക്കും
4. വിശ്വസിക്ക മാത്രം അതിൽ
ശാപമോചനം ലഭ്യം
പാപീ, നിന്റെ കുറ്റം തീർന്നു
നീ നാൾ നീതിമാൻ ആകും
5. സുവിശേഷം ഇതു തന്നെ
എൻ ആത്മാവേ, സ്തുതിക്ക
ഇതിൽ തന്നെ ഇതിൽ മാത്രം
നിന്റെ രക്ഷ തേടുക

## 449

'Break thou the bread of life:
Mary A Lathbury/William F Sherwin

1. ദൈവത്തിൻ പുത്രനാം ക്രിസ്തേശുവേ
ജീവന്റെ വചനം നൽകേണമേ
ആശ്രിതർ മദ്ധ്യത്തിൽ പാർക്കുന്നോനേ
ഞങ്ങളെ സത്യത്തിൽ നടത്തുകേ
2. പണ്ടൊരപ്പവും മീൻ രണ്ടുമേ
കണ്ടപ്പോൾ വാഴ്ത്തി വർദ്ധിപ്പിച്ചോനേ
ഇന്നുള്ള പ്രാപ്തിയും അതൃപ്തരെ
അങ്ങേ തൃക്കയ്യാൽ എല്ലാം വാഴ്ത്തുകേ
3. ജീവനില്ലാത്തവർ ജീവിക്കുവാൻ
ദൈവത്തിൻ ഭക്തർ ശക്തർ ആയിടാൻ
ഏകുക യേശുവേ നിൻ വാക്കിനാൽ
ഏകുക കൃപയെ നിൻ ആത്മാവാൽ

450 മാനസമോദക മധുരവചനം
ധ്യാനിക്കുമവർക്കു കൃപയേകു പരാ
ഓരോ ഹൃദന്തത്തിനാവശ്യമതുപോൽ
നീയരുളേകിടുക (2)

1. പാപാന്ധകാരം ദൂരിതമാക്കും
വേദപ്രമാണങ്ങളെ
മോദമോടുൾക്കൊണ്ടവരുമുണരാൻ
നിൻ സ്വരം കേൾപ്പിക്കുക (2) മാനസമോദക...

2. മാനവരിൽ ജീവൻ ഏകിയ വചനം
ദാസരിൻ കാതുകളിൽ
ഓതുക നീ നിൻ ജീവന്റെ വചനം
ഈ മൃതരുയിർത്തിടുവാൻ (2) മാനസമോദക...

3. പിന്തിരിഞ്ഞോടി തളർന്നവരായി
നിൻകൃപ കൈവെടിഞ്ഞോർ
അനുതാപമനസ്സുള്ളവരായ് വരുവാൻ
നിൻസ്വരം കേൾപ്പിക്കുക (2) മാനസമോദക...

4. നിൻ മനം നിന്നിൽ സുസ്ഥിരമാവാൻ
വിജയമേകണമേ
കന്മഷഹീനാ നിൻ മൊഴിയേവം
നിൻ മധുരാമൃതമേ... (2) മാനസമോദക...

*(P.D. John)*

അനുതാപം

451 ദൈവമേ നിൻ ദയയാൽ മനസ്സലിയണമേ
ബഹുലമായ നിൻ കരുണയാലെൻ കുറവുകൾ ക്ഷമിക്ക

1 നിൻ മുഖം മറയ്ക്കരുതേ നിൻ സന്നിധിയിൽനിന്നെന്നെയെന്നും
തകർന്ന എന്റെ മനസ്സിനെ നീ നിരസിക്കരുതേ നാഥനേ (2)
ദൈവമേ

2 നിർമ്മലമായൊരു ഹൃദയമേകു രക്ഷയിൽ മോദം നൽകുകേ
തുറക്കു എൻ അധരങ്ങളെ വർണ്ണിക്കും ഞാൻ നിൻ നീതിയെ(2)
ദൈവമേ

3 നീതിയും നന്മയും നിലനിർത്താൻ പുതുബലമേകണമേ പണിതിടാൻ
ആത്മപൂർണ്ണനായ് തീരുവാൻ ശക്തി നൽകുക എന്നിൽ നീ (2)
ദൈവമേ

*(Rev. Thomas Cherian)*

## 452

യേശുവേ രക്ഷാദായകാ നിന്റെ സന്നിധേ വരുന്നു
എന്റെ പാപഭാരവുമായ് വല്ലഭായേകൂ രക്ഷയെ

1. ഉന്നതി വെടിഞ്ഞവനേ മന്നിൽ താണുവന്നവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ജീവനെ തന്നത് — യേശു
2. പാപം ചെയ്തിടാത്തവനേ പരിക്ഷീണനായവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ദാഹിച്ചു കേണത് — യേശു
3. ശാപഭാഗമേറ്റവനേ പാപമായിത്തീർന്നവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ പാടുകളേറ്റത് — യേശു
4. എന്റെ രോഗം നീ വഹിച്ചു എന്റെ ശാപം നീക്കി മുറ്റും
നിനക്കായിട്ടെന്നെന്നും ഞാനിനി ജീവിക്കും നിശ്ചയം — യേശു

*(Rev. M.S. Varghese)*

## 453

തിരുക്കരത്താൽ വഹിച്ചു എന്നെ തിരുഹിതം പോൽ നടത്തണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ അനുദിനം നീ പണിയണമേ

1 നിൻ വചനം ധ്യാനിക്കുമ്പോൾ എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്വരയിൽ ദീപമതായ് നിൻ മൊഴികൾ (2)

2 ആഴിയതിൻ ഓളങ്ങളാൽ അലഞ്ഞിടുമ്പോൾ എൻ പടകിൽ
എന്റെ പ്രിയൻ യേശുവുണ്ട് - ചേർന്നിടുമേ ഭവനമതിൽ (2)

3 അവൻ നമുക്കായ് ജീവൻ നൽകി ഒരുക്കിയല്ലോ വലിയ രക്ഷ
ദീപ്തികളാൽ കാണുന്നു ഞാൻ സ്വർഗ്ഗ കനാൻ ദേശമതിൽ (2)

*(J.V. Peter)*

## 454

*'All to Jesus I surrender' Judson W. Van de Venter/ Winfield Scott Weeden*

1 അർപ്പിക്കുന്നേ എൻ രക്ഷകാ നിന്നിൽ മാത്രം ശരണം
ദിനം തോറും സ്നേഹിച്ചിടാൻ നിത്യം ആശ്രയം വെച്ചു
സമർപ്പിക്കുന്നേ സമർപ്പിക്കുന്നേ
രക്ഷിതാവാം നാഥാ നിന്നിൽ ഞാൻ സമസ്തവും

2 അർപ്പിക്കുന്നേ എൻ രക്ഷകാ സ്വീകരിക്കു എന്നെ നീ
ലോകസുഖം കൈവെടിഞ്ഞു വണങ്ങുന്നു നിൻ പാദെ — സമർപ്പിക്കുന്നേ

3 അർപ്പിക്കുന്നേ എൻ രക്ഷകാ നിന്റേതു മാത്രം ആവാൻ
ശുദ്ധാവിയാലെ നിറയ്ക്കാ നീ എന്നും എൻ വല്ലഭനായി — സമർപ്പിക്കുന്നേ

4 അർപ്പിക്കുന്നേ എൻ രക്ഷകാ എന്നെത്തന്നെ നിൻ കയ്യിൽ
സ്നേഹവലയത്തിൽ എന്നെ ചുറ്റി കാത്തിടേണമേ — സമർപ്പിക്കുന്നേ

5 അർപ്പിക്കുന്നേ എന്നെ നാഥാ സൽപ്രകാശ ധാരയാൽ
പൂർണ്ണ രക്ഷാസന്തോഷത്തിൻ മഹത്വം നിനക്കെന്നും — സമർപ്പിക്കുന്നേ

*(Translation: Dasan Philip)*

വിശ്വാസം

**455** എനിക്കല്ല ഞാൻ ക്രിസ്തുവിന്നത്രെ
അവനായിതാ സമർപ്പിക്കുന്നേ
അവൻ നടത്തിപ്പും കാവൽകൊണ്ടോരോ നിമിഷവും
നടത്തുന്നെന്നെ വഴിയെ

1 എല്ലാ പാപങ്ങളുമകറ്റി
നീച പാപിയെന്നെ രക്ഷിച്ച
തിരു രക്തത്തിൻ ശക്തിയാൽ തീർത്തിടും വെണ്മയായ്
സ്വർഭാഗ്യം ചേരുവോളം — എനിക്കല്ല

2. ഈശനെൻ കൈകളെ സമർപ്പിക്കുന്നേ
സേവയ്ക്കായ് ഈ എൻ ജീവനെയും
കാൽകൾ ഓടട്ടെ നിൻ പാതെ ചേരട്ടെ എൻ ചിന്ത
തിരുരാജ്യവ്യാപ്തിക്കായി — എനിക്കല്ല

വിശ്വാസം

**456** *Almost persuaded now to believe P.P. Bliss* *S.S. 452*

1. പാപികളെ രക്ഷിച്ചീടുവാൻ
ഇപ്പാരിൽ വന്ന ദൈവസുതൻ
ശ്രീയേശുക്രിസ്തുവിൽ
നീ വിശ്വസിക്കുകിൽ
നിൻ പാപം സർവ്വവും നീങ്ങിപ്പോകും

2. സ്നേഹിച്ചു പാപീ, നിന്നെ അവൻ
തൻ ജീവനേകി നിൻ പേർക്കഹോ
എണ്ണം ഇല്ലാത്തതാം
ദണ്ഡങ്ങൾ ഏറ്റു പിൻ
തൻ പ്രാണൻ വിട്ടവൻ
വൻ ക്രൂശിന്മേൽ

3. അത്യത്ഭുതമാം സ്നേഹം ഇത്
ഓർത്തു ഖേദാനുതാപത്തോടിപ്പോൾ
അൻപുള്ള രക്ഷകൻ
മുമ്പിൽ നീ വീഴുക
നിൻ പാപമോചനം
നൽകും അവൻ

4. ആണിപ്പഴുതുള്ള കൈകളാൽ
നിന്നെ അവൻ വിളിക്കുന്നിതാ
വേഗം വരിക നീ
സ്നേഹത്തിൻ മാർവ്വിൽ താൻ
നിന്നെ അണയ്ക്കുമെ
എന്നേക്കുമായ്

## 457 *"When Peace like a river"*

*H.G Spafford/ P.P.Bliss* *S.S 901*

1. നദീതുല്യം ശാന്തി വരട്ടെൻ വഴി
ഖേദങ്ങൾ തല്ലട്ടാളും പോൽ
എന്താകിലുമെൻ വഴി കാണിച്ചേശു
ക്ഷേമം താൻ ക്ഷേമം എൻ ദേഹിക്കു
    ക്ഷേമം എൻ ദേഹിക്കു
    ക്ഷേമം താൻ ക്ഷേമം എൻ ദേഹിക്കു
2. വരട്ടെ കഷ്ടം സാത്താനലർത്തട്ടെ
പോരാത്തതല്ലെൻ വിശ്വാസം
എൻ നിർഗ്ഗതിയെ ആദരിച്ചാനേശു
എന്നാത്മാവിനായ് ചിന്തി രക്തം    ക്ഷേമം എൻ
3. തൻ ക്രൂശോടെൻ പാപം സർവ്വം തറച്ചു
ഞാനതിനി വഹിക്കേണ്ട
ഹാ, എന്താനന്ദം, എന്താശ്ചര്യ വാർത്ത
കർത്തനെ, വാഴ്ത്ത, വാഴ്ത്തെൻ ദേഹി    ക്ഷേമം എൻ
4. ജീവൻ എനിക്കിനി ക്രിസ്തു ക്രിസ്തു താൻ
കവിയട്ടെൻ മീതെ യോർദ്ദാൻ
ജീവമൃത്യുക്കളിൽ നീ ശാന്തി തരു-
ന്നതാലെനിക്കാധി വന്നിടാ    ക്ഷേമം എൻ
5. സ്വർഗ്ഗം വേണം കർത്താ ശ്മശാനമല്ല
കാക്കുന്നേങ്ങൾ നിൻ വരവെ
തൂതാഹളമെ കർത്തൃ ശബ്ദമെ
ഭാഗ്യ പ്രത്യാശ, ഭാഗ്യ ശാന്തി    ക്ഷേമം എൻ

## 458 *"Fear not I am with Thee" J.C.H and V.A White*

1. പേടി വേണ്ട ലേശം കൂടെ ഞാനെന്നും
പാർക്കുമെന്ന വാക്കെൻ ദീപമായെന്നും
കൂരിരുട്ടിൽ മദ്ധ്യ കൂടെ ശോഭിച്ചെൻ
പാതകാണിച്ചീടും തനിയെ വിടപ്പെടാ

    പോയ് ഭയമെല്ലാം പോയ് ഭയമെല്ലാം
    താൻ കൈവിടാ സന്ദേഹം ഇല്ലതിനൊട്ടും (2)

2. ശോഭയേറും പൂക്കൾ വാടി വീഴുന്നു
സൂര്യകാന്തി കൂടെ മറഞ്ഞുപോകുമേ
ശാരോൻ താരം യേശു പാർക്കും അന്തികെ
വാനിൽ കാന്തിയാം താൻ തനിയെ വിട്ടിടുമോ?    പോയ് ഭയമെല്ലാം
3. മാർഗ്ഗം അന്ധകാരം ആയിത്തീർന്നാലും
ആപൽക്കാലമെന്റെ ഭാഗമാകിലും
യേശു നാഥൻ എന്നിൽ ആശ ചേർക്കുന്നു
മോദം ഏകും വാക്യം തനിയെ വിടപ്പെടാ    പോയ് ഭയമെല്ലാം

## 459

*Hark, hark my soul H. Smart* *A & M 223*

1. ഭൂലോകമാം വനാന്തരത്തിലൂടെ
നാൾതോറും ഉള്ളെൻ
യാത്ര അതിൽ ഞാൻ
ക്ഷീണിച്ചു കാൽകരം
കുഴഞ്ഞു നാവും
താണിടുന്ന സമയം എപ്പോഴും
യേശുവിൻ സ്നേഹമാം മടിയിൽ
ആശ്വസിക്കാം അനുദിനം എനിക്കു
2. എന്നാത്മാവിൻ നാശം
ചെയ്തിടുവാനായ്
എന്നും ശ്രമിക്കുന്ന വൈരികളാം
സാത്താനും ലോകം ജഡം എന്നിവരിൽ
കൂർത്തശരങ്ങൾ ഏൽപ്പിക്കുമ്പോൾ- യേശുവിൻ
3. രോഗങ്ങൾ മൂലമദിനംതോറും എന്റെ
ദേഹത്തിൻ ശക്തിക്ഷയിക്കുമ്പോഴും
ആശ്രയം സർവ്വം നശിച്ചീടുമ്പോഴും
ആശ്രിത വത്സലൻ ആകുന്ന എൻ യേശുവിൻ
4. ലോകത്തിൽ സൗഖ്യം ലേശവും ഇല്ലാതെ
ഏകാകിയായ് ഞാൻ ദുഃഖിക്കുമ്പോഴും
മിത്രസഖിമാർ കൈവിടുമ്പോഴും എന്നെ
വാത്സല്യത്തോടണച്ചീടുന്ന എൻ യേശുവിൻ

## 460

*The blood of the lamb E. R. Latta* *S.S. 113*

1. പാപികളായുള്ളോരുവ
വാഴ്ത്തപ്പെട്ടതാമരക്തമേ
ദൈവപുത്രൻ വാഴ്ത്തപ്പെട്ടോൻ
തൻ അടികളാൽ സ്വസ്ഥർ നാം
തൻ തൊഴുത്തു വിട്ടോടിപ്പോയ്
ഞാൻ മലിഷ്ഠനായെങ്കിലും
ആട്ടിൻകുട്ടി തൻ രക്തത്താൽ
ഞാൻ ഹിമത്തിലും വെൺമയാം
വെൺമയായിടും വെൺമയായിടും
കുഞ്ഞാട്ടിൻ നിണ സ്നാനത്താൽ
ഞാൻ ഹിമത്തിലും വെൺമയാം
2. മുൾമുടി ധരിച്ചോൻ അവൻ
ക്രൂശെടുത്തു ക്ഷീണിച്ചഹോ

താൻ സഹിച്ചു മാം ഖേദങ്ങൾ
പാഴിൽ അല്ല തൻ കഷ്ടത
പാപം നീക്കും ഉറവയിൽ
ഞാൻ വന്നു കുളിച്ചീടട്ടെ
തൻ തിരുനിണ സ്നാനത്താൽ
ഞാൻ ഹിമത്തിലും വെൺമയാം — വെൺമ..

3. താതനെ നിന്നെ വിട്ടു ഞാൻ
തെറ്റിപ്പോയ് പലപ്പോഴുമെ
രക്തവർണ്ണമെൻ പാപങ്ങൾ
ശുദ്ധമായിടാ വെള്ളത്താൽ
വാഗ്ദത്തം വിശ്വസിച്ചു ഞാൻ
വന്നീടുന്നുറവയിങ്കൽ
ദൈവീകമാം സ്നാനത്തിനാൽ
ഞാൻ ഹിമത്തിലും വെൺമയാം — വെൺമ

## 461

*Lord Jesus, I long to be perfectly whole*

*J. Nicholson/W.G. Fischer* — *S.S. 569*

1 യേശുനാഥാ പൂർണ്ണസുഖം വേണമേ
വസിക്കണം എന്നുള്ളിൽ നീ എന്നുമേ
ബിംബങ്ങൾ തകർത്തോടിക്ക ശത്രുവെ
ഹിമത്തെക്കാൾ വെളുക്കും കഴുകെന്നെ
    ഹിമത്തെക്കാൾ ഹിമത്തെക്കാൾ താൻ
    ഹിമത്തെക്കാൾ വെളുക്കും കഴുകെന്നെ

2. പങ്കം ഒന്നും നിൽക്കാതെന്നേശു നാഥാ
നീക്കുക പങ്കം സർവ്വം നിൻ രക്തത്താൽ
ഉപേക്ഷിക്കുന്നെല്ലാം ഈ വരം കിട്ടാൻ
ഹിമത്തെക്കാൾ വെളുക്കും കഴുകെന്നെ — ഹിമത്തെക്കാൾ

3. സ്വർഗ്ഗത്തിൽ നിന്നു നോക്കി യേശു നാഥാ
പൂർണ്ണ പ്രതിഷ്ഠ ചെയ്‌വാൻ തുണക്കെന്നെ
ഏൽപ്പിക്കുന്നേൻ എന്നെയും എൻ സർവ്വവും
ഹിമത്തെക്കാൾ വെളുക്കും കഴുകെന്നെ — ഹിമത്തെക്കാൾ

4. യേശുനാഥാ കെഞ്ചുന്നു ഞാനിതിനായ്
ക്രൂശിച്ച നിൻപാദെ ശരണം നാഥാ
എൻ ശുദ്ധിക്കായ് നിൻ രക്തപാച്ചിൽ കണ്ടേൻ
ഹിമത്തെക്കാൾ വെളുക്കും കഴുകെന്നെ — ഹിമത്തെക്കാൾ

5. കാത്തിരിക്കുന്നിതാ ഞാനേശുനാഥാ
വന്നു സൃഷ്ടിക്കെന്നിൽ പുതു ഹൃദയം
നിന്നെ തേടിയോരെ തള്ളിയില്ല നീ
ഹിമത്തെക്കാൾ വെളുക്കും കഴുകെന്നെ — ഹിമത്തെക്കാൾ

## 462

*The king of Love my Shepherd is:*

*Henry W. Baker/Dr. D.B. Dykes* — *A &M 197*

1. എൻ ഇടയൻ സ്നേഹരാജൻ
തൻ നന്മയ്ക്കില്ല ലോപം
ഞാനവന്റും താനെനിക്കും
എന്നാൽ മുട്ടില്ലെനിക്കു

2. ജീവനദിയിലേക്കെന്റെ
ദേഹിയെ നടത്തുന്നോൻ
പച്ചയാം പുൽപ്പുറങ്ങളിൽ
മെച്ചമാം ഭോജ്യം നൽകി

3 ദോഷൻ ഞാൻ വഴിതെറ്റി, താൻ
സ്നേഹത്താൽ മാം തിരക്കി
വഹിച്ചു മെല്ലെ ചുമലിൽ
മോദമായ് വീടണച്ചു

4. മൃത്യുനാട്ടിൽ നീ കൂടെങ്കിൽ
ദോഷം ഭയപ്പെടാ ഞാൻ
നിൻ കോൽ വടിയെന്നാശ്വാസം
നിൻ ക്രൂശെൻ വഴികാട്ടി

5. എൻ മുമ്പിൽ വിരുന്നൊരുക്കി
നിൻ കൃപ നീ നൽകുന്നു
നിൻ കാസാ കവിഞ്ഞൊഴുകും
സന്തോഷമത്യാശ്ചര്യം

6. നാളെല്ലാമീ വിധത്തിൽ നിൻ
നന്മയ്ക്കില്ലാ മുടക്കം
നല്ലിടയാ നിൻ സ്തുതി ഞാൻ
ചൊല്ലട്ടെന്നും നിൻ വീട്ടിൽ

## 463

*Precious promise God hath given:*

*N Niles/P.P. Bliss* — *S.S. 543*

1. കർത്തൻ തന്ന നൽ വാഗ്ദാനം
ആർത്തനാം സഞ്ചാരിക്കായ്
സ്വർഗ്ഗയാത്ര നീളെ നിന്നെ
ഞാൻ നടത്താം എൻ കണ്ണാൽ

ഞാൻ നടത്താം ഞാൻ നടത്താം
ഞാൻ നടത്താം എൻ കണ്ണാൽ
സ്വർഗ്ഗയാത്ര നീളെ നിന്നെ
ഞാൻ നടത്താം എൻ കണ്ണാൽ

2. പരീക്ഷകളാൽ ജിതനായ്
ധൈര്യമറ്റോനായ് തീർന്നാൽ
നിന്നിൽ ധനിക്കട്ടെൻ വിളി
ഞാൻ നടത്താം എൻ കണ്ണാൽ — ഞാൻ നടത്താ

3. മുൻ കഴിഞ്ഞ കാലത്തോടെ
നിൻ പ്രത്യാശയറ്റീടിൽ
പിന്നെയും കേൾ എൻ വാഗ്ദാനം
ഞാൻ നടത്താം എൻ കണ്ണാൽ — ഞാൻ നടത്താ

4. അന്ത്യവായു വന്നു ശീഘ്രം
മൃത്യു നേരമാകുമ്പോൾ
നിൻ വിശ്വസ്തനാഥൻ ചൊൽ കേൾ
ഞാൻ നടത്താം എൻ കണ്ണാൽ — ഞാൻ നടത്താ

## 464

*Saviour, again to Thy dear name:*

*John Ellerton/E. Hopkins* S.S. 291

1. നല്ലിടയനാം യേശു രക്ഷകൻ
താൻ ജീവൻ നൽകി
വീണ്ടെടുത്തെന്നെ
മുട്ടുകൾ സർവ്വവും നാൾതോറുമേ
തീർത്തുപാലനം ചെയ്തിടുന്നു താൻ
2. യേശു നല്ലിടയൻ എന്നെ നല്ല
മേച്ചിൽ സ്ഥലെ കിടത്തുന്നു സദാ
ശാന്തവെള്ളങ്ങൾക്കരികിൽ എന്നെ
സന്തതം കൊണ്ടുപോകുന്നു അവൻ
3. നീതി വഴികളിൽ നടത്തുന്നു
സാദരം എന്നെ എൻ നല്ലിടയൻ
മുൻ നടക്കുന്നു താൻ അനുദിനം
എന്നെ പേർ ചൊല്ലി വിളിച്ചീടുന്നു
4. തൻ ആടുകളെ അറിയുന്നവൻ
നന്നായറിയും തൻ ശബ്ദം അവ
സർവ്വശക്തിയുള്ള തൻ കൈകളിൽ
ക്ഷേമമായിരിക്കും അവർ എന്നും
5. കെട്ടുന്നു മുറിവ് രോഗികളെ
മുറ്റും സുഖപ്പെടുത്തിടുന്നു താൻ
മാർവ്വിൽ കുഞ്ഞാടുകളെ ചുമന്നു
സർവ്വനേരവും പാലിച്ചിടുന്നു
6. ഈ നല്ലിടയ സംരക്ഷണയിൽ
ഞാൻ എന്റെ ലോകവാസം കഴിച്ചു,
മൃത്യുവിൻ ശേഷം സ്വർഗ്ഗേ പാർത്തിടും
നിത്യകാലവും തന്റെ മടിയിൽ

## 465

യാഹ് നല്ല ഇടയൻ
എന്നുമെന്റെ പാലകൻ
ഇല്ലെനിക്കു ഖേദമൊന്നുമേ (2)

1. പച്ചയായ പുൽപ്പുറങ്ങളിൽ
സ്വച്ഛമാം നദിക്കരികിലും
ക്ഷേമമായ് പോറ്റുന്നെന്നെയും
സ്നേഹമോടെന്നേശു നായകൻ — യാഹ്
2. കൂരിരുളിൻ താഴ്വരയതിൽ
ഏകനായ് സഞ്ചരിക്കിലും

ആധിയെന്യേ പാർത്തിടുന്നതും
ആത്മനാഥൻ കൂടെയുള്ളതാൽ — യാഹ്

3. ശത്രുവിന്റെ പാളയത്തിലും
മൃഷ്ടഭോജ്യമേകിടുന്നവൻ
നന്മയും കരുണയൊക്കെയും
നിത്യമെന്നെ പിൻതുടർന്നിടും — യാഹ്

4. കഷ്ടനഷ്ടശോധനകളിൽ
പൊൻമുഖം ഞാൻ നേരിൽ കണ്ടിടും
ശാശ്വത ഭുജങ്ങളിൻ മീതെ
നിർഭയനായ് ഞാൻ വസിച്ചിടും — യാഹ്

*(Mathew Ninan)*

## 466

ആശ്വാസദായകനായ് എനിക്കേശു അരികിലുണ്ട്
എന്തെന്തു ഭാരങ്ങളേറിവന്നാലും എന്നെ കൈവിടാത്തവൻ

1. ആവശ്യഭാരങ്ങളാൽ ഞാൻ ആകുലനായിടുമ്പോൾ
തന്റെ സാന്ത്വനം നൽകി വഴി നടത്തും യേശു അരികിലുണ്ട്
(ആശ്വാസ)

2. രോഗം പ്രയാസങ്ങളാൽ ഞാൻ ക്ഷീണിതനായിടുമ്പോൾ
എന്നെ താങ്ങി കരങ്ങളിൽ കാത്തിടും യേശു അരികിലുണ്ട്
(ആശ്വാസ)

3. ലോകത്തിൻ കെടുതികളിൽ ഞാൻ താളടിയാകാതെ
എന്നെ കാവൽ ചെയ്തിടും സ്നേഹിതനായ് യേശു അരികിലുണ്ട്
(ആശ്വാസ)

(Rev. Sajan P. Mathew)

## 467

നന്മയല്ലാതൊന്നും ചെയ്തിടാത്തവൻ തിന്മയാകെ മായ്ക്കുന്നവൻ
പാപമെല്ലാം മറക്കുന്നവൻ പുതുജീവനെന്നിൽ പകരുന്നവൻ
യേശു യേശു അവനാരിലും വലിയവൻ
യേശു യേശു അവനാരിലും മതിയായവൻ

1. ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം നന്മയ്ക്കായ് ഭവിച്ചിടുന്നു
തിരുസ്വരമനുസരിച്ചാൽ നമുക്കൊരുക്കീടുമവനഖിലം
കൃപയരുളിടുമെ ബലമണിയിക്കുമെ
മാറാ മധുരമായ് മാറ്റിടുമെ-

2. ഇരുൾ നമ്മെ മൂടിടുമ്പോൾ ലോകവെളിച്ചമായവനണയും
രോഗികളായിടുമ്പോൾ സൗഖ്യ ദായകനവൻ കരുതും
അവനാലയത്തിൽ സ്വർഗ്ഗനന്മകളാൽ
നമ്മെ നിറച്ചിടുമനുദിനവും-

3 കണ്ണുനീർ താഴ്വരകൾ ജീവ ജലനദിയാക്കുമവൻ
ലോകത്തിൻ ചങ്ങലകൾ മണി വീണയായ് തീർക്കുമവൻ
സീയോൻ യാത്രയതിൽ മോക്ഷമാർഗ്ഗമതിൽ-
സ്നേഹക്കൊടിക്കീഴിൽ നയിക്കുമവൻ-

(Koshy Thalackal)

## 468

മാൻ നീർത്തോടിനായ് ദാഹിച്ചു കാംക്ഷിക്കും പോലവെ
എന്നാത്മാവിൻ ദാഹവും നിനക്കായെൻ ദൈവമെ
ആശ്രയം നീ ശൈലവും നീ
കോട്ടയും നീ എന്നും കാക്കും

1 ജീവിക്കും ദൈവത്തിനായ് ദാഹിക്കും എൻ മനമേ
ദേവാ നിൻ സന്നിധിയിൽ നിന്നിടാൻ ആത്മാവുവാഞ്ഛിക്കുന്നു
ആശ്രയം

2 ആത്മാവേ ഉള്ളമതിൽ ഖേദത്താൽ ഞരങ്ങുന്നുവോ
അവൻ നിൻ രക്ഷയുമേ നിന്നുടെ മുഖപ്രകാശവുമേ ആശ്രയം

3 യോർദ്ദാൻ തലങ്ങളിലും ഹെർമ്മോൻ മലകളിലും
എല്ലാ ഇടങ്ങളിലും നിന്നെ നിരന്തരം ഓർത്തിടുമേ ആശ്രയം

## 469

എന്നെനിക്കെൻ ദുഃഖം തീരുമോ പൊന്നു കാന്താ നിൻ
സന്നിധിയിലെന്നു വന്നു ചേരും ഞാൻ
നിനയ്ക്കിൽ ഭൂവിലെ സമസ്തം മായയും
ആത്മക്ലേശവുമെന്നു ശലോമോൻ
നിനച്ച വാസ്തമറിഞ്ഞീ സാധു ഞാൻ
പരമസീയോനോടിപ്പോകുന്നു

1. കോഴി തന്റെ കുഞ്ഞു കോഴിയെ എൻ കാന്തനെ തൻ
കീഴിൽ വച്ചു വളർത്തും മോദമായ്
ഒഴിച്ചു സകല ജീവചിന്ത കഴിച്ചു സമസ്തപോരുമതിനായ്
വഴിക്കു നിന്നാൽ വിളിച്ചു കൂവുന്നതിന്റെ ചിറകിൽ
സുഖിച്ചു വസിക്കുവാൻ

2. തനിച്ചു നടപ്പാൻ ത്രാണിപോരാത്ത കുഞ്ഞിനെ താൻ
വനത്തിൽ വിടുമോ വാനരം പ്രിയാ
അനച്ചപറ്റി വസിപ്പാൻ മർവ്വുമതിനുവേണ്ട സമസ്ത വഴിയും
തനിക്കു ലഭിച്ച കഴിവു പോലെ കൊടുത്തു പോറ്റു-
ന്നതിന്റെ തള്ളയും

3 പറക്കശീലം വരുത്താൻ മക്കളെ കഴുകൻ തൻ പുര
മറിച്ചു വീണ്ടും കനിവു കൊണ്ടതിൽ
പറന്നു താഴെ പതിച്ചെന്നോർത്തു പിടച്ചു വീഴാൻ തുടങ്ങുന്നേരം
പറന്നു താണിട്ടതിനെ ചിറകിൽ വഹിച്ചു വീണ്ടും
നടത്തും തള്ളയും

4 വരവുനോക്കി കാത്തുനായക തവപൊൻ മുഖത്തിലെ
കരുണയുള്ള കാന്തി വിലസുവാൻ
വരുന്നനേരം അറിഞ്ഞുകൂടാത്തതിനു വാഞ്ഛ മനസ്സിൽ പൂണ്ടു
കുരികിൽപോലെ ഉണർന്നുകൂട്ടിൽ തനിച്ചുകാലം
കഴിക്കുന്നെങ്ങളും

(മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 470

എൻ പ്രീയ രക്ഷകനേ നിന്നെ കാണ്മാൻ
വാഞ്ഛയാൽ കാത്തിടുന്നു
ഹാ എന്റെ പ്രീയന്റെ പ്രേമത്തെ ഓർക്കുമ്പോൾ
ഹാ എനിക്കാനന്ദം തിങ്ങുന്നു മാനസേ

1. താതൻ വലഭാഗത്തിലെനിക്കായി രാജ്യമൊരുക്കിടുവാൻ
നീ പോയിട്ടെത്ര നാളായ് ആശയോടു കാത്തു ഞാൻ പാർത്തിടുന്നു
എന്നെ നിന്നിമ്പമാം രാജ്യത്തിൽ ചേർക്കുവാൻ
എന്നു നീ വന്നിടും എന്നാശ തീർത്തിടും

2 വാട്ടം മാലിന്യമില്ലാത്തവകാശം പ്രാപിപ്പാൻ തൻ സഭയെ
വാനിലെടുത്തിടുവാൻ തന്നോടു കൂടൊന്നിച്ചിരുത്തിടുവാൻ
വേഗം നീ വന്നീടാമെന്നുര ചെയ്തിട്ടു
താമസമെന്തഹാ ആനന്ദ വല്ലഭാ-

3 ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ മനോഹരമെങ്ങനെ വർണ്ണിച്ചിടാം
വെണ്മയോടു ചുവപ്പും കലർന്നുള്ള ലക്ഷങ്ങളിലുത്തമൻ
നീ മഹാ സുന്ദരൻ ആഗ്രഹിക്കത്തക്കോൻ
നീ മതിയേ എനിക്കെന്നേക്കും നിശ്ചയം

4 പ്രേമം നിന്നോടധികം തോന്നുമാറെൻ നാവു രുചിച്ചിടുന്നു
നാമത്തിൻമധുരം തേൻകട്ടയെക്കാളുമതിമധുരം
നീയെന്റെ രക്ഷകൻ വീണ്ടെടുത്തോനെന്നെ
നീ എനിക്കുള്ളവൻ ഞാൻ നിനക്കുള്ളവൻ

(മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 471

1 കർത്താവേ നിൻ രൂപമെനിക്കെല്ലായ്പ്പോഴും സന്തോഷമേ
സ്വർഗ്ഗത്തിലും ഭൂമിയിലും ഇതുപോലില്ലോർ രൂപം വേറെ
2 അരക്കാശിനും മുതലില്ലാതെ തലചായ്പ്പാനും സ്ഥലമില്ലാതെ
മുപ്പത്തിമൂന്നരക്കൊല്ലം പാർത്തലത്തിൽ പാർത്തല്ലോ നീ
3 ജനനസ്ഥലം വഴിയമ്പലം ശയ്യാഗൃഹം പുൽക്കൂടാക്കി
വഴിയാധാരജീവിയായ് നീ ഭൂലോകത്തെ സന്ദർശിച്ചു
4 എല്ലാവർക്കും നന്മ ചെയ്വാൻ എല്ലായ്പോഴും സഞ്ചരിച്ചു
എല്ലാടത്തും ദൈവസ്നേഹം വെളിവാക്കി നീ മരണത്തോളം

5 സാത്താനെ നീ തോൽപ്പിച്ചവൻ സർവ്വായുധം കവർന്നല്ലോ
സാധുക്കൾക്കോർ സങ്കേതമായ് ഭൂലോകത്തിൽ നീ മാത്രമേ
6 ദുഷ്ടന്മാരെ രക്ഷിപ്പാനും ദോഷം കൂടാതാക്കീടാനും
രക്ഷിതാവായിക്ഷിതിയിൽ കാണപ്പെട്ട ദൈവം നീയേ
7 ചങ്കിൻ ചോര ഗത്ശമേനിൽ വച്ചുണ്ടായ പോരാട്ടത്തിൽ
തുള്ളി തുള്ളി വിയർത്തതാൽ ദൈവകോപം നീങ്ങിപ്പോയി
8 യഹൂദർക്കും റോമാക്കാർക്കും പട്ടാളക്കാർ അല്ലാത്തോർക്കും
ഇഷ്ടം പോലെ എന്തും ചെയ്‌വാൻ കുഞ്ഞാടുപോൽ നിന്നല്ലോ നീ
9 തേജസ്സിന്റെ കർത്താവേ എൻ പ്രാണപ്രിയ സർവ്വസ്വമേ
ഗലീല്യരിൻ സങ്കേതമേ വീണ്ടും വേഗം വന്നീടണേ

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

ഹംസധ്വനി-ആദിതാളം

**472** ഇതുവരെ എന്നെ കരുതിയ നാഥാ
ഇനിയെനിക്കെന്നും തവ കൃപമതിയാം

1 ഗുരുവരനാം നീ കരുതുകിലെന്നെ
പുനരൊരു കുറവും വരികില്ല പരനേ
അരികളിൻ നടുവിൽ വിരുന്നൊരുക്കും നീ
പരിമളതൈലം പകരുമെൻ ശിരസ്സിൽ — ഇതുവരെ

2 കരുണയിൻ കരത്തിൽ കരുതലില്ലാത്ത
ഒരു നിമിഷവുമീ മരുവിലില്ലെനിക്ക്
ഇരവിലെൻ ഒളിയായ് പകലിലെൻ തണലായ്
ഒരു നിമിഷവും നീ പിരിയുകയില്ല — ഇതുവരെ

3 മരണത്തിൻ നിഴൽ താഴ്‌വരയതിലും ഞാൻ
ശരണമറ്റവനായ് പരിതപിക്കാതെ
വരുമെനിക്കരികിൽ വഴി പതറാതെ
കരം പിടിച്ചെന്നെ നടത്തിടുവോൻ നീ — ഇതുവരെ

*(M.E. Cherian)*

**473** എന്നെ ശക്തനാക്കിടുന്നവൻ മൂലം
ഞാൻ എല്ലാറ്റിലും മതിയായവൻ
എന്റെ ബലഹീനതയിൽ തന്റെ
ബലമണിയിക്കുന്നവൻ യേശു മാത്രമല്ലോ

1 തന്റെ കൈകളിൽ കളിമണ്ണായ് ഇരിക്കുമ്പോൾ പോലും ഞാൻ
തിരുഹിതം വെടിഞ്ഞു പോയി
കൃപയാൽ കൃപയാലവൻ കരങ്ങളിലണച്ചെന്നെ
അഴകേകി മെനഞ്ഞിടുന്നു — എന്നെ

2 ഈ ലോകത്തിൻ തിരകളിൽ കരകാണാതുഴലുമ്പോൾ
കരം തരുമവൻ കരുതും
അഴലേറിടും മരുവിലും നാഥനെ സ്തുതിച്ചിടാൻ
ബലമേകി നടത്തിടുന്നു — എന്നെ

3 കരം കുഴയുമ്പോൾ പാദങ്ങൾ തളരുമ്പോളാഴത്തിൽ
മറയുവാൻ തുടങ്ങിടുമ്പോൾ
എന്റെ പാറയാം യേശുതൻ കരങ്ങളാലെന്നെ
വിടുവിച്ചു നടത്തിടുന്നു എന്നെ

(കോശി തലയ്ക്കൽ)

## 474 *'Great is Thy faithfulness' T.O Chrisholm*

1 വിശ്വസ്തൻ എൻ ദൈവം യാക്കോബിൻ ദൈവം
വർഷിക്കുന്നു ദയ ദിനം തോറും
ആശ്രയമാണവൻ തൻ വാക്കു മാറാത്തോൻ
എൻ ദൈവം വിശ്വസ്തൻ മാറാത്തവൻ

വിശ്വസ്തൻ എൻ ദൈവം (2)
ചൊരിയുന്നു കൃപ ദിനംതോറും
ശക്തീകരിക്കുന്നു ആത്മവർഷത്താൽ
എൻ ദൈവം വിശ്വസ്തൻ എന്നേക്കും

2\. ശാന്തിദായകനായ് പാപഹാരകൻ
കരം പിടിച്ചു വഴികാട്ടുന്നോൻ
എൻ ബലമായതോ തൻ വാഗ്ദത്തങ്ങൾ
എന്തോരനുഗ്രഹം തൻ ദയയോ വിശ്വസ്തൻ

3\. സൂര്യചന്ദ്രാദികൾ താരഗണങ്ങൾ
നിൻ മഹാ വൈഭവം വർണ്ണിക്കുന്നു
നിൻ സൃഷ്ടിയോ എത്ര അത്ഭുതകരം
നിൻ കരുണാക്കടൽ അഗോചരം വിശ്വസ്തൻ

*(Translation: Dasan Philip)*

## 475

1 ദൈവം സകലവും നന്മയ്ക്കായ് ചെയ്യുന്നു
ഭക്തന്മാരിഹെ എന്തിനലയുന്നു വലയുന്നു (2)
2 ഞാനോ ഇതുവരെ ദൈവമാം പിതാവിന്റെ
കൈകളിൽ ഏല്പിച്ചതിൽ നിരാശയൊന്നുമില്ല (2)
3 ശിക്ഷയായി പലതെന്നാൽ വന്നു ഞാനറിയുന്നു
രക്ഷകനരികെയെൻ പക്ഷമായ് ചെയ്തതെല്ലാം (2)
4 സങ്കടം ബഹുവിധം സാധുഞാൻ ഏല്പിച്ചതിൽ
തൻകൃപ അളവെന്യേ അനുഗ്രഹ നിറവാകി (2)
5 സ്വർഗ്ഗമെനിക്കായ് തൻ പുത്രനിൽ നൽകിയ
മഹാവകാശമോർത്തെൻ കർത്താവേ വണങ്ങുന്നു (2)
6 എന്നാത്മാവതിന്റെ ചിറകുകൾ വിടരുന്നേ
അമ്മഹാ ഭാഗ്യതീരെ അടിയാനെയോർക്കണേ (2)

(മുത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി)

## 476

1 സേനയിന്നധിപൻ ദേവാനിലയത്തിലായ്
ആശ്രയമെവനുണ്ടോ? ആയവൻ
ഏവരിലുമതി ധന്യൻ
യാഹിൻ വാസമന്ദിരകാര്യം ആ..ആ
വാഞ്ഛിച്ചു മോഹിക്കുന്നെന്നുള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും — സേനയി...

2 കുരികിൽ തനിക്കൊരു വീടും മീവൽ
പറവ തൻ കുഞ്ഞുങ്ങൾക്കായ്
നല്ലൊരുകൂടും കണ്ടെത്തിയല്ലോ
നിൻ തിരുബലിപീഠം തന്നെ ആ...ആ
ധന്യർ നിന്നാലയത്തിൽ വസിപ്പോർ
നിത്യം സ്തുതിക്കുമവർ നിന്നെ... — സേനയി...

3 ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ
നിശ്ചയമതാണെന്നും
താഴ്ച ഭവിക്കുകയില്ലെന്നും
ഈ വിധമുള്ളോർ മനസ്സുകളിൽ– ആ–ആ
നിർണ്ണയമുണ്ടു നിരന്തരമായ്
സീയോൻ നഗരിയിൻ പെരുവഴികൾ — സേനയി...

4 കണ്ണുനീർ താഴ്വരയതുവഴിയായവർ
യാനം ചെയ്യുമ്പോൾ
ആയതു മാറും ജലാശയമായ്
മുന്മഴയനുഗ്രഹ പൂർണ്ണമതായ് ആ–ആ
പ്രാപിക്കും ബലമവർ ബലത്തിന്മേൽ
ചെന്നെത്തുമവരും സീയോനിൽ — സേനയി...

## 477 *I Need Thee Every hour* — *Mrs. A.S Hawks, R.Lowry*

1. വേണം നിന്നെ സദാ കൃപാ നാഥാ
അന്യരിൻ വാക്കൊന്നും ശാന്തി നൽക

വേണമേ നിന്നെ വേണം എന്നേരവും വേണം
വന്നേൻ നിൻ മുമ്പിൽ നാഥാ ആശിഷം താ

2. വേണം നിന്നെ സദാ കൂടെ പാർക്ക
പരീക്ഷ നിസ്സാരം നീ ഉണ്ടെങ്കിൽ — വേണമേ

3. വേണം നിന്നെ സദാ സുഖേ, ദുഃഖേ
വന്നു നീ പാർക്കായ്കിൽ ജീവൻ വൃഥാ — വേണമേ

4. വേണം നിന്നെ സദാ നിൻ ജ്ഞാനം താ
നിൻ വാഗ്ദാനമെന്നിൽ നിവർത്തിക്ക — വേണമേ

5. വേണം നിന്നെ സദാ പരിശുദ്ധാ
നിൻ സ്വന്തമാക്കെന്നെ ദൈവപുത്രാ — വേണമേ

**478** *Tune: When I survey the wonderous cross*

1. ഈ ലോകത്തിൽ നാം പാർക്കുമ്പോൾ
നാം കൂടെ കൂടെ പിരിയും
മേൽ ഭാഗ്യലോകം എത്തിയാൽ
നാം പിരിയാതെ വസിക്കും

2. ആ ഭാഗ്യലോകത്തുള്ളവർ
മുൻ ദുഃഖം രോഗം ഒക്കവെ
ഓർക്കാതെ എന്നും സ്തുതിച്ചു
സന്തോഷപ്പെടും എന്നുമേ

3. അവരോടു കൂടെ ദൈവം
എന്നും എന്നേക്കും വസിക്കും
കുഞ്ഞാടു എന്നും മേയിച്ചു
ആശ്വാസത്തോടെ നടത്തും

4. യഹോവ കണ്ണുനീർ എല്ലാം
തുവർത്തി തീരെ കളയും
തൻ സ്നേഹം കൊണ്ടു അവരെ
മഹത്വത്തിൽ താൻ നിറയ്ക്കും

5. ഈ കൃപ നാം വിചാരിച്ചു
എപ്പോഴും ധൈര്യപ്പെടുക
വിശ്വാസപോരു പൊരുതു
അനന്തഭാഗ്യം ലഭിക്ക

**479** *Oh, think of the home over there:*
*DWC Huntington/T. C.O'kance* *S.S.942*

1. ഓ ചിന്തിക്ക മേൽ മന്ദിരം
ശോഭിത നദിതീരത്തുള്ളോർ
അമർത്യരാം വിശുദ്ധ സംഘം
വെൺമ വസ്ത്രം ധരിച്ചവർ

മേലുള്ള മേലുള്ള
മന്ദിരം ചിന്തിച്ചീടുക
മേലുള്ള മേലുള്ള മേലുള്ള
മന്ദിരം ചിന്തിച്ചീടുക

2. ഓ ചിന്തിക്ക മേൽ തോഴരെ
യാത്ര തീർന്നവർ പോയി മുമ്പേ
ആനന്ദഗീതം പാടിയവർ
ആർത്തിടുന്നു സ്വർഗ്ഗം ആകവേ

മേലുള്ള മേലുള്ള
തോഴരെ ചിന്തിച്ചീടുക (2)

3. എൻ രക്ഷകനുണ്ടവിടെ
വിശ്രമിക്കുന്നെൻ പ്രിയ കൂട്ടം
ഞാനും പോയൊരുമിച്ചവിടെ
വസിച്ചെൻ ഖേദം തീരും ശീഘ്രം
മേലുള്ള മേലുള്ള
രക്ഷകനെ നാം ചിന്തിക്ക (2)

4. ഞാൻ പോയ് ചേരും വീട്ടിൽ വേഗം
ഓട്ടത്തിനന്തം കാണുന്നിതാ
എന്റെ പ്രേമസഖികൾ നൂനം
നോക്കി താൻ കാത്തിരിക്കുന്നിതാ
മേലുള്ള മേലുള്ള
വീടതിൽ ഞാൻ പോയ് ചേർന്നിടും (2)

## 480 വിശുദ്ധ സംസർഗ്ഗം

*I hear thy welcome voice* *L. Hartsough* *S.S. 475*

1. മുറ്റും വെടിപ്പാക്കുവാൻ
എന്നെ ക്ഷണിക്കും നിൻ
ഇമ്പസ്വരം ഞാൻ കേൾക്കുന്നു
കഴുകെന്നെ നാഥാ

നിങ്കലേക്കു ഞാൻ വരുന്നു നാഥാ
കാൽവറി പ്രവാഹത്താൽ കഴുകെന്നെ ദേവാ

2. അശക്തൻ ദോഷി ഞാൻ, നിൻ ശക്തി നൽകുക
നിൻ രക്തമെൻ പാപക്കറ നീക്കി ശുദ്ധി നൽകും നിങ്കലേക്കു

3. വിശ്വാസം, സ്നേഹവും, സന്തോഷം ആശയും
പൂർണ്ണമാം സമാധാനവും ദാനം ചെയ്ത കർത്താ നിങ്കലേക്കു

4. സ്വാതന്ത്ര്യം നൽകുക സാക്ഷിപ്പാൻ ശക്തി താ
വാഗ്ദത്തങ്ങൾ 'നിവർത്തിക്ക സ്നേഹിതാ രക്ഷകാ നിങ്കലേക്കു

5. നിത്യം കൃപ നൽകി ഉറപ്പിക്കെന്നെ നീ
രക്ഷണ്യവേല രക്തത്താൽ നിവർത്തിക്ക നാഥാ നിങ്കലേക്കു

6. വീണ്ടെടുപ്പിൻ വില പാവന രക്തത്താൽ
നീതി, കൃപ, ശ്രേഷ്ഠദാനം ഏഴയ്ക്കു നൽകുകെ നിങ്കലേക്കു

## 481

1. കർത്താവരുളുന്നു തിരുമേശയിൽ വരിക
ക്രൂശിൽ ബലിയായ് ഏല്പിച്ച
തൻ ജീവിതവും മരണവും
രക്ഷയിൻ മർമ്മമതാകുന്നു

ശുദ്ധിവരുത്തും രക്തമതേ
ശക്തിതരുളും ഭോജനമേ
ഐക്യതയിൽ കാക്കുക ഞങ്ങളെ നീ

2 പരിശുദ്ധൻ നാഥാ പരിശുദ്ധൻ നീയേ
നിൻ മരണത്താൽ ഞങ്ങളുടെ
സങ്കടമെല്ലാം നീക്കിയതാൽ
ഐക്യതയിൽ കാക്കുക ഞങ്ങളെ നീ (ശുദ്ധി വരുത്തും...)

3 പുതുതാക്കും നിയമം
പുതുതാകും ജനത
പുതുജീവൻ പുതുവഴിയായി
നിണമതാൽ നേടി തിരുസഭയെ
ഐക്യതയിൽ കാക്കുക ഞങ്ങളെ നീ (ശുദ്ധി വരുത്തും...)

4 ക്രൂശിൻ കഷ്ടതയോ
ഉയിർപ്പിൻ ശോഭയതാൽ
മരണം ജയിച്ചവനെ
തവ ധീരതയും ശക്തിയതും
നൽകുക നീ ഞങ്ങളിൽ എന്നെന്നും (ശുദ്ധി വരുത്തും...)

5. ആലയം തേടുന്നു നാഥാ നിൻ മക്കൾ
നിൻ പദതാരിങ്കൽ
അൻപൊടു നോക്കണമേ ഇടിയാതെ
സന്താപാശ്രു തുടച്ചിടുവാൻ (ശുദ്ധി വരുത്തും...)

## 482 'O Thou who Camest from above'

1. നിൻ തിരുരക്തം ചിന്തി നീ
വീണ്ടെടുത്തെന്നെ യേശുവേ
അത്ഭുതമാം ഈ സ്നേഹത്തി
നെന്തു തരും നിനക്കു ഞാൻ

2. നീ എന്നെ വീണ്ടുകൊണ്ടതു
നിന്മഹത്വത്തിനാകയാൽ
എൻ പ്രിയ നാഥനെ ഇതാ
അർപ്പിക്കുന്നു നിനക്കെന്നെ

3. വാസം ചെയ്തിടുകെന്നിൽ നീ
യേശുവേ നിൻ തിരുഹിതം
നിൻ ആവിയാൽ ക്ഷണം പ്രതി
എന്നിൽ നടത്തീടണമേ.

4. എൻ ഹൃദയത്തിൽ പൂർണ്ണമാം
സ്നേഹമത്തെ നാൾതോറും പ്രിയ
രക്ഷകനെ നിൻ സന്നിധൗ
വെക്കണമെ കാഴ്ചയായ് ഞാൻ

5. എന്നിൽ നീ വാണീടണമെ
മന്നവനായ് ദിനംപ്രതി
ലോകത്തിൽ നീ ജീവിച്ചപോൽ
ആകേണം എന്റെ ജീവിതം

6. ഭൂവിൽ നിന്നെന്നെ ദൈവമെ
നീ വിളിക്കും മുമ്പിൽ അഹൊ
ഈ വാഞ്ഛ സാധിപ്പാൻ എൻമേൽ
ആവസിക്കണമെ കൃപ

## 483 Tune: Thou sweet beloved will of God S.S.625

1. എൻ ദൈവമെ നിൻ മേശമേൽ
നിൻ പാത്രം സ്നേഹം തൂകുന്നു
നിൻ മക്കളെല്ലാം വന്നിങ്ങു
നിൻ മാധുര്യം രുചിക്കട്ടെ

2. യേശുവിന്റെ ദാനമെ തൻ
മാംസരക്തത്തിൻ വിരുന്നെ
ഈ ഭക്ഷ്യപാനീയങ്ങളെ
ആസ്വദിപ്പതു മാ ഭാഗ്യം

3. പാത്രത്തിലില്ലാത്തോർ മുമ്പിൽ
ഈ ദ്രവ്യങ്ങൾ വെപ്പതെന്ത്?
നിൻ പേർക്കല്ലോ രക്തം ചിന്തി
നിനക്കില്ലെ മക്കൾ വീതം?

4. കർത്താ, നിൻ മേശയ്ക്കിമ്പമായ്
മോദമോടേവരും കൂടി
അതിൻ മർമ്മങ്ങൾ രുചിപ്പോർ
മുക്തി ആസ്വദിക്കട്ടിഹെ

## 484 Tune:The Lord's My Shepeherd

1. ഹേ ദാഹിക്കുന്നോർ വരുവിൻ
ജീവജലവീചികൾ
സൗജന്യദാനം വാങ്ങുവിൻ
യേശുവിൻ ക്രൂശിങ്കൽ

2. യേശു സ്വർഗ്ഗ അപ്പം അല്ലൊ
ആത്മജീവാഹാരം
യേശുരക്തം സ്വസ്ഥം അല്ലൊ
പാപപരിഹാരം

3. ഈ മന്നായെ ഭുജിക്കുന്നോർ
എല്ലാരും ജീവിക്കും
ഈ ഉറവിൽ പാനം ചെയ്‌വോർ
ആരോഗ്യം പ്രാപിക്കും

4. യേശുവിൻ മാംസരക്തവും
നിൻ വിരുന്നാകട്ടെ
യേശുവിൻ ആത്മദാനവും
ജീവനെ നൽകട്ടെ

**485**

'O Sacred Head once' H.L. Hassler

1 നുറുക്കപ്പെട്ട നാഥാ നിന്ദ സഹിച്ചോനേ
മുൾക്കിരീടം അണിഞ്ഞു ക്രൂശു ചുമന്നോനെ
പീഡനം തിരുസർവ്വം എൻ പേർക്കായ് സഹിച്ചു
തേജസ്സിൻ നീതിസൂര്യാ നിൻ സ്നേഹം ആശ്ചര്യം

2. മഹത്വത്തിൻ രാജാവേ ജീവന്റെ ദാതാവേ
വെടിഞ്ഞു നീ മഹത്വം താതന്റെ ഭവനം
എല്ലാം എൻ പേർക്കായ് നാഥാ നീ മരിച്ചു ക്രൂശിൽ
ജയം നേടി പാപികൾക്കായ് പാവനാത്മാ സ്തോത്രം

3. എങ്ങനെ ഞാൻ സ്തുതിക്കും സ്വർഗ്ഗീയ മിത്രമേ
അഗോചരമാം നിന്റെ കൃപ അഗാധമേ
നിന്റേതു മാത്രം ആവാൻ നിന്നിൽ സ്ഥിരപ്പെടാൻ
നിൻ സ്നേഹത്തിൽ നടപ്പാൻ പ്രാണേ തുണയ്ക്കുക

4. ക്രൂശെടുത്തു നിൻ പാദേ പിൻപറ്റാൻ നയിക്ക
വീണ്ടെടുപ്പുകാരനാം നാഥാ വിടുവിക്ക
വിശ്വാസക്കണ്ണാൽ നോക്കി നിന്നെ മാത്രം കാണ്മാൻ
എൻ നായകനായ് വാഴ്ക ജീവിതാന്ത്യത്തോളം

**486** *I am not worthy, Holy Lord* *W Hurst* *A & M 323*

1. ഞാൻ അയോഗ്യൻ ശുദ്ധനാഥാ
നീയെൻ ചാരെവരാൻ
കല്പന ഒന്നല്ലോ വേണ്ടു
പാപിയെ മോചിപ്പാൻ

2. ഞാൻ അയോഗ്യൻ എൻ ദേഹിയിൽ
വാസം നീചക്കുടിൽ
നീയതിൽ വരുമോ നാഥാ
വാക്കിനാൽ ശുദ്ധി താ

3. ഞാൻ അയോഗ്യൻ, എങ്കിലും ഞാൻ
മുടക്കാമോ നിന്നെ
എൻ വിലയായ് തിരുജഡ-
രക്തം കൊടുത്തോനേ

4. നല്ലോരീസമയം വന്നു
ദിവ്യാഹാരം നൽകി
വല്ലാത്തോൻ ദേഹിയിൽ നിൻ ശക്തി
സ്നേഹം നിറയ്ക്കുക

## 487

നല്ലവനെ നൽവഴി കാട്ടി എന്നെ വഴി നടത്തു
ഘോരവൈരിയെൻ പിന്നിൽ ചെങ്കടൽ മുന്നിൽ
എന്നെ വഴി നടത്തു — നല്ലവനെ...

1. മരുഭൂമിയിൽ അജഗണം പോൽ തൻ ജനത്തെ നടത്തിയോനെ-
ആഴിയതിൽ വീഥിയൊരുക്കി മറുകരയണച്ചവനെ-
കണ്ണീർതാഴ്‌വരയിൽ ഇരുൾ വീഥികളിൽ നീ
എന്നെ വഴി നടത്തു (2) — നല്ലവനെ

2. ആപത്തിലും രോഗത്തിലും എനിക്കഭയം നീ മാത്രമേ
കാലുകളെ വീഴ്ചയിൽ നിന്നും രക്ഷിക്കുന്നതും നീയേ
എന്റെ പ്രാണനെ മരണത്തിൽ വീണ്ടെടുത്തോനെ
കണ്ണുനീർ തുടപ്പോനെ — നല്ലവനെ

3. സ്നേഹമില്ലാത്തിടങ്ങളിൽ സ്നേഹം പകരാൻ മനസ്സു തരൂ
നിന്ദിതരെ പീഡിതരെ പരിപാലിക്കാൻ കൃപയരുളു
നിന്റെ കാലടിയിൽ പാദമൂന്നി നടക്കാൻ
എന്നെ അനുവദിക്കൂ (2) — നല്ലവനെ

4. ഞാനൊരുവൻ വഴിയെന്നരുളിയ രാജപുരോഹിതനേ
കാൽവറിയിൽ സ്വർഗ്ഗകവാടം എനിക്കായ് തുറന്നവനേ
നിന്നെപ്പോലെയായ് തീരാൻ നിന്നിൽ വന്നണയാൻ
എന്നെ അനുവദിക്കൂ (2) — നല്ലവനെ

*(Koshy Thalackal)*

## 488 *I've found a friend* *J.G.Small/ Geo C. Stabbins*

1 യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
ഞാനറിയും മുമ്പേയെന്നെ
സ്നേഹിച്ചോരു സ്നേഹിതൻ
സ്നേഹ പാശങ്ങളിലെന്നെ
തന്നോടൊന്നായ് ബന്ധിച്ചു
ഞാനവന്റെ അവനെന്റെ
സ്വന്തമെന്നുമെന്നേക്കും

2 യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
തൻ രക്തം ചിന്തി മരിച്ചു
എന്നെ രക്ഷിപ്പാനായ്
നിത്യജീവൻ മാത്രമല്ല
തന്നെ മുഴുവൻ തന്നു
എൻ ദേഹം ദേഹി ആത്മാവും
സമർപ്പിക്കും തനിക്കു

3- യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
നിത്യമഹത്വമതിന്റെ
പ്രത്യാശ താൻ നൽകുന്നു
പ്രാർത്ഥനയിൽ നീ ഉണർന്നു
പോരാട്ടം ചെയ്തിടുകിൽ
നിത്യ സ്വസ്ഥത ഏകും താൻ
ഭാഗ്യം പരമാനന്ദം

4 യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
ദയ, സത്യമാർദ്രതയും
ഉള്ള രാജാ സ്നേഹിതൻ
നല്ലോരാലോചനക്കാരൻ
വഴികാട്ടി കാവലും
താൻ മാത്രം ആയതാലെത്ര
ആനന്ദം എൻ ജീവിതം

5 യേശുവെപ്പോലുണ്ടോ ഇത്ര
നല്ല സഖി എനിക്കു
ക്രിസ്തുവിൻ നിത്യസ്നേഹത്തിൽ
നിന്നൊരുനാളുമെന്നെ
ജീവനോ മരണത്തിനോ
ലോക നരകങ്ങൾക്കോ
പിരിപ്പാൻ കഴികയില്ല
യേശുവിന്റെ സ്വന്തം ഞാൻ

## 489

*Simply trusting ev'ry day*

*E.Page/Ira.D.Sankey* *S.S 836*

1 ചേരുമേശുവിൽ ദിനം
മാരുതൻ താകറിനം
എൻ വിശ്വാസം ദുർബ്ബലം
യേശു താൻ സർവ്വാശ്രയം

നാളുകൾ ഗമിക്കിലും
മാത്രകൾ പറക്കിലും
എന്തെല്ലാം ഭവിക്കിലും
യേശു താൻ സർവ്വാശ്രയം

2 പാതയാശാമയാം നേരം
പാടും ഞാൻ അത്യധികം
ക്ഷീണമെങ്കിലെൻ വഴി
യാചിക്കും ക്ഷണം പ്രതി
(നാളുകൾ)

3 ആപത്തിൽ ഞാൻ വിളിക്കും
യേശു നിശ്ചയം കേൾക്കും
എന്റെ ശ്രേഷ്ഠ സങ്കേതം
യേശു താൻ സർവ്വാശ്രയം
(നാളുകൾ)

4 ജീവകാലമൊക്കെയും
കൽപാന്തകാലം വരെ
സ്വർഗ്ഗം ചേരാനെൻ ബലം
യേശു താൻ സർവ്വാശ്രയം
(നാളുകൾ)

## 490

ക്രിസ്തീയ കുടുംബം

1 ഇത്രത്തോളമെന്നെ കൊണ്ടുവന്നിടുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്ര നന്മകൾ ഞങ്ങളനുഭവിപ്പാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ

2 ഇത്രത്തോളമെന്നെ ആഴമായ് സ്നേഹിപ്പാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്ര ശ്രേഷ്ഠമായതെല്ലാം തന്നിടുവാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ

3 ഇത്രത്തോളമെന്റെ ഭാവിയെ കരുതാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്രത്തോളമെന്നെ അത്ഭുതമാക്കുവാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ

4 ഇത്രത്തോളമെന്നെ ധന്യനായ് തീർക്കുവാൻ
ഞാനും എൻ കുടുംബവും എന്തുള്ളൂ
ഇത്രത്തോളമെന്നെ കാത്തു സൂക്ഷിക്കുവാൻ
എന്തുള്ളൂ യോഗ്യത നിൻ മുമ്പിൽ

## 491

ഞാനും എനിക്കുള്ള സർവ്വസ്വവും
ദൈവത്തിൻ ദാനമെന്നോർത്തീടും ഞാൻ
ഞാനും കുടുംബവും സേവിച്ചീടും
യഹോവ്ന ദൈവത്തെ ഇന്നുമെന്നും

1. എൻ ഗേഹം ദൈവത്തിൻ വാസസ്ഥലം
ആരാധിച്ചിടുമാ ധന്യനാമം
അർപ്പിച്ചിടും എൻ സമസ്തവും
സ്തോത്രത്തിൻ യാഗങ്ങളാൽ ഞാനും

2. സന്തോഷ സന്താപ വേളകകളിൽ
ഒന്നായൊന്നായും തവ സന്നിധിയിൽ
സ്നേഹിച്ചിടും ക്ഷമിച്ചിടും
കരുതീടും തമ്മിൽ തമ്മിൽ ഞാനും

3 നാഥൻ എനിക്കേകും ദാനമെല്ലാം
സ്നേഹത്തിൽ ഏവർക്കും പങ്കുവെയ്ക്കും
ദുഖിതർക്കും പീഡിതർക്കും
ആവോളം നന്മ ചെയ്യും... ഞാനും

4. എന്നിൽ നിയുക്തമാം ദൈവയിഷ്ടം
ആരാഞ്ഞറിഞ്ഞു ഞാൻ ജീവിച്ചിടും
സത്യ-ധർമ്മ-നീതി-മാർഗ്ഗം
നിത്യവും പിന്തുടരും... ഞാനും

(മാത്യു ഗൈനാൻ)

സാമാന്യഗീതങ്ങൾ

## 492 Grace ! tis a charming sound

P. Doddrodge & A.M. Doplady S.S. 8

1. കൃപ മനോഹരം ചെവിക്കിമ്പസ്വരം
പ്രതിധ്വനിയാൽ മുഴങ്ങും സ്വർല്ലോകം ഭൂമിയും
കൃപയാൽ രക്ഷ ഇതെന്നാശ്രയം
യേശു സർവ്വനർക്കായ്
മരിച്ചാനെനിക്കും

2. ജീവപുസ്തകത്തിൽ
എൻ നാമമെഴുതി
കൃപ കുഞ്ഞാട്ടിൻ പക്ഷത്തിൽ
ചേർത്തെന്നാധി പോക്കി കൃപയാൽ

3. സർവ്വപാതയിൽ എൻ കാൽ
ഗമിപ്പാൻ പഠിച്ചു
സർവ്വനിറവുമുണ്ടതാൽ
ദൈവാശ്രയം കൊണ്ട് കൃപയാൽ

4. കൃപ ജപം ചെയ്‌വാൻ
വശമാക്കി എന്നെ
കൈവിടാതിന്നോളം താൻ
ഭദ്രം പാലിച്ചെന്നെ കൃപയാൽ

5. കൃപ ദൈവബലം
എന്നുള്ളിലൂതട്ടെ
എൻ ശക്തി മുറ്റും എന്നാളും
നിൻ വകയാകട്ടെ കൃപയാൽ

## 493

Take the name of Jesus with you

Mrs.L. Baxter/W.H. Doane S.S.91

1. ക്രിസ്തുനാമം ഏറ്റുകൊൾ നീ
കഷ്ടാരിഷ്ടമെപ്പോതലേ
സ്വാസ്ഥ്യം മോദമതു നൽകും
സർവ്വത്ര വഹിച്ചുകൊൾക

    രത്നപ്പേർ എന്തിമ്പം
    ഭൂപ്രത്യാശ സ്വർഗ്ഗാശ്യം (2)

2. സദാ വഹിക്കയേശുനാമം
അതാപത്തിൽ ഖേടകം
പരീക്ഷ ചുറ്റും വന്നീടിൽ
പ്രാർത്ഥിക്ക തൻ നാമത്തിൽ — രത്നപ്പേർ

3. എത്രമൂല്യനാമം യേശു
ചിത്തേ മോദം നിറക്കും
നമ്മെത്താനാശ്ലേഷിക്കുമ്പോൾ
നമ്മുടെ നാവും പാടും — രത്നപ്പേർ

4. നമ്മുടെ യാത്ര തീർന്നു നാം
കുമ്പിട്ടേശു പാദത്തിൽ
സ്വർരാജരാജനായ് തന്നെ
ധരിപ്പിക്കും കിരീടം — രത്നപ്പേർ

## 494

1 നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലും ഇരുൾ പരന്നിടുന്ന വേളയിൽ
അന്ധകാരപൂർണ്ണമായ രാത്രിയാണു പോൽ
എൻഗൃഹത്തിൽ നിന്നുമേറെ ദൂരെയാണ് ഞാൻ

    നീ നയിക്കുക-നീ നയിക്കുക-സാദരം വിഭോ
    നിൻപ്രകാശ ധാര തൂകി നീ നയിക്കുക

2 ഞാൻ കടന്നുപോന്ന കാലമോർക്കുമെങ്കിലോ
ഞാൻ മതിയെനിക്കു തന്നെ എന്ന ചിന്തയാൽ
എന്റെ മാർഗ്ഗമെന്റെയിഷ്ടമെന്നപോലെയായ്
നിന്റെ രക്ഷണീയപാത തേടിടാതെ ഞാൻ — നീ നയിക്കുക

3. ഭാസുരാഭ ചേർന്നിടുന്ന പൊന്നുഷസ്സിനായ്
ഭീതി ലേശമേശിടാത്ത നാളെ നോക്കി ഞാൻ
എന്നിൽമാത്രമാശവെച്ചു ഞാൻ കടന്നുപോയ്
നിൻമനസ്സിലോർത്തിടാതെ നീ നയിക്കണേ — നീ നയിക്കുക

4 മുൾപ്പരപ്പിലൂടെയും മലപ്പരപ്പിലും
നിർജ്ജനം മഹീതലം കടക്കുവോളവും

ഇത്രനാൾവരെയനുഗ്രഹിച്ച നിൻ കരം
നിശ്ചയം നയിക്കുമെന്നെയെന്നുമോർപ്പൂ ഞാൻ — നീ നയിക്കുക

5 രാത്രിതൻ ഇരുൾ മറഞ്ഞു പൊൻ പ്രഭാതമായ്
വാനവർ പൊഴിച്ചിടുന്ന മന്ദഹാസവും
ഏറെയേറെ ഞാൻ കൊതിച്ചു കാത്തിരുന്നൊരാ-
നല്ല നാളു സ്വാഗതം ഉതിർത്തിടുന്നിതാ — നീ നയിക്കുക

## 495 *Oh for a faith that will not shrink:*

*Rev.W.H. Bathurst/Canon Havergal* *S.S.327*

1. നിൻ കരുണകൾ കർത്താവേ
വളരെ ആകുന്നു
ഇവയെ ഓർത്തു സദാ ഞാൻ
ആശ്ചര്യപ്പെടുന്നു

2. ഞാൻ ശിശുവായിരുന്നപ്പോൾ
എന്നെ നീ പാലിച്ചു
എൻ യൗവ്വനത്തിൽ നീ തന്നെ
ഏറ്റം സഹായിച്ചു

3. ഞാൻ രോഗിയായ് കിടന്നപ്പോൾ
ആശ്വാസം നീ തന്നു
പാപദുഃഖത്തിൽ നിന്നു നീ
എന്നെ വിടുവിച്ചു

4. ഈ ആയുസ്സുള്ള നാൾ ഒക്കെ
നിന്നെ ഞാൻ പുകഴ്ത്തും
മേൽ ലോകത്തിൽ കർത്തനെ ഞാൻ
ഏറ്റവും സ്തുതിക്കും

5. നിനക്കു സ്തുതി ദൈവമേ
എന്നേക്കും ഞാൻ പാടും
നിന്നെ സ്തുതിപ്പാൻ നിത്യത്വം
പോരാത്തതായിടും

## 496 *Tune: Breathe on me, breath of God,*

1. എൻ പ്രിയന്റെ സ്വരം ഇമ്പം എനിക്കതു
തൻ തിരുവചനം മൂലം എന്നും കേൾക്കുന്നു ഞാൻ

2. എൻ പ്രിയന്റെ സ്വരം അൻപോടെ നൽകുന്നു
എൻ പാപത്തിനു മോചനം ഞാൻ പിഴച്ചിടുമ്പോൾ

3. എൻ പ്രിയന്റെ സ്വരം ഞാൻ ദുഃഖിക്കും നേരം
സ്വയം തരുന്നെനിക്കു മാധുര്യാശ്വാസത്തെ

4. എൻ പ്രിയന്റെ സ്വരം ഏകിടുന്നു സുഖം
രോഗത്താൽ വലയുന്നോരു ദേഹത്തിന്നെപ്പോഴും
5. എൻ പ്രിയന്റെ സ്വരം എന്റെ പ്രയാസങ്ങൾ
ആവശ്യങ്ങൾ ക്ഷീണതയും സർവ്വം തീർത്തിടുന്നു
6. എൻ പ്രിയന്റെ സ്വരം എന്നും നടത്തുന്നു
എന്നെ ഈ ലോകയാത്രയിൽ തന്നാത്മാവിനാലെ
7. എൻ പ്രിയന്റെ സ്വരം എൻ ഉള്ളിലാനന്ദം
മന്നിൽ ഞാൻ ജീവിക്കുമ്പോഴും എന്നും എന്നേക്കുമേ

## 497 *Lord, I hear of showers of blessing*

*Mrs. Kodner/W.B.Bradbury* *S.S. 485*

1. ശമിപ്പാൻ നിലത്തിൻ ദാഹം
മാരി ധാരാളം കർത്താ
നീ വർഷിപ്പതു കേൾക്കുന്നേൻ
പെയ്യട്ടാശിസ്സെന്മേലും
എനിക്കും എനിക്കും
ചാറ്റലെങ്കിലും വേണം
2. കടന്നുപോകല്ലേ താതാ
എൻ ഹൃത്താം പാപം തന്നെ
എന്നെ നീ വെടികിലും നിൻ
കാരുണ്യം വർഷിക്കെന്മേൽ
എന്മേലും എന്മേലും
കാരുണ്യം വർഷിക്കെന്നിൽ
3. കൈവിടല്ലേ, നൽ രക്ഷകാ
നിന്നെ ഞാൻ സ്നേഹിക്കട്ടെ
നിൻ കൃപയ്ക്കായ് വാഞ്ഛിക്കുന്നേൻ
കടാക്ഷിക്കെന്നെയും കൂടെ
എന്നെയും എന്നെയും
കടാക്ഷിക്കെന്നെയും കൂടെ
4. കൈവിടല്ലേ ദൈവാത്മാവേ
പൊട്ടക്കണ്ണ് തുറക്കും നീ
യേശുവിനു സാക്ഷി നീ താൻ
ശക്തിയാറും വാക്കു ചൊൽ
എന്നോടും എന്നോടും
ശക്തിയാറും വാക്കു ചൊൽ
5. ദൈവസ്നേഹം സ്വയം നിത്യം
ക്രിസ്തുരക്തം ധാരാളം
ദൈവകൃപ എത്ര ശക്തി
വർദ്ധിപ്പിക്കെന്നിൽ ഇവ
എന്നിലും എന്നിലും
വർദ്ധിപ്പിക്കെന്നിൽ ഇവ
6. കൈവിടല്ലെന്നെ തിരിച്ചു
ചേർക്കുകെൻ ചിത്തം നിന്നിൽ
ജീവനുറവൊഴുക്കുമ്പോൾ
ആശീർവദിക്കെന്നെയും
എന്നെയും എന്നെയും
ആശീർവദിക്കെന്നെയും

## 498

എത്ര സൗഭാഗ്യമേ എത്ര സന്തോഷമേ
ക്രിസ്തീയ ജീവിതം ഭൂമിയിൽ
ഇത്ര നല്ലവനാം ഇത്ര വല്ലഭനാം
യേശു ദൈവമായ് ഉള്ളതിനാൽ

1 നല്ല സ്നേഹിതനായ് നല്ല പാലകനായ്
ഇല്ല യേശുവെപ്പോലൊരുവൻ
എല്ലാ നേരത്തിലും ഏതു കാര്യത്തിലും
വല്ലഭൻ വേറെ ആരുമില്ല എത്ര...

2 ക്രൂശിന്റെ പാതയിൽ പോയിടും ധൈര്യമായ്
ക്ലേശങ്ങൾ ഏറെ വന്നീടിലും
ശാശ്വതപാറയാം യേശുവിൽ കണ്ടിടും
ആശ്വാസത്തിന്റെ പൂർണ്ണതയും — എത്ര...

3 ഭാരങ്ങൾ വന്നാലും രോഗങ്ങൾ വന്നാലും
തീരാ ദുഖങ്ങൾ കൂടിയാലും
പരമേശുവിന്റെ കരമുള്ളതിനാൽ
ധരണിയതിൽ ഭീതിയില്ല — എത്ര...

4 കഷ്ടങ്ങൾ വന്നാലും കണ്ണുനീർ വന്നാലും
നഷ്ടങ്ങൾ ഏറെ വന്നീടിലും
ശ്രേഷ്ഠനാമേശുവിൻ കൃപയുള്ളതിനാൽ
സൃഷ്ടിതാവിങ്കൽ ആശ്വസിക്കും — എത്ര...

(വിൽസൺ ചേന്നനാട്ടിൽ)

## 499 Sinful, sighing to be blest

G Berg — A & M 654

1. പാപപാശത്താൽ ബദ്ധൻ
വാഞ്ചിക്കുന്നേൻ സ്വാതന്ത്ര്യം
ക്ഷീണൻ കാംക്ഷവിശ്രമം
കർത്താ ചെയ്ക കാരുണ്യം

2. നന്മ ലേശം ഇല്ലെന്നിൽ
തിന്മയത്രേ മുഴുവൻ
എന്നാവശ്യം ചൊല്ലുന്നേൻ
കർത്താ, ചെയ്ക കാരുണ്യം

3. മദ്ധ്യസ്ഥൻ എന്നാശ്രയം
സന്തതം നിൻ അന്തികെ
വാദിക്കും എൻ പേർക്കായ് താൻ
കർത്താ, ചെയ്ക കാരുണ്യം

4. എൻ രക്ഷകൻ തൻ നാമം
മാത്രം എനിക്കു ബലം
വൻ നാമം അതിൻമൂലം
കർത്താ ചെയ്ക കാരുണ്യം

## 500

Tune: 'I love to think of the heav'nly land

1. എന്തൊരു തൻ വിലതീരാ
സ്നേഹം ആർക്കു വർണ്ണിക്കാം
തന്നന്തികെ ചേർന്നണയാനറി
ഞ്ഞോർക്കു താൻ സാദ്ധ്യം
യേശുവിൻ സ്നേഹം
ആശ്ചര്യ സ്നേഹം
യേശുവിൻ സ്നേഹം
ആശ്ചര്യ സ്നേഹമേ

2. ആ പാപിയെന്നുടെ ദോഷത്തെ
തീർത്താമോദം നല്കി

പാപാന്ധകാരത്തിനെ വെന്നീടാ
നുള്ളാത്മാവും നല്കി — യേശു

3 തൻ നാമം ചൊല്ലുന്നതെത്രമോദം
എന്നകതാരിൽ
വന്നു അവൻ പിതാ എങ്കിലെ
പ്പൊളുണ്ടാമാനന്ദം — യേശു

4. ഇപ്പാരിലധിക ദുഃഖമെന്നിൽ
നേരിടുമ്പോൾ ഞാൻ
തൽപാദെ ചേരുമ്പോൾ ഒക്കെ
വേഗം പോയ്മറയുന്നു — യേശു

5. കാണാത്തോരെ കണ്ടിട്ടാനന്ദിച്ചി
രുന്നു ഞാനിപ്പോൾ
കാണാം മുഖാമുഖമെന്നുറച്ചു
കാത്തിരിക്കുന്നു — യേശു

6. മൽപ്രാണനാഥന്റെ ശബ്ദം കാതി
നെത്ര മനോഹരം
എപ്പോഴും കർത്തനോടൊന്നായ്
പാർപ്പാനത്രെ എൻ മനം — യേശു

7. വിശ്വാസമോടല്പനാളിഹെ ഞാൻ
പാർത്തനന്തരം
യേശു കൊണ്ടുപോകുമെന്നെ
തൻ പിതാവിൻ വീട്ടിൽ — യേശു

പട്ടംകൊട ശുശ്രൂഷ

## 501 Tune: Ashamed of Jesus S.S. 905

1. പകരേണം നിൻ ആത്മാവെ
പരത്തിൽ നിന്നു കർത്താവേ
പരനേ ഈ നിൻ ദാസർമേൽ
പഥ്യമാം നിന്റെ ദാനങ്ങൾ

2. നിൻ സഭയിൻ ദൂതന്മാരെ
നീതി ധരിപ്പിക്കേണമേ
നിൻ കയ്യിൽ നക്ഷത്രം പോലെ
നിത്യം പ്രകാശിപ്പിക്കേണ

3. തീക്ഷ്ണത,ജ്ഞാനം,വിശ്വാസം
തിങ്ങിന ധൈര്യം, സൗമ്യത
തീർത്തു നീ കൊടുത്തിടേണം
തിരുസഭാ ഭാരം ഏൽപ്പാൻ

4. മടുക്കാതെ പ്രാർത്ഥിപ്പാനും
മടിക്കാതെ കാത്തിടാനും
മത്സരിയെ ശാസിപ്പാനും
മക്കളെ പോറ്റീടുവാനും

5. ഇഹത്തിൽ വേല തീർന്നിട്ടു
ഇദ്ദാസർ ആശ പൂണ്ടിട്ടു
ഇമ്പമായ് ദർശിക്കേണമേ
ഇടയശ്രേഷ്ഠാഗമനം

## 502

ഇംഗ്ലീഷ്- ആദിതാളം

പല്ലവി

എഴുന്നരുൾക യേശുവേ ഇന്നു ദിവ്യ മന്ദിരേ

അനുപല്ലവി

തൊഴുന്ന നിന്റെ ദാസർമദ്ധ്യ ത്വരിതം നിൻ കൃപാസനേ-

ചരണങ്ങൾ

1. വഴിവെടിഞ്ഞു കാട്ടിനുൾ
വലയും മർത്ത്യക്കൂട്ടത്തെ
തൊഴുത്തിൽ കൂട്ടി ചേർത്തിടാൻ
തുനിഞ്ഞു വന്ന നാഥനേ

2. നിനക്കു കീർത്തി യോഗ്യമേ
നിരന്തരം യേശു ദേവനേ!
വനത്തിൽ ഓടി ഞങ്ങളെ
വരിച്ച ശ്രേഷ്ഠ പാലനേ

3. തിരുരക്ഷാ വിശേഷത്തെ
തിരിഞ്ഞു ഘോഷിച്ചീടുവാൻ
തിരഞ്ഞെടുത്ത ശിഷ്യർക്കു
തെളിച്ചു ബോധിപ്പിച്ചു നീ

4. ഇന്നു ദിവ്യ സേവയെ
ഏല്ക്കും നിന്റെ ദാസനി(രി)ൽ
നിന്നനുഗ്രഹങ്ങളെ
നീ പകർന്നീടേണമേ

5 നീതി പൂണ്ടീ ദാസനു (രും)
നിൻ ശുശ്രൂഷ ചെയ്തിടാൻ
നാഥനേ നിന്നാവിയെ
നല്കേണം ഇന്നേരത്തിൽ

6. വാക്കു ക്രിയയാലുമേ
മർത്ത്യർക്കുപദേശിപ്പാൻ,
കാക്കണം നിൻ ദാസനെ (രെ)
കർത്താവേ സൽ ഭക്തിയിൽ

7. എങ്ങും ദിവ്യവേലയ്ക്കായി
ഏർപ്പെടും നിൻ ദാസൻ (ർ) മേൽ
ഭംഗിയായ് നിൻ ദാനങ്ങൾ
ഭാഗം ചെയ്തീടണമേ-

8\. കൊയ്ത്തുണ്ടേറെ എങ്ങുമേ
കുറവു നൽ ശുശ്രൂഷക്കാർ
അയയ്ക്ക ലോകനാഥനേ!
അധികം പേരെ വേഗത്തിൽ

9\. സർവ്വലോകനാഥനേ!
സർവ്വരും നിൻ കീർത്തനം
സർവ്വകാലം പാടുവാൻ
സംഗതി ഉണ്ടാക്കുകേ-

*(മാരാവത്സലം)*

## പുതുവർഷം

## 503 For Thy Mercy and Thy Grace

Hentry Dounton S. S. 1050

1\. ഇന്നു തീരും വർഷത്തിൽ
തന്ന എല്ലാ നന്മയ്ക്കും
ദൈവനാമത്തിന്നിപ്പോൾ
സ്തവം ചൊല്ലുന്നു ഞങ്ങൾ

2\. ഈ ആണ്ടും നീ നടത്തി
ഈ ഉലകാം വനത്തിൽ
ക്ഷീണിക്കുന്നെന്നായപ്പോൾ
ക്ഷണം താങ്ങി ഞങ്ങളെ

3\. നിദ്രകൊണ്ടോരെത്രപേർ
പുത്രദുഖം ആർക്കെല്ലാം
ഇത്രത്തോളം ഞങ്ങളെ
എത്ര ക്ഷേമം കാത്തു നീ

4\. ഇന്നിതാ ഒരെബെനേസർ
നന്ദിപൂണ്ടു നാട്ടുന്നേ
എന്നും മിസ്പയായി നീ
ഇന്നേപ്പോലിരിക്കണം

5\. ലോകവാഴ്ചതീർന്നുമേൽ
ലോകത്തിൽ നിൻ നാമത്തെ
ദൂതരോടു ചേർന്നെങ്ങൾ
സ്തുതിപ്പാനരുൾ കൃപ

6\. പുതുവർഷം കാണുകിൽ
പുതുജീവനും നൽക
ശുദ്ധത വിശ്വാസവും
ശുദ്ധാത്മാവിൻ ദാനവും

## 504

**(Ecumenical Sunday)**

പലതാം നമ്മൾ
ക്രിസ്തുവിൽ ഒരേ ശരീരം
ഒന്നായ് വാഴാം
ക്രിസ്തുവിൽ ഒന്നായ് വാഴാം
   നീ എവിടെ നിൻ സോദരനെവിടെ
   കർത്താവിൻ ശബ്ദം
   പൊരുളറിയുക നാം തിരിച്ചറിയുകനാം
   അതാണു ദൈവഹിതം

1. ഭിന്നത വെടിഞ്ഞു പിന്നത മറന്നു
ഒന്നായ് അണിചേരാം
ഭുവനിലേശുവിൻ സാക്ഷികളാകാം
അതാണു ദൈവഹിതം

2. വൈരവും പകയും എല്ലാം മറന്നു
ഒരുമയിൽ മുന്നേറാം
ആരാധിയ്ക്കാം പ്രാർത്ഥിച്ചീടാം
അതാണു ദൈവഹിതം

3. ഏക മനസ്സോടൊന്നിച്ചൊന്നായ്
ഐക്യതയിൽ വളരാം
ഉള്ളതിൽപങ്കു ദാനം ചെയ്തിടാം
അതാണു ദൈവഹിതം

*(Thomas Alexander)*

# DOXOLOGIES

## I

('നിന്നോടെൻ ദൈവമേ' എന്ന രീതി)

എന്നേക്കും മഹത്വം, ഏകപിതാ
എന്നേക്കും മഹത്വം, ഏകസുതാ
എന്നും എന്നേക്കുമേ, ഏവം ഭവിക്കട്ടെ
ഏകാത്മാവാമവനും ഏറ്റം സ്തുതി

## II

('എൻ ദൈവമേ നടത്തുകെന്നെ' എന്ന രീതി)

സർവ്വ ബുദ്ധിയും കവിയും ദൈവ-സമാധാനം
യേശുമശിഹാതൻ അറിവിലും-സ്നേഹത്തിലും
കാക്കട്ടെ നമ്മുടെ മനസ്സുകൾ
ചിന്തകൾ സർവ്വം എന്നന്നേക്കുമേ

## III

സ്തുതി എന്നെന്നും പാടിടും നിൻ ആലയേ ഞങ്ങൾ
വീണ്ടെടുപ്പിൻ സന്തോഷത്താൽ എന്നെന്നും പാടുമേ
സമാധാനവും സ്നേഹവും അന്യോന്യം നൽകുവാൻ
ബദ്ധ്യസ്ഥരായ ഞങ്ങളെ നീ പ്രാപ്തരാക്കണേ (2)

## IV

ദൈവമേ അനുഗ്രഹിക്ക സമാധാനമായ് അയയ്ക്ക
നിൻ ദാസരെ ഇന്നും എന്നും; കരുണയോടെ കാക്കുക

## V

1 ദൈവമേ നിൻ സ്നേഹത്തോടെ ഞങ്ങളെ വിട്ടയയ്ക്ക
നിന്റെ സമാധാനം തന്നു ഇപ്പോൾ അനുഗ്രഹിക്ക,
യാത്രക്കാരാം, യാത്രക്കാരാം ഞങ്ങളെ അനുപ്പിക്ക
2 സുവിശേഷ സത്യത്തിനായ് നീ മഹത്വപ്പെടട്ടെ
നിന്റെ രക്ഷയുടെ ഫലം ഞങ്ങളിൽ വർദ്ധിക്കട്ടെ
എന്നെന്നേക്കും (2) ഞങ്ങളിൽ നീ വസിക്ക

VI

ദൈവമേ അയയ്ക്ക നിൻ അടിയാരെ
ആത്മ സമാധാനം ഉള്ളിൽ നിറയ്ക്ക
നിൻ സന്നിധാനത്തിൽ ആശീർവാദങ്ങൾ
ഞങ്ങളിൽ ചൊരിക നിൻ വരങ്ങളാൽ
താതനേ നിനക്കും പ്രിയ പുത്രനും
ശുദ്ധ റൂഹായ്ക്കും സ്തോത്രമെന്നേക്കും

VII

യേശുവിൻ കൃപാ കടാക്ഷം മാ പിതാവിൻ സ്നേഹവും
ദൈവ ആത്മാവിൻ സംസർഗ്ഗം എന്നും ഇങ്ങുണ്ടാകേണം
ഹാലേലുയ്യാ ഹാലേലുയ്യാ ആ ആമേൻ (2)

VIII

സർവ്വാശിഷത്തിൻ താതനെ
വാഴ്ത്തുവിൻ ലോകരാകവെ
വാഴ്ത്തുവിൻ സ്വർഗ്ഗ സേനയും
വാഴ്ത്തിൻ പിതാ പുത്രാത്മനെ

IX

('എൻ ദൈവമേ നടത്തുകെന്നെ നീ' എന്ന രീതി)

പിതൃപുത്രാത്മനാം ത്രിയേകന്റെ ആശിസ്സുകൾ
ഉണ്ടായിട്ടിന്നീ എല്ലാ ജനം മേൽ എന്നുമേ
സർവ്വ ശക്തനാം ദൈവം നിങ്ങളെ
പാലിക്കട്ടെ സൽ സമാധാനത്തിൽ

X അനുഗ്രഹത്തോടെ ഇപ്പോൾ അയയ്ക്ക (329)
XI കാണുംവരെ ഇനി നാം തമ്മിൽ (328)
XII നിത്യനായ യഹോവയെ (427)
XIII രക്ഷകന്റെ ദിവ്യസ്നേഹാൽ (428)

* S.S. : Sacred Songs and Solos: Ira.D. Sankey

* A & M : Hymns Ancient & Modern

# പൊരുളടക്കം


പ്രഭാത കീർത്തനങ്ങൾ ........ 1 ... 7
സന്ധ്യാ കീർത്തനങ്ങൾ ........ 8 ... 16
ശുശ്രൂഷാരംഭം ........ 16 ... 44,429–430
സ്തോത്രഗീതങ്ങൾ ........ 45 ... 112,431–437
ക്രിസ്തുമസ് ഗീതങ്ങൾ ........ 113 ... 131
ഹോശാന ഞായർ ........ 132 ... 135, 438
ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ... 136 ... 151, 439-442
ഉയിർത്തെഴുന്നേല്പ് ........ 152 ... 158, 443
സ്വർഗ്ഗാരോഹണം ........ 159 ... 161
ഗുണമോഷം ........ 162 ... 165
ക്രിസ്തുവിങ്കലേക്കുള്ള ക്ഷണം ........ 166 ... 183, 444–446
രക്ഷിതാവിന്റെ വിളി ........ 184 ... 186,349
പരിശുദ്ധാത്മാവ് ........ 187 ... 196,447
ദൈവവചനം ........ 197 ... 203,448–450
അനുതാപം ........ 204 ... 212,451
പ്രതിഷ്ഠ ........ 213 ... 236,452–455
വിശ്വാസം ........ 237 ... 265,456–477
ആശ്വാസം ........ 266 ... 284,409–415
മോക്ഷാനന്ദം ........ 285 ... 298,478,479
സുവിശേഷവേല ........ 299 ... 312
വിശുദ്ധസംസർഗ്ഗം ........ 313 ... 316,480–486
വിവാഹം ........ 317 ... 321
ദുഃഖസമയത്തേക്കുള്ള പ്രാർത്ഥന ........ 322 ... 323
ശവമടക്കം ........ 324 ... 325
പള്ളിപ്രതിഷ്ഠ ........ 326 ... 327
യാത്രാഗീതം ........ 328 ... 332
ശിശുഗാനങ്ങൾ ........ 333 ... 338
സങ്കീർത്തനങ്ങൾ ........ 339 ... 343
ഉണർവ്വിനുള്ള വാഞ്ഛ ........ 344 ... 350
ദൈവകൃപ ........ 351 ... 357
സ്നേഹം ........ 358 ... 367
പ്രാർത്ഥന ........ 368 ... 378
സേവ ........ 379 ... 387
ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ........ 388 ... 400
ക്രിസ്തുവിൻ സന്നിധി ........ 401 ... 406
ക്രിസ്തുവും സഭയും ........ 407 ... 408
രോഗികളെ സന്ദർശിക്കുക ........ 416
പുതുവർഷം ........ 417 ... 420,503
ക്രിസ്തുമസ്-തുടർച്ച ........ 421 ... 423
ക്രിസ്തീയ കുടുംബം ........ 490 ... 491
പ്രത്യാശ ........ 487 ... 489
സാമാന്യഗീതങ്ങൾ ........ 424 ... 427, 492–500
പട്ടംകൊട ശുശ്രൂഷ ........ 501 ... 502
എക്യുമെനിക്കൽ സണ്ടേ ........ 504

# ഒന്നാംപതിപ്പ് മുഖവുര

ക്രിസ്തീയാരാധനയിൽ കീർത്തനങ്ങൾക്കുള്ള സ്ഥാനം അദ്വിതീയമാണെന്നുള്ളത് സഭയുടെ ആരംഭം മുതല്ക്കെ അംഗീകൃതമായിട്ടുള്ള ഒരു പരമാർത്ഥമാണ്. ഇക്കാലത്ത് ക്രിസ്തീയ ഗാനകൃതികൾ വർദ്ധിച്ചു വരുന്നുണ്ടെങ്കിലും ആരാധനയ്ക്കോ ഏകാന്തധ്യാനത്തിനോ, ആദ്ധ്യാത്മികമോ സാമൂഹ്യമോ ആയ ഇതര സന്ദർഭത്തിനോ ഉപയോഗിക്കത്തക്കവണ്ണം അനുഭവരസപ്രധാനവും സാഹിത്യഗുണസംയുക്തവും ആയ കൃതികൾ വേണ്ടത്ര ലഭിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. മലയാളഭാഷയിലെ ക്രിസ്തീയ ഗീതങ്ങൾക്കു വിലയും, നിലയും ഉണ്ടായതു വിദ്വാൻ കുട്ടിയച്ചന്റെ പാട്ടുകൾക്ക് പ്രചാരം ലഭിച്ചതോടുകൂടിയാണെന്ന് പറയുന്നതിൽ വലിയ തെറ്റില്ല. 1048 ഉണർവ്വുകാലത്ത് ഉണ്ടായി ഉപയോഗിച്ചുവന്ന ഗീതങ്ങൾ ഇന്നും പ്രചാരത്തിൽ ഇരിക്കുന്നു. അവയുടെ ആസ്വാദ്യതയും ചൈതന്യസാന്ദ്രതയും ശക്തിയും ഇന്നത്തെ പല പാട്ടുകൾക്കും ഉള്ളതായി കാണുന്നില്ല. പുതിയ പാട്ടുകളുടെ ആവിർഭാവം മിക്കവാറും ഉണർവ്വുകളോട് അനുബന്ധിച്ചാണ്. അങ്ങനെയുണ്ടാകുന്ന പാട്ടുകളെ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് പല സംഘങ്ങളും വ്യക്തികളും ശ്രമിച്ചതിന്റെ ഫലമായിട്ടു ഒട്ടുവളരെ പാട്ടുപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. യുദ്ധ പരിതഃസ്ഥിതികളുടെ ആഘാതത്തിൽ പ്രസിദ്ധീകരണസൗകര്യം ലോപിക്കയും പാട്ടുപുസ്തകങ്ങൾ സുലഭമല്ലാതെ വരികയും ചെയ്തിരിക്കുന്ന ഒരു ഘട്ടത്തിൽ യഥാർത്ഥമായ ഒരു ആവശ്യത്തെ നിവർത്തിക്കുന്നതിനാണ് മാർത്തോമ്മാ പ്രസിദ്ധീകരണസമിതി ഈ പുസ്തകം പ്രസാധനം ചെയ്യുന്നത്.

ഒരു പാട്ടുപുസ്തകം പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റി മാർത്തോമ്മാ സഭ ആലോചിക്കുകയും ഗീതങ്ങൾ തിരഞ്ഞെടുക്കുന്നതിലേക്കു ദിവ്യശ്രീ. കെ. എം. മാത്യു കശ്ശീശാ (ഓമല്ലൂർ), മി. എ.വി. മാത്തൻ ബി.എ.എൽ.റ്റി., മി. സി. കുര്യൻ എന്നിവരെ ഒരു കമ്മറ്റിയായി നിശ്ചയിക്കയും ചെയ്തിട്ടുണ്ട്. പിന്നീട് പരിശോധകസമിതി അംഗങ്ങളായി ദിവ്യശ്രീ. സി. പി. ഫീലിപ്പോസ് കശ്ശീശാ, റവ. റ്റി. ജെ. ആൻഡ്രൂ, വ. ദി. ശ്രീ. വി. പി. മാത്തൻ കശ്ശീശാ, മി. പി. ഒ. സാമുവൽ, മി. കെ.എൻ. ദാനിയേൽ എന്നിവരെ നിയമിക്കയും ചെയ്തിട്ടുണ്ട്. അനേകം വർഷങ്ങളായി പാട്ടുകൾ അവധാനപൂർവ്വം തിരഞ്ഞെടുത്തു പ്രസിദ്ധീകരണത്തിന് സന്നദ്ധമായിട്ടും കുറെ വർഷങ്ങൾ കഴിഞ്ഞു. ഇതിനിടെ ഉണ്ടായിക്കൊണ്ടിരുന്ന പ്രതിബന്ധങ്ങൾമൂലം പ്രസിദ്ധീകരണം കുറെ താമസിച്ചുപോയി എന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

ഇപ്പോൾ പ്രചാരത്തിൽ ഇരിക്കുന്നവയും അല്ലാത്തവയുമായ അനേകഗാനകൃതികളിൽനിന്നും 2500-ൽ അധികം പാട്ടുകൾ പരിശോധിക്കുകയും അറുനൂറിൽ പരം പാട്ടുകൾ തിരഞ്ഞെടുക്കുകയും ആണ് ചെയ്തിട്ടുള്ളത്. അപുഷ്ടാർത്ഥങ്ങളും അസ്വഭാവങ്ങളും അസുന്ദരങ്ങളും ആയ ദോഷങ്ങൾ കഴിവുള്ളിടത്തോളം ദൂരീകരിച്ച് ഭാഷാശുദ്ധിക്കും അർത്ഥവ്യാപ്തിക്കും ഗാനഗതിക്കും അത്യന്താപേക്ഷിതമെന്നു തോന്നിയ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വളരെക്കാലമായി പാടി പരിചയിച്ചിട്ടുള്ള പാഠങ്ങൾ അബദ്ധങ്ങളായിരുന്നാൽ തന്നെയും ഭേദപ്പെടുത്തുന്നതു പലവിധത്തിലും വിഷമമായിട്ടുള്ള ഒരു കാര്യമാണ്. ആയതിനാൽ കഴിവുള്ളിടത്തോളം പൂർവ്വപാഠങ്ങളെ ഭേദപ്പെടുത്താതിരിക്കണമെന്നുള്ള ഉദ്ദേശ്യത്തെ പുരസ്കരിച്ചും എന്നാൽ, തെറ്റായ ശബ്ദപ്രയോഗങ്ങളെ കഴിയുന്നത്ര പരിഹരിച്ചും ആണ് ഈ കൃതി രൂപവത്കരിച്ചിരിക്കുന്നത്. സഹൃദയന്മാരുടെ ദൃഷ്ടിയിൽ ഇവ സ്വീകാര്യമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

ആധുനിക രുചിഭേദത്താലും പാടി ഫലിപ്പിക്കാൻ ഉള്ള പ്രയാസത്താലും ഇപ്പോൾതന്നെ വിസ്മൃതകോടിയിൽ ലയിച്ചുപോയിട്ടുള്ളവയും എന്നാൽ സംഗീതസാഹിത്യങ്ങളുടെ സുരഭില സമ്മേളനത്താൽ എക്കാലത്തും ഹൃദയാവർജ്ജകങ്ങളും പരമരമണീയങ്ങളും ഭക്തിസംവർദ്ധകങ്ങളും ആയ പ്രാമാണിക കീർത്തനങ്ങൾ പ്രചുരപ്രചാരമുള്ളവയാക്കിത്തീർക്കുന്നതിന് അവയെ ഇതിൽ യഥോചിതം കൂട്ടിച്ചേർത്തിട്ടുണ്ട്. സാഹിത്യത്തിൽ മേന്മക്കുറവിൽ അല്ലെങ്കിലും ആശയങ്ങളുടെയും അനുഭവവിശേഷങ്ങളുടെയും സന്ദർഭാനുസരണമുള്ള ഘടനാ ബോധത്താൽ മനസ്സിന് ആനന്ദവും ആശ്വാസവും പ്രത്യാശയും നൽകുന്നതും, വികാരഭരിതവും എവർക്കും പാടി രസിക്കാവുന്നതും ആയ ഗീതങ്ങളും കൂട്ടിച്ചേർത്തിരിക്കുന്നു. ആശയസൗന്ദര്യം, അർത്ഥപുഷ്ടി എന്നിവയാൽ പരിലസിക്കുന്നതും ആരാധനയിൽ ശാന്തഗംഭീരവും ഭക്തിസംപൂരിതവുമായ അന്തരീക്ഷത്തെ സൃഷ്ടിക്കുന്നതുമായ ആംഗ്ലേയ കീർത്തനങ്ങളും ലളിതങ്ങളും എന്നാൽ മനോഹരങ്ങളുമായ മറ്റു പാട്ടുകളും ഇതിൽ യഥാസ്ഥാനം സംഘടിപ്പിച്ചിട്ടുണ്ട്. ചുരുക്കത്തിൽ യാഥാസ്ഥിതികത്വത്തിന്റെയും ഉത്പതിഷ്ണുതയുടെയും മറ്റും പ്രതിഫലനമെന്നവണ്ണം സങ്കലിതമായിട്ടുള്ള കീർത്തനങ്ങൾ സഭയുടെ അഥവാ വ്യക്തിയുടെ അതതവസ്ഥകളിലെ രുചിക്കും മതിക്കും അനുയോജ്യമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

പൊതു ആരാധനയ്ക്കു മാത്രമല്ല ഓരോ വ്യക്തിയ്ക്കും കുടുംബത്തിനും അപ്പഴപ്പോൾ ആവശ്യമായ അനുഗ്രഹത്തിനും ആശ്വാസത്തിനും സഹായിക്കുന്ന കീർത്തനങ്ങൾ ഇതിൽ സംഗ്രഹിച്ചിരിക്കുന്നതിനാൽ പുസ്തകത്തിന്റെ വലിപ്പം കൂടിപ്പോയിരിക്കാം.

* * * * *

ഈ പുസ്തകം പല കമ്മറ്റിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട്. പ്രാരംഭ പ്രവർത്തകരായ ആദ്യകമ്മറ്റി അംഗങ്ങളോടും പരിശോധനാസമിതികളിൽ അംഗങ്ങളായിരുന്നു കൃത്യനിർവ്വഹണം ചെയ്തിട്ടുള്ള സുഹൃത്തുക്കളോടും വിശിഷ്യ, ഈ പ്രയത്നത്തിൽ ആദ്യവസാനം സജീവോത്സാഹത്തോടു കൂടി ഉറ്റു ശ്രമിക്കയും ഇതിന്റെ പ്രസാധകത്വത്തിൽ തന്റെ സവിശേഷമായ വാസനാബലവും മനോധർമ്മവുംകൊണ്ട് യഥാർത്ഥ സഹായമായിരിക്കയും ഈ പ്രസിദ്ധീകരണം ഇപ്പോൾ സാധ്യമാക്കിത്തീർക്കയും ചെയ്ത എസ്.സി.എസ്സ്. ഹൈസ്കൂൾ മലയാള പണ്ഡിതൻ വിദ്വാൻ ടി. സി. കുര്യനോടു പ്രസിദ്ധീകരണ സമിതിക്കുള്ള അപാരമായ കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളുന്നു.

* * * * *

ഇതിൽ എടുത്തു ചേർത്തിട്ടുള്ള പാട്ടുകളുടെ കർത്താക്കൾ ആരാധനാർത്ഥം നൽകിയിട്ടുള്ള സാഹിത്യ സംഭാവനകൾക്കായി അവരെ ഹൃദയപൂർവ്വം അഭിനന്ദിച്ചു കൊള്ളുന്നു. പാട്ടുകൾ ചേർത്തുകൊള്ളുന്നതിന് അനുവദിക്കയും മറ്റു വിധത്തിൽ പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുള്ള ഗ്രന്ഥകർത്താക്കളോടും പ്രസാധകന്മാരോടും ഞങ്ങൾക്കുള്ള കടപ്പാട് വളരെയാണെന്നു കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചു കൊള്ളുന്നു. അച്ചടി സംബന്ധമായ മേൽനോട്ടം വഹിച്ച് വേണ്ട സഹായസഹകരണങ്ങൾ നൽകിയിട്ടുള്ള റിട്ടയേർഡ് ഹെഡ്മാസ്റ്റർ ടി.എ.ഇ. ഈശോയോടും കമ്മറ്റിക്കുള്ള നന്ദിയെ വെളിപ്പെടുത്തിക്കൊള്ളുന്നു.

* * * * *

ഈ കൃതിയിൽ പല കുറവുകളും വന്നിട്ടുള്ളതായി അറിയാം. അടുത്ത പതിപ്പിൽ അവയൊക്കെയും പരിഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ഈ പുസ്തകം അനേകം ക്രൈസ്തവ ഭക്തന്മാരുടെ ആദ്ധ്യാത്മികോന്നമനത്തിനു സഹായകമായിത്തീരുമെന്നുള്ള പ്രത്യാശയോടും, സുവിശേഷത്തിന്റെ പുരോഗതിക്കും മലയാള ക്രൈസ്തവ സഭയുടെ അനുഗ്രഹത്തിനും മുഖാന്തരമായിത്തീരണമേ എന്നുള്ള പ്രാർത്ഥനയോടും കൂടി മലയാള ക്രൈസ്തവ സഭാസമക്ഷം ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

വി. പി. മാമ്മൻ കശ്ശീശ്ശാ

തിരുവല്ല
12-02-1120

അദ്ധ്യക്ഷൻ, മാർത്തോമ്മാ സഭാ
പ്രസിദ്ധീകരണസമിതി

# പരിഷ്കരിച്ച (അഞ്ചാം) പതിപ്പിന്റെ മുഖവുര

ക്രിസ്തീയസത്യങ്ങൾ പ്രകാശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എത്രയും ആകർഷകവും ആസ്വാദ്യവുമായ മാർഗ്ഗമാണ് ഗീതങ്ങൾ. അനിർവചനീയമായ ആദ്ധ്യാത്മികാനുഭൂതിയിലേക്കും തജ്ജന്യമായ ദിവ്യനിർവൃതിയിലേക്കും ഒരുവനെ ഉയർത്തുകയും അവന്റെ വികാരഭാവനാദികളെ ഉദ്ദീപിപ്പിച്ച് അഭിനവങ്ങളായ ആത്മീയാശയങ്ങളുടെ പ്രകാശത്തിലേക്ക് അവനെ നയിക്കുകയും ചെയ്യുവാൻ ശ്രേഷ്ഠമായ ഗീതങ്ങൾക്കു സാധിക്കുന്നതാണ്. വേദപുസ്തകം കഴിഞ്ഞാൽ പിന്നീട് സാധാരണയായി ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തെയും ചിന്താഗതിയെയും ഏറ്റവും സ്പർശിക്കുന്നതും സ്വാധീനം ചെയ്യുന്നതും ക്രിസ്തീയ ഗാനങ്ങളത്രെ. ആകയാൽ ആദിമ കാലങ്ങൾ മുതൽ തന്നെ ക്രൈസ്തവ സഭ ഗീതങ്ങൾക്കു സമുന്നതമായ ഒരു സ്ഥാനം നല്കിപ്പോരുന്നു. ക്രൈസ്തവ സഭയെപ്പോലെതന്നെ പുരാതനമായ ചരിത്രമാണ് ക്രൈസ്തവ ഗാനങ്ങൾക്കും ഉള്ളത് എന്നു പൊതുവെ പറയാവുന്നതാണ്. എന്നാൽ സുറിയാനിയുടെ ബന്ധത്തിൽ അമർന്നിരുന്ന മലങ്കര സഭയിൽ മലയാള ക്രൈസ്തവ ഗാനങ്ങൾ ഉയരുവാൻ തുടങ്ങിയത് സുറിയാനി ബന്ധവും ഉപേക്ഷിച്ച നവീകരണത്തിനു ശേഷം മാത്രമാണ്. തന്മൂലം മലങ്കരസഭയുടെ പുരാതനത്വം മലയാള ക്രൈസ്തവഗീതങ്ങൾക്ക് ലഭിച്ചിട്ടില്ല. മലയാള ക്രൈസ്തവഗാനങ്ങളുടെ പുരോഗമനം നവീകരണ ചരിത്രത്തോടു ബന്ധിച്ചുള്ളതാണെന്നും കാണാവുന്നതത്രെ. നവീകരണംമൂലം മലങ്കര സഭയ്ക്കുലഭിച്ച അനുഗ്രഹങ്ങളിൽ ഒന്നായി മലയാള ക്രൈസ്തവ ഗാനങ്ങൾ പരിഗണിക്കാവുന്നതാണ്.

പതിനാലു വർഷങ്ങൾക്കു മുമ്പാണ് ക്രിസ്തീയ കീർത്തനങ്ങളുടെ നാലാമത്തെ പതിപ്പു പ്രസിദ്ധപ്പെടുത്തിയത്. ഇതിനകം ക്രിസ്തീയ കീർത്തനങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അനേകം നിർദ്ദേശങ്ങൾ പ്രസിദ്ധീകരണസമിതിക്കു ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സാരമായ പരിഷ്കാരങ്ങൾ വരുത്തിയാണ് ഈ പതിപ്പു പ്രസാധനം ചെയ്യുന്നത്. പുസ്തകത്തിന്റെ വലിപ്പം കുറയ്ക്കേണ്ടതിന്റെ ആവശ്യം പ്രസിദ്ധീകരണസമിതിയ്ക്കു ബോധ്യപ്പെടുകയാൽ മുൻ പതിപ്പിൽനിന്നും ഇരുനൂറിൽപരം പാട്ടുകൾ ഈ പതിപ്പിൽ വിട്ടുകളഞ്ഞു. സാധാരണ ഉപയോഗിച്ചുകാണാത്ത പാട്ടുകളാണ് ഇങ്ങനെ കുറവു ചെയ്തിട്ടുള്ളത്. ഉപയോഗംമൂലം നമ്മുടെ ആളുകൾക്ക് പ്രിയംകരമായി തീർന്നിട്ടുള്ള അറുപതോളം പുതിയപാട്ടുകൾ ഈ പതിപ്പിൽ ചേർത്തിട്ടുണ്ട്. പുസ്തക വലിപ്പം കഴിവതും കുറയ്ക്കത്തക്കവണ്ണം അച്ചടിയിലും മുൻപതിപ്പുകളിൽനിന്നും പ്രത്യേ

ജനകരമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പാട്ടുകൾ അവയുടെ പൊരുളുകളെ മനുസരിച്ചു പുതുതായി ക്രമീകരിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

* * * * *

ക്രിസ്തീയ കീർത്തനങ്ങളുടെ പരിഷ്കരിച്ച ഈ പതിപ്പിലേക്കു പാട്ടുകൾ തിരഞ്ഞെടുക്കുന്നതിൽ പ്രസിദ്ധീകരണ സമിതിയെ സഹായിക്കുകയും ഈ ഉദ്യമത്തിൽ ആദ്യവസാനം ആവശ്യമായ നേതൃത്വം നൽകുകയും ചെയ്ത ദിവ്യശ്രീ. കെ.പി. ഫിലിപ്പ് കശ്ശീശ്ശാ എം.എ. ബി.ഡി. യോട് സമിതിക്കുള്ള അപാരമായ കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളുന്നു.

ഏറ്റവും മംഗിയായും വലിപ്പം കഴിയുന്നതും കുറച്ചും ക്രിസ്തീയ കീർത്തനങ്ങളുടെ ഈ പതിപ്പ് അച്ചടിക്കുന്നതിനു സഹായിച്ച റ്റി.എ.എം. പ്രസിനോടും വിശിഷ്യാ ഈ ഉദ്യമത്തിൽ വ്യക്തിപരമായ മേൽനോട്ടം നൽകി സഹായിച്ച പ്രസ് സൂപ്രണ്ട് മി. റ്റി.വി. ഫിലിപ്പിനോടും മാർത്തോമ്മാ പ്രസിദ്ധീകരണസമിതിക്കുള്ള അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

റവ. ഡോ. കെ. കെ. ജോർജ്

തിരുവല്ല
29-1-1980

കൺവീനർ,
മാർത്തോമ്മാ പ്രസിദ്ധീകരണസമിതി

# പരിഷ്കരിച്ച മുപ്പത്തിയേഴാം പതിപ്പിന്റെ മുഖവുര

മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്ത

ദൈവപുത്രനായ യേശുക്രിസ്തുവാണ് സുവിശേഷം. ക്രിസ്തു എന്ന സുവിശേഷത്തെ മാനവരാശിയുടെ രക്ഷയ്ക്കായി സമ്മാനിച്ച ദൈവത്തെ സ്തുതിക്കുന്നതിനും നമ്മുടെ രക്ഷയ്ക്കായി തന്നെത്തന്നെ കാൽവറിയിൽ പരമയാഗമായി നൽകിയ നമ്മുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തു എന്ന സുവിശേഷത്തെ പ്രഘോഷിക്കുന്നതിനും ക്രിസ്തുവിലുള്ള വിശ്വാസത്തെയും പ്രത്യാശയെയും ദൈവത്തോടും മനുഷ്യരോടും പ്രകൃതിയോടുമുള്ള സ്നേഹ പാരസ്പര്യത്തിൽ പ്രഘോഷിക്കുന്നതിനുമുള്ള ക്രിസ്തീയ വിശ്വാസ സമൂഹത്തിന്റെ ഹൃദയത്തിന്റെ ഉണർത്തുപാട്ടുകളാണ് നമ്മുടെ ക്രിസ്തീയ കീർത്തനങ്ങൾ.

"യഹോവയ്ക്കു സ്തോത്രം ചെയ്യുന്നതും അത്യുന്നതനായുള്ളോവേ, നിന്റെ നാമത്തെ കീർത്തിക്കുന്നതും പത്തുകമ്പിയുള്ള വാദിത്രം കൊണ്ടും വീണ കൊണ്ടും ഗംഭീരസ്വരമുള്ള കിന്നരംകൊണ്ടും രാവിലെ നിന്റെ ദയയെയും രാത്രിതോറും നിന്റെ വിശ്വസ്തതയെയും വർണ്ണിക്കുന്നതും നല്ലത്" (സങ്കീ. 92:1-3) എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ യഥാർത്ഥ്യമാക്കിത്തീർക്കുന്നതിൽ ആരാധനയിലെ സംഗീത ശുശ്രൂഷ നിസ്തുല്യമായ ഒരു പങ്കാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

മനുഷ്യജീവിതത്തെ ആസ്വാദ്യകരവും ഹൃദ്യവും ധന്യവും ആക്കുന്ന കലയാണ് സംഗീതം. സംഗീതം ദൈവീകമാണ്. സംഗീതം മാനസികോന്നമനം സാധ്യമാക്കുന്ന ഒരു മാധ്യമമാണ്. അതോടൊപ്പംതന്നെ ഭക്തിനിർഭരവും സംഗീതസാന്ദ്രവുമായ കീർത്തനങ്ങൾ എല്ലാവരെയും ഒരുമയുടെ സൗഹാർദ്ദത്തിൽ ഒന്നിപ്പിക്കുകയും ചെയ്യുന്നു. പാട്ടുകളിലൂടെ പകരപ്പെടുന്ന സന്ദേശം ഹൃദയഹാരിയായിരിക്കും. ലോകരക്ഷകനായ യേശുവിന്റെ ജനനവാർത്ത തന്നെയും മാലാഖമാർ ലോകത്തിനു നല്കിയപ്പോൾ സ്വർഗ്ഗീയമായ ഒരു ഗാനത്തിന്റെ പശ്ചാത്തലത്തിലാണ് അത് നൽകിയത് എന്നത് നാം ഓർക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" എന്ന ഗാനം എത്ര ഹൃദ്യമായിട്ടാണ് അന്ന് സ്വർഗ്ഗീയ ഗായകവൃന്ദം ആലപിച്ചത്. ഇന്നും ആ ഗാനം വിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തിയുടെയും സമാധാനത്തിന്റെയും അനുരണനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.



Next Page

ദൈവവചനത്തിന്റെ തീനാളങ്ങൾകൊണ്ട് പാലക്കുന്നത്ത് എബ്രഹാം മല്പാനച്ചനും കൈതയിൽ ഗീവർഗ്ഗീസ് മല്പാനച്ചനും മലങ്കരയിൽ നവീകരണത്തിന്റെ ദീപശിഖ തെളിച്ചു വെച്ചപ്പോൾ ആ ദീപനാളങ്ങളെ പ്രോജ്വലിപ്പിക്കുവാനും തലമുറകളിലേക്ക് കൈമാറുവാനും ഉണർവ്വുയോഗങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചു എന്നത് അനിഷേധ്യമായ ഒരു ചരിത്ര വസ്തുതയാണ്. ആ ഉണർവ്വുയോഗങ്ങൾക്ക് ഉണർവ്വ് പകരുന്നതിൽ ഉണർവ്വ് പ്രസംഗങ്ങൾ മാത്രമല്ല ഉണർവ്വു ഗാനങ്ങളും നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. മുത്താംപാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി, മോശവത്സലം ശാസ്ത്രിയാർ, റ്റി.ജെ. വർക്കി, പി.വി. തൊമ്മി, വിദ്വാൻകുട്ടി യുസ്തുസ് യൗസേഫ് ആദിയായവരുടെ പാട്ടുകൾ ഇന്നും മനുഷ്യമനസ്സുകളിൽ ഉണർവ്വിന്റെ ചൈതന്യം പകർന്നു തന്നുകൊണ്ടിരിക്കുന്നു. ഭക്ത മനസ്സുകളിൽ നിന്ന് രൂപപ്പെടുന്ന ഭക്തിഗാനങ്ങൾക്കു മാത്രമേ വിശ്വാസികളുടെ ഹൃദയങ്ങളിൽ ആത്മീയ നൽവരങ്ങളുടെ നിത്യവസന്തം സൃഷ്ടിക്കുവാൻ കഴിയുകയുള്ളു. മാരാമൺ കൺവൻഷൻ ആഗോള സഭയിൽ തന്നെ മാർത്തോമ്മാ സഭയുടെ ഒരു തിരിച്ചറിയൽ അടയാളമാണ്. വചന പ്രഘോഷണവും സംഗീത ശുശ്രൂഷയും ആരാധനയും പ്രാർത്ഥനയും എല്ലാം സമഞ്ജസമായി സമ്മേളിച്ച്, മാരാമൺ കൺവൻഷൻ അവിടെ കൂടിവരുന്ന ജനലക്ഷങ്ങൾക്ക് ഉണർവ് പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നു. ഓരോ വർഷവും മാരാമൺ കൺവൻഷനുവേണ്ടി പുതിയ പാട്ടുകൾ കൂടി തെരഞ്ഞെടുത്താണ് അവിടെ സംഗീത ശുശ്രൂഷ നിർവഹിക്കപ്പെടുന്നത്. ആ പാട്ടുകളിൽ പലതും തുടർന്നും ആരാധനയിലും കൂട്ടായ്മകളിലും കുടുംബ പ്രാർത്ഥനകളിലും കാര്യമായി ഉപയോഗിക്കപ്പെടുന്നുമുണ്ട്. ക്രിസ്തീയ കീർത്തനങ്ങളുടെ 36-ാം പതിപ്പ് പ്രസിദ്ധീകരിച്ചത് 2014 ലാണ്. പല പതിപ്പുകളും വന്നെങ്കിലും അവയിൽ അടുത്ത കാലത്തായി പുറത്തു വന്ന പാട്ടുകൾ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. ക്രിസ്തീയ കീർത്തനങ്ങളുടെ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന 37-ാം പതിപ്പിൽ പുതിയ പല ഗാനങ്ങളും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് ഈ പതിപ്പിന്റെ സവിശേഷതയാണ്. കാലാനുസൃതമായി പുതുക്കപ്പെടുമ്പോഴാണല്ലോ എല്ലാ മേഖലകളിലും നവീകരണം ഒരു തുടർ പ്രക്രിയയായി തീരുന്നത്.

നമ്മുടെ അദ്ധ്യക്ഷതയിൽ 2016 മാർച്ച് 22-ാം തീയതി കൂടിയ സഭാ പ്രസിദ്ധീകരണ സമിതിയുടെ തീരുമാനപ്രകാരമാണ് ഈ നവീകരിച്ച പതിപ്പ് തയ്യാറാക്കിയിരിക്കുന്നത്. ആ യോഗത്തിൽ വെച്ച് പുതിയ ഗാനങ്ങൾ തെരഞ്ഞെടുക്കുന്നതിനായി ഒരു സബ്കമ്മറ്റിയെ നിയോഗിക്കുകയുണ്ടായി.



Next Page

റവ. ജോൺ മത്തായി (ഡയറക്ടർ ഡി.എസ്.എം.സി), റവ. ഡോ. മാത്യു ഡാനിയൽ (സെക്രട്ടറി, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല), റവ. എൻ.ഐ. മത്തായി, ശ്രീ. ബിജു പി. ജോർജ്ജ് (മാനേജർ, സഭാ ബുക്ക് ഡിപ്പോ) എന്നിവരാണ് സബ്കമ്മറ്റിയംഗങ്ങളായി നിയോഗിതരായത്.

ഈ സബ്കമ്മറ്റി തെരഞ്ഞെടുത്ത 77 പുതിയ ഗാനങ്ങൾ കൂടി ക്രിസ്തീയ കീർത്തനത്തിന്റെ 36-ാം പതിപ്പിലുണ്ടായിരുന്ന ഗാനങ്ങളോടൊപ്പം ചേർത്തുകൊണ്ടാണ് ഈ പതിപ്പ് തയ്യാറാക്കിയിരിക്കുന്നത്. ഈ പുതിയ പതിപ്പിന്റെ പ്രിന്റിംഗ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും വളരെ ഭംഗിയായി നിർവ്വഹിച്ച് ഈ പാട്ടുപുസ്തകം തക്ക സമയത്ത് അച്ചടിച്ച് തയ്യാറാക്കുന്നതിൽ സഹകരിച്ച മാർത്തോമ്മാ പ്രസ്സിന്റെ ഡയറക്ടർ റവ. ജിനിൽ എബ്രഹാം അച്ചനോടും പ്രസ്സിലെ എല്ലാ പ്രവർത്തകരോടും സഭാ ബുക്ക് ഡിപ്പോ മാനേജർ ശ്രീ. ബിജു പി. ജോർജ്ജിനോടും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. നമ്മുടെ ആരാധനകൾ കൂടുതൽ ചൈതന്യവത്തായി ദൈവനാമമഹത്വത്തിനും വിശ്വാസസമൂഹത്തിന്റെ ഉണർവിനും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും ക്രിസ്തീയ കീർത്തനങ്ങളുടെ ഈ 37-ാം പതിപ്പ് അനുഗ്രഹമുഖാന്തിരമായി തീരട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

*പുലാത്തീൻ, തിരുവല്ല*
*03/09/2016*



Next Page

# 37-ാം പതിപ്പിന് അവതാരിക

ശരീരികളും, അശരീരികളുമായ വാനസേനകളും, മാലാഖമാരും, അധികാരങ്ങളും, സിംഹാസനങ്ങളും, കർത്തൃത്വങ്ങളും, ശക്തികളും, കെരൂബുകളും എല്ലാം പരിശുദ്ധൻ എന്ന് ആർത്തുപാടി സ്തുതിക്കുന്ന സർവ്വശക്തനായ ദൈവമായ കർത്താവിനെ, ഭൗതീകരായ ആരാധകവൃന്ദം സ്തുതിച്ചു വാഴ്ത്തുന്നത് ആരാധനയിലൂടെയും, കീർത്തനങ്ങളിലൂടെയുമാണ്. ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്തീയ വിശ്വാസവും, സംസ്കാരവും, മൂല്യങ്ങളും നിലനിർത്തുന്നതിനും, സംവേദനം ചെയ്യുന്നതിനും ഗീതങ്ങൾ മാധ്യമമായിട്ടുണ്ട്. മലങ്കര സഭയിൽ നിലനിന്നിരുന്ന സുറിയാനിഗീതങ്ങൾ പ്രാർത്ഥനയിലും മനനത്തിലും പിതാക്കന്മാർ സ്ഫുടം ചെയ്തെടുത്തവയാണ്. നവീകരണാനന്തരം മലങ്കരയിലുണ്ടായ ഉണർവ്വിന്റെ കാലത്താണ് (1872-73 കൊല്ലവർഷം 1048) ഇന്ന് പ്രചാരത്തിലിരിക്കുന്ന നിരവധി ഗാനങ്ങൾ രചിക്കപ്പെട്ടത്. 2500-ലധികം പാട്ടുകളിൽ നിന്ന് തിരഞ്ഞെടുത്ത 600-ഓളം പാട്ടുകളാണ് ക്രിസ്തീയ കീർത്തനങ്ങൾ ഒന്നാം പതിപ്പിലുണ്ടായിരുന്നത്. കാലാന്തരത്തിൽ ചിലവ വിട്ടുകളയുകയും ചിലത് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

'ക്രിസ്തീയ കീർത്തനങ്ങൾ', ആരാധനയിലും, മറ്റ് പൊതുകൂട്ടായ്മകളിലും, ഭവനങ്ങളിലും സഭാ വിശ്വാസികൾ ഉപയോഗിക്കുന്നുണ്ട്. സഭയുടെ ദിവ്യ സംഗീത സംവേദന വിഭാഗം (DSM&C) ഗാനങ്ങളുടെ സ്വരരാഗ മധുരിമ നിലനിർത്തുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിക്കുന്നു. 37-ാം പതിപ്പിൽ പുതുതായി ഉൾപ്പെടുത്തിയ 77 പാട്ടുകൾ തിരഞ്ഞെടുത്തത് മാർത്തോമ്മാ സഭാ പ്രസിദ്ധീകരണ സമിതി ചുമതലപ്പെടുത്തിയ റവ. എൻ. ഐ. മത്തായി, റവ. ഡോ. മാത്യു ഡാനിയേൽ, റവ. ജോൺ മത്തായി എന്നിവരടങ്ങിയ സബ്കമ്മറ്റിയാണ്. അവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

പാട്ടുപുസ്തകം തക്കസമയത്ത് അച്ചടിച്ച് സഹായിച്ച മാർത്തോമ്മാ പ്രസ്സിലെ ജീവനക്കാരോടും സഭാ ബുക്ക്ഡിപ്പോ മാനേജർ ശ്രീ. ബിജു പി. ജോർജ്ജിനോടും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു. സഭാപ്രസിദ്ധീകരണ സമിതിയുടെ തീരുമാനപ്രകാരം 50,000 കോപ്പികളാണ് ഈ പതിപ്പിൽ പ്രസിദ്ധപ്പെടുത്തുന്നത്. ബലഹീനരും മൺമയരുമായ നമ്മുടെ ദരിദ്രമായ സ്തുതികൾ ഉന്നതമായ സിംഹാസനത്തിൽ നിന്ന് കേൾക്കുന്നവനായ ത്രിയേക ദൈവ തിരുനാമ മഹത്വത്തിനായി ക്രിസ്തീയകീർത്തനങ്ങൾ 37-ാം പതിപ്പ് സഭാ സമക്ഷം അവതരിപ്പിക്കുന്നു.

റവ. ഉമ്മൻ ഫിലിപ്പ്
*സഭാ സെക്രട്ടറി*
*മാർത്തോമ്മാസഭാ പ്രസിദ്ധീകരണസമിതി*

Click on Title

## അകാരാദി


| | നമ്പർ |
|---|---|
| **അ** | |
| അളവില്ലാദാനങ്ങൾ | 430 |
| അലയടിക്കുന്ന | 444 |
| അർപ്പിക്കുന്നോ എൻ | 454 |
| അലിവലയേതന്നു | 54 |
| അതിമംഗല | 123 |
| അതിരാവിലെ | 1 |
| അതിശയകാരുണ്യ | 100 |
| അതിശയമേ യേശുവിൻ | 364 |
| അത്യത്ഭുതമേ അത്യത്ഭുത | 117 |
| അത്ഭുതമോ യേശു | 125 |
| അനുഗ്രഹക്കടലേ | 27 |
| അനുഗ്രഹത്തിനാധിപതി | 275 |
| അനുഗ്രഹത്തോടെ | 329 |
| അൻപിൻരൂപി | 213 |
| അൻപുതിങ്ങും | 30 |
| അയ്യയ്യോ മഹാ ആശ്ച | 138 |
| അയ്യോ പാപി നീ | 185 |
| അറിയാത്ത സമാധാനം | 283 |
| **ആ** | |
| ആശ്വാസദായകനായ് | 486 |
| ആട്ടിടയർ രാത്രി കാവൽ | 196 |
| ആടുകൾക്കുവേണ്ടി | 64 |
| ആത്മദേഹി ദേഹത്തെ | 228 |
| ആത്മാവേ വന്നിടുക | 169 |
| ആത്മാവേ ഉണരുകണം | 7 |
| ആത്മാവാം വഴികാട്ടി | 274 |
| ആദിത്യചന്ദ്രാദികളെ | 104 |
| ആദിത്യൻ ഉദിച്ചിടുന്ന | 311 |
| ആദിയുമന്തവുമില്ലാത്ത | 15 |
| ആദ്യവിവാഹനാളിൽ | 319 |
| ആനന്ദമാനന്ദമാനന്ദ | 305 |
| ആനന്ദമുണ്ടെനിക്കാനന്ദ | 269 |
| ആരിവർ ആരിവർ | 297 |
| ആരുസഹായിക്കും | 323 |
| ആശിഷം നൽകണമേ | 38 |
| ആശീസ്സാമരി | 31 |
| ആശ്രിതവത്സലനേശു | 272 |
| ആശ്വാസമേ എനിക്കേറെ | 412 |
| **ഇ** | |
| ഇന്നു നീ മരിക്കിൽ | 445 |
| ഇതുവരെ എന്നെ | 472 |
| ഇത്രത്തോളമെന്നെ | 490 |
| ഇന്നു തീരും വർഷത്തിൽ | 503 |
| ഇന്നു നമുക്കേകശിശു | 421 |
| ഇന്നു പകൽ മുഴുവൻ | 12 |
| ഇന്നു പകലിലെന്നെ | 10 |
| ഇന്നേയോളം തുണച്ചോ | 419 |
| ഇന്നേരം പ്രിയദൈവമേ | 368 |
| ഇന്നേരം യേശുദേവനേ | 418 |
| ഇന്നേശുരാജനുയിർ | 156 |
| ഇമ്മാനുവേൽ തൻ | 147 |
| **ഈ** | |
| ഈ ലോകത്തിൽ നാം | 478 |
| ഈ പരദേശനഹോ | 342 |
| **ഉ** | |
| ഉയരുന്നൊന്നുള്ളിൽ | 437 |
| ഉണർന്നെഴുന്നേൽക്ക | 346 |
| ഉണരുകനീയെൻ | 4 |
| ഉയർത്തിടും ഞാനെന്റെ | 371 |
| ഉഷഃകാലം നാം | 6 |
| **എ** | |
| എൻ മനമേ ദിനം | 431 |
| എൻ കർത്താവേ നിൻ | 432 |
| എനിക്കല്ല ഞാൻ | 456 |
| എൻ ഉടയൻ സ്നേഹ | 462 |
| എന്നാത്മാവിൽ ദുഃഖം | 469 |
| എൻ പ്രിയ രക്ഷകനേ | 470 |
| എന്നെ ശക്തനാക്കിടുന്നവൻ | 473 |




Next Page

എൻ ദൈവമേ നിൻ 483
എൻ പ്രിയന്റെ സ്വരം 486
എത്ര സൗഭാഗ്യമേ എത്ര 498
എന്തൊരു തൻ വിലതീരാ 500
എഴുന്നള്ളുക യേശുവേ 502
എങ്ങും പുകഴ്ത്തുവിൻ 304
എത്ര എത്ര ശോഭിതം 295
എനിക്കായൊരുത്തമ 279
എനിക്കായ് ചിന്തി 236
എനിക്കൊരു ദിനത്തിലും 270
എന്നാത്മാവിൽ ആഴിത്തു 9
എന്നാളും സ്തുതിക്കണം 84
എന്നു നീ വന്നിടും 389
എന്നുള്ളമേ സ്തുതിക്കനീ 108
എന്നുള്ളിലെന്നും വസി 194
എന്നും നല്ലവൻ യേശു 261
എന്നെ രക്ഷിപ്പാൻ 416
എൻ ആത്മാവേ നീ 266
എൻ ആത്മാവേ വാഴ്ത്തുക 79
എന്നെ വീണ്ട രക്ഷകന്റെ 78
എന്നോടുള്ള നിൻ സർവ്വ 87
എന്നതിശയമേ 366
എന്തു ചെയ്യേണ്ടു ഞാൻ 207
എന്തുനല്ലോർ സഖി 173
എന്നേശൻ പിതാപ്പനേ 143
എൻ ആശ യേശുവിൽ 409
എൻക്രിസ്തനിൽ മോദമായോ 380
എൻ ജീവൻ ഞാൻ തന്നു 186
എൻദീപമേ ഈ 232
എൻ ദൈവമേ നടത്തു 223
എൻ നാഥനേ എന്നു 267
എൻപ്രിയനേശുവിൻ 404
എൻയേശു എൻപ്രിയൻ 233
എൻയേശു എൻസംഗീതം 238
എൻ രക്ഷകനാംയേശുവേ 246
എൻരക്ഷകാ എൻദൈവ 250
എന്റെ ജീവനാംയേശുവേ 411
എന്റെ മാനസമേകൊണ്ടി 382
എന്റെ ദൈവം മഹത്വ 248
എന്റെ ദൈവം സ്വർഗ്ഗ 249
എന്റെ പ്രാണസഖി 370
എന്റെ സമ്പത്തെന്നു 245
എപ്പോഴും ഞാൻ സന്തോ 287
എല്ലാം യേശുവേ എനി 273
എല്ലാരും യേശുനാമത്തെ 90
എല്ലാം അങ്ങേ മഹത്വ 231

ഒ

ഒടുക്കത്തിൽ യേശുവോടു 438
ഓ പിതാവേ ഞങ്ങൾ 479
ഒന്നായുള്ളെല്ലിക്കണേ 277
ഒന്നുമില്ലായ്കയിൽ 130
ഒന്നും ഭയപ്പെടേണ്ട നീ 240
ഓടിവാ കൃപയാം 175

ക

കാൽവറി ക്രൂശിൽ 441
ക്രൂശിതനാം ക്രിസ്തുവേ 442
കർത്തൻ തന്നനൻ 463
കർത്താവേ നിൻ രൂപമെ 471
കർത്താവെല്ലെന്നു 481
കൃപ മനോഹരം 492
ക്രിസ്തുനാഥം ഏറ്റുകൊൾ 493
കർത്തൃ കാഹളം 290
കർത്തൻ എന്നെ നടത്തുന്നു 281
കർത്തനേയിപ്പകലിലെന്നെ 11
കർത്തനിൽ ആശ്രയാനന്ദം 424
കർത്താവിനെ നാം സ്തുതി 57
കർത്താവേ വരണമേ 327
കരുണാകരനാം പരനേ 102
കാണുകനീയിക്കാണുന്നു 362
കാണുന്നു ഞാൻ യാഹിൽ 275
കാണുംവരെ ഇനി നാം 328
കാത്തുകാത്തകനായ് 398
കാന്താതാമസമെന്തഹോ 388
കാൽവറിയിൽ എൻ 393
കുമ്പിടുന്നേൻ ജീവ 208
കുഞ്ഞാട്ടിൻ തിരുരക്തം 234
കുരിശിൻ നിഴലിൽ 278




Next Page

കുരിശിലൊരുത്തൻ യേശു 230
കൂടെപാർക്ക നേരം 6
കൃപകൃപകൃപതന്നെ 352
കൃപയുള്ള ത്രിയേകനേ 318
കൃപയേറും കർത്താവിലെ 383
കേൾക്ക എന്റെ ആത്മാ 349
കേൾക്ക ദൂതസ്വരനാദം 129
കൊയ്ത്തുണ്ടധികം 307
ക്രിസ്തേശനിൽ ചാരി 324
ക്രിസ്ത്യസൈന്യമേ വാ 384
ക്രിസ്തുയേശു ശിഷ്യരുടെ 426
ക്രിസ്തുമുമ്പിൽവന്നാലാ 335
ക്രിസ്തുവിന്റെ നാമം 239
ക്രിസ്തുവിൻ സ്നേഹത്തിൽ 332
ക്രിസ്തു വീണ്ടും ജീവിച്ചു 158
ക്രൂശിന്മേൽ ക്രൂശിന്മേൽ 146
ക്രൈസ്തവരേ വന്ദനയ്ക്കു 115
ക്രിസ്തുയേശുവിൻ സഭ 425

ച

ചേരുമേശുവിൻ ദിനം 489

ജ

ജയിക്കുമേ സുവിശേഷം 319
ജയം ജയം കൊള്ളും നാം 379
ജയം ജയം യേശുവിന്നു 153
ജാതനായ് ജാതനായ് 118
ജീവനായകനാകുമേശു 209
ജീവനായകനേ മനുവേ 157
ജീവനായകാ ജീവനായകാ 344
ജീവനുണ്ടാം ഏക നോട്ട 180
ജീവനേ എൻ ജീവനേ 66
ജീവന്റെ ഉറവിടം ക്രിസ്തു 265
ജീവിതപാത ഏതണ്ടാ 183
ജീവിതയാത്രക്കാരാ 182

ഞ

ഞാൻ അയോഗ്യൻ 486
ഞാനും എനിക്കുള്ള 491
ഞാനുമെന്റെ ഭവനവും 387
ഞാൻ എന്റെ കണ്ണുകൾ 268
ഞാൻ കർത്താവിനായ് 405
ഞാൻ ചെയ്തപാതകം 170
ഞാൻ പാപിയായിരുന്നേ 361
ഞാൻ വരുന്നു ക്രൂശിങ്കൽ 220
ഞാനെന്നും സ്തുതിക്കും 107

ത

തിരുക്കരത്താൽ വഹിച്ചു 453
തനയാ നിന്നുടെ 184
തന്നിത്യ സ്നേഹത്താൽ 410
തിരുച്ചെവി ചായിക്കേ 339
തീർന്നു പകൽക്കാലം 14
തുണയെനിക്കേശുവാം 262
തെറ്റി ഞാൻ കാണാതെ 222
തേടിവന്നു ദോഷിയാം 358

ദ

ദൈവകുഞ്ഞാടിതാ 439
ദൈവത്തിന്റെ സുവിശേഷം 448
ദൈവത്തിൻ പുത്രനാമ 449
ദൈവമേ നിൻ ദയയാൽ 451
ദൈവം സകലവും 475
ദുഃഖത്തിന്റെ പാനപാത്രം 284
ദേവ ദേവ നന്ദനൻ 139
ദേവ ദേവന്നു മംഗളം 82
ദേവനന്ദനാവന്ദനം 50
ദേവന്നു സദാ ജയമംഗളം 77
ദേവാ ദേവാ ത്രിലോക 34
ദേവേശാ യേശുപരാ 137
ദേഹം മണ്ണാകുംമുമ്പേ 162
ദൈവകൃപ മനോഹരമേ 381
ദൈവകൃപയിൽ ഞാൻ 353
ദൈവത്തിൻ പൈതലേ 406
ദൈവത്തിൻ രാജ്യം 255
ദൈവത്തിന്റെ ഏക 144
ദൈവത്തിനു സ്തോത്രം 31
ദൈവത്തിൽ ഞാൻ 413
ദൈവമേ ഈ ആണ്ടിനെ 417
ദൈവമേ ത്രിയേകനേ 376
ദൈവമേ എൻ ദൈവമേ 140
ദൈവമേ നിൻ അറിവോ 203
ദൈവമേ സ്നേഹരൂപനേ 211
ദൈവമേയെത്ര യോഗ്യ 258



Next Page

ദൈവവചനമേറിവു 200
ദൈവസ്നേഹം പോലെ 385
ദൈവഹിതം അനുസരി 328

ന

നന്ദിയാലെന്നുള്ളം 434
നന്ദിയോടെ ഞാൻ 435
നിൻദാനം ഞാൻ 436
നമ്മുടെ കർത്താവാം 440
നദീതുല്യം ശാന്തി 457
നല്ലിടയനാം യേശു 464
നന്മയല്ലാതൊന്നും 467
നിൻ തിരുരക്തം 482
നുറുക്കപ്പെട്ട നാഥാ 485
നല്ലവനേ നൽവഴി 487
നിത്യമാം പ്രകാശമേ 494
നിൻ കരുണകൾ 495
നൽ രക്ഷപെടുവാൻ 124
നമ്മോടതി സ്നേഹം 114
നല്ലവനേ ഞങ്ങൾ 199
നസ്രത്തൂരാകും 168
നാഥനേ എൻ യേശുവേ 45
നാഥാ ചൊരിയണമേ 42
നാമെല്ലാരും കൂടുമവാം 400
നിത്യനായ യഹോവയെ 427
നിത്യവന്ദനം നിനക്കു 101
നിത്യവീടൊന്നുണ്ടതു 292
നിൻതിരു വചനത്തിൽ 198
നിനക്കായെൻ ജീവനെ 145
നിന്നിഷ്ടം ദേവാ 227
നിന്നീടിൻ യേശുവി 383
നിന്നോടു പ്രാർത്ഥിപ്പാൻ 374
നിന്നോടടുത്ത ദൈവമേ 247
നിൻ തിരുമുഖശോഭയെ 25
നിൻ സന്നിധിയതി 403
നിൻ സന്നിധിയിൽ 401
നിന്റെ ഹിതം പോലെ 225
നീയല്ലോ ഞങ്ങൾക്കുള്ള 347
നീയൊഴികെ നീയൊഴികെ 215
നീ കനിഞ്ഞിരിപ്പൂ 172

പ

പാപികളെ രക്ഷിച്ചിടുവാൻ 458
പേടി വേണ്ട മകനേ 459
പാപിക്കായുള്ളൊരുറവ 480
പാപപാശത്താൽ 499
പകരണമേ നിൻ 501
പലതാം നമ്മൾ 504
പരം പരം ഉറച്ചു നാം 306
പരദേവാ സർവ്വപ്രഭു 103
പരനേ തിരുമുഖശോഭ 2
പരനേ തൃക്കരങ്ങളാൽ 206
പരനേ നിൻ തിരുമുമ്പിൽ 373
പരനേശുവേ കരുണ 317
പരപോഷണമേ വര 436
പരമ തനയനാകും 136
പരമതാതന്റെ വലമേ 345
പരമ ദയാലോ 65
പരമ ദേവാ നിൻ 20
പരമ പിതാവിനു സ്തുതി 105
പരമപിതാവേ 68
പരമനന്ദനുമവി 187
പരഗുരുവരനാം 277
പരലോകാധിപ 328
പരിശുദ്ധാത്മാവേയി 197
പരിശുദ്ധപരനേ നിൻ 85
പരിശുദ്ധപരനേ സ്തുതി 63
പാടി പുകഴ്ത്തിടാം ദേവ 259
പാടി സ്തുതി മനമേ 70
പാടിൻ ഇമ്പ ഗീതം 113
പാടും ഞാൻ പരമേശനു 97
പാടും ഞാൻ യേശുവിനു 96
പാടും പരമരക്ഷകനേശു 73
പാടുവിൻ സകല 340
പാടുവിൻ സഹജരേ 95
പാരം വലയുന്നോർ 88
പാപഭാരം തീർക്കുവാൻ 244
പാപത്തിൻ വൻ വിഷ 82
പാപികളിൻ രക്ഷകനി 163




Next Page

പാപി ഞാൻ മഹാ 204
പാപീ പരന്നരികിൽ 169
പാരിടം മംഗളഗീതിയാ 119
പാവനാത്മാദാനം 195
പാഹിമാം ജഗദീശ്വരാ 76
പിന്നാലെ വരിക 177
പിളർന്നൊരു പാറയെ 149
പുകഴ്ത്തിൻ യേശുവേ 99
പുതുവത്സരത്തിൽ 420
പെന്തിക്കോസ്തിൻ വല്ല 192
പെന്തക്കോസ്തിൻ ശക്തി 186
പൊന്നേശു തമ്പുരാൻ 354
പൊന്നേശു നരർ 314
പോകല്ലെ കടന്നെന്നെ 350
പ്രാർത്ഥന കേൾക്കണേ 369
പ്രാർത്ഥനയിൻ നൽ 378
പ്രാർത്ഥനക്കുത്തരം നൽകു 375

ബ

ബാലരാകുന്ന ഞങ്ങളെ 326
ബേത്‌ലഹേം നൽ 127

ഭ

ഭൂലോകമാം 459
ഭാഗ്യനാട്ടിൽ പോകും 399
ഭാഗ്യരാജ്യമൊന്നുണ്ടതി 291
ഭൂവാസികൾ സർവ്വരുമേ 21

മ

മാറിടാത്ത യേശുനാഥൻ 446
മനസമോദം 450
മാൻ നീർത്തോടിനായ് 468
മുറ്റും വെടിപ്പാക്കാൻ 480
മൺമയമാം ഈയുലകിൽ 165
മധുരം മധുരം മനോഹരം 202
മനമേ പക്ഷിഗണങ്ങളുണ 5
മനമേ പുകഴ്ത്തിടു നീ 93
മനസ്സോടെ ശാപമരത്തി 313
മനുജനിവൻ ഭാഗ്യവാൻ 341
മനുവേലാ നിനക്കു 72
മനുവേലിൻ സ്തുതിയെ 89
മനുവേൽ മണവാളനെ 322
മണവാളനെ മഹോന്നതാ 17
മന്നായെ ഭുജിക്ക 336
മരണം ജയിച്ചവീരാ 155
മറുതലിക്കും മകനേ 174
മറുദിവസം മറിയമകൻ 132
മഹത്വപ്രഭുമരിച്ച ക്രൂശു 150
മഹത്വപ്രഭു മരിച്ചവൻ 217
മഹൽ സ്നേഹം മഹൽ 359
മഹാത്ഭുതമെ കാൽവറി 355
മഹിമയെഴും പരമേശാ 271
മഹിമപതി മശിഹ 159
മഹിയിൽ മാനുഷവേഷ 131
മാട്ടിൻതൊഴുത്തിൽ പിറ 423
മാനസമേ ശ്രീയേശുവേ 41
മാനവരെ രക്ഷിച്ചിടു 394
മാനം മഹത്വം സ്തോത്രം 134
മാപരിശുദ്ധനാഥനേ 191
മാപാപി എന്നെ തേടി 357
മൂന്നാം പരസുതനാംബര 422
മുറിവേറ്റ കുഞ്ഞാടെ 221
മുൾക്കിരീടത്താൽ 161
മേൽവീട്ടിൽ എന്റെയേശു 171
മോദം അതിമോദം 299

യ

യേശുവെ രക്ഷാനായകാ 452
യേശുനാഥാ പൂർണ്ണസുഖം 461
യാഹ് നല്ല ഇടയൻ 465
യേശുവെപ്പോലുണ്ടോ ഇത്ര 488
യഹോവ നിന്റെ പരി 330
യഹോവയെ ഭയപ്പെട്ടു 321
യഹോവാ ദൈവമാം 280
യാഹെന്ന ദൈവം 345
യുദ്ധത്തിനു 381
യെരുശലേമമർ 283
യേശു ആരിലും ഉന്നത 256
യേശു ഇന്നു ജനിച്ചു 128




Next Page

യേശു എൻ അടിസ്ഥാനം 237
യേശു എന്നുള്ള നാമമേ 39
യേശു എന്നഭയകേന്ദ്രം 269
യേശു എൻ ആത്മസഖേ 263
യേശു എൻ സ്വന്തം 251
യേശു ക്രിസ്തിൽ ഞാ 282
യേശു ക്രിസ്തു ഉയിർത്തു 154
യേശു ദേവാ എൻ യേശു 257
യേശു ദേവാ യേശു നായകാ 48
യേശു നായകാ വന്നാലും 320
യേശു നാഥൻ ജയിക്കുന്നു 309
യേശു നാഥാ നിൻ കൃപ 62
യേശു നാഥാ നീതി സൂര്യാ 32
യേശു നാമം എത്ര ഇമ്പം 112
യേശു നായക ശ്രീശ 80
യേശുപരൻ വാണിടും 308
യേശുമതിയെനിക്കേശു 243
യേശുമഹേശനെ ഞാൻ 37
യേശു മഹേശാ ദീനദയാ 346
യേശുമഹോന്നതനേ 55
യേശുരാജന്റെഴുന്നള്ളത്തി 391
യേശുവരും വേഗത്തിൽ 390
യേശുവിൻ ജനനത്തെ 130
യേശുവിൻ തിരുപ്പാദ 201
യേശുവിൻ തിരുസഭയേ 408
യേശുവിൻ ദിവ്യസ്നേഹ 387
യേശുവിൻ നാമം 44
യേശുവിൻ സ്വന്തമല്ലോ 219
യേശുവിൻ സ്നേഹമോ 360
യേശുവിന്നരികിൽവാ 186
യേശുവിനെ സ്തുതി 51
യേശുവേ ധ്യാനിക്കുമ്പോൾ 36
യേശുവെപ്പോലാവാ 334
യേശുവേപ്പോലെ ആകുവാൻ 214
യേശുവേ! ഈ സമയത്ത് 35
യേശുവേ എൻ പ്രാണ 264
യേശുവേ! കരുണാസമ്പ 210
യേശുവേ!കരുണാസനമേ 212
യേശുവേ തിരുനാമ 415
യേശുവേ നിന്റെ രൂപമീ 402
യേശുവോടു ചേർന്നിരി 392
യേശു സന്നിധി മമ 24

ര

രക്ഷകന്റെ ദിവ്യ സ്നേഹാൽ 428
രക്ഷകനേ നിനക്കു 87
രക്ഷിതാവിനെ കാൺക 184
രാജൻ മുമ്പിൽനിന്നു 294
രാജരാജൻ ദൈവരാജൻ 122
രാത്രിയിതാവരുന്നു 386

ല

ലോകമാം ഗംഭീരവാരി 235
ലോക ശോക സാഗരെ 179
ലോകെ ഞാനെൻ ഓട്ടം 397

വ

വരിക പരാപരനേ 429
വിശ്വസ്തൻ എൻദൈവം 474
വേണം നിന്നെ സദാ 477
വന്നാവസിക്ക 188
വന്നീടേണം യേശുനാഥാ 28
വന്നീടുവിൻ യേശുപാദം 181
വന്നവർ കാൽവറി 142
വന്ദനം ചെയ്തിടുവിൻ 94
വന്ദനം പൊന്നേശു 3
വന്ദനം യേശുപരാ 56
വന്ദനം വന്ദനം നാഥാ 71
വരസുന്ദര പരമണ്ഡല 29
വരിക നൽവരങ്ങളെ 167
വരിക സുരാധിപ 18
വരുവിൻ ചെറുപൈത 333
വരുവിൻ നാം യഹോവ 23
വാഗ്ദത്തസംപൂർത്തിയായി 120
വാനലോകത്തെഴുന്നള്ളി 180
വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു 74
വാഴ്ത്തിടുമേ വാഴ്ത്തിടുമേ 98
വാഴ്ത്തിൻ വാഴ്ത്തിൻ 91
വാഴ്ത്തുക നീ മനമേ 69
വാഴ്ത്തുന്നേൻ മഹീശ്വര 111
വിതച്ചിടുക നാം 300
വിലയറിയകാലം 178



Next Page

വിശുദ്ധർക്കുള്ള 285
വിശ്വധാതമാവേ വരിക 190
വിശ്വാസികളേ വാ 123
വിശ്വാസികളേ വിശ്വാ 365
വീണാൾ സീയോൻ 141
വേദ്യം കണ്ടായി 302
വേലയ്ക്കു വേലയ്ക്കു 301

ശ

ശുദ്ധാത്മാവേ വന്നെന്നുള്ളിൽ 447
ശയിപ്പാൻ നിലത്തിൽ 497
ശാന്തനാകും യേശുവേ 337
ശാലേമിനാധിപതി 133
ശോഭയേറും നാടൊന്നു 296
ശോഭിത പട്ടണം 299
ശുദ്ധ! ശുദ്ധ! കർത്താ 193
ശുദ്ധർ സ്തുതിയ്ക്കും 396
ശുദ്ധശുദ്ധശുദ്ധ 18
ശുദ്ധിക്കായ് നീ 176
ശ്രീതാവാട്ടിൽ കുട്ടിയേ 208
ശ്രീയേശുദേവാ സ്തുതി 53
ശ്രീയേശുനാമം 43
ശ്രീയേശുനാമമേ 38
ശ്രീയേശുനായകാ നിൻ 252

സ

സർവ്വത്തിൽ മഹനാം 433
സേനയിന്നധിപൻ 476
സത്യത്തിന്റെ പാതയിൽ 312
സന്ധ്യ സൂര്യാസ്തമന 13
സമർക്കകാരിസ്ഥാനം 407
സമയമാം രഥത്തിൽ 326
സർവ്വപാപക്കറകൾ 148
സർവ്വമനുഷ്യരെ പരന്നു 22
സർവ്വലോകസ്രഷ്ടാവേ 75
സർവ്വശക്തൻ യഹോവ 372
സാന്നിദ്ധ്യം അരുളണം 33
സീയോനെ നീ ഉണർന്നെ 347
സ്വീകരികൾ ജീവ 234
സുഖകാലത്തിലും ദുഃഖ 260
സുവിശേഷം അതു ജയി 503
സുവിശേഷഘോഷണാ 305
സേനകളിൻപതൻ 47
സേനയിൻ യഹോവയെ 19
സേവിച്ചീടും നിന്നെ 224
സോദരരെ പാപമാർഗ്ഗം 151
സ്തുതി ചെയ്ക മനമേ 92
സ്തുതിച്ചിടുവിൻ കീർത്തന 106
സ്തുതിപ്പിൻ സ്തുതിപ്പിൻ 49
സ്തുതിഗീതം പാടുക 109
സ്തുതി സ്തുതി നിനക്ക 88
സ്തോത്രം ചെയ്യും ഞാനെ 59
സ്തോത്രമതെന്നോശുപദം 60
സ്തോത്രമേകു നാഥനെ 52
സ്തോത്രമേശുവേ 61
സ്തോത്രം ശ്രീമനുവേലനെ 58
സ്തോത്രങ്ങൾ പാടി 363
സ്നേഹത്തിൻ ഇടയനാം 242
സ്നേഹമാം താത 356
സ്നേഹമാം ദേവാ 121
സ്നേഹമാം യേശുവേ 216
സ്നേഹവിരുന്നനുഭവി 315
സ്വർഗ്ഗഭാഗ്യം എത്ര 298
സ്വർഗ്ഗരാജ പുത്രരേ 331
സ്വർഗ്ഗീയ പിതാവേ 329
സ്വന്തം നിനക്കിനി 218
സ്രഷ്ടാവിനെ ബാല്യ 338

ഹ

ഹാലേലൂയ്യാ ഉയിർത്തെഴു 443
ഹാ മഹിക്കുന്നോർ 484
ഹല്ലേലുയ്യാ ഹല്ലേലുയ്യാ 152
ഹാലേലുയ്യാ ഹാലേലുയ്യാ 46
ഹാ എത്രഭാഗ്യം ഉണ്ടെനി 286
ഹാ കൂടി നാമെല്ലാരും 40
ഹൃദയമാം മഹോന്നത 135

Click on Number

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 |
| 41 | 42 | 43 | 44 | 45 | 46 | 47 | 48 | 49 | 50 |
| 51 | 52 | 53 | 54 | 55 | 56 | 57 | 58 | 59 | 60 |
| 61 | 62 | 63 | 64 | 65 | 66 | 67 | 68 | 69 | 70 |
| 71 | 72 | 73 | 74 | 75 | 76 | 77 | 78 | 79 | 80 |
| 81 | 82 | 83 | 84 | 85 | 86 | 87 | 88 | 89 | 90 |
| 91 | 92 | 93 | 94 | 95 | 96 | 97 | 98 | 99 | 100 |
| 101 | 102 | 103 | 104 | 105 | 106 | 107 | 108 | 109 | 110 |
| 111 | 112 | 113 | 114 | 115 | 116 | 117 | 118 | 119 | 120 |
| 121 | 122 | 123 | 124 | 125 | 126 | 127 | 128 | 129 | 130 |
| 131 | 132 | 133 | 134 | 135 | 136 | 137 | 138 | 139 | 140 |
| 141 | 142 | 143 | 144 | 145 | 146 | 147 | 148 | 149 | 150 |
| 151 | 152 | 153 | 154 | 155 | 156 | 157 | 158 | 159 | 160 |
| 161 | 162 | 163 | 164 | 165 | 166 | 167 | 168 | 169 | 170 |
| 171 | 172 | 173 | 174 | 175 | 176 | 177 | 178 | 179 | 180 |
| 181 | 182 | 183 | 184 | 185 | 186 | 187 | 188 | 189 | 190 |
| 191 | 192 | 193 | 194 | 195 | 196 | 197 | 198 | 199 | 200 |
| 201 | 202 | 203 | 204 | 205 | 206 | 207 | 208 | 209 | 210 |
| 211 | 212 | 213 | 214 | 215 | 216 | 217 | 218 | 219 | 220 |
| 221 | 222 | 223 | 224 | 225 | 226 | 227 | 228 | 229 | 230 |
| 231 | 232 | 233 | 234 | 235 | 236 | 237 | 238 | 239 | 240 |
| 241 | 242 | 243 | 244 | 245 | 246 | 247 | 248 | 249 | 250 |



Next Page

Click on Number


| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 251 | 252 | 253 | 254 | 255 | 256 | 257 | 258 | 259 | 260 |
| 261 | 262 | 263 | 264 | 265 | 266 | 267 | 268 | 269 | 270 |
| 271 | 272 | 273 | 274 | 275 | 276 | 277 | 278 | 279 | 280 |
| 281 | 282 | 283 | 284 | 285 | 286 | 287 | 288 | 289 | 290 |
| 291 | 292 | 293 | 294 | 295 | 296 | 297 | 298 | 299 | 300 |
| 301 | 302 | 303 | 304 | 305 | 306 | 307 | 308 | 309 | 310 |
| 311 | 312 | 313 | 314 | 315 | 316 | 317 | 318 | 319 | 320 |
| 321 | 322 | 323 | 324 | 325 | 326 | 327 | 328 | 329 | 330 |
| 331 | 332 | 333 | 334 | 335 | 336 | 337 | 338 | 339 | 340 |
| 341 | 342 | 343 | 344 | 345 | 346 | 347 | 348 | 349 | 350 |
| 351 | 352 | 353 | 354 | 355 | 356 | 357 | 358 | 359 | 360 |
| 361 | 362 | 363 | 364 | 365 | 366 | 367 | 368 | 369 | 370 |
| 371 | 372 | 373 | 374 | 375 | 376 | 377 | 378 | 379 | 380 |
| 381 | 382 | 383 | 384 | 385 | 386 | 387 | 388 | 389 | 390 |
| 391 | 392 | 393 | 394 | 395 | 396 | 397 | 398 | 399 | 400 |
| 401 | 402 | 403 | 404 | 405 | 406 | 407 | 408 | 409 | 410 |
| 411 | 412 | 413 | 414 | 415 | 416 | 417 | 418 | 419 | 420 |
| 421 | 422 | 423 | 424 | 425 | 426 | 427 | 428 | 429 | 430 |
| 431 | 432 | 433 | 434 | 435 | 436 | 437 | 438 | 439 | 440 |
| 441 | 442 | 443 | 444 | 445 | 446 | 447 | 448 | 449 | 450 |
| 451 | 452 | 453 | 454 | 455 | 456 | 457 | 458 | 459 | 460 |
| 461 | 462 | 463 | 464 | 465 | 466 | 467 | 468 | 469 | 470 |
| 471 | 472 | 473 | 474 | 475 | 476 | 477 | 478 | 479 | 480 |
| 481 | 482 | 483 | 484 | 485 | 486 | 487 | 488 | 489 | 490 |
| 491 | 492 | 493 | 494 | 495 | 496 | 497 | 498 | 499 | 500 |
| 501 | 502 | 503 | 504 | | | | | | |


DOXOLOGY


I II III IV V VI VII VIII IX X XI XII XIII